www.malankaralibrary.com

ജി. ചേടിയത്ത്

# ഈശോദാദ്
# പുതിയനിയമഭാഷ്യം

കോട്ടയം
2002

www.malankaralibrary.com

ജി. ചേടിയത്ത്

# ഈശോദാദ്
# പുതിയനിയമ ഭാഷ്യം
## (നടപടി, ലേഖനങ്ങൾ)

No:262

കോട്ടയം

2002

www.malankaralibrary.com

# ഉള്ളടക്കം


ആമുഖം

അവതാരിക

ശ്ലീഹന്മാരുടെ നടപടികൾ 9

പൗലോസിൻെറ ലേഖനങ്ങൾ 64

- റോമാലേഖനഭാഷ്യം 66
- കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം 99
- കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം 136
- ഗലാത്യലേഖനം 153
- എഫേസ്യലേഖനം 164
- ഫിലിപ്പ്യലേഖനം 177
- കൊളോസ്യലേഖനം 184
- തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം 194
- തെസലോനിക്കർക്കുള്ള രണ്ടാം ലേഖനം 199
- തിമോതിയോസിനുള്ള ഒന്നാം ലേഖനം 203
- തിമോതിയോസിനുള്ള രണ്ടാം ലേഖനം 213
- തീത്തൂസിനുള്ള ലേഖനം 217
- ഫിലെമോനുള്ള ലേഖനം 219

കാതോലിക ലേഖനങ്ങൾ 220

- യാക്കോബ് 220
- പത്രോസ് 222
- യോഹന്നാൻ 225

എബ്രായ ലേഖനം 227

www.malankaralibrary.com

# ആമുഖം

**മേർ**വിലെ ഈശോദാദിന്റെ (9$^{th}$c.) സുവിശേഷഭാഷ്യം 1997-ൽ പ്രസിദ്ധീകരിച്ചു. അതിന്റെ തുടർച്ചയായിട്ടാണ് ഈ ഗ്രന്ഥം. വെളിപാടു ഗ്രന്ഥമൊഴിച്ച്, മറ്റെല്ലാ പുതിയനിയമഗ്രന്ഥങ്ങളും ഇതിൽ ഉൾപ്പെടുന്നു: നടപടികൾ, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ, കാതോലിക ലേഖനങ്ങൾ.

ഈശോദാദ് ഉത്തര ഇറാക്കിൽ മോസൂളിനടുത്തുള്ള ഹദത്താ എന്ന സ്ഥലത്തെ മെത്രാനായിരുന്നു. അദ്ദേഹം വേദപുസ്തകത്തിലെ മിക്കവാറും എല്ലാ ഗ്രന്ഥങ്ങൾക്കും ഭാഷ്യം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഷ്യകൃതികൾ ഭാഷ്യലോകത്ത് വലിയൊരു മുതൽക്കൂട്ടാണ്. അദ്ദേഹം വലിയൊരു പണ്ഡിതനും വിജ്ഞാനിയുമായിരുന്നു. തന്റെ മുൻഗാമികളായ നിരവധി എഴുത്തുകാരെ അദ്ദേഹം തന്റെ ഭാഷ്യങ്ങളിൽ ഉദ്ധരിക്കുന്നു. അദ്ദേഹത്തെ ഏറ്റവും അധികം സ്വാധീനിച്ചിട്ടുള്ളത് മാർ അപ്രേമും മൊപ്സുവെസ്ത്യായിലെ തിയഡോറുമാണ്.

സുറിയാനി സഭയിൽ നിലവിലിരുന്ന പ്ശീത്താ എന്നറിയപ്പെടുന്ന സാധാരണ ബൈബിൾ വിവർത്തനമാണ് ഈശോദാദ് ഉപയോഗിക്കുന്നതെങ്കിലും, താസ്യന്റെ ദിയാതെസ്സറോൺ, പുരാതനസുറിയാനി വിവർത്തനം ആദിയായവയിൽ നിന്നുള്ള ഉദ്ധരണികളും കാണാവുന്നതാണ്.

പില്ക്കാല എഴുത്തുകാരെയും സുറിയാനി സഭയിലെ വൈദികരെയും ഈശോദാദ് സ്വാധീനിച്ചിട്ടുണ്ട്. ബർസലീബി എന്ന പാശ്ചാത്യ

www.malankaralibrary.com

സുറിയാനി എഴുത്തുകാരൻ ഈശോദാദിൻെറ പേരുപറയാതെ വളരെയധികം ഉദ്ധരിക്കുന്നുണ്ട്. അങ്ങനെ പുരാതന പാരമ്പര്യങ്ങൾ ബർസലീബി വഴി യാക്കോബായാ സഭയിലും പ്രചരിച്ചു. പുരാതന കാലത്തെ സുറിയാനി വൈദികർ പ്രസംഗത്തിലും മറ്റും ഉപയോഗിച്ചു വന്ന ഭാഷ്യരീതികൾ ഈശോദാദിൻെറയും ബർ സലീബിയുടെയും സംഭാവനകളാണ്. അവ ഗുരുമുഖത്തുനിന്ന് പിൻതലമുറകളിലേക്ക് കൈമാറി വന്നു.

ഈ ഗ്രന്ഥം ഭംഗിയായി അച്ചടിച്ച വിജി പ്രിൻേറഴ്സിനും, അവതാരിക എഴുതിത്തന്ന പണ്ഡിതനായ ഡോ. തോമസ് കൂനമ്മാക്കൽ അച്ചനും കൃതജ്ഞതയുടെ കൂപ്പുകൈ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ജി. ചേടിയത്ത്**

മലങ്കരസെമിനാരി
നാലാഞ്ചിറ - 695 015
തിരുവനന്തപുരം
ജൂൺ 20, 2002

---

വിവർത്തനത്തിന് ആധാരമാക്കിയ ഗ്രന്ഥം:

M.D. Gibson(ed&tr.),*The Commentaries of Ishodad of Merv, bishop of Hadatha, (C.850 A.D.) in Syriac and English,* Vol.4.5. (= *Horac Semiticae,* No. X. XI) Cambridge, 1913. 1916.

www.malankaralibrary.com

# അവതാരിക

സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രത്തിൻെറ മുഖമുദ്രയാണ് ബൈബിൾ വിജ്ഞാനീയം. മിശിഹായിൽ കേന്ദ്രീകരിച്ച വിശുദ്ധഗ്രന്ഥ വ്യാഖ്യാനശൈലിയാണ് അവരുടെ കൃതികളിൽ നാം കാണുക. പഴയ നിയമത്തെ പുതിയനിയമത്തിൻെറ വെളിച്ചത്തിലും പുതിയനിയമത്തെ പഴയനിയമത്തിൻെറ പശ്ചാത്തലത്തിലുമാണ് സഭാപിതാക്കന്മാർ വിശദീകരിച്ചിട്ടുള്ളത്. ഗ്രീക്ക്, ലത്തീൻ പിതാക്കന്മാരുടേതിൽ നിന്ന് വ്യത്യസ്തമായ വ്യാഖ്യാനശൈലി തന്നെ സുറിയാനി പിതാക്കന്മാർക്കുണ്ടായിരുന്നു. അതിൻെറ കാരണം ബൈബിൾ രൂപംകൊണ്ട സെമിറ്റിക് ലോകവുമായി അവർക്കുണ്ടായിരുന്ന സാംസ്കാരികവും ഭാഷാപരവുമായ ബന്ധങ്ങളാണ്. വിശുദ്ധഗ്രന്ഥം രൂപംകൊണ്ട സാംസ്കാരിക ഉറവിടങ്ങളിൽനിന്നാണ് സുറിയാനി സഭാപിതാക്കന്മാരുടെ ബൈബിൾ വ്യാഖ്യാനം തുടങ്ങുന്നത്. കാലക്രമേണ ഗ്രീക്ക് പാരമ്പര്യങ്ങളിൽ നിന്ന് കടംകൊള്ളാനും അവർക്കു സാധിച്ചു.

പൗരസ്ത്യസുറിയാനിസഭയുടെ പ്രഗത്ഭരായ വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കളിൽ മെർവിലെ ഈശോദാദിന് അനിഷേധ്യമായ സ്ഥാനമുണ്ട്. അദ്ദേഹം ജീവിച്ചിരുന്നത് ഒമ്പതാം നൂറ്റാണ്ടിൻെറ മധ്യഘട്ടത്തിലാണ്. ഇന്നത്തെ ഇറാക്കിൽ ഹദത്താ എന്ന സ്ഥലത്തെ മെത്രാനായിരുന്ന മാർ ഈശോദാദ് 852-ൽ കാതോലിക്കാ സ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ടു. പക്ഷേ രാഷ്ട്രീയാധികാരികൾ അദ്ദേഹത്തെ തഴഞ്ഞ് മറ്റൊരാളെ കാതോലിക്കാ സ്ഥാനത്തു നിയമിച്ചു. ഈശോദാദ് ഹദത്തായിൽ മെത്രാനടുത്ത ജോലികൾക്കിടയിലും ദൈവശാസ്ത്രത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിക്കൊണ്ടിരുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങൾക്ക് അദ്ദേഹം സമ്പൂർണ വ്യാഖ്യാനം ചമച്ചു. ഏറ്റവും വിപുലമായ ബൈബിൾ വ്യാഖ്യാനകൃതികളിൽ ഒന്നായി ഇതു കണക്കാക്കപ്പെടുന്നു.

അക്വീലാ, സിമ്മാക്കൂസ്, തിയഡോഷ്യൻ എന്നിവരുടെ പഴയ നിയമപതിപ്പുകളെ ഈശോദാദ് ഉപയോഗിച്ചിട്ടുണ്ട്. ഈ വിവർത്തന

www.malankaralibrary.com

ങ്ങളെ ആധാരമാക്കിയിട്ടുള്ള ആദ്യത്തെ പൗരസ്ത്യസുറിയാനി ദൈവശാസ്ത്രജ്ഞൻ എന്ന ഖ്യാതിയും അദ്ദേഹത്തിൻേറതാണ്. തനിക്കുമുമ്പ് വിശുദ്ധഗ്രന്ഥത്തിന് ഭാഷ്യം രചിച്ചിട്ടുള്ളവരുടെ കൃതികളെ അദ്ദേഹം യഥേഷ്ടം ഉപയോഗപ്പെടുത്തി. മാർ അപ്രേം, നർസായ്, ജോൺ ക്രിസോസ്തോം, യോഹന്നാൻ ദ് ബേത് റബ്ബാൻ, സെവേരൂസ്, പേർഷ്യക്കാരൻ ബാബായ്, ഹെനാനാ എന്നിവർ അവരിൽ ചിലർ മാത്രം. ഹെനാനായുടെ സ്വാധീനം ഈശോദാദിൻെറ ബൈബിൾ വ്യാഖ്യാനത്തിൽ ഉടനീളം കാണുന്നു. പൗരസ്ത്യ സുറിയാനിസഭയിൽ ഹെനാനാ ഏറെയൊന്നും സ്വീകാര്യനായിരുന്നില്ല എന്നത് ചരിത്രപഠിതാക്കൾക്ക് അറിയാം. ഈശോദാദിൻെറ വിശുദ്ധഗ്രന്ഥ ഭാഷ്യകൃതികൾ പാശ്ചാത്യസുറിയാനിസഭയിലെ ബർസലീബിയെ സ്വാധീനിച്ചിട്ടുണ്ട്. പ്ശീത്തായും ദിയാതെസ്സറോണും ആധാരമാക്കുന്ന ഈശോദാദ് ഗ്രീക്ക് വിവർത്തനങ്ങൾ ഉപയോഗിക്കുന്നതിനും ശ്രദ്ധിച്ചു. "വ്യാഖ്യാതാവ്" എന്ന അപരനാമം കൂടെക്കൂടെ ഈശോദാദിൻെറ കൃതികളിൽ കാണും. മൊപ്സുവെസ്ത്യായിലെ തിയഡോർ ആണ് ഈ വ്യാഖ്യാതാവ് അഥവാ ഭാഷ്യകാരൻ. സഭാപിതാക്കന്മാരുടെ വ്യാഖ്യാനസാഹിത്യത്തെ, പ്രത്യേകിച്ച് പൗരസ്ത്യസുറിയാനി സഭയുടെ ബൈബിൾ ഭാഷ്യകൃതികളെ, കൂട്ടിയിണക്കുന്ന കണ്ണിയാണ് ഈശോദാദിൻെറ വ്യാഖ്യാനകൃതികൾ. "ചിലർ", "മറ്റുചിലർ" എന്നൊക്കെ മാത്രം പറഞ്ഞുകൊണ്ടുള്ള ഉദ്ധരണികളും ധാരാളം കാണുന്നു.

ഈശോദാദിൻെറ ബൈബിൾ വ്യാഖ്യാനശൈലി വ്യക്തമാക്കുന്ന ചില തത്ത്വങ്ങൾ അദ്ദേഹത്തിൻെറ കൃതികളിൽ കണ്ടെത്താൻ പ്രയാസമില്ല. വിശുദ്ധഗ്രന്ഥത്തിലെ ഓരോ വാക്കിനെയുംപറ്റി നാലു കാര്യങ്ങൾ നാം പരിഗണിക്കണമെന്ന് അദ്ദേഹം പറയുന്നു; അതായത്, ഏതുകാലത്ത് എഴുതപ്പെട്ടു, ഏതു കാരണത്താൽ എഴുതപ്പെട്ടു, എന്തിനുവേണ്ടി എഴുതി, ആരോട് പറഞ്ഞു, കാലം, കാരണം, ലക്ഷ്യം, ആരോട് എന്നീ സംഗതികൾ ബൈബിൾ ഭാഷ്യത്തിൽ സുപ്രധാനമാണ്. സന്ദർഭം, പദ്ധതി, സമയം, ഉൾപ്പെട്ടിരിക്കുന്ന വ്യക്തികൾ എന്നിങ്ങനെ നാലുകാര്യങ്ങൾ ബൈബിളിലെ ഓരോ വാക്കിനെയും പറ്റി പഠിക്കുമ്പോൾ പരിഗണിക്കണമെന്ന് അദ്ദേഹം തൻെറ സുവിശേഷങ്ങളുടെ ഭാഷ്യത്തിലും (cf. ജി. ചേടിയത്ത്, *ഈശോദാദ്: സുവിശേഷഭാഷ്യം*, പേജ് 7) പറഞ്ഞുവയ്ക്കുന്നു.

www.malankaralibrary.com

ഈശോദാദിൻെറ സുവിശേഷഭാഷ്യം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ചേടിയത്തച്ചൻ ശ്ലീഹന്മാരുടെ നടപടി തൊട്ട് ലേഖനങ്ങൾക്ക് എല്ലാം ഈശോദാദ് എഴുതിയ വ്യാഖ്യാനകൃതികളും ഇപ്പോൾ തർജ്മ ചെയ്തിരിക്കുന്നു. സഭാപിതാക്കന്മാരുടെ കൃതികൾ തർജ്മ ചെയ്ത് പരിചയസമ്പന്നമായ തൂലികയാണ് അച്ചൻേറത്. ആ വിവർത്തനനൈപുണ്യം വ്യക്തമാക്കുന്ന കൃതിയാണിതെന്നു കാണുന്നതിൽ സന്തോഷമുണ്ട്. ബൈബിൾ വിജ്ഞാനീയത്തിൽ തല്പരരായ ദൈവശാസ്ത്ര പഠിതാക്കൾക്ക് ഈശോദാദിൻെറ ഭാഷ്യങ്ങൾ വിലപ്പെട്ടവയാണ്. മലയാള ക്രൈസ്തവദൈവശാസ്ത്രത്തിന് ആശയസമ്പത്തും പദസമ്പത്തും ഒരുപോലെ പ്രദാനം ചെയ്യുന്ന ഇത്തരം വിവർത്തനകൃതികൾ മലയാള ഭാഷയ്ക്കു തന്നെ മുതൽക്കൂട്ടാണെന്നു തീർച്ച.

റവ. ഡോ. തോമസ് കുന്നമ്മാക്കൽ

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
16-7-2002

www.malankaralibrary.com

# ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിന്റെ ഭാഷ്യം

നമ്മുടെ കർത്താവീശോമിശിഹായുടെ ശക്തിയാൽ, വീണ്ടും, അസ്സീറിയായിലെ ഹദതാമെത്രാൻ, മറുവിലെ ഈശോദാദ്, ശ്ലീഹന്മാരുടെ നടപടിക്ക് രചിച്ച ഭാഷ്യം ഞാൻ എഴുതുന്നു. കർത്താവേ, നിന്റെ കരുണയാൽ ഇതു പൂർത്തിയാക്കാൻ ഇടയാക്കണമെ. ആമ്മീൻ.

പ്രാക്സിസ് (*Πραξις*) ഒരു ഗ്രീക്കു പദമാണ്; സുറിയാനിയിൽ അത് ചരിത്രമാണ്. ലൂക്കോസ് അലക്സാണ്ഡ്രിയായിലെ വിശ്വാസികളുടെ നേതാവായ തെയോഫിലസിന് ഇതും സുവിശേഷവും എഴുതി. ആദ്യഗ്രന്ഥത്തിൽ, ലൂക്കോസ് നമ്മുടെ കർത്താവ് ഉദരത്തിൽ ഉരുവാകുന്നതു മുതൽ സ്വർഗാരോഹണം വരെയുള്ള ഭൗമികജീവിതരീതിയും ഭൗമിക വ്യാപാരവും പൂർണമായി ചിത്രീകരിച്ചിരിക്കുന്നു. എല്ലാ മനുഷ്യരെയും പ്രബോധിപ്പിച്ചുകൊണ്ടും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തിക്കൊണ്ടും, തന്നിലുള്ള വിശ്വാസം അവർക്ക് പ്രദാനം ചെയ്യണം എന്നും, താൻ കല്പിച്ചവയെല്ലാം അവർ അനുഷ്ഠിക്കണമെന്നും തന്റെ സ്വർഗാരോഹണാവസരം തന്റെ ശിഷ്യരോട് അവിടുന്നു കല്പിച്ചു (മത്താ 28: 18-20). എങ്കിലും ഈ കാര്യങ്ങൾ പൂർത്തീകരിക്കാൻ ശ്ലീഹന്മാർക്ക് എങ്ങനെ സാധിച്ചു എന്നു നാം ഗ്രഹിക്കേണ്ടത് ആവശ്യമായിരുന്നതിനാൽ, ഭാഗ്യവാനായ ലൂക്കോസ് അവശ്യാവശ്യം ഈ കൃതി, അതായത്, വിവരണം രചിച്ചു: ക്രൂശിക്കപ്പെട്ട ഒരു മനുഷ്യൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തെന്നും അവൻ എല്ലാവർക്കും ഉത്ഥാനം വാഗ്ദാനം ചെയ്തെന്നും, അവന്റെപ്രബോധനംകൊണ്ട് മനുഷ്യവാസമുള്ള ലോകം മുഴുവൻ നിറയ്ക്കണമെന്നും ഉള്ളത് പുതിയൊരു സംഗതിയും അവിശ്വ

www.malankaralibrary.com



സനീയ കാര്യവുമായി രുന്നു. കൂടാതെ, അവർ മുക്കുവരും, ഗ്രാമീണരും, സുറിയാനിഭാഷ മാത്രം വശമുള്ളവരും, വലിയ പഠിത്തം ഇല്ലാത്തവരുമായ പന്ത്രണ്ടു പേർ മാത്രമായിരുന്നു. എന്നാൽ വിശ്വാസ്യത ഇല്ല എന്നു തോന്നുന്ന ഈ പ്രബോധനം പ്രചരിപ്പിക്കാൻ അവർക്കു കഴിഞ്ഞു. മാളികമുറിയിൽ അവരുടെമേൽ ഇറങ്ങി ആവസിക്കുകയും, തൻെറ ദാനങ്ങളാൽ അവരെ നിറയ്ക്കുകയും ചെയ്ത പരിശുദ്ധാത്മാവിലൂടെയാണ് അവർ ഇവയെല്ലാം സാധിച്ചത്.

# 1

*"ജറുസലേം വിട്ടുപോകരുതെന്ന്* നമ്മുടെ കർത്താവ് *അവരോട് കല്പിച്ചു"*(നട 1:4). കാരണം, അവർ വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു. അവിടുത്തെ *സ്വർഗാരോഹണത്തിനുശേഷം* ഓരോരുത്തനും *അവനവൻെറ ബിസിനസിനായി അവനവൻെറ സ്വന്തം സ്ഥലത്തേക്ക്* പോകാനിരുന്നതാണ്. ഉന്നതത്തിൽനിന്ന് ആത്മാവിനെ സ്വീകരിക്കുന്നതുവരെ നിങ്ങൾ മെട്രോപ്പൊളീസായ *ജറുസലേം വിട്ടുപോകരുത്* എന്ന് അവിടുന്നു *കല്പിച്ചത്* അവിടുന്നു ശരിയായി ചെയ്ത കാര്യമാണ് (1:4). *അവർ ചോദിച്ചു: "അവിടുന്ന് ഇസ്രായേലിനു രാജ്യം പുനസ്ഥാപിക്കുന്നത് ഇപ്പോഴാണോ?"* (1:6). പരിശുദ്ധാത്മാവിൻെറ ആവാസത്തിനുമുമ്പ്, യഹൂദരുടെ ഈ ബലഹീനധാരണ (മത്താ 22:28) ശിഷ്യരും വച്ചുപുലർത്തിയിരുന്നു. അതായത്, മരിച്ചവരുടെ ഉത്ഥാനത്തിനുശേഷം വീണ്ടും ഭക്ഷിക്കുകയും പാനം ചെയ്യുകയും വിവാഹം കഴിക്കുകയും ചെയ്യും; എല്ലാ രാഷ്ട്രങ്ങളും തങ്ങൾക്കു കീഴ്പ്പെട്ടിരിക്കും; യഹൂദർ അവർക്കെല്ലാംമേൽ ജേതാക്കളായിരിക്കും; തങ്ങളുടെ ഇടയിൽ നിന്നുള്ള മിശിഹാനിമിത്തം, ശതാധിപന്മാരും സഹസ്രാധിപന്മാരുമായി തങ്ങൾ പട്ടാളമേധാവികളായിരിക്കും. മിശിഹാ അവരെ ശക്തിപ്പെടുത്തുകയും എല്ലാവരെയും കീഴ്പ്പെടുത്തുകയും ചെയ്യും എന്നു തുടങ്ങിയ ആശയങ്ങൾ! എന്നാൽ പരിശുദ്ധാത്മാവിൻെറ ആവാസത്തിലൂടെ അവർക്കു ലഭിക്കേണ്ട എല്ലാറ്റിനെപ്പറ്റിയുമുള്ള കൃത്യമായ അറിവ് പകരാനുള്ള അവസരം ഇതല്ലായെന്നു കരുതിയതിനാൽ, അവരുടെ ഈ അജ്ഞതയെ തിരുത്താൻ നമ്മുടെ കർത്താവ് മുതിർന്നില്ല. അവർക്ക് അവശ്യാവശ്യം ഉചിതമായതുമാത്രം അവിടുന്ന് പകർന്നുകൊടുത്തു.

www.malankaralibrary.com



*"പിതാവ് സ്വന്ത അധികാരത്തിൻ കീഴിൽ ആക്കിയിരിക്കുന്ന സമയങ്ങളോ കാലങ്ങളോ നിങ്ങൾ അറിയേണ്ട കാര്യമില്ല* (നട 1:7). അതു പറയുക എൻെറ കാര്യമല്ല; *എന്നാൽ ആ ദിവസത്തെക്കുറിച്ചും ആ മണിക്കൂറിനെക്കുറിച്ചും പിതാവല്ലാതെ ഒരു മനുഷ്യനും അറിയുന്നില്ല"* എന്നു പറയുന്നതുപോലെയാണിത് (മത്താ 20:23; 24:36). അവരുടെ ബലഹീനതയ്ക്കനുസൃതമായി അവിടുന്ന് തൻെറ പരിപാലനയിൽ പ്രത്യുത്തരിച്ചു. *ഈ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ, അവർ നോക്കി നിൽക്കെ അവൻ ഉന്നതങ്ങളിലേക്ക് പെട്ടെന്ന് സംവഹിക്കപ്പെട്ടു; ഒരു മേഘം അവനെ സ്വീകരിച്ചു; അവരുടെ ദൃഷ്ടിയിൽ നിന്ന് മറച്ചു* (നട 1:9). മേഘം മൂന്നു കാര്യങ്ങൾ ഇവിടെ ചെയ്തു: ഒന്നാമത് നമ്മുടെ കർത്താവിൻെറ ബഹുമാനത്തിനുവേണ്ടി; രണ്ടാമത്, *"നാമും അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും"* എന്നു തുടങ്ങി ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ (1 തെസ്സ 4:17), അവസാന നാളുകളിലുള്ള നമ്മുടെ കരേറ്റത്തിൻെറ പ്രതീകമായി; മൂന്നാമത്, ശിഷ്യന്മാർ കണ്ടുകൊണ്ടിരുന്ന അത്ഭുതകരമായ ദർശനത്തിൻെറ നിയന്ത്രണത്തിന്. മേലാകാശത്തിലേക്ക് കണ്ണും നട്ട് നോക്കി നിന്നതിൽനിന്ന് അവർക്ക് ഉപദ്രവം ഒന്നും വരാതിരിക്കാൻ; ദൂരെനിന്ന് ചെറിയ വസ്തുവിനെ കാണാൻ നമുക്കു കഴിയുകയില്ല; കാരണം, കാഴ്ച അവിടെയും ഇവിടെയുമായി പതറിപ്പോകുന്നു; ഇടയ്ക്കുള്ള ആകാശം വസ്തുവിനെ നമ്മിൽ നിന്നു മറയ്ക്കുന്നു.

ചിലരുടെ അഭിപ്രായത്തിൽ, നമ്മുടെ കർത്താവ് കയറിയത് ആകാശങ്ങളുടെ ആകാശത്തിലേക്കാണ്; *എല്ലാ സ്വർഗങ്ങൾക്കും ഉപരിയായി കയറിയത് അവിടുന്നാണ്* എന്ന് പൗലോസ് പറയുന്നു (എഫേ 4:10). എന്നാൽ, ഈ ദൃശ്യനഭോമണ്ഡലത്തിന് ഉപരിസ്ഥമായിട്ടാണ് അവിടുന്നു കയറിയതെന്ന്, കുറേക്കൂടി ശരിയായി മറ്റുചിലർ പറയുന്നു. എല്ലാ ഗോത്രങ്ങളും എത്തിച്ചേരേണ്ട സ്ഥലത്തേക്ക് ഒന്നാമതായി മിശിഹാ കരേറി എന്ന് ന്യായമായ ഒരു കാരണവും പറയാം. കാരണം, മേലാകാശത്തിനു മുകളിലായി മറ്റൊന്നും സ്ഥിതി ചെയ്യുന്നില്ല, സൃഷ്ടിക്കപ്പെട്ടിട്ടും ഇല്ല. പദാർത്ഥരഹിതമായി അവിടെ സ്ഥിതിചെയ്യുന്നതിനോ ചരിക്കുന്നതിനോ യാതൊന്നിനും സാധ്യവുമല്ല. അഗ്രാഹ്യനും അനന്തനും എല്ലാറ്റിലും ആയിരിക്കുന്നവനും എല്ലാറ്റിനും ഉപരിസ്ഥനുമായ ദൈവത്തിനു മാത്രമേ അതിനു കഴിയൂ; അവനെ യാതൊന്നും ഉൾക്കൊള്ളുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല.

www.malankaralibrary.com



അവിടുന്ന് *എല്ലാ സ്വർഗങ്ങൾക്കും ഉപരിയായി കരേറി* എന്ന് ശ്ലീഹാ പറഞ്ഞതിനെപ്പറ്റി (എഫേ 4:10). മൂന്ന് ആകാശങ്ങളെപ്പറ്റിയും വാസസ്ഥലങ്ങളെപ്പറ്റിയും സൂചനയുണ്ട്. ഒന്ന്, ഭൂമി മുതൽ ചന്ദ്രൻെറ ഭ്രമണപഥംവരെ; രണ്ട്, അവിടംമുതൽ സൂര്യൻെറ ഭ്രമണപഥംവരെ ഒന്ന്; മൂന്ന് അവിടംമുതൽ നഭോമണ്ഡലംവരെ ഒന്ന്. അവയോരോന്നും ഓരോ ആകാശം എന്നു വിളിക്കപ്പെടുന്നു. ഉപരിസ്ഥമായവയെ ഒക്കെ *ആകാശം* എന്നു വിളിക്കുന്ന പതിവ് എബ്രായർക്കുണ്ടായിരുന്നു. രുചിയാകാശം എന്ന് മേലണ്ണാക്കിനെയും *വീടാകാശം* എന്ന് വീടിൻെറ മേൽത്തട്ടിനെയും അവർ വിളിച്ചിരുന്നു.[1]

ചിലർ പറയുന്നതുപോലെ ആകാശം അഥവാ നഭോമണ്ഡലം ഭേദിച്ചാണോ, അതോ മറ്റുചിലർ പറയുന്നതുപോലെ, ഭേദിക്കാതെയാണോ അവിടുന്നു കയറിപ്പോയത് എന്ന കാര്യത്തെപ്പറ്റി നാം ലൂക്കോസിൽ വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്.[2] നമ്മുടെ കർത്താവ് കരേറി, ശിഷ്യരുടെ കണ്ണുകളിൽ നിന്നു മറഞ്ഞപ്പോൾ, *വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ സമീപം നില്ക്കുന്നതായി അവർ കണ്ടു* (നട 1:10). പ്രധാനികളും ഭരണാധികാരികളുമായ ഗബ്രിയേൽ, മിഖായേൽ എന്നീ രണ്ട് ദൂതന്മാരായിരുന്നു അവർ. ഒന്നാമൻ ആത്മീയജീവികളുടെയും രണ്ടാമൻ, മഗ്ദലേനായ്ക്കു കാണപ്പെട്ട (യോഹ 20:12) *മാലാഖമാർ* എന്ന് പ്രത്യേകം പറയപ്പെടുന്ന താഴ്ന്നഗണത്തിൽപ്പെട്ട ജീവികളുടെയും തലവന്മാരായിരുന്നു. ഇവർ രണ്ടുപേർ മാത്രമല്ല, അവിടെ ഉണ്ടായിരുന്നുത്, പിന്നെയോ, നഗ്നനേത്രങ്ങൾകൊണ്ട് ശിഷ്യർ കണ്ടില്ലെങ്കിലും ആയിരങ്ങളും പതിനായിരങ്ങളും അവരെ കൂടാതെ അവിടെ സന്നിഹിതമായിരുന്നു. അവർ എന്തുകൊണ്ട് *വെള്ളവസ്ത്രം* ധരിച്ചിരുന്നു എന്നതിനെപ്പറ്റി നാം *യോഹന്നാനിൽ* വിവരിച്ചിട്ടുണ്ട്.[3]

*"അവർ അവരോടു പറഞ്ഞു: ഗലീലിയരായ പുരുഷന്മാരേ, നിങ്ങളെന്തിനാണ് ആകാശത്തിലേക്ക് ഉറ്റുനോക്കി നില്ക്കുന്നത്? നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് കരേറിയ ഈ യേശു ..... അതുപോലെ തിരിച്ചു വരും"* (നട 1:11). ശിഷ്യരുടെ നോട്ടത്തെ കുറ്റപ്പെടുത്തിക്കൊണ്ട് മാലാ

---

1. ജോബ് 29:10; വിലാപ 4:4; എസ 3:26; 1 രാജാ 6:15.
2. ഈശോദാദ് - *സുവിശേഷഭാഷ്യം*, കോട്ടയം, 1977, പേജ് 312.
3. *സുവിശേഷഭാഷ്യം*, പേജ് 424-5.

www.malankaralibrary.com



ഖമാർ അവരെ ശകാരിച്ചില്ല; അങ്ങനെ ചെയ്തിരുന്നെങ്കിൽ, "അവിടുത്തെ ദിവ്യരഹസ്യത്തിൽ ഞങ്ങളും പങ്കുകാരല്ലേ? അവിടുന്ന് ഞങ്ങളോടൊത്തു വ്യാപരിച്ചില്ലേ? അവിടുന്ന് ഞങ്ങൾക്കു സിംഹാസനങ്ങൾ വാഗ്ദാനം ചെയ്തില്ലേ? ഞങ്ങളുടെ നാഥനെ ഉറ്റുനോക്കുന്നതിന് നിങ്ങളെന്തിനു ശകാരിക്കുന്നു?" എന്ന് അവർ മറുപടി പറയുമായിരുന്നു. എന്നാൽ അവർ ശിഷ്യരുടെ സംശയമനസ്ഥിതിയെയാണ് ചൂണ്ടിക്കാട്ടിയത്. അവിടുന്ന് സ്വർഗത്തിൽ എവിടേക്കാണ് സംവഹിക്കപ്പെട്ടതെന്നും ആനയിക്കപ്പെട്ടതെന്നും അവർക്കറിയില്ലായിരുന്നു. അല്ലെങ്കിൽ, ഏലിയായെപ്പോലെ മറ്റെവിടേക്കെങ്കിലുമാണോ എന്നും അവർ സംശയിച്ചു. അവിടുന്നു സ്വർഗത്തിലേക്കാണ് കരേറിയതെങ്കിൽ, സ്വർഗം തുറക്കപ്പെടുന്നത് അവർക്ക് കാണാൻ ഇടയാകുമോ ഇല്ലയോ? അവിടുന്ന് അതിലേക്കു പ്രവേശിക്കുമ്പോൾ തന്റെ ശരീരത്തിൽ തന്നെ നിലനില്ക്കുമോ? അതോ വായുവിൽ ലയിച്ച് അലിഞ്ഞുചേർന്ന് മാഞ്ഞുപോകുമോ? ഇതേപ്പറ്റി പില്ക്കാലത്ത് അനേകർ തെറ്റിൽ വീണുപോയിട്ടുണ്ട്. അഥവാ, കത്തിജ്വലിക്കുന്ന അന്തരീക്ഷത്തിൽ കൂടെ, കത്തിയമരാതെ അവിടുന്നെങ്ങനെ കടന്നുപോകും? തങ്ങൾ ഇനിയും അവിടുത്തെ കാണാൻ ഇടയാകുമോ? തന്റെ വാക്കുകൾ യാഥാർത്ഥ്യവൽക്കരിക്കാതെയും തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കാതെയും അവിടുന്ന് എന്താണ് പൊയ്ക്കളഞ്ഞത്, അവിടുന്ന് ലോകത്തെ രക്ഷിച്ചില്ല, ഇസ്രായേലിനു രാജ്യം പുനസ്ഥാപിച്ചുമില്ല എന്നും അവർ ചിന്തിച്ചു കാണും.

*ഗലീലിയർ* എന്നു വിളിച്ചതിലൂടെ (നട 1:11) ദൂതന്മാർ ശിഷ്യരുടെ സംശയങ്ങളെല്ലാം ദൂരീകരിച്ചു; അവരെ *ഗലീലിയർ* എന്നു വിളിച്ചതിലൂടെ, തങ്ങൾ അപരിചിതരും അന്യരും അല്ലെന്നും അവർ കാണിച്ചു; അവരുടെ സ്ഥലങ്ങളും നാമങ്ങളും പ്രവർത്തനങ്ങളും ദൂതർക്ക് അറിവുണ്ടായിരുന്നു. വിശ്വസനീയരായി അവർ മേലിൽ സ്വീകരിക്കപ്പെടേണ്ടിയിരുന്നു.

*"നിങ്ങൾ ആകാശത്തിലേക്ക് ഉറ്റുനോക്കി നില്ക്കുന്നതെന്ത്?"* (1: 11) എന്നതിനെപ്പറ്റി അവർ രണ്ടു സംഗതികൾ പഠിപ്പിച്ചു: ഒന്ന്, അവിടുന്ന് സ്വർഗത്തിലേക്കു മാത്രമാണ് കരേറിയത്, മറ്റെവിടേക്കും സംവഹിക്കപ്പെട്ടതല്ല. രണ്ട്, തങ്ങളുടെ പ്രകൃതിക്ക് ഉപരിസ്ഥമായ ഒന്ന് കാണാമെന്ന പ്രതീക്ഷയിൽ വെറുതെ അവർ നോക്കി നിന്നതാണ്. കാരണം, സ്വർഗം തുറന്നോ ഇല്ലയോ എന്നു കാണാൻ ഉന്നതഭാഗങ്ങളിലേക്ക്, ബാഹ്യേന്ദ്രിയങ്ങൾക്ക് എത്തിച്ചേരാനാവില്ല.

www.malankaralibrary.com



*"ഈ യേശു"* (1:11) എന്നതിനെപ്പറ്റി: വിരൽ ചൂണ്ടിക്കൊണ്ടെന്നവണ്ണമാണ് അവർ പറയുക. ഇപ്പോൾ കയറിയ ആളെക്കുറിച്ചല്ലാതെ മറ്റാരെപ്പറ്റിയുമല്ല ഈ കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. വീണ്ടും, കരേറ്റം യഥാർത്ഥത്തിൽ ആലയത്തിന്റേതാണ് എന്നു കാണിക്കുന്നതിനായിരുന്നു; അല്ലാതെ, ദൈവഘാതകർ പറയുന്നതുപോലെ, അനന്തനായ ദൈവവചനത്തിന്റേതല്ല.

*"നിങ്ങൾ കണ്ടതുപോലെ, അവിടുന്നു തിരികെ വരും"* (1:11): അവിടുന്ന് തന്റെ ശരീരത്തിൽ മാറ്റം കൂടാതെ സ്ഥിതി ചെയ്യുന്നു, തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് അവസാനം അവിടുന്നു പ്രത്യക്ഷനാകുമ്പോൾ, അവർ അവിടുത്തെ ദർശിക്കും എന്ന് അവർ വ്യക്തമാക്കുന്നു.

*"ഒലിവുമല, ജറുസലേമിൽ നിന്ന് ഏഴു സ്റ്റേഡിയാ അകലത്തിലാണ്"* (1:12): അതായത് സാദേ;[4] ഗ്രീക്കിൽ, 'ഒരു സാബത് ദിവസത്തെ യാത്രാദൂരം' എന്നാണ്. അതായത്, ഒലിവുമല ജറുസലേമിൽ നിന്ന് അത്രയ്ക്ക് ദൂരത്തിലായിരുന്നു. അതായത് സാബത്ദിവസം നഗരത്തിൽ നിന്ന് നടന്നുപോകാൻ അനുവദിച്ചിരുന്നത്രയും ദൂരം. ഏതാണ്ട് ഒരു മൈൽ; ഒരു പർസഹായുടെ[5] മൂന്നിലൊന്ന്.

അവർ കയറിയ *മുകളിലത്തെ നിലയിലെ* മുറി സൈറീൻകാരൻ ശെമഓന്റേതായിരുന്നു. അവന്റെ മുകളിലത്തെ മുറി (1:13) ആദ്യപള്ളിയായി പരിഗണിക്കപ്പെടാനുള്ള കൃപ അവനു ലഭിച്ചു. അതിലാണ് നമ്മുടെ കർത്താവ് പെസഹാ ഭക്ഷിച്ചത്; തന്റെ ആരാധ്യമായ ശരീരത്തിന്റെ ദിവ്യരഹസ്യം അതിലാണ് അവിടുന്നു നൽകിയത്; അതിലാണ് പുതിയ ഉടമ്പടിക്കു മുദ്രവച്ചതും പഴയത് അവസാനിച്ചതും; അതിലാണ് ഉത്ഥാനം പ്രഘോഷിക്കപ്പെട്ടത്; അതിലാണ് നമ്മുടെ കർത്താവ് കാണപ്പെട്ടത്; ശ്ലീഹന്മാർ കൂടെക്കൂടെ അത് സന്ദർശിച്ചിരുന്നു. അതിൽ വച്ചാണ് അവർ മത്തിയാസിനെ തെരഞ്ഞെടുത്തത്; അതിൽ വച്ചാണ് പരിശുദ്ധാത്മാവ് അവരുടെമേൽ ഇറങ്ങിയത്. അതിലാണ് അവർ അപ്പം മുറിച്ചത്. അതിൽ നിന്നാണ് മനുഷ്യവാസമുള്ള ലോകം മുഴുവൻ സുവിശേഷ പ്രഘോഷണാർത്ഥം അവർ ഇറങ്ങിത്തിരിച്ചത്.

---

4. സാദാ അഥവാ സേദാ: 400 മുഴം. 3 സാദാ = ഒരു സ്റ്റേഡിയം. 7.5 സാദാ = ഒരു മൈൽ

5. പർസഹാ = മൂന്നോ നാലോ മൈൽ.

www.malankaralibrary.com



അതിനുശേഷം അവർ ശ്ലീഹന്മാരുടെ പട്ടിക നൽകുന്നു; എപ്രകാരം ഓരോ സുവിശേഷകനും പട്ടിക നൽകുന്നു എന്നു നോക്കാം: പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ മത്തായി പേരുകൾ നൽകുന്നത് താഴെ പറയുന്ന ക്രമത്തിലാണ്: "അവരിൽ ഒന്നാമൻ കേപ്പാ എന്നു വിളിക്കപ്പെടുന്ന ശെമഓൻ, അവൻെറ സഹോദരൻ അന്ത്രയോസ്, സെബദിപുത്രനായ യാക്കോബ്, അവൻെറ സഹോദരനായ യോഹന്നാൻ, ഫിലിപ്പോസ്, ബർ തുൽമൈ, തോമസ്, ചുങ്കക്കാരൻ മത്തായി, ഹൽഫൈയുടെ പുത്രനായ യാക്കോബ്, തദ്ദായ് എന്നുവിളിക്കപ്പെടുന്ന ലംബൈ, കനാൻകാരൻ ശെമഓൻ, അവനെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്താ" (10:2-4).

മർക്കോസ് : "അവൻ കേപ്പാ എന്നു വിളിച്ച ശെമഓൻ, സെബദി പുത്രനായ യാക്കോബ്, അവൻെറ സഹോദരനായ യോഹന്നാൻ, അന്ത്രയോസ്, ഫിലിപ്പോസ്, ബർ തുൽമൈ, മത്തായി, തോമസ്, ഹൽഫൈയുടെ പുത്രനായ യാക്കോബ്, തദ്ദായ്, കനാൻകാരൻ ശെമഓൻ, യൂദാസ്കറിയോത്താ" (9:16-19)

ലൂക്കോസ്: "അവൻ കേപ്പാ എന്നു വിളിച്ച ശെമഓൻ, അവൻെറ സഹോദരൻ അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫിലിപ്പോസ്, ബർ തുൽമൈ, മത്തായി, തോമസ്, ഹൽഫൈയുടെ പുത്രനായ യാക്കോബ്, തീക്ഷ്ണൻ എന്നു വിളിക്കപ്പെട്ടിരുന്ന ശെമഓൻ, യാക്കോബിൻെറ പുത്രനായ യൂദാ, യൂദാസ്കറിയോത്താ" (6:14-16).

എന്നാൽ ദിയാതെസ്സറോനിൽ ഇപ്രകാരമാണ്: "അവൻ കേപ്പാ എന്നു വിളിച്ച ശെമഓൻ, അവൻെറ സഹോദരൻ അന്ത്രയോസ്, സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും, ഫിലിപ്പോസ്, ബർ തുൽമൈ, തോമസ്, ചുങ്കക്കാരൻ മത്തായി, ഹൽഫൈയുടെ പുത്രനായ യാക്കോബ്, ലംബൈ, തീക്ഷ്ണനായ ശെമഓൻ, യാക്കോബിൻെറ പുത്രനായ യൂദാ, ഒറ്റുകാരനായ യൂദാസ്കറിയോത്താ".

എന്തുകൊണ്ടാണ് ഈ പട്ടികകളിൽ അല്പ സ്വല്പ വ്യത്യാസം? മത്തായിയും മർക്കോസും *'കനാൻകാരൻ'* എന്നു സൂചിപ്പിക്കുകയും ദിയാതെസ്സറോൺ *തീക്ഷ്ണനായ ശെമഓൻ* എന്നു പറയുകയും ചെയ്യുന്നയാൾ ഒന്നുതന്നെ എന്ന് സുവ്യക്തമാണ്. ലൂക്കോസ് തൻെറ ഇരു ഗ്രന്ഥങ്ങളിലും അവനെ സൂചിപ്പിക്കുന്നു. യാക്കോബിൻെറ പുത്രനായ യൂദായെ ലൂക്കോസ് തൻെറ ഇരുഗ്രന്ഥങ്ങളിലും സൂചിപ്പിക്കുന്നു;

www.malankaralibrary.com



അയാൾ തന്നെയാണ് *ലംബൈ.* മത്തായിയും മർക്കോസും അയാളെ *തദ്ദായ്* എന്നു വിളിക്കുന്നു. തദ്ദായി എന്നു വിളിക്കുന്ന സുവിശേഷകരിലൊരാൾ യാക്കോബിന്റെ പുത്രനായ യൂദായെപ്പറ്റി പരാമർശിക്കുന്നില്ല. ഒരു പേര് വിളിക്കുന്നയാൾ മറ്റതു വിളിക്കുന്നില്ല. *കനാൻകാരൻ ശെമഓൻ* എന്നു പറയുന്നയാൾ *തീക്ഷ്ണനായ ശെമഓൻ* എന്ന പേര് സൂചിപ്പിക്കുന്നില്ല. *ലംബൈ* എന്നത് ആളിന്റെ പേരല്ല, ഗ്രാമത്തിന്റെ പേരാണ്. അതായത് അയാൾ ലംബൈക്കാരൻ എന്നു പറയുന്നു. അതുകൊണ്ട് തദ്ദായിയും യാക്കോബും ലംബൈക്കാരായിരുന്നു. അതായത് ലംബൈയിൽ നിന്നുള്ളവർ. തദ്ദായിയുടെ പിതാവ്, ഒരു യാക്കോബായിരുന്നു; യാക്കോബിന്റെ പിതാവ് ഹൽഫൈയും. എന്നാൽ തദ്ദായിയുടെ പേര് ഒരിക്കൽ *യൂദാ* എന്നായിരുന്നു. ശെമഓൻ, *കേപ്പാ* എന്നും സെബദിപുത്രന്മാർ *ബ്നൈ റഗ്ശി* എന്നും, ലെവി, *മത്തായി* എന്നും വിളിക്കപ്പെട്ട പോലെ അവസാനം തന്റെ ശിഷ്യത്വകാലത്ത് അവന്റെ പേരു മാറ്റി *തദ്ദായ്* എന്ന് അവനെ വിളിച്ചു.

ഇപ്രകാരം *നടപടിയിൽ:* “പത്രോസ്, യോഹന്നാൻ, യാക്കോബ്, അന്ത്രയോസ്, ഫിലിപ്പോസ്, തോമസ്, മത്തായി, ബർ തുൽമൈ” (1:13). പരിശുദ്ധാത്മാഭിഷേകാനന്തരമാണ് ഈ പട്ടിക; ഒന്നാമത്, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമ്മുടെ കർത്താവ് പഠിപ്പിച്ച എളിമയിൽ അവരും ഒരുപോലെയിരിക്കാൻ. വീണ്ടും അന്ത്രയോസ്, കർത്താവിന്റെ ഉത്ഥാനത്തിനുശേഷം, താഴേക്കുവന്ന് സെബദിപുത്രന്മാർക്കു താഴെനിന്നു. സെബദിപുത്രന്മാരെ നമ്മുടെ കർത്താവ് എങ്ങനെ ബഹുമാനിച്ചെന്ന് അവരോർത്തു. അവിടുന്ന് അവരെ *ബ്നൈ റഗ്ശി* എന്നു വിളിച്ചു; അവിടുന്ന് അവരെയും ശെമഓനെയും മലയിലേക്കും, യായീറോസിന്റെ ഭവനത്തിലേക്കും മറ്റിടങ്ങളിലേക്കൊക്കെയും എല്ലാ സ്ഥലത്തും കൂടെക്കൊണ്ടുപോയിരുന്നു. യാക്കോബിന്റെ സഹോദരനായ യോഹന്നാൻ, പീഡാനുഭവത്തിന്റെ രാത്രിമുഴുവൻ കർത്താവിനോടുകൂടി നിന്നതും, യഹൂദരിൽ നിന്ന് നിരവധി പീഡകൾ സഹിച്ചതും, ‘സ്ത്രീയേ, ഇതാ, നിന്റെ മകൻ’ എന്നു പറഞ്ഞുകൊണ്ട് കന്യകയുടെ പുത്രനായി തീരാൻ യോഗ്യനാക്കപ്പെട്ടതും (യോഹ 19:26) അവർ ഓർത്തു. അതേസമയം യാക്കോബാകട്ടെ ഭയന്ന് ഓടിക്കളഞ്ഞു. സ്വയം പഴിച്ചുകൊണ്ട് തന്റെ സഹോദരനെ തന്നേക്കാൾ ഉയർത്തി. ബർ തുൽമൈയും, അന്ത്രയോസിനെപ്പോലെ, മത്തായിക്കും തോമസിനും ശേഷം നിന്നു. ഫിലിപ്പോസ് അവനെ വിളിച്ചപ്പോൾ, ‘*നസ്രത്തിൽ നിന്ന് എന്തെ*

www.malankaralibrary.com



*ങ്കിലും നന്മ വരാനാകുമോ?'* എന്നു ചോദിച്ചുകൊണ്ട് അവൻ സംശയിച്ചതാണ് ഇതിനു കാരണം (യോഹ 1:46). അതുകൊണ്ട് അവൻ സ്വയം താഴ്ത്തി മത്തായിയേക്കാൾ താണനിരയിൽ നിന്നു. നമ്മുടെ കർത്താവ് വിളിച്ചപ്പോൾ മത്തായി ഉടനെ എല്ലാം ഉപേക്ഷിച്ച് അവിടുത്തെ അനുഗമിച്ചു (മത്താ 9:9). "നമ്മുടെ കർത്താവിൻെറകൂടെ പോയി നമുക്കും മരിക്കാം" എന്ന് തോമസ് പറഞ്ഞ്, ശ്ലീഹന്മാരെ നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിൽ ഉജ്ജ്വലിപ്പിച്ചതു കേട്ട മത്തായിയും (യോഹ 11:16) അവനു പിന്നാലെ നിന്നു. എല്ലാ തലമുറകളിലും ഉള്ള ശിഷ്യർക്ക് മാതൃക നൽകാനാണ് അവർ ഇപ്രകാരം ചെയ്തത്. അതായത്, അവർ തങ്ങളെത്തന്നെ വിനീതരാക്കണം.

നമ്മുടെ കർത്താവ് ആദ്യം വിളിച്ച് ശിഷ്യനാക്കിയത് അന്ത്രയോസിനെയാണ്; അവൻ അവനെ പേരു വിളിച്ചു. പിന്നീട് അവൻെറ സഹോദരനായ ശെമഓനെ അവൻ നമ്മുടെ കർത്താവിൻെറ പക്കലേക്ക് കൂട്ടിക്കൊണ്ടുവന്നു. അവിടുന്ന് അവനെ *കേപ്പാ* എന്നു വിളിച്ചു. എന്നാൽ അവിടുന്ന് അവൻെറ സ്ഥാനം അവൻെറ സഹോദരൻേറതിനേക്കാൾ ഉയർത്തി. ശിഷ്യത്വത്തിൽ യോഹന്നാൻ തൻെറ സഹോദരനായ യാക്കോബിനേക്കാൾ മുമ്പിലായിരുന്നു. കാരണം, മറ്റ് ശിഷ്യന്മാർക്കു മുമ്പ് അവനും അന്ത്രയോസുമാണ് നമ്മുടെ കർത്താവിനെ അനുഗമിച്ചത്. എന്നാൽ പരിശീലന കാലത്ത്, അവൻെറ സ്ഥാനം യോഹന്നാൻേറതിനു മുമ്പിലായിരുന്നു. സെബദിപുത്രനായ യാക്കോബ്, അവൻെറ സഹോദരനായ യോഹന്നാൻ; എന്നാൽ പരിശുദ്ധാത്മാവ് വന്നശേഷം വിനയാന്വിതരായും സമത്വത്തെ പ്രതിയും അവർ പട്ടിക വ്യത്യസ്തമാക്കി.

*"അവർ പ്രാർത്ഥനയിൽ മുഴുകിയിരുന്നു"* (നട 1:14). അവർ പ്രാർത്ഥിച്ചപ്പോൾ എങ്ങോട്ട് തിരിഞ്ഞു നിന്നാണ് ആരാധിച്ചിരുന്നത് എന്ന ചോദ്യം ഉയർന്നുവരാം. മിക്കവാറും ജറുസലേം ദേവാലയത്തിൽ, യഹൂദരുടെ ബലഹീനാശയാനുസൃതം *പടിഞ്ഞാറോട്ട്* തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥിച്ചിരുന്നതിനാൽ, യഹൂദരീതി അനുസരിച്ച് അവർ പ്രാർത്ഥിച്ചു കാണാനാണിട; എന്നാൽ അവർ മാളികമുകളിലോ മറ്റേതെങ്കിലും സ്ഥലത്തോ ഒന്നിച്ചു കൂടിയിരുന്നപ്പോഴൊക്കെ *കിഴക്കോട്ടു* തിരിഞ്ഞു നിന്നുകൊണ്ടു പ്രാർത്ഥിച്ചിരുന്നു. ഇതിൽ നാം ആശ്ചര്യപ്പെടേണ്ട. ആരംഭത്തിൽ ശ്ലീഹന്മാരിൽ നിന്ന് അനേകകാര്യങ്ങളിൽ വ്യത്യാസം വന്നിട്ടുണ്ടല്ലോ. യഹൂദരുടെ അയഞ്ഞ മനസ്ഥിതിനിമിത്തം, ശത്രുക്കളെ

www.malankaralibrary.com



ഇളക്കിവിട്ട് അവരെ അവഹേളിക്കാതിരിക്കാനും അവരെ നശിപ്പിക്കാതിരിക്കാനുമായി കാഴ്ചകൾ സമർപ്പിക്കാൻപോലും അവർ പൗലോസിനെ ഉപദേശിച്ചതാണല്ലോ (നട 21:23-26). എങ്കിലും, ക്ലോഡിയസിൻെറ ഭരണത്തിൻെറ ഒന്നാംവർഷം (ക്രി.വ.41) പത്രോസ് അന്ത്യോക്യയിലെത്തി; അവിടെ ഒരു പള്ളിക്ക് അടിസ്ഥാനമിട്ടു; അവിടെ ബലിപീഠം പണിത് *കിഴക്കോട്ട്* തിരഞ്ഞുനിന്ന് പരസ്യമായി ആരാധിച്ചു.

*"അവൻ മൂക്കുകുത്തി തറയിൽ വീണു, ഉദരം പിളർന്നു" എന്നിത്യാദി* (1:18). യൂദാസ് കയറിൽ തൂങ്ങിയപ്പോൾ ഒന്നുകിൽ അവൻെറ കെട്ടു മുറുകാതെ വന്നതിനാൽ രക്ഷപെട്ടു, അല്ലെങ്കിൽ കണ്ടുനിന്ന ആരോ അവനെ രക്ഷപെടുത്തി എന്നു പറയപ്പെടുന്നു. ദൈവികപരിപാലനയാൽ ആണ് ഇതു നടന്നത്. ഒന്നാമത്, ശിഷ്യന്മാർ അവനെ കെട്ടിത്തൂക്കുകയോ, വകവരുത്തുകയോ ചെയ്തു എന്ന് ആരോപിക്കപ്പെടാതിരിക്കാൻ; അവൻ യേശുവിനെ പരസ്യമായി ഒറ്റിക്കൊടുത്തതിനാൽ, അവൻ പരസ്യമായി തന്നെ മരിക്കുക ഉചിതമായിരുന്നു. അവൻ തുടർന്നു ജീവിച്ച് നമ്മുടെ കർത്താവിൻെറ ഉത്ഥാനം കണ്ടു. അവിടുന്നു പലതവണ തൻെറ ശിഷ്യരുടെ പക്കലെത്തിയെന്നും അവിടുന്ന് സ്വർഗത്തിലേക്കു കരേറിയെന്നും അവൻ കേട്ടു. പിന്നീട് വളരെപ്പേർ ഒന്നിച്ചുകൂടി നിന്നപ്പോൾ അവൻ നഗരമധ്യത്തിൽ തറയിൽ വീഴുകയും അവൻെറ ഉദരം പിളരുകയും ചെയ്തു.

*"അവൻെറ വാസസ്ഥലം ശൂന്യമായി തീരട്ടെ" (1:20). "ആരും അതിൽ വസിക്കാതിരിക്കട്ടെ"* എന്ന് ഗ്രീക്കനുസരിച്ച്. അറുപത്തി ഒൻപതാം സങ്കീർത്തനം സുറിയാനിയിൽ പറയുന്നതാണിത്. അതായത്, *"ദൈവമേ, എന്നെ രക്ഷിക്കണമേ. അവരുടെ വാസസ്ഥലം ശൂന്യമാകട്ടെ. അവരുടെ കൂടാരങ്ങളിൽ പാർക്കാൻ ആളില്ലാതെ പോകട്ടെ"* (69:1.25). *"മറ്റൊരുവൻ അവൻെറ ശുശ്രൂഷ ഏറ്റെടുക്കട്ടെ"* എന്നത് നൂറ്റിഒൻപതാം സങ്കീർത്തനത്തിൽ നിന്നാണ്. അതായത്, *"എൻെറ സ്തുതിയുടെ ദൈവമേ"* (109:8). ആ സങ്കീർത്തനം മുഴുവൻ ഏകയാളെപ്പറ്റിയാണ് എന്ന വിധത്തിലത്രേ ഗ്രീക്കിൽ. *"മറ്റൊരുവൻ അവൻെറ ശുശ്രൂഷ ഏറ്റെടുക്കട്ടെ"* എന്നതിനു പകരം യൂദാ ഉപേക്ഷിച്ചുപോയതുപോലെയും മത്തിയാസ് പ്രവേശിച്ചതുപോലെയും *മറ്റൊരാൾ അവൻെറ മേല്പട്ടസ്ഥാനം ഏറ്റെടുക്കട്ടെ"* എന്നാണ്. എന്നാൽ, *അവർക്ക് നീക്കിവയ്ക്കപ്പെട്ടത് മറ്റുള്ളവർ എടുക്കട്ടെ* എന്നാണ് സുറിയാനി.

www.malankaralibrary.com



"അവൻ തന്റെ സ്വന്തസ്ഥലത്തേക്ക് പോകാൻവേണ്ടി"(1:25). അതായത്, തന്റെ സ്വതന്ത്രേച്ഛയിൽ, അവൻ തന്നെ വഴുതിവീണ നാശത്തിലേക്ക്.

പ്രാർത്ഥനയ്ക്കുശേഷം *അവർ കുറിയിട്ടു* (1:26). പന്ത്രണ്ട് എന്ന സംഖ്യ പരിശുദ്ധാത്മാവാസത്തിനു മുമ്പ് തികയാനായി, കൃപയാൽ കുറി അനുസരിച്ച് *മത്തിയാസ് തെരഞ്ഞെടുക്കപ്പെട്ടു* (1:26). മെച്ചപ്പെട്ടത് ഏതാണെന്ന് കുറിയിലൂടെ അവർ മനസിലാക്കി. കാരണം, അവർ അപ്പോഴും കൃപ പ്രാപിച്ചിരുന്നില്ല. ഇതേപ്പറ്റി അവർക്ക് ഒരു വെളിപാടുണ്ടായി എന്നാണ് *ദിവന്നാസ്യോസ്* പറയുന്നത്. തങ്ങളുടെ ഇച്ഛാനുസരണം കുറിയിട്ടപ്പോൾ, അവശ്യസംഗതി സംബന്ധിച്ച് അവർക്ക് വെളിപാടുണ്ടാകാൻ സാധ്യതയുണ്ട്.

*"പെന്തിക്കോസ്തിയുടെ ദിവസങ്ങൾ പൂർത്തിയായപ്പോൾ"* (2:1). പെന്തിക്കോസ്തി എന്നാൽ അമ്പതുദിവസങ്ങളുടെ പൂർത്തീകരണം എന്നാണർത്ഥം. ഈ പെരുന്നാളിൽ പരിശുദ്ധാത്മാവാസം ഉണ്ടായി. *ഒന്നാമത്*, 'നിയമം' അനുസരിച്ച് മൂന്ന് മഹനീയപെരുന്നാളുകൾ ഉണ്ടായിരുന്നു. പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ. എല്ലാ സ്ഥലത്തുമുള്ള യഹൂദർ ഈ പെരുന്നാളുകൾക്ക് ജറുസലേമിൽ ഒന്നിച്ചു കൂടിയിരുന്നു. പെസഹായുടെ ആ ആദ്യപെരുന്നാളിൽ അവിടുത്തെ നിന്ദ്യതയും കുരിശിൽ തറപ്പും മരണവും അവർ പൂർണമായി കണ്ടു; എന്നാൽ അവന്റെ ഉത്ഥാനം കണ്ടതേയില്ല. രണ്ടാം പെരുന്നാളിൽ ഉചിതമായി യേശുവിന്റെ മഹത്ത്വവും ദൈവത്വവും അതേ ആളുകൾക്ക് വെളിപ്പെടുത്തപ്പെട്ടു. അവിടുന്നൊരു വഞ്ചകനും സ്വപ്നജീവിയുമാണെന്ന് കരുതപ്പെടാതിരിക്കാനായിരുന്നു അത്. കാരണം, അവിടുന്ന് സ്വർഗത്തിൽ ജീവനോടിരിക്കുകയും എല്ലാറ്റിന്മേലും ആധിപത്യം പുലർത്തുകയും ചെയ്യുന്നില്ലെങ്കിൽ അവിടുത്തെ നാമത്തിൽ ഈ അടയാളങ്ങൾ നടക്കുക അസാധ്യമായിരുന്നു. ***രണ്ടാമത്,*** പരിശുദ്ധാത്മാവിന്റെ സമ്പത്ത് എല്ലാവർക്കും വെളിപ്പെടുത്താനായി: അവിടുത്തെ ജനനം ആദ്യത്തെ പൊതു സെൻസസിലും, അവിടുത്തെ സ്നാനം യോർദാനിലെ വലിയ ജനക്കൂട്ടത്തിലും, അവിടുത്തെ ക്രൂശാരോഹണം പെസഹായിലും സംഭവിച്ചതുപോലെ, അവിടുത്തെ എല്ലാ പരിപാലനാകർമങ്ങളും ജനസമൂഹങ്ങളുടെ മധ്യത്തിൽ വെളിപ്പെടുത്തുക എന്നത് എല്ലാറ്റിന്റെയും ഭരണാധികാരിയുടെ പതിവാണ്. *മൂന്നാമത്,* ആ പുരാതന നിയമദാതാവും, നവീനവും

www.malankaralibrary.com



ആത്മീയവുമായ ഈ നിയമം നൽകിയവനും ഒരാൾ തന്നെയാണ് എന്നു കാണിക്കാൻ. അതുകൊണ്ട് പുരാതനപരിപാലന നടന്ന ദിവസംതന്നെ അവിടുന്ന് ഈ പുതിയതും പൂർത്തീകരിച്ചു. യഹൂദർ ആലയത്തിൽ പ്രാർത്ഥിക്കാനായി ഒന്നിച്ചുകൂടിയിരുന്നു; എന്നാൽ ശിഷ്യരാകട്ടെ, ക്രൂശിൽ തറച്ച സിനഗോഗിനെ ഭയന്ന് മാളികമുറിയിൽ ഒളിച്ചിരിക്കുക യായിരുന്നു. പെട്ടെന്ന് ഉച്ചത്തിലുള്ള ഇടിമുഴക്കം ഉണ്ടായി. ആ ശബ്ദ ത്തിൻെറ മുഴക്കത്താൽ ജറുസലേം നിവാസികൾ ഭയചകിതരായി. ആ മാളികമുറിയുടെ മുകളിൽ തീപ്പന്തങ്ങൾ ഗോളാകൃതിയിൽ കാണപ്പെട്ടു. മാളികമുറിയിലും അതിനുചുറ്റുമായി പുകച്ചുരുൾ ഉയരുന്നതും കാറ്റടി ക്കുന്നതും അനുഭവപ്പെട്ടു. ആ അഗ്നിഗോളത്തിൽനിന്ന് അഗ്നിനാവിൻെറ സാദൃശ്യത്തിൽ ദാനങ്ങൾ വർഷിക്കപ്പെട്ടു. അവ താഴേക്കുവന്ന് ശ്ലീഹന്മാ രുടെ ശിരസ്സുകളിൽ ഇരുന്നു. അഗ്നിനാവിൻെറ സാദൃശ്യത്തിൽ പരിശു ദ്ധാത്മാവ് പന്ത്രണ്ടുപേരുടെ മേലും ഇറങ്ങി ആവസിച്ചു. എന്നാൽ എഴു പതുപേരുടെയും മറ്റ് സ്ത്രീപുരുഷന്മാരുടെയുംമേൽ പ്രകാശകിരണ ങ്ങളായിട്ടാണ് പരിശുദ്ധാത്മാവിൻെറ കൃപ വർഷിക്കപ്പെട്ടത്.

*"അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ അതുകൊണ്ടു നിറഞ്ഞു"* (2:2): അതായത്, അവിടുത്തെ വാസത്തിൻെറ പ്രതീകമായി അവിടുന്ന് ഉണ്ടാക്കുന്ന ആ മഹത്ത്വത്താൽ.

*അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു* (2:4): കൂട്ടിച്ചേർ ക്കൽ കൂടാതെ *"പരിശുദ്ധാത്മാവ്"* എന്നുമാത്രം അവൻ പറഞ്ഞില്ല; പിന്നെയോ, *"പരിശുദ്ധാത്മാവിനാൽ"*. അശരീരവും അനന്തവുമായ പരി ശുദ്ധാത്മാവിൻെറ സ്വഭാവമല്ല അവരെ നിറച്ചത്, പിന്നെയോ, അവി ടുത്തെ കൃപയുടെ ദാനം.

അനേകം കാരണങ്ങളാലാണ് ആത്മാവ് അഗ്നിയുടെ രൂപത്തിൽ കാണപ്പെട്ടത്: *ഒന്നാമത്*, അബ്രഹാമിനും മോശയ്ക്കും മനോവയ്ക്കും ഏലിയായ്ക്കും എന്നപോലെ[6] അഗ്നിയിൽ പ്രത്യക്ഷപ്പെടുക എന്നത് കർത്താവിൻെറ സവിശേഷത ആകയാൽ. രണ്ടാമത്, *അഗ്നി* എന്ന് കർത്താവും വിളിക്കപ്പെടുന്നതിനാൽ. *"എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവം സംഹരിക്കുന്ന അഗ്നിയാകുന്നു"* (ആവ 4:24). നിത്യമായ അഗ്നി യോടുകൂടി വസിക്കാൻ നമുക്കും ഇടയാക്കുന്നതാരാണ്? *മൂന്നാമത്*, രണ്ട്

6. ഉല്പ 15:17; പുറ 3:2-4; ന്യായാ 13:20; 1 രാജാ 19:12.

www.malankaralibrary.com



ഉടമ്പടികളുടെയും ദാതാവ് ഒരാൾ തന്നെ എന്നു കാണിക്കാൻ. ആദ്യത്തേത് അവിടുന്ന് അഗ്നിയിൽ നൽകിയതുപോലെ, ഈ രണ്ടാമത്തേതും നൽകി. അവിടെ അവിടുന്ന് മുൾപ്പടർപ്പിലെ അഗ്നിയിൽ കാണപ്പെട്ടെങ്കിലും, മുൾപ്പടർപ്പ് കത്തിക്കരിഞ്ഞുപോകാതിരുന്നതുപോലെ, ഇവിടെയും അഗ്നി, തലമുടിയുടെ മുകളിലുള്ള ജ്വാലയായിരുന്നെങ്കിലും, തലമുടിയെ സംഹരിച്ചില്ല. *നാലാമത്*, അഗ്നി, വൈക്കോലും വൈക്കോൽ കുറ്റികളും കത്തിക്കുന്നെങ്കിലും സ്വർണത്തെയും വെള്ളിയെയും അതുപോലെയുള്ള ശ്രേഷ്ഠപദാർത്ഥങ്ങളെയും വേർതിരിക്കുന്നു. അതുപോലെ, പരിശുദ്ധാത്മാവ് പാപകരമായവയെ കത്തിക്കുന്നെങ്കിലും വിശുദ്ധരെ വെടിപ്പാക്കി പവിത്രീകരിക്കുന്നു. *അഞ്ചാമത്*, അഗ്നിയെ സമീപിക്കുന്നവർക്ക് അത് ചൂടും വെളിച്ചവും നൽകുന്നതുപോലെ, പരിശുദ്ധാത്മാവ് വിശ്വാസതീക്ഷ്ണതയുടെ ചൂടും, അറിവിൻെറ വെളിച്ചവും അതിൽ പങ്കുപറ്റുന്നവർക്ക് പ്രവർത്തനക്ഷമതയും പ്രദാനം ചെയ്യുന്നു.

*ആറാമത്*, അഗ്നി, പകരുന്നതുവഴി കുറഞ്ഞുപോകുകയോ ഇല്ലാതായിപ്പോകുകയോ ചെയ്യുന്നില്ല; ഒരേ വിളക്കിൽനിന്നു പതിനായിരം വിളക്കുകൾ കത്തിക്കാം, എന്നാൽ ആദ്യത്തേതിൽ കുറവൊന്നും സംഭവിക്കുന്നില്ല. അതുപോലെ എല്ലായിടത്തും എല്ലാ നാഴികയിലും എല്ലാ മനുഷ്യരും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നുവെങ്കിലും, കുറഞ്ഞുപോകുന്നില്ല. *ഏഴാമത്*, അഗ്നി ആഹാരസാധനങ്ങൾക്ക് സ്വീകാര്യരുചി ഉണ്ടാകാൻ സഹായിക്കുന്നു; അഗ്നി അവയെ പാകപ്പെടുത്തുന്നു; അതുപോലെ, വിരസത നിറഞ്ഞ മനസ്സുകളെയും തിരിച്ചറിവില്ലാത്ത ഇന്ദ്രിയങ്ങളെയും പരിശുദ്ധാത്മാവ് മെരുക്കുകയും പക്വതയുവള്ളയാക്കുകയും ചെയ്യുന്നു. *എട്ടാമത്*, സ്വർണം, വെള്ളി, ഓട് എന്നിവയുടെ പണിയായുധങ്ങളെ അഗ്നി സംസ്കരിക്കുന്നു; എന്നാൽ അഗ്നി അതിൻെറ പരിശുദ്ധിയിൽ തന്നെ നിലനില്ക്കുന്നു. അതുപോലെ പരിശുദ്ധാത്മാവ് കളങ്കപൂർണമായ ആത്മാക്കളെ പവിത്രീകരിക്കുന്നു; എന്നാൽ അവിടുന്നു തൻെറ പ്രകൃതത്തിൽ പ്രശോഭിതനായി നിലകൊള്ളുന്നു. *ഒമ്പതാമത്*, ആത്മാവിൻെറ ദാനങ്ങൾ അഗ്നിയാൽ സൂചിതങ്ങളാകയാൽ, *"ഞാൻ ധരയിൽ അഗ്നി വർഷിക്കാൻ വന്നിരിക്കുന്നു; അത് ഇതിനോടകം ജ്വലിച്ചിരുന്നെങ്കിൽ!". "അവൻ നിങ്ങളെ അഗ്നിയാലും ആത്മാവാലും സ്നാനപ്പെടുത്തും"; എന്നിൽ വിശ്വസിക്കുന്നവൻെറ ഉദരത്തിൽ നിന്ന് ജീവജലത്തിൻെറ അരുവികൾ ഒഴുകും".*[7] പത്താമത്, തൻെറ

7. ലൂക്കാ 12:49; മത്താ 3:11; ലൂക്കാ 3:16; യോഹ 7:38.

www.malankaralibrary.com



വയലിൽ മുൾച്ചെടികളും കാടുകളും നിറഞ്ഞുനില്ക്കുന്നതു കാണുന്ന കർഷകൻ തീയിട്ട് അവയെ കത്തിച്ചുകളയുന്നു; അതുപോലെ നമ്മുടെ കർത്താവും ഈ ലോകത്തിൽ പാപമുള്ളുകൾ ദർശിച്ചപ്പോൾ അവയെ കത്തിച്ചു കളയാനും ദിവ്യപ്രബോധനത്തിൻെറയും ശേഷിച്ച ഫലങ്ങളുടെയും വിത്ത് അവരുടെ മനസ്സിൽ സ്വീകരിക്കാൻ ഇടം ഉണ്ടാക്കാനുമായി തൻെറ ശ്ലീഹന്മാരിലൂടെ അതിൽ കൃപയുടെ അഗ്നി വർഷിച്ചു. എന്തിനാണ് പരിശുദ്ധാത്മാവ് അഗ്നിയിൽ പ്രത്യക്ഷനായതെന്ന് മതിയാംവണ്ണം നാം വിശദീകരിച്ചിട്ടുണ്ട്.

കർത്താവുമായുള്ള താരതമ്യത്തിൽ ശ്ലീഹന്മാരുടെ നിസ്സാരതയുടെ അടയാളമായി നമ്മുടെ കർത്താവിന്മേലെന്നപോലെ പൂർണശരീരത്തിൻെറ സാദൃശ്യത്തിലല്ല, ശരീരത്തിലെ ഒരവയവമായ നാവിൻെറ രൂപത്തിൽ ആത്മാവ് ഇറങ്ങുവാൻ അവൻ ഇടയാക്കി. അവിടുന്ന് ആത്മാവിൻെറ പൂർണത സ്വീകരിച്ചു; അവരാകട്ടെ, അവിടുത്തെ പൂർണതയിൽ നിന്ന് സ്വീകരിച്ചു. വീണ്ടും, നാവിൻെറ സാദൃശ്യത്തിൽ; മറ്റൊരവയവത്തിൻെറയും സാദൃശ്യത്തിലല്ല. ആത്മാവിൻെറ ഇച്ഛയെ സൂചിപ്പിക്കാൻ നാവിനുമാത്രം കഴിയുന്നതുപോലെ, ആത്മാവാണ് പിതാവിൻെറ ഇച്ഛയെ സൂചിപ്പിക്കുന്നയാൾ. വീണ്ടും, ലോകത്തിലെ അപരിചിത ഭാഷക്കാരോട് വിവിധ ഭാഷകളിൽ അവർ പ്രഘോഷിക്കാനിരുന്നതുകൊണ്ട്. വീണ്ടും, മനസ്സിനും ഇന്ദ്രിയത്തിനും നാവെന്നപോലെ, അവർ ആത്മാവിൻെറ ദ്രഷ്ടാറന്മാരും സംരക്ഷകരും, വചനമാം ദൈവത്തിൻെറ ഭാഷ്യകാരും അവയവങ്ങളും ആണെന്നു കാണിക്കാൻ. എല്ലാ ഭാഷകളിലും സംസാരിക്കാനായി, പന്ത്രണ്ടു പേർക്കു മാത്രമേ ദാനം നൽകപ്പെട്ടുള്ളൂ; മറ്റുള്ളവർക്കാകട്ടെ, ഓരോരുത്തനും ഓരോ ഭാഷ മാത്രവും. ആത്മാവ് അവനെ അയയ്ക്കുന്ന പ്രദേശത്ത് സംസാരിക്കേണ്ട ഭാഷ മാത്രം എന്നു ചിലർ പറയുന്നു.

ഇതുമാത്രമല്ല, ഇതിനേക്കാൾ ആശ്ചര്യകരമായ മറ്റൊന്നുണ്ട്. ശ്ലീഹന്മാരിലൊരാൾ ഏതെങ്കിലും ഭാഷയിൽ സംസാരിക്കുമ്പോൾ, കൂടിയിരിക്കുന്ന മറ്റു ഭാഷക്കാരുണ്ടെങ്കിൽ അവർ ശ്ലീഹന്മാരുടെ വാക്കുകൾ തങ്ങളുടെ മാതൃഭാഷയിൽ ശ്രവിച്ചിരുന്നു. കാരണം, ശ്രോതാവിൻെറ മാതൃഭാഷാനുസൃതം ആത്മാവ് പ്രഘോഷകൻെറ സ്വരത്തെ, വായുവിൻെറ ചലനത്തിലൂടെ ശ്രോതാവിൻെറ കാതുകളിൽ എത്തിച്ചിരുന്നു. ആത്മാവിൻെറ ദാനങ്ങൾ പന്ത്രണ്ടു ശ്ലീഹന്മാർ സ്വീകരിച്ചത് എല്ലാക്കാ

www.malankaralibrary.com



ര്യങ്ങളിലും തുല്യമായിട്ടാണ് എന്നു നാം അറിഞ്ഞിരിക്കണം. സ്നാനത്തിന്റെ വരം, ദത്തെടുക്കലിന്റെ കൃപ, ഭാഷാഭാഷണം, അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കൽ എന്നു തുടങ്ങി എല്ലാക്കാര്യങ്ങൾ കൊണ്ടും അവിടുന്ന് അവരെ നിറച്ചു. ശ്ലൈഹികത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും[8] മഹാപുരോഹിതസ്ഥാനത്തിന്റെയും[9] പ്രവാചകത്വത്തിന്റെയും മഹോന്നതപദവികൾ അവർ ഒരു മണിക്കൂർ കൊണ്ട് സ്വീകരിച്ചു. എന്നാൽ എഴുപതുപേർ ആ മണിക്കൂറിൽ കശീശാസ്ഥാനം[10] പ്രാപിച്ചു. ഇവർ എപ്പിസ്കോപ്പാമാർ[11] എന്നു വിളിക്കപ്പെട്ടു. പണ്ട് കശീശന്മാർ[12] എന്നപോലെ, എപ്പിസ്കോപ്പാമാർ എന്നു വിളിക്കപ്പെട്ടു. ഇപ്പോൾ അവരും പുതിയ ഭാഷകളിൽ സംസാരിച്ചു; അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. എന്നാൽ പന്ത്രണ്ടുപേരെപ്പോലെയല്ലെന്നു മാത്രം.

ജറുസലേമിലെ യഹൂദർ കാണുന്നതുവരെ അഗ്നിനാവുകൾ നിലനില്ക്കുകയും അവരുടെ ശിരസ്സുകളിൽ കാണപ്പെടുകയും ചെയ്തു. എന്നാൽ അവിടെ ഉണ്ടായിരുന്ന സ്ത്രീകൾ സ്വീകരിച്ച ദാനം പൗരോഹിത്യത്തിനോ, ശ്ലീഹാസ്ഥാനത്തിനോ ഉള്ളതായിരുന്നില്ല; കാരണം, ഇവ സ്ത്രീസമൂഹത്തിന് ഒരിക്കലും നല്കപ്പെട്ടിരുന്നില്ല. എന്നാൽ പ്രവചനത്തിനും പുതിയ ഭാഷകളിൽ സംസാരിക്കുന്നതിനുമായിരുന്നു. ക്രിസ്തീയ വിശ്വാസികളായി തീരാനും ദത്തുപുത്രത്വം സ്വീകരിക്കുന്നതിനുമായി അവർ സ്നാനത്തിന്റെ ദാനം സ്വീകരിച്ചു.

ഈ എഴുപതുപേർ തുല്യമായി സ്വീകരിച്ച കശീശാ സ്ഥാനം കൂടാതെ, ഭാഷാഭാഷണം, അത്ഭുതപ്രവർത്തനം തുടങ്ങി ശേഷിച്ച ദാനങ്ങൾ തുല്യമായിട്ടല്ല, അർഹത അനുസരിച്ചാണ് സ്വീകരിച്ചത്. പന്ത്രണ്ടുപേർ പ്രവാചകരും ആയിരുന്നു. എഴുപതുപേരിൽ ചിലർ പ്രവാചകരായിരുന്നു; ചിലർ അല്ലായിരുന്നു. അവരിലെ പ്രവാചകർ പന്ത്രണ്ടുപേർ സ്വീകരിച്ചതുപോലെയല്ല, അവരിൽ വസിച്ച ആത്മാവിന്റെ കൃപയ്ക്കനുസൃതമായി ഭാഗികമായിട്ടാണ് സ്വീകരിച്ചത്. എന്നാൽ ഈ എഴുപതുപേരിൽ ചിലർ പിന്നീട് പ്രഘോഷണദൗത്യത്തിനായി ശ്ലീഹന്മാരായി

8. കഹനൂസാ
9. റാബ്ബൂസ് കഹനൂസാ
10. കശീശൂസാ
11. എപ്പിസ്കോപ്പേ
12. കശീശേ

www.malankaralibrary.com



തെരഞ്ഞെടുക്കപ്പെട്ടു കാണും. ചിലരെ, പൗലോസിനെയും ബർണബാസിനെയും പോലെ അവർ *കാതോലിക്കാമാരുമാക്കി.*[13]

ശ്ലൈഹികത്വത്തിന്റെ പേരിൽ പൗരോഹിത്യപദവി ലഭിക്കാത്തവരും പ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ദൗത്യത്തിൽ നിന്ന്, ചിലപ്പോഴൊക്കെ അപ്രകാരം വിളിക്കപ്പെട്ടിരുന്നു. കാരണം, വിജാതികളെ വിളിക്കാനായി ദൈവത്താൽ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ സാക്ഷിപത്രമായിരുന്നു *ശ്ലീഹാ* എന്ന നാമം. അവർക്ക് പൗരോഹിത്യപദവി ഇല്ലായിരുന്നെങ്കിലും, അവരുടെ പ്രഘോഷണം നിമിത്തം *ശ്ലീഹന്മാർ* എന്ന് അവർ വിളിക്കപ്പെട്ടിരുന്നു. എന്നാൽ പന്ത്രണ്ടുപേരിലൂടെയും മറ്റുള്ളവരിലൂടെയും ശിഷ്യരായി തീർന്നവർക്ക്, പൗലോസ് സാക്ഷിക്കുന്നതുപോലെ, കൂടെക്കൂടെയുള്ള ദാനങ്ങൾ സമൃദ്ധമായി ലഭിച്ചിരുന്നു. വിവിധ ദാനങ്ങളെപ്പറ്റി അവൻ പറയുന്നു: *"ദാനങ്ങളിൽ വൈവിധ്യമുണ്ട്; എന്നാൽ അവയെല്ലാം പൂർണമാക്കുന്നത് ഒരേ ആത്മാവാണ്. ആത്മാവിന്റെ വെളിപ്പെടുത്തൽ ഓരോരുത്തന്റെയും പ്രയോജനത്തിനായി നൽകപ്പെടുന്നു. ഒരുവനു ജ്ഞാനത്തിന്റെ വരം ... എന്നിത്യാദി.* കോറിന്തോസുകാർക്കുള്ള അവന്റെ ഒന്നാം ലേഖനത്തിലേക്ക് നോക്കുക (1 കോറി 12:4ff).

"നമ്മുടെ കർത്താവിന്റെ സഹോദരൻ എന്ന് വിളിക്കപ്പെട്ട യാക്കോബിന്റെമേൽ ശ്ലീഹന്മാർ കൈകൾവച്ച് ജറുസലേം മെത്രാനാക്കി. അവൻ മുപ്പതുവർഷം ഭരിച്ചു. നീറോയുടെ എട്ടാം വർഷം യഹൂദന്മാർ ദൈവാലയ ഗോപുരത്തിൽനിന്ന് അവനെ തള്ളിത്താഴെയിട്ടു; ഗദകൊണ്ട് അവന്റെ തല അടിച്ചുതകർത്ത് അവനെ കൊന്നു. വീഞ്ഞും എണ്ണയും ജീവനുള്ള യാതൊന്നും കഴിക്കാത്ത ഒരു നസ്രായവ്രതക്കാരനായിരുന്നു അവൻ. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊട്ടിട്ടില്ല. അദ്ദേഹം ലിനൻ അല്ലാതെ രോമവസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. നിരവധി പ്രായശ്ചിത്ത കർമങ്ങൾ നിമിത്തം അവന്റെ മുട്ടുകൾ ഒട്ടകത്തിന്റേതുപോലെ തഴമ്പിച്ചിരുന്നു".[14] അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ അമ്മയുടെ സഹോദരപുത്രനായ ശെമഓൻ, അതായത് കന്യകയുടെ മണവാളനായ യൗസേപ്പിന്റെ സഹോദരൻ ക്ലെയോഫാസിന്റെ മകൻ, ഉയർന്നുവന്നു.

---

13. കാതോലിക്കേ

14. എവുസേബിയസ്, *സഭാചരിത്രം,* 2:23 (ഹെജെസിപ്പൂസിൽ നിന്ന്).

www.malankaralibrary.com



*"ദൈവത്തിൻെറ അത്ഭുതകർമങ്ങൾ അവർ സംസാരിക്കുന്നത് നാം നമ്മുടെ മാതൃഭാഷകളിൽ കേൾക്കുന്നല്ലോ"* (നട 2:11), *അത്ഭുതകർമങ്ങൾ:* സകലരുടെയും രക്ഷയ്ക്കുവേണ്ടി നമ്മുടെ കർത്താവു ചെയ്ത അത്ഭുതകരമായ ദിവ്യവ്യാപാരം! അവിടുന്ന് എപ്രകാരം ജനിച്ചു, സ്നാനപ്പെട്ടു, അത്ഭുതങ്ങൾ പ്രവർത്തിച്ചു, മരിച്ചു, സ്വർഗാരോഹണം ചെയ്തു എന്നിത്യാദി. അതുപോലെ, പൊതുവായ ഉത്ഥാനവും ന്യായവിധിയും, സ്വർഗരാജ്യവും അവിടുത്തെ ജീവിതവും സന്തുഷ്ടിയും!

*പാർത്തിയർ* (2:9) പേർഷ്യക്കാരാണ്. *ഏലാംകാർ* (2:9) ഏലാമിയും ദൈലമിലും ഉള്ളവരാണ്; ഇതെല്ലാം അടുത്തടുത്ത സ്ഥലങ്ങളാണ്.

## 2

*"നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും"* (നട 2: 17): അതായത് സ്ത്രീകളും പുരുഷന്മാരും. *"ഞാൻ ആകാശത്തിൽ, അടയാളങ്ങളും ഭൂമിയിൽ അത്ഭുതങ്ങളും നൽകും"* (2:18) എന്നത് ക്രൂശാരോഹണാവസരം നടന്ന സംഗതികളെ കുറിക്കുന്നു. അതിനോട് *"രക്തം"* എന്ന് അവൻ കൂട്ടിച്ചേർക്കുന്നത് പീഡാനുഭവത്തെ പരാമർശിക്കുന്നു. തദവസരം ഭൂമികുലുക്കം, പാറപിളർപ്പ് ആദിയായ ഈ സംഗതികൾ സംഭവിച്ചു. *"അഗ്നിയും ധൂമപടലവും"* (2:19): *അഗ്നി* പരിശുദ്ധാത്മാവിൻെറ കൃപയെ കുറിക്കുന്നു. അനുസരണയില്ലാത്തവരുടെമേൽ നിപതിക്കാൻ പോകുന്ന ശാപത്തെയും ക്രോധഭയത്തെയും *"ധൂമപടലം"* സൂചിപ്പിക്കുന്നു.

*"സൂര്യൻ അന്ധകാരമായും ചന്ദ്രൻ രക്തമായും മാറും"* (2:20) എന്നത് ക്രൂശാരോഹണാവസരം നടന്ന സംഗതികളെക്കുറിച്ചാണ്; സൂര്യൻ കീലിൻെറ നിറം ധരിച്ചു; ചന്ദ്രൻ രക്തവർണമായി. *"പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാനപ്പെടുവിൻ"* (2:38). സ്നാനാവസരം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമം ഉച്ചരിക്കരുതെന്നോ, യേശുമിശിഹായുടെ നാമം മാത്രം ഉച്ചരിച്ചാൽ മതിയെന്നോ അല്ല അവൻ പറയുന്നത്; പിന്നെയോ, *"അവർ മേഘത്തിലും കടലിലും മോശയിലേയ്ക്ക് സ്നാനമേറ്റു"* (1 കോറി. 10:2) എന്നു പറയുന്നതുപോ

www.malankaralibrary.com



ലെയാണിത്. അതായത്, മോശയുടെ നിയമത്തിൽ മാത്രം തുടരാൻ വേണ്ടി, മേഘത്തിലും കടലിലും അവർ ഈജിപ്തുകാരിൽനിന്ന് വേർതിരിക്കപ്പെടുകയും അടിമത്തത്തിൽനിന്ന് വിമോചിതരാകുകയും ചെയ്തു. അതുപോലെയാണ്, "എല്ലാവരും കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാനമേല്ക്കുവിൻ" എന്നത്. രക്ഷകനും എല്ലാ നല്ല വസ്തുക്കളുടെയും ഹേതുവും എന്ന നിലയിൽ അവർ അവിടുത്തെ പക്കൽ അണയുമ്പോൾ, എല്ലാ നല്ല വസ്തുക്കളുടെയും ഹേതു എന്ന നിലയിൽ അവിടുത്തെ പേരിലാണ് അവർ അറിയപ്പെടേണ്ടത്. മാർസ്യനീത്തർ, മനിക്കേയർ എന്നൊക്കെ അറിയപ്പെടുന്നതുപോലെ, പ്രബോധനം അവതരിപ്പിക്കുന്നവരുടെ പേരിൽ അനുയായികൾ അറിയപ്പെടുന്നത് നാട്ടുനടപ്പാണ്. *"പശ്ചാത്തപിക്കുവിൻ, എല്ലാവരും സ്നാനപ്പെടുവിൻ...."* എന്ന് ശെമഓൻ പറഞ്ഞത് അനുസരിച്ചും, *"അവർ നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു"* എന്നതനുസരിച്ചും, *"നസ്രായനായ കർത്താവേശുമിശിഹായുടെ നാമത്തിൽ എഴുന്നേറ്റ് നടക്കുക"* എന്നതനുസരിച്ചും, ശ്ലീഹന്മാർ സ്നാനപ്പെടുത്തിയതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ മാത്രമാണെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു.[15]

*"എൻെറ പിതാവ് എന്നിൽ വസിക്കുന്നു"* (യോഹ 14:10) എന്ന് അവിടുന്ന് പറഞ്ഞതനുസരിച്ചും, *"വചനം മാംസമായി"* (യോഹ. 1:14), *"പ്രാവിൻെറ ശാരീരിക രൂപത്തിൽ ആത്മാവ് പറന്നിറങ്ങി അവൻെറമേൽ ആവസിച്ചു"* എന്നതനുസരിച്ചും (യോഹ.1:32) ഈ നാമം തീർച്ചയായും ത്രിത്വത്തിൻെറ നാമത്തിൽ പൂർണമാക്കുന്നു. അവ വേർപെട്ടതല്ല എന്നു കാണിക്കാനായി അവിടുന്നു പറയുന്നു: *"ഞാൻ എൻെറ പിതാവിലും എൻെറ പിതാവ് എന്നിലുമാകുന്നു" "ഞാൻ ദൈവാത്മാവിനാലാണ് പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ ...."; "ഈ ആലയം തകർക്കുവിൻ, മൂന്നുദിനം കൊണ്ട് ഞാനതു പുനരുദ്ധരിക്കും"*.[16]

*"ഈ ദുഷിച്ച തലമുറയിൽ നിന്നു നിങ്ങളെത്തന്നെ രക്ഷിക്കുവിൻ"* (നട. 2:40): *"ഈ ദുഷിച്ച വംശത്തിൽനിന്ന്"* എന്ന് ഗ്രീക്ക്.

---

15. നട 2:38; 8:16; 3:6.
16. യോഹ 14:11; മത്താ 12:28; യോഹ 2:19.

www.malankaralibrary.com



*"അപ്പം മുറിക്കലിൽ"*:[17] അതായത്, ദിവ്യരഹസ്യങ്ങളുടെ സ്വീകരണത്തിൽ. *എവുക്കറിസ്തിയാ* എന്നാൽ മിശിഹായുടെ തിരുശരീരം എന്ന് വിശദീകരിക്കപ്പെടുന്നു.

*"അവർ ഭവനത്തിൽ അപ്പം[18] മുറിച്ചു"* (2: 46): ദിവ്യരഹസ്യങ്ങളുടെ അപ്പത്തെ അവൻ ഇപ്രകാരം വിളിക്കുന്നു; അതിനുശേഷം അവർ സാധാരണഭക്ഷണം കഴിച്ചു.

*"ഏകമനസ്സോടെ"*(2: 46): അവർ ദൃശ്യവസ്തുക്കളെ പൂർണമായി നിന്ദിക്കുകയും ഭാവിവസ്തുക്കളെ നോക്കിപ്പാർക്കുകയും ചെയ്തതിനാൽ.

ആ വാതിൽ *സുന്ദരകവാടം* എന്നു വിളിക്കപ്പെട്ടത് (3:2) ഒന്നുകിൽ അതിൻെറ നിർമാണത്തിലും ചിത്രവേലകളിലും അലങ്കാരത്തിലും അത് മനോഹരമായതിനാലാകാം; അല്ലെങ്കിൽ അവിടെവച്ച് നൽകപ്പെടുന്ന ദാനധർമങ്ങൾ നിമിത്തമാകാം. മറ്റു ചിലർ പറയുന്നത് ഇപ്രകാരമാണ്: പുറജാതികളുടെ ഇടയിൽ അക്കാലത്ത് ഒരു പ്രത്യേക മരം ഉണ്ടായിരുന്നു; തെറ്റിൽ കഴിഞ്ഞവർ അതിനെ ആരാധിച്ചിരുന്നു; അത് വളരെ തിളങ്ങി പ്രകാശിച്ചിരുന്നു. പ്രകൃത്യാ അതിൻെറ ശാഖകളിൽ രൂപങ്ങൾ മുഴച്ചു നിന്നിരുന്നു. ഇസ്രായേലിലേയ്ക്ക് പരിവർത്തനം ചെയ്ത ഹേറോദേസ് ആ മരം വെട്ടി കവാടം നിർമിച്ചു. ആ മരത്തിൽനിന്ന് കീറിയെടുത്ത മനോഹരരൂപങ്ങൾകൊണ്ട് അതിൻെറ അരികുചട്ടത്തെ അലങ്കരിച്ചു. അതുകൊണ്ട് അത് *സുന്ദരകവാടം* എന്നു വിളിക്കപ്പെടുന്നു.

ഇതു *സ്വർണവെള്ളിയാഴ്ച* എന്നു വിളിക്കപ്പെടുന്നു. ആ മുടന്തൻ ആവശ്യപ്പെട്ട *"സ്വർണവും വെള്ളിയും എനിക്കില്ല"* (3:6) എന്നു പറയപ്പെട്ടതിനാലാകാം; തിരുലിഖിതരീതി അനുസരിച്ച്, അമൂല്യവസ്തുക്കൾ നിമിത്തം മാത്രമാണ് അതിനെ *സ്വർണവെള്ളി* എന്നു വിളിച്ചത്. അല്ലെങ്കിൽ എല്ലാ വസ്തുക്കളുടെയും ഇടയിൽ സ്വർണം എന്നതുപോലെ, താരതമ്യാതീതമായ സൗഖ്യം നിമിത്തമാകാം.

*"അവൻ അവൻെറ കൈയ്ക്കു പിടിച്ച് അവനെ ഉയർത്തി"* (3,7). ഒറ്റ വാക്കുകൊണ്ടുമാത്രം തനിക്ക് എഴുന്നേറ്റു നടക്കാൻ കഴിയും എന്ന്

---

17. എവുക്കറിസ്തിയാ
18. പ്രിസ്താ - ഓസ്തി, പരന്ന അപ്പം.

www.malankaralibrary.com



പരിശ്രമത്തിനു മുമ്പ് അവൻ വിശ്വസിക്കാഞ്ഞതിനാൽ *"അവൻ നടക്കുകയും കുതിച്ചുചാടുകയും ചെയ്തു."* (3:8): അതായത് അവൻെറ സന്തോഷത്താൽ!

# 3

*"ശെമഓനെയും യോഹന്നാനെയും സ്തുതിച്ചുകൊണ്ടും നന്ദി പറഞ്ഞുകൊണ്ടും മുടന്തൻ വിട്ടുമാറാതെ നില്ക്കുമ്പോൾ, ജനക്കൂട്ടം ആ കാഴ്ച കണ്ട് ചുറ്റും കൂടി..."* (നട 3:11): *"സമാശ്വാസകാലം നിങ്ങൾക്കു കൈവരികയും യേശുമിശിഹായെ നിങ്ങൾക്ക് അയയ്ക്കുകയും ചെയ്യും"* (3:20). "ദുഃഖമോ ഭയമോ ഇല്ലാത്ത ആ *സമാശ്വാസത്തിൻെറ കാലം* വന്നെത്തുന്നതിന് നിങ്ങൾ യോഗ്യരായി പരിഗണിക്കപ്പെടാൻ (3:20) നിങ്ങൾക്ക് അഴിവില്ലാത്തതും വിവരണാതീതവുമായ നവീകരണം നൽകിക്കൊണ്ട് യേശുമിശിഹാ സ്വർഗത്തിൽനിന്നു വരും.

സാദോക്ക് എന്നയാളിൽനിന്ന് അവർ *സദൂക്യർ* (4:2) എന്നു വിളിക്കപ്പെടുന്നു എന്നും, അവരുടെ പ്രബോധനം എന്താണെന്നും മത്തായി ഭാഷ്യത്തിൽ[19] നാം വിവരിച്ചിട്ടുള്ളതാണ്.[20] *"പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല്..."*(4:11): അതായത്, വിശ്വസിച്ച നിങ്ങൾ മതത്തിൻെറ പണിക്കാരാണ്; ദൈവത്തിലേയ്ക്ക് ജനത്തെ[21] കൂട്ടിച്ചേർക്കാൻ കഴിവുള്ളവരാണു നിങ്ങൾ. എന്നാൽ ഉപയോഗശൂന്യമായ കല്ലുപോലെ നിങ്ങൾ മിശിഹായെ നിരസിച്ചുകളഞ്ഞു. എന്നാൽ അവിടുന്ന് മരിച്ചവരിൽനിന്ന് ഉയിർത്തശേഷം മൂലക്കല്ലിൻെറ സ്ഥാനത്തായിതീർന്നു; രണ്ടു മതിലുകളുടെ സാദൃശ്യത്തിൽ അത് എല്ലാവശത്തുനിന്നും തന്നിലേക്ക് കൂട്ടിച്ചേർക്കുന്നു. യഹൂദരിൽ നിന്നും വിജാതികളിൽ[22] നിന്നും തന്നിലുള്ള വിശ്വാസത്താൽ തൻെറ പക്കലേക്കു വരുന്നവരെ അവിടുന്ന് ഒന്നിച്ചു ചേർക്കുന്നു.

---

19. ലൂക്കോസിൽ എന്ന് മൂലത്തിൽ.
20. *സുവിശേഷഭാഷ്യം*, പേജ് 133.
21. ആമോ - യഹൂദജനം.
22. ആമേ - യഹൂദർ അല്ലാത്തവർ.

www.malankaralibrary.com



# 4

*"പ്രാർത്ഥന കഴിഞ്ഞപ്പോൾ, അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി"* (4:31). യഹൂദരുടെ ഇടയിൽ അപ്പോൾ അധികാരത്തിൽ ഇരുന്നവരുടെ മാറ്റത്തെയാണ് *കുലുക്കം* സൂചിപ്പിക്കുന്നത്. എല്ലാ നിയമാനുഷ്ഠനങ്ങളും നീക്കപ്പെട്ടു; ആലയംപോലും തകർക്കപ്പെട്ടു; അവരുടെ വിപ്ലവമെല്ലാം നിഷ്ഫലമായിപ്പോയി; യുദ്ധങ്ങളിൽ നിരവധിപേർ നശിച്ചു; ശേഷിച്ചവർ അടിമകളാക്കപ്പെട്ടു.

*"അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി"* (4:31). അതായത്, പരസ്യമായി സംസാരിക്കുന്നതിനും ഭയരഹിതമായി ന്യായാധിപസംഘത്തെ അവഗണിക്കുന്നതിനും ഉള്ള ശക്തി അവർക്കു ലഭിച്ചു.

*"അവർ അവ ശ്ലീഹന്മാരുടെ പാദങ്ങളിൽ വച്ചു"* (4:34): ഈ വസ്തുക്കൾ ശ്ലീഹന്മാരുടെ കൈകളിൽ കൊടുക്കാൻ പോലും പറ്റിയവയല്ല എന്ന് കരുതിയതിനാൽ, ഈ വസ്തുക്കൾ യാതൊരു കഥയുമില്ലാത്തവയാണെന്ന് കരുതി അവർ അവ തറയിൽ വച്ചു. എന്നാൽ അവരുടെ പാദത്തിൻ കീഴിൽ വച്ചത് അവ കൈകാര്യം ചെയ്യുന്നത് അവരുടെ അധികാരത്തിൻ കീഴിലാക്കി എന്ന് സൂചിപ്പിക്കുന്നു.

*"നീ മനുഷ്യനോടല്ല നുണ പറഞ്ഞത്...."* (5:4): അതായത്, നീ ഞങ്ങളോടല്ല, പരിശുദ്ധാത്മാവായ ദൈവത്തോടാണ് നുണ പറഞ്ഞത്. *"ഈ മനുഷ്യൻെറ രക്തം ഞങ്ങളുടെമേൽ ആരോപിക്കാൻ നിങ്ങൾ ഉദ്യമിക്കുന്നു"* (5:28): അതായത്, നിങ്ങളുടെ പ്രബോധനം സ്ഥാപിക്കുന്നതിലൂടെ, റോമാക്കാർക്കെതിരെ മത്സരിക്കാൻ നിങ്ങൾ ജനത്തെ ഇളക്കിവിടുന്നു. തദ്ഫലമായി അവർ വന്ന് നമ്മുടെ നഗരത്തെ നശിപ്പിക്കും. നമ്മുടെ നാടിൻെറ ശൂന്യതയും ജനത്തിൻെറ നാശവും, യേശുവിന് ന്യായമായി ഞങ്ങൾ നൽകിയ മരണത്തിൻെറ പ്രതികാരമായി കണക്കാക്കാൻ ഇടയാകും. *"റോമാക്കാർ വന്ന് നമ്മുടെ സ്ഥലത്തെയും ജനത്തെയും നശിപ്പിക്കും"* എന്ന് പറഞ്ഞിരിക്കുന്നതുപോലെയാണ് (യോഹ. 11:48) ഇവിടെയും. *"ഈ മനുഷ്യൻെറ രക്തം ഞങ്ങളുടെമേൽ ആരോപിക്കാൻ നിങ്ങൾ ഉദ്യമിക്കുന്നു"*. അതായത്, അവൻെറ മരണത്തിന് ഞങ്ങളോട് പ്രതികാരം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നു.

www.malankaralibrary.com



# 5

*"നാമത്തെപ്രതി അവമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് അവർ അവരുടെ മുമ്പിൽനിന്നു പുറത്തുപോയി"* (നട. 5:41). അടികളോടുകൂടി, വലിയ അവഹേളനത്തിന്റെ അടയാളമായി അവരുടെ തല മുണ്ഡനം ചെയ്യുകകൂടി ചെയ്തു എന്ന് *ദൈവവാഹകർ*[23] പറഞ്ഞിരിക്കുന്നു. എന്നാൽ നമ്മുടെ കർത്താവിനെപ്രതി എന്തെല്ലാം സഹക്കേണ്ടിവന്നാലും അവയൊക്കെ ദാനങ്ങളായിട്ടാണ് അവർ പരിഗണിച്ചത്. അവരുടെ മുടി വളർന്നപ്പോഴൊക്കെ അവർ വീണ്ടും വടിച്ചിരുന്നു. നമ്മുടെ മുണ്ഡനരീതിയിലാണ് പത്രോസിന്റെ തല വടിച്ചിരുന്നത്; എന്നാൽ യോഹന്നാന്റെ ശിരസ്സു മുഴുവൻ വടിച്ചിരുന്നു എന്ന് പാരമ്പര്യം കൈമാറിതന്നിരിക്കുന്നു. യഹൂദർ അസൂയയാൽ ആണ് ഇപ്രകാരം ചെയ്തതെങ്കിലും, പരിശുദ്ധാത്മാവ് ഇതിലൂടെ ഒരു രഹസ്യം വെളിപ്പെടുത്തുകയായിരുന്നു: ശ്ലീഹന്മാർക്കും വിശ്വാസികൾക്കും സജ്ജമാക്കിയിരിക്കുന്ന മഹനീയ കിരീടം! ശ്ലീഹാ പറയുന്നു: *"എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു"* (2 തിമോ. 4:8).

*"തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് ഗ്രീക്കുകാരായ ശിഷ്യർ എബ്രായർക്കെതിരെ പിറുപിറുത്തു..."* (നട 6:1): *'ഗ്രീക്കുകാരായ ശിഷ്യർ'* എന്നാണ് അവൻ പറയുന്നത്. പഴയനിയമത്തിന്റെ ശിഷ്യരായി തീർന്ന അപരിചിതർ! അവർ പിന്നീട് ശ്ലീഹന്മാരിൽനിന്ന് മിശിഹായിലുള്ള വിശ്വാസം സ്വീകരിച്ചു. അവരുടെ സ്ത്രീകൾ അവഗണിക്കപ്പെട്ടു; ശ്ലീഹന്മാരുടെ കല്പന അനുസരിച്ച്, അവർക്കു ലഭിച്ചവയിൽനിന്നൊക്കെ ദരിദ്രരും വൃദ്ധരും ബലഹീനരുമായിരുന്ന ഈ വിധവകൾക്കും നല്കേണ്ടതായിരുന്നു. പുറജാതികളിൽനിന്ന് ശിഷ്യരായി തീർന്നവരേക്കാൾ മുമ്പുതന്നെ ശിഷ്യരായി തീർന്നു എന്ന ഭാവേന യഹൂദർ അവരുടെമേൽ ഒരുതരം മേല്ക്കോയ്മാഭാവം പുലർത്തിയിരുന്നു. ഇക്കാരണത്താൽ പുറജാതികളിൽനിന്ന് വിശ്വാസത്തിൽ എത്തിയവരേക്കാൾ തങ്ങൾ കൂടുതൽ ബഹുമാനാർഹരാണെന്ന് അവർ കരുതി. അതുകൊണ്ട് അവർക്ക് സമൃദ്ധമായി ലഭിച്ചു; അവരുടെ ഈ പെരുമാറ്റം, പുറജാതികളിൽനിന്നു

23. *Theophori.*

www.malankaralibrary.com



ള്ളവരുടെ ഇടയിൽ മുറുമുറുപ്പിനു ഹേതുവായി. യഹൂദരെപ്പോലെ തങ്ങളും മിശിഹായുടെ പക്കൽ അണഞ്ഞവരാണ്; തങ്ങൾ അവഗണിക്കപ്പെടാൻ പാടില്ല; ഒരേ പ്രബോധനത്തിലേക്കു വന്ന മറ്റവരെപ്പോലെ തങ്ങളും തുല്യപരിഗണനയ്ക്ക് അർഹരാണെന്ന് അവർ വാദിച്ചു.

*"ഞങ്ങൾ ദൈവവചനം വിട്ടിട്ട്, മേശകളിൽ ശുശ്രൂഷിക്കുന്നത് ശരിയല്ല"*(6:2): അതായത്, ഞങ്ങൾ പഠിപ്പിക്കുക എന്ന ഞങ്ങളുടെ ശരിയായ ദൗത്യം വിട്ടിട്ട് ആളുകൾ അവഗണിക്കപ്പെടാതിരിക്കാൻ ഭക്ഷണം വിതരണം ചെയ്യുന്നതിൽ വ്യാപൃതരാകുന്നത് ഉചിതമല്ല.

*"ഏഴുപേരെ കണ്ടുപിടിക്കുവിൻ"* (6:3): കാരണം, അവരുടെ ഇടയിൽ തർക്കം ഉണ്ടാകാൻ ഇടയായാൽ, പലരുടെ ആലോചനയാൽ തർക്കം തീർക്കാം; ഏതെങ്കിലും കാര്യത്തെപ്പറ്റി തുല്യമായി അവർ വിഭജിതരാണെങ്കിൽ, സംശയമുള്ളപ്പോൾ അവർക്ക് ഒരു തീരുമാനത്തിൽ എത്താൻ കഴിയാതെവരും. മറിച്ചായാൽ ഭൂരിപക്ഷാഭിപ്രായം സ്വീകരിക്കാവുന്നതാണ്. ഒറ്റ സംഖ്യയാണെങ്കിൽ തുല്യമായി ഒരിക്കലും വരികയില്ല; ഏതെങ്കിലും വിഭാഗത്തിനായിരിക്കുമല്ലോ ഭൂരിപക്ഷം.

*"അവർ അവരുടെ മേൽ കൈകൾ വച്ചു"* (6:6): അതായത്, ഡീക്കന്മാരായിരിക്കാനും വിധവകളെ പരിപാലിക്കാനുമായി ഉപദേശങ്ങളും അനുഗ്രഹങ്ങളും കൊണ്ട് അവർ അവരെ വേർതിരിച്ചു.

*"ലിബെർതീനരുടെ"*[24] *എന്ന് വിളിക്കപ്പെട്ടിരുന്ന സംഘത്തിലെ ചിലർ എഴുന്നേറ്റ് സ്തേഫാനോസിനോടു തർക്കിച്ചു"* (6:9): അതായത്, നിയമത്തിലെ കാര്യങ്ങൾ നടപ്പാക്കണം എന്നു പറഞ്ഞുകൊണ്ട്: *ലിബർതീനോ* എന്നത് ഏതോ ഒരു താത്ത്വികൻെറ പേരാണ്. കാരണം, തിരിച്ചുവരവിനുശേഷം, യഹൂദർക്കു ഗ്രീക്കുകാരോടുണ്ടായിരുന്ന അടുപ്പം നിമിത്തം, യഹൂദരും വൈദേശിക വിജ്ഞാനം അഭ്യസിച്ചു. ഗുരുവിൻെറ നാമത്തിൽ ശിഷ്യർ അറിയപ്പെടുന്ന പതിവനുസരിച്ച്, ഈ മനുഷ്യർ ആ താത്ത്വികൻെറ പ്രബോധനങ്ങൾ അഭ്യസിച്ചതിനാൽ, അവരുടെ സിനഗോഗ് അയാളുടെ പേരിൽ അറിയപ്പെട്ടു.

---

24. Libertines (Lybertinu) = സ്വതന്ത്രരുടെ സിനഗോഗ്.

www.malankaralibrary.com



# 6

അബ്രഹാം എപ്രകാരം പുറജാതിക്കാരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടെന്നും, യക്കോബും യൗസേപ്പും എപ്രകാരം ഓരോരോ സ്ഥലത്തേയ്ക്കും മാറിമാറി കുടിയേറിയെന്നും സ്തേഫാനോസ് ചൂണ്ടിക്കാണിച്ചതിലൂടെ, നാം ദൈവഭയത്തിൽ അടിയുറച്ചവർ ആണെങ്കിൽ, ഒരു സ്ഥലവും നമ്മെ ദൈവത്തോട് അടുപ്പിക്കുകയോ, ദൈവത്തിൽനിന്ന് അകറ്റുകയോ ചെയ്യുന്നില്ലെന്നും എങ്ങനെ അവരുടെ നഗരവും എല്ലാ നൈയാമിക കാര്യങ്ങളും നീങ്ങിപ്പോയി നശിക്കുമെന്നും, നിയമത്തിലുള്ളവരേക്കാൾ, വലിയ നീതി നിഷ്ഠയുള്ളവർ നിയമത്തിനു മുൻപും ഉണ്ടായിരുന്നെന്നും സൂചനാപരമായി വിവരിക്കുകയായിരുന്നു. *"സീനായ് മലയുടെ മരുപ്രദേശത്ത് മുൾപ്പടർപ്പിനുള്ളിൽ കത്തുന്ന ജ്വാലയിൽ ഒരു ദൈവദൂതൻ മോശയ്ക്കു കാണപ്പെട്ടു"* (7:30); വീണ്ടും, *"കർത്താവ് ഒരു സ്വരത്തിൽ അവനോടു സംസാരിച്ചു"* (7:31): ഇതിൽ പൊരുത്തക്കേടില്ല. അവൻ പറയുന്നത്, 'കത്തുന്ന ജ്വാലയിൽ ഒരു ദൂതൻ കാണപ്പെട്ടു' എന്നാണ്; കാരണം, മനുഷ്യർക്കുവേണ്ടിയുള്ള ദൈവികരക്ഷാകര വ്യാപാരങ്ങളിലെല്ലാം എല്ലാത്തരത്തിലും മാലാഖമാർ സേവനം ചെയ്യുന്നു. മോശ കേട്ട സ്വരത്തെ ദൈവത്തിന്റെ സ്വരം എന്ന് അവൻ വിളിക്കുന്നു. കാരണം, സംസാരിക്കപ്പെട്ട കാര്യങ്ങളിലൂടെ ദൈവമാണ് അവനെ നയിക്കേണ്ടത് എന്നത് ശരിയായിട്ടുള്ളതാണ്. മാലാഖ ദാസന്റെ കടമ നിർവഹിച്ചു എന്നേയുള്ളു.

*"ഇസ്രായേൽ മക്കളേ, നാല്പതു വർഷം മരുഭൂമിയിൽ നിങ്ങൾ എനിക്കു ബലി അർപ്പിച്ചുവോ?*[25] (7:42). "അവർ ഒന്നും അർപ്പിച്ചില്ല എന്നല്ല; പിന്നെയോ, ഞാൻ എല്ലാറ്റിന്റെയും ദൈവമാണെന്നും ഞാൻ നിത്യനാണെന്നും എന്നെ അറിയേണ്ട രീതിയിൽ ശുദ്ധമനസ്സോടുകൂടി അവർ എനിക്കു ബലിയർപ്പിച്ചില്ല; എന്നെ അവർ വിഗ്രഹങ്ങളിലൊന്നായി പരിഗണിച്ചു; എനിക്കുപകരം അവർ കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചു; ഈ മനോഭാവത്തോടുകൂടി അവർ തങ്ങളുടെ കാഴ്ചകൾ സമർപ്പിച്ചതിനാൽ, അവരെ ഞാൻ എന്റേതായി കണക്കാക്കുന്നില്ല" എന്നാണ് അവിടുന്നു പറയുന്നത്.

25. ആമോസ് 5:25.

www.malankaralibrary.com



വീണ്ടും, "*അവർ അവിടുത്തേയ്ക്ക് ബലികളും കാഴ്ചകളും കൊണ്ടു വന്നില്ല*". പിന്നീട് അവിടുന്ന് അവരെ ഈജിപ്തിൽനിന്നു വിടുവിച്ചു. വീണ്ടും, അവരുടെ ബലികൾ നിമിത്തമല്ല മരുഭൂമിയിൽ നല്ല വസ്തുക്കൾ അവിടുന്ന് അവർക്കു വർദ്ധിപ്പിച്ചുകൊടുത്തത്. വാസ്തവത്തിൽ, അഹറോൻെറയും അവൻെറ പുത്രന്മാരുടെയും അഭിഷേകത്തിനും സമാഗമകൂടാരസ്ഥാപനത്തിനുമല്ലാതെ മരുഭൂമിയിൽ ബലിയർപ്പണം നടന്നതായി വ്യക്തമല്ല. വീണ്ടും, ജനങ്ങളും അർപ്പണം നടത്തിയില്ല. സമാഗമകൂടാരം സ്ഥാപിച്ചപ്പോഴും പ്രമാണികൾ മാത്രമാണ് അർപ്പണം നടത്തിയത്. സാധാരണജനങ്ങളാരും അർപ്പിച്ചില്ല എന്നും ആമോസിൽ രേഖപ്പെടുത്തിയിരിക്കുന്നു (5:26).

"*എന്നാൽ നിങ്ങൾ മിൽകോമിൻെറ*[26] *കൂടാരത്തെയും നിങ്ങളുടെ വിഗ്രഹമായ കെവാനെയും*[27] *ചുമന്നുകൊണ്ട് നടന്നു*" എന്ന് ഇവിടെ എല്ലാ ജനപദങ്ങളിൽനിന്നുമുള്ളവരോടാണ് അവൻ പറയുന്നത്. അതായത്, എൻെറ കൂടാരത്തിനു പകരം, നിങ്ങളോടൊത്തു പാർക്കുകയും സഞ്ചരിക്കുകയും ചെയ്ത അമോന്യ വിഗ്രഹമായ മിൽകോമിൻെറ കൂടാരത്തിനു ചുറ്റും നിങ്ങൾ ഒന്നിച്ചുകൂടിയിരുന്നു. രാത്രിയിൽ നിങ്ങൾക്കു വെളിച്ചം തന്ന സ്തംഭത്തിനു പകരം *റെഫാൻ* നക്ഷത്രത്തിന് നിങ്ങളുടെ ആരാധന അർപ്പിച്ചു. നിങ്ങളുടെ വിഗ്രഹമായ കെവാൻ എന്നതിനു പകരം 'നിങ്ങളുടെ *റെഫാൻ ദേവൻെറ നക്ഷത്രം*' എന്നാണ് ഗ്രീക്കും ഹീബ്രുവും പറയുന്നത്. റെഫാൻ എന്ന നാമം ഈജിപ്ഷ്യനാണ്. എന്നാൽ റെഫാൻ, കെവാൻ, ക്രോണോസ്, (വീനസ് നക്ഷത്രം) എന്നിവയെല്ലാം ഒന്നുതന്നെയാണ്. ഉസ്സായെപ്പറ്റി ചിലർ പറയുന്നതു ശരിയല്ല; കാരണം, ഉസ്സാ, നാനെയാ, ആകാശറാണി, അഫ്രോഡൈറ്റ്, ബൽതി, അസ്താർത്, പ്രഭാതനക്ഷത്രം എന്നിവയെല്ലാം ഒന്നുതന്നെ. ദൈവത്തോടും മോശയോടും ജനം കാണിച്ച അനുസരണരാഹിത്യവും അവർ വിഗ്രഹങ്ങളെ ആരാധിച്ച കാര്യവും സ്തെഫാനോസ് ഇങ്ങനെയെല്ലാം കാണിച്ചു. അതുകൊണ്ട് അവർ ഇപ്പോൾ മിശിഹായ്ക്കെതിരെ എഴുന്നേറ്റ് അവനെ കുരിശിൽ തറച്ചതിൽ അത്ഭുതത്തിന് അവകാശമില്ല എന്ന് അവൻ വിവരിച്ചു. "*മർക്കടമുഷ്ടിക്കാരേ, ഹൃദയത്തിലും കേൾവിയിലും അപരിച്ഛേദിതരേ ...*" (7:51) എന്ന് ശരിയായി തൻെറ പ്രസംഗം പിന്നീട് അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു.

---

26. മോളോക്ക്
27. *കെവാൻ* (Saturn): ശനി = റോമൻ കൃഷിദേവൻ.

www.malankaralibrary.com



# 7

*"യേശു ദൈവത്തിൻെറ വലത്തുഭാഗത്തു നില്ക്കുന്നത് അവൻ ഒരു ദർശനത്തിൽ കണ്ടു"* (നട. 7:56): അത് അവനെ ശക്തിപ്പെടുത്താനായിരുന്നു. സഹായത്തിനായിട്ടാണ് *നില്ക്കുന്നു* എന്ന പ്രയോഗം തിരുലിഖിതത്തിൽ എല്ലായിടത്തും ഉപയോഗിച്ചിരിക്കുന്നത്: *"അവിടുത്തെ കാരുണ്യത്തെപ്രതി, എഴുന്നേറ്റ് ഞങ്ങളെ സഹായിക്കുകയും രക്ഷിക്കുകയും ചെയ്യണമെ"; "കർത്താവേ, നിൻെറ കോപത്തിൽ എഴുന്നേല്ക്കണമെ", "ഇതാ, കർത്താവ് ബലമുള്ള ഒരു മതിലിൻെറ മുകളിൽ നില്ക്കുന്നു".*[28] *"അവിടുന്ന് ഇരുന്നു"* എന്നു പറഞ്ഞിരിക്കുന്നത് ഔന്നത്യം, ബഹുമാനം, രാജത്വം എന്നിവയെ സൂചിപ്പിക്കുന്നു. ഇവിടെയാകട്ടെ, സഹായിക്കാൻ തയാറായ ഒരാളെപ്പോലെ അവിടുന്ന് നില്ക്കുകയായിരുന്നു.

*"കർത്താവേ, ഈ പാപം അവർക്ക് കണക്കിടരുതേ"* (7:60): കാരണം, താൻ ഉടൻതന്നെ മഹാനന്മകളുടെ മധ്യത്തിലായിരിക്കും എന്ന് അവനു ബോധ്യം ഉണ്ടായിരുന്നു. തൻെറ സന്തോഷത്തിന് കാരണക്കാരായവർ ഒന്നിലും മുറിവേല്ക്കാൻ പാടില്ല എന്ന് അവൻ ഉചിതമായിപ്രാർത്ഥിച്ചു; ഇതിലും സ്തേഫാനോസ് തൻെറ നാഥനെപ്പോലെ ആയിരുന്നു.

*"അവൻ നിദ്ര പ്രാപിച്ചു"*: അതായത്, വരാനിരിക്കുന്ന വസ്തുക്കളുടെ ഉറച്ച പ്രത്യാശയിൽ മരിക്കുന്ന ഒരുവൻെറ നിദ്രയായിരുന്നു അവൻെറ മരണം.

*"ശ്ലീഹന്മാർ ഒഴികെ സഭാമക്കൾ എല്ലാവരും ചിതറിക്കപ്പെട്ടു"* (8:1): മതപ്രബോധനാർത്ഥം പരിശുദ്ധാത്മവ്യാപാരത്താൽ, അവർ ജറുസലേമിൽ തങ്ങി.

*"ഫിലിപ്പോസ് സമറിയാക്കാരുടെ നഗരത്തിലേക്കു പോയി"* (8:5): പന്ത്രണ്ടിൽ ഒരുവനല്ല, ഏഴിൽ ഒരുവൻ; കാരണം, ജറുസലേമിൽ ശ്ലീഹന്മാരുടെകൂടെ ഉണ്ടായിരുന്നവൻ *ശ്ലീഹാ* എന്നു വിളിക്കപ്പെട്ടിരുന്നു; എന്നാൽ ഇയാൾ *സുവിശേഷകൻ* എന്നു വിളിക്കപ്പെട്ടിരുന്നു. ഇയാളുടെ കന്യകകളായ നാലു പുത്രിമാർ പ്രവചനവരത്തിന് അർഹരായിതീർന്നു.

---

28. സങ്കീ 44:26; 7:6; ആമോ 7:7.

www.malankaralibrary.com



*ക്ഷുദ്രക്കാരൻ ശീമോൻ കാണിച്ച വിശ്വാസം* (8:12) ആത്മാവിൽ നിന്നുള്ളതായിരുന്നില്ല, പിന്നെയോ, വെറും ബാഹ്യമാത്രമായിരുന്നു. മോശയ്ക്കെതിരെ യാന്നെസും യാംബ്രെസും ചെയ്തതുപോലെ, മരിച്ച വരെ ഉയിർപ്പിക്കുക, കുഷ്ഠരോഗിയെ ശുദ്ധമാക്കുക തുടങ്ങി താൻ ജാലവിദ്യയാൽ ചെയ്യുന്നവ തന്റേതിൽനിന്ന് വളരെ വ്യത്യസ്തമായ രീതിയിൽ അവൻ എങ്ങനെ ചെയ്യുന്നു എന്ന് അന്വേഷിച്ചുകൊണ്ട് *"അവൻ ഫിലിപ്പോസിന്റെ കൂടെക്കൂടി"* (8:13).

*"സ്ത്രീപുരുഷഭേദമെന്യേ അവർ യേശുമിശിഹായുടെ നാമത്തിൽ സ്നാനപ്പെട്ടു"* (8:12). അവർ ത്രിത്വനാമത്തിലാണ് സ്നാനപ്പെട്ടതെന്ന് ചിലർ പറയുന്നു; കാരണം, പരിശുദ്ധാത്മാവാസം കഴിഞ്ഞ ഉടൻതന്നെ ഈ രഹസ്യം വെളിപ്പെടുത്തപ്പെട്ടു. മറ്റു ചിലർ പറയുന്നത് അവർ യേശുമിശിഹായുടെ നാമത്തിൽ മാത്രമാണ് സ്നാനപ്പെട്ടത് എന്നത്രേ. നാം മുകളിൽ വിവരിച്ചതുപോലെ, അവനിൽ വസിക്കുന്ന ത്രിത്വത്തിനു പകരം, അവർക്കിതു മാത്രം മതിയായിരുന്നു.

*"ഫിലിപ്പോസ് സ്നാനപ്പെടുത്തിയവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചിരുന്നില്ല"* (8:16): ആ അവസരം അവൻ ഒരു ഡീക്കൻ മാത്രമായിരുന്നതിനാൽ പരിശുദ്ധാത്മാവിനെ അവർക്കു പ്രദാനംചെയ്യാൻ അവനു കഴിഞ്ഞിരുന്നില്ല. മിശിഹായിലുള്ള പൂർണമായ വിശ്വാസപ്രഖ്യാപനത്തിനായി സ്നാനപ്പെടുത്താനേ അവന് അധികാരം ഉണ്ടായിരുന്നുള്ളൂ. പീഡാനുഭവത്തിനു മുമ്പ് ശിഷ്യന്മാരും ഇപ്രകാരമാണ് ചെയ്തത്. പരിശുദ്ധാത്മാവിനെ സ്വീകരിക്കാതെ സ്നാനപ്പെട്ടവരെ അവർ മിശിഹായുടെ നാമത്തിൽ സ്നാനപ്പെടുത്തി.

എന്നാൽ *"പരിശുദ്ധാത്മദാനം മറ്റുള്ളവർക്ക് ലഭിച്ചു എന്നു ശീമോൻ കണ്ടപ്പോൾ..."* (8:18): അവർക്കു ലഭിച്ച ഭാഷാവരത്തിലൂടെയും അവർ ചെയ്ത അത്ഭുതങ്ങളിലൂടെയും! എങ്കിലും അവൻ അതു പ്രയോജനപ്പെടുത്തിയില്ല! മറ്റുള്ളവർ പണം കൊടുത്താണ് പരിശുദ്ധാത്മാവിനെ പ്രാപിച്ചത് എന്നു പറഞ്ഞുകൊണ്ട് ദുഷ്ടചിന്ത വച്ചുപുലർത്തി; താൻ പണം കൊടുക്കാത്തതിനാൽ തനിക്കു കിട്ടിയില്ല എന്ന് അവൻ കരുതി. കൂടാതെ, അയാൾ ചെയ്തതെല്ലാം പണത്തിനായിരുന്നതിനാൽ, ശ്ലീഹന്മാരും അങ്ങനെയാണ് ചെയ്യുന്നതെന്ന് അവൻ ഊഹിച്ചു. അതുകൊണ്ട് *"അവൻ അവർക്കു പണം നൽകി...."* പത്രോസിൽനിന്നും യോഹന്നാ

www.malankaralibrary.com



നിൽനിന്നും പട്ടം കിട്ടിയവരോടൊപ്പം, ശെമഓന്റെമേലും അവർ കൈവച്ചെങ്കിലും, അവന് പരിശുദ്ധാത്മദാനം ലഭിച്ചില്ല.

*"എത്യോപ്യരുടെ രാജ്ഞിയായ കൻദാക്കെയുടെ ഭണ്ഡാരവിചാരിപ്പുകാരൻ"* (8:27): എത്യോപ്യയിൽ ഒരു സ്ത്രീ ഒരിക്കലും ഭരിച്ചിട്ടില്ല എന്നും ഇതു പേരിൽ മാത്രമാണെന്നും യാക്കോബും മറ്റുള്ളവരും പറയുന്നു.

# 8

ഈ എത്യോപ്യക്കാരൻ ഷണ്ഡൻപോലും ഫിലിപ്പോസിൽ നിന്ന് പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ആനന്ദതുന്ദിലനാകുകയും ചെയ്തു എന്നത് സ്പഷ്ടമാണ്. എന്നാൽ സമറിയായിലുള്ളവർക്ക് ഫിലിപ്പോസിലൂടെ പരിശുദ്ധാത്മാവിനെ ലഭിച്ചില്ല എന്നതിൽ പ്രത്യേകത ഒന്നുമില്ല. കാരണം, ശ്ലീഹന്മാർ ഉടനെ അവിടെ കടന്നുവന്ന് കൃപ പൂർത്തീകരിക്കാനുള്ളതായിരുന്നു. അവർ സകലതും ക്രമമായി ചെയ്തിരുന്നതിനാൽ ക്രമരാഹിത്യത്തിന് അവിടെ ഒരവസരം ഉണ്ടായിരുന്നില്ല. എന്നാൽ ആ ഷണ്ഡന് നൽകാൻ മറ്റാരും അവിടെ ഇല്ലായിരുന്നു; ഒരവശ്യാവശ്യ കാരണം ഉണ്ടായിരുന്നതിനാൽ അവൻ ഫിലിപ്പോസിൽ നിന്നു പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. അവൻ എത്യോപ്യൻ ജനതയുടെ മുഴുവൻ മതപ്രബോധകനായി തീർന്നു എന്നു പറയപ്പെടുന്നു. അവനു ലഭിച്ച പരിശുദ്ധാത്മാവോടുകൂടി ദിവ്യരഹസ്യങ്ങളുടെ ദാനത്തിലും അവൻ പങ്കുകൊണ്ടു. ഫിലിപ്പോസിനോടുകൂടി വിശുദ്ധ കുർബാന[29] ഉണ്ടായിരുന്നു എന്ന അർത്ഥത്തിലല്ല; പിന്നെയോ, അവനെ സ്നാനപ്പെടുത്തിയ ആ സ്ഥലത്തുവച്ചുതന്നെ, ഒരു ശ്രേഷ്ഠവ്യക്തി എന്നനിലയിൽ ആ ഷണ്ഡൻ അപ്പവും വീഞ്ഞും ആവശ്യപ്പെട്ടു.[30] വഴിയാത്രയ്ക്കാവശ്യമായവയെല്ലാം അവൻ കരുതി. അന്ന് പതിവായിരുന്ന രീതിയിൽ അവൻ പ്രാർത്ഥിച്ചു. അവൻ സ്തോത്രാർപ്പണം നടത്തി[31] ആശീർവാദം[32] പൂർത്തിയാക്കി അവനു ദിവ്യരഹസ്യങ്ങൾ കൊടുത്തുകഴിഞ്ഞപ്പോൾ, ആത്മാവ് ഫിലിപ്പോസിനെ പെട്ടെന്ന് സംവഹിച്ചുകൊണ്ടുപോയി. ഷണ്ഡൻ അവനെ

29. കുദാശ

30. ലഹമാ ഉഹമറാ

31. കാറേബ് തൗദീസാ

32. ബുർക്സാ

www.malankaralibrary.com



പിന്നെ കണ്ടിട്ടില്ല. തന്നെ ശിഷ്യനാക്കിയ ആളിനെപ്പറ്റി ഉന്നതമായ ആശയം അവൻ പുലർത്തുന്നതിനുംകൂടി ആയിരുന്നിത്. അക്കാലത്ത് പല സംഗതികളും പുതുതായി സംഭവിച്ചു. കൊർണേലിയോസിൻെറ ഭവനത്തിൽ സംഭവിച്ചതുപോലെ സന്ദർഭോചിതമായി നടന്നു. സ്നാനത്തിനു മുൻപേ അവൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. ഒരുപക്ഷേ അവനും ശ്ലീഹന്മാരിൽനിന്ന് മറ്റൊരു പട്ടം സ്വീകരിച്ചിരിക്കാം. സമറിയായിലെ സംഭവശേഷം, സ്നാനം സ്വീകരിച്ചവർക്ക് പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യാൻ ഫിലിപ്പോസും കഴിവുറ്റവനായി തീർന്നിരിക്കാം.

ഇവയ്ക്കുശേഷം ലൂക്കോസ് പൗലോസിൻെറ കാര്യത്തിലേയ്ക്കു തിരിയുന്നു. അത് അവൻെറ തീരുമാനമായിരുന്നു. *ഒന്നാമത്*, അവൻെറ സ്ഥാനം നിമിത്തം. നിയമത്തെപ്പറ്റി തീക്ഷ്ണതയുള്ളവനായിരിക്കണം എന്ന് ഉറച്ചശേഷം, മിശിഹായെ ഏറ്റുപറയുന്നവർ തെറ്റിൽ ജീവിക്കുന്നു എന്ന ധാരണയിൽ അവൻ പീഡിപ്പിച്ചതിൽ നിന്ന് ഇതു വ്യക്തമാണ്. *രണ്ടാമത്*, അവനിലൂടെ, അനുതാപികൾക്ക് പ്രോത്സാഹനം ഉണ്ടാകുവാൻവേണ്ടി. അവൻതന്നെ സാക്ഷ്യപ്പെടുത്തുന്നു: *"എന്നിൽ യേശു മിശിഹാ തൻെറ പൂർണമായ ക്ഷമ പ്രകടമാക്കുന്നതിന്...."* (1 തിമോ. 1:16). *മൂന്നാമത്* അവൻ പുറജാതികളുടെ പക്കലേയ്ക്ക് അയയ്ക്കപ്പെട്ടതിനാൽ. തൻെറകൂടെ സഞ്ചരിച്ചിരുന്നവരെ അയയ്ക്കാനല്ല നമ്മുടെ കർത്താവ് തിരുമനസ്സായത്. പിന്നെയോ, നിയമത്തിൽ തീക്ഷ്ണനായി, ഉജ്ജ്വലിച്ചിരുന്നവനെ അത്രേ. അവനിത് ഒരിക്കലും സ്വന്തമായി തെരഞ്ഞെടുത്തതല്ല, പിന്നെയോ നിർബന്ധപൂർവം ഇതിലേക്ക് ആനീതനാക്കപ്പെട്ടതാണ് എന്ന് വിശ്വാസികൾ പരിഗണിച്ച് കൂടുതൽ ഉറപ്പുള്ളവരായി തീരുന്നതിനായിരുന്നു ഇത്.

*"പെട്ടെന്ന് ആകാശത്തിൽ നിന്ന് ഒരു മിന്നലൊളി അവൻെറമേൽ പതിച്ചു"* (നട. 9:3):[33] സ്വർഗം തുറക്കപ്പെട്ട് ഒരു പ്രകാശം അവൻെറമേൽ പതിച്ചതല്ല. അല്ലെങ്കിൽ അത് മറ്റുള്ളവർക്കുകൂടി സുജ്ഞാതമാകുമായിരുന്നു. ശൗലിന് ഏതോ പ്രത്യേക നടുക്കം അനുഭവപ്പെട്ടു. സ്വർഗം തുറക്കപ്പെട്ടതായും മുകളിൽനിന്ന് യേശു അവനു കാണപ്പെട്ടതായും തോന്നി. പ്രകാശത്തിൻെറ ഉജ്ജ്വലതയിൽ അവൻ സൂര്യകിരണങ്ങൾ തിരിച്ചറിഞ്ഞില്ല. ഉടൻതന്നെ നമ്മുടെ കർത്താവ് അവനു കാണപ്പെട്ട

33. നടപടിയിൽ മൂന്നു വിവരണങ്ങൾ കാണാം: 9:1-9; 22:4-16; 26:9-18

www.malankaralibrary.com



പ്പോൾ അവൻെറ കണ്ണുകൾക്ക് താല്ക്കാലിക ക്ഷതം സംഭവിച്ചു. *"അവൻ തറയിൽ വീണു"* (9:4). പെട്ടെന്ന് അവൻ ഒരു സ്വരവും കേട്ടു: *"ശൗൽ, ശൗൽ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു"* (9:4). ഒരു ചത്ത മനുഷ്യനെയാണ് താൻ പീഡിപ്പിക്കുന്നത് എന്ന് കരുതിയവനെ സ്വർഗത്തിൽ നിന്ന് വിളിച്ചത് ഉചിതമായിരുന്നു. സ്വർഗം തുറക്കപ്പെട്ടതും ഉജ്ജ്വലപ്രകാശത്താൽ പ്രശോഭിതനായി ഉന്നതത്തിൽനിന്നു നമ്മുടെ കർത്താവ് വെളിപ്പെടുന്നതും അവൻ ഒരു സ്വരം ശ്രവിച്ചതും *"ആദാമേ, ആദാമേ,....."* എന്നതുപോലെ (ഉല്പ. 3:1) തന്നെ തെരഞ്ഞെടുത്തവൻെറ കരുണയെ വെളിപ്പെടുത്തിക്കൊണ്ട് തൻെറ പേര് രണ്ടു പ്രാവശ്യം വിളിച്ചതും എല്ലാം വളരെ ഭീതികരമായിരുന്നു. വീണ്ടും, അവനിൽ പാപബോധം ഉണർത്തിക്കൊണ്ടുള്ള സ്വരത്തിൻെറ ആവർത്തനം, അസാധ്യകാര്യങ്ങൾക്കെതിരെയാണ് അവൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതെന്ന് അറിയിച്ചുകൊണ്ട് അവൻെറ പീഡിപ്പിക്കലിൻെറ ദുഷ്ടതയെ മുൻകൂട്ടി നിയന്ത്രിക്കുന്നു!

*'മുള്ളിനോട് ഉതയ്ക്കുന്നത് കഠിനമാണ്'* (26:14): അതായത്, നീ കൂർത്ത ഇരുമ്പാണികൾക്കും, കൊമ്പുകൾക്കും, തേളുകളെപ്പോലെയുള്ളവയ്ക്കും, *അള്ള്* എന്നു വിളിക്കപ്പെടുന്നവയ്ക്കും എതിരെ തൊഴിക്കുന്നത് കഠിനതരമാണ്; അതുവഴി നീ സ്വയം മുറിപ്പെടുത്തുകയായിരിക്കും ചെയ്യുക. ഇരുമ്പുകൊണ്ടുണ്ടാക്കിയതും നാല് കുന്തമുനകളുള്ളതുമായ സാധനമാണ് *അള്ള്.* ശത്രുക്കളുടെ പ്രവേശനം തടയാനായി അത് നഗരവാതിൽക്കൽ വിതറിയിരുന്നു. *"നീ പീഡിപ്പിക്കുന്ന നസ്രായനേശുവാണു ഞാൻ"* (നട. 22:8). ദൈവവചനമല്ല, ഏകജാതനല്ല, ദൈവപുത്രനല്ല; പിന്നെയോ, നാമെല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യത്വം![34] ചത്തവൻ എന്നു കരുതി *"നീ പീഡിപ്പിക്കുന്ന"* ഞാൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു, സ്വർഗത്തിലേയ്ക്കു കരേറി, ഞാനിപ്പോൾ ഈ മഹത്ത്വത്തിലും ഉജ്ജ്വലപ്രകാശത്തിലുമാണ് എന്ന് അവിടുന്നരുൾ ചെയ്യുന്നു.

*"പൗലോസിനോടു കൂടെയുണ്ടായിരുന്നവർ സ്വരം കേട്ടെങ്കിലും ആരെയും കാണായ്കയാൽ സ്തബ്ധരായി നിന്നുപോയി"* എന്ന് ഒരിടത്ത് ലൂക്കോസ് പറയുന്നു (നട 9:7) എന്നാൽ, *"എന്നോടുകൂടെ ഉണ്ടായിരുന്നവർ പ്രകാശം കണ്ടു, സ്വരം കേട്ടില്ല"* എന്ന് പൗലോസ് തന്നെ

34. ബർനാശാ - മനുഷ്യൻ (മനുഷ്യത്വം).

www.malankaralibrary.com



പറയുന്നതായി മറ്റൊരിടത്ത് അവൻ രേഖപ്പെടുത്തുന്നു (22:9). ഈ വ്യത്യാസം എന്തുകൊണ്ടാണെന്നു ചോദിച്ചേക്കാം. ഇതിനു *ഭാഷ്യകാരൻ* ഇങ്ങനെയാണ് മറുപടി പറയുന്നത്: *"അവർ ഒരു സ്വരം കേട്ടു, എങ്കിലും കേട്ടില്ല; അവർ ഒരു പ്രകാശം കണ്ടു, എങ്കിലും കണ്ടില്ല;* ആ മഹനീയ വെളിപാടിന് സാക്ഷികളാകാൻ പൗലോസിനോട് സംസാരിച്ച സ്വരം അവർ കേട്ടു. ഇക്കാരണത്താൽ, *'അവർ സ്വരം മാത്രം കേട്ടു,* എന്നു ലൂക്കോസ് പറഞ്ഞതു സത്യമാണ്. എന്നാൽ പൗലോസിനോടു സംസാരിച്ചത് എന്താണെന്ന് അവർക്കു വ്യക്തമല്ലായിരുന്നു. അതുകൊണ്ട്, *"എന്നോടു സംസാരിച്ചവൻെറ സ്വരം അവർ കേട്ടില്ല"* എന്ന് പൗലോസ് പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത്, എന്നോടു പറഞ്ഞത് എന്താണെന്ന് എന്നേപ്പോലെ അവർക്കറിവില്ലായിരുന്നു. പൗലോസിന് ഒരു വെളിപാടുണ്ടായി എന്നതിന് സാക്ഷികളാകാൻ, അവർ ഒരു പ്രകാശവും ദർശിച്ചു. അതുകൊണ്ടാണ്, *'എന്നോടുകൂടെ ഉണ്ടായിരുന്നവർ പ്രകാശം കണ്ടു'* എന്ന് പറയപ്പെട്ടിരിക്കുന്നത്. എന്നാൽ, പൗലോസിനെപ്പോലെ മിശിഹായെ അവർ കണ്ടില്ല. അവർ പൗലോസിനെപ്പോലെ അന്ധരാക്കപ്പെട്ടില്ല എന്നതാണ് അതിനുള്ള തെളിവ്. ഇക്കാരണത്താൽ, *"എന്നാൽ അവർ ആരെയും കണ്ടില്ല"* എന്ന് ലൂക്കോസ് എഴുതിയിരിക്കുന്നു. ഭാഗ്യവാനായ നെസ്തോറിയുസ് ഇപ്രകാരമാണ് വിശദീകരിക്കുന്നത്: *"അവർ സ്വരം മാത്രമേ കേട്ടുള്ളു"* എന്നത്, നമ്മുടെ കർത്താവിനോടു സംസാരിച്ച പൗലോസിൻെറ സ്വരം മാത്രമേ അവർ കേട്ടുള്ളു എന്നത്രേ. എന്നാൽ പൗലോസിനോടു സംസാരിച്ച നമ്മുടെ കർത്താവിൻെറ സ്വരം അവർ കേട്ടില്ല. ഇക്കാരണത്താലാണ്, *"എന്നാൽ എന്നോടു സംസാരിച്ചവൻെറ സ്വരം അവർ കേട്ടില്ല"* എന്നു പൗലോസ് പറഞ്ഞത്. യഥാർത്ഥത്തിൽ അവർ പ്രകാശം കണ്ടെങ്കിലും നമ്മുടെ കർത്താവിനെ കണ്ടില്ല.

## 9

*"ശെമഓൻ, യോപ്പായിൽ കുറേ നാൾ താമസിച്ചു"* (9:43). ഇത് ദൈവപരിപാലനയാൽ സംഭവിച്ചതാണ്. അതായത്, കൊർണേലിയോസിൻെറ ഭവനത്തിൽപെട്ടവരുടെ പ്രബോധനത്തിനായിട്ട്. കാരണം, ആ അവസരം അവൻ ജറുസലേമിൽ ആയിരിക്കുകയും കൊർണേലിയോ

www.malankaralibrary.com



സിന്റെ ദൂതന്മാർ അവനെ തേടി വരികയും ചെയ്തിരുന്നെങ്കിൽ, അവൻ അവരോടൊപ്പം പോകാൻ ഇഷ്ടപ്പെട്ടാലും, അവിടെ വലിയ ഒച്ചപ്പാടും ബഹളവും ഉണ്ടാകാൻ ഇടയുണ്ടായിരുന്നു. ജറുസലേം മുഴുവൻ അക്കാലത്ത് പരിച്ഛേദനത്തിൽ നിന്നുള്ളവരും പുറജാതികളിൽനിന്ന് വളരെ അകന്നു കഴിഞ്ഞവരുമായിരുന്നു. ശെമഓൻ അവിടെ പോകുന്നതു നിമിത്തം അതും ഒരു കാരണമായെടുത്ത് അവർ പ്രശ്നങ്ങൾ കുത്തിപ്പൊക്കുമായിരുന്നു. ഈ കാരണത്താൽ, പരിശുദ്ധാത്മാവിന്റെ കൃപയാൽ അവൻ യോപ്പായിൽ തന്നെ താമസിച്ചു. പത്രോസിനു ലഭിച്ച വെളിപാടിന്റെ കാരണം (10:9-16): *"പോയി എല്ലാ ജനതകളെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ശിഷ്യപ്പെടുത്തുവിൻ...."* എന്നു തുടങ്ങിയ സ്വരം ശെമഓൻ മറന്നുപോയി. അതുകൊണ്ട് വെളിപാടിലൂടെ അവനെ ശരിയായി അനുസ്മരിപ്പിക്കുകയത്രെ ചെയ്തത്. കഴിഞ്ഞ കാര്യങ്ങൾ മാത്രമല്ല, പിന്നെയോ, പുറജാതികൾ ശുദ്ധരാണെന്നും, ദൈവം യഹൂദരുടെ മാത്രമല്ല, പുറജാതികളുടേതുമാണെന്നും ഓർപ്പിക്കുകയായിരുന്നു.

അതുകൊണ്ട് അവൻ തന്റെ ബലഹീനത മനസ്സിലാക്കുന്നതിനായി *അവനു വിശന്നു* (10:10): അവന്റെ വിശപ്പിന്റെ വിളി സ്വാഭാവികമായിരുന്നു. എങ്കിലും വെളിപാടിന് സ്ഥാനമുണ്ടെന്നും, മനുഷ്യരക്ഷയെപ്രതി വിശന്ന ദൈവത്തിനുപോലും തന്റെ ആരാധനയ്ക്ക് അർപ്പിച്ചവയൊന്നും അശുദ്ധമല്ലെന്നും ഇതിലൂടെ അവൻ അറിയുന്നതിന് അതൊരു ദിവ്യപരിപാലന ആയിരുന്നു എന്നു നാം മനസ്സിലാക്കണം. *"അവന് ഒരു ദിവ്യാനുഭൂതി ഉണ്ടായി"* (10:11): ഉണർന്നിരിക്കുമ്പോൾ ഉള്ള പതിവുചിന്തകൾക്ക് അപ്പുറത്തായിരിക്കുന്നതിനാണ് *ദിവ്യാനുഭൂതി* എന്നു പറയുന്നത്. ആ ചിന്തകൾ അവനെ വലയം ചെയ്ത് തന്റെ മനസ്സിൽ അവൻ അലൗകിക മേഖലകളിലേയ്ക്ക് സംവഹിക്കപ്പെടുക. സമീപസ്ഥമായ വസ്തുക്കളെ നോക്കുന്നതുപോലെ വിദൂരസ്ഥമായവയെ നോക്കിക്കൊണ്ടിരിക്കുക. അബ്രഹാമിനുണ്ടായ *ഗാഢനിദ്ര* പോലെയും ആദത്തിന്മേൽ നിപതിച്ച *നിദ്ര*പോലെയുമാണിത് (ഉല്പ 15: 12; 2:21).

*"സ്വർഗം തുറക്കപ്പെട്ടു"* (10:11): യഥാർത്ഥമായിട്ടല്ല, വെളിപാടിൽ. സ്വർഗം തുറന്നിരിക്കുന്നതായി *സ്തേഫാനോസ് ദർശിച്ച*തുപോലെയാണിത് (7:56). പാത്രത്തിന്റെ നാലുകോണിലും ഉള്ള കെട്ട് (10:11)

www.malankaralibrary.com



വേണ്ടത്ര കരുതലിനെപറ്റി പഠിപ്പിക്കുന്നു, അഥവാ, എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവികശക്തിയുടെ കല്പനയാൽ സ്ഥാപിച്ചുറപ്പിച്ചിരിക്കുന്ന ലോകത്തിന്റെ നാലു ഭാഗങ്ങളുടെ സൂചനയാണിത്. പുതിയ *വിരിപ്പിലൂടെ* (10:11) സൃഷ്ടവസ്തുക്കളുടെ ശുദ്ധിയെ അവൻ സൂചിപ്പിക്കുന്നു. അത് *"സ്വർഗത്തിൽ നിന്ന് താഴേക്ക് ഇറക്കപ്പെടുന്നത്"* (10:11) അതിന്റെ മഹനീയതയെ കാണിക്കുന്നു. നിന്ദ്യവസ്തുക്കളെന്നവണ്ണം *"എല്ലാത്തരം മൃഗങ്ങളെയും"* (11:12) താഴേക്ക് എടുത്തിട്ടില്ല. അതായത്, മാനുഷിക ക്രമീകരണത്തിന്റെ അടയാളം! ശുദ്ധിയില്ലാത്തവ ശുദ്ധിയുള്ളവയോടുകൂടി; ദൈവം സൃഷ്ടിച്ചവയെല്ലാം ശുദ്ധിയുള്ളവയാണെന്നു കാണിക്കാൻ. ഏതെങ്കിലും ഒരു വസ്തുവിനെപ്പറ്റി അശുദ്ധം എന്നു പറഞ്ഞാൽ തന്നെ, മതാത്മക പരിശീലനത്തിനാണത്. *"ആരും പുറജാതികളെ വെറുക്കരുത്, കാരണം മനുഷ്യപ്രകൃതി ഏകമാണ്"* എന്ന് ഇവയിലൂടെ ദൈവം ഒരു ദൃഷ്ടാന്തം കാണിച്ചുതരുന്നു എന്നു മാത്രം.

*"എഴുന്നേറ്റ്, കൊന്നുതിന്നുക"* (10:13): പുറജാതികളുടെ പക്കലേക്കു പോകാൻ ശെമഓൻ ആഗ്രഹിക്കാഞ്ഞതിനാൽ, ദൃഷ്ടാന്തമായിട്ടാണിത് പറഞ്ഞത്. *'എഴുന്നേറ്റ് കൊന്നു തിന്നുക'* എന്ന് വെറുതേ പറഞ്ഞതല്ല എന്നു സ്പഷ്ടം. പിന്നെയോ, നിയമമനുസരിച്ച് എന്താണ് അശുദ്ധം എന്ന് അവനെ കാണിക്കുകയായിരുന്നു. *"ദൈവം വിശുദ്ധീകരിച്ചവ, അശുദ്ധമെന്നു നീ പരിഗണിക്കരുത്"* (10:15) എന്ന സ്വരത്തിലൂടെ ഇതേപ്പറ്റി അവിടുന്ന് അവനെ പഠിപ്പിച്ചു. *'കൊന്നു തിന്നുക'* എന്ന് കല്പിക്കപ്പെട്ടത് ശുദ്ധമായ വസ്തുക്കളെപ്പറ്റിയാണെന്ന് അവൻ കരുതുകയും ചെയ്തു.

*"പോയി, എല്ലാ ജനതകളെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ....."* എന്നത് (മത്താ. 28:19) ഓർമ്മിപ്പിക്കാനാണ് *"മൂന്നു പ്രാവശ്യം"* അവന്റെ പക്കലേക്ക് സ്വരം എത്തിയത് (10:16). *"പാത്രം ആകാശത്തേയ്ക്ക് എടുക്കപ്പെട്ടു"* (10:16): ഒന്നാമത് സൃഷ്ടിയുടെ മഹനീയത പ്രസ്പഷ്ടമാക്കുവാൻ; സ്നാനത്തിൽ ദത്തുപുത്രസ്ഥാനത്തിന് അർഹരായി കാണപ്പെടുന്നവരുടെ ജീവിതം പരിശുദ്ധമാണെങ്കിൽ, കർത്താവിനോടൊത്തായിരിക്കാൻ സ്വർഗത്തിലേക്കെടുക്കപ്പെടും. എന്നാൽ ഈ വെളിപാട്, കൊർണേലിയോസിന്റെ ഭവനത്തിൽപെട്ടവർക്ക് നൽകിയ വസ്തുക്കളിലൂടെ അടുത്തും പിന്നീട് എല്ലാ പുറജാതികൾക്കും യാഥാർഥ്യമായിതീർന്നു.

www.malankaralibrary.com



# 10

*"ദൈവത്തിനു പക്ഷപാതമില്ല; എന്നാൽ ഏതു ജനതയിൽപ്പെട്ടവനായാലും തന്നെ ഭയപ്പെടുന്നവനെ...."* (10:34-35): അതായത്, ദൈവത്തിനു മുഖം നോട്ടമില്ല, ഒരു വംശത്തെക്കുറിച്ചും അവിടുന്ന് ലജ്ജിക്കുന്നുമില്ല. അബ്രഹാമിൻെറ ബന്ധുമിത്രാദികളെ മാത്രമല്ല അവിടുന്നു പരിപാലിക്കുക, പിന്നെയോ, സന്മനസ്സാണ് അവിടുന്ന് തേടുന്നത് എന്നിത്യാദി. *"ശെമഓൻ അവരോട് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ"*: അവർക്കും സ്നാനം നൽകുന്നത് ശരിയാണോ എന്ന് അവൻ തൻെറ മനസ്സിൽ സംശയിച്ചുകൊണ്ടിരിക്കുകയായിരുന്നു; അപ്പോൾ അവൻെറ ചിന്തയ്ക്കു മുമ്പാകെ പരിശുദ്ധാത്മാവിൻെറ കൃപ കടന്നുവന്നു. *"അവൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം പാപങ്ങളുടെ മോചനം ലഭിക്കും"* എന്ന് അവൻ പറഞ്ഞ ഉടൻതന്നെ പെന്തിക്കോസ്തിയിൽ അത് സ്വീകരിച്ചവരെപ്പോലെ അവർ എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവിൻെറ കൃപ ചൊരിയപ്പെടുകയും *അവർ ഭാഷകളിൽ സംസാരിക്കുകയും ചെയ്തു* (10:44-46). സംഭവിച്ചവയെ പത്രോസ് ആദരിച്ചു. തൻെറ കൂടെ വന്ന പരിച്ഛേദനത്തിൽ നിന്നുള്ള വിശ്വാസികൾ കുറ്റാരോപണത്തിനു മുതിർന്നാൽ അതിനുള്ള പഴുതടയ്ക്കുന്നതിന് അവൻ മതിയായ ന്യായീകരണം നടത്തി: *"പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഇവർക്ക് സ്നാനം സ്വീകരിക്കാതിരിക്കാൻ സ്നാനജലം നിഷേധിക്കാൻ ആർക്കു കഴിയും?"* (10:47): അതായത്, "നമ്മെപ്പോലെ തന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഇവർക്ക്" ജലസ്നാനം നൽകുന്നതിനെപ്പറ്റി നാം ചിന്തിക്കാൻ സമയമായില്ലേ? കൃപ ജലത്താലാണ് പരിശുദ്ധാത്മാവിനാലല്ല എന്നു നാം കരുതരുത്; നല്ല സംഗതികളിലുള്ള ഭാഗഭാഗിത്വം പരിശുദ്ധാത്മാവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്; വെള്ളം ഒരടയാളമായി ചില ക്രമത്തിൽ കരുതപ്പെട്ടിരുന്നു. നല്ല വസ്തുക്കളുടെ നിക്ഷേപം അവർക്കു ലഭിച്ചുകഴിഞ്ഞപ്പോൾ, അടയാളത്തെപ്പറ്റി നാം അന്വേഷണം നടത്തുന്നത് ഭോഷത്തമാണ്. ദൈവദാനം തടയുക അസാധ്യമായ കാര്യമത്രേ. അടയാളം കൂടാതെയും കഴിക്കാം. ജലംകൊണ്ട് സ്നാനപ്പെടാത്ത കള്ളന് പറുദീസായിലേയ്ക്കുള്ള യാത്ര തടസ്സപ്പെട്ടില്ലല്ലോ!

www.malankaralibrary.com



# 11

*"അന്ത്യോക്യയിൽ വച്ചാണ് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ*[35] *എന്നു വിളിക്കപ്പെട്ടത്"* (നട. 11:26). അതായത് മിശിഹായുടെ ജനം.[36] കാരണം, അന്ത്യോക്യയിലുള്ള വളരെയധികം പുറജാതികൾ നിയമത്തിന്റെ അനുശാസനങ്ങൾ പാലിക്കാതെ തന്നെ, മിശിഹായിൽ വിശ്വസിച്ചു. അവിടെ അവശ്യാവശ്യം അവർ ആദ്യമായി *"ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു"*. തുടർന്ന് നിയമാനുഷ്ഠാനങ്ങളുടെ കൂട്ടിച്ചേർക്കൽ കൂടാത്തവരായും മിശിഹായിലുള്ള വിശ്വാസത്തിലൂടെയും അവിടുത്തെ പ്രബോധനത്തിലൂടെയും അവർ പരിപൂർണരായിതീർന്നു.

*"യൂദയായിലുള്ള വിശ്വാസികൾക്ക് ദുരിതാശ്വാസം എത്തിച്ചുകൊടുക്കണമെന്ന് അവർ തീരുമാനിച്ചു"* (11:29): അതായത്, യൂദയായിൽ കഠിനക്ഷാമമാണെന്ന് കേട്ട്, അന്ത്യോക്യയിൽ, പുറജാതികളിൽനിന്ന് വിശ്വസിച്ചവർ ധനശേഖരണം നടത്തുകയും *ആവശ്യക്കാർക്ക് വിതരണം ചെയ്യാനായി ബർണബാസും ശൗലുംവഴി യൂദയായിലെ വിശ്വാസികളുടെ നേതാക്കന്മാർക്ക് കൊടുത്തയയ്ക്കുകയും ചെയ്തു* (11:27-30).

*"അവർ ഒന്നാമത്തെയും രണ്ടാമത്തെയും കാവൽസ്ഥാനങ്ങൾ പിന്നിട്ടു"*(12:10): അതായത്, ശ്രദ്ധാപൂർവം കാരാഗൃഹറോഡുകൾ കാക്കുന്ന പടയാളികളുടെ സമൂഹങ്ങൾ. *"അവർ ഇരുമ്പുകവാടത്തിലെത്തി"* (12:10): അതായത്, നഗരത്തിന്റെ ഗേറ്റ്. കാരണം, കാരാഗൃഹം നഗരത്തിനു പുറത്തായിരുന്നു. *"അവൻ, 'മർക്കോസ്' എന്ന അപരനാമമുള്ള യോഹന്നാന്റെ മാതാവ് മറിയത്തിന്റെ വീട്ടിലെത്തി"* (12:12): ഇത് അവന്റെ വീടായിരുന്നെന്നും മറിയം അവന്റെ ഭാര്യയായിരുന്നെന്നും ചിലർ കൈമാറിത്തന്നിരിക്കുന്നു. കാരണം, പഴയനിയമപ്രവാചകരെപ്പോലെ ശിഷ്യത്വത്തിനുശേഷം ശ്ലീഹന്മാർ പൂർണമായി വിവാഹത്തിൽ നിന്നും ലൗകികവസ്തുക്കളെപ്പറ്റിയുള്ള പര്യാകുലചിന്തകളിൽനിന്നും നിരോധിക്കപ്പെട്ടിരുന്നു. ദൈവികവെളിപാടിനു യോഗ്യരായി പരിഗണിക്കപ്പെട്ടശേഷം പ്രവാചകന്മാർ തങ്ങളുടെ ഭാര്യമാരിൽനിന്നും അവരുടെ കാര്യങ്ങളിൽ

---

35. ക്രിസ്ത്യാനേ
36. മ്ശീഹായേ

www.malankaralibrary.com



നിന്നും അകന്നുകഴിഞ്ഞു. അതുകൊണ്ട്, മറിയം പത്രോസിൻെറ ഭാര്യയായിരുന്നെന്നും, മർക്കോസ് അവൻെറ മകനായിരുന്നെന്നും, റോദാ അവൻെറ മകളായിരുന്നെന്നും പറയപ്പെടുന്നു.

അഗ്രിപ്പാ എന്നു വിളിക്കപ്പെടുന്ന ഹേറോദേസ് രാജാവ് ടയർ, സീദോൻ നിവാസികളുമായി സമാധാനം ഉണ്ടാക്കിയശേഷം കേസറിയായിൽ വരികയും ക്ലോഡിയസ് സീസറിൻെറ ബഹുമാനാർത്ഥം ഒരാഘോഷം സംഘടിപ്പിക്കുകയും ചെയ്തു. അവന് നാല് പ്രദേശങ്ങളുടെ മേൽ അധികാരം ലഭിച്ചിരുന്നു. പരിപാടികളുടെ രണ്ടാം ദിവസാരംഭത്തിൽ തന്നെ ഹേറോദേസ് രാജകീയവസ്ത്രങ്ങൾ ധരിച്ച് തീയേറ്ററിൽ ആഗതനായി. അവൻെറ വസ്ത്രംമുഴുവൻ വെള്ളി പൊതിഞ്ഞിരുന്നു. സൂര്യൻെറ ആദ്യകിരണങ്ങൾ വെള്ളിയിൽ തട്ടിയപ്പോൾ, അതു വളരെയധികം തിളങ്ങി പ്രകാശിച്ചു; കാഴ്ചക്കാരെ അത് അമ്പരിപ്പിക്കുകയും ചെയ്തു. എന്നാൽ അവൻ വളരെ സംക്ഷോഭത്തോടെ ടയർകാരോടും മറ്റു ജനങ്ങളോടും സംസാരിച്ചു. എന്നാൽ അവൻെറ ആരാധകർ അവൻെറ നന്മയ്ക്കുപകരിക്കാത്ത വാക്കുകൾ ഉച്ചരിച്ചു: "ഇതുവരെ മനുഷ്യൻ എന്ന നിലയിൽ അങ്ങയെ ഞങ്ങൾ ഭയപ്പെട്ടിരുന്നു. എന്നാലിപ്പോൾ മുതൽ അമർത്യനും വ്യതിയാനാതീത പ്രകൃതനുമായി അങ്ങയെ ഞങ്ങൾ അംഗീകരിക്കുന്നു". ഇത് അവനു വളരെ ഇഷ്ടപ്പെട്ടു. അതുകൊണ്ട്, അവൻ അവരെ കുറ്റപ്പെടുത്തിയില്ല. അവൻ നോക്കിയപ്പോൾ തൻെറ തലയ്ക്കു മുകളിൽ ഒരു മാലാകയെ കണ്ടു. അവന് അതിൻെറ കാരണവും മനസ്സിലായി. അവൻെറ കണ്ണുകൾ മങ്ങി ബോധക്ഷയം ഉണ്ടായി. അവൻെറ ഹൃദയത്തിൽ വേദന അനുഭവപ്പെട്ടു. അവൻ ഇങ്ങനെ നിലവിളിച്ചു പറഞ്ഞു: "അമർത്യൻ എന്നു നിങ്ങൾ വിളിച്ച ഞാനിതാ, നിന്ദ്യമായി മരിക്കാൻ പോകുന്നു". ഉടൻതന്നെ കർത്താവിൻെറ ദൂതൻ അവനെ അടിച്ചു വീഴ്ത്തി; ശരീരം പഴുത്തു വീർത്ത് അവൻ പുഴുക്കൾക്കിരയായി. ശ്ലീഹന്മാരോട് അവൻ കാണിച്ച ദുഷ്ടത നിമിത്തം അഞ്ചു ദിവസങ്ങൾക്കു ശേഷം കഠിനവേദനയിൽ അവൻ മരിച്ചു (12:20-23). അവൻ ഏഴു വർഷം ഭരിച്ചു: ഗായൂസിൻെറ ഭരണകാലത്ത് നാല്, ക്ലോഡിയസിൻെറ കാലത്ത് മൂന്ന്.

*"പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു: ശൗലിനെയും ബർണബാസിനെയും എനിക്കുവേണ്ടി വേർതിരിക്കുവിൻ"*(13:2). ഒരു രഹസ്യ വെളിപാടിലൂടെയോ, അതിനർഹരായവരിലൂടെയോ അവൻ അവരോടു

www.malankaralibrary.com



കല്പിച്ചു". *"ഞാൻ അവരെ വിളിച്ചിരിക്കുന്ന ജോലിക്ക്"* (13:2): അതായത്, പുറജാതികളുടെ രക്ഷയുടെ ശുശ്രൂഷകരാകാൻ. കാരണം, അത് ഇതിനെതിരല്ല. സ്വർഗത്തിൽ നിന്നാണ് പൗലോസ് വിളിക്കപ്പെട്ടത്. അവിടുത്തേക്കുവേണ്ടി അവൻ സത്യമായും വിളിക്കപ്പെട്ടു. അവൻെറ വിളിയോടുകൂടി ശ്ലൈഹികനിരയിലേക്ക് അവനു പട്ടം ലഭിച്ചു എന്ന് ചിലർ പറയുന്നു. അങ്ങനെയെങ്കിൽ ഹനനിയാ എങ്ങനെയാണ് അവനെ സ്നാനപ്പെടുത്തിയത്? ഒരു ക്രിസ്ത്യാനി ആകുന്നതിനുമുൻപ് അവൻ എങ്ങനെയാണ് വൈദികനായത്? എന്നാൽ, പരിശുദ്ധാത്മാവിൻെറ കല്പനയനുസരിച്ച് വേർതിരിക്കപ്പെട്ടപ്പോൾ അവൻ പൗരോഹിത്യപദവി സ്വീകരിച്ചു എന്നത് സുസ്പഷ്ടമാണ്. *"അവർ എനിക്കും ബർണബാസിനും കൂട്ടായ്മയുടെ വലത്തുകൈ തന്നു"* (ഗലാ. 2:9).

*"അവർ അവരുടെമേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു"* (13:3): *"അവർ കൈവയ്പു നടത്തി"* എന്ന് അവശ്യാവശ്യം പറഞ്ഞതാണ്. കാരണം, പുതിയ പട്ടവും വേർതിരിവും ഈ സമയത്താണ് നടന്നത്. അതുവഴി, അവർ സഭാംഗങ്ങളുടെ അധ്യക്ഷന്മാരാക്കപ്പെട്ടു. പരിശുദ്ധാത്മാവിൻെറ കല്പനയാൽ അവർ പുറജാതികളുടെ ശ്ലീഹന്മാരായി നിയമിതരായി. എഴുപതിൽ ഒരുവനായിരുന്നു ബർണബാസ് എന്നു പറയപ്പെടുന്നു; പൗലോസിനോടൊപ്പം ശ്ലൈഹികസ്ഥാനം സ്വീകരിച്ച ശേഷം ഒരു കശീശാ ആയി. ശ്ലൈഹിക സ്ഥാനത്തേയ്ക്ക് പട്ടം കിട്ടിയപ്പോൾ പൗലോസും ഒരു കശീശാ ആയിതീർന്നു. ഇത് തിരുലിഖിതത്തിൽ നിന്നു വ്യക്തമല്ല; എന്നാൽ ഹനനിയാ കശീശായിൽനിന്ന് അവൻ സ്നാനം സ്വീകരിച്ചപ്പോൾ, ആ കൈവയ്പുവഴി വിശ്വാസവും ക്രിസ്തുമതവും മാത്രമേ അവനു നൽകപ്പെട്ടുള്ളു; നാം പറഞ്ഞതുപോലെ, പൗരോഹിത്യപദവി ലഭിച്ചില്ല. പിന്നീട് അവൻെറ പേരും മാറ്റി; ശൗലിനു പകരം പൗലോസ് എന്ന് അവൻ വിളിക്കപ്പെട്ടു. അതായത്, അനുസരണയുള്ളവൻ! മിശിഹായോടും അവിടുത്തെ പ്രബോധനങ്ങളോടും അവൻ കാണിച്ച ധിക്കാരങ്ങൾക്കെല്ലാംശേഷം, തന്നിലുള്ള വിശ്വാസത്തിന് അവൻ അനുസരണയുള്ളവനായി തീർന്നു; അവൻെറ സുവിശേഷത്തെ പ്രതി സഹിക്കാനും സന്നദ്ധനായി.

റിവ് അർദഷീറിലെ മെത്രാനായ പേർഷ്യാക്കാരൻ ബാബായ് പറയുന്നത് ഇപ്രകാരമാണ്: "മുമ്പ് നമ്മുടെ കർത്താവിൻെറ ശിഷ്യരുടെ കൊലയെ സംബന്ധിച്ച് അവൻ തൻെറ ക്രോധത്തിൽ, ഇളകിമറിയുന്ന

www.malankaralibrary.com



കടൽപോലെയായിരുന്നു. നമ്മുടെ കർത്താവിൻെറ കൃപയാൽ ഇപ്പോൾ അവൻ ശാന്തനായി. ഇതെനിക്ക് ഗ്രീക്കുപിതാക്കന്മാരിൽനിന്നു കിട്ടിയ അറിവാണ്".

## 12

ബർണബാസിന് യൗസേപ്പ് എന്ന പേരും ഉണ്ടായിരുന്നു. അവൻെറ കരുണനിറഞ്ഞ പെരുമാറ്റം നിമിത്തം ശ്ലീഹന്മാർ അവനെ ബർണബാസ് എന്നു വിളിച്ചു. തന്നെ സമീപിച്ചവരോടൊക്കെ ആശ്വാസവും ശാന്തയും പകരുന്ന രീതിയിൽ അവൻ സംസാരിച്ചിരുന്നു. *"അന്തിപത്രോസ്"* (13:7) ഒരു ന്യായാധിപനാണ്.[37] *"കർത്താവിൻെറ കരം നിൻെറമേൽ നിപതിക്കും"*: അതായത്, ദൈവികശിക്ഷ നിന്നെ സമീപിക്കുന്നു; *'കാഴ്ചയറ്റ് നീ അന്ധനായിത്തീരും'* *"കുറെക്കാലത്തേക്ക്"* എന്നും അവൻ കൂട്ടിച്ചേർത്തു. അതായത്, അനുതപിച്ചാൽ കാഴ്ച തിരികെ കിട്ടും (13:11): തൻെറതന്നെ ദൃഷ്ടാന്തത്തിൽനിന്ന് പൗലോസ് ശിക്ഷ കുറച്ചു കാണാനാണിട; അവനും കുറെക്കാലത്തേക്ക് അന്ധനായിരുന്നു; ഇപ്പോൾ കാഴ്ച തിരിച്ചുകിട്ടി.

## 13

*"അവർ ബർണബാസിനെ ദേവന്മാരുടെ കർത്താവ് എന്നും പൗലോസിനെ ഹെർമെസ് എന്നും വിളിച്ചു"* (14:12): ക്രോണോസിൻെറ പുത്രനായ സേവുസിനെ ദേവന്മാരുടെ കർത്താവ് എന്ന് അവൻ വിളിക്കുന്നു. അവരുടെ ദേവനായ ഈ ക്രോണോസിൻെറ പക്കലേക്ക് ഒരു ഭാവി പ്രവചനം കടന്നുവന്നു: "നിൻെറ ഒരു പുത്രൻ നിന്നെ നിൻെറ ദേവസ്ഥാനത്തുനിന്നും നിൻെറ രാജ്യത്തിൽനിന്നും തള്ളിപ്പുറത്താക്കും". അതുകൊണ്ട്, പ്ലൂട്ടോയെപ്പോലെയും പൊസെയ്ദോനെപ്പോലെയും മറ്റുള്ളവരെപ്പോലെയും തൻെറ മക്കളെ ഓരോരുത്തരെ അവൻ വിഴുങ്ങി. സേവുസ് ജനിച്ചപ്പോൾ സുന്ദരനാണെന്ന് അവൻെറ അമ്മ റെയാ കണ്ടു. അവൾക്ക്

37. ഉപസ്ഥാനപതി

www.malankaralibrary.com



ശിശുവിൽ അനുകമ്പ തോന്നി അതിനെ ഒളിച്ചുവച്ചു. അവൾ അതിനെ *കൊറിബാന്തെസിനും* - അതായത്, പാട്ടുകാർക്കും തപ്പു കൊട്ടുന്നവർക്കും - പരിചമുട്ടുകാരായ *കുരേറ്റെസിനും* കൊടുത്തു. കുട്ടി കരയുമ്പോൾ അവന്റെ സ്വരം കേട്ട് അവനെ വിഴുങ്ങാതിരിക്കാനാണ് ഇപ്രകാരം ചെയ്തത്. കുട്ടിക്കുപകരം, പഴന്തുണിയിൽ പൊതിഞ്ഞ ഒരു കല്ല് അവൾ ക്രോണോസിനു നൽകി. അവൻ ആ കല്ല് വിഴുങ്ങിയപ്പോൾ, താൻ വിഴുങ്ങിയ മക്കളെയെല്ലാം അവൻ പുറഞ്ഞുകൊണ്ടുവന്നു. സേവുസ് വളർന്നപ്പോൾ തന്റെ പിതാവിനെ കെട്ടിയിട്ടു. അവന്റെ വൃഷണങ്ങൾ മുറിച്ചിട്ട് അവനെ ആകാശത്തുനിന്ന് തള്ളി തർതാരുസിന്റെ അന്ധകാരത്തിലേക്കിട്ടു. എന്നാൽ ക്രോണോസിന്റെ മുറിഞ്ഞ വൃഷണങ്ങളിൽ നിന്ന് ഒരു തുള്ളി ബീജം കടലിൽ വീണു; അതിൽനിന്ന് വ്യഭിചാരത്തിന്റെയും മന്ത്രവാദത്തിന്റെയും ദേവിയായ അഫ്രൊഡൈറ്റ് ഉയർന്നുവന്നു. അക്കാലംമുതൽ അവളുടെ നിരവധി ഐതിഹ്യങ്ങളുണ്ട്. പിന്നീട് സേവുസ് ആകാശത്തിൽ കടന്ന് എല്ലാ ദേവന്മാർക്കും ഉപരിയായി രാജ്യം കരസ്ഥമാക്കി; ചിലപ്പോഴൊക്കെ അവൻ താഴേക്കിറങ്ങിവന്ന് എല്ലാത്തരം രൂപഭാവങ്ങളും എടുത്തു. അവൻ സ്ത്രീകളോടും പുരുഷന്മാരോടും കൊടിയ ദ്രോഹം കാട്ടി, എല്ലാത്തരം വഷളത്തങ്ങളും പ്രവർത്തിച്ചു. അവനെ അവർ *ദേവന്മാരുടെ കർത്താവ്* എന്നു വിളിച്ചു. എന്നാൽ മറ്റ് ദേവന്മാരേക്കാൾ ബുദ്ധിശാലിയും സമർത്ഥനും സയുക്തികനുമായ ദേവനെ *ഹെർമെസ്* എന്നു വിളിച്ചു. അവർ അവനെ *ഹെർമെസ് ത്രിസ്മെജിസ്തുസ്*, അതായത്, മൂന്നു കാര്യങ്ങൾ - ഭാവിയും ഭൂതവും വർത്തമാനവും - അറിയുന്നവൻ എന്നു വിളിച്ചു. ഇതിനാൽ *"അവർ പൗലോസിനെ ഹെർമെസ് എന്നു വിളിച്ചു". 'ഇളകി മറിഞ്ഞ ജനക്കൂട്ടമാണ് 'ഒക്‌ലോയ്'.*

*"യൂദയായിൽ നിന്ന് ആളുകൾ അന്ത്യോക്യയിൽ വന്നു"* (15:1): അതായത്, മിശിഹായിൽ വിശ്വസിക്കുകയും പരിച്ഛേദനവും മോശയുടെ നിയമവും അനുഷ്ഠിക്കുകയും മിശിഹായിലുള്ള വിശ്വാസത്തോടൊപ്പം എല്ലാ നൈയാമിക സംഗതികളും അനസരിക്കണമെന്ന് പുറജാതികളിൽനിന്ന് വിശ്വസിച്ചവരെ പഠിപ്പിക്കുകയും ചെയ്തവർ. എന്നാൽ മനുഷ്യരക്ഷയ്ക്ക് മിശിഹായിലുള്ള വിശ്വാസവും കല്പനകളുടെ പാലനവും മതിയെന്ന് പൗലോസും ബർണബാസും കാണിച്ചുകൊടുത്തു. ഈ തർക്കത്തിന്റെ പരിഹാരത്തിനായി ഇരുവിഭാഗക്കാരും ജറുസലേമിൽ ശ്ലീഹന്മാരുടെയും കശീശന്മാരുടെയും പക്കലേയ്ക്ക് പോയി.

www.malankaralibrary.com



# 14

*"നമുക്കോ നമ്മുടെ പിതാക്കന്മാർക്കോ വഹിക്കാൻ വയ്യാത്ത....."* (15:10): അസ്ഥികളെ സ്പർശിക്കാനിടയായാലോ, നിയമത്തിൽ വിലക്കിയിരിക്കുന്നവയിൽ എന്തിനെയെങ്കിലും സമീപിക്കുകയോ ചെയ്താൽ ഉണ്ടാകാവുന്ന നിരവധി പാപങ്ങളാലും ഭാരങ്ങളാലും ശാപങ്ങളാലും നാം നിരന്തരമായി കീഴമർത്തപ്പെട്ടുകൊണ്ടിരുന്നു.

*"വ്യഭിചാരത്തിൽനിന്നും"* (15:20): ഇവിടെ അവൻ സംസാരിക്കുന്നത് അതിനെപ്പറ്റിതന്നെയല്ല; പിന്നെയോ, ദേവപ്രീതിക്കെന്ന വ്യാജേന അവർ നടത്തിയിരുന്ന പതിവിനെയത്രേ. അതായത്, ആദ്യം അമ്പലങ്ങളിലെ പൂജാരികളുമായി വ്യഭിചാരത്തിലേർപ്പെടാതെ സ്ത്രീകൾക്ക് പുരുഷന്മാരുടെ ഭാര്യമാരാകാൻ അനുവാദമില്ലായിരുന്നു.

*"എല്ലാ നഗരങ്ങളിലും മോശയുടെ നിയമം പ്രഘോഷിക്കുന്നവരുണ്ടായിരുന്നു"* (15:21): അതായത്, നിയമം പഠിപ്പിക്കുന്നവർ മോശയ്ക്ക് എല്ലാ നഗരങ്ങളിലും ഉള്ളതുപോലെ, നാമും നമ്മുടെ കർത്താവായ മിശിഹായെയും, അവനോടുകൂടി ഉദയം ചെയ്തതും എല്ലാ മനുഷ്യരുടെയും മുമ്പാകെ, ഒരുപോലെ വച്ചിരിക്കുന്നതും ആത്മീയകാര്യങ്ങളിൽ അവരെ നവീകരിക്കുന്നതുമായ കൃപയെയും പ്രഘോഷിക്കാൻ പരിശ്രമിക്കുന്നു.

*"മർക്കോസ് എന്നു വിളിക്കപ്പെടുന്ന യോഹന്നാനെകൂടി കൊണ്ടുപോകുവാൻ ബർണബാസ് ആഗ്രഹിച്ചു. എന്നാൽ പൗലോസ് അതാഗ്രഹിച്ചില്ല"* (15:37-38). കാരണം, "പുറജാതികളോടു പ്രസംഗിക്കുന്നതിൽ അവരോടൊപ്പം പണിയെടുക്കണമെന്നുള്ള നിബന്ധനയിലാണ് ജറുസലേമിൽ നിന്ന് ഈ യോഹന്നാൻ ആദ്യം അവരോടൊപ്പം പോയത്. എന്നാൽ അവൻ അവസാനം മനസ്സു മാറ്റി, അവരിൽനിന്നു പിരിയുകയും ജറുസലേമിലേക്കു തിരികെ പോകുകയും ചെയ്തു. നിയമാനുഷ്ഠാനം കൂടാതെ, മിശിഹായിലുള്ള വിശ്വാസം പുറജാതികൾക്ക് പകർന്നുകൊടുക്കാൻ അവൻ ആഗ്രഹിച്ചില്ല. എന്നാൽ നിയമാനുഷ്ഠാനം കൂടാതെ അവർക്കു വിശ്വാസം സ്വീകരിക്കാം എന്ന് ശ്ലീഹന്മാർ കത്തുകൾ എഴുതിയത് കണ്ടപ്പോൾ വീണ്ടും അവരോടൊത്ത് ഈ ജോലിയിൽ സഹകരിക്കാൻ പറ്റുമോ എന്ന് അവൻ ആരാഞ്ഞു. ബർണബാസ്, പേരിൽനിന്നു വ്യക്തമാകുന്നതുപോലെ കരുണനിറഞ്ഞവനായിരുന്നതിനാൽ, ഈ

www.malankaralibrary.com



കാര്യങ്ങളൊക്കെ അവനോട് ക്ഷമിച്ചിരുന്നു. എന്നാൽ പൗലോസാകട്ടെ, പ്രബോധനത്തിൻെറ കൃത്യതയെപ്പറ്റി ധ്യാനിക്കുകയും അതു കാംക്ഷിക്കുകയും ചെയ്തിരുന്നതിനാൽ, ബർണബാസിൻെറ മനഃചാഞ്ചല്യം നിമിത്തം, അവൻ ഈ ജോലിക്കു പറ്റിയവനല്ല എന്നു കരുതി. ഇത് കൃപയിൽ നിന്നുണ്ടായതാണ്. അവർ വേർപിരിഞ്ഞതുവഴി ഇരട്ടി ജോലി ചെയ്യാൻ അവർക്കു കഴിഞ്ഞു.

ഒരു അരാമ്യൻ, അതായത്, പുറജാതിക്കാരൻ, ആയിരുന്നെങ്കിലും തിമോതിയൊസിനെ *പൗലോസ് പരിച്ഛേദനം ചെയ്തു* (16:3). കാരണം, തൻെറ കൂടെയുള്ളയാൾ പരിച്ഛേദനമോ, നെയാമികാരാധനയോ കൂടാതെ, പുറജാതികളിൽനിന്നുള്ളവർക്ക് വിശ്വാസം പകർന്നുകൊടുത്താൽ, അപരിച്ഛേദിതനും നിയമത്തിന് അന്യനും എന്ന നിലയിൽ അവൻെറ പ്രബോധനം ഉറപ്പിക്കപ്പെടുകയില്ല, ആരും വിശ്വസിക്കുകയുമില്ല എന്ന് പൗലോസ് കരുതി. അവൻ ഒരു പുറജാതിക്കാരൻ ആയതിനാലാണ് നിയമാനുഷ്ഠാനം ആവശ്യമില്ലെന്ന് അവൻ പഠിപ്പിക്കുന്നത് എന്ന് കരുതപ്പെടാൻ ഇടയുണ്ട്. തൻെറ പ്രബോധനത്തിൽ ഉറപ്പുള്ളവനാകാനായി, ഇക്കാരണത്താൽ പൗലോസ് അവനെ പരിച്ഛേദനത്തിനു വിധേയനാക്കി. അപ്പോൾ മുതൽ, നിയമം അനുഷ്ഠിക്കാതിരിക്കുന്നത് നിയമത്തിനെതിരാണ് എന്നും, അവൻ വിശ്വാസത്തിലേക്കു കൊണ്ടുവരുന്ന പുറജാതിയിൽപെട്ടവർ ആരുതന്നെ ആയാലും പരിച്ഛേദനം നടത്തണം എന്നും അവൻ കരുതിയില്ല.

# 15

*"ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിൻെറ ദാസരാണ്"* എന്ന് വിളിച്ചുപറഞ്ഞ വെളിച്ചപ്പാടുകാരിയോട് പൗലോസ് കോപിച്ചു (നട.16: 16-18). അവളിൽ നിന്നുള്ള സാക്ഷ്യം ശ്ലീഹന്മാർക്ക് ആവശ്യമാണ് എന്നു കരുതപ്പെടാതിരിക്കാനായിരുന്നത്. ആ നാഴിക പൗലോസ് കോപിക്കുകയും ചെയ്തു. അത് അവളിൽനിന്നു പുറത്തുപോയി. പാത്രത്തിൻെറ വക്കിൽ പുരട്ടുന്ന അല്പം തേൻതുള്ളി കൊണ്ടല്ല സാധാരണക്കാരുടെ ഇടയിൽ അവർ തങ്ങളുടെ വിഷം വിതയ്ക്കേണ്ടത്. നമ്മുടെ കർത്താവും അവയെ ശകാരിച്ചു. അവൻ അവരിൽ ചിലരുടെ കാതുകൾ പരിപൂർണമായി അടച്ചുകളഞ്ഞു.

www.malankaralibrary.com



*"ന്യായാധിപന്മാർ"* (16:20): അതായത്, പടയാളികളും പോരാളികളും. മജിസ്ത്രാതെസ്, എകിറ്റെസ്.[38] പൗരത്വത്തിൽ *"ഞങ്ങൾ റോമാക്കാരാണ്"* എന്ന് അവർ പറഞ്ഞു (16:21). കാരണം, റോമാക്കാരുടെ അധീനത്തിൽ പെട്ട ഒരു പട്ടണത്തിൽ നിന്നായിരുന്നു അവർ. പൗലോസ് ചിലപ്പോഴൊക്കെ റോമാക്കാരനെന്നും, ചിലപ്പോൾ യഹൂദനെന്നും സ്വയം വിളിച്ചിട്ടുണ്ട്. അവൻ യഹൂദകുടുംബത്തിൽ പെട്ടവനും നിയമം അനുഷ്ഠിക്കുന്നവനുമായിരുന്നതിനാൽ യഹൂദൻ; റോമാക്കാരുടെ ഒരു പട്ടണമായ തർസോസിൽ ജനിച്ചു വളർന്നതിനാൽ റോമാക്കാരൻ. സിവിൾ സംഗതികളിൽ അവൻ റോമൻപ്രജയും റോമൻ നിയമം അുസരിക്കുന്നവനുമായിരുന്നു. തർസോസ് ഒരു *കോളനി* ആയിരുന്നു. ഇതും പറയപ്പെടുന്നു: സീസർ യുദ്ധത്തിനുപോയപ്പോൾ വെള്ളമില്ലാത്ത ഒരു സ്ഥലത്തെത്തി. സീസറും കൂടെയുള്ളവരും ദാഹത്താൽ വലഞ്ഞു. ഈ കോളനിക്കാരൻ ഒരു കുടം വെള്ളം വില്ക്കാൻ കൊണ്ടുനടക്കുന്നതായി കാണപ്പെട്ടു. സീസർ കുടിച്ചിട്ട് അവനോടു പറഞ്ഞു: "ഞാൻ നിനക്ക് എന്തു ചെയ്തുതരണമെന്ന് ആവശ്യപ്പെട്ടാലും". റോമൻ സാമ്രാജ്യത്തിലെ എല്ലാ മെത്രാപ്പോലീത്തൻ നഗരങ്ങളിലും, ഒരു കുടം വെള്ളം വില്ക്കാനായി താൻ ചുമന്നുകൊണ്ടുനില്ക്കുന്ന രൂപം ഉണ്ടാക്കിവയ്ക്കണം എന്ന് അവൻ മറുപടി പറഞ്ഞു.

## 16

*"ബേറോയായിലെ യഹൂദർ തെസലോനിക്കയിൽ ഉള്ളവരേക്കാൾ മാന്യന്മാരായിരുന്നു"* (17:11): അതായത്, അവർ കൂടുതൽ ശാന്തരും, സത്യത്തോട് ആദരവുള്ളവരും സന്മനോഭാവത്തോടുകൂടി പ്രബോധനം സ്വീകരിച്ചവരുമായിരുന്നു. *"ഈ വായാടി എന്താണു പറയാൻ പോകുന്നത്?"* (17:18): അവൻെറ പ്രബോധനം നിസ്സാരവും നിന്ദ്യവുമാണെന്ന് കരുതി അവർ അവനെ വായാടി എന്നു വിളിച്ചു. അതൊരു പറവയുടെ പേരാണ്. ചിലർ അതിനെ കരിയിലക്കിളി എന്നും, ചിലർ *കലപിലക്കിളി* എന്നും വിളിച്ചിരുന്നു. അതു വളരെ ചെറിയ കിളിയാണ്; ഒരു പന്നപ്പറവയാണ്; തിന്നാനും കൊള്ളുകില്ല, കാണാനും കൊള്ളുകില്ല. അതു മനുഷ്യ

---

38. Magistrates, Equites.

www.malankaralibrary.com



വിസർജ്യമോ ചീഞ്ഞ മരത്തിലെ പുഴുക്കളെയോ ഒക്കെ തിന്നുന്നു. *"അവൻ അപരിചിത ദേവന്മാരുടെ പ്രബോധകനാണ്" എന്ന് മറ്റുള്ളവർ പറഞ്ഞു"* (17:18).

*"അവർ അവനെ അറെയ്യോസ് പാഗോസ് എന്നു വിളിക്കപ്പെടുന്ന വിസ്താരസ്ഥലത്ത് കൂട്ടിക്കൊണ്ടുവന്നു"* (17:19): അവിടെ *ആറെസ്* ശിക്ഷ അനുഭവിച്ചതിനാലാണ് *അറെയ്യോസ് പാഗോ* എന്നു വിളിക്കപ്പെടുന്നതെന്ന് പുറജാതികൾ പറയുന്നു. *പാഗോസ്* എന്നാൽ ഉയർന്ന സ്ഥലം എന്നർത്ഥം. റോമൻ സാമ്രാജ്യത്തിലെ പതിവനുസരിച്ച് ആ ന്യായാസനം ഉയർന്ന സ്ഥലത്തായിരുന്നു. ഗ്രാമത്തലവന്മാരെയും ജില്ലാ ഭരണാധികാരികളെയും ഒക്കെ *അറെയോപഗൈറ്റ്സ്* എന്ന് വിളിച്ചിരുന്നു. *ആറെസ്* എപ്രകാരം പാപം ചെയ്തെന്നും ശിക്ഷിക്കപ്പെട്ടെന്നും ചെക്രോപ്സിൻെറ പുത്രിയായ അഗ്രാവുളോസിനെപ്പറ്റിയുള്ള കാമത്തിൽനിന്ന് ആറെസ് എങ്ങനെ വിമോചിതനായെന്നും അവർ വിവരിക്കുന്നു. അവളോടുള്ള കാമത്താൽ, അവളുടെ വിവാഹത്തിനു മുൻപ് ബലാൽക്കാരമായി അവളെ തട്ടിക്കൊണ്ടുപോയി; അവൾക്കതിനൊട്ടും മനസ്സില്ലായിരുന്നു. അവളുടെ ബന്ധുക്കളും അതേപ്പറ്റി ചിന്തിച്ചിരുന്നില്ല. എന്നാൽ അവളെ രാക്ഷസീയമായി വലിച്ചിഴയ്ക്കുകയും വിവാഹം കഴിക്കാനായി തടവിലാക്കുകയും ചെയ്തു. അവളിൽനിന്ന് അവൻ അൽക്മേനായെ അഥവാ അൽകിപ്പായെ ജനിപ്പിച്ചു. പൊസെയ്ദോൻെറ പുത്രനായ അലിറുതിയുസ് അഥവാ ഹലിറൊതിയോസ് അവളെ സ്വീകരിച്ചു. തൻെറ മകളുടെ അവമാനത്തിൽ ആറെസ് ക്ഷുഭിതനായി. അയാൾ തന്നെത്തന്നെ മറന്നുകൊണ്ട് അലിറുതിയുസിനെ കൊന്നു. അതായത്, താൻ കെക്രോപ്സിൻെറ പുത്രിയെ ബലാൽക്കാരമായി തട്ടിയെടുത്ത കാര്യം. അവളോ അവളുടെ ബന്ധുജനങ്ങളോ അതാഗ്രഹിച്ചിരുന്നില്ല. എന്നാൽ അവൻ അലിറുതിയുസിനെ ബലപ്രയോഗത്താൽ കൊന്നതല്ല. പെൺകുട്ടിയുടെ ഇഷ്ടത്തോടും അവളുടെ മകൻെറ സമ്മതത്തോടുംകൂടെയാണ് ഇതു ചെയ്തത്. തൻെറ മകനെപ്രതി പൊസെയ്ദോൻ ഈ സ്ഥലത്തുവച്ച് നിയമ നടപടി നടത്തി. ഒരു കൊലയാളി എന്ന നിലയിൽ ആറെസ് കുറ്റക്കാരനായി കണ്ടെത്തപ്പെടുകയും വിധിക്കപ്പെടുകയും ചെയ്തു. തൻെറ അവമാനത്തിൻെറ കുപ്രസിദ്ധതയ്ക്കും വെളിപ്പെടുത്തലിനുമായി അവൻ ആ സ്ഥലത്തിന് തൻെറ പേര് ശേഷിപ്പിച്ചു. വിജ്ഞാനത്തിലും പെരുമാറ്റത്തിലും അവരെല്ലാവരെക്കാളും ശ്രേഷ്ഠനായ ആളെ, പ്രത്യേകിച്ച്, അവരുടെ ഇടയിലെ പ്രധാനിയെ മാത്രമേ ആ ന്യായാസനത്തിൽ അവർ

www.malankaralibrary.com



നിയമിച്ചിരുന്നുള്ളു. ഇത്തരത്തിൽ ഒരാളായിരുന്നു *ദിവന്നാസ്യോസ്* (17:34). അവൻ ഒരു ശിഷ്യനായിതീർന്ന് പൗലോസിനോടു ചേർന്ന് ആഥൻസിലെ ആദ്യത്തെ എപ്പിസ്കോപ്പാ ആയിത്തീർന്നു.

*'അജ്ഞാതദേവന്'* എന്ന് എഴുതിയിരിക്കുന്ന ബലിപീഠത്തെപ്പറ്റി (17:23) മാർ അപ്രേമും മറ്റുള്ളവരും ഇപ്രകാരം പറയുന്നു: ആഥൻസിൽ ചിലപ്പോഴൊക്കെ വരൾച്ചയും ഭൂമികുലുക്കവും ഉണ്ടായിട്ടുണ്ട്. ഓരോ ദിവസവും ഒന്നിച്ചു പ്രാർത്ഥിക്കാനായി അവർ ആലോചിച്ചപ്പോൾ, അവർ തങ്ങളുടെ ദേവന്മാരുടെയെല്ലാം ബലപീഠങ്ങളും മാറ്റിയിരുന്നു. ബലിപീഠങ്ങളെല്ലാം തീർന്നെങ്കിലും സഹായം ഒന്നും ഉണ്ടായില്ല. ഉടനെ അവർ അവയെല്ലാം തട്ടിമറിച്ച് താഴെയിട്ടു. അവർ വീണ്ടും ഒന്നിച്ചുകൂടി ആലോചന നടത്തി: "വേറാരും ഇല്ലെങ്കിൽ, നമ്മെ ശല്യം ചെയ്യുന്നതിൽ നിന്ന് പിൻതിരിയാത്ത ഇവൻ ആരാണ്?" ഉടനെ അവർ *നിഗൂഢദൈവത്തിന്*, അവൻ ആരായാലും, ബലിപീഠം ഉണ്ടാക്കി സ്ഥാപിച്ചു. അവരുടെ മാനസികക്ലേശത്തെപ്പറ്റി കൃപയുടെ കാരുണ്യം വെളിപ്പെടുത്തിയപ്പോൾ, അവിടുന്ന് അവർക്കു സഹായം അയച്ചുകൊടുത്തു.

എന്നാൽ *ഭാഷ്യകാരൻ* പറയുന്നത് ഇപ്രകാരമാണ്: ഒരിക്കൽ ആഥൻസുകാർ അവരുടെ ശത്രുക്കളുമായി യുദ്ധത്തിലായിരുന്നു; യുദ്ധത്തിൽ ആഥൻസുകാർ പരാജയപ്പെട്ട് പിന്മാറി. അപ്പോൾ ഏതോ പിശാച് കാണപ്പെട്ട് അവരോടു പറഞ്ഞു: "ഞാൻ അർഹിക്കുന്നതുപോലെ നിങ്ങൾ എന്നെ ഒരിക്കലും ബഹുമാനിച്ചിട്ടില്ല. ഞാൻ നിങ്ങളോട് കോപിച്ചിരിക്കുന്നതുകൊണ്ടാണ് നിങ്ങൾ ശത്രുക്കളുടെ മുമ്പിൽ പരാജിതരായത്". അപ്പോൾ ആഥൻസുകാർ ഭയപ്പെട്ട്, അവന് പ്രശസ്തമായ ബലിപീഠം സ്ഥാപിച്ചു. അവർക്കജ്ഞാതനായിരുന്നവനെ രഹസ്യമായി അവഗണിച്ചാൽ ഇതുതന്നെ അവർക്കു സംഭവിക്കുമെന്ന് ഭയന്ന് അവർ തങ്ങൾക്കായി മറ്റൊരു ബലിപീഠവും സ്ഥാപിച്ചു. *"അജ്ഞാതനും നിഗൂഢനുമായ ദൈവത്തിന്"* എന്ന് അതിൽ എഴുതിവച്ചു. ഞങ്ങൾ വിശ്വസിക്കാത്ത ഒരു ദൈവമുണ്ടെങ്കിലും, അറിയപ്പെടുന്നതുപോലെ അവനെ ഞങ്ങൾ ബഹുമാനിക്കുന്നില്ലെങ്കിലും, അവൻ ഞങ്ങളുമായി അനുരഞ്ജനപ്പെട്ടിരിക്കാൻ, അവൻെറ ബഹുമാനാർത്ഥം ഞങ്ങൾ ഈ ബലിപീഠം സ്ഥാപിക്കുന്നു എന്ന് പറയാൻ അവർ ആഗ്രഹിച്ചു. അതിൽനിന്ന് പൗലോസ് തൻെറ പ്രസംഗം തുടങ്ങി. അവരുടെ മുമ്പാകെ ഇപ്രകാരം അവതരിപ്പിച്ചു: "ആരെ അറിയാതെ നിങ്ങൾ ആർക്കുവേണ്ടി ബലിപീഠം

www.malankaralibrary.com



സ്ഥാപിച്ചുവോ, ആ നിഗൂഢദൈവത്തെപ്പറ്റി നിങ്ങളോടു പറയാനാണ് ഞാൻ വന്നിരിക്കുന്നത്. സത്യദൈവത്തെയൊഴിച്ച് നിങ്ങൾ അറിയാത്ത ദേവന്മാർ ആരും ഇല്ല; എന്നാൽ അവിടുന്നാണ് തന്റെ കല്പനയാൽ കാലങ്ങളെയും അതിർത്തികളെയും നിശ്ചയിച്ചു തന്നിട്ടുള്ളത് (17:22-31). *"അവിടുന്ന് കാലങ്ങളെ നിശ്ചയിച്ചിരിക്കുന്നു"* (17:26): അതായത്, വേനൽക്കാലം,[39] തണുപ്പുകാലം, വസന്തകാലം, ഫലകാലം എന്നിങ്ങനെ വിവിധ കാലങ്ങൾ. *"അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു. നാം അവന്റെ സന്താനങ്ങൾ ആണെന്ന് നിങ്ങളുടെ തന്നെ ചില കവികൾ പറഞ്ഞിട്ടുണ്ടല്ലോ"* (17:28). ഏതോ അക്രൈസ്തവ കവികളിൽ നിന്നാണ് പൗലോസ് ഇവ രണ്ടും എടുത്തിട്ടുള്ളത്. "അവനിൽ നാം ജീവിക്കുന്നു ....." സെവുസിനെപറ്റി സത്യമെന്ന നിലയിൽ ക്രേത്യർ ഇപ്രകാരം പറഞ്ഞു: "അവൻ ഒരു കർത്താവായിരുന്നു; ഒരു കാട്ടുപന്നി അവനെ കുത്തിക്കീറി; അവനെ കുഴിച്ചിട്ടു! ഇതാ, അവന്റെ കല്ലറ നമുക്കറിയാവുന്നതാണ്. അതുകൊണ്ട് സേവുസിന്റെ മകൻ മിനോസ് തന്റെ പിതാവിനുവേണ്ടി ഒരു സ്തുതിപ്രഭാഷണം നടത്തി. അതിൽ അവൻ പറഞ്ഞു: ഉന്നതനേ, പരിശുദ്ധനേ, ക്രേത്യർ നിനക്കൊരു കല്ലറ ഉണ്ടാക്കി. നുണയർ, ദുഷ്ടമൃഗങ്ങൾ, ഭോജനപ്രിയർ, (തീത്തൂ. 1:12). കാരണം, നീ എന്നേക്കും മരിച്ചില്ല; നീ ഉത്ഥാനം ചെയ്ത് ജീവിക്കുന്നു. കാരണം, നിന്നിൽ ഞങ്ങൾ ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു". - മീനോസിൽ നിന്നാണ് ഭാഗ്യവാനായ പൗലോസ് ഈ വാചകം എടുത്തത്. "നാം അവന്റെ സന്താനങ്ങൾ ആണ്" എന്ന വാചകം അറാതുസ് എന്ന കവിയിൽ നിന്നുള്ളതാണ്. അവൻ ദൈവത്തെപ്പറ്റിയും സപ്തഗ്രഹങ്ങളെപ്പറ്റിയും പന്ത്രണ്ട് രാശി ചക്രങ്ങളെപ്പറ്റിയും എഴുതി. "ആകാശനാഥനായ സേവുസ് എന്ന ദേവനിൽനിന്നു നാം ആരംഭിക്കുന്നു. അവന്റെ നാമം കൊണ്ട് എല്ലാ ചന്തകളും, കടലുകളും ആകാശങ്ങളും നിറഞ്ഞിരിക്കുന്നു. എല്ലായിടത്തുമുള്ള മനുഷ്യരായ നമുക്കെല്ലാവർക്കും അവനെ കൊണ്ട് ആവശ്യമുണ്ട്; കാരണം, നാം അവന്റെ സന്തതികളാണ്. അവൻ തന്റെ നന്മയിൽനിന്ന് എല്ലാ മനുഷ്യർക്കും നല്ല അടയാളങ്ങൾ നൽകുന്നു. ജോലിക്കു മുന്നോട്ടുവരാൻ അവൻ നമ്മെ പ്രേരിപ്പിക്കുന്നു ദൃശ്യവും അദൃശ്യവുമായവ അവൻ ക്രമീകരിക്കുന്നു. ഇക്കാരണത്താൽ നാമെല്ലാവരും അവനെ ആരാധിച്ചുകൊണ്ടു പറയുന്നു: "അത്ഭുതവാനും

39. കൈത്താക്കാലം.

www.malankaralibrary.com



മഹനീയനുമായ ഞങ്ങളുടെ പിതാവേ, നിനക്കു സ്തുതി". ആത്മാക്കൾ ദൈവപ്രകൃതി ആണെന്ന് പ്ലേറ്റോയും മറ്റുള്ളവരും പറയുന്നു.

*കൂടാരപ്പണിക്കാർ* (18:3) ചിലർ പറയുംപോലെ ജീനി ഉണ്ടാക്കുന്നവരല്ല; പിന്നെയോ, ഇടക്കെട്ടുകളും അരക്കെട്ടുകളും കടിഞ്ഞാണുകളും ഉണ്ടാക്കുന്നവരാണ്. *"പൗലോസ് അവിടെ തീവ്രശ്രമത്തിലായിരുന്നു"* (18:5): കാരണം, അവന് അവിടെ സഹായികളാരും ഇല്ലായിരുന്നു. അവന്റെ നിർദ്ദേശാനുസൃതം ശീലാസും തിമോതിയോസും മാസിഡോണിയായിൽനിന്നു വന്നു. അതിനുശേഷം അവൻ പ്രബോധനത്തിൽ അതീവ താല്പര്യം കാട്ടി.

# 17

എഫേസോസുകാർ ഭാഗ്യവാനായ യോഹന്നാന്റെ വരവിനുമുമ്പ്, അജ്ഞാതനായ ഏതോ വചനപ്രഘോഷകനിൽനിന്ന്, വിശ്വാസം സ്വീകരിക്കയും സ്നാനപ്പെടുകയും ചെയ്തിരിക്കാനാണിട. എഫേസോസുകാരും വിശ്വാസം സ്വീകരിച്ചു എന്നു കേട്ട പൗലോസ് പിന്നീട് അവർക്കൊരു ലേഖനം അയച്ചു. തന്റെ ലേഖനത്തിൽ അവൻ സൂചിപ്പിക്കുന്നതുപോലെ, അവർ അവനെ അതുവരെ കണ്ടിരുന്നില്ല: *"ഇതാ, നമ്മുടെ കർത്താവിലുള്ള നിങ്ങളുടെ വിശ്വാസത്തെപ്പറ്റി ഞാൻ കേട്ടിരിക്കുന്നതിനാൽ...."* (എഫേ. 1:15). ലേഖനം അയച്ചശേഷം അവൻ അവരുടെ പക്കലേക്കു പോകുകയും വിശ്വാസികളെയും യോഹന്നാൻ സ്നാപകന്റെ സ്നാനം മാത്രം സ്വീകരിച്ചവരെയും കാണുകയും ചെയ്തു. അവൻ അവരെ സ്നാനപ്പെടുത്തുകുയും പരിശുദ്ധാത്മദാനം പ്രദാനം ചെയ്യുകയും ചെയ്തു (നട. 19:1-6).

*"അവർ പന്ത്രണ്ടുപേരായിരുന്നു"* (19:7): മറ്റു വിശ്വാസികൾ ഇല്ലായിരുന്നു എന്നല്ല ഇതിനർത്ഥം. പിന്നെയോ, യോഹന്നാന്റെയോ അവന്റെ മരണശേഷം അവിടെവന്ന അവന്റെ ശിഷ്യരിൽ ഒരുവന്റെയോ സ്നാനം മാത്രം സ്വീകരിച്ച പന്ത്രണ്ടുപേരെ അവിടെ കണ്ടു എന്നാണർത്ഥം. ഈ മനുഷ്യർ യൂഹദരിൽ നിന്നല്ല; പിന്നെയോ, പുറജാതിക്കാരിൽനിന്ന് ആയിരിക്കാനാണിട. പൗലോസ് അവരെ പ്രബോധനത്തിൽ പൂർണമായി ഉറപ്പിച്ചിട്ട് തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നതു

www.malankaralibrary.com



പോലെ തിമോതിയോസിനെ അവിടെ ആക്കി: *"ഞാൻ മാസിഡോണിയായിലേക്കു പോയപ്പോൾ നിന്നോട് ആവശ്യപ്പെട്ടതുപോലെ നീ എഫേസോസിൽ താമസിക്കുക"* (1 തിമോ. 1:3).

എന്നാൽ *ഭാഷ്യകാരൻ* ഇപ്രകാരമാണു പറയുന്നത്: വളരെ നാളുകൾക്കുശേഷം യോഹന്നാൻ എഫേസോസിൽ എത്തി പരിശോധിക്കുകയും, സുവിശേഷാത്മകമായി എല്ലാം ക്രമീകരിക്കുകയും ചെയ്തു. എന്നാൽ, പൗലോസ് ശ്ലീഹാ ലേഖനം എഴുതിയപ്പോൾ യോഹന്നാൻ അവിടെ പോയിരുന്നില്ല. എന്നാൽ നേരത്തെതന്നെ എഫേസോസുകാർ യോഹന്നാനിൽനിന്ന് സുവിശേഷം സ്വീകരിച്ചു എന്ന് ചിലർ പറയുന്നതിനു വിരുദ്ധമായിട്ട് അവൻ പറയുന്നുണ്ട്. യോഹന്നാൻെറ തന്നെ *വിവരണത്തിൽ* നിന്ന് ഇതു വ്യക്തമാകുന്നു (വെളി. 3:1) - ഒരുപക്ഷേ യോഹന്നാൻ ആദ്യം അവിടെ പോയി കുറേനാൾ തങ്ങി; അവരെ വിശ്വാസം പഠിപ്പിച്ചിരിക്കാം; അധികം വൈകാതെ തിരിച്ചുപോയി. അക്കാലത്ത് ശ്ലീഹന്മാർ, ഒരിടത്തു തന്നെ ദീർഘകാലം താമസിക്കാതെ, മാറിമാറി സഞ്ചരിച്ചിരുന്നു. യോഹന്നാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ, ആ ജനങ്ങളുടെ അധ്യക്ഷനായി തിമോതിയോസിനെ നിയമിക്കുക ഇല്ലായിരുന്നു എന്നും നാം അറിഞ്ഞിരിക്കണം.

*അവൻ ടിറാന്നസിൻെറ പാഠശാലയിൽ എല്ലാദിവസവും പഠിപ്പിച്ചുകൊണ്ടിരുന്നു* (19:9): അയാൾ പ്രശസ്തനായ ഒരധ്യാപകനായിരുന്നിരിക്കണം. അവൻ മിശിഹായിൽ വിശ്വസിച്ചതിനാൽ പഠിപ്പിക്കാനായി ആ പാഠശാല പൗലോസിനു കൊടുത്തു. ചിലരുടെ അഭിപ്രായത്തിൽ *പാഠശാല* ഒരു *ജിമ്നാസിയമാണ്*; എന്നാൽ യഥാർഥത്തിൽ ഒരു പ്രബോധനഭവനമായിരുന്നത്. - *സ്കോളിയാ* എന്നാൽ സുറിയാനിയിൽ *വിവരണം* എന്നാണർത്ഥം.

## 18

*"അർതേമീസിൻെറ വിഗ്രഹം ആകാശത്തുനിന്ന് താഴേക്കു വന്നു"* (19:35) എന്ന ആശയം അവർക്ക് എവിടെനിന്നു കിട്ടി? നഗരാധിപൻ ജനക്കൂട്ടത്തോട് തെറ്റായിട്ടാണു പറഞ്ഞത്: "അവളുടെ പ്രതിമ ആകാശത്തുനിന്ന് താഴേക്കു വന്നു" എന്നറിയാത്തവനാരാണ്? അതേപ്പറ്റി തർക്കി

www.malankaralibrary.com



ക്കുന്നതാരാണ്?..." എഫേസോസിലെ കുലീനസ്ത്രീയായിരുന്നു അർതേമിസ്. അവൾ സുന്ദരിയും കന്യകയുമായിരുന്നു. ബുദ്ധിമാനായ ഒരു താത്ത്വികൻ അവളോടു പറഞ്ഞു: "നീ സ്വയം എനിക്കു സമർപ്പിച്ചാൽ, ഏഷ്യാമുഴുവനും, നിൻെറ മരണശേഷവും നിന്നെ പ്രകീർത്തിക്കാനും ആരാധിക്കാനും ഞാൻ ഇടയാക്കും". അവൾ അതിനു സമ്മതിച്ചു. ആ താത്ത്വികൻ കട്ടികുറഞ്ഞ തടികൊണ്ട് അവളുടെ ഒരു സുന്ദര രൂപം ഉണ്ടാക്കി, ഇരുമ്പുകൊണ്ടു പൊതിഞ്ഞു. ഒരാർച്ചുണ്ടാക്കി മാഗ്നെറ്റിക് കല്ലുകൊണ്ട് മുകളിൽ നിന്ന് പൊതിഞ്ഞു. ആർച്ചിൻെറ മധ്യത്തിൽ ആ ഇരുമ്പുകൊണ്ടുള്ള രൂപം വച്ചു. മാഗ്നെറ്റിക് കല്ലിൽനിന്ന് അതിനെ വലിച്ചുപൊക്കി, ആർച്ചിൻെറ സീലിംഗിനും തറയ്ക്കുമിടയിലായി തൂക്കി നിർത്തി. അർതേമിസിനെ പ്രകീർത്തിച്ചുകൊണ്ടുള്ള ഐതിഹ്യങ്ങൾ അയാൾ കെട്ടിച്ചമച്ചു: അവൾ എങ്ങനെ ദേവതയായിരുന്നെന്നും സ്വർഗത്തിലേയ്ക്ക് കയറിയെന്നും, അവിടെനിന്ന് വിഗ്രഹം അയച്ചുകൊടുത്തെന്നും തുടങ്ങിയ കാര്യങ്ങൾ.

*"ആഴ്ചവട്ടത്തിൻെറ ഒന്നാംദിവസം അപ്പം മുറിക്കാൻ അവർ ഒന്നിച്ചുകൂടിയപ്പോൾ...."* (20:7). 'പുളിപ്പില്ലാത്ത അപ്പത്തിൻെറ ആഴ്ചയുടെ ഒന്നാം ദിവസം' എന്ന് അവൻ പറഞ്ഞില്ല. പിന്നെയോ, പെസഹായ്ക്കു ശേഷമുള്ള ആഴ്ചയുടെ ഒന്നാംദിവസം. അവിടെ കൂടിയിരുന്ന വിശ്വാസികളോട് പൗലോസ് സംസാരിച്ചു. *"പാതിരാത്രി വരെ അവൻ തൻെറ പ്രസംഗം ദീർഘിപ്പിച്ചു"*. ആഴ്ചയുടെ ഒന്നാം ദിവസം മുഴുവൻ, പാതിരാത്രിവരെ അവൻ പ്രസംഗിച്ചില്ല. അക്കാലത്ത് ആഴ്ചയുടെ ആദ്യദിവസം വിശ്വാസികൾ ഇപ്രകാരം ചെയ്തിരുന്നു. ഒന്നിച്ചുകൂടി സന്ധ്യയ്ക്കു തുടങ്ങി ഉത്ഥാനരാത്രിയിൽ നാം ഇപ്പോഴും അപ്രകാരം ചെയ്യുന്നുണ്ടല്ലോ. കോഴി കൂവുന്ന അവസരം നാം സമൂഹത്തെ പിരിച്ചയയ്ക്കുന്നു. കാരണം, തദവസരമാണ് നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്തത്. സാബത് കഴിഞ്ഞുവരുന്ന സന്ധ്യയ്ക്കാണിത് ആചരിക്കുക. ആഴ്ചയുടെ ആദ്യദിവസം തുടങ്ങുന്നത് അപ്പോഴാണ് എന്നാണ് പരിഗണിക്കപ്പെടുക. സന്ധ്യമുതൽ സഭാസമൂഹത്തിൽ ശുശ്രൂഷ ആരംഭിക്കുന്നു. എന്നാൽ അവർ ഒന്നിച്ചുകൂടിയിരുന്ന മാളികമുറിയിൽ നിരവധി വിളക്കുകൾ കത്തിക്കൊണ്ടിരുന്നു. അവർക്ക് സ്വന്തമായി ഒരു പ്രാർത്ഥനാലയം ഇല്ലാതിരുന്നതിനാൽ, വിശ്വാസികളുടെ ഭവനങ്ങളിൽ അവർ പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടിയിരുന്നു. അതുകൊണ്ട്, ഇതിനായി ഉപയോഗിച്ച ഒരു മാളികമുറിയിൽ അവർ ഒന്നിച്ചുകൂടിയിരുന്നു. *അവിടെ മൂന്നാം നിലയിൽനിന്ന് ഒരു*

www.malankaralibrary.com



*യുവാവ് ഉറങ്ങി താഴെ വീണു.* പൗലോസ് അവനെ ജീവിപ്പിച്ചശേഷം *കയറിവന്ന്,* ഉചിതമാംവിധം ദിവ്യരഹസ്യങ്ങൾ പൂർത്തിയാക്കി; അവൻ അപ്പം മുറിച്ച് ഭക്ഷിച്ചു(നട. 20:7-12).

# 19

*"വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണു ശ്രേയസ്കരം".* (നട.20:35): "നീ ഒരു വിരുന്നൊരുക്കുമ്പോൾ, ദരിദ്രരെ വിളക്കുക.... നീ ഭാഗ്യവാനായിരിക്കും. തിരിച്ചുതരുവാൻ അവർക്കു കഴിയാത്തതിനാൽ, നിൻെറ പ്രതിഫലം നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ ആയിരിക്കും". "നിന്നോട് ചോദിക്കുന്നവനു കൊടുക്കുക" ......എന്നിത്യാദി.[40]

# 20

*"ഏഴാം ദിവസം ആയപ്പോൾ"* (2:27): അതായത്, ശുദ്ധീകരണത്തിന് നിയമം അനുശാസിക്കുന്ന ദിവസങ്ങളിൽ ഏഴാമത്തേത്. *"സഹസ്രാധിപൻ":*[41] ആയിരം പടയാളികളുടെ തലവൻ, *രണ്ടു ചങ്ങലകൾ കൊണ്ട് അവനെ ബന്ധിക്കാൻ കല്പിച്ചു* (21:33): ഒന്നാമത്, ജനഹിതം നടപ്പാക്കാൻ അവൻ ആഗ്രഹിച്ചു; രണ്ടാമത്, ഇതുവഴി അവരുടെ ബഹളം ശമിക്കും എന്ന് അവൻ കരുതി.

*പാളയം:* (21:34) റോമാക്കാർ വിധി പ്രസ്താവിക്കുന്ന സ്ഥലം. നട കയറിയാണ് അവിടെ എത്തേണ്ടിയിരുന്നത്. ജനക്കൂട്ടത്തിൻെറ കയ്യേറ്റം നിമിത്തം പടയാളികൾ അവനെ എടുത്തുകൊണ്ടാണ് പോയത്. ഇവിടെയും തൻെറ പൗരത്വം അനുസരിച്ചും ദേശം പരിഗണിച്ചും താൻ റോമാക്കാരനാണ് എന്ന് പൗലോസ് പറയുന്നു. റോമാപൗരനാണ് എന്നു പറയുന്നത് അക്കാലത്ത് മഹോന്നതപദവി ആയിരുന്നു. *"സഹസ്രാധിപൻ പറഞ്ഞു: ഞാൻ വലിയ തുക കൊടുത്താണ് റോമാപൗരത്വം വാങ്ങി*

40. ലൂക്കാ 14:12; മത്താ. 5:42

41. കിലിയാർക്

www.malankaralibrary.com



*യത്"* (22:28). അതായത്, അവൻ ഒരു ബാർബേറിയനായിരുന്നു. പിന്നീട് വലിയ കൈക്കൂലി കൊടുത്ത് വളരെ പ്രയാസപ്പെട്ടാണ് അയാൾ റോമാ പൗരത്വം സമ്പാദിച്ചത്. കാരണം, റോമാപൗരൻ എന്നു പറഞ്ഞാൽ അക്കാലത്ത് അന്തസ്സുള്ള സ്ഥാനമായിരുന്നു.

*തൻെറ "കൂടെ ഉണ്ടായിരുന്നവർ സ്വരം മാത്രം കേട്ടു, എന്നാൽ ദർശനം കണ്ടില്ല"* എന്ന് ലൂക്കോസ് മുകളിൽ പറഞ്ഞു (9:7). എന്നാൽ *'അവർ സ്വരം കേട്ടില്ല, ദർശനം കണ്ടു'* എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു (22:9). നാമിത് മുകളിൽ വിവരിച്ചിട്ടുള്ളതാണ്.

# 21

അവൻ ഹനനിയായെ *വെള്ളപൂശിയ മതിലേ,* എന്നു വിളിച്ചു (23: 3): അതായത്, നീ വെള്ളപൂശിയ, ബലമില്ലാത്ത മതിൽ പോലെയാണ്; അത് കാഴ്ചയിൽ അനേകരെ കബളിപ്പിക്കുന്നു. ദുഷിച്ച മനസ്സുള്ള നീയും നിയമത്തിൻെറ ബലത്താൽ ന്യായാധിപവേഷം കെട്ടിയിരിക്കുന്നു. കാരണം, നീയും നീതിരഹിതമായിട്ടാണ് നിൻെറ അധികാരം ഉപയോഗിക്കുന്നത്. കാരണം കൂടാതെ എന്നെ പ്രഹരിക്കാൻ നീ കല്പിച്ചതിനാൽ നീ നിയമരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്.

"അവൻ പുരോഹിതനാണെന്ന് ഞാൻ അറിഞ്ഞില്ല" (23:5): ഒന്നുകിൽ അവൻ നൈയാമികസംഗതികളിൽ നിന്ന് അകന്നുകഴിഞ്ഞിട്ട് വളരെ നാളായതിനാൽ യഥാർത്ഥത്തിൽ അവനെ അറിഞ്ഞിരുന്നില്ല; അവിടെ നടന്ന സംഗതികളൊന്നും അവന് അറിവില്ലായിരുന്നു. അല്ലെങ്കിൽ, 'ഞാൻ അറിഞ്ഞില്ല' എന്ന് പരിഹാസപൂർവം പറഞ്ഞതാകാം. അല്ലെങ്കിൽ, അവനെ പരിഹസിക്കുക നീതിപൂർവമാണെങ്കിലും, ഞാൻ പിന്തിരിയുമായിരുന്നു. *'നിൻെറ ജനത്തിൻെറ തലവനെ ശപിക്കരുത്'* എന്ന് എഴുതപ്പെട്ടിരിക്കുന്നത് ഞാൻ ഓർക്കുമായിരുന്നു.

*ഗൂഢാലോചന* (23:12-13): അവനെപ്പറ്റി അവർ നടത്തിയ ദുരാലോചന. അപ്പോൾ യൂദയായിലെ ഭരണാധികാരിയായ ഫേലിക്സിൻെറ പക്കലേക്ക് സഹസ്രാധിപൻ അവനെ അയച്ചു (23:24-35).

www.malankaralibrary.com



## 22

അനേക കാര്യങ്ങൾ ചുരുക്കി പറയുന്നവനാണ് *അഭിഭാഷകൻ* (24:1): തൻെറമേലുള്ള ആരോപണത്തിനെതിരെ ന്യായവാദം നടത്തുമ്പോഴൊക്കെ അവനെ 'നീതിമാനായ ന്യായാധിപൻ' എന്നു വിളിക്കുന്നു. തൻെറ വാക്കുകൾ അവനു മധുരതരമാകാനായി, സ്തുതിവചനം കൊണ്ട് അവൻെറ മനസ്സിനെ തലോടുന്നു.

## 23

പുഴുവരിച്ചു മരിച്ച ഹേറോദേസ് അഗ്രിപ്പായുടെ പുത്രനായിരുന്നു ഈ *അഗ്രിപ്പാ* (25:23) എന്ന് ചിലർ പറയുന്നു. റോമാക്കാരിൽ നിന്ന് യുദയാ രാജ്യം അവനു കിട്ടി. ജൊസേഫുസ് സാക്ഷിക്കുന്നതുപോലെ, ഈ അഗ്രിപ്പായുടെ സഹോദരി ആയിരുന്നു *ബർനീസ്* (25:23). തൻെറ സഹോദരനോടൊപ്പം അവൾ ജറുസലേമിലേക്ക് വന്നതായിരുന്നു. ജറുസലേമിൽ വന്ന് തല മുണ്ഡനം ചെയ്തുകൊള്ളാം എന്ന് അവൾക്ക് ഒരു നേർച്ച ഉണ്ടായിരുന്നു.[42]

അവൻ സ്വജനത്തിനും ജാതികൾക്കും പ്രകാശം പ്രഘോഷിക്കേണ്ടിയിരിക്കുന്നു" (26:17-18): ഉത്ഥാനത്തെപ്പറ്റിയാണ് പ്രകാശം എന്നു പറയുന്നത്; കാരണം, മരിച്ചവന് പ്രകാശത്തിൽ ഭാഗഭാഗിത്വമില്ല; എന്നാൽ ജീവനുള്ളവൻ അതനുഭവിക്കുന്നു.

## 24

*"അനേകം ഗ്രന്ഥങ്ങൾ നിന്നെ ഭ്രാന്തനാക്കിയിരിക്കുന്നു"* (26:24): പൗലോസ് ശക്തമായും ധൈര്യമായും ബുദ്ധിപൂർവമായും സംസാരിക്കുന്നതു കണ്ട്, ഗ്രന്ഥപഠനത്തിലൂടെ അവൻ വിജ്ഞാനിയായിതീർന്നെന്ന് ഫെസ്തൂസ് കരുതി. തൻെറ സംസാരത്തിൽ അവൻ പ്രബലനായി

42. യഹൂദയുദ്ധം, 15.2.

www.malankaralibrary.com



തീർന്നത് പരിശുദ്ധാത്മാവിൻെറ കൃപയാലാണ് എന്ന് അവൻ മനസ്സിലാക്കിയില്ല. പ്രവാചകരുമായി യോജിച്ചുപോകുന്നതിനാൽ, മിശിഹായിലുള്ള വിശ്വാസത്തിലും യോജിച്ചുപോകാൻ അവനെ പ്രേരിപ്പിക്കാൻ ആഗ്രഹിക്കുന്നു എന്നു കണ്ട് അഗ്രിപ്പാ പറഞ്ഞു: *"അല്പംകൊണ്ട് ഒരു ക്രിസ്ത്യാനിയാകാൻ എന്നെ പ്രേരിപ്പിക്കാം എന്നാണോ?"* (26:28): അതായത് കുറഞ്ഞ പരിശ്രമവും കുറച്ചു വാക്കുകളും കൊണ്ടുമാത്രം ഒരു ക്രിസ്ത്യാനിയാകാൻ എന്നെ പ്രേരിപ്പിക്കാം എന്നു നീ കരുതുന്നുണ്ടോ?

*"ഈ ചങ്ങലകൾ ഒഴികെ"* (26:29): മിശിഹായെപ്രതിയുള്ള ചങ്ങലകൾ മറ്റെന്തിനെക്കാളും പൗലോസിന് ദുഃഖകരമായതിനാലല്ല, പിന്നെയോ, അവയെപ്രതിയല്ല അവൻ ചങ്ങലകൾ സ്വീകരിച്ചത്.

*"അവൻ ഇറ്റലിയിൽ സീസറിൻെറ പക്കലേക്ക് അയയ്ക്കപ്പെടണം"* (26:32): ആദ്യം ഇത്താലുസ് ഈ നഗരം പണിത് *ഇത്താലിയാ* എന്ന് തൻെറ പേരിട്ടു. ദീർഘകാലത്തിനുശേഷം റോമുളുസ് വന്ന് അതിനെ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തു. *റൊമാനാ* എന്ന് തൻെറ പേര് അതിനിട്ടു. അതാണ് *റോം*.

*"ഇരട്ടകളുടെ അടയാളമുള്ള ഒരു അലക്സാണ്ഡ്രിയാക്കപ്പൽ"* (27: 6): - മാർജിനിൽ: ഗ്രീക്കുകാർ അലെക്സാണ്ഡ്രിയാ ഘരമായ കാഫ് കൊണ്ടാണ് ഉച്ചരിക്കുന്നത്, ക്സി എന്ന അക്ഷരംകൊണ്ടാണ് അവർ അത് എഴുതുന്നത്; അതുപോലെയാണ് അലെക്സാൻഡ്രോസും. - *ഇരട്ടകൾ* ഏകോദരസഹോദരങ്ങളാണ്. കടലിൻെറ ഭരണത്തിൽ അവർ വളരെ വിജയശ്രീലാളിതർ ആയിരുന്നു എന്നു പറയപ്പെടുന്നു. അവർക്കൊരിക്കലും കടൽക്ഷോഭം ഉണ്ടായിട്ടില്ല. ഈ സൗഭാഗ്യം നിമിത്തം പല കപ്പലുകളിലും അവരുടെ പടം വരച്ചുവച്ചിരുന്നു. അതുപോലെ ഈ കപ്പലിലും ഇക്കാരണത്താൽ വരച്ചുവച്ചിരുന്നു. അവരുടെ വിജയം കപ്പൽ നാവികരുടെ മനസ്സിൽ ഉണർത്താനായിട്ടായിരുന്നു ഇത്. മറ്റു ചിലർ പറയുന്നത് ഇപ്രകാരമാണ്: മീനോസും റദമാന്തോസും ദിയോസിൻെറ പുത്രന്മാരായിരുന്നു. അയാളുടെ ജീവിതദൈർഘ്യത്താൽ സെവുസ് എന്നും അയാൾ വിളിക്കപ്പെട്ടിരുന്നു. അവരിരുവരും ഏകോദരസഹോദരന്മാരായിരുന്നു. മീനോസ് നിയമനിർമാതാവും റദമാന്തോസ് ന്യായാധിപനുമായി. പുറജാതികൾ അവരുടെ രൂപം ബഹുമാനാർത്ഥവും അനുഗ്രഹാർത്ഥവും തങ്ങളുടെ കപ്പലുകളിലും പല സ്ഥലങ്ങളിലും വരച്ചു

www.malankaralibrary.com



വച്ചു. ആ ഇരട്ടകൾ കപ്പലുടമകളായിരുന്നു, അവരുടെ രൂപങ്ങൾ കപ്പലുകളിൽ വരച്ചുവച്ചു; കപ്പൽ അവരുടെ വകയായിരുന്നതിനാൽ ഇരുവരുടെയും പടങ്ങൾ വരച്ചുവച്ചു. അവർക്ക് രണ്ടു കപ്പലുകളോ രണ്ടു ബോട്ടുകളോ ഉണ്ടായിരുന്നു. അവ രണ്ടും കൂട്ടിക്കെട്ടിയിരുന്നു - മറ്റു ചിലർ പറയുന്നത് ഇതൊന്നും ശരിയല്ല എന്നത്രേ. എന്നാൽ, അവർ സേവുസിൻെറ പുത്രന്മാരാണ് എന്നത് യാഥാർത്ഥ്യത്തോട് അടുത്തുവരുന്നതാണ്.

കാഠിന്യവും ദുരന്തശക്തിയും വേഗതയും നിമിത്തം, *ട്യൂഫോണിക്കോസ്*[43] എന്നു വിളിക്കപ്പെടുന്ന കൊടുങ്കാറ്റ് അവർക്കെതിരെ ആഞ്ഞടിച്ചു (27:14): *യൂറോക്ലീദോൻ*:[44] തെക്കുകിഴക്കിൻെറ ആഴത്തിൽ നിന്ന് അടിക്കുന്നത്. *നോതോസ്*:[45] തെക്കുകിഴക്കിനും കിഴക്കിനും ഇടയ്ക്ക് അടിക്കുന്ന കാറ്റ്. *യൂറോസ്*:[46] തെക്കുകിഴക്കിനും വടക്കിനും ഇടയ്ക്ക്. *മറ്റുള്ളവർ* പറയുന്നത്: ഒന്നിച്ച് നാലുവശത്തുനിന്നും ചുറ്റിയടിക്കുന്ന കാറ്റ്: കിഴക്കൻ, പടിഞ്ഞാറൻ, തെക്കൻ, വടക്കൻ കാറ്റുകളുടെ സംയോജനമായി അത് വിശദീകരിക്കപ്പെടുന്നു. ഈ കാറ്റ് അടിക്കുമ്പോൾ, കടൽയാത്ര ചെയ്യുന്നവർക്ക് രക്ഷപെടാമെന്നുള്ള പ്രതീക്ഷ നശിച്ചുപോകുന്നു (27:20).

## 25

*പങ്കായം*: അതായത് കൈകൾ: മാൾട്ടാദ്വീപിലെ ജനങ്ങളെ അവൻ *ബാർബേറിയന്മാർ* എന്നു വിളിക്കുന്നു; റോമൻ രീതികൾക്ക് പുറത്തുള്ളവർ എന്ന അർത്ഥത്തിലല്ല, പിന്നെയോ അവർ ഗ്രീക്കുകാർ അല്ലാത്തവരായിരുന്നു എന്നത്രേ. *"ഗ്രീക്കുകാരും ബാർബേറിയന്മാരും"* എന്നു പൗലോസ് പറഞ്ഞതുപോലെ, ഗ്രീക്കുഭാഷ കൈകാര്യം ചെയ്യുന്നവരും അല്ലാത്തവരും.

---

43. വടക്കു കിഴക്കൻ (Typhonikos).
44. Euroklydon
45. Notos
46. Euros

www.malankaralibrary.com



*ആപ്പിയു ഫോറോൻ; ത്രിമണ്ഡപം:* റോമിനു മുമ്പുള്ള സ്ഥലങ്ങൾ. "ഇസ്രായേലിൻെറ പ്രത്യാശ നിമിത്തമാണ് ഞാൻ ഈ ചങ്ങലയാൽ ബന്ധിതനായിരിക്കുന്നത്" (28:20). അതായത് നമ്മുടെ ജനം മുഴുവൻ നിരന്തരമായി പ്രതീക്ഷിച്ചിരുന്ന പ്രത്യാശയെപ്രതിയാണ്, മറ്റൊന്നിനെ പ്രതിയുമല്ല. മരിച്ചവരിൽ നിന്നുള്ള പൊതു ഉത്ഥാനത്തെപ്പറ്റി അവൻ സംസാരിക്കുന്നു; എപ്പോൾ വേണമെങ്കിലു ദൈവമത് യാഥാർത്ഥ്യമാക്കും എന്ന് അവരും പ്രതീക്ഷിച്ചിരുന്നു. ഭാഗ്യവാനായ ലൂക്കോസ് തൻെറ ഗ്രന്ഥം ഇവിടെ അവസാനിപ്പിക്കുന്നു: അതായത്, പൗലോസ് റോമിലെത്തിയതും, റോമിൽ അവൻ ചെയ്തവയും അതിനുശേഷം നടന്നവയും വിവരിക്കാതെ, രണ്ടുവർഷം അവിടെ താമസിച്ചതു മാത്രം രേഖപ്പെടുത്തുന്നു. അങ്ങനെ അനേകം കാര്യങ്ങൾ അവൻ വിട്ടുകളഞ്ഞു.

പൗലോസ് സീസറിൻെറ പക്കലെത്തുകയും ന്യായവാദം നടത്തി കുറ്റവിമുക്തനാകുകയും ചെയ്തു. രണ്ടുവർഷങ്ങൾക്കുശേഷം അവനെ സ്വതന്ത്രനാക്കാൻ സീസർ കല്പിച്ചു. അതിനുശേഷം അവൻ മറ്റു സ്ഥലങ്ങളിലേയ്ക്കു പോകുകയും വീണ്ടും റോമിൽ തിരിച്ചെത്തുകയും ചെയ്തു. അവിടെ വച്ച് അവൻ രക്തസാക്ഷിയായി. ഫിലിപ്പിയർക്ക് അവൻ എഴുതുന്നതുപോലെ അവൻ എങ്ങനെ ചങ്ങലകളിൽ നിന്ന് വിമുക്തനായി എന്ന് പറയുന്നു: "എനിക്കു സംഭവിച്ചതെല്ലാം സുവിശേഷത്തിൻെറ പുരോഗതിക്കു കാരണമായി. മിശിഹായിലുള്ള എൻെറ ബന്ധനങ്ങൾ കൊട്ടാരം മുഴുവനിലും നമ്മുടെ കർത്താവിൽ അനേകം സഹോദരന്മാർക്കും അറിയപ്പെട്ടിരിക്കുന്നു" (1:12-14). തിമോതിയോസിനുള്ള ലേഖനത്തിൽ അവൻ പറയുന്നു: "എൻെറ ആദ്യന്യായവാദത്തിൽ ആരും എൻെറ പക്ഷത്തില്ലായിരുന്നു; എല്ലാവരും എന്നെ ഉപേക്ഷിച്ചു. എന്നാൽ എൻെറ കർത്താവ് എൻെറ ഭാഗത്ത് ഉണ്ടായിരുന്നു. അവിടുന്ന് എന്നെ ശക്തിപ്പെടുത്തി. എന്നിലൂടെ സുവിശേഷപ്രഘോഷണം നടക്കുന്നതിനും എല്ലാ പുറജാതികളും ശ്രവിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. അങ്ങനെ സിംഹത്തിൻെറ, അതായത് നീറോയുടെ, വായിൽനിന്നു ഞാൻ വിടുവിക്കപ്പെട്ടു" (2 തിമോ. 4:16-17).

അവൻെറ സുവിശേഷപ്രഘോഷണാനന്തരം അവൻ എങ്ങനെ തിരിച്ചെത്തിയെന്നും കൊല്ലപ്പെടാൻ പോകുന്നെന്നും അവൻ എഴുതുന്നു: *"ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എൻെറ വേർപാടിൻെറ സമയം സമാഗതമായി. ഞാൻ നല്ല യുദ്ധം*

www.malankaralibrary.com



*ചെയ്തു....*" (2 തിമോ. 4:6-7). പൗലോസ് ഇരുപത്തിമൂന്നു വർഷം പ്രസം ഗിച്ചു. ക്രിസ്ത്യാനികളുടെ ആദ്യത്തെ പീഡകനായ നീറോയുടെ പതിമൂന്നാം വർഷം ഭാഗ്യവാനായ പൗലോസിനെ വാൾകൊണ്ട് വെട്ടി ക്കൊന്നു.

പത്രോസും, റോമിലെ മെത്രാസനത്തിൽ ഇരുപത്തിയഞ്ചുവർഷം ഭരിച്ചശേഷം നൂറ്റിയിരുപതു വയസ്സുള്ളപ്പോൾ, തലകീഴായി ക്രൂശിക്ക പ്പെട്ടു. അവരിരുവരും ഒരേ ദിവസം, ജൂലൈ 29ന് വ്യാഴാഴ്ച, കിരീടം ധരി പ്പിക്കപ്പെട്ടു. ആ മണിക്കൂറിൽ തന്നെ നീറോ കിറുക്കു പിടിച്ച് തൻെറ അമ്മയെയും, അമ്മാവിയെയും തൻെറ സഹോദരന്മാരെയും ബന്ധുക്ക ളെയും കൊന്നിട്ട് അവസാനം ആത്മഹത്യ ചെയ്തു. കാരണം അവൻ ശപിക്കപ്പെട്ടവനും കൊലയാളിയുമായിരുന്നു. ഒരു ഘോരസർപ്പത്തെ പ്പോലെ, തൻെറ കൈകളിൽ നിപതിച്ചവരെയെല്ലാം അവൻ നശിപ്പിച്ചു.

ദൈവകൃപയാൽ, നടപടികളുടെ ഭാഷ്യം തീർന്നു. ദൈവത്തിനു സ്തുതി. അവിടുത്തെ കരുണ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരി ക്കട്ടെ. ആമ്മീൻ, ആമ്മീൻ.

www.malankaralibrary.com

# പൗലോസിൻെറ ലേഖനങ്ങൾ

വീണ്ടും ദൈവിക ശക്തിയാൽ, ഭാഗ്യവാനായ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ വ്യാഖ്യാനങ്ങൾ ഞാൻ എഴുതുന്നു.

ആദ്യമായി, *ഐസഗോഗേ*, അതായത്, *ആമുഖം*. വ്യാഖ്യാനത്തിനു മുമ്പുള്ള ഒരുതരം ഉപോദ്ഘാതമായിട്ട്. കർത്താവേ, നിന്നിൽ നിന്നുള്ള കൃപയാൽ, എന്നെ ശക്തിപ്പെടുത്തി പൂർത്തിയാക്കാൻ ഇടയാക്കണമേ. ആമ്മീൻ.

തിബേരിയുസിൻെറ ഭരണത്തിൻെറ അവസാനം, സ്തേഫാനോസ് കല്ലെറിയപ്പെട്ട വർഷം, ഭാഗ്യവാനായ പൗലോസ് വിശ്വാസത്തിൻെറ ശിഷ്യത്വം സ്വീകരിച്ചു. ഡമാസ്കസിൽവച്ച് ഹനനിയായിൽ നിന്നു മാമോദീസാ സ്വീകരിച്ച ശേഷം, അന്ത്യോക്യയിൽ വച്ച് ശ്ലീഹന്മാരുടെ കൈവയ്പാൽ, ശ്ലൈഹികപദവി അതായത്, കാതോലികത[1] സ്വീകരിക്കുകയും ജറുസലേം മുതൽ ഇല്ലിറിക്കം വരെയും, റോമിനപ്പുറം വരെയും പ്രസംഗിക്കുകയും ചെയ്തു. ഭൂമിയെ മുഴംകൊണ്ടളന്നാൽ മറ്റെല്ലാ ശ്ലീഹന്മാരുടേതിനെക്കാളും കൂടുതലാണ് അവൻെറ പ്രബോധനത്തിൻെറ അളവ്. 'ധരമുഴുവൻെറയും ഹൃദയം' എന്ന് ആരെങ്കിലും പൗലോസിനെ വിളിച്ചാൽ, അത് തെറ്റായിരിക്കയില്ല! അവൻ ആകാശങ്ങളേക്കാൾ ഉയർന്നവനാണ്; മനുഷ്യവാസമുള്ള ഭൂമിയേക്കാൾ വിസ്തൃതം ഉള്ളവനാണ്; അഗ്നിയേക്കാൾ ചൂടുള്ളവനാണ്; വജ്രത്തേക്കാൾ ഉറപ്പും ദൃഢതയും ഉള്ളവനാണ്. മിശിഹായുടെ ഹൃദയം, പരിശുദ്ധാത്മാവിൻെറ എഴുത്തുപലക, കൃപയുടെ റിക്കാർഡ് എന്നൊക്കെ അവൻ വിളിക്കപ്പെടുന്നു. ആ പാദങ്ങൾ ലോകം മുഴുവൻ സഞ്ചരിച്ചെങ്കിലും തളർന്നുപോയില്ല; ആ നാവ്, ഗീഹോനേപ്പോലെ എല്ലാ നാഴികയിലും പ്രബോധനം വർഷിച്ചെങ്കിലും നിലച്ചുപോയില്ല! ആ കൈകൾ ആർക്കും ഭാരമാകാ

1. കാതോലിക്കൂസാ

www.malankaralibrary.com



തിരിക്കാനായി അധ്വാനിക്കുകയും, എല്ലായിടങ്ങളിലേക്കും ലേഖനങ്ങൾ എഴുതുകയും ചെയ്തെങ്കിലും, ക്ഷീണിച്ചു പോയില്ല. അവൻ റോമാക്കാർക്കും ഒരു ലേഖനം എഴുതി. അവരാകട്ടെ, പത്രോസിൽ നിന്ന് നേരത്തെ പ്രബോധനം സ്വീകരിച്ചവരായിരുന്നു. തന്റെ ലേഖനാരംഭത്തിൽ പൗലോസ് സാക്ഷിക്കുന്നതുപോലെ, അവനെ അവർ അന്നുവരെ കണ്ടിരുന്നില്ല. *"ദൈവേഷ്ടത്താൽ നിങ്ങളുടെ അടുക്കൽ വരേണ്ടതിന് എനിക്ക് ഒരുവഴി തുറക്കപ്പെട്ടിരുന്നെങ്കിൽ എന്നു ഞാൻ വളരെയധികം ആഗ്രഹിച്ചു..."* എന്നിത്യാദി (റോമാ 1:10). കർത്താവിന്റെ ആഗമനം മനുഷ്യർക്കെല്ലാം എന്തുപ്രയോജനം ചെയ്തു എന്ന് അവൻ ഇതിൽ പഠിപ്പിക്കുന്നു. അപ്രകാരം സംഭവിച്ചില്ലായിരുന്നെങ്കിൽ, അവർ കൊടിയ തിന്മകളിൽ നിപതിക്കുമായിരുന്നു. എതിരാളികൾ അവനെതിരെ ഉന്നയിക്കുന്ന തടസ്സവാദങ്ങളെ അവൻ ഖണ്ഡിച്ച് തള്ളിക്കളയുന്നു. എഴുതപ്പെട്ട നിയമത്തിലൂടെ യഹൂദർക്കാകട്ടെ, സ്വാഭാവികനിയമത്തിലൂടെ വിജാതീയർക്കാകട്ടെ സഹായം ലഭിച്ചില്ല; മിശിഹാ എഴുന്നെള്ളിയ സമയത്ത് ഇവ രണ്ടും നിലനിന്നിരുന്നു. മിശിഹായിലുള്ള വിശ്വാസത്തിലൂടെ മാത്രമേ മനുഷ്യർക്കു നീതികരിക്കപ്പെടാൻ കഴിയൂ എന്ന് ശക്തമായ തെളിവുകളോടുകൂടെ തന്റെ വാക്കുകളെ അവൻ ഉറപ്പിക്കുന്നു. ഇതിന്റെ തെളിവിനായി, വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെട്ട അബ്രഹാമിന്റെ കാര്യം അവൻ ഉയർത്തിക്കാട്ടുന്നു. യഹൂദർ തിരസ്കൃതരാകുകയും പുറജാതികൾ അകത്തുപ്രവേശിക്കുകയും ചെയ്തെങ്കിൽ, 'ഒന്നുകിൽ ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനല്ല, അല്ലെങ്കിൽ, വന്ന മിശിഹാ സത്യവാനല്ല' എന്ന് യഹൂദർ പുലമ്പുന്നു. അതിനാൽ ഏശാവിന്റെയും യാക്കോബിന്റെയും ചരിത്രത്തിൽനിന്നു തെളിയിച്ചുകൊണ്ട് അവരുടെ തടസ്സവാദത്തെ ഖണ്ഡിക്കുകയും തന്റെ വാക്കുകളെ ഉറപ്പിക്കുകയും പുറജാതികൾ ദൈവഭവനത്തിലേക്കു സ്വീകരിക്കപ്പെടുക ന്യായമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. ദൈവം ജാതിയല്ല നോക്കുക, ഹൃദയമാണ്. എന്നാൽ ശിഷ്യരായി തീർന്ന പുറജാതികൾ യഹൂദർക്കെതിരെ അഹങ്കരിക്കാനും പാടില്ല. യഹൂദരും അവസാനം സത്യം അറിയാൻ ഉള്ളവരായതിനാൽ, അവർ പ്രത്യാശയിൽ നിന്ന് എന്നേയ്ക്കുമായി വെട്ടിനീക്കപ്പെട്ടവരാണെന്ന് ചിന്തിക്കാൻ പാടില്ല.

ആമുഖം കഴിഞ്ഞു. ഇനിയും *വിശദീകരണം*[2]

---

2. പൂശാഖാ

www.malankaralibrary.com

# റോമാലേഖനഭാഷ്യം

## 1

*"യേശുമിശിഹായുടെ ദാസനും, വിളിക്കപ്പെട്ടവനും, ശ്ലീഹായും, ദൈവത്തിൻെറ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവനുമായ പൗലോസ്"* (1:1). പൗലോസ് എന്നാൽ അനുസരണയുള്ളവൻ എന്നാണ്. മൂന്നുരീതിയിൽ ഒരാളെ *ദാസൻ* എന്നു വിളിക്കാം: ഒന്നുകിൽ, സൃഷ്ടിവഴിയും ദൈവികപരിപാലനയാലും; അല്ലെങ്കിൽ, നിർബന്ധിച്ചും നിഷ്ഠൂരമായും: ഉദാ: *"ദുഷ്ടനും കുടിയനുമായ ദാസാ"* (മത്താ. 25:26); അതുമല്ലെങ്കിൽ, സ്വേച്ഛയാ: ഉദാ: *"എൻെറ ദാസനായ മോശ"* (സംഖ്യ 12:7); *"എൻെറ ദാസനായ ദാവീദിനെപ്രതി"* (1 രാജാ. 11:13). ഇവിടെ അവൻ സ്വയം 'മിശിഹായുടെ ദാസൻ' എന്നു വിളിക്കുന്നു. ഒന്നാമതായി, എല്ലാ മനുഷ്യരെപ്പോലെയും അവൻ അവിടുത്തെ സൃഷ്ടി ആയതിനാൽ: *"എല്ലാം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു"* (യോഹ. 1:3). അവൻ അവിടുത്തെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടതിനാൽ: *"ക്രിസ്തു നമ്മെ വിലയ്ക്കു വാങ്ങി"* (2പത്രോ. 2:1). രണ്ടാമതായി, അവൻ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെടുന്നതിനുമുമ്പുതന്നെ അവൻെറ സ്വതന്ത്രേച്ഛയാൽ അവൻ അവിടുത്തേക്കു കീഴ്പ്പെട്ടു. പൗലോസ് തൻെറ പേരിനോടുകൂടി, താൻ വിളിക്കപ്പെട്ടവനും, ശ്ലീഹായും, ദാസനും, സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവനും ആണെന്ന് കൂട്ടിച്ചേർത്തതിനാൽ: "ദാസൻ എന്ന നിലയിൽ എൻെറ കർത്താവിൻെറ കല്പനകൾ ഞാൻ ശിരസ്സാ വഹിക്കണം; വിളിക്കപ്പെട്ടവനാകയാൽ, അവനെ അനുസരിക്കാൻ ഞാൻ കടപ്പെട്ടവനാണ്; ശ്ലീഹാ ആകയാൽ, എന്നെ അയച്ചവൻെറ ജോലി ഞാൻ ചെയ്യണം; ഇതിനായി വേർതിരിക്കപ്പെട്ടവനാകയാൽ, ഞാൻ അലസനായിരിക്കാൻ പാടില്ല" എന്ന് അവൻ കാണിക്കുന്നു. റോമാക്കാർ പത്രോസിൽ നിന്നു സുവിശേഷം സ്വീകരിച്ചെങ്കിലും മിശിഹായെപ്പറ്റി എല്ലാ പുറജാതി

www.malankaralibrary.com



കളെയും പഠിപ്പിക്കാൻ ആത്മാവ് എന്നെ വേർതിരിച്ചിരിക്കുന്നതിനാൽ, അപ്രകാരം ചെയ്യാൻ ഞാൻ കടപ്പെട്ടവനാണ് എന്ന് ഈ കാര്യങ്ങളിലൂടെ അവൻ കാണിക്കുന്നു.

*"ശക്തിയാലും വിശുദ്ധിയുടെ ആത്മാവിനാലും"* (1:4): അതായത്, *"പരിശുദ്ധാത്മാവിൻെറ ശക്തിയാൽ, ദൈവപുത്രനെന്ന് അവൻ പ്രഖ്യാപിക്കപ്പെട്ടു"* (1:9). പരിശുദ്ധാത്മാവ് അവനിൽ അനേകകാര്യങ്ങൾ ചെയ്തു: അവൻ അവനെ ഉദരത്തിൽ രൂപീകരിച്ചു; പ്രാവിൻെറ രൂപത്തിൽ അവൻെറ മേലിറങ്ങി; അവനെ മരുഭൂമിയിലേക്കു നയിച്ചു; പരിശുദ്ധാത്മാവിൽ യേശു ഗലീലിയിലേക്കു മടങ്ങി, അവൻ വഴി യേശു പിശാചുക്കളെ പുറത്താക്കി, എന്നിത്യാദി. അവൻ മരിച്ചുകഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് അവനെ മഹത്ത്വത്തിൽ ഉയർത്തി.[1]

*"നിങ്ങളുടെ ഇടയിലും എനിക്ക് കുറച്ച് ഫലം ഉണ്ടാകുവാൻ"* (1:13): അതായത്, എല്ലാ പുറജാതികളിൽ നിന്നും നേട്ടമുണ്ടാക്കാൻ ഞാൻ ഓടുന്നതിനാൽ, നിങ്ങളിൽ നിന്നും കുറച്ചു ഫലമെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

*"ഗ്രീക്കുകാരോടും ബാർബേറിയരോടും"* (1:14): ഗ്രീക്കു ഭാഷ ഉപയോഗിക്കുന്നവരെ *ഗ്രീക്കുകാർ* എന്നും ബാക്കി എല്ലാവരെയും *ബാർബേറിയർ* എന്നും അവൻ വിളിക്കുന്നു. ലോകത്തിനു മുഴുവൻ മിശിഹായുടെ സുവിശേഷം ആവശ്യമാണെന്ന് കാണിക്കാൻ വേണ്ടിയാണിത്. നേട്ടം[2] എന്ന് ഗ്രീക്കിൽ ഉപയോഗിക്കുന്നതിനു പകരം ഫലം[3] എന്ന് ഉപയോഗിക്കുക സുറിയാനി രീതിയാണ്. ഷേക്കേമ്യരോട് യോത്താമിൻേറതുപോലെ *ഫലം*; മുന്തിരി പറയുന്നതായി കൊടുത്തിരിക്കുന്നു: *"ഹൃദയത്തെ സന്തുഷ്ടമാക്കുന്ന എൻെറ ഫലം ഞാൻ ഉപേക്ഷിക്കയില്ല"* (ന്യായാ. 9:13); *"ഫലങ്ങളുടെയും ഉല്പന്നങ്ങളുടെയും നാടാണ് അസ്സീറിയാ"* (ഏശാ. 36:17). അതുപോലെയാണ് ഇവിടെയും, *"നിങ്ങളുടെ ഇടയിലും എനിക്ക് കുറച്ചു ഫലം ഉണ്ടാകുവാൻ"*.

*"സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല"* (1:16). കാരണം, "ക്രൂശിക്കപ്പെട്ട ഒരു മനുഷ്യനിൽ അവർ വിശ്വസിക്കുന്നു" എന്നു പറ

---

1. മത്താ 3:16; 4:1; ലൂക്കാ 4:14; മത്താ 12:28; റോമാ 8:11
2. ഒദ്ശോ - എയ്ദോസ് 3. പീറോ

www.malankaralibrary.com



ഞ്ഞുകൊണ്ട്, അക്കാലത്ത് ശത്രുക്കൾ സുവിശേഷത്തെ വളരെയധികം താറടിച്ചിരുന്നു.

*"വിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്ക്* (1:17). അതായത്, മിശിഹായിലുള്ള വിശ്വാസത്തിൽ നിന്ന് വരാനിരിക്കുന്ന വസ്തുക്കളിലുള്ള വിശ്വാസത്തിലേക്ക് പടിപടിയായി നാം നയിക്കപ്പെടുന്നു". നാം അവനിൽ വിശ്വസിക്കുന്നതിനാൽ, നമ്മോടുള്ള വാഗ്ദാനം അവൻ അവിടെ പൂർത്തീകരിക്കും എന്ന് നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. *"നിയമം ഇല്ലാത്ത പുറജാതികൾ നിയമത്തിലുള്ളവ തങ്ങളുടെ സ്വഭാവത്താൽ തന്നെ ചെയ്യുന്നെങ്കിൽ.."* (2:14). മിശിഹായുടെ ആഗമനം ആവശ്യമായിരുന്നു എന്നു കാണിക്കുകയാണ് അവന്റെ ലക്ഷ്യം. പുറജാതികൾ സ്വാഭാവിക നിയമത്താലും, യഹൂദർ സ്വാഭാവിക നിയമത്താലും മോശയുടെ നിയമത്താലും നന്നാകുന്നില്ല എന്ന് കുറ്റപ്പെടുത്താൻ ആരംഭിച്ചുകൊണ്ട് തന്റെ പ്രബോധനത്തിന്റെ ഔന്നത്യം തന്റെ ന്യായീകരണത്തിൽ അവൻ കാണിക്കുന്നു. രണ്ടുകൂട്ടർക്കും മിശിഹായുടെ ആഗമനം ആവശ്യമായിരുന്നു; അവിടുന്നു തന്റെ കൃപയാൽ എല്ലാ മനുഷ്യർക്കും ജീവൻ പ്രദാനം ചെയ്യുന്നു. സ്വാഭാവിക പ്രേരണയ്ക്കനുസൃതമായ സംഗതികൾ ഉപേക്ഷിക്കാനോ, വർദ്ധിപ്പിക്കാനോ, കുറയ്ക്കാനോ ഉള്ള ബോധപൂർവകമായ ഇച്ഛാശക്തി ഇല്ലാത്ത മൃഗങ്ങളുടേതുപോലെ, വകതിരിവില്ലാത്ത സ്വാഭാവിക ചേഷ്ടകളെയല്ല അവൻ സ്വാഭാവിക നിയമങ്ങൾ എന്നു വിളിക്കുക. അവയെ ആരും പ്രകീർത്തിക്കുന്നില്ല, കുറ്റപ്പെടുത്തുന്നുമില്ല. നമ്മിലുള്ളതും നന്മയും തിന്മയും തിരിച്ചറിയാൻ നമ്മെ കഴിവുറ്റവരാക്കുന്നതുമായ വിവേചനാ ശക്തിയെയും അറിവിനെയും ബുദ്ധിയെയും സ്വതന്ത്രേച്ഛയെയുമാണ് അവൻ സ്വാഭാവിക നിയമങ്ങൾ എന്നു വിളിക്കുന്നത്. അവൻ പുറജാതികളെ കുറ്റപ്പെടുത്തിക്കൊണ്ട് തുടങ്ങുന്നു; കാരണം, സ്വാഭാവികനിയമമാണ് എഴുതപ്പെട്ട നിയമത്തിനു മുമ്പേ ഉണ്ടായത്. അവൻ പറയുന്നു: *"മനുഷ്യരുടെ സകല ദുഷ്ടതയ്ക്കും അനീതിക്കുമെതിരെ ദൈവത്തിന്റെ ക്രോധം ആകാശത്തുനിന്നു പ്രത്യക്ഷപ്പെടുന്നു"*. ദൈവത്തിൽ നിന്നുള്ള വീഴ്ചയെ *അനീതി* എന്നും പരസ്പരമുള്ള കർമപാപങ്ങളെ *ദുഷ്ടത* എന്നു വിളിക്കുന്നു. *"അതുകൊണ്ട്, അവമാനിക്കായി അവരുടെ ഹൃദയങ്ങളുടെ അശുദ്ധാഗ്രഹങ്ങൾക്ക് ദൈവം അവരെ കൈവിട്ടു"* (1:24). അവർ ദൈവത്തോട് പരമനിന്ദ്യമാംവിധം പെരുമാറിയതിനാൽ അവരെ നേരെയാക്കാതെ അവർക്കിഷ്ടമുള്ളതു പ്രവർത്തിക്കാൻ ദൈവം അവരെ അനു

www.malankaralibrary.com



വദിച്ചു. *"അവൻ അവരെ കൈവിട്ടു"* (1:24). അവിടുന്ന് അവരെ നിർബന്ധിച്ചു എന്നല്ല, പിന്നെയോ, അതിനു പകരം *'അവരെ കൈവിട്ടു'* എന്നാണ് അവൻ പറയുന്നത്. *"തങ്ങളുടെ സ്വന്തം മാർഗങ്ങളിൽ സഞ്ചരിക്കാൻ അവിടുന്ന് അവരെ അനുവദിച്ചു"* (നട. 14:16) എന്നും, *"നമ്മുടെ ശരീരത്തിൻെറയും മനസിൻെറയും അഭിലാഷങ്ങൾ സാധിച്ചുകൊടുത്തു"* (എഫേ. 2:3) എന്നും, *"എൻെറ മകനേ, നിൻെറ ആത്മാവിൻെറ ആഗ്രഹങ്ങൾക്കനുസരിച്ചു പോകരുത്"* (പ്രഭാ. 5:2) എന്നും പറയുന്നതുപോലെയാണിത്. ദൈവം അവരെ അനുവദിച്ചു എന്നു പറയുന്നതിനുപകരം *"ദൈവം അവരെ കൈവിട്ടു"* എന്ന് ഇവിടെയും പറയുന്നു. *"തങ്ങളുടെ ഹൃദയങ്ങളുടെ അശുദ്ധാഗ്രഹങ്ങൾക്ക്"* എന്ന് അവൻ കൂട്ടിച്ചേർക്കുന്നതിൽനിന്ന് ഇത് സുവ്യക്തമാണ്. *"തങ്ങളുടെ ശരീരങ്ങളെ പരസ്പരം അവമാനിക്കുന്നതിന്"* എന്നു പറഞ്ഞുകൊണ്ട്, ഏതുതരം പാപത്തിനാണ് അവരെ കൈവിട്ടതെന്ന് അവൻ കാണിക്കുന്നു. അവൻ ശരിയായി അശുദ്ധിയെപ്പറ്റി ആദ്യമേതന്നെ പറയുന്നു; കാരണം, ഈ ലോകത്തിൽ പാപങ്ങൾ വഴി ചില്ലറ താല്കാലിക നേട്ടങ്ങൾ ചിലപ്പോഴൊക്കെ ഉണ്ടാകാറുണ്ടല്ലോ; എന്നാൽ അശുദ്ധ വ്യക്തി തന്നെത്തന്നെ മലിനമാക്കുന്നു.

*"അവരുടെ സ്ത്രീകൾ തങ്ങളുടെ പ്രകൃതിയുടെ ഉപയോഗത്തിനു പകരം പ്രകൃതിവിരുദ്ധമായത് ചെയ്തു"* (1:26). കാരണം തങ്ങളോട് ലജ്ജാകരമായി പെരുമാറിയവർക്ക്, ബന്ധപ്പെടാനുള്ള അവയവങ്ങൾക്കു പകരം ശുചീകരണാവയവങ്ങളെ അവർ നൽകി. പുറജാതികളുടെ അന്ധതയുടെ ദൃഷ്ടാന്തമായി അശുദ്ധിയുടെ കറകളെ വിശദമായി വിവരിക്കാൻ വിശുദ്ധ വായ് നിർബന്ധിതമായി.

*"അവരുടെ വിചാരങ്ങൾ പരസ്പരം കുറ്റപ്പെടുത്തുകയോ ന്യായീകരിക്കുകയോ ചെയ്യുന്നു"* (2:15). അവനിതു പറജാതികളെപ്പറ്റിയാണു പറയുന്നത്. അതായത്, അവർക്ക് നന്മ എന്നു തോന്നുന്നതിനെതിരെ പ്രവർത്തിച്ചാൽ, അവരുടെ മനസാക്ഷി അവരെ കുറ്റപ്പെടുത്തും. എന്നാൽ നൈയാമികകാര്യങ്ങളെ സംബന്ധിച്ച് അവർ അവയെ ഒരിക്കലും നിന്ദിക്കുന്നില്ല. സ്വാഭാവിക വിവേചനയാൽ അവർക്കറിയാൻ പാടില്ലാത്ത പരിച്ഛേദനം , സാബത്, ബലികൾ യഹൂദർക്ക് മാത്രം നൽകപ്പെട്ട മററു സംഗതികൾ എന്നിവ അനുഷ്ഠിക്കുന്നില്ല എന്നതിന് അവരെ കുറ്റപ്പെടുത്തി ശിക്ഷിച്ചാൽ, ഈവക കാര്യങ്ങളെ സംബന്ധിച്ച് *തങ്ങൾക്ക് നിയമ*

www.malankaralibrary.com



*മില്ലെന്ന് അവർക്ക് ന്യായീകരണം നടത്താം. അവസാനം "അവൻ വിധികളെല്ലാം തന്റെ പുത്രനെ ഏല്പിച്ചിരിക്കുന്നു"* എന്ന് അവിടുന്ന് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ (യോഹ. 5:22). അവസാനം മിശിഹാവഴി ദൈവം മനുഷ്യരുടെ കർമങ്ങളെ വിധിക്കുന്ന ദിവസം ഈ കാര്യങ്ങളുടെ പരിശോധന നടക്കും.

# 2

*"നീ ഒരു യഹൂദൻ എന്നു വിളിക്കപ്പെടുകയും നിയമത്തിൽ ആശ്രയിക്കുകയും ചെയ്യുന്നെങ്കിൽ..."* (2:17). അതായത്, നീ പുറജാതികളിൽ നിന്ന് വേർതിരിക്കപ്പെട്ടവനാണ്; നിന്റെ പേരിന്റെ പ്രത്യേകത, വിഗ്രഹാരാധകരായ പുറജാതികളിൽ നിന്നുള്ള വേർതിരിവിനെ കാണിക്കുന്നു. കാരണം, പണ്ടു മുതലേ അവർ എബ്രായർ എന്നോ ഇസ്രായേൽ മക്കൾ എന്നോ വിളിക്കപ്പെട്ടിരുന്നു. എന്നാൽ തങ്ങളുടെ നാട്ടിലേക്കു തിരികെ പോകാൻ സൈറസ് അവരെ അനുവദിച്ച തിരിച്ചുവരവിന്റെ സമയത്ത്, തിരികെപോകാൻ പത്തു ഗോത്രങ്ങൾ കാലവിളംബം വരുത്തി; കാരണം, അവിടെ അവർ ദീർഘകാലമായി പാർക്കുകയായിരുന്നു. എന്നാൽ തങ്ങൾ പാർക്കാൻ ദൈവം ആഗ്രഹിച്ച സ്ഥലത്ത് പാർക്കാതിരിക്കുന്നത് മഹാപാപം ആണെന്ന് യൂദാഗോത്രം ചിന്തിക്കുകയും തിരികെ പോരാൻ ആദ്യം മുന്നോട്ടു വരികയും ചെയ്തു. അവരുടെ തീക്ഷ്ണതയാൽ, അവരോടൊപ്പം തിരികെപോകാൻ അനേകർ 'തിടുക്കം കൂട്ടി. അതുകൊണ്ട്, ആദ്യഗോത്രത്തിൽ നിന്നുള്ള ജനങ്ങളും പോകുന്നതിനായി തങ്ങളുടെ മനസു മാറ്റുകയും മറ്റുള്ളവർക്ക് മാതൃകയാകുകയും ചെയ്തു. അവരുടെ പേരിൽ ഈ നാട് അറിയപ്പെട്ടു. നിയമത്തിനുവേണ്ടിയുള്ള അവരുടെ തീക്ഷ്ണതയ്ക്ക് സാക്ഷ്യം വഹിക്കുന്നവരായി അവർ അപ്പോൾ മുതൽ ആ നാമത്തിലും മഹത്ത്വീകരിക്കപ്പെട്ടു. അതുകൊണ്ട്, "ഇതാ, നിങ്ങൾ വിളിക്കപ്പെടുന്ന ഈ നാമവും പുറജാതികളിൽ നിന്നുള്ള നിങ്ങളുടെ വേർതിരിവിനെ കാണിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് പൗലോസ് അവരെ കുറ്റപ്പെടുത്താൻ ആരംഭിക്കുന്നത് ശരിയായിട്ടാണ്. "നീ നിയമത്തിൽ ആശ്രയിക്കുന്നു". അതായത്, നിയമത്തിൽ നിന്ന് ശരിയായിട്ടുള്ളതെന്താണെന്ന് നീ എളുപ്പത്തിൽ പഠിക്കുന്നതിനാൽ, നീ എന്താണ് ചെയ്യേണ്ടതെന്ന് അന്വേഷിക്കേണ്ടതില്ല. *"അക്ഷരത്തിലല്ല, ആത്മാവിൽ"*

www.malankaralibrary.com



(2:29): അതായത്, ആത്മാവിൻെറ ഇച്ഛയാൽ, എഴുത്തിൽ നിന്നല്ല; അവൻ കൃത്യമായി ധാർമിക കടമകൾ നിർവചിക്കുന്നു.

*"മാനുഷിക രീതിയിലാണു ഞാൻ സംസാരിക്കുന്നത്"* (3:5): അതായത്, മറ്റുമനുഷ്യരെപ്പോലെ, പുറജാതികളെപ്പോലെ, "ദുഷ്ടത പ്രവർത്തിക്കണം എന്ന് ഈ ജനത പഠിപ്പിക്കുന്നു; കാരണം, നാം തിന്മ പ്രവർത്തിക്കുമ്പോൾ, തൻെറ കരുണയാൽ ദൈവം അത് അനുവദിക്കുന്നു. അവിടുന്നു ക്ഷമിക്കുന്നതിനാൽ, അവിടുത്തെ നന്മ കൂടുതലായി വെളിപ്പെടുന്നു" എന്നു പറഞ്ഞുകൊണ്ട് അവർ യഹൂദരെ കുറ്റപ്പെടുത്തുന്നു. എന്നാൽ യഹൂദരാകട്ടെ ഇപ്രകാരം പഠിപ്പിക്കുന്നില്ല, എങ്കിലും ദൈവം നല്ലവനും കരുണാമയനും ദീർഘക്ഷമയുള്ളവനുമാണ് എന്ന് അവർ ശരിയായിട്ടാണ് പറഞ്ഞിരിക്കുന്നത്. നാം തൻെറ മുമ്പാകെ തിന്മ പ്രവർത്തിച്ചപ്പോൾ നാം പാപം ചെയ്തു. തൻെറ നന്മയാൽ, നാം അർഹിച്ച ശിക്ഷ അവിടുന്നു നമ്മുടെ മേൽ വരുത്തിയില്ല. നിയമത്തെയും പ്രവാചകരെയും ബഹുമാനിക്കാനായി യഹൂദരുടെ പക്ഷം ചേരുന്നു: *അല്ലെങ്കിൽ "ദൈവത്തിൽ നിന്ന് അനേകം നന്മകൾ ഉണ്ടാകുവാനായി യഹൂദരായ നമുക്ക് തിന്മകൾ ചെയ്തു കൂട്ടാം"* എന്നു ഞങ്ങൾ പറയുന്നതായി ചിലർ (ഞങ്ങൾ പഠിപ്പിക്കുന്ന വിജാതീയർ) ഞങ്ങളെപ്പറ്റി ദുഷിച്ചുപറയുന്നതിന് എതിരായിട്ടായിരിക്കാം (3:8). ഈ കാര്യങ്ങൾ പറഞ്ഞിട്ട് അവൻ പറയുന്നു: *"മാനുഷികരീതിയിലാണു ഞാൻ സംസാരിക്കുന്നത്"*. അതായത്, പുറജാതികൾ ഞങ്ങൾക്കെതിരെ ദുഷിച്ചു പറയുന്നതുപോലെ *"ലംഘനം ക്ഷമിക്കപ്പെട്ടവനും പാപം മൂടപ്പെട്ടവനും ഭാഗ്യവാൻ"*; *"കർത്താവ് നല്ലവനാകുന്നു, അവൻെറ കാരുണ്യം...."* എന്നു തുടങ്ങി ദൈവത്തിൻെറ നന്മയും ദീർഘശാന്തതയും പ്രസ്പഷ്ടമാക്കുന്ന ഭാഗങ്ങളെ ആധാരമാക്കിയാണ് പുറജാതികൾ യഹൂദർക്കെതിരെ ഈ ആരോപണം ഉന്നയിക്കുന്നത്.[6] ഈ ഭാഗങ്ങളെ ആധാരമാക്കി പുറജാതികൾ യഹൂദരെ തെറ്റായി കുറ്റപ്പെടുത്തുന്നു.

*"അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാണ്; അവരുടെ നാവ് വഞ്ചനാത്മകം...."* (3:13). *"ദുഷ്ടൻ തൻെറ ഹൃദയത്തിൽ പറഞ്ഞു..."* എന്ന വാക്യം (സങ്കീ. 14:1) അസ്സീറിയാക്കാരെപ്പറ്റിയാണ് എന്ന് ഗ്രീക്കിൽ പറയുന്നു. പ്രവചനാത്മകമായി പറഞ്ഞവയെപ്പറ്റിയല്ല, പിന്നെയോ,

6. സങ്കീ 32:1; 1 ദിന 16:34; 2 ദിന 7:3; സങ്കീ 106:1ff.

www.malankaralibrary.com



തിരുലിഖതാനുസൃതം, മിശിഹായുടെ ആഗമനകാലത്തുണ്ടായിരുന്ന സ്വജനത്തെയും ജാതികളെയും കുറിച്ചാണിത് എന്നത്രേ പൗലോസ് താത്ത്വികമായും സ്പഷ്ടമായും സമർത്ഥിക്കുക. ചിലരുടെ വ്യാഖ്യാനമനുസരിച്ച്, അവർക്ക് മനസിലായതേയില്ല! ശ്ലീഹാ അവസാനത്തെ ഭാഗം പ്രധാനപ്പെട്ടതാക്കി എന്ന് *ഭാഷ്യകാരൻ* പറയുന്നു. അതായത്, *"നിയമം പറയു ന്നവയെല്ലാം.. എന്നു നമുക്കറിയാം"* (3:19); *"എല്ലാവരും ഒന്നടങ്കം വഴിതെറ്റിപ്പോയി"* (3:12) എന്ന് അവൻ ഇതിനോടു കൂട്ടിച്ചേർത്തില്ല.

*"അവൻെറ രക്തത്തിലുള്ള വിശ്വാസത്താൽ പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചു"* (3:26): അതായത്, *നിയമത്തിൽ* ഉള്ളതുപോലെ കൃപാസനത്തിൻെറ മധ്യത്തിൽ ക്രോബകളുടെ ചിറകുകളുടെ താഴെ, പേടകത്തിൻെറ മുകളിലുള്ള സ്വർണപാളി, *കൃപാസനം* എന്നു വിളിക്കപ്പെട്ടിരുന്നു; അതിൽ നിന്ന് ദൈവം പുരോഹിതനോടു സംസാരിക്കുകയും അവനു വെളിപാട് ലഭിക്കുകയും ചെയ്തിരുന്നു. അതുപോലെ നാമും ഈ മനുഷ്യൻെറ മധ്യസ്ഥതയാൽ അവനിലുള്ള വിശ്വാസത്താൽ ദൈവവുമായി അനുരഞ്ജനം പ്രാപിക്കുന്നു. *"അവൻെറ രക്തത്തിൽ"* എന്ന് അവൻ പറയുന്നു! കാരണം, ആ കൃപാസനത്തിനപ്പുറത്തായി, പുരോഹിതൻ തൻെറ സ്വന്തമായി യാതൊന്നും കൊണ്ടുവന്നിരുന്നില്ല; എന്നാൽ ഈ മനുഷ്യനാകട്ടെ, നമുക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു.

## 3

*"നമ്മുടെ വീമ്പടിക്കൽ എവിടെ?"* (3:27): "ദൈവത്തിലും നിയമത്തിൻെറ ദാനത്തിലും ഉള്ള വീമ്പടിക്കൽ എവിടെ? എന്ന് ഒരുപക്ഷേ നീ എന്നോടു ചോദിച്ചേക്കാം" എന്നു പറഞ്ഞുകൊണ്ട് യഹൂദന്മാർ അവനെതിരെ ഉന്നയിച്ച ഒരു തടസ്സവാദമാകാമിത്. അവൻ അതിന് ചുരുക്കമായി ഇങ്ങനെ മറുപടി പറഞ്ഞു: "അത് റദ്ദാക്കപ്പെട്ടു". വീണ്ടും, *"ഏതു നിയമത്താലാണ്* അതു റദ്ദാക്കപ്പെട്ടത്?" എന്ന് യഹൂദർ ചോദിക്കുന്നതുപോലെ അവൻ ചോദിക്കുന്നു. അതായത്, "ഏതുനിയമമാണ് അകത്തു കടന്ന് അതിനെ പുറത്താക്കിയത്?" "പ്രവൃത്തികളുടേതാണോ?" അവൻ മറുപടി പറയുന്നു: *"അല്ല, വിശ്വാസത്തിൻെറ നിയമത്താൽ"*. നിയമത്തിൻെറ ആ പേരിലൂടെ, അവരുടെ നിയമത്തിന് എതിരായിട്ടൊന്നും

www.malankaralibrary.com



താൻ കൊണ്ടുവരുന്നില്ല എന്ന് അവൻ കാണിക്കുന്നു. അതുപോലെ തൻെറ സ്വന്തം സംഗതികളിലും അവൻ ഈ പേര് സ്വീകരിക്കുന്നു.

*"നീതിമാൻ വിശ്വാസത്താൽ ജീവിക്കും"* എന്നത് ഹബക്കുക്ക് പ്രവാചകനിൽ നിന്നാണ് (2:4).

*"അബ്രഹാം പ്രവൃത്തികളാലാണ് നീതീകരിക്കപ്പെട്ടതെങ്കിൽ അവന് അഭിമാനിക്കാം - എന്നാൽ ദൈവത്തിൻെറ പക്കൽ അല്ലെന്നു മാത്രം.* (4:2): അതായത്, ദൈവദാനത്താലല്ല, തൻെറ സ്വന്തം പ്രവൃത്തികളാൽ നീതീകരണം പ്രാപിച്ചവനെപ്പോലെ തൻെറ സ്വന്തം പ്രവൃത്തികളാൽ അബ്രഹാം നീതീകരിക്കപ്പെട്ടെങ്കിൽ, അവന് അഭിമാനിക്കാമായിരുന്നു. വാഗ്ദാനം നിയമത്താൽ പൂർത്തീകരിക്കപ്പെടുക അസാധ്യമാണ് എന്നു കാണിച്ചുകൊണ്ട് ഇതാണ് പൂർത്തീകരണം എന്ന് അവൻ പറയുന്നു. കാരണം, നിയമം ക്രോധം ജനിപ്പിക്കുന്നു. അതായത്, നിയമാനുസൃതമായി വ്യാപരിക്കുന്നവൻ പാപത്തിനു കടപ്പെട്ടവനേയല്ല. എന്നാൽ അവൻ പാപം ചെയ്താൽ, നിയമം അവനെ ശിക്ഷിക്കുന്നു. തൻെറ പാപങ്ങൾക്ക് അവനു ശിക്ഷ കിട്ടുമെങ്കിൽ, അവൻ എന്തു നന്മയാണ് പ്രതീക്ഷിക്കുക? ഈ മർത്ത്യശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം പൂർണമായി പാപരഹിതനായിരിക്കാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട്, ഇതുവഴി വാഗ്ദാനങ്ങളും പ്രതിജ്ഞകളും പോലും പൂർത്തീകരിക്കപ്പെടുന്നില്ല.

*"നാമെല്ലാവരുടെയും പിതാവായിരിക്കുന്നവൻ"* (4:11): അതായത് സ്വജനത്തിനും ജാതികൾക്കും. അവൻ ഒരു ജനതയുടെ മാത്രം പിതാവാണെങ്കിൽ, അബ്രാം എന്ന അവൻെറ പേര് അബ്രഹാം എന്നാക്കിയത് അധികപ്പറ്റായി പോകുമായിരുന്നു എന്ന് അവൻ പറയുന്നു. അവസാനം അവനു കൊടുത്ത അബ്രഹാം എന്ന ഈ പേരിൻെറ അർത്ഥം അനേകം ജനപദം എന്നത്രേ. *"നാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടതിനാൽ, നമുക്കു സമാധാനം ഉണ്ടായിരിക്കും"* (5:1): അതായത്, വിശ്വാസം സമാധാനം പ്രദാനം ചെയ്യുന്നു; പ്രത്യാശ, പീഡനങ്ങളിൽ നമ്മുടെ ക്ഷമയെ ശക്തിപ്പെടുത്തുന്നു, സത്യത്തെ പ്രതിയുള്ള പീഡകൾ നമ്മിൽ സ്നേഹത്തെ പൂർണമാക്കുന്നു. സ്വയംപരിത്യാഗത്തിൽ നിന്നുളവാകുന്ന ക്ലേശങ്ങൾ ശരീരത്തെയും, സമ്പാദ്യങ്ങളെ തിരസ്കരിക്കുന്നത് ആത്മാവിനെയും പ്രശാന്തമാക്കുന്നു.

www.malankaralibrary.com



# 4

*"ആദം മുതൽ മോശവരെ മരണം ആധിപത്യം പുലർത്തി...."* (5:14); കാരണം, തൊട്ടുമുകളിൽ അവൻ പറയുന്നു: *"ഒരു മനുഷ്യൻ, ആദം മൂലം പാപം ലോകത്തിൽ പ്രവേശിച്ചു; പാപംമൂലം മരണം എല്ലാമനുഷ്യരുടെ മേലും ആദത്തിന്റെ സാദൃശ്യത്തിൽ, പാപം ചെയ്യാതിരുന്നവരുടെ മേൽപോലും ഭരണം നടത്തി"* (5:12.14). അതായത്, ആദത്തെപ്പോലെ അവർക്കു മരം വിലക്കപ്പെട്ടിരുന്നില്ല, അവർ പഴം പറിച്ച് ഭക്ഷിച്ചുമില്ല. *"മോശയുടെ നിയമംവരെ"* (5:13): നിയമം നൽകപ്പെട്ടതുമുതൽ, മരണത്തെ നീക്കിക്കളയാൻ അതിനു കഴിഞ്ഞില്ല; മറിച്ച്, കല്പനകളുടെ ബഹുത്വംമൂലം മനുഷ്യർക്കെതിരെ അതു കൂടുതൽ പ്രബലപ്പെടുകയാണുണ്ടായത്. എന്നാൽ ദൈവവചനവുമായി ഐക്യപ്പെട്ട് അവനോടുകൂടി ഏകപുത്രനായി തീർന്ന നമ്മുടെ ഇടയിൽനിന്നുള്ള ഏക മനുഷ്യനിലൂടെ നമ്മിൽ നിന്നു മരണം നീക്കപ്പെട്ടു. *'മിശിഹായുടെ പ്രതിരൂപമാണ് ആദം'* (5:14) എന്ന് ശ്ലീഹാ ആദത്തെപ്പറ്റി പറഞ്ഞത്, ഒരുപോലെയുള്ള പ്രവൃത്തികൾ നിമിത്തമല്ല; എതിരായിട്ടുള്ളവ നിമിത്തമാണ്. പാപത്താലും ദുഷിപ്പിക്കലാലും മർത്യതയാലും ജീർണതയാലും ആദം മനുഷ്യരുടെ പിതാവായിരുന്നു. എന്നാൽ മിശിഹായാകട്ടെ, അമർത്യതയാലും വിശ്വസ്തതയാലും വ്യതിയാന രാഹിത്യത്താലും നീതിയാലും പിതാവായിത്തീർന്നു. *"ആദം മുതൽ മരണം ആധിപത്യം പുലർത്തി"* (5:14) എന്നതിന് *മറ്റു ചിലർ:* തിരുലിഖിതരീതി അനുസരിച്ച് മരണത്തിന് ഒരു വ്യക്തിത്വം നൽകുന്നു. *"പർവതങ്ങൾ മുട്ടാടുകളെപ്പോലെ തുള്ളിച്ചാടി"; "പ്രളയങ്ങൾ കൈയടിച്ചു"; "പാതാളം ആർത്തിരമ്പി"*.[7]

ആദം ദൈവകല്പന ലംഘിച്ചു പാപം ചെയ്തപ്പോൾ, താൻ കിരീടധാരിയായി എന്നേക്കും ഭരിക്കും എന്ന് മരണം കരുതി. മനുഷ്യർ അനന്തമായി അവന്റെ ഗുഹയിൽ അടയ്ക്കപ്പെട്ടു. *"ഞാൻ അബ്രഹാമിന്റെ ദൈവവും...", "റൂബെൻ മരിക്കാതെ ജീവിക്കട്ടെ"* എന്ന് മോശ പറയുന്നതു കേട്ടപ്പോൾ (ഉല്പ. 28:13; ആവ. 33:6) മോശയുടെ കരങ്ങൾ ചെയ്ത അത്ഭുതാവഹവും നവീനവുമായ സംഗതികൾ അവൻ കണ്ടു: ഈജിപ്തുകാരുടെമേൽ ഉണ്ടായ മാരകമായ ബാധകൾ, മരണത്തിൽനിന്ന് ഇസ്രാ

7. സങ്കീ 114:4; 98:8; ഏശാ 14:9.

www.malankaralibrary.com



യേൽക്കാരുടെ രക്ഷപെടൽ, കടൽ പിളർന്നത്, മേഘസ്തംഭം, മന്നാ, പാറയിൽ നിന്നുള്ള ജലപ്രവാഹം, സീനായ് മലയിലെ മഹനീയ സംഗതികൾ, മോശയുടെ ഉപവാസത്തിൻെറ ഇരട്ടിപ്പ്, അവൻെറ മുഖം പ്രകാശിച്ചത്, ജനത്തെ രക്ഷിക്കുകയും മാരകമായ അണലികളിൽ നിന്ന് അവരെ വിടുവിക്കുകയും ചെയ്ത പിച്ചളസർപ്പം; ആ കഠിനമായ മരണത്തിൽ, ജീവനുള്ളവരുടെയും മരിച്ചവരുടെയും മധ്യേ നിന്നുകൊണ്ട് ധൂപകലശത്താൽ ധൂപാർപ്പണം നടത്തി ബാധ നീക്കിയ അഹറോനെ അവൻ പിന്നീടു കണ്ടു. തൻെറ അധികാരം തകർക്കപ്പെടുമെന്നും താൻ എന്നേക്കും വാഴുകയില്ലെന്നും അവൻ ഭയപ്പെട്ട് വിറച്ചു. തൻെറ അധികാരത്തെപ്പറ്റി പ്രവാചകകാലഘട്ടങ്ങളിലും അവൻ സംശയിക്കുകയും ഭയന്നു വിറയ്ക്കുകയും ചെയ്തു. എന്നാൽ മിശിഹാ സമാഗതനായപ്പോൾ അവിടുന്ന് ഉയിർപ്പിച്ച മരിച്ചവരിലൂടെയും അമർത്യജീവിതത്തിലേക്ക് എഴുന്നേല്പിച്ച തൻെറ ശരീരത്തിലൂടെയും അവിടുന്ന് മരണത്തെ എന്നേക്കുമായി നീക്കിക്കളഞ്ഞു. *ദൈവവാഹകരിൽ ഒരാൾ* പറഞ്ഞതുപോലെ, *"ആദം മുതൽ മോശ വരെ"* തൻെറ ഭവനത്തിലേക്ക് എന്നവണ്ണം സാത്താൻ നമ്മുടെ ഇടയിലേക്ക് കടന്നുവരികയും പുറത്തുപോകുകയും ചെയ്തിരുന്നു. എന്നാൽ മോശ മുതൽ മിശിഹാവരെ അവൻ ചിന്താഗ്രസ്തനായും സംശയാലുവായും നിലകൊണ്ടു. മിശിഹായുടെ വരവിലും അതിനുശേഷവും കള്ളനെപ്പോലെ ഭയന്നുവിറച്ചാണ് അവൻ നമ്മുടെ ഇടയിൽ ചരിക്കുന്നത്; കാരണം, ന്യായവിധിക്കായി താൻ അറസ്റ്റു ചെയ്യപ്പെടുന്ന പ്രഭാതം എത്തും എന്ന് അവനറിയാം. - മാലാഖമാർക്കും പിശാചുക്കൾക്കും, മോശ മരിക്കയില്ലെന്ന് അവനെപ്പറ്റി മാത്രമുള്ള അറിവേ ഉണ്ടായിരുന്നുള്ളു എന്ന് മറ്റു ചിലർ പറയുന്നു. എന്നാൽ മോശ മരിക്കുകയും അവൻെറ മഹത്വം നീങ്ങിപ്പോകുകയും ചെയ്തപ്പോൾ, മരണം തിരിഞ്ഞ് ആധിപത്യം പുലർത്തി.

മിശിഹാമൂലം ഉണ്ടായ ഉത്ഥാനത്തിൻെറ കൃപ, ആദത്തിൻെറ വീഴ്ചയാലുണ്ടായ മരണവിധിയേക്കാൾ വലുതായതിനാൽ അവൻ പറയുന്നു: *"ഒരുവൻെറ ലംഘനം പോലെയല്ല, കൃപാദാനം. കാരണം, ഒരുവനാലുള്ള വിധി ശിക്ഷയ്ക്കായി ഭവിച്ചു. എന്നാൽ കൃപാദാനമാകട്ടെ..."* (5:15). അതായത്, ഒരുവൻ കുറ്റക്കാരനായി കണ്ടെത്തപ്പെട്ടു, എല്ലാവരുടേമേലും നിപതിക്കുന്ന മരണശിക്ഷയ്ക്ക് അവൻ കാരണക്കാരനായി; എന്നാൽ കൃപ ഇപ്രകാരമല്ല. കാരണം, ആദത്തിൽനിന്ന് എന്നപോലെ

www.malankaralibrary.com



യല്ല ഇത് ഏകനിൽ നിന്ന് ബാക്കിയെല്ലാവർക്കും ലഭിച്ചത്. ഇതാണ് വ്യത്യാസത്തിൻെറ കാരണം എന്ന് അവൻ പറയുന്നു. കുറ്റക്കാരായ അനേകർ ഉണ്ടായിരുന്നപ്പോൾ എല്ലാവർക്കും - നേരത്തെ ഉള്ളവർക്കും പിന്നെ വന്നവർക്കും - കൃപാദാനം വർഷിക്കപ്പെട്ടു. അതുകൊണ്ട് ഇത് അതിനേക്കാൾ വളരെ ശ്രേഷ്ഠമാണ്. ആദ്യത്തേത്, പിന്നെ വന്നവർക്കു മാത്രമായിരുന്നു എന്നത് വ്യക്തമാണല്ലോ. എന്നാൽ ഇതാകട്ടെ, പിന്നെ വന്നവർക്കു മാത്രമല്ല, പിന്നെയോ, മർത്യതയുടെയും ജീർണതയുടെയും ശിക്ഷയിൽനിന്നു പുരാതനരെയും രക്ഷിച്ചു. പൊതുവായ ഉത്ഥാനത്തിൽ എല്ലാവർക്കും ജീവനും വ്യതിയാനരാഹിത്യവും നൽകുകയും ചെയ്യും.

*"നിയമം മധ്യത്തിലേക്ക് രംഗപ്രവേശം ചെയ്തു"* (5:20). അതായത്, ആദത്തിൻെറ ജനത്തിനും മിശിഹായുടെ ജനത്തിനും മധ്യേ. *"കുറ്റം വർധിക്കുവാൻ"*, കാരണമായി എന്ന നിലയിലല്ല അവൻ പറയുന്നത്, പിന്നെയോ, തൻെറയും തിരുലിഖിതത്തിൻെറയും രീതി അനുസരിച്ചാണ് എന്നു പറയാം: നൽകപ്പെട്ട *നിയമം* പോലും കുറ്റം വർധിക്കുവാൻ ഇട യാക്കി; അതിൻെറ കല്പനകൾ നിരവധി ആയിരുന്നതിനാൽ, കല്പന കളുടെ ലംഘനവും വർധിച്ചു.

*"അവൻെറ മരണത്തിൻെറ സാദൃശ്യത്തിൽ അവനോടൊരുമിച്ച് നാം സ്ഥാപിക്കപ്പെട്ടെങ്കിൽ"* (6:5): അതായത്, ചെടികൾക്ക് കൂടുതൽ കരുത്തു കിട്ടാനായി പറിച്ചു നടുന്നതുപോലെ മർത്യനായ ആദത്തിൻെറ ശരീരത്തിലെ നടീലിൽനിന്ന് നാം പിഴുതെടുക്കപ്പെട്ട് മിശിഹായോടു കൂടി അവിടുത്തെ മരണത്തിൻെറ സാദൃശ്യത്തിൽ, വരാനിരിക്കുന്നവ യുടെ സാദൃശ്യവും ഉപമയുമായ സ്നാനത്തിലൂടെ നടപ്പെട്ടിരിക്കുന്നു.

പാപത്തെ ഒന്നിച്ച്, അവൻ തുടർച്ചയായി *പഴയമനുഷ്യൻ* എന്നും *പാപത്തിൻെറ ശരീരം* എന്നും വിളിക്കുന്നു (6:6).

*"പ്രബോധനരീതിയെ....നിങ്ങൾ അനുസരിച്ചു"* (6:17): അതായത്, മാമോദീസാ; കാരണം അവൻ സ്നാനത്തെ *മിശിഹായുടെ കൃപ* എന്നു നിരന്തരം വിളിക്കുന്നു; നമുക്കു നിയമമോ കൃത്യമായ കല്പനകളോ ഇല്ലായിരുന്നു എന്ന അർത്ഥത്തിലല്ല; പിന്നെയോ, *ഒന്നാമത്*, അടിമക ളുടെ രീതിയായ, നിയമത്തോടുള്ള ഭയത്തെ പ്രതിയല്ല നാം സദ്പ്രവൃത്തി കൾ ചെയ്യുന്നത് എന്നതിനാൽ; വരാനിരിക്കുന്ന ലോകത്തെപ്പറ്റിയുള്ള പ്രത്യാശ കൊണ്ടു മാത്രവുമല്ല; പിന്നെയോ, എല്ലാറ്റിൻെറയും കാരണ

www.malankaralibrary.com



മായ പിതാവിനോടുള്ള സ്നേഹം നിമിത്തമാണ്. അതാണു മക്കളുടെ രീതി. *രണ്ടാമത്*, നമ്മുടെ ദുഷ്ടതകളുടെ ആധിക്യം നിമിത്തം നാം മരണാർഹരായിരുന്നെങ്കിലും, നാം നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. *മൂന്നാമത്*, അനുതാപം നിമിത്തം. *നാലാമത്*, ഭാവിസംഗതികൾ നിമിത്തം.

"നാം ജഡത്തിൽ ആയിരുന്നപ്പോൾ" (7:5): അതായത്, മർത്ത്യവും വ്യതിയാനവിധേയവുമായ കാര്യങ്ങൾ; ജീർണതയ്ക്കും അഴിവിനും വിധേയവും തൻെറ സ്വന്തമല്ലാത്ത ജീവൻ ഉള്ളതും ആയവയെ തിരുലിഖിതം ജഡം എന്നു വിളിക്കുന്നു. ഉദാ: *"ജഡമെല്ലാം തൃണമാണ്"* (ഏശാ. 40:6): അതായത്, പൊതുവെ എല്ലാ പ്രകൃതങ്ങളും ഇപ്രകാരമാണ്. *"എൻെറ ആത്മാവ് മനുഷ്യനോടുകൂടി വസിക്കയില്ല, കാരണം അവൻ ജഡമാണ്"* (ഉല്പ. 6:3) എന്ന വാക്യത്തെക്കുറിച്ചുള്ള *ഉല്പത്തിഭാഷ്യത്തിൽ* നാം വിശദീകരിച്ചതുപോലെ പത്തു രീതികളിൽ *ജഡം* എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

# 5

*"എന്നാൽ പാപം, പാപമായിട്ടുതന്നെ കാണപ്പെടുന്നതിന്"* (7:13): അതായത്, പാപകരമായി; "നന്മ മുഖേന" നിയമം, അഥവാ, ആദത്തിനുവേണ്ടി നടപ്പാക്കിയ കല്പന.

*"അത് എന്നിൽ മരണം ഉളവാക്കി"* (7:13): അതായത്, അത് എനിക്ക് മരണഹേതുവായി. ഈ നീണ്ട ചർച്ചയിലുടനീളം ആദത്തിൻെറ പേരിലാണ് അവൻ സംസാരിക്കുന്നത്. കല്പനയ്ക്കു മുമ്പ് അവൻ പാപം കൂടാതെ ജീവിച്ചു; എന്നാൽ കല്പനയിലൂടെ, അയഞ്ഞ മനസ്ഥിതിയും മർത്ത്യതയും സ്വാഭാവികാധഃപതനവും നിമിത്തം, അവൻ മരിച്ചു.

*"ഞാൻ പാപത്തിനായി വില്ക്കപ്പെട്ടിരിക്കുന്നു"* (7:14): അതായത്, ഞാൻ സ്വഭാവത്താലേ മർത്ത്യൻ ആകയാൽ, അധഃപതനത്താലും മർത്ത്യതയാലും, എനിക്കു പാപം ചെയ്യാൻ വളരെ എളുപ്പമാണ്; താൻ എന്താണ് ചെയ്യേണ്ടതെന്ന് എൻെറ ആത്മാവ് നിയമത്തിൽ നിന്ന് ഒരായിരം പ്രാവശ്യം പഠിച്ചാലും തെറ്റുകുറ്റങ്ങളിൽ നിന്നു രക്ഷപെടുക

www.malankaralibrary.com



എനിക്കു സാധ്യമല്ല. *"ഞാൻ ഇച്ഛരിക്കാത്തത്"* (7:15): അതായത്, ഞാൻ ചെയ്ത കാര്യങ്ങളിൽ എനിക്കു തൃപ്തിയില്ല; ഞാൻ ചെയ്തവയെ ഞാൻ അംഗീകരിക്കുന്നുമില്ല. ഞാൻ ഒരു പതിനായിരം പ്രാവശ്യം അവ ചെയ്താലും, അവ നിന്ദ്യങ്ങളാണെന്ന് ഇതിനാൽ ഞാൻ അറിയുന്നു. ചുരുക്കത്തിൽ, *"നന്മ ഇച്ഛരിക്കുവാൻ എനിക്ക് എളുപ്പം ആണെങ്കിലും അതു പ്രവർത്തിക്കുവാൻ എനിക്കു കഴിയുന്നില്ല"* (7:18): അതായത്, *"ഇച്ഛരിക്കാത്തത്"* എന്നത് നന്മയെക്കുറിച്ചല്ല, ശേഷമുള്ള പ്രതിപാദനത്തെകുറിച്ചാണ്. അത് സ്വാതന്ത്ര്യത്തെ നീക്കിക്കളയുന്നില്ല; സ്വാതന്ത്ര്യത്തെ ഉറപ്പിക്കുകയത്രേ ചെയ്യുക; എന്തുകൊണ്ടെന്നാൽ, സ്നേഹവും വിദ്വേഷവും, ഒരുക്കവും ഒരുക്കമില്ലായ്മയും വിവേചനത്തിൻെറ ഫലമാണ്; വിവേചനം, സ്വാതന്ത്ര്യത്തിലാണ് തഴച്ചുവളരുന്നത്; എന്നാൽ നമ്മിലുള്ള മനസ്സ്, നന്മയും തിന്മയും തിരിച്ചറിഞ്ഞുകൊണ്ട് വസ്തുതകളെ വിശകലനം ചെയ്ത് മുന്നേറുമ്പോഴും ഇതിൽ നിന്നോടിയകന്ന് അത് തെരഞ്ഞെടുക്കാൻ കഴിയുന്നില്ലെങ്കിൽ, ഇരുവശവും അറിഞ്ഞിട്ട് എന്തു പ്രയോജനം? സ്വാതന്ത്ര്യം ഇല്ലാത്തിടത്ത്, ബോധപൂർവകമായ വിവേചനവുമില്ല. അതുകൊണ്ട് മനുഷ്യപ്രകൃതിക്ക് ബുദ്ധിയില്ല. കാരണം, ബുദ്ധി, വിവേചനയിലാണ്. എന്നാൽ പൗലോസ് പ്രകൃതിയിൽ നിന്നു സ്വാതന്ത്ര്യത്തെ നീക്കം ചെയ്യുകയല്ല; പിന്നെയോ, ബാഹ്യതടസങ്ങളാൽ പരിമിതപ്പെട്ട ബലഹീനതയെപ്പറ്റിയാണ് പറയുക: അതായത്, സാത്താനും, വ്യഭിചാരം, അധഃപതനം എന്നു തുടങ്ങിയ ലോകവുമാണ് ഉദ്ദേശിക്കുക. *"നന്മ ഇച്ഛരിക്കുക എനിക്ക് എളുപ്പമാണ്; അതു പ്രവർത്തിക്കുവാൻ എനിക്കു കഴിയുന്നില്ല"* (7:18) എന്നു പറഞ്ഞുകൊണ്ട് തൻെറ ചർച്ചയിൽ അവൻ പരാതി പറയുകയും നിലവിളിക്കുകുയും ചെയ്യുന്നു. യുവാക്കൾ ചെയ്യുന്നവ ചെയ്യാനാഗ്രഹിക്കുകയും, എന്നാൽ തൻെറ ബലഹീനത മൂലം അതിനു കഴിവില്ലാതിരിക്കുകയും ചെയ്യുന്ന വൃദ്ധനെപ്പോലെ ആണ് അവൻ; അവൻ സ്വേച്ഛരയാ അല്ല തെറ്റു ചെയ്യുന്നതെങ്കിൽ, പിന്നെന്തിന് അവനെ വിധിക്കണം? അവനെന്തിനാണ് നിയമം നൽകപ്പെട്ടിരിക്കുന്നത്? ചെയ്യാൻ കഴിയുന്നവയ്ക്കുവേണ്ടിയാണ് നിയമങ്ങൾ; അല്ലാതെ ഒഴിച്ചുകൂടാൻ പാടില്ലാത്തവയ്ക്കുവേണ്ടിയല്ല. *"ആത്മാവിനു ഹാനികരമായിട്ടുള്ളതിനെ ജഡം ആഗ്രഹിക്കുന്നു; ജഡത്തിനു ഹാനികരമായിട്ടുള്ളതിനെ ആത്മാവും ആഗ്രഹിക്കുന്നു"* എന്നും *"ശരീരത്തിൻെറ സ്വാഭാവികപ്രവണതകൾ ആത്മാവിൻെറ വിവേചനാപരമായ പ്രചോദനങ്ങൾക്ക് എതിരാണ്"* എന്നും പറഞ്ഞുകൊണ്ട്

www.malankaralibrary.com



ഒരിടത്ത് അവൻ ഇതു വിശദമാക്കുന്നു (ഗലാ. 5:17). അവൻ പാപത്തെ *"പാപത്തിൻെറ നിയമം"* എന്നും, മനസ്സിനെ, *"മനസ്സിൻെറ നിയമം"* എന്നും, വിശ്വാസത്തെ, *"വിശ്വാസത്തിൻെറ നിയമം"* എന്നും ജീവാത്മാവിനെ, *"ജീവാത്മാവിൻെറ നിയമം"* എന്നും വിളിക്കുന്നു എന്ന് നാം അറിഞ്ഞിരിക്കണം (7:22-8:2).

*"ഭയത്തിനായി അടിമത്തത്തിൻെറ ആത്മാവിനെയല്ല, ദൈവത്തെ ആബാ, ഞങ്ങളുടെ പിതാവേ, എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്തിൻെറ ആത്മാവിനെയത്രേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്"* (8:15): അതായത്, നിയമത്തിൻ കീഴുള്ളവരെപ്പോലെ, വീണ്ടും ഭയത്തിൻെറ ബന്ധനത്തിനു വിധേയരാകാതിരിക്കാൻ, നിങ്ങൾ ആത്മാവിനെയാണ് സ്വീകരിച്ചിരിക്കുന്നത്. നിങ്ങളെ ദൈവമക്കളാക്കുന്ന ആത്മാവിനെയാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അച്ചാരമായി ആത്മാവിനെ നിങ്ങൾ കൈക്കൊണ്ടതിനാൽ, ഈ ലോകത്തിൽ നിങ്ങൾക്ക് അത് പ്രദാനം ചെയ്യുന്നു. മക്കളെപ്പോലെ നിങ്ങൾ ദൈവത്തെ *പിതാവ്* എന്ന് ദൃഷ്ടാന്തരൂപേണ വിളിക്കണം. എന്നാൽ വരാനിരിക്കുന്ന ലോകത്തിൽ ആത്മവിശ്വാസത്തോടെ ദൈവത്തെ *ഞങ്ങളുടെ പിതാവേ* എന്നു വിളിച്ചുകൊണ്ട് പുത്രത്വത്തിൽ നിങ്ങൾ പരിപൂർണരാക്കപ്പെടും.

*"നാം ദൈവത്തിൻെറ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാക്കളോടു ചേർന്ന് സാക്ഷ്യംനൽകുന്നു"* (8:16): അതായത്, പരിശുദ്ധാത്മാവ് വ്യക്തിപരമായി നമ്മുടെ ആത്മാക്കൾക്ക് ഉറപ്പു നൽകുന്നു. ഈ ലോകത്തിൽ ദത്തെടുക്കലിൻെറ അച്ചാരമായി അവിടുന്നു നമുക്കു നൽകുന്ന കൃപയാൽ; അത് ഉത്ഥാനത്തിൽ നമ്മുടേതായിതീരും. *"അവിടുന്ന് സാക്ഷ്യം നൽകുന്നു"* (8:16): അതായത്, അവിടുന്ന് ഉറപ്പു നൽകുന്നു; സാക്ഷ്യത്താൽ സംശയമുള്ളവ വിശ്വസനീയമെന്ന് പൊതുവെ കരുതപ്പെടുന്നു. ഒന്നുകിൽ ശ്ലൈഹികത്വത്തിൻെറ കൃപയെപ്പറ്റി, അല്ലെങ്കിൽ നാം സ്വീകരിച്ച സ്നാനത്തെപ്പറ്റി ആത്മാവിൻെറ വ്യക്തിത്വം സാക്ഷ്യപ്പെടുത്തുന്നു.

*"സൃഷ്ടി മുഴുവനും.... പ്രതീക്ഷിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നു"* (8:19): അതായത്, ആത്മീയ പ്രകൃതങ്ങൾ: നമ്മെപ്പറ്റിയുള്ള പ്രതീക്ഷ അതിൽനിന്ന് അറ്റുപോയതിനാൽ; എന്നാൽ മിശിഹായുടെ വെളിപാടിൽ നമ്മെയെല്ലാം എഴുന്നേല്പിക്കാനും അമർത്യരാക്കാനും യഥാർഥ പുത്രത്വത്തിൽ പരിപൂർണരാക്കാനും ദൈവം ആഗ്രഹിക്കുന്നു

www.malankaralibrary.com



എന്ന് അവിടുന്നു നമുക്ക് അച്ചാരമായി ലഭിച്ച വാഗ്ദാനങ്ങളിലൂടെ, നമ്മുടെ പുനഃസ്ഥാപനത്തെ അതു കാത്തിരിക്കുന്നു.

*"സൃഷ്ടി വ്യർത്ഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു"* (8:20): നാശത്തെയും മർത്യതയെയും ജീർണതയെയുമാണ് വ്യർഥത എന്ന് അവൻ വിളിക്കുന്നത്. ഇവിടെ യഥാർഥമായിട്ടൊന്നുമില്ല, അർത്ഥമുള്ളതൊന്നുമില്ല, വ്യർത്ഥത മാത്രം എന്നവണ്ണം. അതായത്, നമ്മുടെ ദുഷ്ടത നിമിത്തം മാലാഖമാർ നമ്മെ വെറുത്തിരുന്നതിനാൽ നമുക്കുവേണ്ടി യാതൊന്നും ചെയ്യാൻ അവർക്ക് ഇഷ്ടമില്ലായിരുന്നു. നാം വ്യർത്ഥതയ്ക്ക് അടിമപ്പെട്ടിരുന്നെങ്കിലും, ദൈവം നമ്മോടു ചെയ്ത വാഗ്ദാനം അനുസരിച്ച്, എല്ലാം ചെയ്യാമെന്ന് അവർ സമ്മതിച്ചു.

*"സൃഷ്ടി തന്നെയും... അടിമത്തത്തിൽനിന്ന് മോചിതമാകും"* (8:21): അതായത്, നാം അമർത്യരായി കഴിയുമ്പോൾ, ഈ ലോകത്തിലുള്ള നമ്മുടെ നിലനില്പു നിമിത്തം നശ്വരവസ്തുക്കളെ സേവിക്കുന്നതിൽ നിന്ന് അവയും വിടുവിക്കപ്പെടും. വരാനിരിക്കുന്ന നന്മകളുടെ പ്രത്യാശയിൽ സൃഷ്ടി മുഴുവൻ കുറേക്കാലത്തേയ്ക്ക് ആ തിന്മകളെല്ലാം സഹിച്ചെങ്കിൽ, അവസാനം അവർ നിത്യസൗഭാഗ്യം അനുഭവിക്കാനിരിക്കെ, കുറേക്കാലത്തേയ്ക്ക് മതത്തിൻെറ പേരിൽ റോമാക്കാർ സഹിക്കാതിരിക്കുന്നത് നിന്ദ്യമാണ് എന്ന് അവൻ അവരോട് പറയുന്നു.

# 6

*"സൃഷ്ടി മുഴുവൻ ഈ ദിവസംവരെ നെടുവീർപ്പിടുകയും പ്രസവവേദന അനുഭവിക്കുകയും ചെയ്യുന്നു എന്നു നമുക്കറിയാം"* (8:22): "സൃഷ്ടി മുഴുവൻ ഇപ്പോൾവരെ നെടുവീർപ്പിടുന്നതിൽനിന്നും വേദന അനുഭവിക്കുന്നതിൽനിന്നും വിരമിക്കുന്നില്ല എന്നു നമുക്കു ബോധ്യമുണ്ട്" എന്ന് അവൻ പറയുന്നു. ദുഷ്ടതയുടെ ഭാരംകൊണ്ട് നെടുവീർപ്പിടുന്നു; ഉത്ഥാനത്തിൽ സംഭവിക്കാൻ പോകുന്ന ഭാവിവ്യതിയാനത്തെ അത് നോക്കിപ്പാർക്കുകയും അതിനായി പ്രസവവേദന അനുഭവിക്കുകയും ചെയ്യുന്നു. ഉത്ഥാനത്തോടുകൂടി, നമ്മുടെ ശുശ്രൂഷയിൽനിന്ന് മാലാഖമാർ വിമുക്തരാകും. 'വേദന അനുഭവിക്കുന്നു' എന്ന പദം സ്ത്രീകളുടെ പ്രസവവേദനയിൽനിന്ന് അവൻ എടുത്തിട്ടുള്ളതാണ്; കാരണം,

www.malankaralibrary.com



ശിശുക്കളുടെ ജനനത്തെ പ്രതീക്ഷിച്ചുകൊണ്ട് അവരും വേദന അനുഭവിക്കുന്നു. *"സൃഷ്ടി വ്യർത്ഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു"* എന്നതും *"സൃഷ്ടി മുഴുവൻ നെടുവീർപ്പിടുന്നു"* എന്നതും ഒന്നിച്ച് ബുദ്ധിജീവികളെയും ബുദ്ധിയില്ലാത്ത ജീവികളെയും കുറിച്ച് മനസ്സിലാക്കണം എന്ന് ചിലർ പറയുന്നു. അചേതന വസ്തുക്കൾക്ക് ആലങ്കാരിക ഭാഷയിൽ അവൻ വ്യക്തിത്വം ആരോപിക്കുന്നു. *"ആത്മാവിൻെറ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ഉള്ളിൽ നെടുവീർപ്പിടുന്നു"* (8:23): ഈ ലോക സംഗതികളെ സംബന്ധിച്ച് നാം നെടുവീർപ്പിടുന്നെങ്കിലും, ആദ്യഫലങ്ങളും വരാനിരിക്കുന്നവയുടെ കൂടാരവുമായ, ആത്മാവിൻെറ കൃപ നമ്മിലുണ്ട് എന്ന് ശരിയായി അവൻ പറയുന്നു; എങ്കിലും നാം ആ ദത്തെടുക്കലിനെ പ്രതീക്ഷിക്കുന്നു. അതുവഴി നമ്മുടെ ശരീരം ജീർണതയിൽ നിന്ന് രക്ഷിക്കപ്പെടും. എന്നാൽ അവൻ അമർത്യതയെ *ദത്തെടുക്കൽ* എന്ന് വിളിക്കുന്നു എന്ന് സ്പഷ്ടമായി ഇവിടെ കാണിക്കുന്നു.

*"വേണ്ടവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ ആത്മാവുതന്നെ..."* (8:26): നമ്മുടെ പ്രകൃതിയുടെ ബലഹീനത നിമിത്തം ഭാവിസംഗതികളെ പ്രതീക്ഷിക്കാനോ, അവയ്ക്കുവേണ്ടി സഹിക്കാനോ നമുക്കു കഴിവില്ല എന്ന് അവൻ പറയുന്നു. എന്നാൽ ആത്മാവിൻെറ കൃപ അച്ചാരമായി നമുക്കു ലഭിക്കുന്നു; അതിൻെറ ആദ്യഫലങ്ങൾ ഇവിടെത്തന്നെയാണ്. സംശയമെന്യേ, ഭാവിനന്മകൾ നമുക്കു ലഭിക്കും എന്നതിന് നമുക്കുള്ള അച്ചാരമാണവ. സംശയമെന്യേ, ആത്മാവ് നമ്മെ സഹായിക്കുകയും നമുക്ക് ഉറപ്പു നൽകുകയും ചെയ്യുന്നു എന്നു കാണിക്കാൻ, പ്രാർത്ഥനയും അവനിൽ ആരോപിക്കുന്നു. നമ്മെക്കൊണ്ടുതന്നെ നേടാൻ കഴിയാത്ത ചില കാര്യങ്ങൾ ചിലപ്പോൾ പ്രാർത്ഥനവഴി നമുക്കു ലഭിക്കുന്നു. അതുപോലെ പുത്രനും തൻെറ പിതാവിൻെറ വലത്തുഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും, എന്നേയ്ക്കും ജീവിക്കുകയും നമുക്കുവേണ്ടി പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യുന്നു എന്ന് പുത്രനെപ്പറ്റിയും പറയപ്പെട്ടിരിക്കുന്നു. നെടുവീർപ്പുകളോടു കൂടിയ പ്രാർത്ഥന വേഗം കേൾക്കപ്പെടും എന്നതിനാൽ, അവൻ നെടുവീർപ്പുകളെ ഒരുതരം പ്രാർത്ഥനയായി അവതരിപ്പിക്കുന്നു. *"ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിൻെറ ഇംഗിതം ഗ്രഹിക്കുന്നു; ആത്മാവ് ദൈവഹിതമനുസരിച്ച് നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു"* (8:27): അതായത്,

www.malankaralibrary.com



ആത്മാവിനാൽ നമുക്കു നൽകപ്പെടാൻ പോകുന്ന ഭാവി സംഗതികൾ ദൈവേഷ്ടം അനുസരിച്ചാണ്. ഭാവി സംഗതികളുടെ പ്രത്യാശ ആത്മാവു നൽകുന്നു എന്ന് പ്രാർത്ഥനയുടെ ആളത്വത്തിൽ അവൻ പറഞ്ഞതിനാൽ, ആത്മാവിൻെറ ഇംഗിതം അറിയുകയും തൻെറ സ്വന്ത ഇഷ്ടം അനുസരിച്ച് വിശുദ്ധർക്കുവേണ്ടി, അതായത്, ഇതിനായി ആത്മാവ് വേർതിരിച്ചവർക്കുവേണ്ടി, പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവം ആത്മാവിൻെറ പ്രാർത്ഥന സ്വീകരിക്കുന്നു എന്ന് അതേ രീതിയിൽ അവൻ പറയുന്നു. ആത്മാവ് പ്രാർത്ഥിക്കുന്നു എന്നു പറയുന്നു; എന്നാൽ തൻെറ വ്യക്തിത്വത്തിലല്ല, ഈ ലോകത്തിൽ നമുക്കു തന്നിരിക്കുന്നതിൽ; അതിനെ അവൻ *"ആത്മാവിൻെറ ആദ്യഫലങ്ങൾ"* എന്നു വിളിക്കുന്നു. *"അവിടുന്നു പ്രാർത്ഥിക്കുന്നു"*: അതായത്, വിശുദ്ധർപ്രാർത്ഥിക്കാനായി അവിടുന്ന് അവരെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

*"ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കെതിരെ ആര് കുറ്റം ചുമത്തും?"* (8:33-34): അതായത്, ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർ നല്ല സംഗതികൾക്ക് അർഹർ അല്ലെന്ന്, അവർക്കെതിരെ ആര് ആരോപണം നടത്തി കുറ്റം ചുമത്തും? നമുക്കായി ദൈവം മുൻകൂട്ടി നിശ്ചയിച്ചവ നമ്മിൽ നിന്ന് എടുത്തുമാറ്റാൻ "ആർക്കു സാധിക്കും"? ദുരിതക്കൂമ്പാരത്തെ അവൻ *"ക്ലേശം"* എന്നു വിളിക്കുന്നു (8:35).

*"ഉയരത്തിനോ ആഴത്തിനോ"* (8:39): അതായത്, മഹോന്നത സംഗതികളോ, നിന്ദ്യമായ കാര്യങ്ങളോ. *"മറ്റേതെങ്കിലും സൃഷ്ടിക്കോ"* (8:39): അതായത്, ഞാൻ സൂചിപ്പിച്ചതിനു പുറമേ മറ്റേതെങ്കിലും സൃഷ്ടികൾ ഉണ്ടെങ്കിൽ തന്നെയും - അങ്ങനെ ഉണ്ടാകാൻ സാധ്യമല്ല. മിശിഹായുടെ സ്നേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമല്ലാത്തതായി ഞാൻ കരുതുന്നു.

*"മിശിഹായിൽ നിന്നു വിച്ഛേദിക്കപ്പെട്ടവൻ ആകുവാൻ"* (9:3) എന്നു പറയുന്നതിന് എതിരല്ല, *"മിശിഹായിൽ നിന്ന് വേർപെടുത്താൻ യാതൊന്നിനും സാധ്യമല്ല"* (8:39) എന്നത്. കാരണം, മിശിഹായിൽനിന്ന് അന്യനായിരിക്കുക എന്നത് തനിക്ക് അസാധ്യമാണെന്ന കാര്യം പൗലോസിൽനിന്ന് മറച്ചുവയ്ക്കപ്പെട്ടിരുന്നില്ല. തന്നോടുകൂടെ മറ്റുള്ളവരും ഇപ്രകാരം അടുത്തുവരുവാൻ താല്പര്യപൂർവം ആഗ്രഹിച്ചവനാണ് പൗലോസ്. എങ്ങനെയായാലും, അവനിതു പറഞ്ഞത് അതിശയോക്തിപരമായി തൻെറ സ്നേഹത്തിൻെറ ആധിക്യത്താലാണ്. *"അവിടുന്ന്*

www.malankaralibrary.com



*അവരുടെ പാപങ്ങൾ ക്ഷമിക്കണം; അല്ലെങ്കിൽ നിൻെറ പുസ്തകത്തിൽ നിന്ന് എൻെറ പേര് മായിച്ചുകളഞ്ഞാലും"* എന്ന് മോശ പറഞ്ഞതുപോലെയും (പുറ. 32:32), *"നിൻെറ കരം എൻെറമേൽ പതിച്ചാലും"* എന്ന് ദാവീദ് നിഷ്കളങ്കമായ അജഗണത്തെപ്രതി പറഞ്ഞതുപോലെയും (2സാമു. 24:14) ആണിത്.

വീണ്ടും, *ശാപം* എന്ന വാക്ക് രണ്ടു രീതിയിൽ ഉപയോഗിക്കുന്നു: ഒന്ന്, *നീക്കിവയ്ക്കൽ* എന്ന അർത്ഥത്തിൽ. ഉദാ: *"ഈ നഗരവും അതിലുള്ള സമസ്തവും കർത്താവിനായി നശിപ്പിക്കപ്പെടുന്നു"* (ജോഷ്വാ 6: 17). രണ്ട്, അകല്ച്ച, വേർപാട്, തള്ളിക്കളയൽ എന്നിവയ്ക്കുവേണ്ടി: *"കാരണം, അവർ ശാപത്തിനുള്ളവരാണ്"* (ജോഷ്വാ 7:12); *"നമ്മുടെ കർത്താവേശുമിശിഹായെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ"* (1 കോറി. 16:22). അതുകൊണ്ട്, ഇവിടെ, വ്രതങ്ങൾക്കും ബലികൾക്കും വേണ്ടി അവൻ പറയുന്നു; അതായത്, ഇസ്രായേൽമക്കളെ പ്രതി, മിശിഹായിൽനിന്ന്, ദൈവത്തിന് ബലികളും കാഴ്ചകളും സമർപ്പിക്കപ്പെടട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, മൂന്നു കാര്യങ്ങളിൽ യഹൂദർ അനുകൂലാവസ്ഥയിലായിരുന്നു: നിയമം, വംശം, വാഗ്ദാനങ്ങൾ. മുകളിലത്തെ കാര്യങ്ങളിൽ നിയമത്തെയും വാഗ്ദാനങ്ങളെയും പറ്റി അവൻ മതിയാംവണ്ണം ചർച്ച ചെയ്തതാണ്. ഇവിടെ അവശ്യാവശ്യം നിയമവും ചേർത്തുകൊണ്ട് വംശത്തെപ്പറ്റി പറയുന്നു. മനുഷ്യർക്കുവേണ്ടി മിശിഹായിലൂടെ സംഭവിച്ചവ ദൈവതിരുഹിതപ്രകാരമാണെങ്കിൽ, അവശ്യാവശ്യം അവ ഞങ്ങൾക്കും നൽകപ്പെടണം; കാരണം, അവയെപ്പറ്റിയുള്ള വാഗ്ദാനങ്ങൾ ദൈവത്തിൽനിന്ന് ഞങ്ങളുടെ പിതാവായ അബ്രഹാമിനു നൽകിയത് ഞങ്ങളെപ്രതിയാണ് എന്ന് യഹൂദർ പറഞ്ഞു. എന്നാൽ ഞങ്ങളെ ഈ നന്മകളിൽ നിന്നു നീക്കിയിട്ട് ഞങ്ങൾക്കു പകരം പുറജാതികളെ അടുപ്പിച്ചാൽ ഒന്നുകിൽ, ഞങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങളിൽ ദൈവം സത്യവാനല്ല; അല്ലെങ്കിൽ, ഈ കാര്യങ്ങൾ ദൈവതിരുഹിതാനുസൃതം സംഭവിച്ചവയല്ല, ഈ മിശിഹാ സത്യവാനല്ല. അതിനു മറുപടിയായി *"ദൈവത്തിൻെറ വചനം പരാജയപ്പെട്ടിട്ടില്ല"* എന്ന് പൗലോസ് പറയുന്നു (9:6). തൻെറ വാഗ്ദാനങ്ങൾ സംബന്ധിച്ച് ദൈവം അവിശ്വസ്തനല്ല എന്ന് അവൻ പറയുന്നു. വംശക്കാരെ സംബന്ധിച്ചുള്ള വാഗ്ദാനങ്ങളിൽ കൃത്രിമം കാട്ടിയുമില്ല. അബ്രഹാമിനോട് ദൈവം രണ്ട് ഉടമ്പടി ചെയ്തു: ഒന്ന്, എല്ലാ മനുഷ്യരെകുറിച്ചും മറ്റൊന്ന് വംശക്കാരെക്കുറിച്ചും.

www.malankaralibrary.com



അബ്രഹാമിൻെറ വിശ്വാസത്തിലുള്ള പുറജാതികളിലൂടെ എല്ലാ മനുഷ്യരെകുറിച്ചുമുള്ള വാഗ്ദാനം പൂർത്തിയായി എന്ന് അവൻ കാണിക്കുന്നു. വംശത്തെപ്പറ്റിയുള്ളത്, വിശ്വസിച്ച വംശക്കാരിലൂടെയും പൂർത്തിയായി. തെളിവോടുകൂടി ഇത് ഉറപ്പിക്കാൻ അവൻ പറയുന്നു: *"ഇസ്രായേലിൽപെട്ടവരെല്ലാം ഇസ്രായേൽക്കാരാണെങ്കിലും. ഇസ്രായേൽ വംശജരെല്ലാം ഇസ്രായേൽക്കാരല്ല"* (9:6). പിതാക്കന്മാരോടുള്ള വാഗ്ദാനം മക്കൾക്കുവേണ്ടിയാണെന്ന് ചിന്തിച്ചാലും, പെരുമാറ്റവും അതിനനുസൃതമായിരിക്കണം; വാഗ്ദാനപൂർത്തീകരണത്തിന് അവർ അർഹരായിരിക്കണം. അവൻ യാക്കോബെന്നല്ല, *ഇസ്രായേൽ* എന്നാണ് ശരിയായി പറഞ്ഞിരിക്കുന്നത്. സ്വാഭാവിക നാമം വിട്ടിട്ട് വിശ്വാസത്തിൽ നിന്നു ലഭിച്ച നാമമാണ് അവൻ ഉപയോഗിക്കുന്നത്. *'ഇസ്രായേൽ എന്നു വിളിക്കപ്പെടുന്നവരെല്ലാം ഇസ്രായേൽ അല്ല'* എന്നു പറയാൻ പോകുന്നതിൻെറ പൂർത്തീകരണത്തിനായിരുന്നു അത്. കാരണം, ഇസ്രായേൽ അപ്രകാരം വിളിക്കപ്പെട്ടത് വിശ്വാസംകൊണ്ടും പെരുമാറ്റം കൊണ്ടുമാണ്.

*"അബ്രഹാമിൻെറ സന്തതിയായതുകൊണ്ട് അവരെല്ലാം മക്കളായിരിക്കണമെന്നില്ല"*(9:7): കാരണം, അവിടെ ദൈവവചനം ഇല്ലാതെപോയി. *"ഇസഹാക്കിൽ നിൻെറ സന്തതി വിളിക്കപ്പെടും"* (9:7) എന്നു പറയപ്പെട്ടിരിക്കുന്നു. സ്വാഭാവിക വംശാവലിയാണ് വേണ്ടതെന്ന് നീ പറയുന്നതനുസരിച്ച്, തിരുലിഖിതം ഇങ്ങനെ പറയുമ്പോൾ, ഇഷ്മായേലിനെ അബ്രഹാമിൻെറ സന്തതി എന്നു വിളിക്കാത്തതിനാൽ ദൈവം അവനോട് അനീതി കാട്ടി എന്നു വരുന്നു. അവൻ ഇഷ്മായേലിനെ തിരസ്കരിച്ചിട്ട് ഇസഹാക്കിനെ തെരഞ്ഞെടുത്തു; ഏശാവിൻെറയും യാക്കോബിൻെറയും കാര്യത്തിലാണെങ്കിൽ, അവൻ പ്രകൃതിയുടെ ക്രമം തിരിച്ചുവച്ചു. ഇളയവനെ മൂത്തവനായും മൂത്തവനെ ഇളയവനായും പ്രഖ്യാപിച്ചു. കൃപയുടെ തെരഞ്ഞെടുപ്പ് സ്വാഭാവിക തെരഞ്ഞെടുപ്പിനേക്കാൾ ബഹുമാന്യമാണെന്നും യോഗ്യരായവരാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്നും കാണിക്കാനായിരുന്നു ഇത്.

വീണ്ടും, പറഞ്ഞിരിക്കുന്നത് നേരെ വിപരീതമായിരുന്നു എന്ന് അവർ പറഞ്ഞു; *"എനിക്ക് കരുണ തോന്നുന്നവനോട് ഞാൻ കരുണ കാണിക്കും; എനിക്കു അനുകമ്പ തോന്നുന്നവനോട് ഞാൻ അനുകമ്പ കാണിക്കും" എന്ന് അവിടുന്ന് അരുൾചെയ്യുന്നു* (പുറ.33: 19); *"എൻെറ ശക്തി നിന്നിൽ കാണിക്കുന്നതിനാണ് ഞാൻ നിന്നെ ഉയർത്തിയിരി*

www.malankaralibrary.com



*ക്കുന്നത് എന്ന് ഫറവോനോടും പറഞ്ഞിരിക്കുന്നു"* (പുറ. 9:16). അതു കൊണ്ട് തനിക്കിഷ്ടമുള്ളവനോട് അവൻ കാരുണ്യം കാണിക്കുന്നു. ഒന്നും നമ്മുടെ പ്രവൃത്തികൾ അനുസരിച്ചല്ല.

ഈ സുദീർഘ ചർച്ചയിൽ രണ്ടു കാര്യങ്ങളാണ് പൊന്തിവന്നിരിക്കുന്നത്: ഒന്ന്, തനിക്കിഷ്ടമുള്ളവർക്ക് ദൈവം നല്ല വസ്തുക്കളും ചീത്ത വസ്തുക്കളും സൃഷ്ടിക്കുന്നെങ്കിൽ, ഇവയിലൊന്ന് തെരഞ്ഞെടുക്കുക നമ്മുടെ പരിധിയിലോ കഴിവിലോ പെടുന്നതല്ല. രണ്ട്, ദൈവം തനിക്കിഷ്ടമുള്ളവർക്ക് നല്ല വസ്തുക്കളും തനിക്കിഷ്ടമില്ലാത്തവർക്ക് ശിക്ഷയും നൽകുന്നെങ്കിൽ, ഇവ രണ്ടിൻെറയും കാരണം നമ്മിൽനിന്നല്ല. അവരുടെ ഈ തടസ്സവാദത്തിന് പൗലോസ് ഈ പ്രത്യുത്തരം നൽകുന്നു: *"ദൈവത്തോട് ഉത്തരം പറയാൻ നീ ആരാണ്?"* (9:20). അതായത്, നന്മയും തിന്മയും ചെയ്യുക എൻെറ പരിധിക്കപ്പുറമാകയാൽ, എന്നെ കുറ്റപ്പെടുത്താനാവില്ല; തനിക്കിഷ്ടമുള്ളവിധം അവശ്യാവശ്യം സ്രഷ്ടാവ് എന്നെ സൃഷ്ടിച്ചു എന്നു നീ പറയുന്നു.

ഇതാ! നീ ദൈവത്തോടു വാഗ്വാദം നടത്തുന്നതിൽനിന്ന്, നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം കൃത്യമായി നിനക്കറിയാം എന്ന് നീ അംഗീകരിക്കുന്നു. "അവൻെറ തിരുഹിതത്തെ എതിർക്കാൻ ആർക്കു കഴിയും?" എന്ന് നിനക്കെങ്ങനെ ചോദിക്കാൻ സാധിക്കും? നീ അവനെതിരെ സംസാരിക്കുന്നെങ്കിൽ, നീ അവനെതിരെ ഉയരുന്നു എന്നു സ്പഷ്ടം. അപ്പോൾ നിൻെറ പ്രവൃത്തികൾ അവിടുത്തെ ഹിതാനുസൃതമല്ല, നിൻെറ ഇഷ്ടപ്രകാരമാണു നീ ചെയ്യുന്നത്. അവിടുത്തോടു മറുതലിക്കാനല്ല അവിടുന്നു നിന്നെ സൃഷ്ടിച്ചത്.

വീണ്ടും, കുശവൻെറയും പിണ്ഡത്തിൻെറയും കളിമണ്ണിൻെറയും ഉദാഹരണത്തിലൂടെ പൗലോസ് അവനെ കുറ്റപ്പെടുത്തുന്നു: നീ ബുദ്ധിശൂന്യനും വകതിരിവില്ലാത്തവനും നിർബന്ധത്താലും ബലപ്രയോഗത്താലും പ്രവർത്തിക്കുന്നവനും അല്ലെങ്കിൽ, നീ കുശവൻെറ കളിമൺ പിണ്ഡംപോലെയാണ്. തന്നെ രൂപപ്പെടുത്തുന്നവനെ അത് കുറ്റപ്പെടുത്തുകയോ ദുരാരോപണം നടത്തുകയോ ചെയ്യുന്നില്ല. നീ ബൗദ്ധികനും വിചിന്തനം നടത്തുന്നവനുമാകയാൽ, ആവശ്യമുള്ളതും നന്മയായിട്ടുള്ളതും, ആവശ്യമില്ലാത്തതും ചീത്തയായിട്ടുള്ളതുമായ വസ്തുക്കളിൽ നിന്നു വേർതിരിക്കാൻ നിനക്കു കഴിയുന്നു. നിൻെറ തെറ്റിന് നീ ദൈവത്തെ കുറ്റപ്പെടുത്താൻ വഴികളാരായുന്നു. എന്നാൽ *"ദൈവം തൻെറ*

www.malankaralibrary.com



*ക്രോധം കാണിക്കാനും തന്റെ ശക്തി പ്രസ്പഷ്ടമാക്കാനും തിരുമനസ്സായി എങ്കിൽ"*: ഈ എങ്കിൽ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് സമ്പൂർണമായ അർത്ഥം കാണിക്കാനാണ്. അതായത്, 'എന്തുകൊണ്ടാണ് ചില ദുഷ്ടന്മാർക്ക് ഈ ലോകത്തിൽ വച്ചുതന്നെ ശിക്ഷ കിട്ടുന്നത്? ചിലർക്ക് കിട്ടുന്നില്ലല്ലോ? ചില നല്ലവർക്ക് ഈ ലോകത്തിൽ വച്ചുതന്നെ നന്മകൾ ലഭിക്കുന്നു, ചിലർക്കു ലഭിക്കുന്നില്ലല്ലോ? എന്ന് ആരെങ്കിലും ചോദിച്ചേക്കാം. ഈ ലോകമല്ല പ്രതിഫലം നൽകാനുള്ള സ്ഥലം, ഇത് പരിശീലനത്തിനുള്ളതാണ്, വരാനിരിക്കുന്ന ലോകമാണ് പ്രതിസമ്മാനത്തിനുള്ളിടം എന്നു കാണിക്കാൻ ദൈവം ആഗ്രഹിക്കുന്നു എന്ന് ആ വ്യക്തി അറിഞ്ഞിരിക്കണം. ഈ ലോകത്തിൽ, എല്ലാ ദുഷ്ടർക്കും തക്കശിക്ഷ നൽകപ്പെടുന്നില്ല; എല്ലാ നല്ലവർക്കും അർഹമായ പ്രതിസമ്മാനവും ലഭിക്കുന്നില്ല. ദൈവം ഒരു ദുഷ്ടനെപോലും ശിക്ഷിക്കാതെയും നല്ലവർക്കൊന്നും നന്മകൾ വർഷിക്കാതെയും കടത്തിവിട്ടാൽ, അവിടുന്ന് ദുഷ്ടരോടു കാരുണ്യം കാണിക്കുന്നു; തങ്ങൾക്കും ദുഷ്ടത പ്രവർത്തിക്കാം എന്നും, അവിടുന്ന് നന്മയെ ദ്വേഷിക്കുന്നു, അതുകൊണ്ട് സദ്പ്രവൃത്തികൾ കൈവെടിയാം എന്നും മനുഷ്യർ ചിന്തിക്കാൻ ഇടവന്നേക്കാം. അങ്ങനെ സംഭവിക്കാതിരിക്കാനാണ് ചിലരെ ശിക്ഷിക്കുന്നതും ചിലർക്കു നന്മ വർഷിക്കുന്നതും. ദുഷ്പ്രവൃത്തി ചെയ്യുന്നതിൽ നിന്ന് തടയാനായി ചില ദുഷ്ടരെ അവിടുന്നു ശിക്ഷിക്കുന്നു. സദ്പ്രവൃത്തികൾക്ക് ഉത്തേജിപ്പിക്കാൻ ചില നല്ലവരെ അവിടുന്ന് സമ്മാനിക്കുന്നു. എന്നാൽ അവിടുന്ന് എല്ലാ ദുഷ്ടരെയും ശിക്ഷിക്കുന്നില്ല, എല്ലാ നല്ലവർക്കും സമ്മാനം നൽകുന്നുമില്ല. ന്യായവിധിയും പ്രതിസമ്മാനവും ഇവിടെയല്ല, വരാനിരിക്കുന്ന ലോകത്തിലാണ് എന്നു കാണിക്കാനാണിത്!

സമ്പൂർണമായ അർത്ഥം ധ്വനിപ്പിക്കാനാണ് *"എങ്കിൽ"* ഉപയോഗിച്ചിരിക്കുന്നത്. "ചില നല്ലവരെ മാത്രം സമ്മാനാർഹരാക്കുന്നതും ചില ദുഷ്ടരെ ശിക്ഷിക്കുന്നതും എന്തിന്?" എന്ന് ആരെങ്കിലും ചോദിച്ചാൽ, ഇതാണുത്തരം: ദുഷ്ടർക്കെതിരെ തന്റെ ക്രോധം കാണിക്കുന്നതിന് ആഗ്രഹിച്ചുകൊണ്ട്, താൻ അവരെ എത്രമാത്രം വെറുക്കുന്നു എന്നു കാണിക്കാൻ ചിലരെ അവിടുന്നു ശിക്ഷിക്കുന്നു. അതുപോലെ, നല്ലവരുടെ നേർക്ക് തന്റെ സ്നേഹം എത്ര ശക്തിമത്താണെന്ന് കാണിക്കാൻ ചിലരുടെമേൽ നന്മ വർഷിക്കുന്നു.

www.malankaralibrary.com



# 7

*"വിശ്വസിക്കുന്ന എല്ലാവരുടെയും നീതീകരണത്തിന് മിശിഹാ നിയമത്തിൻെറ അന്ത്യമാകുന്നു"* (10:4): നമുക്കു നൽകാമെന്നു നിയമം വാഗ്ദാനം ചെയ്യുന്ന ഒരു സംഗതിയുണ്ടെന്ന് അവൻ പറയുന്നു: അതായത്, *നീതീകരണം*. എന്നാൽ മാനുഷിക ബലഹീനത നിമിത്തം, അപ്രകാരം ചെയ്യാൻ അതിനു കഴിഞ്ഞില്ല. പ്രവൃത്തികൾ കൂടാതെ കൃപയാൽ ഇതു നൽകാമെന്ന് മിശിഹാ വാഗ്ദാനം ചെയ്യുന്നു. മേലിൽ കൃപ, നിയമത്തിനെതിരല്ല, അതിൻെറ കുറവിനെ പരിഹരിക്കുന്നതത്രേ. നിയമത്താലുള്ള നീതീകരണത്തേക്കാൾ മെച്ചമാണ് വിശ്വാസത്താലുള്ള നീതീകരണം. മോശയുടെ വാക്കുകളിൽ നിന്നു താരതമ്യപ്പെടുത്തി കാണിച്ചുകൊണ്ട് അവൻ മോശയെ ഉദ്ധരിക്കുന്നു: *"ഈ കാര്യങ്ങൾ ചെയ്യുന്നവൻ ഇവയാൽ ജീവിക്കും"* എന്ന് നിയമത്താലുള്ള നീതീകരണത്തെപ്പറ്റി മോശ എഴുതിയിരിക്കുന്നു (10:5). ഈ സംഗതികൾ കൃത്യമായി അനുഷ്ഠിക്കാത്തവർക്ക് നീതീകരണമില്ല. എന്നാൽ വിശ്വാസത്താലുള്ള നീതീകരണത്തെപ്പറ്റി അവൻ ഇപ്രകാരം പറയുന്നു: *"മിശിഹായെ താഴേക്കു കൊണ്ടുവരുവാൻ, സ്വർഗത്തിലേക്ക് ആരു കയറും? മിശിഹായെ മരിച്ചവരിൽനിന്നു കയറ്റികൊണ്ടുവരുവാൻ ആഴത്തിലേയ്ക്ക് ആര് ഇറങ്ങും? എന്ന് നിൻെറ ഹൃദയത്തിൽ നീ പറയരുത്"* (10:6-7): ജനത്തിനു നിയമം നൽകിയശേഷം ഭാഗ്യവാനായ മോശ അവരോടു പറഞ്ഞു: *"ഇന്നു ഞാൻ നിങ്ങൾക്കു നൽകുന്ന ഈ നിയമം വിദൂരസ്ഥലത്തുനിന്ന് ക്ലേശിച്ച് പഠിക്കേണ്ടതിനായി സ്വർഗത്തിലോ, ആഴത്തിലോ കടലിനക്കരയോ ആയിരുന്നില്ല"* (ആവ. 30:11-14). ഇതാ അതിനെപ്രതി നിങ്ങൾ അല്പംപോലും അധ്വാനിച്ചിട്ടില്ല. എന്നാൽ ദൈവം തൻെറ നന്മയുടെ സമൃദ്ധിയിൽ നിങ്ങൾക്കു നിയമം നൽകിയിരിക്കുന്നു. ഇങ്ങനെ അവരുടെ യാതൊരധ്വാനവും കൂടാതെ അവർക്കു നിയമം നൽകപ്പെട്ടതിനെപ്പറ്റി മോശ അവരോടു പറഞ്ഞു. മോശ തെളിയിച്ചതുപോലെ, വിശ്വാസം വഴിയുള്ള നീതീകരണം, നിയമത്തിൻെറ നീതീകരണത്തെക്കാൾ മെച്ചപ്പെട്ടതാണെന്ന് കാണിക്കാൻ ആഗ്രഹിച്ചുകൊണ്ട് ശ്ലീഹാ അവയെ മിശിഹായുടെ കാര്യങ്ങളുമായി ബന്ധപ്പെടുത്തി.

കാരണം, ആദ്യനീതീകരണം അധ്വാനമോ വിയർപ്പോ കൂടാതെയുള്ളതായിരുന്നു. എന്നാലിത് ദൈവത്തിൻെറ നന്മയുടെ ബാഹുല്യത്താൽ

www.malankaralibrary.com



ആകാൻ അതിൻെറ സഹായം കാണിക്കുന്നു. അതിന് പ്രവൃത്തികളിൽ നിന്നുവരുന്ന നീതീകരണം ആവശ്യമില്ലായിരുന്നു. നിയമത്തെപ്പറ്റി പറഞ്ഞിരിക്കുന്ന വാക്കുകളും മിശിഹായെപ്പറ്റി പറഞ്ഞിരിക്കുന്നവയും തമ്മിൽ വലിയ സാധർമ്മ്യം ഉണ്ടെന്നു കാണിക്കാൻ ശ്ലീഹാ അവയെ താരതമ്യപ്പെടുത്തുന്നു.

നിയമത്തിനു വിധേയരായവരിൽ അനേകർ മിശിഹായിൽ വിശ്വസിക്കാൻ കൂട്ടാക്കാഞ്ഞതിനാൽ, അവൻ ഈ തടസ്സവാദം സ്വീകരിക്കുന്നു: *"എങ്കിലും സുവിശേഷത്തിൻെറ സദ്വാർത്ത എല്ലാവരും അനുസരിച്ചില്ല"* (10:16)! ഇത് ചോദ്യരൂപത്തിലാണ് മനസ്സിലാക്കേണ്ടത്. ഒരു തടസ്സവാദമായി ശ്ലീഹായോട് ഉന്നയിച്ചതാണിത്. *'എല്ലാവർക്കും വിശ്വാസം ഇല്ലല്ലോ'* (2 തെസ. 3:2) എന്നാണല്ലോ നീ പറയുന്നത്. എന്നാൽ, *"ഞങ്ങളുടെ വിവരണം ആര് വിശ്വസിച്ചു?"* എന്ന് ഏശായാ ചോദിക്കുന്നത് കേൾക്കുക (53:1). *'കുറച്ചാളുകളെ വിശ്വസിക്കുകയുള്ളു'* എന്ന് പണ്ടേ തന്നെ പറഞ്ഞിരിക്കുന്നതിനാൽ അത്ഭുതപ്പെടാനില്ല! അതുകൊണ്ട്, ഇപ്പോഴും പുതിയ കാര്യം ഒന്നും ഇല്ല. നിയമത്തിനെതിരെ പ്രവർത്തിക്കുന്ന ശാപത്താലാണ് ഭൂരിഭാഗവും വിശ്വസിക്കാഞ്ഞതെന്നു കരുതാൻ പാടില്ല; കാരണം, തിരുലിഖിതസാക്ഷ്യാനുസൃതം, അവർ എപ്പോഴും ഇങ്ങനെയായിരുന്നു എന്നു നാം കാണുന്നു. ചുരുക്കത്തിൽ, അനേകർ നിയമത്തെ ബുദ്ധിരഹിതമായി കൈകാര്യം ചെയ്തെങ്കിലും അതു നിന്ദ്യമല്ലാത്തതുപോലെ, എല്ലാവരും വിശ്വസിച്ചില്ലെങ്കിലും സുവിശേഷം നിന്ദ്യമല്ല എന്ന് അവൻ പറയുന്നു.

*"എന്നാൽ ഏശായാ വളരെ ധൈര്യപൂർവം പറഞ്ഞിരിക്കുന്നു"* (10:20): അതായത്, 'തന്നെ ഒട്ടും അറിയാത്തവർക്ക് തന്നെപ്പറ്റിയുള്ള അറിവ് ദൈവം പ്രദാനം ചെയ്യാൻ പോകുന്നു' എന്ന് നിർഭയമായി പറയാൻ അവൻ മടിച്ചില്ല. *"ധൈര്യപൂർവം"*: കാരണം, അവരുടെ നാശത്തെപ്പറ്റി പരസ്യമായും ഭയരഹിതമായും അവൻ പ്രവചിച്ചു. ഈ കാര്യത്തിൽ, പുതിയ നിയമത്തെക്കാൾ പ്രയാസമേറിയതാണ് പഴയനിയമം. വീണ്ടും, ഭാഷകളിൽനിന്നു ഭാഷകളിലേയ്ക്ക് അവ വിവർത്തനം ചെയ്യപ്പെട്ടതിനാൽ. വിശ്വസിക്കാഞ്ഞ സമൂഹങ്ങൾ നിമിത്തമല്ല വംശം നിരസിക്കപ്പെട്ടത്; പിന്നെയോ, അവരുടെ ഇടയിലെ കുറെപ്പേർ വിശ്വസിച്ചതിനാലാണ് അവർ നന്നായി സ്വീകരിക്കപ്പെട്ടത് എന്ന് അവൻ കാണിക്കുന്നു. *"ഏലിയാ ഇസ്രായേലിനെ കുറ്റപ്പെടുത്തിയപ്പോൾ, അവനെപ്പറ്റി തിരുലിഖിതത്തിൽ*

www.malankaralibrary.com



*നിന്ന് നിങ്ങൾ ഗ്രഹിച്ചിട്ടില്ലേ? ഇതാ, ഏഴായിരം പേരെ എനിക്കായി ഞാൻ മാറ്റിനിർത്തിയിട്ടുണ്ട് എന്ന് അവനോടു പറയപ്പെട്ടു"* (11:2-4).[8] തൻെറ പ്രബോധനദൗത്യത്തിൽ ഏലിയാ തുടരുന്നതിനും ദൈവത്തിന് അവരിൽ കുറച്ചുപേർപോലും മതിയാകും എന്ന് അവൻ പഠിക്കുന്നതിനും ഇതിലൂടെ ദൈവം പ്രവാചകനെ പഠിപ്പിക്കുന്നു. അതുകൊണ്ട്, വിശ്വസിച്ചവർ കുറച്ചേ ഉള്ളൂ എങ്കിലും വംശം ശാപഗ്രസ്തമായില്ല; വാഗ്ദാനം റദ്ദാക്കപ്പെട്ടില്ല എന്ന് പൗലോസ് പറയുന്നു.

*"കൃപയാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അവശിഷ്ടം ശേഷിച്ചിരിക്കുന്നു"* (11:5). ഇത് മീക്കായിൽ നിന്നാണ് (5:7-8): *"യാക്കോബിൽ നിന്ന് ഒരു അവശിഷ്ടം രക്ഷിക്കപ്പെടും". "നിയമത്തിൽ നിന്ന് ഇസ്രായേൽ അന്വേഷിച്ചത് അവൾ കണ്ടെത്തിയില്ല; തെരഞ്ഞെടുപ്പ്, അതു കണ്ടെത്തി"* (11:7). അതായത്, ഇസ്രായേൽ അന്വേഷിച്ച നീതീകരണം നിയമത്തിൽ നിന്ന് കണ്ടെത്തിയില്ല. എന്നാൽ തങ്ങളുടെ പ്രവൃത്തികളാൽ, തെരഞ്ഞെടുപ്പിന് അർഹരായവർ അതു കണ്ടെത്തി; തങ്ങളുടെ വംശത്തെ ബഹുമാനിക്കാൻ അവർ മതിയായവരായിരുന്നു. ബാക്കിയുള്ളവരെല്ലാം, തങ്ങളുടെ ദുഷ്ടതയാൽ നിരസിക്കപ്പെടുകയും കൃപയ്ക്ക് അയോഗ്യരായി തീരുകയും ചെയ്തു.

*"ദൈവം അവർക്ക് ദുഃഖാരൂപിയെ നൽകി"* (11:8): *'ദൈവം ഈ ലോകത്തിൽ അവരുടെ മനസ്സിനെ അന്ധമാക്കി'* എന്നും (യോഹ.12:40) *"അവിടുന്ന് അവർക്ക് ഒരു വ്യർത്ഥ മനസ്സു നൽകി"* എന്നും (2 കോറി. 4: 4) പറയുന്നതുപോലെയാണിത്. അവിടുന്ന് അവരെ കൈവിട്ടെന്നും അവരെ നയിക്കുന്നില്ലെന്നും ഇവയിലൂടെയെല്ലാം ദുഃഖാരൂപി മനസ്സിലാക്കി കൊടുക്കുന്നു (റോമ. 1:28). ഒന്നുകിൽ, സാത്താൻ അവരുടെ ആത്മാക്കളെ അന്ധമാക്കി, വിഗ്രഹങ്ങളുടെ തെറ്റിലേക്ക് വലിച്ചിഴച്ചു; അല്ലെങ്കിൽ, ഏശായാ പറഞ്ഞതുപോലെ അവരുടെ കഠിനഹൃദയത്തിൽ അവൻ പറയുന്നു; അല്ലെങ്കിൽ, ആഹാബിനോട് ഇംലായുടെ മകൻ മീക്കാ പറഞ്ഞതുപോലെയുമാകാം: *"നിൻെറ പ്രവാചകന്മാരുടെ വായിൽ കർത്താവ് നുണയുടെ ആത്മാവിനെ നിവേശിപ്പിച്ചിരിക്കുന്നു"* (1 രാജാ. 22:23).

*"ആദ്യഫലം വിശുദ്ധമെങ്കിൽ, പിണ്ഡവും വിശുദ്ധം"* (11:16), മിശിഹായെ അവൻ *ആദ്യഫലം* എന്നു വിളിക്കുന്നു; എന്നാൽ അബ്രഹാമിനെ

---

8. 1 രാജാ 19:18

www.malankaralibrary.com



*വേര്* എന്നു വിളിക്കുന്നു: അതായത്, ഇവ പരിശുദ്ധമാണെങ്കിൽ, ഇവയിൽ നിന്നുള്ളവർ, അനുതപിച്ചാൽ, നിരസിക്കപ്പെടുകയില്ല. യഹൂദരുടെ സിനഗോഗിനെ അവൻ *ഒലിവുമരങ്ങൾ* എന്നും *പിണ്ഡം* എന്നും വിളിക്കുന്നു. മതപ്രബോധനത്തെ അവൻ *പുഷ്ടി* എന്നു വിളിക്കുന്നു (11:17). മതത്തിൻെറ ഫലം അവരാണ്. അവരുടെ ഇടയിൽ നിന്നുള്ള മിശിഹായുടെ ഉദയത്തിൽ, അവയുടെ ഫലങ്ങൾ കൊണ്ട് അതു കാട്ടൊലിവാണെന്ന് കാണപ്പെട്ടു; അതായത്, അത് അവിടുത്തെ മുന്തിരിത്തോപ്പിൽ നട്ടതായിരുന്നില്ല.

# 8

*"സഹോദരരേ, സ്വന്തവിചാരത്തിൽ ജ്ഞാനികളാകാതിരിക്കേണ്ടതിന്, ഈ രഹസ്യം നിങ്ങൾ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു"* (11:25): അതായത്, എന്തു സംഭവിക്കുമെന്നറിയാതെ, നിങ്ങൾ യഹൂദരുടെ പ്രത്യാശ വെട്ടിമാറ്റിയിരിക്കയാണെന്ന് നിങ്ങൾ ചിന്തിക്കണം. എന്താണ് ഈ രഹസ്യം? *"പുറജാതികളുടെ പൂർണത പ്രവേശിക്കുവോളം ഇസ്രായേലിനു കുറേ സമയത്തേക്ക് ഹൃദയാന്ധത ഉണ്ടായി"* (11:25). അവസാനംവരെ അവർ ദൈവത്തിൽനിന്നകന്ന് കഴിയുകയില്ല എന്ന് അവൻ പറയുന്നു; എല്ലാ മനുഷ്യരും സത്യപ്രബോധനം സ്വീകരിച്ചു കഴിയുമ്പോൾ, അവരും സത്യം ഏറ്റുപറയുന്ന സമയം വരുന്നു. എന്നാൽ ഏലിയായുടെ വരവിൻെറ സമയം അവൻ അറിയിക്കുന്നു. ഇതിൽനിന്ന് എന്താണ് ഉണ്ടാകുക? *"അപ്പോൾ ഇസ്രായേൽ മുഴുവൻ രക്ഷ പ്രാപിക്കും"* (11:26). അതായത്, ഇസ്രായേൽ വംശവുമായി സ്വാഭാവിക ബന്ധമുള്ള എല്ലാ യഹൂദരും. അപ്പോൾ ആ സമയത്ത്, തങ്ങളുടെ സ്വന്തപ്രവാചകൻ എന്ന നിലയിൽ അവരെല്ലാവരും ഏലിയായുടെ പക്കലേക്കു തിരിയും. അവനിലൂടെ അവർ മിശിഹായുടെ വിശ്വാസത്തിലേക്ക് ആനീതരാക്കപ്പെടും എന്ന് അവൻ പറയുന്നു.

തൻെറ വാക്കിന് ഉറപ്പായിട്ടെന്നവണ്ണം സാക്ഷ്യമായി അവൻ തിരുലിഖിതം ഉദ്ധരിക്കുന്നു: *"സീയോനിൽ നിന്ന് രക്ഷകൻ വരും"* (11:26): സ്പഷ്ടമായി *സീയോനിലേക്ക്* ഒരു വിമോചകൻ, ഏലിയാ വരും; എന്നാൽ സീയോനിൽനിന്നല്ല ഏലിയാ വരിക; പിന്നെയോ, ലോകാ

www.malankaralibrary.com



തിർത്തിയിൽ നിന്നായിരിക്കും. അവർ മിശിഹായെ ഉപേക്ഷിച്ച് എതിർ ക്രിസ്തുവിനോട് ചേരാത്തതിനാൽ *"അവൻ യാക്കോബിൽനിന്ന് നിരീശ്വരത്വം നീക്കിക്കളയും"* (11:26). അപ്പോൾ അവർക്ക് ഒരു പുതിയ ഉടമ്പടി ഉണ്ടാകും: അതായത് പൊതുവായ ഉത്ഥാനം!

*"സുവിശേഷം സംബന്ധിച്ച് നിങ്ങൾ നിമിത്തം അവർ ശത്രുക്കളാണ്; തെരഞ്ഞെടുപ്പു സംബന്ധിച്ച് പിതാക്കന്മാർ നിമിത്തം അവർ പ്രിയപ്പെട്ടവരുമാണ്"* (11:28): അതായത്, *"സുവിശേഷം സംബന്ധിച്ച്"*: നിങ്ങളുടെ സമീപനം നിമിത്തം കുറ്റപ്പെടുത്തപ്പെടുകയാൽ, അവിടുത്തെ ശപിക്കാൻ അവർ ആഗ്രഹിക്കുന്നതിനാൽ, ഞാൻ അവരെ ശത്രുക്കളായി ഗണിക്കുന്നു (11:28); എന്നാൽ പിതാക്കന്മാരുമായുള്ള ബന്ധം നിമിത്തം, അവരുടെ രക്ഷയെപ്രതി കഷ്ടപ്പെടുന്നതിൽ നിന്നു പിന്മാറാതിരിക്കത്തക്കവിധം ഞാൻ അവരുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. അവരുടെ പിതാക്കന്മാരെ തെരഞ്ഞെടുത്തതിൽ ദൈവം ദുഃഖിച്ച് അവരെ നിരസിച്ചുകളയുന്നില്ല എന്ന് എനിക്കു ബോധ്യംഉണ്ട്. എന്നാൽ ദുഷ്ടതയിൽ കഴിയുന്നവർ തന്നെയാണ്, ദൈവത്തിൽ നിന്നുള്ള തങ്ങളുടെ അകൽച്ചയ്ക്കു കാരണക്കാർ. പണ്ട് നിങ്ങൾ ദൈവത്തോട് അനുസരണമില്ലാത്തവർ ആയിരുന്നു. അവരുടെ അനുസരണരാഹിത്യത്താൽ നിങ്ങൾക്കിപ്പോൾ കാരുണ്യം ലഭിച്ചു; അതുപോലെ അവർക്കും (11:29-31). യഹൂദരുടെ അനുസരണക്കേടാണ് പുറജാതികളോടുള്ള കാരുണ്യത്തിൻെറ കാരണം എന്നും പുറജാതികളോടുള്ള കാരുണ്യമാണ് യഹൂദരുടെ അനുസരണക്കേടിൻെറ കാരണം എന്നും അവൻ പറയുന്നില്ല. എന്നാൽ തിരുലിഖിത രീതി അനുസരിച്ച്, കാരണമായി പറഞ്ഞിരിക്കുന്നു എന്നേയുള്ളൂ. *"നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും... ജയിക്കയും ചെയ്യുവാനായിട്ടുതന്നെ"* (സങ്കീ. 51:4). ദൈവം നീതീകരിക്കപ്പെടാനല്ല, ആ മനുഷ്യൻ പാപം ചെയ്തത് (റോമാ 3:9). വിശ്വസിക്കാൻ അവർക്കു താല്പര്യമുണ്ടെങ്കിൽ, ദൈവം അവരെ സ്വീകരിക്കുകയില്ല എന്ന് അവരെപ്പറ്റി അവർ സംശയിക്കരുതെന്നാണ് അവൻ ഇവിടെ പറയാൻ ആഗ്രഹിച്ചത്. നിങ്ങളുടെ കാര്യംതന്നെ എടുക്കുക: നിങ്ങൾ വിശ്വസിച്ചപ്പോൾ, നിങ്ങളുടെ മുൻകാല അനുസരണരാഹിത്യം, ദൈവത്തിൻ പക്കലേക്കടുക്കാൻ തടസ്സമായി തീർന്നില്ലല്ലോ. അതുപോലെ ദൈവത്തിൻെറ പക്കലേക്കു തിരിയാൻ അവർ മനസ്സുവയ്ക്കുമ്പോൾ, അവരുടെ ഇപ്പോഴത്തെ അനുസരണരാഹിത്യം നിമിത്തം അവരിൽനിന്നു മുഖം തിരിച്ചുകളയുകയില്ല.

www.malankaralibrary.com



പൗലോസ് തൻെറ ചർച്ചയിൽ ഇതും കുട്ടിച്ചേർക്കുന്നു: *"എല്ലാവരോടും കരുണ കാണിക്കാനായി, ദൈവം എല്ലാവരെയും അനുസരണ രാഹിത്യത്തിൽ ബന്ധിച്ചു"* (11:32). *"എല്ലാവരോടും കരുണ കാണിക്കാൻ"* എന്ന് അവൻ ഉദ്ധരിച്ചിരിക്കുന്നതു സാന്ദർഭികമായല്ല. തൊട്ടു മുമ്പുള്ളതുപോലെ തിരുലിഖിതരീതി അനുസരിച്ചാണ്. ഇവിടെയും അപ്രകാരം തന്നെ: *"അവിടുന്ന് എല്ലാവരെയും അനുസരണരാഹിത്യത്തിൽ ബന്ധിച്ചെങ്കിലും, എല്ലാ മനുഷ്യരോടും കരുണ കാണിക്കുന്നു".* ചുരുക്കത്തിൽ, *ബന്ധിച്ചു* എന്നത് *സൃഷ്ടിച്ചു* എന്നതിനു പകരമാണ്. എന്നാൽ *അനുസരണരാഹിത്യത്തിൽ* എന്നത്, ഈ ജീവിതത്തിൽ അവർ അലഞ്ഞുതിരിയാനുള്ള ചാച്ചിലോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നതിനു പകരമാണ്. അപ്പോൾ ആ പ്രയോഗം വ്യക്തമായി ഇപ്രകാരം ആയിരിക്കും: ദൈവം എല്ലാ മനുഷ്യരെയും ലോകത്തിൽ തെറ്റു പറ്റാവുന്നവരായി സൃഷ്ടിച്ചു. ഈ സ്ഖലന സാധ്യത ഏതാണ്ട് തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു; നിരവധി കാരണങ്ങളാൽ അവർ അനുസരണരഹിതരായി കാണപ്പെടുന്നു.

*"എല്ലാവരോടും കരുണ കാണിക്കാൻ"*: അതായത്, അവൻ അവരിൽനിന്ന് നാശവും മർത്യതയും എടുത്തുമാറ്റുന്നു; അവൻ അവരെ പാപരഹിതരും അമർത്യരും ആക്കുന്നു. പാപവുമായി ബന്ധപ്പെട്ട നാശത്തിൻെറ ശക്തി നമ്മിൽനിന്നു നീക്കുകയും, നമ്മുടെ ശരീരങ്ങളെ അമർത്യവും ആവശ്യരഹിതവുമാക്കുകയും കാര്യഗ്രഹണത്തിൽ നമ്മുടെ ആത്മാക്കളെ പൂർണവും വ്യതിയാനാതീതവും ആക്കുകയും ചെയ്യുന്നത് ദൈവത്തിനു നമ്മോടുള്ള മഹാകരുണയാലത്രേ. ദൈവം, ആരംഭംമുതൽ മിശിഹായുടെ വരവുവരെ പുറജാതികളെ അനുസരണരാഹിത്യത്തിൽ ബന്ധിച്ചു; പിന്നീട് അവരോടു കരുണ കാണിച്ചു. മിശിഹായുടെ വരവു മുതൽ അവൻ യഹൂദരെ അനുസരണരാഹിത്യത്തിൽ ബന്ധിച്ചു. ഏലിയായുടെ വരവിൽ അവൻ അവരോടു കരുണ കാണിക്കും. *ബന്ധിച്ചു* എന്ന പദം ഈ രീതിയിൽ *ചിലർ* മനസ്സിലാക്കുന്നു. എന്നാലിതു ശരിയല്ല! *കാരുണ്യം*, വരാനിരിക്കുന്ന ലോകത്തെക്കുറിച്ചല്ല എന്നു *മറ്റു ചിലർ* പറയുന്നു. അല്ലെങ്കിൽ, അനുസരണമില്ലാത്തവർക്ക് എങ്ങനെയാണു കാരുണ്യം ഉണ്ടാകുക? നാം ഗേഹന്നാ എവിടെ സ്ഥാപിക്കും? *'ഓരോരുത്തനും തൻെറ ശരീരത്തിൽ പ്രതിഫലം കിട്ടും'* എന്ന വാക്യം എവിടെ വയ്ക്കും?

www.malankaralibrary.com



"അതുകൊണ്ട്, മിശിഹായിലുള്ള ദൈവികകൃപ പൊതുവായി എല്ലാവരിലും ചൊരിയപ്പെട്ടിരിക്കുന്നു എന്ന് ഈ പദം സൂചിപ്പിക്കുന്നു: *"ആദത്തിൽ എല്ലാവരും മരിക്കുന്നതുപോലെ മിശിഹായിൽ ജീവിക്കുകയും കൃപ പ്രാപിക്കുകയും ചെയ്യും"*. അതായത് മിശിഹായിൽ; *"അവരുടെ അനുസരണരാഹിത്യം നിമിത്തം...."* - തൊട്ടുമുമ്പുള്ള വാചകം! തിരുലിഖിതത്തിൽ പൗലോസ് കാണുകയും രേഖപ്പെടുത്തുകയും ചെയ്ത, മിശിഹായിലൂടെയുള്ള കൃപ! *ബന്ധിച്ചു:* അതായത്, അവിടുന്ന് യഹൂദരെയാകട്ടെ, പുറജാതികളെയാകട്ടെ, നിർബന്ധിക്കാതെ, സ്വതന്ത്രരായി വിട്ടു. കാരണം, അവൻ ഈ അനുസരണക്കേടിന് പ്രതിഫലം നൽകി. പരിച്ഛേദിതർക്ക് അപരിച്ഛേദിത വിശ്വാസികളോടുള്ള കലഹം, ഒരുകൂട്ടരും മറ്റൊരു കൂട്ടർക്കെതിരെ സ്വയം ഉയർത്തരുതെന്നും പരസ്പരം പ്രത്യാശ വെട്ടിമാറ്ററുതെന്നും ഉപദേശിച്ചു: *"സഹോദരങ്ങളേ, നിങ്ങൾ ഈ രഹസ്യം അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു"* (11:25); ഈ ഭാഗം തീരുന്നതുവരെ ഈ ഒറ്റ ആശയമാണ്.

# 9

*"നാം വിശ്വാസത്തിലേക്ക് വന്നപ്പോഴത്തേതിനേക്കാൾ ഇപ്പോൾ രക്ഷ നമ്മോട് അടുത്തിരിക്കുന്നു"* (13:11). അവൻ ഉത്ഥാനത്തെയാണ് രക്ഷ എന്നു വിളിക്കുന്നത്; കാരണം, അപ്പോൾ നമുക്ക് യഥാർത്ഥ രക്ഷ ലഭിക്കും. ഈ രക്ഷയുടെ ആരംഭം മരണമായിരിക്കും; മരണത്തിനുശേഷം ഭയമെല്ലാം നമ്മിൽനിന്നു നീക്കപ്പെടും. ദിവസങ്ങൾ കടന്നുപോകുന്നതിനാൽ, രക്ഷയുടെ സമയത്തിൻെറ അടുത്തേക്ക് നാം ആനീതരാക്കപ്പെടുന്നു. അതുകൊണ്ട് നാം വിശ്വസിച്ച അവസരത്തിലെന്നതിനേക്കാൾ നാം രക്ഷയോട് അടുക്കുന്നു. *അവിഹിതവേഴ്ച* (13:13) എന്നത് ഒന്നുകിൽ സോദോമ്യപാപമാകാം; അല്ലെങ്കിൽ പേഗൻ അമ്പലസേവകർ വ്യഭിചരിച്ചശേഷം സ്ത്രീകളെ വിവാഹം കഴിപ്പിക്കുന്നതാകാം.

*"വിശ്വാസത്തിൽ ബലമില്ലാത്തവനു കൈകൊടുക്കുവിൻ"* (14:1): പ്രഘോഷണാരംഭത്തിൽ വിശ്വാസികളുടെ ഇടയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നു. യഹൂദരുടെ ഇടയിൽ നിന്നുള്ളവരേക്കാൾ വളരെ കൂടുതലായിരുന്നു പുറജാതികളിൽ നിന്നുള്ള വിശ്വാസികൾ. നിയമാനുഷ്ഠാന

www.malankaralibrary.com



കാര്യത്തിൽ പുറജാതികളിൽനിന്നുള്ള ക്രിസ്ത്യാനികളെയും തങ്ങളുടെകൂടെ ചേർക്കുന്നതിന് യഹൂദരിൽ നിന്നുള്ള ക്രിസ്ത്യാനികൾ പദ്ധതിയിട്ടു. കർത്താവിന്റെ ആഗമനം നിയമാനുഷ്ഠാനങ്ങളിൽ നിന്ന് തങ്ങളെ സ്വതന്ത്രരാക്കി എന്ന് പുറജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികൾ പറഞ്ഞു. മിശിഹാ ജഡത്തിൽ സമാഗതനായ ശേഷവും ശിശുസഹജമായവ നടപ്പാക്കുന്നവർ എന്ന നിലയിൽ പുറജാതി ക്രിസ്ത്യാനികൾ, യഹൂദക്രിസ്ത്യാനികളെ നിന്ദിച്ചു. അതുകൊണ്ട് *"നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ"* എന്ന് ശ്ലീഹാ അവർക്കെഴുതി.[9] അവരെ അവൻ *ബലഹീനർ* അഥവാ ഗ്രീക്കിലേതുപോലെ *'ഉറപ്പില്ലാത്തവർ'* എന്നു വിളിക്കുന്നു. കർത്താവിൽ ബലപ്പെടുത്തപ്പെട്ടശേഷം നിയമാനുഷ്ഠാനത്തിന്റെ ബലഹീനത വലിച്ചുകൊണ്ടുവരുന്ന യഹൂദരെപ്പറ്റി അവൻ പറയുന്നു: "ഇപ്രകാരമുള്ളവരെ അടിച്ചോടിക്കരുത്. ശാന്തമായി അവരുടെ ബലഹീനത വഹിക്കുവിൻ. അങ്ങനെ അവർ വിഷമിക്കാതിരിക്കട്ടെ. അവരുടെ ഈ പോരായ്മ കാലക്രമത്തിൽ പരിഹരിക്കപ്പെടും".

*"ഭക്ഷണത്തെപ്രതി ദൈവവേല നിഷ്ഫലമാക്കരുത്"* (14:20): മിശിഹായിലുള്ള വിശ്വാസത്തെ അവൻ *"ദൈവവേല"* എന്നു വിളിക്കുന്നു. നിന്റെ കലഹം നിമിത്തം മിശിഹായിൽ വിശ്വസിച്ചവർ തന്റെ സഭയിൽ നിന്നകലുവാൻ നീ ഇടയാക്കിയാൽ, നീ *"വിശ്വാസത്തെ നശിപ്പിക്കുകയാണ്"* (14:22).

ശ്ലീഹന്മാരുടെ അധ്വാനങ്ങളാലും അത്ഭുതങ്ങളാലും ഈ ലോകത്തിൽ സ്ഥാപിതമായ *ദൈവവേല* ആകുന്ന സഭാസമൂഹങ്ങളെ അനുദിനഭക്ഷണത്തിന്റെ പേരിൽ ചിതറിക്കുകയോ നശിപ്പിക്കുകയോ ചെയ്യരുത് എന്ന് *മറ്റുചിലർ* പറയുന്നു. "വിശ്വാസമുള്ള നീ അതു സംരക്ഷിക്കുക..." ഞാൻ നിന്റെ വിശ്വാസത്തെ പ്രശംസിക്കുന്നു; കാരണം നീ എല്ലാ ഭക്ഷണവും ഒരുപോലെ കാണുന്നു. എന്നാൽ ഇതു നിന്റെ കാര്യമായിരിക്കട്ടെ. ദൈവം സാക്ഷിയായിരിക്കട്ടെ. അപസ്മാരത്താലെന്നവണ്ണം സ്വയം ഡംഭു പറയരുത്; അല്ലെങ്കിൽ, മറ്റുള്ളവർക്ക്, അതായത്, യൂദർക്ക്, ഇടർച്ചയ്ക്ക് ഹേതുവാകരുത്.

*"നമ്മുടെ നന്മ ദുഷിക്കപ്പെടാതിരിക്കട്ടെ"* (14:16): അതായത്, മാംസത്തെപ്രതി നിങ്ങൾ കലഹിക്കുന്നതു പുറത്തുള്ളവർ കാണുമ്പോൾ

9. റോമാ 14:19; 1 തെസ 5:14.

www.malankaralibrary.com



നമ്മുടെ വിശ്വാസത്തെ ദുഷിക്കാൻ ഇടയാകും. തിരുലിഖിതത്തിലെ ഓരോ വാക്കും സംബന്ധിച്ച് നാം നാലു കാര്യങ്ങൾ പരിഗണിക്കേണ്ട തുണ്ട് എന്ന് അറിഞ്ഞിരിക്കണം. കാലം, കാരണം, ലക്ഷ്യം, ആരോടാണ് ആ കാര്യം പ്രതിപാദിക്കുക എന്നത്. നാം ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ നാം നിൽക്കുന്നത് അപകടത്തിലായിരിക്കും. പ്രയോജനപ്പെടുത്തുന്നതി നുപകരം, ശിക്ഷാവിധി വർദ്ധിപ്പിക്കും. *"ഓരോരുത്തനും തൻെറ മനസ്സിൽ ഉത്തമ ബോധ്യമുണ്ടായിരിക്കട്ടെ"* (14:5). പുതുതായി വിശ്വസിച്ചവരോ ടാണ് ശ്ലീഹാ ഇത് പറഞ്ഞത്. അവൻ കൂട്ടിച്ചേർക്കുന്നു: *"മറ്റൊരാളുടെ ദാസനെ വിധിക്കാൻ നീ ആരാണ്?"* (14:4). വീണ്ടും, *"അവിശ്വാസിനി യായ ഭാര്യ, വിശ്വാസിയായ ഭർത്താവിലൂടെ വിശുദ്ധീകരിക്കപ്പെടുന്നു"* (1 കോറി. 7:14). ഈ കാര്യങ്ങൾ അവരുടെ കാലത്ത് പറയപ്പെട്ടവയും സംഭവിച്ചവയുമാണ്. അത് അവർക്കുചിതമായിരുന്നു; കാര്യങ്ങൾ നന്നായി നടന്നു. മിശിഹായിൽ വിശ്വസിച്ചവർ പുതുവിശ്വാസികൾ ആയി രുന്നതിനാൽ, പലതും അവരെ പരസ്പര കലഹത്തിലേക്കു നയിച്ചു. - *"ഞാൻ ഭൂമിയിൽ സമാധാനം നൽകുവാനല്ല വന്നത്, പിന്നെയോ വാളാണ്"* (മത്താ. 10:34). ഇത്തരം സംഗതികളാൽ അനേകരുടെ ഇടയിൽ ഇടർച്ച ക്കല്ല് സ്ഥാപിക്കാൻ പാടില്ല. മിശിഹായുടെ വരവ് ലോകത്തിനാപ ത്താണ് എന്നു വരുമല്ലോ.

വിശ്വാസികളുടെയും അവിശ്വാസികളുടെയും ഇടയിൽ സമാധാ നവും അനുരഞ്ജനവും ശരിയായ ക്രമവും വിതയ്ക്കാനായി, വളരെ കൃത്യമായി നടക്കാത്ത സംഗതികളെ ചിലപ്പോഴൊക്കെ കണ്ണടച്ച് അനു വദിക്കണമെന്ന് പരിശുദ്ധാത്മാവ് പൗലോസിനെ ചൂണ്ടിക്കാട്ടുന്നു. ഇപ്പോഴാകട്ടെ സൃഷ്ടിയിൽ വിശ്വാസം പടർന്നുപന്തലിച്ചിരിക്കുകയാണ്. *"ഓരോരുത്തനും തൻെറ മനസ്സിൽ ഉത്തമബോധ്യം ഉണ്ടായിരിക്കട്ടെ"* *"മറ്റൊരാളുടെ ദാസനെ വിധിക്കാൻ നീ ആരാണ്?* എന്നു തുടങ്ങിയവ നാം പിൻചെല്ലുന്നെങ്കിലും, ഇപ്പോൾ വിശ്വാസി അവിശ്വാസിനിയുടെ കൂടെ പാർക്കുന്നതും, അവിശ്വാസി വിശ്വാസിനിയുടെ കൂടെ പാർക്കു ന്നതും കുറ്റകരമാണ്. അല്ലെങ്കിൽ വിശ്വാസഭ്രംശമോ, സ്വഭാവദൂഷ്യമോ, ഉള്ളവനെ കുറ്റപ്പെടുത്താതെ വിടുന്നതും നല്ലതല്ല.

*"ഇപ്പോൾ സുവിശേഷത്തിൽ നിങ്ങളെ ബലപ്പെടുത്താൻ കഴിവു ള്ളവനായ ദൈവം"* (16:25): ഇത് ഇപ്രകാരമാണ് ക്രമീകരിച്ചുവായിക്കേ ണ്ടത്; അല്ലാതെ, "*എൻെറ* സുവിശേഷത്തിൽ നിങ്ങളെ സ്ഥിരപ്പെടു

www.malankaralibrary.com



ത്താൻ കഴിവുള്ളവനായ ദൈവം" എന്നല്ല. അതായത്, സുവിശേഷം പ്രഘോഷിക്കുന്ന, മിശിഹായിലുള്ള വിശ്വാസത്തിലൂടെ. വചനമാം ദൈവത്തിൻെറ മനുഷ്യാവതാരത്തിൻെറയും നമ്മുടെ ഇടയിൽനിന്നുള്ള മനുഷ്യൻെറ ദൈവത്വത്തിൻെറയും ദിവ്യരഹസ്യമാണ് ഈ വിശ്വാസം. അന്ത്യനാളുകളിൽ പൂർത്തീകരിക്കപ്പെടാനായി ദൈവത്തിൻെറ മുന്നറിവിൽ നിത്യത മുതൽ സജ്ജമാക്കിയിരുന്നതും, മുൻ ലോകങ്ങളുടെ കാലത്ത് നിഗൂഢമായിരുന്നതുമായ ദിവ്യരഹസ്യം! എന്നാൽ പ്രവാചക ലിഖിതങ്ങളിലൂടെ ഇസ്രായേൽ മക്കൾക്ക് ഇതേപ്പറ്റി അവിടുന്നു മുൻകൂട്ടി കാണിച്ചുകൊടുത്തു. അവസാനം ഇതു വെളിപ്പെടുത്തപ്പെട്ടു. നമ്മുടെ രക്ഷകനായ ദൈവത്തിൻെറ കല്പനാനുസൃതം ആരാധ്യമായ ഈ രഹസ്യത്താലും അതിൻെറ കർത്താവായ ദൈവപുത്രനാലും വിശ്വാസത്തിൻെറ അനുസരണയ്ക്കായി എല്ലാ ജനങ്ങൾക്കും അറിയിക്കപ്പെടുകയും ചെയ്തു. അവിടുന്ന് എന്നുമെന്നേയ്ക്കും ആരാധ്യനും, അനന്ത മഹത്ത്വത്തിന് അർഹനുമാകുന്നു.

*"എൻെറ സുവിശേഷം"* (16:25): തുടർച്ചയായി ലൂക്കോസിൻെറ സുവിശേഷത്തെ അവൻ അങ്ങനെ വിളിക്കുന്നു. വിശ്വസിച്ച യഹൂദരെ താൻ ബഹുമാനിക്കുന്നെന്നും, പിതാക്കന്മാരോടും പ്രവാചകന്മാരോടും ചെയ്ത വാഗ്ദാനങ്ങളെയും ഉറപ്പുകളെയും സംബന്ധിച്ച് അവർ ഉറപ്പുള്ളവരാണെന്നും കാണിച്ചുകൊണ്ട് അവൻ പറയുന്നു: "പിതാക്കന്മാരോട് ദൈവം ചെയ്ത വാഗ്ദാനങ്ങളുടെ ഉറപ്പിനായി *ദൈവത്തിൻെറ സത്യത്തിനുവേണ്ടി, യേശുമിശിഹാ പരിച്ഛേദനയുടെ ഒരു ശുശ്രൂഷകനായി"* (15:8). അടുത്ത കാലത്ത് അടുത്തുവന്നവർ എന്ന നിലയിൽ പുറജാതികളുടെ മേൽ യഹൂദർ മേൽക്കോയ്മ ഭാവിക്കാൻ ഒരു കാരണവും കൊടുക്കാതിരിക്കാൻ അവൻ പറയുന്നതായി ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "പുറജാതികളുടെ ഇടയിൽ ഞാൻ അങ്ങയെ ഏറ്റുപറയും" (സങ്കീ. 18:49; റോമാ 15:9). ഈ സാക്ഷ്യം അവൻ പുറജാതികൾക്കുവേണ്ടി ഉദ്ധരിക്കുന്നു. നിയമത്തിലുള്ള വാഗ്ദാനങ്ങൾ വലിയവയും മഹനീയവുമായിരിക്കുന്നതുപോലെയും, പ്രവാചകന്മാരിലും, തങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, മതത്തിലേക്കു സ്വീകരിക്കാൻ പുറജാതികൾ യോഗ്യരാണ് എന്ന് കരുതപ്പെട്ടിരുന്നതുപോലെയും, വിശ്വാസത്തിലേക്കടുത്തു വരാൻ ആഗ്രഹിക്കുന്ന പുറജാതികൾ യോഗ്യരാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



# 10

*മിശിഹായുടെ സുവിശേഷത്തിൻെറ അനുഗ്രഹപൂർണതയിൽ ഞാൻ എത്തുന്നതാണ്* (15:29) : സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളെ 'അനുഗ്രഹപൂർണത' എന്ന് അവൻ വിളിക്കുന്നു. സീസറിനോട് അപ്പീൽ ചെയ്തതിനാൽ, യൂദയായിൽ നിന്ന് റോമായിലേക്ക് ബന്ധിതനായി അയയ്ക്കപ്പെട്ടതിനെപ്പറ്റി അവൻ സംസാരിക്കുന്നു; മിശിഹായുടെ സുവിശേഷത്തിനുവേണ്ടി സഹിക്കുന്നത് തികഞ്ഞ അനുഗ്രഹമായി അവൻ കരുതി.

*"ജറുസലേമിലെ വിശുദ്ധർക്ക് ഞാൻ കൊണ്ടുവരുന്ന ശുശ്രൂഷ, അതായത് ഒരനുഗ്രഹം"* (15:31): യൂദയായിലെ ദരിദ്രർക്കും വിശുദ്ധർക്കും വിതരണം ചെയ്യനായി, പുറജാതികളിൽനിന്നു ശേഖരിച്ച പണം. അനേകം വർഷങ്ങൾക്കുശേഷം ഞാൻ വന്ന് ദാനധർമ്മം നടത്തി എന്ന് ഗവർണർ ഫേലിക്സിനോട് ഈ ശുശ്രൂഷയെപറ്റിയാണ് അവൻ പറഞ്ഞത് (നട. 24:17).

മതത്തിൽ പുരുഷന്മാരും സ്ത്രീകളും തുല്യരാണ് എന്നു കാണിക്കാൻ ഫേബേയുടെ കൈവശമാണ് അവൻ ഈ കത്ത് കൊടുത്തുവിടുന്നത് (16:1).

*"ആക്കായിയായിലെ ആദ്യഫലമായ എപ്പായിനേതോസിനെ അഭിവാദനം ചെയ്യുവിൻ"* (16:5). ഇവിടെ *എപ്പായിനേതോസ്* എന്നു പറഞ്ഞിട്ട് കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ, സ്തേഫാനോസിൻെറ ഭവനത്തിൽ പെട്ടവരാണ് ആക്കായിയായിലെ ആദ്യഫലങ്ങൾ എന്ന് (1കോറി. 16:15) എന്തുകൊണ്ടാണ് അവൻ പറയുന്നത്? എപ്പായിനേതോസിൻെറ പിതാവായിരുന്നു സ്തേഫാനോസ്. കോറിന്തോസ്കാർക്കുള്ള ലേഖനത്തിൽ ഭവനാധിപൻെറ പേരു പറയുന്നു; റോമാലേഖനത്തിൽ മകനായ എപ്പായിനേതോസിൻെറ പേരു പറയുന്നു; കാരണം അവൻ അവനോടൊപ്പം റോമിൽ ഉണ്ടായിരുന്നു. അവനെ ആദ്യഫലം എന്നു വിളിക്കുന്നത്, അവനാണ് അവിടെ ആദ്യമായി മിശിഹായിൽ വിശ്വസിച്ചതും, തൻെറ സഹപൗരന്മാർ ചെയ്ത ദുഷ്ടതയും വഷളത്വവും ഉപേക്ഷിച്ചതും. വിശ്വാസ സംബന്ധമായ ക്ലേശങ്ങളിൽ അവനോട് റൂഫുസിൻെറ അമ്മ കാണിച്ച താല്പര്യംകൊണ്ടും അവരുടെ പരസ്പര

www.malankaralibrary.com



സ്നേഹംകൊണ്ടും അവൻ *റൂഫുസിന്റെ അമ്മയെ തന്റെ അമ്മ* എന്ന് വിളിക്കുന്നു (16:13). മിശിഹായുടെ കുരിശു വഹിക്കാൻ നിർബന്ധിതനായ, സൈറീൻകാരൻ ശെമഓന്റെ മകനായിരുന്നു റൂഫുസ്.

പൗലോസ് തന്റെ തല മുണ്ഡനം ചെയ്ത കെങ്ക്രെ കോറിന്തോസിൽ ആയിരിക്കാം. (16:1).

ശ്ലീഹായുടെ എഴുത്തുകാരനായിരുന്നു തേർഷ്യസ്. കത്തിൽ അവന്റെ പേര് സൂചിപ്പിക്കുന്നുണ്ട്. ഗ്രീക്കിൽ *നൊതാറിയുസ്*. അതായത്, എഴുത്തുകാരൻ (16:22).

എറാസ്തുസിനെ നഗരത്തിലെ ഖജനാവുകാരൻ എന്ന് അവൻ വിളിക്കുന്നു (16:24). നഗരത്തിലെ ക്രമീകരണത്തിനായി ലൗകികാധികാരികൾ അവന് നൽകിയിരുന്ന ജോലിയിൽ നിന്ന്. നിങ്ങളെ ബലപ്പെടുത്താൻ ശക്തനായ ദൈവത്തിന്റെ സ്തുതിക്കായി നാം ഈ വിവരണം എഴുതി.

*ഇൻഡ്യാക്കാരനായ ദാനിയേൽ* എന്ന വൈദികന്റെ സഹായത്തോടുകൂടി, മാരി എന്ന വൈദികനുവേണ്ടി, മാർ കൂമി, ഗ്രീക്കിൽ നിന്ന് ഈ ലേഖനം സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. റോമാലേഖനത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു.

www.malankaralibrary.com

# കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം

വീണ്ടും, ദൈവസഹായത്താൽ, കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൻെറ വ്യാഖ്യാനം എഴുതുന്നു:

ഭാഗ്യവാനായ പൗലോസ്, അനേകരോട് പ്രസംഗിച്ചശേഷം കോറിന്തോസിലേക്കു വരികയും, താൻ ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും വഴി യഹൂദരിൽനിന്നും പുറജാതികളിൽ നിന്നും അനേകരെ ശിഷ്യരാക്കുകയും ചെയ്തു. അവരിലെ പുറജാതിക്കാരിൽ ഒരുവൻ ലൗകിക വിജ്ഞാനത്തിൽ മികച്ചവനും, മിശിഹായുടെ പ്രബോധനം താല്പര്യപൂർവം സ്വീകരിച്ച് അതിൽ ശേഷ്ഠനായി തീർന്നവനുമായിരുന്നു. അതുകൊണ്ട്, തനിക്കുപകരം പ്രസംഗിക്കാനും ശിഷ്യപ്പെടുത്താനുമായി പ്രബോധനസിംഹാസനത്തിന് അവൻ യോഗ്യനായിരിക്കും എന്ന് പൗലോസ് കരുതി. അവൻെറ പേര് കോറിന്തോസ് എന്നായിരുന്നു എന്നു പറയപ്പെടുന്നു. അവൻ ഒരു ഭരണാധികാരി ആയിരുന്നതിനാലും അവൻെറ വിജ്ഞാനവും സ്വഭാവവൈശിഷ്ട്യവും നിമിത്തവും അകത്തുള്ളവരും പുറത്തുള്ളവരും അവനെ വളരെയധികം പ്രശംസിച്ചിരുന്നു.

ബലഹീനമായ മനുഷ്യപ്രകൃതിക്ക് സാധാരണ സംഭവിക്കുന്ന എന്തോ പിന്നീട് അവനു സംഭവിച്ചു. അവൻ അളവറ്റവിധം ഔദ്ധത്യം നിറഞ്ഞവനായിതീർന്നു. അനേകം വിശ്വാസികൾ തന്നെയും അവൻെറ പേരിൽ വിളിക്കപ്പെട്ടു. അവർ നിശ്ചയമായും അവൻെറ സംഘത്തിൽ പെട്ടവരും, ശിഷ്യരും, അവൻെറ പ്രബോധനങ്ങൾ പങ്കിട്ടവരും ആയിരുന്നിരിക്കണം. അതിന് അവൻ സമ്മതിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ കൂട്ടുകാരേക്കാൾ ശ്രേഷ്ഠരായ പലരും അവനു തുല്യരായിരുന്നു. ഇതിൽനിന്നു കലഹങ്ങൾ ഉടലെടുത്തു; അവരിൽ ചിലർ അവൻെറ പേരിൽ വിളിക്കപ്പെട്ടു; മറ്റുചിലർ മറ്റൊരുവൻെറ

www.malankaralibrary.com



പേരിലും. എന്നാൽ ഇവൻ തന്റെ അഹങ്കാരത്താൽ ദൈവകല്പനകളെ നിന്ദിക്കുകയും, തന്റെ പിതാവിന്റെ ഭാര്യയുമായി പരസ്യമായി വ്യഭിചരിക്കുകയും ചെയ്തു. അവനോട് യോജിച്ചവർ അവന്റെ ദുഷ്പ്രവൃത്തികൾ പരിഗണിക്കാതെ അവന്റെ ലൗകിക പാണ്ഡിത്യത്തിൽ അഭിമാനിച്ചിരുന്നു. അവന്റെ ജ്ഞാനം നിമിത്തം പുറത്തുള്ള ചിലരും അവന്റെ നിത്യസന്ദർശകരായിരുന്നു. അവനും അവരോടൊപ്പം വിഗ്രഹങ്ങളുടെ അമ്പലങ്ങളിൽ പോകുകയും വിഗ്രഹബലികളിൽ പങ്കെടുക്കുകയും ചെയ്തു.

ഈ സംഗതികളാൽ, യഹൂദരിലും പുറജാതികളിലും നിന്നുള്ള അനേകർ, മിശിഹായിൽ വിശ്വസിച്ചവരെ കളിയാക്കി; വിശ്വാസികൾക്കാകട്ടെ ഇതു വ്യസനഹേതുവായിത്തീർന്നു. ആത്മാവിന്റെ ദാനങ്ങളെ സംബന്ധിച്ച് അവർക്കും വളരെയധികം ചിന്താക്കുഴപ്പവും തർക്കങ്ങളും ഉണ്ടായി. ഏറ്റവും ചെറിയ ദാനം ലഭിച്ചവൻപോലും വലിയ ദാനങ്ങൾ ലഭിച്ചവനെതിരെ ഉന്നതഭാവം നടിക്കുകയും അവനെ അവന്റെ പ്രബോധനത്തിൽ നിന്നു തടയുകയും ചെയ്തു. സ്ത്രീകളും പുരുഷന്മാർക്കെതിരെ കടന്നാക്രമണം നടത്തുകയും, സഭാനടപടികൾക്കെതിരെ പ്രബോധകദൗത്യം ഏറ്റെടുക്കുകയും, സഭയിൽ തങ്ങളുടെ സഹപ്രവർത്തകരോടു സംസാരിക്കുകയും ചെയ്തു. നമ്മുടെ കർത്താവു സ്ഥാപിച്ച കർതൃമേശയിൽ അവർ ഉചിതമായി പെരുമാറിയില്ല. ഈ സംഗതികളാൽ പൗലോസ് തന്റെ കത്തിൽ ഒന്നിനു പിറകെ ഒന്നായി ഇവയെപറ്റി പറഞ്ഞ് അവരെ കുറ്റപ്പെടുത്തുന്നു.

# 1

*സൊസ്തേനെസ്* (1:2) വളരെ പ്രശസ്തൻ ഒന്നും ആയിരുന്നില്ല എന്നു പറയപ്പെടുന്നു; എങ്കിലും അവരുടെ ഭോഷത്തത്തെ കുറ്റപ്പെടുത്താൻ പൗലോസ് തന്റെ പേരിന്റെ കൂടെ അയാളുടെ പേരും ചേർക്കുന്നു.

അടുത്തുള്ള സ്ഥലമാണ് *'ക്ലോയേയുടെ ഭവനം'* (1:11)

*"ഞാൻ പൗലോസിന്റേതാണ്..... എന്നു പറയുന്ന ചിലർ നിങ്ങളിലുണ്ട്"* (1:12). അവർ ശ്ലീഹന്മാരുടെ പേരുകളിൽ അറിയപ്പെട്ടതിനാലല്ല

www.malankaralibrary.com



അവൻ അപ്രകാരം എഴുതിയത്. തങ്ങളുടെ ഇടയിൽ ഉള്ളവരുടെ പേരുകളിലാണ് അവർ അറിയപ്പെട്ടിരുന്നത്. മയപ്പെടുത്തി പറയാൻ വേണ്ടിയാണ് അവൻ അവരുടെ പേരുകൾ പറയാതിരുന്നത്. എങ്കിലും അവൻ തൻെറയും തനിക്കുശേഷം അവരോടു പ്രസംഗിച്ച അപ്പൊളോസിൻെറയും ശ്ലീഹന്മാരുടെ തലവനായ കേപ്പായുടെയും പേരുകൾ പറയുന്നു. ശ്ലീഹന്മാരുടെ പേരുകളിൽ അറിയപ്പെടുകപോലും ശരിയായ സംഗതി അല്ലെങ്കിൽ, മറ്റുള്ളവരുടെ പേരുകളിൽ അറിയപ്പെടുക എത്രമോശമാണ് എന്ന് അവരുടെ പാപ്പരത്വം കാണിക്കാൻ വേണ്ടിയാണ് അവൻ ഇപ്രകാരം എഴുതിയത്.

"മിശിഹാ വിഭജിക്കപ്പെട്ടിരിക്കുന്നുവോ?" എന്ന് അവൻ കൂട്ടിച്ചേർത്തു ചോദിക്കുന്നു. കാരണം, വിശ്വാസികൾ 'മിശിഹായുടെ ശരീരം' എന്ന് വിളിക്കപ്പെട്ടിരുന്നു. (1 കോറി. 12:17). സ്നാനത്തിൽ അവർ സ്വീകരിച്ച ആത്മാവിൻെറ കൃപയാൽ മിശിഹായുമായി യോജിച്ചിരിക്കുന്നതിനാൽ, അവരുടെ ശിരസ്സ് മിശിഹായാണ്. ഇതിനാൽ മിക്കപ്പോഴും വിശ്വാസികളെ ക്രിസ്ത്യാനികൾ[1] എന്ന് അവൻ വിളിക്കുന്നു. അവർ മിശിഹായുടെ ശരീരവും രക്തവുമാണ്. ഇക്കാരണത്താലാണ്, മിശിഹാ വിഭജിക്കപ്പെട്ടിരിക്കുന്നുവോ?" എന്ന് അവൻ ചോദിക്കുന്നത്. അതായത്, നിങ്ങൾ നമ്മുടെ കർത്താവിൻെറ ശരീരത്തെ വിഭജിച്ച് പിച്ചിച്ചീന്തുന്നു. അപ്പോൾ അവൻ നമ്മുടെ ശിരസ്സും നാം അവൻെറ ശരീരവുമല്ല.

*"മാമോദീസാ നൽകാനല്ല, പ്രസംഗിക്കാനത്രേ മിശിഹാ എന്നെ അയച്ചിരിക്കുന്നത്"* (1:17): അതായത്, ഇതു മാത്രമല്ല എൻെറ ജോലി; കാരണം, ശ്ലീഹന്മാർ അല്ലാത്തവർക്കും സ്നാനം നൽകാൻ കഴിയും. തന്നെത്താൻ ഉയർത്തിയവന് എതിരായിട്ടാണ് അവൻ ഇതു പറയുന്നത്. ലൗകികജ്ഞാനത്തിൽ ആത്മപ്രശംസ ചെയ്തവരെയും കുറ്റപ്പെടുത്തിക്കൊണ്ട് അവൻ പറയുന്നു: *"വാഗ്വിലാസത്തോടെയല്ല"* (1:17); ലൗകികമനുഷ്യരെപ്പോലെ താർക്കികശക്തിയിലുമല്ല. എന്തുകൊണ്ട്? *"മിശിഹായുടെ കുരിശ് വ്യർത്ഥമാകാതിരിക്കേണ്ടതിന്"* (1:17): ഞങ്ങൾ വാഗ്വിലാസത്തോടെ സുവിശേഷം പ്രഘോഷിച്ചിരുന്നെങ്കിൽ, മിശിഹായുടെ കുരിശിൻെറ ശക്തി കാണപ്പെടുമായിരുന്നില്ല. കുരിശ് ബാഹ്യമായി മഹനീയ സംഗതി അല്ലെങ്കിലും, ഇങ്ങനെ പറഞ്ഞ് അവൻ അതിനെ

1. മ്ശീഹായേ,

www.malankaralibrary.com



മഹത്ത്വപ്പെടുത്തുകയായിരുന്നു: *"നശിച്ചുപോകുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാകുന്നു; രക്ഷിക്കപ്പെട്ട നമുക്ക് ദൈവത്തിന്റെ ശക്തിയാകുന്നു"* (1:18). വചനം: അതായത്, സത്യവിശ്വാസത്തിൽ നിന്ന് നശിക്കുകയും മരിക്കുകയും ചെയ്യുന്നവരാണ് *"നശിച്ചുപോകുന്നവർ"*.

വാഗ്വിലാസത്തിൽ വീമ്പടിക്കുന്ന, പുറജാതിക്കാരുടെ *"ജ്ഞാനി എവിടെ"?* നിയമം വ്യാഖ്യാനിക്കുന്നു എന്ന് അഭിമാനിക്കുന്ന, യഹൂദരുടെ *"നിയമജ്ഞൻ എവിടെ?"* താർക്കികൻ എവിടെ? അതായത്, വാചകക്കസർത്തുകൊണ്ട് വഴി തെറ്റിക്കുന്ന, ഗ്രീക്കുകാരുടെ താർക്കികരും സോഫിസ്റ്റുകളും. കാരണം, സൃഷ്ടിയിൽ പ്രഘോഷിക്കപ്പെട്ടിരിക്കുന്നതും, എല്ലാവരുടെയും സ്വാഭാവികസ്വത്തുമായ വിജ്ഞാനത്താൽ. പ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്ന *"വിജ്ഞാനത്താൽ, ലോകം ദൈവത്തെ അറിയായ്കകൊണ്ട്, വിശ്വസിക്കുന്നവരെ,* അവിശ്വാസികൾ ഭോഷത്തമായും അവമാനമായും വിഡ്ഢിത്തമായും കരുതുന്ന കുരിശാൽ *രക്ഷിക്കാൻ ദൈവം തിരുമനസ്സായി* (1:21). സൃഷ്ടവസ്തുക്കളുടെ നിർമാണത്തെയാണ് *"ദൈവത്തിന്റെ ജ്ഞാനം"* എന്ന പൗലോസ് പറയുന്നത്. അവ അവയുടെ വൈവിധ്യത്തിലും, ഒരു വസ്തുവിൽനിന്ന് മറ്റൊന്നിലേയ്ക്കുള്ള കൂടെക്കൂടെയുള്ള മാറ്റത്തിലും തങ്ങളുടെ സ്രഷ്ടാവിനെപ്പറ്റി പ്രസംഗിക്കുന്നു. അവിടുന്ന് അവയെ *വിജ്ഞാനത്തിൽ* സൃഷ്ടിച്ചു; അവ നശിച്ചുപോകാതിരിക്കാനായി അവയുടെ പരിണാമപ്രക്രിയയിൽ അവയെ സംരക്ഷിക്കുന്നു.

*"വിളിക്കപ്പെട്ട യൂദർക്കും പുറജാതികൾക്കും മിശിഹാ ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്"* (1:24): യഹൂദരിലും പുറജാതികളിലുംനിന്ന് വിശ്വാസത്തിലേക്ക് ആനീതരാക്കപ്പെട്ട ഞങ്ങൾ, ക്രൂശിക്കപ്പെട്ട മിശിഹായെയും അവനിലൂടെ യാഥാർഥ്യവൽക്കരിക്കപ്പെട്ട വ്യാപാരത്തെയും അറിയുന്നു; അത് ദൈവത്തിന്റെ മഹാവിജ്ഞാനത്തിന്റെയും ബലിഷ്ഠമായ ശക്തിയുടെയും ദൃഷ്ടാന്തമാണ്. കാരണം, പീഡ അനുഭവിച്ചവന്റെ സ്വഭാവത്തിലേക്കല്ല ഞങ്ങൾ നോക്കുന്നത്, പിന്നെയോ, പീഡ സഹിച്ചവനിൽ വസിച്ചവനെയാണ്, പീഡാനുഭവത്തിനുശേഷം അവിടുന്ന് തന്റെ ആലയത്തെ തന്റെ ശക്തിയാൽ ഉയിർപ്പിച്ചു. *ഭോഷത്തവും* ബലഹീനതയും: അതായത് ദൈവത്തിന്റെ ബലഹീനത എന്ന് അവൻ വിളിക്കുന്നത്. ഈ *ലോകത്തിന്റെ വിജ്ഞാനത്തെ* കീഴടക്കി, ഒന്നുമല്ലാതാക്കി തീർത്തതും, കുരിശിൽ സംഭവിച്ചതു

www.malankaralibrary.com



മായ അത്ഭുതങ്ങളെയാണ്. എന്നാൽ, നിഗൂഢമായിരുന്നതും മിശിഹായിലൂടെ വെളിപ്പെട്ടതുമായ ഈ ആത്മീയ വിജ്ഞാനത്തെപ്പറ്റി അറിഞ്ഞിരുന്നെങ്കിൽ, വെറും ഒരു സാധാരണ മനുഷ്യനെപ്പോലെ, *മഹത്ത്വത്തിന്റെ കർത്താവിനെ ക്രൂശിക്കാൻ അവർ തുനിയുകയില്ലായിരുന്നു* (2:7-8). വചനമാം ദൈവം വസിച്ചതും, മഹത്ത്വത്തിൽ അവനോടൊപ്പം പങ്കാളിത്തമുള്ളതുമായ എടുക്കപ്പെട്ട മനുഷ്യത്വത്തെയാണ് അവൻ *"മഹത്ത്വത്തിന്റെ കർത്താവ്"* എന്നു വിളിക്കുന്നത്.

*"കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല"* (2,9) എന്നത് ചെറിയ ദാനിയേലിൽ നിന്നാണ്. എന്നാലിത് ഏശായായിൽ നിന്നാണെന്ന് *വേറെ ചിലർ* പറയുന്നു: *"നിന്നെയല്ലാതെ മറ്റൊരു ദൈവത്തെ അവർ ഒരിക്കലും ശ്രദ്ധിക്കുകയാകട്ടെ, കേൾക്കുകയാകട്ടെ, കാണുകയാകട്ടെ ചെയ്തിട്ടില്ല; നീ അവനെ സന്തുഷ്ടിയിൽ കണ്ടുമുട്ടും?* (ഏശാ. 64:4). അടിമത്ത കാലത്ത് മറ്റനേകം കൃതികളുടെകൂടെ ഇത് എഴുതപ്പെടുകയും നഷ്ടപ്പെടുകയും ചെയ്തു എന്ന് *മറ്റുചിലർ.* തിരുലിഖിതത്തിലുള്ള ആശയം എടുത്ത് പൗലോസ് പറയുന്നു എന്ന് *വേറെ ചിലർ; "അവാച്യമായ വാക്കുകൾ ഞാൻ കേട്ടു"* എന്ന് മറ്റൊരിടത്ത് അവൻ പറഞ്ഞതുപോലെ (2 കോറി.12: 4), വരാനിരിക്കുന്ന ലോകത്തിലെ കാര്യങ്ങൾ അവാച്യങ്ങളാണ്.

*"ആത്മാവ് സകലവും, ദൈവത്തിന്റെ ആഴങ്ങൾ കൂടെയും ആരായുന്നു"* (2:10): പരിശുദ്ധാത്മാവിനെപ്പറ്റിയാണ് *ആത്മാവ്* എന്ന് അവൻ പറയുന്നത്. *"ആരായുന്നു"*: അന്വേഷണത്തിലൂടെയാണ് കാര്യങ്ങളുടെ കൃത്യത നാം അറിയുന്നത്. ആത്മാവിന്റെ അറിവിനെപ്പറ്റി വെളിപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട്, *അന്വേഷണം* അവനിൽ ആരോപിക്കുന്നു; അതോടൊപ്പം *"ദൈവത്തിന്റെ ആഴമായ കാര്യങ്ങളും"* "അവൻ കൂട്ടിച്ചേർക്കുന്നു. കാരണം, എല്ലാം അറിയാൻ പാടില്ലാത്തവന്, *ദൈവിക ആഴങ്ങൾ* പ്രത്യേകമാംവിധം തന്റെ അറിവിന്റെ പരിധിക്കപ്പുറത്താണ്. എന്നാൽ എല്ലാം അറിയുന്നവന് അവശ്യാവശ്യം ദൈവത്തിന്റെ അഗാധ സംഗതികൾ പോലും വെളിപ്പെടുത്തപ്പെടുന്നു. ഇതാ, യഥാർത്ഥത്തിൽ അന്വേഷകൻ അന്വേഷണവസ്തുവിനെക്കാൾ വലിയവനാണ്; കാരണം, അന്വേഷകൻ വസ്തുവിന് പരിധി വയ്ക്കുന്നു.

വീണ്ടും, തനിക്കറിയാൻ പാടില്ലാത്തതിനെ *അവൻ അന്വേഷിക്കുന്നുണ്ടോ?* ഇതാ, ആരായാതെ തന്നെ അനേകം കാര്യങ്ങൾ നമുക്ക്

www.malankaralibrary.com



സുജ്ഞാതമാണ്. വീണ്ടും, അറിയാതെയാണ് അവൻ *ആരായുന്നതെങ്കിൽ*, പിതാവിനെക്കുറിച്ചു തന്നെയും നീ ഇതേകാര്യം പരിഗണിക്കുമ്പോൾ; "ഞാൻ ഏശാവിനെ പരിശോധിച്ചു; അവന്റെ നിഗൂഢ കാര്യങ്ങൾ പൊങ്ങിവന്നു" (ഒബാദിയാ, 6). *"ഞാൻ ജറുസലേമിനെ മെഴുകുതിരികൊണ്ട് പരിശോധിക്കും"* (സെഫ. 1:12) *"ഹൃദയങ്ങൾ പരിശോധിക്കുന്നവൻ അറിയുന്നു"* (റോമാ 8:27). അവൻ ഹൃദയങ്ങൾ പരശോധിക്കുന്നു... എന്നിത്യാദി അവിടുത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. കാരണം, പരിശോധിക്കുന്നവനും അറിയുന്നവനും അവനിൽ നിന്നാണ്; അവനെ പിതാവെന്ന് അറിയുക. പ്രകൃത്യാ തങ്ങൾക്കജ്ഞാതമായവ അറിയാനായി വെളിപ്പെടുത്തിക്കൊടുക്കുന്ന ഒരു പരിശോധകൻ *പ്രവാചകരിൽ* ഉണ്ട്. അതുകൊണ്ട് പ്രവാചകരുടെ ബലഹീനതകളും അന്വേഷണങ്ങളും അവനു പിന്നാലെ ഓടുന്നു.

ഈ രീതിയിൽ ആത്മാവ് തന്നിൽ തന്നെയും തന്നാലും, അറിയുന്നവനും വിശുദ്ധരെ പരിശോധിക്കുന്നവനുമാകുന്നു. തന്റെ വിശുദ്ധർക്ക് തന്റെ രഹസ്യങ്ങൾ അവിടുന്നു വെളിപ്പെടുത്തുകയും മനുഷ്യനിൽ മനുഷ്യാരൂപിയെന്നവണ്ണം, തന്റെ സൂചനകളാൽ അവർക്കറിയാൻ ഇടയാക്കുകയും ചെയ്യുന്നതിനാൽ, വിശുദ്ധരുടെയും പ്രവാചകരുടെയും അന്വേഷണങ്ങൾ അവിടുത്തെ അന്വേഷണത്തെക്കാൾ താണതാണ്. 'അവിടുന്ന് പരിശോധിക്കുന്നു?' 'അവിടുന്ന് പ്രാർത്ഥിക്കുന്നു'; "അവിടുത്തേയ്ക്ക് അറിയാൻ പാടില്ല" എന്നൊക്കെ ബലഹീനമായ കാര്യങ്ങൾ മനുഷ്യാവതാരം നിമിത്തം പുത്രനെപ്പറ്റി പറയുന്നതുപോലെ, പരിശുദ്ധാത്മാവ് വർഷിക്കുകയും തന്നിൽനിന്നു വരികയും ചെയ്യുന്ന ദാനങ്ങളും വരങ്ങളും നിഗൂഢമായ അറിവും നിമിത്തം ഇപ്രകാരം പരിശുദ്ധാത്മാവിനെപ്പറ്റിയും പറയപ്പെടുന്നു. അതേസമയം അവിടുത്തെ വിശുദ്ധ പ്രവാചകന്മാർ തങ്ങളുടെ പ്രകൃതിക്കുപരിസ്ഥമായവ തങ്ങളുടെ പ്രകൃത്യാനുസൃതമായി അറിഞ്ഞതാണെന്ന് കരുതാൻ പാടില്ല; ഒരു സ്വഭാവവും ഒരറിവുമേ ഉള്ളൂ എന്ന അറിയുകയും വേണം.

പൗലോസിന്റെ തെരഞ്ഞെടുപ്പ് അതിനു സാക്ഷ്യം വഹിക്കുന്നു. ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: *"ശൗലിനെയും ബർണബാസിനെയും ഞാൻ അവരെ വിളിച്ച വേലയ്ക്കായി വേർതിരിക്കുവിൻ എന്നു പരിശുദ്ധാത്മാവ് പറയുന്നു"* (നട. 13:2). മറ്റൊരിടത്ത്, *"എന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ എന്നെ വേർതിരിക്കുകയും തന്റെ കൃപയാൽ എന്നെ*

www.malankaralibrary.com



*വിളിക്കുകയും ചെയ്തവൻ"* (ഗലാ. 1:15). *"ഇതാണ് ഉടമ്പടി എന്ന് പരിശുദ്ധാത്മാവു തന്നെയും നമുക്കു സാക്ഷ്യം നൽകുന്നു"* (എബ്രാ. 10:15-16). ഇതു പിതാവു നൽകുന്നതായി മറ്റൊരിടത്തു കാണുന്നു: *"അവിടുന്നു പറയുന്നു: പോകുക. ഈ ജനത്തോടു പറയുക. നിങ്ങൾ കേൾക്കും എന്നാൽ മനസ്സിലാക്കുകയില്ല...."* (ഏശ. 6. 9): ഏശായാ അത് പിതാവിലാണ് ആരോപിക്കുക; സുവിശേഷകൻ പുത്രനിൽ ആരോപിക്കുന്നു (മത്താ. 13:14; യോഹ. 12:40). നടപടിയിൽ പൗലോസ് അത് പരിശുദ്ധാത്മാവിൽ ആരോപിക്കുന്നു (28:26).

വീണ്ടും, അവിടുത്തെ ഔന്നത്യത്തെപ്പറ്റി വെളിപ്പെടുത്താൻ അവൻ പറയുന്നു: *"നാമാകട്ടെ, ലോകത്തിൻെറ ആത്മാവിനെയല്ല പ്രാപിച്ചിരിക്കുന്നത്, പിന്നെയോ, ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ"* (1 കോറി. 2:12). അദൃശ്യശക്തികളും ദൃശ്യവസ്തുക്കളുമുൾക്കൊള്ളുന്ന സൃഷ്ടി മുഴുവനെയുമാണ് *ലോകം* എന്നതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നത്. അതായത്, സൃഷ്ടിയുടെ ഏതെങ്കിലും ഒരു ഭാഗത്തിൻെറ ആത്മാവിനെയല്ല, പിന്നെയോ, ദൈവത്തിൽനിന്നു സ്വാഭാവികമായിട്ടുള്ള ആത്മാവിനെയാണ് നാം പ്രാപിച്ചിരിക്കുന്നത്.

## ౨

*"ഞങ്ങൾ ആത്മീയമായവ ആത്മീയമായവയുമായി താരതമ്യപ്പെടുത്തുന്നു"* (2:13): അതായത്, ഞങ്ങൾ ആത്മീയവെളിപാട് ആത്മീയ രീതിയിൽ പഠിപ്പിക്കുന്നു. *വെളിപാട്* എന്നതിനു പകരമാണ് *താരതമ്യം* എന്നു പറഞ്ഞിരിക്കുന്നത്; കാരണം, താരതമ്യത്തിലൂടെയാണ് ഒന്നു മറ്റൊന്നിനെക്കാൾ ശ്രേഷ്ഠം എന്നു നാം സാധാരണയായി ചൂണ്ടിക്കാണിക്കുന്നത്. *"ലൗകികമനുഷ്യൻ ആത്മീയമായവ സ്വീകരിക്കുന്നില്ല" അവ അവനു ഭോഷത്തമാകുന്നു"* (2:14): തന്നിൽ ദൈവാത്മാവ് ഇല്ലാതെ, തൻെറ മാനസിക ചിന്തകൾ അനുസരിച്ചു മാത്രം മതസംഗതികൾ ചർച്ച ചെയ്യുന്നവൻ, മതപ്രബോധനം എന്നു പറയപ്പെടുന്നതു സ്വീകരിക്കാൻപോലും ശക്തനല്ല; കാരണം, നമ്മുടെ രക്ഷയ്ക്കായി ദൈവം ചെയ്തവ മനുഷ്യ പ്രകൃതിയെക്കാൾ വളരെ ഉപരിസ്ഥമാണ്.

www.malankaralibrary.com



എന്നാൽ *"മറ്റൊരുവൻ അതിന്മേൽ പണിയുന്നു"* (3:10): പൗലോസിനുശേഷം അവിടെ പ്രസംഗിച്ച അപ്പൊള്ളോയെപ്പറ്റിയാണു പരാമർശം. *"ആ ദിവസം, അതു വിളംബരം ചെയ്യും"* (3:13): "ന്യായവിധി" എന്ന് അവിടെയില്ല. *"ആരുടെ പണി വെന്തുപോകുമോ, അവൻ നഷ്ടം സഹിക്കേണ്ടിവരും; എങ്കിലും അവൻ രക്ഷ പ്രാപിക്കും"* (3:15). പ്രബോധനത്തെ അവൻ പണി എന്നു വിളിക്കുന്നു. "രാജാവിനോട് ഞാൻ എന്റെ *ചെയ്തികൾ* വിവരിക്കും" (സങ്കീ. 45:1) എന്നും "നിങ്ങൾ കർത്താവിലുള്ള എന്റെ പ്രവൃത്തിയല്ലേ? (1 കോറി. 9:1) എന്നും പറയുന്നതുപോലെയാണിത്. വഴിപിഴപ്പിച്ചും നേരാംവണ്ണമല്ലാതെയും പഠിപ്പിക്കുന്നവന്റെ പണി *വെന്തുപോകും*. ദുഷ്ടപ്രബോധനം പഠിപ്പിക്കുന്ന അധ്യാപകന് നിത്യാഗ്നിയിലുള്ള പീഡകളെ, ദുഷിച്ചതും പാഷണ്ഡത നിറഞ്ഞതുമായ പണിയുടെ വെന്തുപോകൽ എന്ന് അവൻ വിളിക്കുന്നു. ഇപ്രകാരം പഠിപ്പിച്ചവൻ നഷ്ടം സഹിക്കേണ്ടിവരും; എന്നാൽ അവന്റെ പെരുമാറ്റം മാന്യമാണെങ്കിൽ, അതുവഴി അവൻ രാജ്യത്തിന് അർഹനാകുകയും, നിത്യാഗ്നിയിൽനിന്നും പീഡനത്തിൽനിന്നും രക്ഷപെടുകയും ചെയ്യും. അവൻ പഠിപ്പിച്ച, ദുഷിച്ച പ്രബോധനം, തന്റെ മാന്യമായ പെരുമാറ്റത്താൽ, രക്ഷപെടാൻ അവനെ അനുവദിക്കുന്നില്ല. ഇതു നിമിത്തം അവൻ അഗ്നിയിൽ പീഡിപ്പിക്കപ്പെടും. തന്റെ പെരുമാറ്റത്തെ പ്രതിയും തന്റെ വിശ്വാസത്തെപ്രതിയും അവൻ നഷ്ടം സഹിക്കേണ്ടിവരും.

*മറ്റുചിലർ* പറയുന്നു: വഞ്ചനാത്മകമായി പഠിപ്പിക്കുന്നവൻ നിത്യാഗ്നിയിൽ പീഡിപ്പിക്കപ്പെടും. അവൻ പീഡിപ്പിക്കപ്പെടുമ്പോൾ, അവന്റെ വ്യക്തിത്വം നശിക്കുന്നില്ല; ഇല്ലാതാകുന്നുമില്ല. ഭൗമികാഗ്നിയിലേക്കെറിയപ്പെടുന്നവൻ വെന്തുരുകി ഇല്ലാതാകുന്നു; എന്നാൽ അമർത്യമനുഷ്യൻ നശിക്കുന്നില്ല; നശിപ്പിക്കപ്പെടുന്നുമില്ല. *'അഗ്നിയിൽ നിന്നെടുത്ത തീക്കൊള്ളിപോലെ "അവൻ രക്ഷിക്കപ്പെടും"* (3:15); അതിൽ തീയുടെ പാടുകൾ കാണുമെന്നും മാത്രം' എന്ന് *ജോൺ ക്രിസൊസ്തോം* പറയുന്നു. അഗ്നിയിലെ വേദനകളുടെ രുചി അവൻ അനുഭവിക്കുന്നു; തന്റെ നല്ല പെരുമാറ്റം നിമിത്തം പിന്നീട് അവൻ വിടുവിക്കപ്പെടുന്നു. സദ്സ്വഭാവത്തിന് ഇതിനു കഴിവുണ്ട് എന്ന് അവൻ പറയുന്നു. അത് ദുഷ്പ്രബോധകന്റെ ശിക്ഷ അല്പം കുറയ്ക്കുമെങ്കിലും, കോറിന്തോസുകാരനായ ഇയാൾ ഈ കാര്യങ്ങളോടുകൂടി, തന്റെ സ്വഭാവത്തിലും ദുഷിച്ചവനായിരുന്നു. കാരണം, അവൻ തന്റെ പിതാവിന്റെ ഭാര്യയുമായി വ്യഭിചരിച്ചു.

www.malankaralibrary.com



തന്റെ വാക്കുകൾ വിശദീകരിച്ചുകൊണ്ട് പൗലോസ് പറയുന്നു: *"നിങ്ങൾ ദൈവത്തിന്റെ ആലയം ആകുന്നു എന്നും, മിശിഹായുടെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?"* (3:16):

*"നിന്നെ ആരു പരിശോധിക്കുന്നു"*(4:7) എന്നതിനുപകരം ഗ്രീക്കിൽ, *"നിന്നെ ആരു നിർബന്ധിക്കുന്നു"* എന്നാണ്. ആ അഹങ്കാരിയും ദുർവൃത്തനുമായ പ്രബോധനകനെപ്പറ്റിയാണ് ഇപ്പറയുന്നത്. ഈ വിഘടിത വിഭാഗങ്ങളിലേക്കു വഴുതിവീഴാൻ ഏത് ക്രൂരനാണ് നിന്നെ നിർബന്ധിച്ചത്? കുറേ സംഗതികളിൽ പ്രത്യേകമായി അഹങ്കരിക്കുകയും വ്യത്യസ്ത സംജ്ഞകളിൽ വിളിക്കപ്പെടുകയും ചെയ്യുന്ന നീ സഭയുടെ പൊതു പ്രബോധകൻ എന്നു വിളിക്കപ്പെടുന്നത് ഉചിതമല്ല. അവന്റെ ഗർവിനെ കുറ്റപ്പെടുത്തിക്കൊണ്ട് പൗലോസ് തുടർന്നു പറയുന്നു: *"നീ സ്വീകരിച്ചിട്ടില്ലാത്തതായി നിനക്കെന്തുണ്ട്?"* (4:7): നീ എന്തിനാണ് ഞെളിയുന്നത്? ദൈവത്തിൽനിന്നു *"സ്വീകരിച്ചവ അല്ലാതെ"*, നിന്റെ സ്വന്തമായി നിനക്ക് എന്തെങ്കിലും ഉണ്ടോ? പരിഹാസപൂർവം അവൻ കൂട്ടിച്ചേർക്കുന്നു: *"നിങ്ങൾ തൃപ്തരും സമ്പന്നരുമായി...."* എന്നിത്യാദി (4:8).

*"മരണത്തിനു വിധിക്കപ്പെട്ടവരെപ്പോലെ, ദൈവം ഞങ്ങളെ അവസാനത്തവരായി നിർത്തിയിരിക്കുന്നു"* (4:9): അതായത്, "ഒരുപക്ഷേ മരണത്തിനു മാത്രമായി, എല്ലാ മനുഷ്യരുടെയും അവസാനത്തിൽ ഞങ്ങളെമാത്രം നിർത്തിയിരിക്കുന്നു" എന്ന് അവൻ പറയുന്നു. *മറ്റുചിലർ* പറയുന്നത്, 'ദൈവം, ശ്ലീഹന്മാരായ ഞങ്ങളെ, മരണത്തിനു വിധിക്കപ്പെട്ടവരെപ്പോലെ ആദ്യം അടികൾക്കും പീഡനങ്ങൾക്കും, അവസാനം ജീവനും സന്തോഷത്തിനും നിർത്തിയിരിക്കുന്നു" എന്നത്രേ. പ്രദർശന സ്ഥലമാണ് *തീയേറ്റർ.*

*"ഞങ്ങൾ മിശിഹായെപ്രതി ഭോഷന്മാർ, നിങ്ങൾ മിശിഹായിൽ ജ്ഞാനികൾ"* (4:10): അതായത്, മിശിഹായെപ്രതി ഞങ്ങൾ ഇപ്പോൾ അവമാനം സഹിക്കുന്നു; എന്നാൽ അതുവഴി ബഹുമാന്യകാര്യങ്ങൾ നൽകപ്പെടുന്നു. കാണപ്പെടുന്നതുപോലെ അവ നിങ്ങളുടേതാണ്. *മറ്റു ചിലർ* പറയുന്നത്, ഞങ്ങൾ കുരിശിനെ പ്രഘോഷിക്കുന്നതിനാൽ ഭോഷന്മാർ എന്നു കരുതപ്പെടുന്നു; നിങ്ങൾ നിങ്ങളെപ്പറ്റി കനത്തിൽ കരുതുന്നതിനാൽ നിങ്ങൾ വിജ്ഞാനികളാണ്. അരിഞ്ഞ് ദൂരെയെറിയുന്ന പച്ചക്കറി അവശിഷ്ടത്തെയാണ് അവൻ *ചപ്പും ചവറും* (4:13) എന്നു പറയുന്നത്.

www.malankaralibrary.com



# 3

*ഞാൻ എൻെറ അരൂപിയിൽ നിങ്ങളോടുകൂടെയാണ്"* (5:3) എന്നതിനുപകരം ഗ്രീക്കിൽ, "കർത്താവായ യേശുമിശിഹായുടെ ശക്തിയോടുകൂടെ എൻെറ അരൂപിയും" എന്നാണ്! വിധിവാചകം തൻേറതല്ല, പിന്നെയോ, തനിക്കു നല്കപ്പെട്ട ആത്മാവിൻെറ കൃപയുടേതാണ്; ഇത്തരം കാര്യങ്ങളുടെമേൽ അധികാരം പ്രയോഗിക്കാൻ തനിക്കു കഴിയുന്നത് അതിനാലാണ് എന്ന് പൗലോസ് കാണിക്കുന്നു. *"നമ്മുടെ കർത്താവേശുമിശിഹായുടെ നാളിൽ അവൻ ആത്മാവിൽ ജീവിക്കേണ്ടതിന് അവൻെറ ശരീരത്തിൻെറ നാശത്തിനായി നിങ്ങൾ അവനെ സാത്താന് ഏല്പിക്കണം"* (5:5). *"നിങ്ങൾ ഏല്പിക്കണം"* എന്നത് ഒരു കല്പനയായിട്ടല്ല അവൻ പറയുന്നത്. ദൈവത്തിൽ നിന്ന് ഒരാൾ അകന്നതിനാൽ, സഭയിൽ നിന്ന് അയാളെ പുറത്താക്കുമ്പോൾ, അയാൾ പിശാചിൻെറ അധീനതയിൽ ആകുന്നു. അയാളെ എന്തിനു സഭയിൽനിന്നു പുറത്താക്കുന്നു എന്നതിനെക്കുറിച്ച് തൻെറ മനസ്സു വെളിപ്പെടുത്തുന്നതിനു പൗലോസ് പറയുന്നു: *"നമ്മുടെ കർത്താവേശുമിശിഹായുടെ നാളിൽ അവൻ ആത്മാവിൽ ജീവിക്കേണ്ടതിന് അവൻെറ ശരീരത്തിൻെറ നാശത്തിനായിട്ടാണിത്"*. അതായത്, ദയാരഹിതമായി പൂർണമായി വിച്ഛേദിക്കാനല്ല ഞാൻ അവനെ പുറത്താക്കിയത്. പിന്നെയോ, അവൻ തൻെറ തെറ്റു മനസ്സിലാക്കി, വിനീതനായിത്തീർന്ന് ഭാവിയിലെ ആത്മീയജീവിതത്തിന് യോഗ്യനായിത്തീരാൻ വേണ്ടിയാണ്. പ്രായശ്ചിത്തത്തിൻെറ ക്ലേശങ്ങളെയും വിയർപ്പുകളെയും അധ്വാനങ്ങളെയും *"ശരീരത്തിൻെറ നാശം"* എന്ന് അവൻ വിളിക്കുന്നു. അതായത്, തൻെറ പാപങ്ങളെപ്രതി, അധ്വാനങ്ങളാൽ അവൻ തൻെറ ശരീരത്തെ ക്ലേശിപ്പിക്കും; അനുതാപത്താൽ തൻെറ ആത്മാവിനെ വിനീതമാക്കും. അങ്ങനെ ഭാവിലോകത്തിലെ ആത്മീയജീവിത്ത്തിന് അവൻ അർഹനായിത്തീരും.

*"വ്യഭിചാരികളോട് നിങ്ങൾ സംസർഗം ചെയ്യരുതെന്ന് ലേഖനത്തിൽ നിങ്ങൾക്കു ഞാൻ എഴുതിയിട്ടുണ്ടല്ലോ"* (5:9): 'എവിടെയാണ് എഴുതിയിരിക്കുന്നത്?' എന്ന് ചോദിച്ചേക്കാം. *"അവൻ നിങ്ങളുടെ ഇടയിൽനിന്നു നീക്കപ്പെടേണ്ടതിനായി, നിങ്ങൾ വിലാപത്തോടുകൂടി ഇരുന്നിട്ടുമില്ല"* (5:2) എന്ന് അവൻ പറഞ്ഞിട്ടുണ്ടല്ലോ."അവനുമായി സംസർഗം ചെയ്യരുത്" എന്നു പറഞ്ഞിരിക്കുന്നത് മേല്പറഞ്ഞതിനെപ്പറ്റിയാണ്. അല്ലാതെ മറ്റൊരു ലേഖനത്തെപ്പറ്റിയല്ല.

www.malankaralibrary.com



*"നിങ്ങളിൽ ആർക്കെങ്കിലും തൻെറ സഹോദരനുമായി തർക്കമുണ്ടാകുമ്പോൾ നീതിരഹിതരുടെ മുമ്പാകെ വിധി തേടാൻ തുനിയുന്നുവോ?"* (6:1): *"ഏതു മനുഷ്യനും ലൗകികാധികാരികൾക്കു വിധേയരായിരിക്കണം; എല്ലാ അധികാരവും ദൈവത്തിൽ നിന്നാണ്"* എന്ന് റോമാലേഖനത്തിൽ (13:1) അവൻ ഉപദേശിക്കുന്നതിന് എതിരല്ല ഇത്. കാരണം, അവർ അർഹിക്കുന്നത് അവർക്കു കൊടുക്കുന്നത് ഉചിതമാണെന്ന് അവൻ അവിടെ പറഞ്ഞതുപോലെ, അവരെയും ദൈവമാണ് ആ സ്ഥാനത്താക്കിയിരിക്കുന്നത് എന്ന് അവൻ നന്നായി പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെയാകട്ടെ, ലൗകികാധികാരികളെ സമീപിച്ച്, പാവപ്പെട്ട സഹോദരന്മാരെ വഞ്ചിക്കാൻ ആഗ്രഹിക്കുന്നവർക്കെതിരായിട്ടാണ്; അവർക്ക് നീതി കിട്ടുക പ്രയാസമാണ്. ഈ വസ്തുക്കളുടെ ആഗ്രഹം കൊണ്ടാണ് അവരെ *നീതിയില്ലാത്തവർ* എന്ന് അവൻ വിളിക്കുന്നത്. അതായത്, നീ അവരുടെ ഇടയിൽ ഓടി ഒളിക്കുന്നു. പാവപ്പെട്ടവരോടു കാട്ടുന്ന അനീതി ജനക്കൂട്ടത്തിനിടയിൽ ഒളിക്കാൻ കഴിയും.

അഥവാ, *"വിശുദ്ധർ ലോകത്തെ വിധിക്കും എന്ന് നിങ്ങൾക്കറിവില്ലേ?"* (6:2): അതായത്, ഈ ആളുകളുടെ വിധിയിൽനിന്ന് നിങ്ങൾ ഒഴികഴിവു പറയുന്നു. അവരുടെ നീതീകരണവുമായി താരതമ്യപ്പെടുത്തിയായിരിക്കും ലോകം മുഴുവൻ വിധിക്കപ്പെടുക. *"നിങ്ങൾ വിധിക്കും"* (6:2): അന്വേഷണം നടത്തിയല്ല, താരതമ്യത്താൽ.

*"നാം മാലാഖമാരെ വിധിക്കും എന്ന് നിങ്ങൾ അറിയുന്നില്ലയോ?"* (6:3): ഇവിടെ പിശാചുക്കളെയാണ് മാലാഖമാർ എന്നു പറയുന്നത്. *മാലാഖമാർ* എന്ന ഈ പേര്, മനുഷ്യൻ, കുതിര ആദിയായവ പോലെ വിഭിന്ന സ്വഭാവം ദ്യോതിപ്പിക്കുന്നില്ല. പിന്നെയോ, *അയയ്ക്കപ്പെട്ടയാൾ* എന്നേയുള്ളൂ. ഉദാ: ജോബിൽ: *"മാലാഖ അവൻെറ പക്കൽ വന്ന്, തൻെറ സമ്പാദ്യങ്ങളുടെയെല്ലാം നാശത്തെപ്പറ്റി അവനെ അറിയിച്ചു"* (1:13-19). വീണ്ടും, *"നാം വിധിക്കും"* എന്ന് അവരുടെ ആദ്യബഹുമാനത്തിൽ നിന്ന് അവൻ അവരെ ഈ നാമത്താൽ വിളിക്കുന്നു; ഒന്നാമതായി, അവരുമായി താരതമ്യപ്പെടുത്തി, അവർ അവരെ കുറ്റപ്പെടുത്താൻ: *"നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിക്കും"; "തെക്കിൻെറ രാജ്ഞി ന്യായവിധിയിൽ എഴുന്നേൽക്കും"* (മത്താ. 19: 28; 12:42). രണ്ടാമതായി, പിശാചുക്കൾ അവരിലൂടെ, മനുഷ്യരിൽനിന്ന് പുറത്തുപോകാൻ നിർബന്ധിതരായി: ക്ഷുദ്രക്കാരൻ ശീമോനെ പത്രോസ് വിധിച്ച് ശിക്ഷിച്ചത്; കാരണം, ശീമോനിൽ

www.malankaralibrary.com



പ്രവർത്തിച്ച പിശാച് ഒരിക്കൽ ഒരു മാലാഖയായിരുന്നു. പൗലോസ് ഒരു യുവതിയിൽനിന്ന് പുറജാതിക്കാരുടെ മഹാദേവനായ അപ്പൊള്ളോയെ പുറത്താക്കിയതുപോലെ. മൂന്നാമതായി ശിരസ്സിൽ നിന്ന് എന്നവണ്ണം എല്ലാറ്റിന്മേലും അധികാരമുള്ള മിശിഹായിൽ നിന്ന്.

വീണ്ടും, "എനിക്കിഷ്ടമുള്ളതു ചെയ്യാൻ എനിക്കു കഴിവുണ്ട്" എന്ന് വ്യഭിചാരി പറയുന്നതിനു മറുപടിയായി പൗലോസ് പറയുന്നു: *"എന്നാൽ എല്ലാം എനിക്കു നന്നല്ല"* (6:12). 'നിനക്കു കഴിവില്ല' എന്ന് അവൻ പറഞ്ഞില്ല. പിന്നെയോ, *'അതു നന്നല്ല'* എന്നാണ് അവൻ പറഞ്ഞത്. വീണ്ടും, 'എനിക്ക് എല്ലാ അധികാരവുമുണ്ട്' എന്നു നീ പറയുന്നു; അവൻ മറുപടി പറയുന്നു: *"എന്നാൽ ഒരു മനുഷ്യനും എൻെറ മേൽ അധികാരമില്ല"* (6:12). ഒരു സഹായവും ഉപയോഗിക്കാതെ, ഞാൻ എല്ലാം എളുപ്പം ചെയ്താൽ, ആ അധികാരം എൻെറ കൂടെ ഉണ്ടായിരിക്കുകപോലുമില്ല; എന്നാൽ ഞാൻ പ്രയോജനപ്രദമായവയൊന്നും ചെയ്യാതിരുന്നാൽ, മറ്റൊരുത്തന് എൻെറമേൽ അധികാരം ഉണ്ടാകും; അവൻ എന്നെ കുറ്റപ്പെടുത്തും. നിയമാനുസൃതമല്ലാത്തതു ചെയ്തതിനാൽ കുറ്റപ്പെടുത്തപ്പെടുന്നവന്, യഥാർത്ഥത്തിൽ അധികാരം ഇല്ല.

*"മനുഷ്യൻ ചെയ്യുന്ന പാപങ്ങളെല്ലാം അവൻെറ ശരീരത്തിന് വെളിയിലാണ്; എന്നാൽ വേശ്യാസംഗം ചെയ്യുന്നവനാകട്ടെ, സ്വന്തം ശരീരത്തിനെതിരായി പാപം ചെയ്യുന്നു"* (6:18). വേശ്യാസംഗം ഒഴിച്ചുള്ള പാപങ്ങളെല്ലാം ശരീരത്തിനു പുറത്താണെങ്കിൽ, ഓരോ പാപവും എന്താണെന്നും എങ്ങനെയാണെന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു; അതായത്, ആത്മാവിലാണോ ശരീരത്തിലാണോ കാണപ്പെടുക എന്നത്. ശരീരത്തിലാണെങ്കിൽ, അവശ്യാവശ്യം ആത്മാവിലല്ല എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ ആത്മാവ് ശരീരത്തിൽ വസിക്കുന്നു; ആത്മാവും ശരീരവുംകൂടി ഏകമനുഷ്യനാണ്; പാപം രണ്ടിൻേറതുമാണ്. അതുകൊണ്ട് വ്യഭിചാരം എന്ന പാപം ശരീരത്തിലും ആത്മാവിലുമാണ്. അങ്ങനെ അല്ലെങ്കിൽ, *"ഓരോരുത്തനും തൻെറ ശരീരത്തിൽ പ്രതിഫലം ലഭിക്കും" എന്നത് എങ്ങനെ നിലനില്ക്കും?"* (2 കോറി. 5:10). എന്നാൽ അവൻ പറയുന്നതിൻെറ അർത്ഥം ഇതാണ്: മനുഷ്യൻ ചെയ്യുന്നു ഓരോ പാപവും ഒന്നുകിൽ ദൈവത്തിന് എതിരാണ്, അതായത് അഭക്തി; അല്ലെങ്കിൽ അയൽക്കാരന് എതിരാണ്, അതായത്, അനീതി. എന്നാൽ വ്യഭിചാരം ചെയ്യുന്നവൻ, ഒരസ്വാഭാവിക ബന്ധത്തിലൂടെ തൻെറ

www.malankaralibrary.com



ശരീരത്തെ മലിനമാക്കിക്കൊണ്ട് മററുള്ളവരെയല്ല, തന്നെത്തന്നെ ദ്രോഹിക്കുന്നു: ലൗകികമനുഷ്യരുടെ ഇടയിലെ പറച്ചിൽ അനുസരിച്ചും അനേകം ജനപദങ്ങൾ കരുതുന്നതുപോലെയും ഈ മനുഷ്യൻ അശുദ്ധൻ എന്നും മ്ലേച്ഛൻ എന്നും വിളിക്കപ്പെടുന്നു; എന്നാൽ മോഷ്ടാവിനെയോ ചതിയനെയോ അങ്ങനെ വിളിക്കാറില്ലല്ലോ. നിയമാനുസൃതമാണെങ്കിലും, 'വിവാഹിതരാകാൻ പോകുന്നവർ നിന്ദ്യവസ്തുക്കൾ കൊണ്ട് താല്കാലിക മലിനീകരണത്തിനായി തങ്ങൾക്കെതിരെ ഡിക്രി പുറപ്പെടുവിക്കുന്നു' എന്ന പുരാതന തത്ത്വവും നിന്നെ പ്രേരിപ്പിക്കട്ടെ.

വീണ്ടും, പൗലോസ് ശ്ലീഹാ പുറജാതിക്കാരോടാണ് പറയുക. അവർ വ്യഭിചാരം പാപമായി പരിഗണിച്ചിരുന്നില്ല, പ്രത്യുത, സാധാരണ കാര്യമായി കരുതി. *വേശ്യ ഒരപ്പക്കഷണത്തിൻെറ പിറകേ പോകും* എന്ന് വിജ്ഞാനി പറയുന്നു (സുഭാ. 6:26). എന്നാൽ ഭോഷന്മാരെപ്പോലെ ഇത് സാധാരണ സംഗതിയായി പുറജാതികൾ പരിഗണിക്കുന്നു. വിശക്കുന്നവൻ അപ്പം കാണുമ്പോൾ എടുത്തു തിന്ന് വിശപ്പടക്കുന്നതുപോലെ തന്നെ. യുദായുടെ കാര്യമെടുക്കാം. ശാരീരികപ്രേരണയാൽ അവൻ തൻെറ മരുമകളുമായി ബന്ധപ്പെട്ടു. കാരണം, അവൾ ഒരു വേശ്യയാണെന്ന് അവൻ കരുതി. അതുകൊണ്ട് അവർ മിശിഹായിൽ പാവന ജീവിതം നയിക്കണമെന്നും, വ്യഭിചാരം സാധാരണ പാപമാണെന്ന് കരുതരുതെന്നും, സ്വാഭാവികമായിതന്നെ പ്രധാനപാപമാണെന്ന് കരുതണമെന്നും അവരെ, പ്രത്യേകിച്ച്, പിതാവിൻെറ ഭാര്യയുമായി ബന്ധം പുലർത്തിയവനെ, പൗലോസ് ഉപദേശിക്കുന്നു.

നമ്മുടെ പ്രകൃതിക്കു സംഭവിച്ച മർത്ത്യതനിമിത്തം ദൈവം ആദിയിൽ നടപ്പാക്കിയ സ്വാഭാവിക ബന്ധത്തിനെതിരാണ് വ്യഭിചാരം. അത് വ്യഭിചാരം ചെയ്യുന്നവനെ ഭയചകിതനാക്കേണ്ടതാണ്. 'വ്യഭിചാരം ചെയ്യുന്നവരെല്ലാം' എന്നല്ല, *'വേശ്യാസംഗം ചെയ്യുന്നവൻ'* എന്നാണ് അവൻ പറയുന്നത് (6:18). കാരണം, പുറജാതികളും വ്യഭിചാരത്തെ കുറ്റപ്പെടുത്തിയിരുന്നു. എന്നാൽ വേശ്യാസംഗത്തെ അവർ അങ്ങനെ കരുതിയിരുന്നില്ല. എന്നാൽ വേശ്യാസംഗം എന്ന പൊതുപേരിൽ എല്ലാത്തരം വ്യഭിചാരത്തെയും അവൻ ഉൾപ്പെടുത്തുന്നു.

അവ തമ്മിലുള്ള വ്യത്യാസവും തിന്മയും നിമിത്തമായിരിക്കാം അവൻ തരംതിരിക്കുന്നത്. തൻനിമിത്തം ഇത് ശരീരത്തെപ്പറ്റി മാത്രമാണെന്ന് അവൻ പറയുന്നു; അതു മാത്രമാണെന്ന് പറയുന്നില്ല. ശരീരം

www.malankaralibrary.com



എത്ര കൂടുതലായി ഇതനുഭവിക്കുന്നുവോ, അത്രയധികമായി പരിശോധനാദിനം അതുനിമിത്തം അത് വേദന സഹിക്കേണ്ടിവരും. തൻെറ വ്യഭിചാരത്തിന്, ഭാവി കയ്പുകൊണ്ട് അവൻ പരിഹാരം ചെയ്യുന്നു. പലരും ആത്മാവിൻെറ പീഡനങ്ങളേക്കാൾ ശാരീരിക പീഡനങ്ങളെയാണ് കൂടുതലായി ഭയപ്പെടുന്നത് എന്ന് പൗലോസ് മനസ്സിലാക്കുന്നു. ശിക്ഷയുടെ കാര്യത്തിൽ ആത്മാവിനും ശരീരത്തിനും വ്യത്യാസം ഉണ്ടെന്ന് കരുതാൻ ഇതു വഴിതെളിക്കുന്നില്ല; കാരണം, പാപമെല്ലാം മനുഷ്യവ്യക്തിയുടേതാണ്. ആത്മാവിൻെറ പാപങ്ങൾ ഉണ്ടെങ്കിലും കൈകൾ കൊണ്ടു ചെയ്യുന്ന, കൊലപാതകം, മോഷണം തുടങ്ങിയവ ശാരീരികാവയവങ്ങൾകൊണ്ട് ചെയ്യപ്പെടുന്നവയാണ്. വ്യത്യാസനിയമം അനുസരിച്ച് പരിശോധിച്ച് കുറ്റകരം എന്നു കരുതപ്പെടുന്ന പാപങ്ങൾ ഉണ്ടെങ്കിലും ശാരീരികാവയവങ്ങൾ ആത്മാവിൻെറ ചിന്തകളെ ഉപയോഗപ്പെടുത്തുന്നു. *"മനുഷ്യർ നിങ്ങളോട് ചെയ്യണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നവയെല്ലാം"* (മത്താ. 7:12) എന്ന് അവൻ പറയുന്നു. ഇക്കാരണത്താൽ അവൻ ഇവയിൽനിന്ന് വ്യഭിചാരത്തെ വേർതിരിക്കുന്നു: *"വേശ്യാസംഗം ചെയ്യുന്നവൻ തൻെറ ശരീരത്തിനെതിരെ പാപം ചെയ്യുന്നു"* എന്നതിനെപ്പറ്റി മറ്റുചിലർ ഇങ്ങനെ പറയുന്നു: അതായത്, കർത്താവിൻെറ ആലയത്തിൽ വ്യഭിചാരം ചെയ്യുന്നവനെപ്പോലെ മിശിഹായുടെ ശരീരത്തിനെതിരെ; അവൻ ശിക്ഷിക്കപ്പെടുന്നത് വ്യഭിചാരം നിമിത്തം മാത്രമല്ല, പിന്നെയോ, വിശുദ്ധ സ്ഥലം മലിനമാക്കിയവൻ എന്ന നിലയിൽ അഭക്തിയുടെ പേരിലും ആയിരിക്കും. മിശിഹായിൽ വിശ്വസിക്കുന്നതിനും അവിടുത്തെ ശിരസ്സായി അംഗീകരിച്ച് എഴുതികൊടുക്കുന്നതിനും മുൻപ് വ്യഭിചാരിയും ഇപ്രകാരം വേശ്യാസംഗം മാത്രം ചെയ്യുന്നു; എന്നാൽ ദത്തെടുക്കലിലൂടെ മിശിഹായുടെ ശരീരത്തിൽ ആയവൻ വ്യഭിചാരത്തെപ്രതി മാത്രമല്ല, പിന്നെയോ, മിശിഹായുടെ അവയവങ്ങളെ അവജ്ഞാപൂർവം കരുതുന്നവൻ എന്ന നിലയിൽ അഭക്തിയെ പ്രതിയും കുറ്റപ്പെടുത്തപ്പെടും. ഇത് വ്യഭിചാരിയെ പെട്ടെന്ന് ദൈവികകൃപയിൽ നിന്ന് അന്യനാക്കുന്നതുകൊണ്ട്, മറ്റു പാപങ്ങളേക്കാൾ ഇതു ഗൗരവമേറിയതാണ്. സാംസൻെറ കഥയിൽ നിന്ന് ഇതു സുവ്യക്തമാണ്. അവൻെറ പ്രവൃത്തികളോടുകൂടി *കർത്താവിൻെറ ആത്മാവ് ശക്തിയായി അവൻെറമേൽ വന്നു* എന്നു തിരുലിഖിതം സാക്ഷിക്കുന്നു; എന്നാൽ അവൻ ഗാസ്സായിൽ പോയി വ്യഭിചാരം ചെയ്തപ്പോൾ, കർത്താവിൻെറ ആത്മാവ് അവൻ ചെയ്ത കാര്യങ്ങളിൽ ശക്തിയായി വന്നു

www.malankaralibrary.com



എന്ന് തിരുലിഖിതം സാക്ഷിക്കുന്നില്ല (ന്യായാ. 14:6-9). കോറിന്തോസുകാർ വ്യഭിചാരദോഷത്തിന് അടിമപ്പെട്ടിരുന്നതിനാൽ, പ്രത്യേകിച്ച് തൻെറ പിതാവിൻെറ ഭാര്യയുമായി പ്രബോധകൻ വ്യഭിചരിച്ചതിനാൽ, ശ്ലീഹാ പറയുന്നു: *"നിങ്ങളുടെ ഇടയിൽ അവിഹിത ബന്ധങ്ങൾ ഉണ്ടെന്ന് പൊതുവേ കേൾക്കുന്നു"* (5:1), അതുകൊണ്ട്, എല്ലാത്തരം അവിഹിതബന്ധങ്ങൾക്കും എതിരെ അവൻ ഒരു ആത്മീയവാൾ ഉപയോഗിച്ചിരിക്കുന്നു.

# 4

അതുകൊണ്ട്, *"നിങ്ങൾ പരസ്പരം വഞ്ചിക്കരുത്"*; തൻെറ സഖിയുടെ സ്വന്തമായ ഉപയോഗത്തിനുള്ളവ നിഷേധിക്കുന്നയാൾ വഞ്ചിക്കുന്നു. *"ഉപവാസത്തിലോ പ്രാർത്ഥനയിലോ ഉൾപ്പെട്ടിരിക്കാനായി തൽക്കാലത്തേക്ക് ഇരുവരും സമ്മതിക്കുന്നിടത്തോളം..."* (7:5): ഒന്നാമത്, അവർ യോജിച്ചിരിക്കണം എന്നു ശ്ലീഹാ പറയുന്നു. രണ്ടാമത്, സമയദൈർഘ്യത്തെപ്പറ്റി; മൂന്നാമത്, തക്കതായ കാരണത്തെപ്പറ്റി; *"തൽക്കാലത്തേക്ക്"* എന്നും, *"ഒന്നിച്ചു ചേരുവിൻ"* എന്നും അവൻ പറഞ്ഞത് സുകൃതം അഭ്യസിക്കാൻ ആഗ്രഹിക്കുന്നവരെ അവൻ കുറ്റപ്പെടുത്തുന്നു എന്നും അവൻ ശരിയായിട്ടല്ല പറഞ്ഞിരിക്കുന്നത് എന്നും കരുതപ്പെടാതിരിക്കാനായി അവൻ പറയുന്നു: *"ജഡമോഹങ്ങൾക്കായി സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കാൻ"* (7:5): നിങ്ങളുടെ ശാരീരികമോഹവും സംയമനക്കുറവും നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കുമ്പോൾ, വീണ്ടും *"നിങ്ങൾ ഒന്നിച്ചു ചേരുവിൻ"*; അതുകൊണ്ടാണ് *"തത്ക്കാലത്തേയ്ക്ക്"* എന്ന് ഞാൻ പറഞ്ഞത്. മറിച്ചു ചെയ്യുന്നതൊക്കെ വെറും അവിഹിതവേഴ്ചയല്ല, വ്യഭിചാരമാണ്!

*"അവിശ്വാസിനിയായ ഭാര്യ വിശ്വാസമുള്ള ഭർത്താവുമൂലം വിശുദ്ധീകരിക്കപ്പെടുന്നു"* (7:14) സുവിശേഷത്തിൻെറ ആവിർഭാവത്തിനു ശേഷം പ്രഘോഷണകാലത്തിന് അനുസൃതമായി ഭരണപരമായ കാര്യങ്ങൾക്കുവേണ്ടിയാണ് ഇപ്രകാരം അവൻ പറഞ്ഞിരിക്കുന്നത്. കാരണം, പ്രകാശം അന്ധകാരവുമായി ബന്ധിതമാകുക എന്നത് തികഞ്ഞ അഭക്തിയും വ്യഭിചാരവുമാണ്.

www.malankaralibrary.com



*"പരിച്ഛേദിതനായി വിളിക്കപ്പെട്ടവൻ അപരിച്ഛേദിതനായി പ്രത്യക്ഷപ്പെടാൻ ഉദ്യമിക്കരുത്"* (7:18): പരിച്ഛേദനവും പരിച്ഛേദന രാഹിത്യവും ഇച്ഛയുടെയും മനസ്സിൻെറയും കാര്യങ്ങളാണ് എന്ന് അവൻ പറയുന്നു. പരിച്ഛേദിതരിൽ ചിലർ അപരിച്ഛേദനം നടത്തിയിരുന്നു എന്ന് *സെവേരൂസ്* കൈമാറിത്തരുന്നു. പരിച്ഛേദനത്തിനായി തൊലി നീട്ടുന്നു, പിന്നീട് ഒളിച്ചുവയ്ക്കുന്നു, തൂങ്ങിക്കിടക്കുന്നത് ഒരു സുഗന്ധതൈലം തേച്ച് തുന്നിച്ചേർക്കുന്നു, തൊലി കൂട്ടിച്ചേർക്കുന്ന പച്ച മരുന്നുകൊണ്ട് വച്ചുകെട്ടി സുഖമാക്കുന്നു.

*"സമയം പരിമിതമാണ്"* (7:29): അതായത്, മുമ്പുള്ളവർ ജീവിച്ച നീണ്ടവർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറച്ചേയുള്ളൂ. അതിൽ നിന്ന് എന്താണ് അനുമാനിക്കുക? *"ഭാര്യയുള്ളവർ ഇല്ലാത്തവരെപ്പോലെയും...."* (7:29). ഈ ധരയിലുള്ളവയൊന്നും ഒന്നുമല്ല എന്ന ബോധ്യം ഉള്ളവരെപ്പോലെ നാം ഈ ലോകത്തിൽ വ്യാപരിക്കണം എന്ന് അവൻ ചുരുക്കി പറയുന്നു. *"കാരണം, ഈ ലോകത്തിൻെറ രൂപം കടന്നുപോകുന്നു"* (7:31). വിവാഹം, കൊടുക്കൽ - വാങ്ങൽ, എടുക്കുന്നതും പോകാൻ അനുവദിക്കുന്നതും ഒക്കെയാണ് ഈ ലോകത്തിൻെറ രൂപം. അതിനൊക്കെ ഓരോ സംവിധാനം ക്രമീകരിച്ചിട്ടുണ്ടല്ലോ. അവസാനം എല്ലാ രീതിയിലും അവയെല്ലാം നീങ്ങിപ്പോകും.

*"കർത്താവിൽ മാത്രം"* (7:32): അതായത്, ഇതു വിശ്വാസികൾക്കു മാത്രം ആയിരിക്കട്ടെ. *"ദൈവാത്മാവ് എന്നിലുണ്ടെന്നു ഞാൻ കരുതുന്നു"* (7:40): അവരെ ലജ്ജിപ്പിക്കാനാണ് അവൻ ഇതു പറഞ്ഞത്.

# 5

വീണ്ടും, അവരുടെ പ്രബോധകനായ നേതാവിലേക്ക് അവൻ തൻെറ ചർച്ച തിരിക്കുന്നു. തൻെറ അറിവിൽ ഇയാൾ വളരെ അഹങ്കരിക്കുകയും വിഗ്രഹങ്ങളുടെ അമ്പലത്തിലേക്ക് തൻെറ പുറജാതി സ്നേഹിതരുമൊത്ത് പരസ്യമായി പോകുകയും ബലിയിൽ നിന്നു ഭക്ഷിക്കുകയും ചെയ്തു. അവനെ കുറ്റപ്പെടുത്തിയവരോട് അവൻ ന്യായീകരണം നടത്തി പറഞ്ഞു: വിഗ്രഹത്തെ ഞാൻ യാതൊന്നുമായി പരഗണിക്കുന്നില്ല. മറ്റുള്ളവരുടെ ദുഷ്ടതയാൽ മാംസത്തിനു കുഴപ്പമില്ലെന്ന് എനി

www.malankaralibrary.com



ക്കറിയാം; അതിനെ ഞാൻ സാധാരണ മാംസമായി പരിഗണിക്കുന്നു. ഈ കാരണത്താൽ ശ്ലീഹാ ഈ മനുഷ്യനെപറ്റിയും അവൻ അഹങ്കരിക്കുന്ന തിനെപ്പറ്റിയും സംസാരിക്കാൻ തുടങ്ങി. *"വിഗ്രഹങ്ങൾക്കുള്ള ബലി വസ്തുക്കളെപ്പറ്റി "നമുക്കെല്ലാവർക്കും അറിവുണ്ടെന്ന്" നാം വിചാരിക്കുന്നു; "അറിവ്" അഹന്ത ജനിപ്പിക്കുന്നു"* (8:1): അതായത്, നമുക്കറിയാവുന്നവയേക്കാൾ വളരെ കൂടുതലാണ് നിഗൂഢങ്ങളായവ: ദിവ്യസ്വഭാവത്തിൻെറ അഗ്രാഹ്യത, ദൈവത്തിൻെറ ന്യായവിധിയും പരിപാലനയും സംബന്ധിച്ചുള്ള തത്ത്വങ്ങൾ ആദിയായവ.

വിഗ്രഹാർപിത ഭക്ഷണം കഴിക്കാൻ ചിലപ്പോഴൊക്കെ പൗലോസ് അനുവദിക്കുകയും മറ്റുചിലപ്പോൾ തടയുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? എന്നു ചോദിച്ചേക്കാം. ബലിമാംസം ഭക്ഷിക്കത്തക്കരീതിയിൽ മനസ്സാക്ഷി ശുദ്ധവും അറിവ് പൂർണവുമായവരെ അവൻ വിവേകപൂർവം അനുവദിക്കുന്നു എന്നു നാം പറയുന്നു; എന്നാൽ നവാഗതരെയും അറിവിൽ കുറഞ്ഞവരെയും ബലിമാംസം ഭക്ഷിക്കുന്നതിൽ നിന്ന് അവൻ പൂർണമായി തടയുന്നു. അത്തരം പ്രവൃത്തികളിലൂടെ സഭയിൽ ഒരിടർച്ചക്കല്ലും ഉണ്ടാകാതിരിക്കാനാണിത്. ആ കാലത്തിൻെറ സാഹചര്യത്തിൽ പൗലോസും മറ്റു ശ്ലീഹന്മാരും പല കാര്യങ്ങളും അനുവദിച്ചുകൊടുത്തു. എന്നാൽ പക്വത ആർജിച്ചുകഴിഞ്ഞപ്പോൾ, വിശ്വാസികൾ കല്പനകൾ കൃത്യമായി പാലിക്കണം എന്ന് അവർ നിഷ്കർഷിച്ചു.

*"തിന്നാനും കുടിക്കാനും ഞങ്ങൾക്ക് അവകാശമില്ലേ?"* (9:4): അതായത്, മറ്റുള്ളവരിൽനിന്ന് അനുദിനാഹാരം സ്വീകരിക്കാൻ ഞങ്ങൾക്ക് അവകാശമില്ലേ? എന്നാൽ എത്രയോ തവണ ഞങ്ങളിതു വേണ്ടെന്നു വച്ചിട്ടുമുണ്ട്! *"മറ്റ് ശ്ലീഹന്മാരെപ്പോലെ ഒരു സഹോദരിയെ, ഭാര്യയെ ഞങ്ങളോടുകൂടെ കൊണ്ടുനടക്കാൻ ഞങ്ങൾക്ക് അവകാശമില്ലേ?"* (9:5). *ഭാഷ്യകാരൻ* പറയുന്നു: വിശ്വാസിനിയായ സ്ത്രീയെ ആണ് അവൻ ഇവിടെ *സഹോദരി* എന്നു വിളിക്കുന്നത്. സ്വാഭാവികസഹോദരിയെപ്പറ്റിയാണ് അവൻ സംസാരിക്കുന്നത് എന്ന് ആരും ചിന്തിക്കാതിരിക്കാനാണ് അവൻ അവളെ *ഭാര്യ* എന്നു വിളിക്കുന്നത്. അവരുമായി വിവാഹത്തിൽ പങ്കാളിയായ ഏതു സ്ത്രീയേപ്പറ്റിയുമാണ് അവൻ സംസാരിക്കുന്നത് എന്ന് കരുതാതിരിക്കാനാണ് *സഹോദരി* എന്നു പറയുന്നത്. ഈ സംഗതികൾ അവൻ എപ്പോഴും പരിവർജിച്ചിരുന്നില്ല. മറ്റുള്ളവരുടെ പ്രയോജനത്തെപ്രതി ആണെങ്കിലും അവൻ അവ എപ്പോഴും ഉപയോഗിച്ചിരുന്നില്ല എന്നു മാത്രം.

www.malankaralibrary.com



*"ജോലി ചെയ്യാതിരിക്കാൻ"* എന്ന വാക്ക് (9:6) *"കൊണ്ടു നടക്കാൻ"* എന്നതിനു പകരമാണ്. ഗ്രീക്കനുസരിച്ച്: നിയമത്തിനു വിധേയരായവരെ *"അപരിചിതർ"* എന്നും *"ബലഹീനർ"* എന്നും അവൻ വിളിക്കുന്നു(9:22). സുറിയാനി അനുസരിച്ച്: മിശിഹായിൽ വിശ്വസിക്കുകയും മനസ്സിന്റെ ബലഹീനതയാൽ നിയമാനുഷ്ഠാനങ്ങൾ തുടരുകയും ചെയ്ത യഹൂദരെ അവൻ *രോഗികൾ* എന്നു വിളിക്കുന്നു.

നെന്മേനി വാകയുടെയോ, കാട്ടൊലിവിന്റെയോ, അയമോദകച്ചെടിയുടെയോ ഇലകൾ കൊണ്ടുള്ള വിജയകിരീടം ലഭിക്കാൻ മനുഷ്യരോ കുതിരകളോ ഓടുന്ന സ്ഥലമാണ് *ഓട്ടക്കളം* (9:24). പ്രാദേശികരീതികളനുസരിച്ചാണ് മല്പിടിത്തത്തിലും *പലയ്സ്ത്രായിലും* പങ്കെടുക്കുന്ന മല്ലന്മാർ കിരീടം ധരിപ്പിക്കപ്പെട്ടിരുന്നത്. എതിരാളിയുടെ പിടിയിൽ നിന്നു വഴുതിപ്പോകാനായി ദേഹം പറ്റെ വടിച്ച്, വിവസ്ത്രനായി പന്നിക്കൊഴുപ്പ് വാരിത്തേയ്ക്കുന്നു. *ബെനെറ്റോയ്* എന്നോ *പ്രാസിനോയ്* എന്നോ വിളിക്കപ്പെടുന്ന കളികൾക്കുവേണ്ടിയാണിത്. രാജ്ഞിയുടെ പേരിലാണ് *ബെനെറ്റോയ്; പ്രാസിനോയ്* രാജാവിന്റെ പേരിലും. സ്വർഗീയ രാജാവിനെപ്പറ്റിയുള്ള തന്റെ പ്രസംഗത്തിൽ *മാർ നർസായ്* ഇക്കാര്യം പറയുന്നു. ശ്ലീഹന്മാർ ഇത് ആത്മീയമായി മനസ്സിലാക്കുന്നു. തങ്ങളുടെ അദ്ധ്വാനങ്ങളുടെ പോരാട്ടത്തിൽ പിശാചുക്കളുടെ കൈകൾ അവരിൽ നിന്നു വഴുതിപ്പോകുവാൻ.

വീണ്ടും, *ജോൺ ക്രിസൊസ്തോമിൽ നിന്ന്: "ഒരു സ്ത്രീയെ, സഹോദരിയെ കൊണ്ടു നടക്കുന്നത് ഞങ്ങൾക്ക് നിയമാനുസൃതമല്ലേ?"*. അവർ ശുദ്ധതയുടെ പ്രഘോഷകരും ബ്രഹ്മചര്യത്തിന്റെ പ്രബോധകരുമാകയാൽ, അവർ സ്ത്രീകളോടൊത്തു പാർത്തു എന്നു പറയുകയല്ല ഇവിടെ. അവർ വിഷയാസക്തിയിൽ കിടന്നുരുളുന്നതു കാണുന്നവർ എങ്ങനെ അവരുടെ വാക്കു കേൾക്കും? അവരെങ്ങനെ ബ്രഹ്മചര്യത്തെപ്പറ്റി ഉപദേശിക്കും?

വീണ്ടും, അവൻ ഇപ്രകാരം ഒരു *സഹോദരിയെപ്പറ്റി ഭാര്യ* എന്നു പറഞ്ഞെങ്കിൽ, ഒരു പുരുഷന്റെ *ഭാര്യ* എന്നാണ്. വിവേകപൂർവം അവരുടെകൂടെ കൂടി, തങ്ങളുടെ വസ്തുവകകൾകൊണ്ട് അവരെ ശുശ്രൂഷിച്ച സ്ത്രീകൾ നിമിത്തം, എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവൻ ഒരു *സഹോദരിയെ ഭാര്യ* എന്നു വിളിക്കുന്നു. ഒന്നിച്ചു സഹവസിക്കുന്നതിൽ നിന്നുള്ള ശുദ്ധതയ്ക്കുവേണ്ടി *സഹോദരി;* പ്രകൃതിക്കുവേണ്ടി *ഭാര്യ*.

www.malankaralibrary.com



# 6

*"നമ്മുടെ പിതാക്കന്മാരെല്ലാം മേഘത്തിൻ കീഴിൽ ആയിരുന്നു..."* (10:1). ക്രിസ്ത്യാനികൾ വിശ്വാസികളായി ഗണിക്കപ്പെടുന്നെങ്കിലും, വിശ്വാസാനുസൃതമായ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ ഒരുതരത്തിലും മെച്ചപ്പെട്ടവരല്ല എന്ന് പൂർവികർക്കു സംഭവിച്ചവയിൽനിന്ന് കാണിക്കാനുള്ള പരിശ്രമമാണിവിടെ. നമ്മുടെ ഇടയിൽ നടന്നവയുടെ നിഴലുകളായിരുന്നു അവരുടെ ഇടയിൽ നടന്ന പലതും എന്ന് തെളിയിക്കാൻ അവൻ പരിശ്രമിക്കുന്നു: കടൽ കടന്നത് സ്നാനരഹസ്യത്തെ സൂചിപ്പിക്കുന്നു; മേഘസ്തംഭം പരിശുദ്ധാത്മാവിൻെറ കൃപയെയും, മന്നായും പാറയിൽ നിന്നൊഴുകിയ അരുവിയും പാവനമായ കുർബാനയിലെ ഭക്ഷണത്തെയും സൂചിപ്പിക്കുന്നു. ഭക്ഷണത്തെയും പാനീയത്തെയും ശിലയെയും അവൻ ആത്മീയം എന്നു വിളിക്കുന്നു; കാരണം, ഇവ മൂന്നും പരിശുദ്ധാത്മാവിൻെറ കൃപയാലാണു നൽകപ്പെട്ടത്. അവിടുന്ന് അവരോടൊത്തുണ്ടായിരുന്നു.

*ഭാഷ്യകാരൻ* ഇവിടെ അല്ലെഗൊറിസ്റ്റുകൾക്ക് എതിരായി സംസാരിക്കുന്നു. മരുഭൂമിയിൽ അവരോടൊപ്പം വെള്ളം ഒഴുകി എന്ന് അവൻ പറയുന്നു. പാറ അവരോടൊപ്പം പോകുകയും അവർക്കു സമൃദ്ധമായി പാനീയം നൽകുകയും ചെയ്തു എന്ന് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള അഞ്ചാം പ്രസംഗത്തിൻെറ അവസാനം അവൻ പറയുന്നു. കമ്പിന്മേൽ പുരോഹിതർ വഹിച്ചിരുന്നതിനാൽ പാറ അവരുടെകൂടെ പോയി എന്ന് *യോഹന്നാൻ ദ്ബേത് റബ്ബാൻ* പറയുന്നു.

*"ആ ശില മിശിഹാ ആയിരുന്നു"* (10:5): അതായത്, മിശിഹായുടെ സാദൃശ്യത്തിലായിരുന്നു അവർക്ക് ആ പാറ എന്നാണ് അവൻ പറയുന്നത്. കുർബാനയിൽ ആത്മീയരൂപാന്തരീകരണം സംഭവിക്കുന്ന, മിശിഹായുടെ തിരുരക്തം നാം പാനം ചെയ്യുന്നതുപോലെ, പാറയിൽനിന്നു പരിശുദ്ധാത്മാവ് ഒഴുക്കിയ ജലം അവർ കുടിച്ചു.

*"എങ്കിലും അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല"* (10:5): അതായത്, അവർ ദുഷ്ടമാനസ്സർ ആയിരുന്നതിനാൽ, ഈ ദാനങ്ങൾ ഒന്നും അവർക്കു പ്രയോജനപ്പെട്ടില്ല.

www.malankaralibrary.com



*"മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരി ട്ടിട്ടില്ല"* (10:13): അതായത്, ഇതാ, നിങ്ങൾക്ക് യാതൊരു പീഡനമോ ക്ലേശമോ ഉണ്ടാകാതിരുന്നപ്പോഴത്രേ നിങ്ങൾ ഈ കലഹങ്ങളിൽ വഴുതി വീണത്: നമ്മുടെ കർത്താവിനോടുള്ള തീക്ഷ്ണത തണുത്ത്, മാനുഷിക സ്നേഹത്തെപ്രതി നിങ്ങൾ വിഗ്രഹങ്ങളുടെ അമ്പലങ്ങളിൽ ഭക്ഷണം കഴിച്ചു. ഇതു നിമിത്തം മിശിഹായേക്കാൾ മികച്ചവരെന്ന നിലയിൽ, നമ്മുടെ നേർക്കുള്ള അവിടുത്തെ സ്നേഹത്തിൻെറ തീവ്രത വർധിപ്പി ക്കാൻ നാം ബലിമാംസം ഉപയോഗിച്ചു എന്ന് അവൻ പറയുന്നു. ഒരാളെ വിട്ട് വേറൊരാളെ തെരഞ്ഞെടുക്കുന്നവനെപ്പോലെ അവരുമായുള്ള നമ്മുടെ ചങ്ങാത്തത്താൽ അവിടുന്ന് നിർബന്ധിതനാകുന്നു എന്നു നാം കരുതുന്നു. അതുവഴി ആദ്യത്തെയാളെ അസൂയാലുവാക്കുന്നു (10:22).

ബലിമാംസം ഭക്ഷിക്കുന്നത് പൗലോസ് നിരോധിക്കുന്നെങ്കിലും, പലപ്പോഴും ചന്തകളിൽ അവ വില്ക്കപ്പെടുന്നുണ്ട്. എങ്ങനെ പ്രവർത്തി ക്കണം എന്നു പഠിപ്പിച്ചുകൊണ്ട് അവൻ പറയുന്നു: "കടയിൽ വില്ക്ക പ്പെടുന്നതെന്തും...." (10:25) അതായത്, ചന്തയിൽ, വാങ്ങാനാഗ്രഹിക്കു ന്നെങ്കിൽ, അതു ബലിമാംസമാണോ എന്ന് ആരായേണ്ടതില്ല. സദ്യയ്ക്ക് ക്ഷണിക്കപ്പെട്ടാൽ, മുമ്പിൽ വയ്ക്കപ്പെട്ടവയെപ്പറ്റി അന്വേഷണം നടത്തേ ണ്ടതില്ല. മനസ്സാക്ഷിക്കുത്തു കൂടാതെ ഭക്ഷിച്ചുകൊള്ളുക. *"ഭൂമിയും അതിലുള്ള സമസ്തവും കർത്താവിൻേറതാണ്"* എന്ന് മനസ്സിലാക്കുക (10:26). "എന്നാൽ ഇതു ബലിവസ്തുവാണ്' എന്ന് ആരെങ്കിലും പറ ഞ്ഞാൽ, അതിൽനിന്നു പിന്മാറുക. നീ വിവേചനം കൂടാതെ ബലി മാംസം ഭക്ഷിക്കുന്നതിനാൽ, അവൻ നിന്നിൽ ഇടറാതിരിക്കാനും അവനു നഷ്ടം വരാതിരിക്കാനുമാണിത്. മുകളിൽ അവൻ ശിഷ്യരുടെ മനസ്സാ ക്ഷിയെപ്രതിയാണ് പറഞ്ഞത്; എന്നാൽ ഇവിടെ മറ്റുള്ളവരുടെ മനസ്സാ ക്ഷിയെ പ്രതിയും.

*"പുരുഷൻ തല മൂടേണ്ടതില്ല..."* എന്നിത്യാദി (11:7): ഒന്നാമത്, രൂപത്തിൽ പുരുഷന് ആത്മീയ ജീവികളോടുള്ള ഘടനാസാദൃശ്യം നിമിത്തം. രണ്ടാമത്, എല്ലാറ്റിൻമേലും മിശിഹാ രൂപീകരിക്കുന്ന തൻെറ നേതൃസ്ഥാനത്തിൻെറ ഛായ നിമിത്തം; അതായത്, സഭയിലെ പൗരോ ഹിത്യം; അതു പുരുഷന്മാർക്കു മാത്രമാണ് നൽകപ്പെടുന്നത്. മൂന്നാമത്, പുരുഷൻ ആദ്യം സൃഷ്ടിക്കപ്പെട്ടതിനാൽ, സ്വാഭാവികമായ ആനുകൂല്യ ങ്ങൾ കൂടുതൽ അവനാണ് എന്നതു നിമിത്തം. നാലാമത്, പുരുഷൻ

www.malankaralibrary.com



സ്ത്രീക്കുവേണ്ടിയല്ല, സ്ത്രീ പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ടതിനാൽ. മറ്റുള്ളവർക്കുവേണ്ടി നിലനില്ക്കുന്നവ, ആർക്കുവേണ്ടിയാണോ അവ നിലനില്ക്കുന്നത്, അവരേക്കാൾ താഴെയാണ്; വില്ലാളി വില്ലിന്റെ പ്രയോഗത്തേക്കാൾ ശ്രേഷ്ഠനാണ്. അഞ്ചാമത്, അവൻ ശിരസ്സും അവൾ ശിരസ്സിനു താഴെയും ആയതിനാൽ.

*"നമ്മോടു ബന്ധപ്പെട്ടിരിക്കുന്ന മാലാഖമാർ നിമിത്തം സ്ത്രീക്ക് തന്റെ ശിരസ്സിന്മേൽ അധികാരം ഉണ്ടായിരിക്കട്ടെ"* (11:10): നാം ഓരോരുത്തനോടും ഓരോ മാലാഖ ബന്ധപ്പെട്ടിരിക്കുന്നു; നമ്മുടെ പ്രകൃതിക്കു ചേരാത്തതായി നാം എന്തെങ്കിലും ചെയ്യുന്നതായി കണ്ടാൽ അവർ ദുഃഖിതരാകുന്നു.

*"ഞങ്ങൾക്ക് അങ്ങനെയുള്ള പതിവില്ല"* (11:16): അതായത്, സഭാനിയമങ്ങളനുസരിച്ച് ജീവിക്കാത്തവൻ, സഭയ്ക്ക് അന്യനാണ്.

# 7

കോറിന്തോസുകാരുടെ ഇടയിലും, ഒരുപക്ഷേ മറ്റുള്ളവരുടെ ഇടയിലും, അക്കാലത്ത് ഒരു പതിവുണ്ടായിരുന്നു. അതായത്, ആഴ്ചയുടെ ഒന്നാം ദിവസം, ദിവ്യരഹസ്യങ്ങളുടെ സ്വീകരണാനന്തരം, ആവശ്യത്തിനുള്ളവ ഓരോരുത്തനും തുല്യമായി പള്ളിയിൽ കൊണ്ടുവന്നിരുന്നു. പരസ്പര സ്നേഹത്തിൽ ബന്ധിതരായിരിക്കാൻ, ധനികരും ദരിദ്രരും അവിടെ വച്ച് ഭക്ഷിച്ചിരുന്നു. അങ്ങനെ ധനികർ കൊണ്ടുവന്നവ ദരിദ്രർക്കും ലഭിച്ചിരുന്നു. എന്നാൽ പിന്നീട്, കോറിന്തോസുകാരുടെ വലിയ അഹന്തനിമിത്തം അനുചിതമായതു സംഭവിച്ചു: ദരിദ്രരെ പരിഗണിക്കാതെ, അവരുടെ ഇടയിലെ ധനികർ, തങ്ങൾ കൊണ്ടുവന്നത് തന്നെ തിന്നുതീർത്തു. അതുകൊണ്ട് ഉചിതമായി ശ്ലീഹാ അവരെ ഈ വാക്കുകളിൽ കുറ്റപ്പെടുത്തുന്നു; ആ അവസരത്തിലുള്ള ആഹാരത്തെയാണ് *അത്താഴം* എന്ന് അവൻ വിളിക്കുന്നത് (11:21).

*"അയോഗ്യനായി അതിൽ നിന്നു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്"* (11:29); സാധാരണ അപ്പത്തെയെന്നപോലെ ശ്രദ്ധയില്ലാതെയല്ല, പിന്നെയോ, ഒരുക്കമുള്ള ഹൃദയത്തോടെ ദിവ്യ

www.malankaralibrary.com



രഹസ്യങ്ങളെ സമീപിക്കണം എന്നു പറയുവാൻ ഇതിലൂടെ അവൻ ആഗ്രഹിക്കുന്നു. ദിവ്യരഹസ്യങ്ങളുടെ മഹനീയതയും ദിവ്യരഹസ്യങ്ങളുമായി ബന്ധപ്പെട്ടവയിൽ നിങ്ങളോടൊത്ത് ദരിദ്രർ ഭക്ഷിക്കുമ്പോൾ നിങ്ങൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും നിങ്ങൾ ഗ്രഹിച്ചിരുന്നെങ്കിൽ, ദിവ്യരഹസ്യങ്ങൾ കഴിഞ്ഞ് നിങ്ങളോടൊത്തുള്ള ഭക്ഷണത്തിൽ നിന്ന് നിങ്ങൾ അവരെ ഒരു കാരണവശാലും അകറ്റി നിർത്തുകയില്ലായിരുന്നു എന്ന് അവൻ വീണ്ടും പറയുന്നു.

'നാം ദിവ്യരഹസ്യങ്ങൾ തുടർച്ചയായി സ്വീകരിക്കരുത് എന്നു പറയാൻ ശ്ലീഹാ ആഗ്രഹിക്കുന്നു' എന്ന് ചിലർ പറയുന്നു. എന്നാൽ നാം എല്ലാ പാപങ്ങളിൽനിന്നും വിമുക്തരായിരിക്കുമ്പോൾ, നാം ദിവ്യരഹസ്യങ്ങളെ സമീപിക്കണം എന്ന് അവൻ ആഗ്രഹിച്ചോ? നാം അടുത്തു വരണം എന്ന് അവൻ എപ്പോഴെങ്കിലും ആഗ്രഹിച്ചോ? എന്ന് ഇപ്രകാരം ചിന്തിക്കുന്നവർ പരിഗണിച്ചാൽ കൊള്ളാം. ഒന്നാമത്, എല്ലാ പാപങ്ങളിൽ നിന്നും വിമുക്തമായിരിക്കുക മനുഷ്യനെ കൊണ്ടാവില്ല. രണ്ടാമത്, പരിപൂർണരായിരിക്കാൻ നമുക്കു കഴിഞ്ഞേക്കാമെങ്കിലും, നമ്മെപ്പറ്റിത്തന്നെ നാം അതു പറയാൻ പാടില്ല.

*"നിങ്ങൾ ഭക്ഷിക്കുമ്പോഴെല്ലാം"* (11:26) എന്ന് അവൻ പറഞ്ഞത് എങ്ങനെ നിലനില്ക്കും? "ഭക്ഷിക്കുമ്പോഴെല്ലാം" എന്നത് സംഗതിയുടെ തുടർച്ചയെ കുറിക്കുന്നു. 'ദിവ്യരഹസ്യങ്ങൾ എല്ലാ സമയത്തും അനുഷ്ഠിക്കാൻ അവിടുന്ന് കല്പിച്ചിരിക്കുന്നു' എന്നാണ് സഭാനടപടിക്രമം നമുക്ക് കൈമാറിത്തന്നിരിക്കുന്നത്.

*ഭാഷ്യകാരൻ* പറയുന്നു: വിശ്വാസത്തിന്റെ ആത്മധൈര്യത്തിൽ ഞാൻ പറയുന്നു: ഗൗരവമായ പാപത്തിൽ വീണ ഒരുവൻ ഉണ്ടായിരുന്നാൽപോലും, ദുഷ്പ്രവൃത്തികളിൽ നിന്ന് പിന്തിരിയാൻ തീരുമാനിക്കുകയും നീതിയോടു പറ്റിച്ചേരുകയും മിശിഹായുടെ കല്പനകൾ അനുസരിച്ച് ജീവിക്കുകയും ചെയ്തിട്ട് ദിവ്യരഹസ്യങ്ങളെ സമീപിച്ചാൽ, അവന് അവന്റെ വിശ്വാസം നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ ഗൗരവ പാപങ്ങൾ ചെയ്യുകയും അവയിൽതന്നെ തുടരുകയും ചെയ്യുന്നവൻ ദിവ്യരഹസ്യങ്ങളുടെ ഭാഗഭാഗിത്വത്തിൽ നിന്നു തടയപ്പെടണം. പ്രകൃതിയുടെ ബലഹീനതയാൽ സംഭവിക്കുന്ന ഏതെങ്കിലും നിസ്സാര തെറ്റിലകപ്പെട്ടെങ്കിലും അനുതപിച്ചാൽ, ദിവ്യരഹസ്യങ്ങളിൽനിന്ന് അവനെ പിന്തിരിപ്പിക്കുന്നതു ശരിയല്ല; ഭയഭക്തികളോടുകൂടി അവൻ സമീപിക്കട്ടെ.

www.malankaralibrary.com



*"അനേകർ നിദ്ര പ്രാപിക്കുന്നു"* (11:30): അതായത്, മരിച്ചതിനാൽ ഉത്ഥാനത്തിന്റെ പ്രത്യാശയിൽ അവർ ഉറങ്ങുന്നു.

*"ദുഷ്ടരോടൊപ്പം നാം ശിക്ഷിക്കപ്പെടാതിരിക്കാൻ, കർത്താവു നമ്മെ വിധിക്കുകയും ശിക്ഷണവിധേയരാക്കുകയും ചെയ്യുന്നു"* (11:32). കാരണം നാം ശ്രദ്ധിക്കേണ്ട സംഗതികൾ നാം അവഗണിച്ചു എന്ന് അവൻ പറയുന്നു. അവിടുന്നു നമ്മെ ശിക്ഷിക്കുന്നതിലൂടെ, നമ്മുടെ തെറ്റുകൾ കാണുവാൻ അവിടുന്ന് ഇടയാക്കുന്നു. അതേ തെറ്റുകളിൽ നാം വീണ്ടും നിപതിക്കാതിരിക്കാനും, നീതിവിധിയുടെ നാഴികയിൽ ദുഷ്ടന്മാരുടെ ശിക്ഷാവിധി നമുക്കുണ്ടാകാതിരിക്കുന്നതിനും ആണിത്.

*"ദൈവാത്മാവ് മുഖേന സംസാരിക്കുന്നവരാരും 'യേശു ശപിക്കപ്പെട്ടവനാണ്' എന്ന് പറയുകയില്ല"* (12:3): അതായത്, നമ്മുടെ ഇവ രണ്ടും തമ്മിൽ വളരെ ബന്ധമുണ്ട്: പരിശുദ്ധാത്മാവിന് യോഗ്യനായവന് യേശുവിന്റെ കർതൃത്വം ഒട്ടും നിഷേധിക്കാനാവില്ല; അവിടുത്തെ കർതൃത്വം ഏറ്റുപറയുന്നവന് പരിശുദ്ധാത്മാവുമായി സംസർഗവും ഇല്ലാതെ വരികയില്ല. *"ശപിക്കപ്പെട്ടവൻ"* (12:3): അതായത്, അവിടുന്ന് പിതാവായ ദൈവത്തിന് അന്യനാണ് എന്ന്. യേശു പിതാവിന്റെ പുത്രനും അവിടുത്തെ സ്വഭാവത്തിൽ പങ്കാളിയുമാണ്.

*"ശക്തികളിൽ വൈവിധ്യമുണ്ട്"* എന്നതിനു പകരം (12:6) *"പ്രവൃത്തികളിൽ വൈവിധ്യമുണ്ട്"* എന്നാണ് ഗ്രീക്കിൽ. *"പരിശുദ്ധൻ"* എന്നു കൂട്ടിച്ചേർക്കാതിരുന്നാൽ ദൈവത്വത്തിന്റെ സ്വഭാവമെല്ലാം *ആത്മാവ്* എന്ന് വിളിക്കപ്പെടുന്നു. ദൈവസ്വഭാവമെല്ലാം പരിശുദ്ധം അല്ല എന്ന തരത്തിലല്ല, പിന്നെയോ, *പരിശുദ്ധൻ* എന്നത് ആത്മാവിന്റെ ആളത്വത്തിന്റെ മാത്രം നിർവചനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതുപോലെ, *കർത്താവ്, ദൈവം* എന്നീ പദങ്ങളും മൂന്നാളുകൾക്കും ചേരുന്നതാണ്; അതുപോലെ പൊതുസ്വഭാവത്തിനും.

പ്രവൃത്തികൾക്കുവേണ്ടിയുള്ള ദാനങ്ങളെ *"ആത്മാവിന്റെ വെളിപാട്"* എന്ന് അവൻ വിളിക്കുന്നു (12:7). കാരണം, പ്രവർത്തിക്കുന്നവനിൽ ആത്മാവുണ്ട് എന്ന് സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു (12:11). പൗരാണികരോടും ആധുനികരോടും ദൈവപരിപാലനയുടെ നിഗൂഢ കാരണങ്ങൾ മനസ്സിലാക്കി വിവരിച്ചുകൊടുക്കാൻ സോളമന് *അറിവിന്റെ വചനം* ലഭിച്ചതുപോലെ, പരിശുദ്ധാത്മദാനത്താൽ, പ്രവൃത്തി

www.malankaralibrary.com



കളുടെ ഉപദേശത്തിലും ന്യായവിസ്താരത്തിലും മാനുഷിക വിജ്ഞാനത്തിൽ ശ്രേഷ്ഠരായി തീരുന്നതിനെ *ജ്ഞാനത്തിൻെറ വചനം* (12:8) എന്ന് അവൻ വിളിക്കുന്നു.

*"വേറൊരുവന് വിശ്വാസം"* (12:9): മനുഷ്യരുടെ സഹായത്തിനോ ഹാനിക്കോ അത്ഭുതം പ്രവർത്തിച്ചവർ; *"രോഗശാന്തിവരം"* (12:9): മരിച്ചവരെ ഉയിർപ്പിക്കുക, അന്ധരുടെ കണ്ണുതുറക്കുക ആദിയായവ; വേറൊരുവന് *അത്ഭുതപ്രവർത്തനം* (12:10): പത്രോസിൻെറ സംസാരത്താൽ ഹനനിയായും ശപ്പീറായും മരിച്ചതുപോലെയും, എലീമാസ് എന്ന മാന്ത്രികനെ പൗലോസ് അന്ധനാക്കിയതുപോലെയും. അവ സംഭവിക്കുമ്പോൾ ആളുകൾ വേദനിക്കുന്നു. *"ആത്മാക്കളുടെ വിവേചനം"* (12:10): പരിശുദ്ധാത്മാവിനാൽ അടയാളങ്ങൾ പ്രവർത്തിച്ചവരെയും നുണയുടെ അരൂപിയാൽ പ്രവർത്തിച്ചവരെയും തിരിച്ചറിയാൻ. *"ഭാഷകളുടെ വ്യാഖ്യാനം"* (12:10): ശ്രോതാക്കൾക്ക് അജ്ഞാതമായ ഏതെങ്കിലും ഭാഷയിൽ ആരെങ്കിലും സംസാരിച്ചാൽ, ഈ വരമുള്ളയാൾ എഴുന്നേറ്റ് അയാൾ പറഞ്ഞത് വ്യാഖ്യാനിച്ചു കൊടുക്കുന്നു; അവർ കേട്ട് പ്രയോജനപ്പെടുത്തുന്നു.

*"അതുപോലെ തന്നെയാണ് മിശിഹായും"* (12:12): അവൻ ഇവിടെ വിശ്വാസികളുടെ സമൂഹം മുഴുവനെയുമാണ് *മിശിഹാ* എന്നു വിളിക്കുന്നത്; കാരണം, ഉത്ഥാനത്തിൻെറ പ്രത്യാശയെപ്പറ്റി ആത്മാവിൻെറ സംസർഗം അവനിൽ നിന്നാണ് നമുക്കു ലഭിച്ചിരിക്കുന്നത്. അവിടുന്നാണ് നമ്മുടെ ശിരസ്സ്, നാം അവൻെറ അവയവങ്ങളാണ്. ശരീരത്തിലെ അവയവങ്ങളുടെ ഉദാഹരണത്തിലൂടെ അവൻ കാണിക്കുകയും പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നു. ചില അവയവങ്ങൾ താരതമ്യേന ചെറുതാണ്; ചിലത് കൂടുതൽ ബഹുമാനർഹമാണ്. അതുപോലെ ഉന്നതവരങ്ങൾ ഉള്ളവർ ഉണ്ടെങ്കിലും, ചെറിയ വരങ്ങൾ ഉള്ളവരെ നിന്ദിക്കരുത്. നിസ്സാരമെന്ന് കരുതപ്പെട്ടാലും, അവർക്കുള്ള വരങ്ങളും നിങ്ങൾക്കാവശ്യമാണ്. *"മാനം കുറഞ്ഞവ"* (12:23): നാം പരസ്യമായി പ്രദർശിപ്പിക്കാൻ താല്പര്യപ്പെടാത്തവ; അതായത്, ബന്ധപ്പെടാൻ ഉള്ളവ.

www.malankaralibrary.com



# 8

*"ദൈവം തൻെറ സഭയിൽ ആദ്യമേ ശ്ലീഹന്മാരെ നിയമിച്ചിരിക്കുന്നു"* (12:28): അതായത്, അവയവങ്ങളുടെ സ്ഥാനം നിറയ്ക്കാൻ. ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ വിവിധ വരങ്ങൾ ഉള്ളവർ. ഇവിടെ അവൻ വരങ്ങളെപ്പറ്റി മാത്രമല്ല പിന്നെയോ, അവയുടെ തരംതിരിവുകളെപ്പറ്റിയും സംസാരിക്കുന്നു. കൂടിയ വരങ്ങൾ സ്വീകരിച്ചവരുണ്ട്, കുറഞ്ഞവ സ്വീകരിച്ചവരുമുണ്ട് എന്ന് അവൻ പറയുന്നു. ഒരുവൻ മറ്റൊരുവൻെറമേൽ വലിപ്പം ഭാവിക്കാതെ ഓരോരുത്തനും അവനവൻെറ സ്ഥാനത്തു നില്ക്കണം. ഈ സംഗതികൾ സംബന്ധിച്ച് അവർ വ്യർത്ഥാഭിമാനികളായി തീർന്നതിനാൽ അവൻ പറയുന്നു: *"എന്നാൽ ഉൽകൃഷ്ട വരങ്ങൾ നിങ്ങൾ കാംക്ഷിക്കുന്നെങ്കിൽ..."* (12:31). *"ഉൽകൃഷ്ടവരങ്ങൾക്കായി* ദാഹിക്കുന്നെങ്കിൽ", "സ്നേഹത്തിനുവേണ്ടി പരിശ്രമിക്കുവിൻ" എന്ന് അവൻ പറയുന്നു.

*"ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും സകല ഭാഷകളിലും സംസാരിച്ചാലും..."* (13:1): മനുഷ്യരുടെ ഇടയിൽ ശ്രേഷ്ഠം എന്നു കരുതപ്പെടുന്ന മൂന്നു സംഗതികളുണ്ട്. ഒന്ന്: കാരുണ്യം, താഴ്മ, ദീർഘക്ഷമ തുടങ്ങി സന്മനോഭാവത്താൽ ചെയ്യുന്നവ. രണ്ട്, ജ്ഞാനം, ഭാഷാചാതുരി, സൗന്ദര്യം തുടങ്ങി പ്രകൃത്യാ ദൈവം പ്രദാനം ചെയ്യുന്നവ. മൂന്ന്, പ്രവചനവരം, അടയാളങ്ങൾ, പൗരോഹിത്യം തുടങ്ങി കൃപയാൽ ദൈവം നൽകുന്നവ. ഇവയേക്കാളെല്ലാം വലുതാണ് സ്നേഹം എന്ന് അവൻ കാണിക്കുന്നു.

*ചിലർ* ഇപ്രകാരം കൈമാറിത്തന്നിരിക്കുന്നു[2]: മാലാഖമാർക്ക് സ്വഭാവത്താലേ സംസാരവും പ്രത്യേക ഭാഷയും ഉണ്ട്; മനുഷ്യർക്ക് അതില്ല. നാം മർത്യശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം, ആ ഭാഷയിൽ കേൾക്കാൻ നമുക്കു കഴിയുകയില്ല. എന്നാൽ നമ്മോടു സംസാരിക്കുമ്പോൾ, അവരുടെ കഴിവുകൊണ്ട് പ്രവർത്തിച്ച് കട്ടിയുള്ള ശബ്ദം ഉണ്ടാക്കുകയും സംസാരിക്കുകയും ചെയ്യുന്നു. കാരണം, പണ്ട് ഭാഷകൾ പിരിഞ്ഞപ്പോൾ നമുക്കു നൽകപ്പെട്ട ഭാഷകൾ അവർ പഠിച്ചിരുന്നു.

2. *പേർഷ്യാക്കാരൻ ബാബായ്*, "എല്ലാത്തരം പ്രശ്നങ്ങളെപ്പറ്റിയുമുള്ള തൻെറ ഗ്രന്ഥത്തിൽ" എന്ന് ഒരു കയ്യെഴുത്തു പ്രതിയിൽ.

www.malankaralibrary.com



ആദത്തിനു നൽകിയതുപോലെ അവർക്കും ആദ്യം സുറിയാനി ഭാഷ നൽകി; എന്നാൽ നമ്മെപ്പോലെ അവരും അത് പൂർണമായി അതുപോലെ സംസാരിച്ചില്ല; പിന്നെയോ, തങ്ങളുടെ സൂക്ഷ്മപ്രകൃതമനുസരിച്ച് സൂക്ഷ്മമായും കൃത്യമായും സംസാരിച്ചു എന്ന് *മറ്റുചിലർ* പറയുന്നു.

*"ഞാൻ ഇപ്പോൾ ഭാഗികമായി അറിയുന്നു. അപ്പോൾ ഭവനാംഗം എന്ന നിലയിൽ എനിക്ക് പരിപൂർണജ്ഞാനം ഉണ്ടാകും"* (13:12) എന്ന് അവൻ പറയുന്നു. *"ഞാൻ അറിയപ്പെട്ടിരിക്കുന്നതുപോലെ"* (13:12): അതായത്, ഞാൻ സ്വീകരിച്ച ബന്ധത്തിനനുസൃതമായി. "മുഖാഭിമുഖം" ആയി. വീണ്ടും വചനത്തിന്റെ ബാഹ്യ ആളത്വം അനുസരിച്ച്. വീണ്ടും, ഞാൻ എന്നെത്തന്നെ അറിയും, എന്നെപ്പറ്റിയുള്ള ദൈവികപദ്ധതിയും അവിടുത്തെ സ്വഭാവവും അവിടുത്തെ അനന്തതയും അറിയും. കാരണം, ഉത്ഥാനത്തിൽ പരിപൂർണമാക്കപ്പെടുന്ന സ്വഭാവത്തിന്റെ ആളിനെയാണ് ശ്ലീഹാ ഇവിടെ എടുക്കുന്നത്.

*"കണ്ണാടിയിൽ"* നാം രൂപങ്ങളും സാദൃശ്യങ്ങളും കാണുന്നു; അവയുടെ ആളുകളെ കാണുന്നില്ല. എന്നാൽ അവിടെ മറ്റൊന്നിലൂടെയോ, ഇവിടെ കണ്ണാടിയിൽ എന്ന വണ്ണമോ, അല്ല നാം കാണുക; പിന്നെയോ, സൃഷ്ടവസ്തുക്കളുടെ ക്രമീകരണത്തിൽ ദൃശ്യമാകുന്നതും വിവേചനാശക്തി നിറഞ്ഞതുമായ ദൈവികവിജ്ഞാനം നാം മുഖാമുഖം ദർശിക്കും.

"എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം" (13:13): കാരണം, പരിപൂർണത സമാഗതമാകുമ്പോൾ ഇവയെല്ലാം അവസാനിക്കും. ഈ ലോകത്തിൽ ദൈവതിരുമുമ്പാകെ *സ്നേഹം* വിജയമകുടം ചൂടുന്നു; പുതിയ ലോകത്തിലും അതു കൂടുതലായി നിലനില്ക്കുന്നു; നാം എല്ലാവിധ വികാരങ്ങളിൽനിന്നും വിമുക്തരാകുമ്പോൾ, ദൈവത്തോടും മറ്റുള്ളവരോടുമുള്ള നമ്മുടെ സ്നേഹം ശരിയായിട്ടുള്ളതായിരിക്കും. *വിശ്വാസമാണ്* അടിസ്ഥാനം; ശരണമാണ് തൂണുകൾ; സ്നേഹമാണ് മേല്ക്കൂര; അവൻ വിശ്വാസത്തെ ഭാഷകൾക്കുപരിസ്ഥമായി ഉയർത്തുന്നു; കാരണം, അടയാളങ്ങളിലൂടെ മനുഷ്യർ പരസ്യമായി ശക്തി ദർശിക്കുന്നു; ചെയ്യേണ്ടവ അവർ ഗ്രഹിക്കുന്നു. സത്യത്തെപ്രതി ശത്രുക്കൾ അവരുടെമേൽ വരുത്തിവയ്ക്കുന്ന ക്ലേശങ്ങളുടെ മുമ്പിൽ അടിപതറാതെ അവരെ അത് സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



*"ഞാൻ ഭാഷാവരത്തോടെ പ്രാർത്ഥിക്കുമ്പോൾ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധി ഫലരഹിതമായിരിക്കും"* (14:14). ഞാൻ പരിശുദ്ധാത്മപ്രവർത്തനത്താൽ തന്നെ ഭാഷാവരത്തിൽ സംസാരിച്ചാലും, ഞാൻ പറയുന്നത് ശ്രോതാക്കൾക്കു മനസ്സിലാകുന്നില്ലെങ്കിൽ, അവർക്കതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് അവൻ പറയുന്നു. ശ്രോതാക്കളുടെ പ്രയോജനത്തെ "ബുദ്ധിയുടെ ഫലം" എന്ന് അവൻ വിളിക്കുന്നു.

*"ഞാൻ എന്റെ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ഞാൻ എന്റെ ബുദ്ധികൊണ്ടും പ്രാർത്ഥിക്കും"* (14:15). അതായത്, എന്റെ വാക്കുകൾ; എന്റെ ഉള്ളിലുള്ള കൃപാവരത്തിന് അനുസൃതവും ഞാൻ ചൊല്ലുന്ന പ്രാർത്ഥനകളിലും സങ്കീർത്തനങ്ങളിലും നിന്ന് ശ്രോതാക്കൾക്ക് പ്രയോജനം ഉണ്ടാകാൻ സഹായകമാംവിധവും ഞാൻ പ്രാർത്ഥിക്കുകയും പാടുകയും ചെയ്യും. ശ്രോതാക്കൾക്കു പ്രയോജനരഹിതമായതിനെ അവൻ *'ഫലരഹിതം'* എന്നു വിളിക്കുന്നതിനാൽ, *'ഞാൻ എന്റെ ബുദ്ധികൊണ്ട് പ്രാർത്ഥിക്കും'* എന്ന് അവൻ പറയുന്നു. അതായത്, ഞാൻ മറ്റുള്ളവർക്ക് പ്രയോജനപ്രദമായിരിക്കും. ആർക്കെങ്കിലും പ്രയോജനം വരുത്താൻ നാം ആഗ്രഹിക്കുമ്പോൾ, അതിനുപറ്റിയ കാര്യങ്ങളെ ബുദ്ധിപൂർവം നൽകുന്നു. അതുകൊണ്ട് മറ്റുള്ളവർക്കുള്ള പ്രയോജനത്തെ "ബുദ്ധിയുടെ പ്രവൃത്തികൾ" എന്ന് അവൻ വിളിക്കുന്നു.

## 9

*"പ്രവാചകന്മാരുടെ ആത്മാവ് പ്രവാചകന്മാർക്കു വിധേയമാണ്"* (14:32); അവരെ അനുസരിക്കുകയും ചെയ്യുന്നു. അതായത്, അവർ സംസാരിക്കാൻ ആഗ്രഹിക്കുകയും അവർ സംസാരിക്കേണ്ടതാവശ്യമായിരിക്കുകയും ചെയ്യുമ്പോൾ, അത് അവർക്കു വെളിപ്പെടുന്നു. അതായത്, ആത്മാവിന്റെ പ്രവർത്തനം ഉള്ളപ്പോൾ, ഓരോ പ്രവചനവരവും മറ്റുള്ളവർക്ക് വഴിമാറികൊടുക്കുന്നു. ഈ വരം ഉള്ളവനെ അത് കലഹത്തിലേക്ക് നയിക്കുന്നില്ല. കാരണം; ദൈവം ഇത്തരം ദാനങ്ങൾ കോലാഹലത്തിനു നൽകാറില്ല.

www.malankaralibrary.com



*"നിങ്ങളുടെ സ്ത്രീകൾ സഭകളിൽ മിണ്ടാതിരിക്കട്ടെ"* (14:34): തങ്ങൾക്കു ലഭിച്ചിരിക്കുന്ന വരങ്ങൾ അവർ തങ്ങളുടെ ഭവനങ്ങളിൽ ഉപയോഗിക്കട്ടെ. കാരണം, ഫിലിപ്പോസിൻെറ പുത്രിമാരെപ്പോലെ, പ്രവചന വരത്തിന് അർഹരായ അനേകം സ്ത്രീകൾ ഉണ്ടായിരുന്നു.

*"നിയമം അനുശാസിക്കുന്നതുപോലെ"* (14:34): സംസാരത്തെപ്പറ്റിയല്ല, വിധേയത്വത്തെപ്പറ്റിയാണ് അവൻ പറയുന്നത് എന്ന് എനിക്കു തോന്നുന്നു. കാരണം, ദെബോറായും ഹുൽദായും പ്രവചിച്ചു. അല്ലെങ്കിൽ, വ്രതങ്ങളെപ്പറ്റിയും ഉടമ്പടികളെപ്പറ്റിയുമാണ്. ഭർത്താക്കന്മാരെ കൂടാതെ ഇവയൊന്നും ചെയ്തുകൂടാ എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് അവൻ പറയുന്നു. അല്ലെങ്കിൽ, കൂടാരത്തിൽ പ്രാർത്ഥിച്ച സ്ത്രീകളുടെ ആ പ്രദർശനത്തെപ്പറ്റി. പ്രക്ഷാളനം വരെ അടുക്കുന്നതിനു മാത്രമേ അവർക്ക് അനുവാദം ഉണ്ടായിരുന്നുള്ളു.

*"ആരെങ്കിലും അറിയുന്നില്ലെങ്കിൽ, അറിയാതിരുന്നുകൊള്ളട്ടെ"* (14:38). അതായത്, ഞാൻ എഴുതുന്നവയെ ആരെങ്കിലും മനഃപൂർവം അവഗണിക്കുകയോ, മത്സരിക്കുകയോ, ഒന്നും അറിയാത്തവനെപോലെ പെരുമാറുകയോ ചെയ്യുന്നെങ്കിൽ, അവൻ അറിയാതിരുന്നുകൊള്ളട്ടെ.

*"അവൻ ശെമഓനു കാണപ്പെട്ടു"* (15:5): നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്തത് കണ്ടത് സ്ത്രീകളാണെന്ന് സുവിശേഷകർ പറയുമ്പോൾ, പത്രോസും പിന്നെ പന്ത്രണ്ടു പേരുമാണ് കണ്ടത് എന്നു പറയുകയും, സ്ത്രീകളെപ്പറ്റി ഒരു സുചനപോലും നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? സുവിശേഷത്തിന് വിരുദ്ധമായിട്ടല്ല അവൻ ഇവിടെ സംസാരിക്കുന്നത് എന്നു നാം പറയുന്നു; കൃത്യമായി അവന് അറിയാൻ പാടില്ലാഞ്ഞിട്ടുമല്ല; പിന്നെയോ, ലൗകികരും ആത്മീയരുമായ ജ്ഞാനികളുടെ രീതി അനുസരിച്ച്, ശ്രോതാക്കളുടെ മുമ്പാകെ അവൻ തൻെറ പ്രസംഗം മനഃപൂർവം വ്യത്യാസപ്പെടുത്തി. നമ്മുടെ കർത്താവും ഈ രീതി പലപ്പോഴും അനുവർത്തിച്ചിട്ടുണ്ട്. കോറിന്തോസിലെ പണ്ഡിതരായ താത്ത്വികർക്ക് അവൻ എഴുതുന്നതിനാൽ, ഉത്ഥാനത്തെപ്പറ്റി സ്ത്രീകളുടെ സാക്ഷ്യം അവതരിപ്പിക്കാതിരിക്കുന്നതാണ് ഉചിതം എന്ന് അവനു തോന്നി. ശ്രേഷ്ഠരായവർക്കുപോലും ഇത് നവീനവും അപരിചിതവും നിഷിദ്ധവുമായിരുന്നു. അതുകൊണ്ട് സ്ത്രീകളെ അതിൻെറ മദ്ധ്യത്തിൽ, പ്രധാന സാക്ഷികളായി, അവതരിപ്പിക്കുന്നത് അവഹേളനാർഹമായിരിക്കും എന്ന് അവൻ കണ്ടു. തങ്ങളുടെ വിശ്വാസത്തിനാ

www.malankaralibrary.com



ധാരം ഒരു സ്ത്രീയുടെ പ്രസ്താവനയാണ് എന്നു കരുതപ്പെടുക തനിക്കും യുദരിൽനിന്നും വിജാതീയരിൽ നിന്നുമുള്ള വിശ്വാസികൾക്കും അപമാനകരമായിരിക്കും. സഭയിൽ സ്ത്രീകൾ സംസാരിക്കാൻ അനുവദിക്കാത്തയാളിന് ഇതുപോലൊരു സംഗതിയുടെ മുഖ്യ സാക്ഷ്യമായി അവരുടെ മുമ്പിൽ അവരെ എങ്ങനെ അവതരിപ്പിക്കാനാവും. അതുകൊണ്ട്, ശിഷ്യരിൽ പ്രഥമന്റെ ഈ ആദ്യസാക്ഷ്യം താത്ത്വികമായി അവൻ രൂപീകരിച്ച് അവതരിപ്പിച്ചു. അവൻ നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്യുന്നത് നേരിട്ട് വ്യക്തിപരമായി കണ്ടില്ലെങ്കിലും ഉത്ഥാനം ദർശിച്ചു: അതായത്, കല്ലറ തുറന്നുകിടന്നത്, തുണികൾ ചുരുട്ടിവച്ചിരിക്കുന്നത്, രണ്ടു സ്ഥലത്തായി വച്ചിരുന്നത്, കല്ലറയിലെ സൗരഭ്യം ആദിയായവ - ഉത്ഥാനത്തെപ്പറ്റി ശ്ലീഹന്മാർ എല്ലാവരും നൽകിയ സാക്ഷ്യത്തിന് അവൻ മുദ്രവച്ചു. അവൻ കണ്ട ദർശനം അസാധാരണമായിരുന്നു. ഒരു സാധാരണദർശനത്തിലാണ് ഭൂമിയിൽ അവർ ദർശിച്ചത്. എന്നാൽ അവനാകട്ടെ വലിയ മഹത്ത്വത്തിൽ സ്വർഗത്തിൽ നിന്നാണ് ദർശിച്ചത്. അവൻ ബുദ്ധിപൂർവം രഹസ്യം കാക്കുകയും അതിന്റെ മഹത്ത്വം മറച്ചുവയ്ക്കുകയും ചെയ്തു. അവന്റെ താഴ്മ നിമിത്തം *'അകാലപ്രജ'* എന്നും *'അവസാനത്തവൻ'* എന്നും സ്വയം വിളിക്കുന്നു. ഇതിൽ അവൻ അഞ്ഞൂറുപേരെ അണിനിരത്തുകയും ചെയ്യുന്നു: *"അഞ്ഞൂറിലധികം സഹോദരന്മാർക്ക്"* എന്ന് അവൻ പറയുന്നു (15:6) പീഡാനുഭവത്തിനു മുമ്പ് യേശുവിൽ വിശ്വസിച്ചവരാണ് ഇവർ എന്ന് *ചിലർ* പറയുന്നു; എന്നാൽ ഇതിനു സാധ്യതയില്ല. കർത്താവ് ഉത്ഥാനം ചെയ്തപ്പോൾ കല്ലറകളിൽ നിന്ന് പുറത്തുവന്നവരാണ് ഇവർ എന്ന് *മറ്റുചിലർ* പറയുന്നു. - ഗലീലിയിൽ ഉണ്ടായിരുന്ന വിശ്വാസികളായ സഹോദരന്മാരെപ്പറ്റിയാണ് അവൻ സംസാരിക്കുന്നത് എന്ന് *ഭാഷ്യകാരൻ* പറയുന്നു.

*"അകാല പ്രജയായ എനിക്കും അവൻ കാണപ്പെട്ടു"* (15:8). മാസം തികയുന്നതിനുമുമ്പ് ഉദരത്തിൽ നിന്ന് പുറത്തേക്കു വരുന്ന ശിശുവാണ് അകാലപ്രജ. സ്വർഗത്തിൽ നിന്നുള്ള തന്റെ വരവിൽ എല്ലാവരും കർത്താവിനെ ദർശിക്കാനിരിക്കുന്നതുപോലെ, പൗലോസ് അവനെ സ്വർഗത്തിൽ നിന്നു കണ്ടു. എന്നാൽ അവരേക്കാളുപരിയായി അവിടുന്ന് പൗലോസിനെ ബഹുമാനിച്ചു. തന്റെ സ്വർഗത്തിൽ നിന്നുള്ള വെളിപാട് മറ്റു മനുഷ്യരെക്കാൾ മുമ്പുതന്നെ അവനു ദർശിക്കാൻ സാധിച്ചു. വരാനിരിക്കുന്ന ലോകത്തിന്റെ പ്രകാശവും അവൻ മുൻകൂട്ടി ദർശിച്ചു. *മറ്റുചിലർ:* 'ഞാൻ നിയമത്തിൽ അധ്വാനിച്ചപ്പോൾ മാസം

www.malankaralibrary.com



തികയാത്ത ഒരു അകാലപ്രജയിൽ നിന്നു ഞാൻ വ്യത്യസ്തനല്ലായിരുന്നു' എന്ന് പൗലോസ് പറയുന്നു; ഇതുപോലുള്ള മതത്തിന് ജന്മം നല്കാനേ നിയമത്തിനു കഴിയൂ. - ശ്ലീഹന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു അകാലപ്രജ എന്ന് അവൻ സ്വയം വിളിക്കുന്നു; ശ്ലീഹന്മാർ ആരംഭംമുതൽ അവസാനംവരെ കർത്താവുമായി പറ്റിച്ചേർന്നിരുന്നു. മാസം തികഞ്ഞു ജനിക്കുന്ന ശിശുവിനെപ്പോലെ, നീണ്ട സമയം വചനം ശ്രവിച്ചും കണ്ടും അവർക്കു പ്രോത്സാഹനം ലഭിക്കുകയും അവർ ശക്തീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ അവനാകട്ടെ, അത്തരം നീണ്ട കാലാവധിയും പ്രോത്സാഹജന്യ വാക്കുകളും കൂടാതെ പിടിക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്തു. ഇക്കാരണത്താൽ അവൻ സ്വയം *"അകാലപ്രജ"* എന്നു വിളിക്കുന്നു.

*"മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ, മിശിഹായും ഉയിർത്തിട്ടില്ല"* (15: 13) : കോറിന്തോസുകാർ മിശിഹായുടെ ഉത്ഥാനം അംഗീകരിച്ചിരുന്നു; എന്നാൽ തങ്ങളുടെ ഉത്ഥാനത്തെപ്പറ്റി സംശയാലുക്കൾ ആയിരുന്നു. ശരീരത്തിലെ ശിരസ്സിന്റെ ഉത്ഥാനം അംഗീകരിക്കുകയും, ശരീരത്തിലെ അവയവങ്ങളുടെ ഉത്ഥാനം നിഷേധിക്കുകയും ചെയ്യുന്നതിന് ശ്ലീഹാ അവരെ കുറ്റപ്പെടുത്തുന്നു. നമ്മുടെ കർത്താവിന്റെ ഉത്ഥാനം നിങ്ങൾ അംഗീകരിക്കുന്നെങ്കിൽ നിങ്ങളും ഉത്ഥാനം ചെയ്യും എന്ന് ഏറ്റുപറയുവിൻ എന്ന് അവൻ അവരോടു പറയുന്നു. നിങ്ങളുടേതു നിങ്ങൾ നിഷേധിച്ചാൽ, അവന്റേതും നിഷേധിക്കേണ്ടിവരും.

*"തന്റെ സകല ശത്രുക്കളെയും തന്റെ പാദങ്ങളുടെ കീഴിൽ ആക്കുവോളം അവൻ വാഴുവാനിരിക്കുന്നു"* (15:25). അവൻ പരിധി നിശ്ചയിക്കുകയല്ല, പിന്നെയോ, അവിടുന്ന് തന്റെ രാജ്യത്തിൽ തുടരുമെന്നും, പാപത്തിന്റെ രക്ഷാധികാരികളായ തന്റെ ശത്രുക്കളെ നിന്ദാപാത്രങ്ങളാക്കുമെന്നും അവൻ പറയുന്നു. *"മരണം നശിപ്പിക്കപ്പെടും"* (15: 26). മിശിഹാ പിശാചുക്കളെ ആദ്യം പീഡനത്തിനേൽപ്പിക്കും; പിന്നീട് പൊതുവായ പുനരുത്ഥാനം സംഭവിക്കും. അതിലൂടെ *മരണം* നീക്കപ്പെടും എന്ന് പൗലോസ് അറിയിക്കുന്നു. അവിടുത്തേക്ക് എല്ലാംചെയ്യാൻ കഴിയും എന്ന് നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെപ്പറ്റി വിശ്വസിക്കാൻ പ്രയാസമായതിനാൽ, തിരുലിഖിതത്തിൽനിന്ന് അവനിത് ഉറപ്പിക്കുന്നു: *"അവൻ സകലവും അവന്റെ പാദങ്ങളുടെ കീഴിൽ ആക്കിയിരിക്കുന്നു"* എന്ന് ദാവീദ് പറയുന്നു (15:26; സങ്കീ. 8:6). *"സകലവും അവനു*

www.malankaralibrary.com



*കീഴ്പ്പെടുത്തി എന്നു പറഞ്ഞാൽ സമസ്തവും അവനു കീഴപ്പെടുത്തി യവൻ ഒഴികെ ഉള്ളവ എന്നു സ്പഷ്ടമാണ്. എല്ലാം അവനു കീഴ്പ്പെട്ട ശേഷം പുത്രൻ തന്നെയും അവനു കീഴ്പ്പെടും"* (15:27-28). അപ്പോൾ *"കീഴ്പ്പെടും"* എന്നുപറഞ്ഞാൽ, ഇപ്പോൾ മത്സരിക്കുകയാണ് എന്നു വരുമോ? നമ്മുടെയെല്ലാം വിധേയത്വം അവൻ സ്വയം ഏറ്റെടുക്കുകയാണോ? അവൻ ശിരസ്സും നാം അവൻെറ അവയവങ്ങളും ഭാഗങ്ങളുമാണ്. *'നാം അവൻെറ അസ്ഥിയിൽ നിന്നും മാംസത്തിൽ നിന്നും ഉള്ളവരാണ്'* എന്നും. 'ശരീരം മിശിഹായാകുന്നു' എന്നും അവൻ പറയുന്നു.[3] വിശ്വാസികളുടെ സമൂഹത്തെ അവൻ *ശരീരം* എന്നു വിളിക്കുന്നു. നാം ഇപ്രകാരം വിധേയപ്പെടാത്തതിനാൽ നമ്മെ പാപത്തിൽ നിന്നും സാത്താനിൽ നിന്നും മരണത്തിൽ നിന്നും വിമുക്തരാക്കാൻ നമ്മെപ്രതി അവൻ *'പാപവും ശാപവും'* എന്നു വിളിക്കപ്പെട്ടതുപോലെ, *'വിധേയനായില്ല* എന്നതും.

വീണ്ടും, നാം അനുദിനം വിധേയരായി തീർന്നാൽ, അവനും അനുദിനം വിശ്വാസികളിൽ വിധേയനായിതീരും; അവസാനം പൂർണമായും. വീണ്ടും, ഒരു വലിയവൻ തൻെറ സ്നേഹിതനു വിധേയമായിരിക്കുന്നതോ, രാജാവ് ദാസനു വിധേയമായിരിക്കുന്നുതോ ഏതാണ് കൂടുതൽ മോശമായിട്ടുള്ളത്? ആദ്യത്തേത് എളിമകൊണ്ടാണ്, സ്തുത്യർഹവുമാണ്; രാണ്ടാമത്തേത് ലജ്ജാവഹമാണ്! അങ്ങനെയെങ്കിൽ, പിതാവ് ഇസ്രായേലിനോടു പറയുന്നത് ശ്രദ്ധിക്കു: *"നീ നിൻെറ പാപങ്ങളാൽ എന്നെ ഭാരപ്പെടുത്തുകയും അകൃത്യങ്ങളാൽ എന്നെ കീഴ്പ്പെടുത്തുകയും ചെയ്തു"* (ഏശാ. 43:24). ഇതാ, പിതാവ് ഇസ്രായേലിനു കീഴ്പ്പെട്ടിരിക്കുന്നു. ഇസ്രായേൽ മക്കൾ തങ്ങളുടെ ശത്രുക്കൾക്കും ജേതാക്കൾക്കും കീഴ്പ്പെടുന്നത് ദൈവം കീഴ്പെടുന്നതായി കരുതപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്തിരുന്നു. കാരണം, അവരെ എല്ലാവരും ദൈവമക്കൾ എന്നു വിളിച്ചിരുന്നു. മകൻെറ നിന്ദനങ്ങളെല്ലാം പിതാവിൻേറതായി കണക്കാക്കപ്പെടുന്നു: *"നിങ്ങൾ നിമിത്തം എൻെറ നാമം പുറജാതികളുടെ ഇടയിൽ നിന്ദിക്കപ്പെടുന്നു"* (ഏശാ. 52:5). ഫിലിസ്ത്യർ പേടകം തട്ടിയെടുത്തപ്പോൾ, എബ്രായരുടെ ദൈവത്തെ തടവുകാരനാക്കി എന്നാണ് പറയപ്പെട്ടത് (എസ. 36:23). വിശുദ്ധ പാത്രങ്ങളെ

3. എഫേ 5:30; കൊളോ 2:17.

www.malankaralibrary.com



ബൽഷസ്സാർ അശുദ്ധമാക്കിയപ്പോഴും, അത് ദൈവവുമായി ബന്ധിക്കയത്രേ ചെയ്തിട്ടുള്ളത്. ഇതുപോലെയാണ് നമ്മുടെ വിധേയത്വവും പുത്രനിൽ ആരോപിക്കു ന്നത്. അതുകൊണ്ട്, *അധീനനാകും* എന്ന പദം നമുക്ക് ബുദ്ധിമുട്ട് ഉണ്ടാക്കേണ്ടതില്ല; കാരണം, അതു നിർബന്ധത്താൽ അല്ലായിരുന്നു: സ്വേച്ഛയാ സംഭവിച്ചതാണ്; പുത്രനു പിതാവിനോടെന്നപോലെയും, സ്നേഹിതനു സ്നേഹിതനോടെന്നപോലെയും, ശരീരത്തിന് ആത്മാവിനോടെന്നപോലെയും സ്വാഭാവികവുമായിരുന്നു. ആത്മാവിന് എന്തെങ്കിലും ആവശ്യംവന്നാൽ, നിർബന്ധത്താലെയല്ല, താല്പര്യപൂർവം കൈയും കണ്ണും പെട്ടെന്ന് കർമനിരതമാകുന്നു. ആത്മാവിനുവേണ്ടി പരിശുദ്ധാത്മാവ് മനുഷ്യനെ മുഴുവനായി നയിക്കുന്നു. അതുകൊണ്ട് പൗലോസ് വിധേയത്വത്തെയും താരതമ്യപ്പെടുത്തുകയും സാദൃശ്യപ്പെടുത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ഇതാണ് വിധേയത്വം എന്നു പറഞ്ഞാൽ. സ്വാഭാവിക കുടുംബബന്ധങ്ങളിൽ ഇത് വ്യാപിച്ചുകിടക്കുന്നു; അത് സ്നേഹത്തിലും സ്തുത്യർഹമായ ക്രമത്തിലും മഹത്ത്വീകരിക്കപ്പെ ടുന്നു. വീണ്ടും, അവിടുന്ന് ഒരു ശരീരം ധരിച്ചപ്പോൾ, ഈ അവമാനം സ്വയം ഏറ്റെടുത്തു. ഇതാ, ശരീരം ധരിക്കാത്ത പിതാവിൽ ദുഃഖം, ക്ഷീണം, വിധേയത്വം ആദിയായവ ആരോപിക്കപ്പെടുന്നു. അതുകൊണ്ട് പിതാവോ പുത്രനോ പേരുകൾ കൊണ്ടല്ല, പ്രവൃത്തികൊണ്ടാണ് അറിയപ്പെടുക.

*ഭാഷ്യകാരൻ* ഇപ്രകാരം പറയുന്നു: കോറിന്തോസുകാർ ഗ്രീക്കുകാരിൽ നിന്നായിരുന്നു; പുറജാതിക്കാർക്ക് തങ്ങളുടെ ദേവന്മാരെപ്പറ്റി പരസ്പരവിരുദ്ധങ്ങളായ നിരവധി ധാരണകൾ ഉണ്ടായിരുന്നു. പില്ക്കാലത്തുണ്ടായ ദേവന്മാർ ആദ്യമുണ്ടായവരോടു മത്സരിച്ച് അവരെ പരാജയപ്പെടുത്തി. ക്രോണോസിനെപ്പറ്റി അവർ ഐതിഹ്യം ചമച്ചു. ക്രോണോസ് തന്നെയാണ് ശനി. ദേവന്മാരിൽ ആദ്യത്തെയാളാണ് ക്രോണോസ്. ക്രോണോസ് തൻെറ ഭാര്യയായ റെയായുമായി ബന്ധം പുലർത്തി. 'നിൻെറ പുത്രൻ നിന്നെ നിൻെറ ദൈവത്വത്തിൽ നിന്നു നീക്കം ചെയ്യും' എന്ന് പ്രൊമെതെയുസ് അവനോടു പറഞ്ഞു. അതുകൊണ്ട്, തനിക്കു ജനിച്ച പ്ലൂട്ടോയേയും പൊസെയ്ദോനെയും ക്രോണോസ് വിഴുങ്ങി. സേവൂസ് ജനിച്ചപ്പോൾ കുട്ടി സുന്ദരനാണ് എന്നു കണ്ട് അവൻെറ അമ്മ അവനെ ഒളിച്ചുവച്ചു. അവനു പകരം പഴന്തുണിയിൽ പൊതിഞ്ഞ ഒരു കല്ല് അവനു നൽകി. അവൻ അതു വിഴുങ്ങിയപ്പോൾ, താൻ വിഴുങ്ങിയവയെല്ലാം അവൻ ഛർദ്ദിച്ചു. പിന്നീട് സേവൂസ്

www.malankaralibrary.com



തൻെറ പിതാവിൻെറ വൃഷണങ്ങൾ മുറിച്ചെടുത്തിട്ട് അവനെ തർതാറുസിലേക്ക് എറിഞ്ഞു. അഗ്നി ജ്വലിക്കുന്നിടമാണിത്. അതിൻെറ മുഖത്തുനിന്ന് കറുത്ത വണ്ടുകൾ പൊങ്ങിവരുന്നു. *"അവരുടെ തീ കെടുന്നില്ല, അവരുടെ പുഴു ചാകുന്നുമില്ല"* എന്ന് പറഞ്ഞുകൊണ്ട് (ഏശാ.66:24) ഇത് അവർ നമ്മിൽ നിന്ന് മോഷ്ടിച്ചു.

മിശിഹാ എല്ലാറ്റിനെയും കീഴടക്കാൻ പോകുന്നതിനാൽ, പിതാവിനെയും തള്ളിനീക്കിയിട്ട് അവൻെറ സ്ഥാനത്ത് ഭരിക്കും എന്ന് അവർ അവനെതിരായും ചിന്തിക്കാതിരിക്കാൻ പൗലോസ് അവരോടു പറയുന്നു: *"എല്ലാം അവനു കീഴ്പ്പെട്ടശേഷം പുത്രനും, സകലവും തനിക്കു കീഴ്പ്പെടുത്തിയവനു വിധേയനായിരിക്കും"* (15:28). അതായത്, തൻെറ മനുഷ്യത്വത്തിലാണ് പുത്രൻ വിധേയനായത്; തനിക്ക് സർവവും വിധേയമാക്കിയവനോട് അവൻ യോജിച്ചിരിക്കുന്നു. എല്ലാം തനിക്കു വിധേയമാക്കിയവന് അവനും വിധേയമായിരിക്കും. അതായത്, അവൻ അവനുമായി എല്ലാ ഹൃദയൈക്യവും യോജിപ്പും സ്വീകരിക്കുമ്പോൾ, അവൻ സ്വീകരിച്ച മനുഷ്യത്വത്തിന് ദൈവത്തിൽ നിന്നു വ്യത്യസ്തമായ മനസ്സുണ്ടായിരിക്കുകയില്ല; എന്നാൽ അപ്പോഴും ദൈവതിരുമനസ്സ് നിറവേറും. ഹൃദയൈക്യത്തിനും യോജിപ്പിനും പകരമായിട്ടാണ് *'വിധേയത്വം'* അവൻ ഉപയോഗിച്ചിരിക്കുന്നത്. കാരണം, വിധേയരാക്കപ്പെടുന്നവർപോലും ബലാൽക്കാരമായിട്ടല്ല വിധേയരാക്കപ്പെടുക.

*"എല്ലാറ്റിലും എല്ലാം"* (15:28): കാരണം, എല്ലാം അവനെ നോക്കിക്കൊണ്ടിരിക്കുന്നു; അവിടുത്തെ തിരുഹിതത്തിനെതിരായി ആരും ഒന്നും ചെയ്യുന്നില്ല. പിന്നെയോ, അവരെല്ലാം വചനമാം ദൈവത്തിൻെറ ആലയത്തോട് അചഞ്ചല സ്നേഹത്തോടെ ഐക്യപ്പെട്ടിരിക്കുന്നു. അദൃശ്യ ദൈവത്വത്തിൻെറ സ്വഭാവം അവനിൽ കണ്ടുകൊണ്ട് അവർ അവനിൽ വിശ്വസിക്കും. എല്ലാറ്റിനും ഉപരിസ്ഥനായ ദൈവത്തോടുള്ള ബന്ധുത്വം അവനിൽ അവർക്കു കിട്ടുന്നു. വീണ്ടും, *"എല്ലാറ്റിലും എല്ലാം"*: അറിവിൻെറ പൂർണതയാണ് നീ ഉദ്ദേശിക്കുന്നതെങ്കിൽ, അവിടുത്തെ സ്വീകരിക്കുന്നവരിൽ ദൈവം അതാകുന്നു; സന്തോഷമോ, സഹനരഹിതാവസ്ഥയോ ആണ് നീ ഉദ്ദേശിക്കുന്നതെങ്കിൽ, അവിടുന്ന് അതുമാണ്. ചുരുക്കത്തിൽ, എല്ലാം ദൈവത്തിലാണ്; ദൈവം എല്ലാറ്റിലുമാണ്. വീണ്ടും, *"ദൈവം എല്ലാറ്റിലും എല്ലാം ആകുവാൻ"* (15:28): പിശാചുക്കളിലും മനുഷ്യരിലും. അവിടുന്നു തൻെറ സ്വഭാവത്താലേ എല്ലാ സ്ഥലത്തുമുണ്ട്. തൻെറ ഇച്ഛയിലും അവിടുന്ന് അപ്രകാരം ആയിരിക്കും. കാരണം, തൻെറ

www.malankaralibrary.com



ഇച്ഛയ്ക്കെതിരായി യാതൊന്നും ഉണ്ടായിരിക്കുകയില്ല. എന്നാൽ പീഡനത്തിൽ കഴിയുന്ന പിശാചുക്കളും ദുഷ്ടമനുഷ്യരും, തങ്ങൾ നീതിപൂർവം സ്വീകരിച്ച ദൈവികവിധിയെ നീതീകരിക്കും; നല്ല വസ്തുക്കൾ അനുഭവിച്ചുകൊണ്ട് നീതിമാന്മാർ ദൈവസ്നേഹത്തിൽ ഉത്തരോത്തരം വളരും.

*"മരിച്ചവർ ഉയിർക്കാത്തപക്ഷം മരിച്ചവർക്കുവേണ്ടി എന്തിനു മാമോദീസാ സ്വീകരിക്കണം?"* (15:29). മാമോദീസാ മരണത്തെയും ഉത്ഥാനത്തെയും സൂചിപ്പിക്കുന്നതാണ്. ഉത്ഥാനമില്ലെങ്കിൽ, ഇല്ലാത്ത ഒന്നിൻെറ പേരിൽ നാമെന്തിന് വ്യർത്ഥമായ ഒരു സംഗതി നടത്തുന്നു എന്ന് അവർ ചോദിക്കുന്നു. ഉത്ഥാനം നീക്കിക്കളഞ്ഞാൽ, ക്രിസ്ത്യാനികളുടെ ഉത്ഥാനം, മാമോദീസാ, വിശ്വാസം ആദിയായവ വ്യർത്ഥമാണെന്ന് അവൻ കാണിക്കുന്നു. അവൻ ശരീരത്തെ *മൃതം* എന്നു വിളിക്കുന്നത് അമർത്ത്യാത്മാവുമായുള്ള താരതമ്യം കൊണ്ടുമാത്രമല്ല, അവരുടെ വാക്കനുസരിച്ച്, ഉയിർപ്പിൻെറ പ്രത്യാശ അവർക്കില്ലാത്തതുകൊണ്ടുകൂടിയുമാണ്. ശരീരത്തെപ്രതിയാണ് നാം സ്നാനം സ്വീകരിക്കുന്നത്; അത് അമർത്ത്യതയിലേക്കും അഴിവില്ലായ്മയിലേക്കും രൂപാന്തരപ്പെടുമെന്ന് നാം വിശ്വസിക്കുന്നു. ശരീരങ്ങൾ ഉയിർക്കുന്നില്ലെങ്കിൽ, സ്നാനവും ഉത്ഥാനത്തിൻെറ പ്രത്യാശയും അമർത്ത്യതയിലേക്കുള്ള മാറ്റവും വ്യർത്ഥമാണ്. അതുകൊണ്ട് *'നമുക്കു തിന്നുകയും കുടിക്കുകയും ചെയ്യാം'* (15:32).

# 10

*"ഭോഷാ, നീ വിതയ്ക്കുന്ന വിത്ത് അഴിയുന്നില്ലെങ്കിൽ, ജീവിക്കുന്നില്ല"* (15:36): ഇതിലൂടെ രണ്ടു കാര്യങ്ങൾ അവൻ കാണിക്കുന്നു: നിശ്ചയമായും ശരീരം ഉയിർക്കും; ചിലർ അഭക്തമായി പുലമ്പുന്നതുപോലെ മരിക്കുന്ന ശരീരം ഒന്നും, ഉയിർക്കുന്ന ശരീരം മറ്റൊന്നും ആയിരിക്കുകയില്ല. ബാർളി വിതച്ചിട്ട് ആരും ഗോതമ്പ് കൊയ്യാറില്ലല്ലോ; മുന്തിരി നട്ടിട്ട് അത്തിപ്പഴം പറിക്കാറില്ലല്ലോ. മറിച്ച്, എല്ലാം ക്രമം അനുസരിച്ച് സ്വാഭാവികമായി സംഭവിക്കുന്നു. *"ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ...."* എന്നു നമ്മുടെ കർത്താവ് പറഞ്ഞതിനെ (യോഹ. 12:24) ആധാരമാക്കിയാണ് ഈ വിവരണം!

www.malankaralibrary.com



*"സ്വർഗീയ ശരീരങ്ങളുണ്ട്; ഭൗമികശരീരങ്ങളുമുണ്ട്"*(15:40): വിശുദ്ധരുടെ ശരീരങ്ങളെ *സ്വർഗീയം* എന്നു വിളിക്കുന്നു; *ശക്തിയിലും* അന്ത്യം സംബന്ധിച്ചും; അവർ സ്വർഗത്തിൽ വസിക്കാൻ ഉള്ളവരാണ്. നീതിമാന്മാർക്ക് മാറ്റം സംഭവിക്കുകയും ഭൗമികരൂപത്തെ സ്വർഗീയരൂപം മറയ്ക്കുകയും ചെയ്യുന്നതിനാൽ; ഈ ലോകത്തിൽ സ്വർഗീയൻ ശാരീരികരൂപത്താൽ മറഞ്ഞിരിക്കുന്നു. ഈ ലോകത്തിൽ ആത്മാവ് ശരീരത്തിൽ മറഞ്ഞിരിക്കുന്നതിനാൽ, ആത്മാവേ ഇല്ല എന്നു പറഞ്ഞ് *അനേകർ* തെറ്റിൽ നിപതിക്കുന്നു. എന്നാൽ കൂടിക്കലരലിന്റെ ചേർച്ചയിൽ തുല്യതയുണ്ട് എന്ന് മറ്റുള്ളവർ പറയുന്നു; പദാർത്ഥങ്ങളുടെ ശുദ്ധീകരണവും സൂക്ഷ്മ വൽക്കരണവും നടക്കുന്നു എന്നു *വേറെ ചിലർ.* ഇപ്രകാരം, വരാനിരിക്കുന്ന ലോകത്തിൽ ശരീരത്തെ ആത്മാവ് മറയ്ക്കുന്നു. ഇവിടെ നാം ശരീരങ്ങളെ ദർശിക്കുന്നതുപോലെ, അവിടെ നാം ആത്മാക്കളെ പരസ്പരം കാണും. *ഭൗമികശരീരങ്ങൾ* എന്ന് അവൻ പറയുന്നത്, അവ ഭൂമിയിൽ വസിക്കുന്നതിനാലും ഭൗമികവസ്തുക്കൾ ഇഷ്ടപ്പെടുന്നതിനാലും ഭൂമിയിൽ വസിക്കാനുള്ളവ ആയതിനാലുമത്രേ.

*"സ്വർഗീയ ശരീരങ്ങളുടെ തേജസ് ഒന്ന്, ഭൗമികശരീരങ്ങളുടെ തേജസ് മറ്റൊന്ന്"* (15:40). സ്വർഗീയ ശരീരങ്ങളുടെയും ഭൗമികശരീരങ്ങളുടെയും മഹത്ത്വവ്യത്യാസം സ്വഭാവത്താലെയല്ല; പിന്നെയോ, മഹത്ത്വശ്രേഷ്ഠതയാൽ അറിയപ്പെടുന്നതാണ്. *"സൂര്യന്റെ തേജസ് ഒന്ന്, ചന്ദ്രന്റെ തേജസ് മറ്റൊന്ന്... "* (15:41). ഓരോരുത്തന്റെയും നീതിക്കനുസൃതമായി ശരീരങ്ങൾ പ്രകാശിക്കും. ഈ തിളങ്ങുന്ന വസ്തുക്കൾ പ്രകാശമാകയാൽ, അവയുടെ തേജസിന്റെ ഏറ്റക്കുറച്ചിൽ പ്രകാശത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ചു മാത്രമാണ്. ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം നൽകാൻ *"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്"* എന്നു പറയുന്നതുപോലെയാണിത് (യോഹ. 14:2).

*"നശ്വരതയിൽ വിതയ്ക്കപ്പെടുന്നു"* (15:42): അതായത്, വ്യതിയാന വിധേയമായി. *"അവമാനത്തിൽ"* (15:43): ഭാവിമഹത്ത്വവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇപ്പോഴുള്ള ശരീരം *അവമാനം* ആയി അവൻ കരുതുന്നു. മർത്യതയെ അവൻ *ബലഹീനത* ആയി കണക്കാക്കുന്നു (15:43); കാരണം, വേദനകളുടെയെല്ലാം കാരണം അതാണ്. അമർത്യതയെ

www.malankaralibrary.com



*ശക്തി* എന്ന് അവൻ വിളിക്കുന്നു (15:43); കാരണം, അതിൽ വേദനയ്ക്കു കടന്നു കയറാൻ പഴുതില്ല.

*"സ്വാഭാവിക ശരീരമുണ്ട്; ആത്മീയ ശരീരവുമുണ്ട്"* (15:44). ആത്മാവിൻെറ ചിന്തകളാൽ സംരക്ഷിക്കപ്പെടുകയും ജീവിക്കുകയും ചെയ്യുന്നത് *സ്വാഭാവികശരീരം*; ആത്മാവിൻെറ കൃപയാൽ സംരക്ഷിക്കപ്പെടുകയും അവിടുത്തെ ഇച്ഛയാൽ നയിക്കപ്പെടുകയും ചെയ്യുന്നത് *ആത്മീയ ശരീരം*. കാരണം, *"ആദ്യമനുഷ്യൻ ഭൂമിയിൽനിന്നുള്ള പൊടിയിൽനിന്ന്..."* എന്നിത്യാദി(15:47). ജഡത്തിലുള്ള മിശിഹാ, ആദത്തെപ്പോലെ സഹന വിധേയപ്രകൃതി ഉള്ളതിനാൽ, മരിക്കുകയും പിന്നീട് തൻെറ ഉത്ഥാനത്തിൽ അമർത്യനായി തീരുകയും ചെയ്തു. അതുപോലെ നാമും, ഈ ശാരീരിക ജീവിതത്തിൽ ആയിരിക്കുന്നിടത്തോളം കാലം, പൊടിയിൽ നിന്നുള്ളവരാണ്; എന്നാൽ ഉയിർത്തെഴുന്നേല്ക്കുമ്പോൾ, നാം ആത്മീയരായി തീരും. *"സ്വർഗത്തിൽനിന്നുള്ള കർത്താവ്"* (15:47): കാരണം, നമ്മിൽനിന്നുള്ള മനുഷ്യൻ സ്വർഗത്തിൽ നിന്ന് പ്രത്യക്ഷപ്പെടും.

*"ശരീരത്തിനും രക്തത്തിനും ദൈവരാജ്യം അവകാശപ്പെടുത്താൻ സാധ്യമല്ല"* (15:50): നാം മുകളിൽ വിവരിച്ചതുപോലെ *ശരീരം* എന്നത് പത്തു രീതികളിൽ പറയാവുന്നതാണ്; എന്നാൽ ഇവിടെ *വ്യതിയാന വിധേയത്വത്തെയും മർത്യതയെയുമാണ്* പൗലോസ് ഉദ്ദേശിക്കുന്നത്. *"നാം ശരീരത്തിൽ ആയിരിക്കുമ്പോൾ, ജഡികചിന്തകൾ ദൈവത്തിൻെറ ശത്രുക്കളാകുന്നു"* എന്ന വാക്യം പോലെ (റോമാ 8:7).

*"ഇതാ, ഞാൻ ഒരു രഹസ്യം നിങ്ങളോടു പറയുന്നു: നാമെല്ലാവരും നിദ്ര പ്രാപിക്കുകയില്ല"* (15:51): *"അവസാന കാഹളശബ്ദം"*: സംഭവിക്കാൻ പോകുന്നതിൻെറ അടയാളമായി കാഹളങ്ങളുടെ നിരവധി ശബ്ദം കേൾക്കപ്പെടും എന്നത് സ്പഷ്ടമാണല്ലോ; പിന്നീട് അവസാനത്തേത് ഉണ്ടാകും; അതോടുകൂടി ഉത്ഥാനമാകും. "അവസാനശത്രു ഉള്ളതു പോലെ, അവസാനകാഹളവും ഉണ്ടായിരിക്കും" എന്ന് *ഹെനാനാ* പറയുന്നു; മൂന്നു കാഹളങ്ങൾ അറിയപ്പെട്ടവയാണ്: തങ്ങളുടെ ജോലി നിർത്തി കർത്താവിൻെറ പക്കലെത്താൻ ഒന്നാമത്തേത് മാലാഖമാരെ വിളിച്ചുകൂട്ടും; രണ്ടാമത്തേത് എതിർക്രിസ്തുവിനെയും പിശാചുക്കളെയും പീഡനത്തിന് അയയ്ക്കാനുള്ളതാണ്: മൂന്നാമത്തേത്, മരിച്ചവരെ ഉണർത്തുകുയും, മരണക്കാസാ നുകരാത്ത ജീവനുള്ളവരെ രൂപാന്തരപ്പെടുത്തുകയും ചെയ്തു. വിശ്വാസികൾ ഏകശരീരവും ഏക സഭയു

www.malankaralibrary.com



മാകും എന്ന വാഗ്ദാനം മിശിഹായുടെ ആത്മാവ് നമ്മുടെ ആത്മാക്കളുമായി ചേരുമ്പോൾ യാഥാർത്ഥ്യമായിത്തീരും.

*"ഈ നശ്വരമായത് അനശ്വരമായത് ധരിക്കും"* (15:53): പ്രകൃതിയെ തൻെറ കൈകളിൽ സംവഹിക്കുകയും നശ്വരത തന്നെ അനശ്വരത ആയിത്തീരുന്നു എന്ന് എല്ലാ മനുഷ്യരുടെയും മുമ്പാകെ കാണിക്കുകയും ചെയ്യുന്നവനെപ്പോലെ. *ഈ* എന്നത് വിരൽചൂണ്ടിപോലെ ആളിനെ സൂചിപ്പിക്കുന്നു; എന്നാൽ ശ്ലീഹാ അതു പ്രകൃതിയെ കുറിക്കാൻ - ചെയ്ത പ്രവൃത്തിയിൽ നിന്ന് ആളിലേക്ക് - പ്രയോഗിക്കുന്നു.

അവൻ പാപത്തെ *"മരണത്തിൻെറ മുള്ള്"* എന്നു വിളിക്കുന്നു (15:56): കാരണം, അതിലൂടെ മരണം ആരംഭിച്ചു. അതുവഴി നമുക്കെതിരെ അത് ഇളകിമറിയുന്നു. അവൻ നിയമത്തെ *"പാപത്തിൻെറ ശക്തി"* എന്നു വിളിക്കുന്നു; കാരണം, നിരോധിക്കാൻ നിയമം ഇല്ലാത്തിടത്ത് നിയമലംഘനവും, അതായത്, പാപവും ഇല്ല. അവൻ ഇവിടെ മോശയുടെ നിയമത്തെ മാത്രമല്ല, പിന്നെയോ, സ്വാഭാവികമായോ, കല്പനയാലോ നൽകപ്പെട്ട സർവനിയമങ്ങളെയും ഉൾപ്പെടുത്തുന്നു. നാം ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ അവ വ്യവച്ഛേദിക്കുന്നുണ്ടല്ലോ. അപ്പോൾ മരണത്തോടുകൂടി പാപവും നശിപ്പിക്കപ്പെടും; നിയമങ്ങളെല്ലാം റദ്ദു ചെയ്യപ്പെടുകയും ചെയ്യും. നാം വ്യതിയാനാതീതരും ആവശ്യങ്ങൾക്കുപരിസ്ഥരും ആയിത്തീരുമ്പോൾ, നാം ആത്മാവിൻെറ കൃപയാലായിരിക്കും നയിക്കപ്പെടുക.

പൗലോസ് തൻെറ ലേഖനങ്ങളെല്ലാം ഗ്രീക്കിലാണ് എഴുതിയതെങ്കിലും *'മാറാനാതാ'* എന്ന വാക്ക് ഗ്രീക്കക്ഷരത്തിൽ സുറിയാനിയിൽ തന്നെ എഴുതി. ഇതുമാത്രം അറമായയിൽ രേഖപ്പെടുത്തിയത്: ഒന്നാമത് തിരുലിഖിതങ്ങൾ ശ്രദ്ധാപൂർവം പരിശോധിക്കുന്നതിന് അവരെ ഉത്തേജിപ്പിക്കുന്നതിന്; രണ്ടാമത്, അവരുടെ അഹങ്കാരത്തെ നിയന്ത്രിക്കുന്നതിന്; കാരണം, ഗ്രീക്കുഭാഷയുടെയും ഗ്രീക്കുവിജ്ഞാനത്തിൻെറയും തത്ത്വശാസ്ത്രത്തിൻെറയും പേരിൽ അവർ വീമ്പടിക്കുന്നു.

തിമോതിയോസ് വഴി പൗലോസ് ഈ ലേഖനം കൊടുത്തയച്ചു. കോറിന്തോസ് ആക്കായിയായിലാണ്.

ദൈവകൃപയാൽ, കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൻെറ വിശദീകരണം തീർന്നു.

www.malankaralibrary.com

# കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം

കോറിന്തോസുകാർക്കെഴുതിയ രണ്ടാംലേഖനത്തിന് മാർ ഈശോദാദ് എഴുതിയ വിവരണം ദിവ്യസഹായത്താൽ ഞാൻ എഴുതുന്നു. കർത്താവേ, എന്നെ സഹായിക്കണമെ. ആമ്മീൻ.

പൗലോസ്, കോറിന്തോസുകാർക്ക് എഴുതിയതിൽ നിന്ന് അവർക്ക് വളരെ പ്രയോജനം ഉണ്ടായി എന്ന് തിമോതിയോസ് കോറിന്തോസിൽ നിന്നു തിരികെ വന്ന് പൗലോസിനെ അറിയിച്ചു. പിന്നീട് പൗലോസ് കത്തുകൂടാതെ തീത്തോസിനെ അവരുടെ പക്കലേക്കയച്ചു. അവർക്കു പ്രയോജനകരമായ സംഗതികൾ അവരോടു സംസാരിക്കുന്നതിനും ആദ്യകത്തിൻെറ ഭാരം ലഘൂകരിക്കുന്നതിനുമായിരുന്നു അത്. തീത്തോസ് അവരുടെ തീക്ഷ്ണത കണ്ട്, തിരികെ വന്ന്, പാപിയായ മനുഷ്യനെപ്പററി പൗലോസിനെ വിവരം ധരിപ്പിച്ചു: അതായത്, തൻെറ പാപത്തെപ്പറ്റി അയാൾ കഠിനമായി മനഃസ്തപിച്ചു; തങ്ങൾ മുമ്പു ചെയ്തവ സംബന്ധിച്ച്, ബാക്കിയുള്ളവരും കഠിനദുഃഖത്തിലായിരുന്നു.

മിശിഹായിൽ വിശ്വസിക്കുന്നവർ നിയമാനുഷ്ഠാനവിധേയരാണെന്ന് പറഞ്ഞുകൊണ്ട്, വിശ്വസിച്ച ചില യൂദന്മാർ പിന്നീട് കലഹം ഇളക്കിവിട്ടു. എന്നാൽ പുറജാതികളുടെ ശ്ലീഹായായി നിയമിതനായ പൗലോസാകട്ടെ നിയമാനുഷ്ഠാനങ്ങൾ കൂടാതെയാണ് മിശിഹായിലുള്ള വിശ്വാസം പകർന്നുകൊടുത്തത്. തൻെറ വ്യക്തിത്വത്തിൽ മിശിഹാ നിയമം പൂർത്തീകരിച്ചതിനാൽ, അവിടുന്ന് നമ്മെ അതിൻെറ അനുഷ്ഠാനങ്ങളിൽ നിന്നു സ്വതന്ത്രരാക്കിയിരിക്കുന്നു എന്നും, നാം നീതികരിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ ഇച്ഛയുടെ തീക്ഷ്ണതയാൽ വിശ്വാസത്താൽ ആണെന്നും അവൻ പറഞ്ഞു. അവനു ലഭിക്കുന്ന ബഹുമാനവും കീർത്തിയും അപകീർത്തിപ്പെടുത്താനും, അവൻെറ പ്രബോധനം നിന്ദിക്കപ്പെടാനും തങ്ങളുടെ കുടിലതന്ത്രങ്ങൾ പൂവണിയാനുമായി

www.malankaralibrary.com



അവർ അവനെ ശപിച്ചു. അത്തരക്കാർ കോറിന്തോസിലും എത്തി. “നിയമത്തെ നിന്ദിക്കുമ്പോൾ, അതിൻെറ നിന്ദനം നിയമദാതാവായ ദൈവത്തിലെത്തുന്നു” എന്നു പറഞ്ഞുകൊണ്ട് അവർ ഇതൊക്കെ ചെയ്തു. ഈ കാരണത്താൽ, പൗലോസ് അവർക്ക് ഈ രണ്ടാം ലേഖനം എഴുതി. സുവിശേഷത്തെപ്രതി തനിക്കു സഹിക്കേണ്ടിവന്ന നിരവധി പീഡനങ്ങളെപ്പറ്റി അവൻ അതിൽ വിവരിക്കുന്നു. താൻ പ്രസംഗിക്കുന്നത് വിശ്വസിക്കുക അർത്ഥപൂർണമാണെന്ന് ഈ കത്തിലൂടെ ഉറപ്പു നൽകുന്നു; കാരണം, പ്രവൃത്തികളിലൂടെ ഇതു വെളിവാക്കപ്പെട്ടതാണ്. തെറ്റിപ്പോയവന് മാപ്പുകൊടുക്കുക ആവശ്യമാണെന്ന് അവൻ പ്രഖ്യാപിക്കുന്നു. പിന്നീട് നൈയാമികാനുഷ്ഠാനങ്ങളെ മിശിഹായുടെ രക്ഷാകര കർമങ്ങളുമായി താരതമ്യപ്പെടുത്തുകയും അവ തമ്മിൽ വളരെ അന്തരമുണ്ടെന്ന് കാണിക്കുകയും അതുപോലെയുള്ള മറ്റു സംഗതികൾ വിവരിക്കുകയും ചെയ്യുന്നു.

# 1

*“മിശിഹായുടെ സഹനങ്ങൾ ഞങ്ങളിൽ വർദ്ധിച്ചിരിക്കുന്നതുപോലെ മിശിഹാമൂലം ഞങ്ങളുടെ സമാശ്വാസവും വർദ്ധിക്കുന്നു”* (2കോറി 1:5) എന്നു പറഞ്ഞുകൊണ്ട് ക്ലേശങ്ങളിൽ സമാശ്വാസവും ഉണ്ട് എന്ന് പൗലോസ് പറയുന്നു. അതായത്, നാം മിശിഹായെപ്രതി സഹിക്കുന്നതിനാൽ, നമ്മുടെ സഹനങ്ങൾക്കനുസൃതമായി, മിശിഹാ നമുക്ക് സമാശ്വാസവും പ്രദാനം ചെയ്യുന്നു.

*“നിങ്ങൾക്ക് ഇരട്ടിയായി കൃപ ലഭിക്കുന്നതിന്”* (1:15): അതായത്, നമ്മിലുള്ള ശാരീരികവും ആത്മീയവുമായ ഇരട്ട പ്രകൃതമനുസരിച്ച് കൃപ ലഭിക്കുന്നതിന്.

*“അതേ, അതേ”* *എന്നും* *“അല്ല, അല്ല”* എന്നും (1:17): ഇതാണ് സത്യത്തിൻെറ പാരമ്യം; *“അതേ, അല്ല”* എന്നതും, “അല്ല, അതേ” എന്നതും കള്ളത്തിൻെറ പാരമ്യം ആണ്.

*“ഹൃദയവ്യഥയ്ക്കു”* പകരം ഗ്രീക്കിൽ *“ഹൃദയ ഞെരുക്കം”* എന്നാണ് (2:4). സാത്താനെതിരെയുള്ള യുദ്ധപരമ്പരകളിൽ അവൻ *“നമ്മെ കീഴടക്കാതിരിക്കാനുള്ള ഞെരുക്കമാണ് വ്യഥ* (2:11). ഒരാളെകൂടി കൂട്ടി

www.malankaralibrary.com



സാത്താൻ തൻെറ പാർട്ടി വളർത്താനോ, ഒരാൾ പുറത്തുപോകുന്നതിലൂടെ മിശിഹായുടെ പാർട്ടി ചെറുതാകാനോ ഇടയാകരുത്. കാരണം, അവൻ തയാറാക്കുന്ന *"അവൻെറ കുതന്ത്രങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ"* (2:11): ജീവനുള്ള ശരീരത്തിൽ നിന്നു വെട്ടപ്പെട്ട അയവയംപോലെ, ആരെങ്കിലും സഭയ്ക്കു പുറത്ത് കൂടുതൽ തങ്ങിയാൽ, പ്രത്യാശയ്ക്കിടം ഇല്ലാത്തവനെപ്പോലെയും അനുതാപത്തിൽനിന്ന് പ്രചോദനം ലഭിക്കാത്തവനെപ്പോലെയും അവൻ തന്നിൽതന്നെ നിലനില്ക്കുന്നതിനുള്ള ചിന്തകൾ സാത്താൻ അവനിൽ ഉല്പാദിപ്പിക്കും. വ്യഭിചാരം ചെയ്ത ഒരു പ്രബോധകനെപ്പറ്റിയാണ് പൗലോസ് ഈ കാര്യങ്ങൾ പറഞ്ഞത്.

## 2

*"ദൈവം ഞങ്ങൾവഴി തൻെറ ജ്ഞാനത്തിൻെറ സൗരഭ്യം എല്ലായിടത്തും പരത്തുന്നു"* (2:14): ശ്ലീഹന്മാർവഴി നാം സ്വീകരിച്ചതിനെയാണ് 'തൻെറ ജ്ഞാനത്തിൻെറ സൗരഭ്യം' എന്ന് അവൻ വിളിക്കുന്നത്; വരാനിരിക്കുന്ന ലോകത്തിലെ ജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോഴാണിത്. നിഗൂഢസ്ഥലത്ത് സൂക്ഷിച്ചുവച്ചിരിക്കുന്ന നല്ല വസ്തുക്കളുടെ സാദൃശ്യത്തിലാണിത്; അതിപ്പോഴും അദൃശ്യമാണെങ്കിലും, അതിൻെറ സൗരഭ്യം അതിൻെറ സാന്നിധ്യം വിളിച്ചറിയിക്കുന്നു. പൗലോസ് *സൗരഭ്യം* എന്നു മാത്രം പറയുകയും അതിൻെറ ഗുണത്തെപ്പറ്റി ചൂണ്ടിക്കാണിക്കാതിരിക്കുകയും ചെയ്തതിനാൽ ഇതും കൂട്ടിച്ചേർക്കുന്നു: *"ഞങ്ങൾ ദൈവത്തിന് മിശിഹായിൽ പരിമളമാണ്"* (2:15). വാക്കുകളിലൂടെയും അത്ഭുതങ്ങളിലൂടെയും ഉള്ളവ ഒഴിവാക്കിയാൽ, ഇത് ഇപ്പോൾ അദൃശ്യമാണെങ്കിലും ഞങ്ങൾ മിശിഹായിൽ, ദൈവത്തിനു പ്രീതികരമായ പരിമളമാകുന്നു എന്ന് അവൻ പറയുന്നു. ഇതിനെ വേർതിരിക്കാനും അവരിൽ ഭീതി ജനിപ്പിക്കാനുമായി ഞങ്ങൾ ഇത് എല്ലാവരെയും പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു: *"മരണത്തിൻെറ ഗന്ധമുള്ളവർക്ക് മരണത്തിനായും, ജീവൻെറ ഗന്ധമുള്ളവർക്ക് ജീവനായും"* (2:16). ഞങ്ങൾ ചെയ്യുന്ന ഈ കാര്യങ്ങളിലൂടെ, മിശിഹാ എല്ലാവർക്കും അറിയപ്പെടുന്നു. ഇതു ഗ്രഹിച്ച് വിശ്വസിക്കുന്നവന് അറിവ് ലഭിക്കുന്നു; വരാനിരിക്കുന്ന ജീവിതത്തിലെ സന്തോഷത്തിനു പ്രതീക്ഷ നൽകുന്നു. വിശ്വസിക്കാൻ കൂട്ടാക്കാത്തവനെ നിത്യമായ മരണശിക്ഷ കാത്തിരിക്കുന്നു.

www.malankaralibrary.com



*"ഇവയ്ക്ക് ആരാണ് യോഗ്യൻ?"* (2:16): ഞങ്ങൾക്കുള്ള ഇവയൊക്കെ ആത്മാവിൽ നിന്നാണ്. ഈ ശുശ്രൂഷയ്ക്ക് ഞങ്ങളോ, മറ്റാരെങ്കിലുമോ യോഗ്യരല്ല എന്നു ഞങ്ങൾ കരുതുന്നു. കാരണം, *"ദൈവവചനത്തിൽ മായം ചേർക്കുന്നവരെപ്പോലെയല്ല ഞങ്ങൾ"* (2:17). ഗ്രീക്കിൽ, *"ദൈവ വചനം കൊണ്ട് ചില്ലറ വ്യാപാരം നടത്തുന്ന അനേകരുണ്ട്; അവരേപ്പോ ലെയല്ല ഞങ്ങൾ"* എന്നാണ്. വീഞ്ഞും വെള്ളവും കൂട്ടിക്കലർത്തുന്നവ രെപ്പോലെ, മിശിഹായുടേതുമായി നൈയാമികസംഗതികൾ കൂട്ടിക്ക ലർത്തുന്നവരെയാണ് അവൻ ചില്ലറ വ്യാപാരികൾ എന്ന് വിളിക്കുന്നത്. "എന്നാൽ ആത്മാർത്ഥമായും, ദൈവത്തിൽനിന്നു ഞങ്ങൾ സ്വീകരിച്ചതു പോലെയും ദൈവതിരുമുമ്പാകെ മിശിഹായിൽ, അവിടുത്തെ പ്രബോ ധനം വഞ്ചന കൂടാതെയും തെറ്റു കൂടാതെയും മാറ്റം കൂടാതെയും കാപട്യം കൂടാതെയും ഞങ്ങൾ സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു". കാരണം, മോശയിലൂടെ ലഭിച്ച ലിഖിതം കൊല്ലുന്നു; മിശി ഹായിലൂടെയുള്ള ആത്മാവാകട്ടെ ജീവിപ്പിക്കുന്നു (3:6): ആദ്യത്തേതു കൊല്ലുന്നു; കാരണം, അതു ലംഘിക്കുന്നവരെ മരണം ഭീഷണിപ്പെടു ത്തുന്നു. എന്നാൽ ആത്മാവാകട്ടെ ജീവൻ നൽകുന്നു; അതിനെ സ്വീക രിക്കുന്നവർക്ക്, അത് ഉത്ഥാനവും അമർത്യതയും വാഗ്ദാനം ചെയ്യുന്നു.

*"നാമെല്ലാവരും മൂടുപടം അണിയാത്ത മുഖത്താൽ കർത്താവിന്റെ മഹത്ത്വം ദർശിച്ചുകൊണ്ട്, അവിടുത്തെ സാദൃശ്യത്തിലേക്ക് തേജസിൽ നിന്നു തേജസിലേക്ക് രൂപാന്തരപ്പെടുന്നു"* (3:18): അതായത്, മോശയെ പ്പോലെ, മുഖത്തു മൂടുപടം അണിയാതെ, കർത്താവായ മിശിഹായുടെ മഹത്ത്വം നാമെല്ലാവരും വ്യക്തമായും സ്പഷ്ടമായും ദർശിക്കും എന്നാണ് അവൻ പറയുന്നത്.

*"കണ്ണാടിയിൽ എന്നപോലെ"* (3:18): അതായത്, കണ്ണാടിയിൽ നോക്കുമ്പോൾ മുഖം കൂടുതൽ തിളങ്ങുന്നതായി തോന്നുന്നതുപോലെ, നാമും അനന്ത പ്രകാശത്തിൽ ആ ഛായയിലേക്കു രൂപാന്തരപ്പെട്ടു കൊണ്ടും ഓരോരുത്തനും അവനവന്റെ നീതിക്കനുസൃതം ജ്വാല പര ത്തിക്കൊണ്ടും മിശിഹായെ ദർശിക്കാമെന്നു പ്രത്യാശിക്കുന്നു. എന്നാൽ നമ്മുടേത് അവിടുത്തെ ശോഭപോലെ ആയിരിക്കുകയില്ല. നാമും ശോഭ പരത്തും; എന്നാൽ അവിടുത്തേതിനേക്കാൾ കുറവായിരിക്കും. പരിശു ദ്ധാത്മദാനത്താൽ ഇവയെല്ലാം അപ്പോൾ നമ്മുടേതായിരിക്കും; അതിൽ ഒരംശം മാത്രമേ ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ളു. അതുകൊണ്ട് പൗലോസ്

www.malankaralibrary.com



പറയുന്നു: *"തേജസിൽ നിന്നു തേജസിലേക്ക്". "തേജസിൽ നിന്ന്"* എന്നത് അച്ചാരമായി നാം ഇവിടെ സ്വീകരിക്കുന്ന ആത്മാവിന്റെ വരങ്ങളെപ്പറ്റിയാണ്. ശ്ലീഹന്മാർ പ്രവർത്തിച്ച അടയാളങ്ങളിലൂടെ അവയുടെ ശക്തി അപ്പോൾ വെളിവാക്കപ്പെട്ടു. *"തേജസിലേക്ക്"* എന്നത്: പരിശുദ്ധാത്മാവിന്റെ ദാനത്താൽ ഇവിടെ നമുക്കു നൽകപ്പെട്ട തേജസിൽ നിന്ന്, സ്വഭാവത്തിലും ബഹുമാനത്തിലും കർത്താവായ ആത്മാവ് ഉത്ഥാനത്തിൽ നമുക്കു പ്രദാനം ചെയ്യുന്ന ആ അവാച്യമായ തേജസിലേക്ക് നാം കടക്കും.

*"ലജ്ജാകരങ്ങളായ രഹസ്യകാര്യങ്ങൾ ഞങ്ങൾ പരിത്യജിച്ചിരിക്കുന്നു"* (4:2): പരിച്ഛേദനത്തെപ്പറ്റിയാണ് അവൻ പറയുന്നത്. ഇതനുഷ്ഠിക്കണമെന്ന് പരിച്ഛേദനത്തിൽപെട്ടവർ ശക്തിയുക്തം വാദിച്ചതാണ്. *"വിശ്വസിക്കാത്തതിനാൽ, ദൈവം ഈ ലോകത്തിൽ ചിലരുടെ മനസ്സിനെ അന്ധമാക്കി. അവരെപ്പോലെ കുടിലതയോടുകൂടി ഞങ്ങൾ വ്യാപരിക്കുന്നില്ല"* (4:2.4). എന്നാൽ, *"ഈ ലോകത്തിന്റെ ദേവൻ അവിശ്വാസികളായ അവരുടെ മനസ്സിനെ അന്ധമാക്കിയിരിക്കുന്നു"* എന്നാണ് ഗ്രീക്കിൽ. *"ദൈവം അന്ധമാക്കി"* എന്നത് *"അവമാനമുള്ള വ്യാധികൾക്ക് ദൈവം അവരെ കൈവിട്ടു"; "വ്യർത്ഥചിന്തയ്ക്ക് ദൈവം അവരെ കൈവിട്ടു"* എന്നതുപോലെയും (റോമാ 1:24.26), *"ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കി"* എന്നതുപോലെയും (പുറ. 9:12) ആണ്. ഈ ദുഷ്പ്രവൃത്തികൾ ചെയ്യാൻ ദൈവം അവരെ നിർബന്ധിച്ചതല്ല; പ്രത്യുത, അവിടുന്ന് അവരെ അവഗണിച്ച് ഉപേക്ഷിക്കുകയും തടയാതിരിക്കുകയും ചെയ്തു. അതുപോലെ ഇവിടെയും. തങ്ങളുടെ സ്വേച്ഛാനുസൃതം തങ്ങളുടെ മനസ്സിനെ അന്ധമാക്കാൻ അവിടുന്ന് അവരെ കൈവിട്ടു എന്നതിനുപകരം, 'അവൻ അവരെ അന്ധരാക്കി' എന്നു പറഞ്ഞിരിക്കുന്നു.

*"ഈ ലോകത്തിന്റെ ദൈവം"* (4:4): ഒരർത്ഥത്തിൽ ഈ ലോകം അവിടുത്തേതാണ്; അവിടുന്നാണ് ഇതിന്റെ സ്രഷ്ടാവ്. "ഈ ലോകത്തിലെ ദേവൻ" എന്ന് ചിലയിടങ്ങളിൽ നാം വായിക്കുന്നു. ദൈവം അവരെ അവഗണിച്ച് ഉപേക്ഷിച്ചു എന്നും, ഈ ലോകം അവരുടെ മനസ്സിനെ അന്ധമാക്കി എന്നും മനസ്സിലാക്കിയാൽ, അവനും ശരിയായിട്ടാണ് ചിന്തിക്കുന്നത്. സുറിയാനിയിലും അനേകം പുസ്തകങ്ങളിൽ "ലോകത്തിൽ" എന്നതിനു പകരം "ലോകത്തിന്റെ" എന്നാണ് എഴുതപ്പെട്ടിരിക്കുന്നത് എന്ന് നാം അറിഞ്ഞിരിക്കണം.

www.malankaralibrary.com



*"ഇരുട്ടിൽ നിന്ന് പ്രകാശം ഉദിക്കട്ടെ എന്ന് അരുൾചെയ്ത ദൈവം"* (4:6): "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങളുടെമേൽ നീതിസൂര്യൻ ഉദിക്കും; ഇരുട്ടിൽ ഇരിക്കുന്നവരുടെമേൽ പ്രകാശം ഉദിക്കും"; "ഇരുട്ടിൽ ഇരിക്കുന്ന ജനം ഒരു പ്രകാശം ദർശിച്ചു" എന്നതാണ് ഇതിന്റെ അർത്ഥം എന്ന് *ചിലർ* പറയുന്നു! "പ്രകാശം ഉണ്ടാകട്ടെ" എന്നു ദൈവം ഒന്നാം ദിവസം പറഞ്ഞതു തന്നെയാണിത് (ഉല്പ.1:3) എന്ന് *മറ്റുചിലർ* പറയുന്നു. അത് ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെട്ടപ്പോൾ അന്ധകാരത്തിന്റെ മധ്യത്തിൽ നിന്നെന്നവണ്ണമാണ് വെളിപ്പെട്ടത്. *"പരമമായ ശക്തി ദൈവത്തിന്റേതാണ് എന്നു വെളിപ്പെടുത്തുന്നതിന് മൺപാത്രങ്ങളിലാണ് ഈ നിധി ഞങ്ങൾക്കു ലഭിച്ചിരിക്കുന്നത്"* (4:7). പരിശുദ്ധാത്മദാനത്തെ അവൻ *നിധി* എന്നു വിളിക്കുന്നു; എന്നാൽ മനുഷ്യന്റെ മർത്യത നിമിത്തം അവനെ *മൺപാത്രം* എന്നു വിളിക്കുന്നു.

# 3

*"ശരീരമാകുന്ന ഞങ്ങളുടെ ഈ ഭൗമികഭവനം അഴിഞ്ഞുപോയാൽ കൈവേലയല്ലാത്ത ഒരു ഭവനം ഉണ്ടെന്ന് ഞങ്ങൾ അറിയുന്നു"* (5:1). അവൻ ശരീരത്തെ ഭവനം എന്നു വിളിക്കുന്നു. 'ഭൗമികവും ശാരീരികവുമായ ജീവനെയും ഘടനയെയുമാണ് അവൻ ഇപ്രകാരം വിളിക്കുന്നത്; ഒരു കളരിപോലെ അതു നൽകപ്പെട്ടിരിക്കുന്നു; അവശ്യാവശ്യം അത് അഴിഞ്ഞുപോകും' എന്ന് *മറ്റുചിലർ* പറയുന്നു. വരാനിരിക്കുന്ന ജീവിതത്തെ *"കൈവേലയല്ലാത്ത ഭവനം"* എന്ന് അവൻ വിളിക്കുന്നു. ദൈവം അതു നിർമ്മിച്ചു; ഇതു മറ്റൊരാൾ നിർമിച്ചു എന്ന അർത്ഥത്തിലല്ല; പിന്നെയോ, രണ്ടും അവിടുത്തെ നിശ്ചയത്താലും കരവേലയാലും സൃഷ്ടിക്കപ്പെട്ടവയാണ്. മറ്റേ ജീവിതം ഇപ്പോഴത്തേതിൽ നിന്ന് വ്യത്യസ്തമാണ്; അതുകൊണ്ട് മനുഷ്യകരം തയാറാക്കിയതല്ല അത് എന്ന് നമ്മെ മനസ്സിലാക്കാൻ വേണ്ടിയാണിത്. ആ സമയം നമ്മുടെ പാലനത്തിനും വിശ്രമത്തിനുമാണ്.

*"ഞങ്ങളുടെ സ്വർഗീയവസതി ധരിക്കാൻ ഞങ്ങൾ നെടുവീർപ്പിടുകയും വെമ്പൽകൊള്ളുകയും ചെയ്യുന്നു"* (5:2). ഈ ലോകവസ്തുക്കൾ ഞങ്ങളെ വളരെ ഭാരപ്പെടുത്തുന്നു എന്ന് അവൻ പറയുന്നു(5:4): കാരണം,

www.malankaralibrary.com



ഭാവിവസ്തുക്കളെ കുറിച്ചുള്ള ആഗ്രഹത്താൽ ഞങ്ങൾ ജ്വലിക്കുന്നു. *"അതിൻെറ മീതേ ധരിക്കുവാൻ"* (5:4). നാം മറ്റൊരു ശരീരം ധരിക്കുകയല്ല; പിന്നെയോ, ഈ ശരീരംതന്നെ ഇതിനേക്കാൾ മെച്ചപ്പെട്ട ജീവിതത്തിലേക്ക് കടക്കും. നമുക്ക് ഉത്ഥാനം മാത്രം മതി എന്ന് അവർ കരുതാതിരിക്കാൻ അവൻ പറയുന്നു: *"അതു ധരിക്കുമ്പോൾ ഞങ്ങൾ നഗ്നരായി കാണപ്പെടുകയില്ല"* (5:3). അതായത്, വിശുദ്ധരുടെ ശരീരങ്ങൾ അവിടെ മഹത്ത്വപ്രഭ ധരിക്കും; കാരണം, ഉത്ഥാനം എല്ലാവർക്കും ഒരുപോലെയാണ്; എന്നാൽ മഹത്ത്വം സുകൃതമുള്ളവർക്കു മാത്രമാണ്. *"ഈ ഭവനത്തിൽ ആയിരിക്കവെ, ഇതിൻെറ ഭാരത്താൽ ഞങ്ങൾ നെടുവീർപ്പിടുന്നു"* (5:4). ഇത് ഉരിഞ്ഞുകളയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല; പിന്നെയോ, ഇതിൻെറ മീതേ ധരിക്കാനാണ് ആഗ്രഹിക്കുന്നത്. ചിലർ പറഞ്ഞതുപോലെ, അവൻ ശരീരത്തെപ്പറ്റിയല്ല സംസാരിക്കുന്നത്. പിന്നെയോ, ഈ ക്ലേശഭൂയിഷ്ഠമായ ജീവിതത്തെപ്പറ്റിയാണ്; ശരീരം നിമിത്തം, ബൗദ്ധികാത്മാവും അതിനു വിധേയമായിരിക്കുന്നു. അതിൻെറ ഭാരത്താൽ "നെടുവീർപ്പിടുന്നു" എന്നത്, ചിലർ പറയുന്നതുപോലെ, അതു ചീത്തയായതിനാലല്ല; ഈ ശരീരം ബുദ്ധിപൂർവം രൂപീകരിക്കപ്പെടുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്; എങ്കിലും ഇതിനേക്കാൾ മെച്ചപ്പെട്ട ഒന്നിനെ നാം പ്രതീക്ഷിക്കുന്നു. *"ഞങ്ങൾ അകന്നിരിക്കുന്നു"* (5:6): അതായത് ഞങ്ങൾ വിദൂരത്തിലാണ്.

*"നാം ശരീരത്തിൽ നിന്നകന്ന് നമ്മുടെ കർത്താവിനോടൊത്ത് ആയിരിക്കും"* (5:8) എന്നത്, *"മനുഷ്യർ ഒരു പ്രാവശ്യം മരിക്കണം, അതിനുശേഷം വിധി എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു"* (എബ്രാ. 9: 27) എന്നതുപോലെയാണ്. മരണശേഷം ഉടനെതന്നെ ന്യായവിധി ഇല്ലാത്തതുപോലെ, നമ്മുടെ വേർപാടിനുശേഷം ഉടനെതന്നെ നമ്മുടെ കർത്താവിനോടൊത്തുള്ള വാസം ഇല്ല. എന്നാൽ മനുഷ്യൻ ഈ വ്യതിയാനവിധേയമായ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം, അവൻെറ സുകൃതത്തിൻെറ നിക്ഷേപം അപകടത്തിലാണ്; എന്നാൽ അവൻ മരിക്കുമ്പോൾ, അവൻെറ സുകൃതകർമങ്ങൾ അപകടത്തിനതീതമായി മുദ്രവയ്ക്കപ്പെടുന്നു. നമ്മുടെ വേർപാടിൻെറ സമയം മുതൽ നാം കർത്താവിനോടുകൂടി ആയിരിക്കും എന്ന് *വേറെ ചിലർ* പറയുന്നു. ഇന്നു നൽകിയ വാഗ്ദാനമനുസരിച്ച് നാം പറുദീസായിലേക്കു പോകും. നമ്മുടെ

www.malankaralibrary.com



ആത്മാക്കളുടെ ഉത്ഥാനത്താൽ ഭാവിവസ്തുക്കളുടെ പ്രത്യാശ നാം സ്വീകരിച്ചിരിക്കുന്നതിനാൽ ആണിത്.

*"അകന്നിരുന്നാലും അടുത്തിരുന്നാലും"* (5:9) എന്നത്, *'നമ്മുടെ കർത്താവിനോടൊന്നായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു'* (5:8) എന്നതു പോലെയാണ്. *'ഈ നൈമിഷികജീവിതത്തിൽ നിന്നു രക്ഷപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു'* എന്ന് അവൻ പറയുന്നു (ഫിലി. 1:23); ഞങ്ങളുടെ പീഡനത്തിന്റെ കാഠിന്യത്താലും നമ്മുടെ കർത്താവിന്റെ വാഗ്ദാനങ്ങളാലും ഭാവി വസ്തുക്കൾ ആഗ്രഹിക്കാൻ ഞങ്ങൾ പ്രേരിതരാകുന്നു.

നാം ഈ ആഗ്രഹം ലംഘിച്ച് ഈ മർത്യകൂടാരത്തിൽ തങ്ങി നിന്നാലോ! എങ്കിലും, നമ്മുടെ യാത്രയെക്കുറിച്ചും നമ്മുടെ താമസത്തെക്കുറിച്ചും ഇതായിരിക്കണം പ്രവാസികളുടെ രീതി: അതായത്, ദൈവത്തിന് സ്വീകാര്യമായതു നാം പ്രവർത്തിക്കണം: *"ജീവനിലാകട്ടെ, മരണത്തിലാകട്ടെ, മിശിഹാ എന്റെ ശരീരത്തിൽ മഹത്വപ്പെടും"* (ഫിലി. 1:20). നമ്മുടെ വേർപാടിനുശേഷം നമ്മുടെ തീക്ഷ്ണതയാൽ എന്തെങ്കിലും ചെയ്യാനാവും എന്നല്ല; പിന്നെയോ, നമ്മുടെ യാത്രയ്ക്കും നമ്മുടെ താമസത്തിനും നമുക്ക് അവിടുത്തെ കൃപ ലഭിക്കാനായിട്ടാണ്. കാരണം, നമ്മുടെ മരണത്തിനുശേഷം നമുക്ക് ഉടനെതന്നെ മറ്റൊരു ജീവിതം ഉണ്ടെങ്കിൽ, *"നാമേവരും മിശിഹായുടെ ന്യായാസനത്തിൻ മുമ്പാകെ പ്രതിഫലത്തിനായി നില്ക്കേണ്ടിവരും"* (റോമാ 14:10) എന്ന് പറഞ്ഞിരിക്കുന്നത് എന്തിനാണ്? വിശ്വാസികളെ ഉത്തേജിപ്പിക്കാനും വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് സന്തോഷപൂർവം പ്രത്യാശിക്കുവാൻ അവരെ പ്രേരിപ്പിക്കാനുമായി വിദൂരസ്ഥമായവയെ സമീപസ്ഥമെന്നവണ്ണം അവതരിപ്പിക്കുന്നു.

*"ഇനിമേൽ ഞങ്ങൾ ആരെയും ശാരീരികമായി അറിയുന്നില്ല"* (5:16): അതായത്, ഈ സമയം മുതൽ ഞങ്ങൾ ആരെയും, അയാൾ മർത്യനായിരിക്കുന്ന രീതിയിൽ, അറിയുന്നില്ല. മിശിഹാ മരണത്തെ നശിപ്പിച്ചു എന്ന് ഒരിക്കൽ അറിഞ്ഞവരാണു ഞങ്ങൾ.

*"പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി"* (5:21): മിശിഹാ പാപം ചെയ്യാഞ്ഞതിനാൽ, മരണശിക്ഷയിൽനിന്ന് വിമുക്തനായിരുന്നു എന്ന് അവർ ചിന്തിച്ചു എന്ന് അവൻ പറയുന്നു. തന്റെ

www.malankaralibrary.com



ഉത്ഥാനത്താൽ ജീവൻ പ്രദാനം ചെയ്യാനും നാം അവരുടെയിടയിൽ പാപരഹിതരായിരിക്കാനുമായി ദുഷ്ടരോടുകടെ എണ്ണപ്പെടുവാൻ അവൻ തിരുമനസ്സായി; അവരെപ്പോലെ അവൻ സ്വയം മരണവിധേയനായി. ഇപ്രകാരം *"ദൈവം അവനെ ആക്കി"* (5:21): അതായത്, അവനോടു ചെയ്ത ആ കാര്യങ്ങളിൽ.

*"ഇടത്തും വലത്തുമുള്ള നീതിയുടെ ആയുധം"* (6:7): *"വലത്തും"*: മഹത്ത്വത്തിലും വിശ്രമത്തിലുമുള്ള വസ്തുക്കൾ. *"ഇടത്തും"*: അതായത്, അധ്വാനത്തിൻെറയും അവമാനത്തിൻെറയും; അഥവാ, പ്രയാസമുള്ളവയും എളുപ്പമുള്ളവയുമായ കാര്യങ്ങൾ; അഥവാ, ശാരീരിക കാര്യങ്ങളും ആത്മീയ കാര്യങ്ങളും. ഈ രണ്ടു സംഗതികളും നീതി അഭ്യസിക്കുന്നവനെപ്പോലെ. പ്രയാസമുള്ളവയും ദുഷിച്ചവയുമായ കാര്യങ്ങളാൽ അവൻെറ മനസ്സ് ക്ഷീണിച്ചുപോകുന്നില്ല; വിശ്രമങ്ങളാലും എളുപ്പമുള്ളവയാലും അവൻ അലസനായി പോകുന്നുമില്ല.

*"കോറിന്തോസുകാരേ, ഞങ്ങളുടെ വായ് നിങ്ങളുടെ പക്കൽ തുറന്നിരിക്കുന്നു"* (6:11). പൗലോസ് അവരെ സ്നേഹിക്കുന്നതുപോലെ അവർ അവനെ സ്നേഹിക്കുന്നില്ലെന്ന് ഈ സംഗതികളിലൂടെ അവൻ കാണിക്കുന്നു. *"ഞങ്ങളുടെ വായ് തുറന്നിരിക്കുന്നു"* ഞങ്ങൾ സ്നേഹിക്കുന്നവനോട് സംസാരിക്കാൻ നിരന്തരമായി ആഗ്രഹിക്കുന്നതുപോലെ, *"ഞങ്ങളുടെ ഹൃദയം വിസ്തൃതമായിരിക്കുന്നു"* (6:11): യാതൊരു തടസ്സവും കൂടാതെ ഞങ്ങളുടെ ആത്മാവിൽ നിങ്ങളുടെ സ്നേഹം കടന്നു വസിക്കാൻ, ഞങ്ങൾ നിങ്ങളിലെന്നപോലെ. *"നിങ്ങൾ ഞങ്ങളിൽ ഞെരുങ്ങുന്നില്ല"* (6:12): അതായത്, ഞങ്ങളുടെ സ്നേഹം നിങ്ങളിൽ ഞെരുങ്ങുന്നതുപോലെ, നിങ്ങളുടെ സ്നേഹം ഞങ്ങളുടെ ആത്മാവിൽ ഞെരുങ്ങുന്നില്ല. അതായത്, ഞങ്ങൾ ഞങ്ങളുടെ മനസ്സിൽ നിങ്ങളെ അനുസ്മരിക്കുന്നതനുസരിച്ച്, നിങ്ങൾ ഞങ്ങളെപ്പറ്റി അല്പംപോലും പരിഗണിക്കുന്നില്ല. *"നിങ്ങൾ നിങ്ങളുടെ ഉള്ളിൽതന്നെ ഞെരുങ്ങുന്നു"* (6:12): അതായത്, ഗ്രീക്കനുസരിച്ച്, നിങ്ങളുടെ ചിന്തകളിൽ. കാരണം, ആരിലും അതിനു വിശ്വാസം ഇല്ലാത്തതിനാൽ സ്നേഹം ഇല്ലാത്തിടത്ത് മനസ്സ് ഞെരുങ്ങുന്നു. നിങ്ങളുടെ ആത്മാക്കളുടെ സ്നേഹം അടച്ചുപൂട്ടിയതും പരിമിതവുമാണ്; അത് വിശാലമല്ല, 'ഞങ്ങളുടെ സ്നേഹം കടന്നുവസിക്കാൻ അവിടെ ഇടമില്ല എന്ന് *മറ്റുചിലർ* പറയുന്നു.

www.malankaralibrary.com



# 4

*"ജഡത്തിൻെറയും അരൂപിയുടെയും എല്ലാ അശുദ്ധിയിൽനിന്നും നമുക്ക് നമ്മെത്തന്നെ വിശുദ്ധീകരിക്കാം"* (7:1): ആത്മാവിനെയാണ് അവൻ ഇവിടെ *അരൂപി* എന്നു പറയുന്നത്. വിഗ്രഹങ്ങളുമായുള്ള പങ്കു ചേരലാണ് അരൂപിയുടെ അശുദ്ധി. പാപകരമായ പ്രവൃത്തികളെ, പ്രത്യേകിച്ച് വ്യഭിചാരത്തെ ആണ് *ജഡം* എന്ന് അവൻ വിളിക്കുന്നത്.

*"പുറമേ പോരാട്ടങ്ങൾ, അകമേ ഭയം"* (7:5): പൗലോസിൻെറ പ്രബോധനത്തിൻെറ സത്യത്തെ ദുഷിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ട് അവനെതിരെ ചുറ്റിക്കറങ്ങിയ, ഭവനാംഗങ്ങൾ എന്നു കരുതപ്പെട്ടവരെപ്പറ്റിയാണിതെന്നു സ്പഷ്ടം; അപരിചിതരിൽ നിന്നും അവന് വളരെ ക്ലേശങ്ങൾ ഉണ്ടായി.

*"ഞാൻ നിങ്ങൾക്ക് ഇതെഴുതിയത്, ദ്രോഹം ചെയ്തവൻ നിമിത്തമല്ല; ആരോടു ദ്രോഹം ചെയ്തുവോ അവൻ നിമിത്തവുമല്ല"* (7:12): "അപരാധത്തിന് ഇരയായവനെപ്രതിയോ അല്ല" എന്ന് ഗ്രീക്ക്. വ്യഭിചാരം ചെയ്തവനെയാണ് അവൻ " ദ്രോഹം ചെയ്തവൻ" എന്നു വിളിക്കുന്നത്. അവൻ അതുവഴി തൻെറ പിതാവിനോട് അപരാധം പ്രവർത്തിച്ചു. പിതാവ് അപ്പോൾ ജീവിച്ചിരിപ്പില്ല എങ്കിലും അയാൾ അപരാധത്തിന് ഇരയായവനത്രേ. കാരണം, സ്ത്രീയുമായുള്ള ബന്ധം പിതാവിനോടുള്ള അപരാധമായിരുന്നു.

*"അവരുടെ കൊടിയ ദാരിദ്ര്യം ഉദാരതയുടെ സമ്പത്തായി കരകവിഞ്ഞൊഴുകി"* (8:2): മാസിഡോണിയാക്കാർ വളരെ ദരിദ്രരായിരുന്നു എങ്കിലും വിശുദ്ധർക്കുള്ള ദാനധർമ്മത്തിൽ അവർ ഔദാര്യം കാട്ടി എന്ന് അവൻ അവരെപ്പറ്റി സാക്ഷ്യപ്പെടുത്തി. *"തീത്തോസ് തുടങ്ങിയതുപോലെതന്നെ അവസാനിപ്പിക്കണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു"* (8:6): അതായത്, അവൻ ശുഷ്കാന്തി ഉള്ളവനായിരിക്കണമെന്നും, പ്രയോജനപ്രദമായവ നിങ്ങളിൽ നിന്നും മറ്റു വിശ്വാസികളിൽ നിന്നും ചുറ്റിനടന്ന് ശേഖരിക്കുന്നതിൽ മടുപ്പു തോന്നാതിരിക്കണം എന്നും ഉപദേശിക്കുന്നു.

*"സമ്പന്നനായിരുന്നിട്ടും അവിടുന്നു നിങ്ങളെപ്രതി ദരിദ്രനായി ത്തീർന്നു"* (8:9): അതായത്, നമ്മെപ്രതി അവിടുന്നു ദരിദ്രനായി തീർന്നതിനാൽ, അവിടുത്തെപ്പോലെ വിശുദ്ധരുടെ നേർക്കുള്ള ഔദാര്യത്തെ

www.malankaralibrary.com



പ്രതി നാമും നമുക്കുവേണ്ടി ദാരിദ്ര്യം തെരഞ്ഞടുക്കുന്നെങ്കിൽ, അതിൽ പ്രത്യേകത ഒന്നുമില്ല. *"ഒരു വർഷം മുൻപേ നിങ്ങൾ തുടങ്ങിയവ...."* (8: 10): അതായത്, കുറേ നാളായി, ജറുസലേമിലെ വിശുദ്ധർക്കുവേണ്ടി സ്വമനസ്സാലേ നിങ്ങൾ ധനശേഖരണം ആരംഭിച്ചു.

*"ഇപ്പോൾ ഞങ്ങളുടെ സഹോദരനെയും അവനോടുകൂടെ ഞങ്ങൾ അയച്ചിരിക്കുന്നു"* (8:19): അതായത്, ബർണബാസിനെ. സുവിശേഷ പ്രഘോഷണത്തിനും വിശുദ്ധരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിനും ഞങ്ങളോടുകൂടി നടന്ന് സഹകരിക്കുന്നതിന് ശ്ലീഹന്മാരും അന്ത്യോക്യൻ സഭയിലെ അധ്യക്ഷന്മാരും കൂടി അവനെ തെരഞ്ഞെടുക്കുകയും വേർതിരിക്കുകയും ചെയ്തതാണ്. സുവിശേഷപ്രഘോഷണത്തിൽ സഹകാരി ആയിരുന്ന ബർണബാസിനെ അയയ്ക്കുന്നതെന്തിനാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അവൻ പറയുന്നു: *"ആരും ഞങ്ങളെ കുറ്റപ്പെടുത്താതിരിക്കാൻ, ഇതേപ്പറ്റി ഞങ്ങൾ ഭയത്തോടെ വർത്തിച്ചു"* (8:20): അതായത്, ഈ ധനശേഖരണം ഞങ്ങൾ, ഞങ്ങൾക്കുവേണ്ടി ചെയ്യുന്നു എന്ന് ആളുകൾ ദുഷിക്കുമോ എന്നു ഞങ്ങൾ ഭയപ്പെടുന്നു. *"ഞങ്ങൾ പരീക്ഷിച്ചറിഞ്ഞ ഞങ്ങളുടെ ഒരു സഹോദരനെക്കൂടെ അവരോടൊപ്പം ഞങ്ങൾ അയച്ചിരിക്കുന്നു"* (8:22): ബർണബാസിനോടും തീത്തോസിനോടും കൂടെ ഉണ്ടായിരുന്ന "ഞങ്ങളുടെ സഹോദരൻെറ" പേര് അവൻ സൂചിപ്പിക്കുന്നില്ല; അത് ആവശ്യമുള്ള സംഗതിയായി അവനു തോന്നിയില്ല; അവനെ ഉടനെ കാണാൻ പോകുന്നവർ കത്തുവഴി അതറിയേണ്ട എന്ന് അവൻ കരുതിക്കാണും. അത് *അപ്പോളോ* ആണെന്ന് *ചിലർ* പറയുന്നു. കാരണം, ആ ലേഖനത്തിൽ പൗലോസ് അവർക്ക് ഇപ്രകാരം എഴുതി: *"ഇപ്പോൾ അവന് നിങ്ങളുടെ പക്കൽ വരുവാൻ കഴിയില്ല; എന്നാൽ മറ്റൊരവസരത്തിൽ അവൻ വന്നുകൊള്ളും"* (1 കോറി. 16:12).

# 5

*"ആകായിയാ കഴിഞ്ഞവർഷം മുതൽ തയ്യാറായിരിക്കുന്നു"* (9:2): അതായത്, വിശുദ്ധർക്കുള്ള ദാനധർമ്മംകൊണ്ട് അവൾ ഒരു വർഷം മുമ്പേ തയ്യാറായിരിക്കുന്നു. കോറിന്തോസ് എപ്പാർക്കിയെ അവൻ *ആകായിയാ*

www.malankaralibrary.com



എന്നു വിളിക്കുന്നു. "അത്യാഗ്രഹം എന്നപോലെയല്ല, സമ്മാനം എന്നപോലെ", അതായത്, അവർ അത് നിർബന്ധത്താലെയല്ല, സ്വന്ത ഇഷ്ടത്താലെയത്രേ നൽകേണ്ടത്. നിർബന്ധത്താൽ നൽകുന്നതിനെ അവൻ *അത്യാഗ്രഹം* എന്നു വിളിക്കുന്നു. *"ലോഭത്തോടുകൂടി വിതയ്ക്കുന്നവൻ ലോഭത്തോടെ കൊയ്യും; ഔദാര്യത്തോടെ വിതയ്ക്കന്നവൻ ഔദാര്യത്തോടെ കൊയ്യും"* (9:6): സമൃദ്ധമായി നൽകുന്നവൻ തന്റെ ദാനത്തിലൂടെ ധാരാളം ഫലം ശേഖരിക്കും എന്ന് അവൻ പറയുന്നു. കുറച്ചുമാത്രം നൽകുന്നവൻ, തന്റെ ദാനത്തിനനുസരിച്ചുള്ള ഫലം ശേഖരിക്കും. ദാനത്തോടുകൂടി ഹൃദയം ചേരാതെ ഇരിക്കുന്ന കുറച്ചുമാത്രമുള്ളതിനെ അവൻ *ലോഭം* എന്നു വിളിക്കുന്നു.

*"ഞാൻ വിനീതനാണ്"*, 'ഞാൻ തന്റേടിയുമാണ്'. (10:1-2). *"നിങ്ങളുടെ അനുസരണം പൂർത്തിയാകുമ്പോൾ അനുസരിക്കാത്തവരോട് പ്രതികാരം ചെയ്യാൻ ഞങ്ങൾ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നു"* (10:6). അതായത്, അനുസരണം ഇല്ലാത്തവരുടെമേൽ നിങ്ങളുടെ അനുസരണം പൂർത്തിയാകുന്നതിനുവേണ്ടി. അത് അപരിചിതരാകാം; ഭവനാംഗങ്ങളാകാം. ആത്മാവിന്റെ പ്രവർത്തനത്താൽ ഞങ്ങൾ അവരുടെമേൽ ന്യായവിധി നടത്തും. ഹനനിയായുടെ കുടുംബത്തെപ്പോലെ ഭവനാംഗങ്ങളാകാം; ക്ഷുദ്രക്കാരൻ എലീമാസിനെപ്പോലെ അപരിചിതരാകാം.

*"അവന്റെ ലേഖനങ്ങൾ ശക്തിമത്തും സാന്നിധ്യം നിന്ദ്യവുമാണ്"* (10:10): ഇത് പരിച്ഛേദനത്തിൽ പെട്ടവർ പൗലോസിനെപ്പറ്റി പറഞ്ഞതാണ്; എന്നാൽ അവർ തങ്ങളോടുതന്നെ തങ്ങളെ താരതമ്യപ്പെടുത്തുന്നതുകൊണ്ട് അവർ ഗ്രഹിച്ചില്ല" (10:12): അതായത്, ഇവിടെ താരതമ്യമേ ഇല്ല; കാരണം, താരതമ്യം മറ്റൊന്നുമായിട്ടാണ്; അതായത്, അവർ ചെയ്തതിനൊന്നും അവർക്കു സാക്ഷ്യം ഇല്ല; സാമ്യവുമില്ല. അവർ മറ്റുള്ളവരെ നോക്കാതെ പരസ്പരം തുലനം ചെയ്തു. അതായത്, ശിഷ്യരെ സമ്പാദിക്കാൻ അധ്വാനിക്കുന്ന നാമുമായി. എന്നാൽ അവർ തങ്ങളുടെ ധാർഷ്ഠ്യത്തിലും ഭാഷകളുടെ വ്യർത്ഥാഭിമാനത്തിലും മാത്രം ഉന്മത്തരായി നടന്നു. അവരോട് സുവിശേഷം ഒന്നും പ്രസംഗിക്കാതെയും അവർക്കൊരു ഗുണവും ചെയ്യാതെയും മറ്റുള്ളവരുടെ അധ്വാനത്തെപ്പറ്റി വീമ്പടിച്ചു നടന്നവർക്കെതിരായിട്ടാണ് തുടർന്നുള്ള ചർച്ചകളെല്ലാം.

www.malankaralibrary.com



# 6

നിയമാനുഷ്ഠാനങ്ങൾ പഠിപ്പിക്കുന്നവർക്ക് പഠിപ്പിക്കാൻ യാതൊരവസരവും ഇല്ലായിരുന്നു എന്നു കാണിക്കാൻ അവൻ പറയുന്നു: *"നിങ്ങളുടെ അടുക്കൽ വന്നവൻ മറ്റൊരു യേശുവിനെയോ, മറ്റൊരു വഴിയോ നിങ്ങളോട് പ്രസംഗിച്ചാൽ...."* (11:4): അതായത്, അവർ നിങ്ങളെ അത്തരം കാര്യങ്ങളിലേക്ക് ആകർഷിച്ചാൽ, അവരുടെ പ്രബോധനം അധികപ്പറ്റായിരിക്കും; കാരണം, ഞങ്ങളിലൂടെ നിങ്ങൾ ഈ കാര്യങ്ങൾ നേരത്തെ തന്നെ സ്വീകരിച്ചതാണല്ലോ; എന്നാൽ നിങ്ങൾ മറ്റൊന്നിലേക്കു തിരിഞ്ഞാൽ, അത് ദൈവദൂഷണവും ദുഷിപ്പിക്കലുമായിരിക്കും.

*"ഞാൻ മറ്റു സഭകളിൽ നിന്ന് കൂലി വാങ്ങിക്കൊണ്ട് അവരെ കവർന്നെടുക്കുകയായിരുന്നു"* (11:8): ഒന്നുകിൽ, അവർക്കുവേണ്ടി അധ്വാനിച്ചുകൊണ്ട്, മറ്റുള്ളവരോട് നേരിട്ട് സഹായം അഭ്യർഥിച്ചതാകാം; അല്ലെങ്കിൽ, അവർക്കൊരു ഭാരമാകാതിരിക്കാനായി മററു സഭകളുടെ പൊതു ഫണ്ടിൽ നിന്ന് എടുത്തതാകാം.

*"സാത്താൻ ശോഭയുള്ള മാലാഖയായി വേഷം മാറിയാലും, അതു വലിയ കാര്യമല്ല"* (11:14): അന്തിക്രിസ്തുവിനെ അവൻ *സാത്താൻ* എന്നു വിളിക്കുന്നു. "ശോഭയുള്ള ദൂതനായ "മിശിഹാ"! അവൻ ശ്ലീഹന്മാരെ "നീതിയുടെ ശുശ്രൂഷകർ" എന്നു വിളിക്കുന്നു (11:15). അവരിലൂടെ നൽകപ്പെട്ട ക്രിസ്തീയ പ്രബോധനത്തിനു പുറമേ നിയമാനുഷ്ഠാനങ്ങൾ കൊണ്ടുവരുന്നവരെ അവൻ " സാത്താൻെറ ശുശ്രൂഷകർ" എന്നു വിളിക്കുന്നു. കൂടാതെ, സാത്താൻ ചതിക്കാനായി ശോഭയുള്ള മാലാഖാ ആയി രൂപാന്തരപ്പെട്ടു.

*"ഞാൻ ഒന്നു കുറയെ നാല്പത് അടികൊണ്ടു"* (11:24): അഞ്ചു പ്രാവശ്യം ഞാൻ അടികൊണ്ടു. ഓരോ പ്രാവശ്യവും ഒന്നു കുറയെ നാല്പതു വീതം അടികൊണ്ടു. ഓരോരോ കാരണം പറഞ്ഞ് ഈ രീതിയിൽ യൂദന്മാർ അടിച്ചിരുന്നു. കാരണം, അവർ നാല്പതു തികച്ചാൽ, പിന്നെ അടിക്കാൻ അധികാരം ഇല്ലായിരുന്നു. "ഞാൻ മൂന്നു പ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു" (11:25) എന്നതിനു പകരം ഗ്രീക്കിൽ "ചാട്ടകൾ കൊണ്ട്" എന്നാണ്. അതായത്, ഒട്ടകത്തോൽ കൊണ്ടുണ്ടാക്കിയ ചാട്ടകൾ.

www.malankaralibrary.com



സഹായമൊന്നും കൂടാത കഴിഞ്ഞതിനെ *"കപ്പലപകടം"* എന്ന് അവൻ വിളിക്കുന്നു (11:25). കൊടുങ്കാറ്റിൻെറ ഭീകരതയ്ക്കും "ഞാൻ വിധേയനായി" എന്ന് മറ്റുചിലർ പറയുന്നു. "പടവു കൂടാതെ രാവും പകലും ഞാൻ കടലിൽ കഴിച്ചുകൂട്ടി. "മിക്കവാറും അവൻ കപ്പലിൽനിന്ന് വീണു കാണും; രാവും പകലും ഏതെങ്കിലും തടിക്കഷണത്തിൽ പിടിച്ച് കടലിൽ കിടന്നു. ദൈവകൃപയാൽ അത്ഭുതകരമാംവിധം അവിടെനിന്നു രക്ഷ പെട്ടു. *"ഡമാസ്കസിൽ വച്ച് അറേബ്യൻ രാജാവായ അറേത്താസിൻെറ ഗവർണർ"* യഹൂദർ നൽകിയ കൈക്കൂലി വാങ്ങി എന്നെ പിടിക്കാൻ നഗരം കാത്തുകൊണ്ടിരുന്നു. "വലയം" "കുട്ടയും" (11:33) ഒന്നുതന്നെ; അതായത്, അവൻ അങ്ങനെ കരുതി.

# 7

*"പതിനാലു വർഷം മുൻപ്... ഒരു മനുഷ്യനെ മിശിഹായിൽ എനിക്കറിയാം"* (12:2): ഇത് പൗലോസ് തന്നെയാണ്. ആത്മപ്രശംസ ഒഴിവാക്കാനാണ് അവൻ ഇത് മറ്റൊരാളെപ്പറ്റി എന്നവണ്ണം പറയുന്നത്. "ശരീരത്തോടുകൂടെയാണോ" അതോ ആത്മീയാനുഭവത്തിൽ ഞാൻ കാണുകയും ഉന്മാദാവസ്ഥയിലായി തീരുകയാണോ ചെയ്തത് എന്ന് എനിക്കറിയില്ല. കാരണം, ദർശനത്തിൻെറ സംഭ്രമവും ഭൂമിയിൽനിന്ന് സ്വർഗത്തിലേക്കുള്ള സന്തോഷംനിറഞ്ഞ എടുക്കപ്പെടലും എന്നെ അത്ഭുതസ്തബ്ധനാക്കി. ഇവ രണ്ടിൻെറയും കൃത്യത അറിയാൻ എനിക്കു കഴിഞ്ഞില്ല. ഈ മനുഷ്യൻ *"സ്വർഗത്തിൻെറ മൂന്നാംഭാഗംവരെ സംവഹിക്കപ്പെട്ടു"*. *"മൂന്നാംസ്വർഗംവരെ"* എന്നു ഗ്രീക്ക്: അതായത്, ഭൂമിയിൽനിന്ന് സ്വർഗം വരെയുള്ള ഇടം; അതിൻെറ മൂന്നാംതട്ടുവരെ ഞാൻ ഉയർത്തപ്പെട്ടു. രണ്ടു ഭാഗത്തിൻെറയും മുകളിലാണല്ലോ മൂന്നാം ഭാഗം. അതായത്, രണ്ടുഭാഗം മുകളിലും ഒന്ന് അതിനു താഴെയും. താഴെ നിന്നാണ് മുകളിലേക്ക് സംവഹിക്കപ്പെട്ടത്. താൻ കണ്ട മറ്റൊരു ദർശനത്തെപ്പറ്റിയും അവൻ പറയുന്നു. *"അവൻ പറുദീസായിലേക്കു സംവഹിക്കപ്പെട്ടു; അവൻ അവാച്യമായ വചനങ്ങൾ കേട്ടു"* (12:4). അതായത്, അവൻ പറുദീസായിലേക്കുപോലും സംവഹിക്കപ്പെട്ടു. ഈ സംഗതിയുടെ നവീനത്വം നിമിത്തം ശരീരത്തോടുകൂടിയാണോ, ശരീരം കൂടാതെയാണോ എന്ന് എനിക്കറിയില്ല എന്ന് എനിക്കറിയാം. *മറ്റുചിലർ* പറയുന്നത്, മേഘം

www.malankaralibrary.com



തണുക്കുമ്പോൾ ഉടലെടുക്കുന്ന വായുവിൻെറ വിരിയെയാണ് അവൻ മൂന്നാം സ്വർഗം എന്നു വിളിക്കുന്നത്. മാലാഖമാരിലൂടെ, അത്ഭുതങ്ങളുടെ എല്ലാ ശക്തിയും ഉദയം ചെയ്യുന്നിടത്തേക്ക് അവൻ സംവഹിക്കപ്പെട്ടു.

*"അവൻ അവാച്യമായ വചനങ്ങൾ കേട്ടു"* എന്നത്, *"അവാച്യമായ നെടുവീർപ്പുകളോടെ ആത്മാവ് പ്രാർത്ഥിക്കുന്നു"* (റോമാ 8:26) എന്നു പറയുന്നതുപോലെയാണ്. അവിടെ സ്വരം കൊണ്ടോ, കേൾക്കത്തക്ക ഭാഷകൊണ്ടോ അല്ല ആത്മാവിൻെറ കൃപ പ്രാർത്ഥിക്കുകയും മാധ്യസ്ഥ്യം വഹിക്കുകയും ചെയ്തത്. അതുപോലെതന്നെ ഇവിടെയും. *"അവാച്യം"*: പരിപൂർണമായി അവാച്യവും ശ്രവണാതീതവുമാണെന്ന് പൗലോസ് പറയുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ, അവൻ എങ്ങനെ അവാച്യമായത് കേട്ടു? സംസാരിച്ചവയാണല്ലോ കേൾക്കുക! എന്നാൽ അവൻ പറയാൻ ഉദ്ദേശിച്ചത് ഇതാണ്: ഞാൻ നവീനസംഗതികൾ ദർശിച്ചു; ദൈവത്തിൻ പക്കലേക്കുയർന്ന ഗീതങ്ങളും സ്തുതിപ്പുകളും കേട്ടു; നമ്മുടേതുപോലെയുള്ള സ്വരത്തിലല്ല; പിന്നെയോ, വ്യത്യസ്തമായ സ്വരത്തിൽ. എന്നാൽ ഈ മർത്യലോകത്തിൽ ഈ ശാരീരിക നാവുകൊണ്ടും കഠിനസ്വരംകൊണ്ടും, അത്തരം സുക്ഷ്മപദങ്ങളും ആത്മീയ ഭാഷകളും ചേർന്നവ ഉച്ചരിക്കാൻ മനുഷ്യനെക്കൊണ്ട് സാധ്യമല്ല. എന്നാൽ വരാനിരിക്കുന്ന ലോകത്തിൽ അവ വെളിപ്പെടും; അപ്പോൾ കേൾക്കാനും സംസാരിക്കാനും സാധിക്കും. ശോഭയുള്ള മാലാഖമാരെപ്പോലെ, അവസാനം അവ ഉച്ചരിക്കാൻ തങ്ങളും യോഗ്യരായിതീരും എന്ന് മനുഷ്യർ അറിയുന്നതിനും കൂടിയാണ് ശ്ലീഹാ പ്രസ്തുത സ്വരം കേൾക്കാനിടയായത്.

നീതിമാന്മാരുടെ എല്ലാ ആത്മാക്കളും അവയോടുകൂടി അദൃശ്യ ശക്തികളും വസിക്കുന്നിടത്തേക്കാണ് ശ്ലീഹാ സംവഹിക്കപ്പെട്ടത് എന്ന് *ഭാഷ്യകാരൻ* കൂട്ടിച്ചേർക്കുന്നു; അവിടെ ഇടതടവില്ലാതെ മാലാഖമാർ ദൈവത്തെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു എന്നും അവൻ പറയുന്നു; അവസാനം ആത്മാക്കൾ വീണ്ടും തങ്ങളുടെ ശരീരങ്ങൾ ധരിച്ചുകൊണ്ട് കീർത്തനം ആലപിക്കാൻ ഇരിക്കുന്നു എന്ന് നാം മനസ്സിലാക്കിയാൽ, അത് അന്ത്യത്തിലെ കീർത്തനാലപത്തിൻെറ ഒരു വെളിപാടാണ്. ഇപ്പോഴത്തെ കാര്യങ്ങളുടെ അല്ല, ഭാവി സംഗതികളുടെ ഒരു വെളിപാടാണ്. അവൻ ശ്രവിച്ച വാക്കുകളും, വെളിപാടുകളും ആശയ

www.malankaralibrary.com



ങ്ങളുമെല്ലാം അടുത്ത ലോകത്തെപ്പറ്റിയുള്ളതാണ്. അതേപ്പറ്റി *"കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല..."* (1 കോറി. 2:9) എന്ന് വേറൊരിടത്ത് അവൻ പറയുന്നു. ചിന്തയുടെ ഫലമാണല്ലോ വാക്കുകൾ! *"അവൻ കേട്ടു"* എന്നത് "അവൻ ഗ്രഹിച്ചു, അവൻ മനസ്സിലാക്കി' എന്നതിനു പകരമാണ്. *'അവാച്യം'* എന്നത്, 'മനുഷ്യർക്ക് ഇന്ദ്രിയഗോചരമല്ലാത്തതും, എത്തിപ്പിടിക്കാനാവാത്തതും' എന്നതിനു പകരമാണ്. മനുഷ്യർ മർത്യരും ഇന്ദ്രിയങ്ങൾ ഉള്ളവരുമാകയാൽ അവ ഗ്രഹിക്കാൻ അവർക്കു കഴിയില്ല. ശ്ലീഹാപോലും സ്വാഭാവികമായിട്ടല്ല, പിന്നെയോ ആത്മീയമായിട്ടാണ് അവയെപ്പറ്റിയുള്ള അറിവിനും വെളിപാടിനും അർഹനായി തീർന്നത്. ഈ ലോകത്തെപ്പറ്റിയുള്ള അറിവ് മോശയ്ക്കുണ്ടായിരുന്നു; അത് അവന് സുജ്ഞാതമായിരുന്നു; അത് അവൻ പഠിപ്പിച്ചു. എന്നാൽ ആത്മാവിൻെറ ശക്തിയാൽ അടുത്ത ലോകത്തെപ്പറ്റിയുള്ള അറിവ് പൗലോസിനു കിട്ടി; എന്നാൽ രണ്ടു കാരണങ്ങളാൽ ഇതു പറഞ്ഞറിയിക്കാൻ അവനു കഴിഞ്ഞില്ല. ഒന്ന്, ശാരീരിക നാവുകൊണ്ട് അവ വിശദീകരിക്കാൻ കഴിയാഞ്ഞതിനാൽ; രണ്ട്, മനുഷ്യർ മർത്യരും ഇന്ദ്രിയങ്ങൾ ഉള്ളവരും ആകയാൽ, പ്രകൃത്യാതീതവും ദിവ്യവുമായ സംഗതികളെക്കുറിച്ചുള്ള അറിവ് സ്വീകരിക്കാൻ അവർക്കു കഴിയാഞ്ഞതിനാൽ.

സുപ്താവസ്ഥയിലെന്നവണ്ണം ആത്മാവിൻെറ കഴിവുകൾ നിശ്ശബ്ദമായും പ്രശാന്തമായും സംരക്ഷിക്കപ്പെടുന്നു, എന്ന് *അനേകർ* പറയുന്നതുകൊണ്ടും, അവ ശാന്തമായി സ്തുതികൾ ആലപിക്കുന്നു എന്ന് *ഭാഷ്യകാരൻ* പറയുന്നതുകൊണ്ടും, അവ സ്തുതിക്കുന്നെങ്കിൽ, നിരന്തര സ്തുതിയാണ് സ്വർഗരാജ്യം എന്ന് അവർ അറിഞ്ഞിരിക്കട്ടെ. എന്നാൽ ശരീരത്തിൻെറ ഉത്ഥാനത്തിൽ വിശ്വസിക്കാത്ത പിത്തഗോറസിൻെറയും പ്ലേറ്റോയുടേയുമാണ് ഈ ആശയം. ആത്മാവിന് സംസാരം, ഓർമ, ആശയം, ഇച്ഛ ആദിയായവയുടെ ശക്തി ഉണ്ട് എന്ന് അവർ പറയുന്നെങ്കിൽ, അവയുടെ ശക്തി മാത്രമേയുള്ളു എന്ന കാര്യം അവർ അറിഞ്ഞിരിക്കട്ടെ. ശരീരം എന്ന ഉപകരണം കൂടാതെ അവ പ്രവൃത്തിപഥത്തിലെത്തുന്നില്ല, കാണപ്പെടുന്നില്ല, ഒന്നും ചെയ്യുന്നില്ല. പാറയിലും വായുവിലും നിഗൂഢമായിരിക്കുന്ന അഗ്നിയുടെ ശക്തി, കല്ലുമായും മരവുമായും ഉരസാതെ ഇരുന്നാൽ, അതിൻെറ ചൂടും പ്രകാശവും പുറത്തു വരുന്നില്ല, പ്രവർത്തിക്കുന്നുമില്ല. വീണ വായനക്കാരന് വീണ കൂടാതെയും വൈദ്യശാസ്ത്രം പഠിച്ച ഭിഷഗ്വരന് ഉപകരണങ്ങളും ഗ്രന്ഥങ്ങളും

www.malankaralibrary.com



മരുന്നുകളും കൂടാതെയും, പ്രവർത്തിക്കാനാവില്ല. അതുപോലെ, ശരീരത്തെ കുടാതെ ആത്മാവ് കീർത്തനം ആലപിക്കുന്നില്ല, സംസാരിക്കുന്നുമില്ല. നമ്മുടെ കർത്താവ് ഇറങ്ങിവന്ന് സിംഹാസനങ്ങൾ സ്ഥാപിക്കുകയും തന്റെ ശബ്ദത്താൽ മരിച്ചവരെ ഉയിർപ്പിക്കുകയും തന്റെ അവസാനത്തെ പ്രത്യക്ഷീകരണത്താൽ ജീവൻ നവീകരിക്കുകയും ചെയ്യുന്നിടത്തേക്കാണ് പൗലോസ് എടുക്കപ്പെട്ടത്.

*"എന്റെ ശരീരത്തിൽ ഒരു മുള്ള് നൽകപ്പെട്ടിരിക്കുന്നു: സാത്താന്റെ ദൂതൻ"* (12:7): എതിരാളികളിൽ നിന്ന് പൈശാചിക വ്യാപാരത്താൽ സംഭവിക്കുന്ന ക്ലേശങ്ങളെയോ, ഏതെങ്കിലും രോഗത്തെയോ ആണ് *സാത്താന്റെ ദൂതൻ* എന്ന് അവൻ വിളിക്കുന്നത്. *"ശരീരത്തിലെ ഒരു മുള്ള്"* എന്ന് അവൻ അവയെ വിളിക്കുന്നു; കാരണം അവ ശരീരത്തെ മാത്രമേ മുറിപ്പെടുത്തുന്നുള്ളു; ആത്മാവിനെ ഇല്ല. *"ഇതേപ്പറ്റി ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു"* (12:8). *"മൂന്നു പ്രാവശ്യം"* എന്നത് അതിന്റെ വ്യാപ്തിയെയും ആവർത്തനത്തെയും സൂചിപ്പിക്കുന്നു. *മുള്ളു കൊണ്ട്* തടസ്സപ്പെടാതിരിക്കാൻ അവൻ *"കർത്താവിനോട് പ്രാർത്ഥിച്ചു"*. അതായത്, കപട സഹോദരന്മാരാലും തനിക്കെതിരെ നിൽക്കുന്നവരാലും. സുവിശേഷപ്രഘോഷണത്തിൽ തടസ്സം കൂടാതെയും മുറിവു പറ്റാതെയും ഓടാനായിട്ടുതന്നെ.

*"എന്റെ ശക്തി ബലഹീനതയിലാണ് പൂർണമാകുന്നത്"* (12:9). നീ സഹിക്കുന്ന ബലഹീനതയിൽ നീ വിജയമകുടം ചൂടും. *"അവൻ ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു; എങ്കിലും ദൈവശക്തിയിൽ ജീവിക്കുന്നു"*. കൊലയ്ക്കർഹനായി അവൻ ഗണിക്കപ്പെട്ടെങ്കിലും, ദിവ്യശക്തിയാൽ അവൻ ഉയിർപ്പിക്കപ്പെട്ടു; അവൻ ജീവിക്കുന്നു; അനന്തജീവിതത്തിൽ തുടരുകയും ചെയ്യുന്നു.

കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിന്റെ ഭാഷ്യം തീർന്നു.

www.malankaralibrary.com

# ഗലാത്യലേഖനം

വീണ്ടും, ഗലാത്യർക്കുള്ള ലേഖനം. കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം പോലെയാണ് ഇതും. അടുത്തകാലത്ത് വിശ്വസിച്ച ചില യഹൂദർ നിയമത്തോട് തല തിരിഞ്ഞതും വകതിരിവില്ലാത്തതുമായ തീക്ഷ്ണത കാണിച്ചു. പുറജാതികളിൽനിന്ന് വിശ്വസിച്ചവരും നിയമാനുഷ്ഠാനങ്ങൾ ആചരിക്കണം എന്ന് അവർ ശഠിച്ചു. പൗലോസ് വഴി വിശ്വാസത്തിലേക്കു കടന്നുവന്ന ഗലാത്യരുടെ പക്കലും അവരെത്തി. പലതരത്തിലും അവർ പൗലോസിനെ ദുഷിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തു: "അവൻ മറ്റു ശ്ലീഹന്മാരെപോലെയല്ല; അവരെല്ലാവരെയും അവഗണിച്ചിട്ട് ഈ ഒരാളെ മാത്രം അനുസരിക്കുന്നത് ഉചിതമല്ല; കാരണം, അവരെല്ലാം മിശിഹായുടെ ശിഷ്യരായിരുന്നു, അവനോടുകൂടെ ഉണ്ടായിരുന്നു, ഈ പ്രബോധനം അവനിൽനിന്ന് കൃത്യമായി ഗ്രഹിച്ചവരാണ് അവർ. എന്നാൽ ഇയാൾ മിശിഹായെ കണ്ടിട്ടില്ല; ഇവൻ അവരുടെ ശിഷ്യൻ മാത്രമാണ്. ഇക്കാരണത്താൽ, ദൈവം നിയമം നൽകിയിരിക്കുന്നത്, അതു കാക്കുന്നവർ നല്ല വസ്തുക്കളുടെ സന്തുഷ്ടിക്ക് യോഗ്യരായി തീരുന്നതിനും, ലംഘിക്കുന്നവർ ശിക്ഷാവിധിക്കർഹരാകുന്നതിനും അത്രേ". അതുകൊണ്ട്, അനേകം ഗലാത്യക്കാർ പരിച്ഛേദനവാദികളോടു ചേർന്നു. ഇതിൽ പ്രകോപിതനായിട്ടത്രേ പൗലോസ് ഈ ലേഖനം എഴുതുന്നതും, മിശിഹായുടെ വരവിനുശേഷം "നിയമവിധേയരായിരിക്കുക" ശരിയല്ല എന്ന് സ്ഥാപിക്കുന്നതും.

## 1

*"മനുഷ്യരിൽ നിന്നോ, മനുഷ്യൻ മുഖേനയോ അല്ല,... ശ്ലീഹാ ആയിരിക്കുന്ന പൗലോസ്"* (ഗലാ. 1:1): പൗലോസ്, ശ്ലീഹന്മാരുടെ ഒരു ശിഷ്യനാണെന്നും അക്കാരണത്താൽ അവൻെറ പ്രബോധനം നിന്ദനീയമാണെന്നും ധ്വനിക്കത്തക്കവിധം അവർ പൗലോസിനെ താറടിച്ചതിനാൽ,

www.malankaralibrary.com



സ്വയം ഒരു നീതീകരണം നൽകാൻ ശ്ലീഹാ നിർബന്ധിതനായി: *"യേശു മിശിഹായാലും പിതാവായ ദൈവത്താലും"* ഞാൻ ശ്ലൈഹികത്വം സ്വീകരിച്ചു (1:1) *"ഈ ദുഷ്ടലോകത്തിൽ നിന്ന് അവൻ നമ്മെ രക്ഷിക്കുവാൻ"* (1:4): അതായത്, ദുഷ്കാര്യങ്ങൾ നടമാടുന്ന ഈ മർത്ത്യജീവിതത്തിൽ നിന്ന്; *"ദുഷ്ടതയുടെ മാമോൻ"* എന്നു പറയുന്നതുപോലെ (ലൂക്കാ 16: 9). "യേശുമിശിഹായിൽ ഞങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ ചൂഷണം ചെയ്യാൻ" (2:4): 'നിയമാനുഷ്ഠാനങ്ങളുടെ കടമയിൽ നിന്നുള്ള വിടുതലിനെയാണ് *"യേശുമിശിഹായിൽ ഉള്ള സ്വാതന്ത്ര്യം"* എന്ന് അവൻ പറയുന്നത്.

*"ഞങ്ങൾ പുറജാതികളുടെ പക്കലേക്കും അവർ പരിച്ഛേദിതരുടെ പക്കലേക്കും"* (2:9): ഓരോ കൂട്ടരും ഏതെങ്കിലും ഒന്നിൽ മാത്രം പരിചിതരായിരുന്നു എന്നല്ല; പൗലോസ് ചിലപ്പോഴൊക്കെ യഹൂദരെ പഠിപ്പിച്ച് ശിഷ്യപ്പെടുത്തിയിരുന്നു എന്നതു വ്യക്തമാണ്. പത്രോസ് പുറജാതികളെയും പഠിപ്പിച്ച് ശിഷ്യപ്പെടുത്തിയിരുന്നു. എന്നാൽ പുരാതനയഹൂദ നടപടിക്രമം അനുസരിച്ച് പുറജാതികളുമായി കൂടിക്കലർന്നുപോകാത്ത യഹൂദരുടെ പക്കലേക്ക് കേപ്പായും യാക്കോബും യോഹന്നാനും പോകണം എന്ന് തീരുമാനിച്ചു. തങ്ങൾ പത്രോസിൽ നിന്നുള്ള അറിയിപ്പുകാരിൽ നിന്നും പുറജാതികളിൽ നിന്നുള്ളവർ പൗലോസിൽനിന്നും വിശ്വാസം സ്വീകരിച്ചതിനാൽ, തങ്ങൾ വേർതിരിക്കപ്പെട്ടവരാണെന്ന് യഹൂദർ കരുതി. എന്നാൽ പിന്നീട് അവർക്ക് വിശ്വാസത്തിൻെറ തുല്യതയും ഏകപ്രേഷണവും ആണ് ഉണ്ടായിരുന്നത്. അത് അവരെ ഒന്നാക്കി.

*"ഞങ്ങൾ ദരിദ്രരെ ഓർക്കണം എന്നു മാത്രം"* (2:10): റോമാക്കാർ ജറുസലേം കൊള്ളയടിക്കുന്നതിനു മുമ്പ് മിശിഹായിൽ വിശ്വസിച്ചവരുടെ വസ്തുവകകൾ യഹൂദന്മാർ ക്രൂരമായി കവർന്നെടുത്തു. ഇതു നിമിത്തം പൗലോസ് യൂദയായിലെ വിശുദ്ധരുടെ കാര്യത്തിൽ ശ്രദ്ധിച്ചു.

*"കേപ്പാ അന്ത്യോക്യയിൽ വന്നപ്പോൾ ഞാൻ അവനെ മുഖത്തു നോക്കി എതിർത്തു"* (2:11). എഴുപതു പേരിൽ ഒരാളാണ് ഈ കേപ്പാ എന്നു ചിലർ പറയുന്നു. എന്നാലിതു ശരിയല്ല; മറിച്ച്, ഇത് യഥാർത്ഥത്തിൽ പ്രധാന ശിഷ്യനായ പത്രോസ് തന്നെയാണ്. അവൻ. മാനുഷിക ബലഹീനതയാൽ, എല്ലാവർക്കും പ്രയോജനകരമാകാൻ, ദൈവികപരിപാലനയിൽ ഇപ്രകാരം പ്രവർത്തിച്ചു. ചുരുക്കത്തിൽ, താഴെപ്പറയുന്ന കാരണത്താലാണ് താൻ പത്രോസിനെ കുറ്റപ്പെടുത്തിയതെന്ന് പൗലോസ്

www.malankaralibrary.com



പറയുന്നു: *"ജന്മനാ തന്നെ യൂദനായിരിക്കുന്ന നീ"*, നിരവധി തവണ നിയമാനുഷ്ഠാനങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നു (2:14). എന്നാൽ അതുമായി പുലബന്ധമില്ലാത്തവരായ പുറജാതികളെ ഇതിലേക്ക് നീ വലിച്ചിഴയ്ക്കുന്നു. അവൻ പത്രോസിൻെറ ഒരു ശിഷ്യനാണെന്നും അവ നിൽനിന്നാണ് വിശ്വാസം പഠിച്ചതെന്നും ക്രിസ്തുവിൽ നിന്നല്ലെന്നും ആരോപിച്ച് അവനെ കുറ്റപ്പെടുത്തുന്നവരോടാണ് അവൻ സംസാരിക്കുന്നത്. ഈ പരിപൂർണസംഗതികൾ അവനിൽ നിന്നല്ല ഞാൻ പഠിച്ചത്. പ്രത്യുത, ഞാൻ അവനെ കുറ്റപ്പെടുത്തുക കൂടി ചെയ്തു; അനേകർ അവനെ പഴിചാരുന്നതിൽനിന്ന് ഞാൻ അവനെ ഇങ്ങനെ വിമുക്തനാക്കുകയും ചെയ്തു; കാരണം, സുവിശേഷപ്രഘോഷണവുമായി അവൻെറ പ്രവൃത്തി പൊരുത്തപ്പെട്ടുപോയില്ല.

*"മറ്റ് ശ്ലീഹന്മാർ ആരെയും ഞാൻ കണ്ടില്ല"* (1:19): അവൻ അവരെ കണ്ടില്ല എന്നല്ല, പിന്നെയോ, അവരെ പ്രതിയല്ല, ഈ രണ്ടു പ്രശസ്തരായ ആളുകളെപ്രതിയാണ് പോയത് എന്നത്രേ.

## 2

*"മിശിഹാമൂലം നീതീകരിക്കപ്പെടുവാൻ യത്നിക്കവേ, നാം തന്നെ പാപികളായി കാണപ്പെടുന്നു എങ്കിൽ, അതുകൊണ്ട് യേശുമിശിഹാ പാപത്തിൻെറ ശുശ്രൂഷകനാകുന്നുവോ?"* (2:17): അതായത്, നിയമത്തിലൂടെ നീതീകരിക്കപ്പെടാൻ കഴിയാത്തതിനാൽ, മിശിഹായിലൂടെ നീതീകരണം പ്രാപിക്കാൻ നാം അവൻെറ പക്കലേയ്ക്കു വന്നു. എന്നാൽ, മിശിഹായിൽ വിശ്വസിക്കുകയും അതേസമയം നിയമം പാലിക്കാത്തതിനാൽ പാപികളായി കാണപ്പെടുകയും ചെയ്യുന്നെങ്കിൽ, പാപത്തിൻെറ ഒരു രക്ഷാധികാരി ആയിട്ടാണ് നമ്മെ സംബന്ധിച്ച് അവൻ വന്നത് എന്നു കരുതപ്പെടാവുന്നതാണ്. അവിടുന്നു വന്നത് മറ്റൊരു വിശ്വാസത്തിലേക്കു നമ്മെ വിളിക്കാനാണ് എന്നത് സ്പഷ്ടമാണ്; അല്ലാതെ, തൻെറ വരവിനുമുമ്പേ ഉണ്ടായിരുന്ന നിയമത്തെപറ്റി നമ്മെ പഠിപ്പിക്കാനല്ല. അതുകൊണ്ട്, നിയമം അനുസരിക്കുന്നില്ലെങ്കിൽ, അവനിലുള്ള വിശ്വാസം പാപത്തിന് ഇടയാക്കുന്നെങ്കിൽ, അവൻ നമുക്ക് പാപം കൊണ്ടു തരികയായിരിക്കും ചെയ്യുക.

www.malankaralibrary.com



*“ഞാൻ ദൈവത്തിനായി ജീവിക്കാൻ വേണ്ടി, നിയമത്താൽ നിയമത്തിനു മരിച്ചിരിക്കുന്നു”* (2:19): അതായത്, പ്രഘോഷിക്കപ്പെട്ട മിശിഹായെ നിയമത്തിലൂടെ ഞാൻ കണ്ടെത്തി. ഞാൻ നിയമത്തിലൂടെ അവൻെറ പക്കൽ അണഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു. ഞാൻ നിയമത്തിനു മരിച്ചു; ഞാൻ ഈ ജീവിതത്തിനു പുറത്തായി. വാഗ്ദാനത്തിലൂടെ ദൈവത്തിൽനിന്നുള്ള ജീവിതം സ്നാനം വഴി ഇപ്പോൾ എനിക്കു കിട്ടി.

*“ഇപ്പോൾ ഞാൻ ശാരീരികമായി ജീവിക്കുന്നത് ദൈവപുത്രനിൽ ഉള്ള വിശ്വാസത്തിലാണ്”* (2:20). അതായത്, ഞാൻ ഇപ്പോഴും മർത്യജീവിതം നയിക്കുന്നെങ്കിലും, അമർത്യജീവിതത്തിലുള്ള വിശ്വാസത്തിലൂടെയാണ് ഞാൻ കടന്നുപോകുന്നത്. കാരണം, മിശിഹാവഴിയായി ഭാവി വസ്തുക്കളുടെ ഉറച്ച പ്രത്യാശ നമുക്കു നൽകപ്പെട്ടിരിക്കുന്നു. *“ശരീരത്തിൽ”* എന്നത് അവൻെറ രീതി അനുസരിച്ച്, മർത്യതയെപ്പറ്റിയാണ്; *“ആത്മാവിൽ”* എന്നത് അമർത്യതയെപ്പറ്റിയും; കാരണം, അമർത്യമായവയെ *ശരീരം* എന്നു വിളിക്കാറില്ല.

*“മിശിഹാ നിയമത്തിൻെറ ശാപത്തിൽ നിന്ന് നമ്മെ വീണ്ടെടുത്തു”* (3:13): നമ്മുടെ കർത്താവ് ശാപമായിത്തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നു. എന്നാൽ അവൻ *ശപിക്കപ്പെട്ടവനാണ്* എന്നു പറയുന്നില്ല. കാരണം, ശാപം ഒരുവന് സംഭവിക്കുന്ന കാര്യമാണ്. ആ കാര്യം സംഭവിക്കുന്നതാർക്കാണോ അയാൾ ശപിക്കപ്പെട്ടവനാണ്. ‘*നമ്മുടെ കർത്താവ്* ശാപമായിത്തീർന്നു; എന്നാൽ ശപിക്കപ്പെട്ടവനല്ല’ എന്ന് അവിടുത്തെപ്പറ്റി പറയപ്പെട്ടിരിക്കുന്നു. കുറ്റക്കാർ അർഹിക്കുന്നത് അവിടുന്ന് സ്വയം ഏറ്റെടുത്തു; അതായത്, കുരിശ്. അതുവഴി അവിടുന്ന് നമ്മുടെ പാപം സ്വീകരിച്ചു. തനിക്കുവേണ്ടിയല്ല, നമുക്കുവേണ്ടിയാണ് അവിടുന്നു മരിച്ചത് എന്നു കാണിക്കാനായിരുന്നു ഇത്. *“മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവനാകുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു”* (3:13). അത് എവിടെയാണ് എഴുതിയിരിക്കുന്നതെന്നു ചോദിച്ചേക്കാം. ആവർത്തനപുസ്തകത്തിൽ (21:22-24). ഗൗരവമായവിധം ഒരാൾ കുറ്റക്കാരനാകുകയും, അയാൾ മരത്തിൽ തറയ്ക്കപ്പെട്ട് മരിക്കുകയും ചെയ്താൽ, പ്രഭാതംവരെ അയാളുടെ ജഡം അവിടെ കിടക്കാൻ പാടില്ല. പിന്നെയോ, ക്രൂശിക്കപ്പെട്ടവനെ അന്നുതന്നെ മറവു ചെയ്യണം. ദൈവത്തെ ശപിക്കുന്നവൻ ക്രൂശിക്കപ്പെടുകതന്നെ വേണം. എബ്രായർ പറയുന്നതുപോലെ ക്രൂശിക്കപ്പെട്ടവൻ ദൈവത്തിനു വെറുപ്പുളവാക്കുന്നവനാണ്. എന്നാൽ ഈ

www.malankaralibrary.com



വാചകത്തിനു രണ്ടർത്ഥം ഉണ്ടാകാം. ഒന്ന്: ദൈവം തൻെറ ഛായയിൽ ബഹുമാനിച്ച മനുഷ്യൻ മരത്തിൽ തൂങ്ങിക്കിടക്കുന്നതും നിന്ദിക്കപ്പെടുന്നതും ദൈവത്തിന് വെറുപ്പുളവാക്കുന്ന കാര്യമാണ്. രണ്ട്: കൃപയിലും ബഹുമാനത്തിലും *ദൈവം* എന്നു വിളിക്കപ്പെടുന്ന മനുഷ്യൻ, "നിങ്ങൾ ദൈവങ്ങളാണ് എന്നു ഞാൻ പറഞ്ഞു" (സങ്കീ. 82:6) എന്ന വാക്യമനുസരിച്ച്, മരത്തിൽ തൂങ്ങിക്കിടക്കുന്നുതും നിന്ദിക്കപ്പെടുന്നതും അവന് വെറുപ്പുളവാക്കുന്നതാണ്:

*"മാലാഖമാർ വഴി ഒരു മധ്യവർത്തിയിലൂടെ നിയമം നൽകപ്പെട്ടു; ഒരുവനു മാത്രമായി മധ്യവർത്തിയില്ല; എന്നാൽ ദൈവം ഏകൻ"* (3: 19-20). നിയമത്തെക്കുറിച്ച് തീക്ഷ്ണത ഉണ്ടായിരുന്ന യഹൂദർ ഹൃദയത്തിലും കാതുകളിലും അപരിച്ഛേദിതർ ആയിരുന്നു; പൗലോസ് അതിനെ നശിപ്പിക്കാനാണ് ശ്രമിച്ചത്. എന്നാൽ അത് ദൈവം തന്നതാണെന്നും അത് ബഹുമാന്യമാണെന്നും ഒരു മധ്യസ്ഥനിലൂടെ, അതായത് മോശവഴി നൽകപ്പെട്ടതാണെന്നും മറ്റും യഹൂദർ വീമ്പിളക്കിയിരുന്നു. അവരുടെ വീമ്പടിക്കുന്നതിനെ കഥയില്ലാത്തതാക്കിക്കൊണ്ട് ശ്ലീഹാ പറയുന്നു: *"പിന്നെന്തിനു നിയമം? വാഗ്ദാനം ആർക്കുവേണ്ടി ആയിരുന്നുവോ, ആ സന്തതി വരുന്നതുവരെ ലംഘനം നിമിത്തം നിയമം കൂട്ടിച്ചേർക്കപ്പെട്ടു"* (3:19): *"യൂദായിൽനിന്ന് ചെങ്കോൽ നീങ്ങിപ്പോകുകയില്ല"* (ഉല്പ. 49:10): ഒന്നാമത്,'നിയമത്തിന് അതിൽതന്നെ അസ്തിത്വകാരണം ഇല്ല, അത് മറ്റൊന്നിനുവേണ്ടി നിലകൊള്ളുന്നു' എന്നതിൽ നിന്ന് നിയമത്തിൻെറ ബലഹീനത ആദ്യമേതന്നെ കാണിക്കുന്നത് മതിയാകും. അതിനേക്കാൾ ഉപരിസ്ഥമായ കാരണവുമായി ബന്ധപ്പെട്ട കാര്യം പോലെ ആണത്; അതിൻെറ അസ്തിത്വം മറ്റൊന്നുമായി ബന്ധിതമാകയാൽ അതിൻെറ അന്ത്യവും മറ്റേതിൻേറതിനു തുല്യമായിരിക്കും. രണ്ടാമത്, അത് അചഞ്ചലമല്ല, ആദിമവുമല്ല. പിന്നെയോ, സ്വാഭാവികവും മനസ്സാക്ഷിയിലുള്ളതുമായ നിയമത്തോട് കൂട്ടിച്ചേർത്തതാണ്. അതുവഴി വാഗ്ദാനത്തിൻെറ അവകാശികൾ വിജയശ്രീലാളിതർ ആയിരുന്നു. പൊതുപരിപാലകൻ അവർക്കുവേണ്ടി നിയമത്തിൻെറ ശിക്ഷണം തയാറാക്കി. മക്കൾ പിതാക്കന്മാരുടെ പാതയിൽ നിന്ന് വ്യതിചലിക്കാതിരിക്കാനും തങ്ങളുടെ പുറപ്പാടിൻെറ നിശ്ചിത ദിവസംവരെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയിൽ തങ്ങളെതന്നെ ബന്ധിക്കുന്നതിനുംവേണ്ടി ആയിരുന്നു അത്. ആ സമയംമുതൽ അവൻ ഒരു മധ്യസ്ഥനോടുകൂടി

www.malankaralibrary.com



വന്നു; അതായത്, മോശ. സംഭവവുമായി അടുത്തുവരുന്ന ഒരു തെളിവിലൂടെ അവൻെറ മാധ്യസ്ഥ്യത്തെ അവൻ താഴ്ത്തിക്കെട്ടി പറയുന്നു: *"നിയമം മാലാഖമാർ വഴി നൽകപ്പെട്ടു"* (3:19). ഇതാ, ദൈവത്തിനും ജനത്തിനും ഇടയിലുള്ള ഏക മധ്യസ്ഥനായി മോശ നിന്നില്ല. നിയമം നൽകുന്നതിൽ അവനും ദൈവത്തിനും ഇടയ്ക്ക് മാലാഖമാർ മധ്യസ്ഥരായി നിന്നു. അതുകൊണ്ട് അവൻ ദൈവസമക്ഷം കൃത്യമായി മധ്യസ്ഥൻ ആയിരുന്നില്ല; രണ്ടാം നിരയിൽപ്പെട്ടവനായിരുന്നു. മറ്റൊരു ദൈവത്തെയോ, ബഹു ദൈവങ്ങളെയോ അവതരിപ്പിക്കുന്നു എന്ന് അവർ തടസ്സവാദം ഉന്നയിക്കുമോ എന്ന് ഒരുപക്ഷേ അവൻ ഭയന്നിരിക്കാം. കാരണം, ഏകദൈവത്തിൻെറ മധ്യസ്ഥൻ മോശ ആയിരുന്നില്ല എന്ന് അവൻ പറഞ്ഞു. അതായത്, നിയമം നൽകുന്നതിൽ ദൈവത്തോടുകൂടി അവൻ മാലാഖമാർക്കും പങ്കു നൽകി. മാലാഖമാരിലൂടെ നിയമം നൽകിയ ദൈവം ഏകൻ എന്നു പറഞ്ഞുകൊണ്ട് പൗലോസ് ബുദ്ധിപൂർവം കുറ്റപ്പെടുത്തൽ ഒഴിവാക്കി. ദൈവത്തിനും മോശയ്ക്കും മധ്യേ മാലാഖമാർ മാധ്യസ്ഥ്യത്തിൻെറ ആദ്യനിരയിൽ തന്നെ നിന്നു. *"ദൈവത്തിനും മനുഷ്യർക്കും മധ്യേ ഒരേ ഒരു മധ്യസ്ഥനേയുള്ളു: മനുഷ്യനായ യേശുമിശിഹാ; അവനാണു ശിരസ്സ് ; സ്വർഗത്തിലുള്ള എല്ലാ ശക്തികൾക്കും അധികാരങ്ങൾക്കും മുമ്പൻ"*[1] എന്ന സത്യത്താൽ ഇതു നിലനില്ക്കാനായിരുന്നിത്. അവിടെ ദൈവം ദാസന്മാരിലൂടെ നൽകി; ഇവിടെയാകട്ടെ പുത്രനിലൂടെ നൽകി എന്ന് അവൻ കാണിക്കുന്നു.

## 3

*"അവകാശി ശിശുവായിരിക്കുന്നിടത്തോളം കാലം അടിമകളിൽ നിന്ന് വിഭിന്നനല്ല"* (4:1): ദാസരുടെ അധീനതയിൽ മക്കളെ വിധേയരാക്കുന്ന ഏതു പിതാവിനെപറ്റിയുമാണിത് എന്ന് *ഭാഷ്യകാരൻ* മനസ്സിലാക്കുന്നു. ലോകത്തിൻെറ രാജാവും അവകാശിയുമായ മനുഷ്യപ്രകൃതിയെ ആണ് പൗലോസ് *അവകാശി* എന്നു വിളിക്കുന്നതെന്നു മറ്റു ചിലർ പറയുന്നു; മുൻകാലഘട്ടങ്ങളെ അവൻ *ശൈശവം* എന്നു വിളിക്കുന്നു. അവൻ നാല് മൂലപദാർത്ഥങ്ങളെ *"രക്ഷാകർത്താക്കൾ"* എന്നു വിളി

1. 1 തിമോ 2:5; കൊളോ 2:10.

www.malankaralibrary.com



ക്കുന്നു. അവയിൽ ചിലതിൽ നിന്നാണല്ലോ നമ്മുടെ ശരീരം വന്നിട്ടുള്ളത്. അവയിൽ നാം നിലനില്ക്കുന്നു; നമുക്ക് അവയെ ആവശ്യമുണ്ട്; അവ നമ്മെ പരിപോഷിപ്പിക്കുന്നു. ചിലത് നമ്മിൽ ഒരു ശക്തിയാണ്. അവ കൂടാതെ നമുക്ക് അസ്തിത്വവുമില്ല. ആത്മീയശക്തികളെ അവൻ "കാര്യസ്ഥന്മാർ" എന്നു വിളിക്കുന്നു. ലോകത്തിലെ പദാർത്ഥങ്ങളെയും വംശങ്ങളെയും നയിക്കുക എന്നതാണ് അവരുടെ ദൗത്യം. മനുഷ്യരിലെ ദൈവഛായയെ ബഹുമാനിക്കാൻ എന്നവിധം അവർ ഓരോ മനുഷ്യന്റെ കൂടെ വ്യാപരിക്കുന്നു. അതുപോലെ, അപൂർണരായിരിക്കുന്നതിനാൽ, അമർത്യതയുടെ സന്തുഷ്ടി ഇപ്പോഴും നമുക്കു കൈവന്നിട്ടില്ല. *"പ്രാപഞ്ചിക ശക്തികൾ"* എന്ന് അവൻ വിളിക്കുന്നത് (4:3) നാല് പദാർത്ഥങ്ങളെയല്ല; പിന്നെയോ, സൂര്യനെയും ചന്ദ്രനെയുമാണ്. അവയിലാണല്ലോ ദിവസങ്ങളും മാസങ്ങളും ആണ്ടുകളും പൂർണമാകുന്നത്. നിയമം അനുസരിച്ചിരുന്നവർ, തങ്ങൾക്കു ലഭിച്ച കല്പനകൾ അനുസരിച്ച് വിവിധ രീതികളിൽ ഈ കാര്യങ്ങൾ അനുഷ്ഠിച്ചിരുന്നു.

*"എന്നാൽ കാലപൂർത്തിവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു"* (4:4): നാം ഇപ്പോൾ പരിപൂർണരാകുകയും, മരണവും വേദനയും ജീർണതയും കൂടാതിരിക്കുകയും ചെയ്യാനുള്ള സമയം സമാഗതമായിരിക്കുന്നു എന്ന് അവൻ പറയുന്നു. *"ദൈവപുത്രൻ വന്നു; അവൻ സ്ത്രീയിൽ നിന്നു ജനിച്ചു"*. അതായത്, അവിടുന്ന് നമ്മുടെ കുലത്തിൽ നിന്നുള്ള മനുഷ്യത്വം എടുക്കുകയും അതിനെ ഏക പുത്രത്വത്തിൽ തന്നോട് ഐക്യപ്പെടുത്തുകയും ചെയ്തു.

*"ദൈവത്തെ ആബാ - ഞങ്ങളുടെ പിതാവേ - എന്നു വിളിക്കുന്നു"* (4:6): അതായത്, അമർത്യത ആകുന്ന, ദത്തെടുക്കലിന്റെ ആത്മാവിനെ നിങ്ങൾപ്രാപിച്ചുകഴിയുമ്പോൾ, ഇവിടെ *അബ്-ബാ* എന്ന് വിക്കിവിക്കി വിളിക്കുന്നവനെ, മിശിഹാ ആയിരിക്കുന്ന പരിപൂർണതയിൽ *ആബാ-പിതാവേ* എന്നു വിളിക്കാൻ നിങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

*"ഇപ്പോൾ നിങ്ങൾ ദൈവത്തെ അറിയുന്നു; അതിലുപരി ദൈവം നിങ്ങളെ അറിയുന്നു. അങ്ങനെയിരിക്കെ പ്രാപഞ്ചിക ശക്തികളിലേക്ക് നിങ്ങൾ തിരിയുന്നുവോ?"* (4:9). ഇവിടെയും സൂര്യനെയും ചന്ദ്രനെയുമാണ് വിവക്ഷിക്കുന്നത്. അവ വഴിയാണല്ലോ സമയങ്ങളും ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കണക്കുകൂട്ടുന്നത്. അവർ നൈയാമികാനുഷ്ഠാനങ്ങളിലേക്കു തിരിഞ്ഞാൽ, അവർ വീണ്ടും വിജാതീയാരാധനയിലേക്കു

www.malankaralibrary.com



തന്നെയായിരിക്കും തിരിയുക എന്ന് അവൻ അവരെ കാണിക്കുന്നു. *"നിങ്ങൾ സത്യദൈവത്തെ അറിയാതിരുന്നതുകൊണ്ട്"* (4:8) സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ദൈവങ്ങളായി ആരാധിച്ചു എന്ന് അവൻ പറയുന്നു. *"എന്നാൽ ഇപ്പോൾ നിങ്ങൾ ദൈവത്തെ അറിയുന്നു; അതിലുപരി ദൈവം നിങ്ങളെ അറിയുന്നു"* (4:9). തന്റെ കൃപയാൽ അവിടുന്ന് നിങ്ങളെ തന്നെപ്പറ്റിയുള്ള അറിവിലേക്ക് ആനീതരാക്കുകയും തന്റെ ഭവനാംഗങ്ങളാക്കുകയും ചെയ്തിരിക്കുന്നു; എന്നിട്ടും മറ്റുരൂപത്തിൽ നിങ്ങളുടെ മുൻകാല ആരാധനയിലേക്ക് വീണ്ടും തിരികെപോകാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? മർത്യർക്കും മനോരോഗികൾക്കും പ്രയോജനപ്രദമായ പദാർത്ഥങ്ങളാൽ പൂർത്തീകരിക്കപ്പെടുന്ന ദിവസങ്ങളും സാബതുകളും അനുഷ്ഠിക്കാനുള്ള നിയമത്തിന്റെ കല്പനകളെ അവൻ *ബലഹീനം* എന്നു വിളിക്കുന്നു. അവ ഒരുതരത്തിലും ഉപകാരപ്രദമല്ലാത്തതിനാൽ *"ദരിദ്രം"* എന്ന് അവയെ വിളിക്കുന്നു.

*"ഞാൻ എന്റെ ശാരീരിക ബലഹീനതയോടുകൂടി എങ്ങനെ ആദ്യമേ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചു എന്ന് നിങ്ങൾക്കറിയാമല്ലോ. എന്റെ ശാരീരിക പരീക്ഷയെ നിങ്ങൾ നിന്ദിക്കുകയോ വെറുക്കുകയോ ചെയ്തില്ല"* (4:14): ശത്രുക്കളിൽ നിന്നുള്ള ഉപദ്രവങ്ങളെയാണ് *അസ്വാസ്ഥ്യം* എന്നും *"പരീക്ഷ"* എന്നും അവൻ വിളിക്കുന്നത്. *"ഒരു പരീക്ഷയും നിങ്ങൾക്കുണ്ടായിട്ടില്ല..."* (1 കോറി. 10:13) എന്നതുപോലെ.

*"അവർ തീക്ഷ്ണതാപൂർവം നിങ്ങളിൽ താല്പര്യം കാണിക്കുന്നത് നന്മയ്ക്കായിട്ടല്ല"* (4:17): തീക്ഷ്ണത നന്മയ്ക്കും തിന്മയ്ക്കും ഉണ്ടാകാം; അവൻ പറയുന്നതുപോലെ ഇവിടെ തിന്മയ്ക്കാണ്; അവൻ തുടർന്ന് കൂട്ടിച്ചേർക്കുന്നതുപോലെ നന്മയ്ക്ക്: *"നല്ല കാര്യങ്ങളിൽ സദാ തീക്ഷ്ണമതികളായിരിക്കുന്നത് നല്ലതാണ്"* (4:18). *"എന്റെ കുഞ്ഞുമക്കളേ, ഞാൻ വീണ്ടും പ്രസവവേദന അനുഭവിക്കുന്നു"* (4:19) എന്നതിനുപകരം *"പരീക്ഷകളിൽ"* എന്നാണ്. മരിച്ചുപോയ തന്റെ മക്കളെപ്പറ്റി ദുഃഖം നിറഞ്ഞ സ്നേഹപ്രകടനങ്ങൾകൊണ്ട് വിലപിക്കുന്ന വത്സല പിതാവിനെപ്പോലെ; *"കുട്ടികളേ, യുവാക്കളേ"* എന്നതിനു പകരം *"ശിശുക്കളേ, പൈതങ്ങളേ"* എന്നു പറയേണ്ടിവന്ന ഒരാളെപ്പോലെ. *"മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ വീണ്ടും പ്രസവവേദന അനുഭവിക്കുന്നു"* (4:19). അവരെ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിന് സ്ത്രീകളുടെ പ്രസവവേദനപോലെ അവനുണ്ടായ ബുദ്ധിമുട്ടുകൾ അവൻ അവരെ അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com



അവർ ഒരിക്കൽ സ്നാനത്തിൽ ജനിച്ചവരാണ്; മിശിഹായുടെ ഛായയിൽ വിശ്വാസത്താൽ മക്കളായി തീർന്നവരുമാണ്. എന്നാൽ മിശിഹായുടെ ഛായ തങ്ങളിൽനിന്നു മായിച്ചു കളഞ്ഞു എന്നവണ്ണം നിയമാനുഷ്ഠാനങ്ങളുടെ പിന്നാലെ അവർ വലിച്ചിഴയ്ക്കപ്പെട്ടു. എങ്കിലും മിശിഹായോടുള്ള അവരുടെ സമ്പൂർണ സ്നേഹംകൊണ്ടും നിയമാനുഷ്ഠാനത്തിൽനിന്നുള്ള പിന്മാറ്റംകൊണ്ടും അവരുടെ ആദ്യ ഛായയിൽ അവർ പൂർണരാക്കപ്പെടുന്നതുവരെ പ്രസവവേദനയിലെന്നതുപോലെ അവൻ ഞെരുങ്ങുന്നു.

*"ഹാഗാർ അറേബ്യയിലെ സീനായ് മല ആകുന്നു"* (4:25). ഇന്ന് അറേബ്യ എന്നു പറയുന്നതു മാത്രമല്ലായിരുന്നു പണ്ട് അറേബ്യ. മരുഭൂമിയും അതിനുചുറ്റും മനുഷ്യർ പാർത്തിരുന്ന സ്ഥലങ്ങളും ഈജിപ്തിന്റെ നല്ലൊരു ഭാഗവും അപ്രകാരം അറിയപ്പെട്ടു. ഇസ്രായേൽക്കാർ ഈജിപ്തിൽ ആയിരുന്നപ്പോൾ പാർത്ത സ്ഥലവും ഇപ്രകാരം വിളിക്കപ്പെട്ടിരുന്നു. അറേബ്യയിലെ ഗോശേൻ നാട്ടിലാണ് അവർ പാർത്തിരുന്നത് എന്ന് തിരുലിഖിതത്തിൽ നിന്നു നാം ഗ്രഹിക്കുന്നു. ഹാഗാർ അവിടുത്തുകാരിയാണ്; ദൈവം ഇസ്രായേൽക്കാർക്കു നിയമം കൊടുത്ത സീനായ് മലയും അറേബ്യയിലാണ്. "ഹാഗാർ പഴയനിയമത്തിന്റെ പ്രതീകമാണ്" എന്ന് കാണിക്കാൻ അവൻ ആഗ്രഹിക്കുന്നു (4:25). *"ശാരീരികമായി ജനിച്ചവൻ ആത്മീയമായി ജനിച്ചവനെ"* അതായത്, വാഗ്ദാനത്താലുള്ളവനെ *"പീഡിപ്പിച്ചതുപോലെ ഇപ്പോഴും സംഭവിക്കുന്നു"* (4:29). നിയമം അനുസരിച്ച് നടക്കാൻ താല്പര്യമുള്ളവർ കൃപയാൽ വ്യാപരിക്കുന്ന നമ്മെ പീഡിപ്പിക്കുന്നു.

## 4

*"നിങ്ങളെ ശല്യപ്പെടുത്തുന്നവർ നിശേഷം വിഛേദിക്കപ്പെട്ടുപോയെങ്കിൽ എന്നു ഞാൻ ആശിക്കുന്നു"* (5:12). അതായത്, മിശിഹായിലൂടെ ജീവനും പരിപൂർണതയും കൈവരുമെന്നു നാം പ്രത്യാശിക്കുന്നെങ്കിൽ, ജഢഛേദനം അധികപ്പറ്റാണ്. ജഢഛേദനം അവർക്ക് ഗുണകരമെന്ന് അവർക്കു തോന്നുന്നെങ്കിൽ, കൂടുതൽ പ്രയോജനം ലഭിക്കാനായി ഉല്പാദനത്തിനുള്ള അവയവങ്ങൾ തന്നെ അവർ പൂർണ

www.malankaralibrary.com



മായി ഛേദിച്ചു കളയട്ടെ. തങ്ങളുടെ അവയവങ്ങൾ വിഛേദിക്കാൻ വെമ്പൽകൊള്ളുകയും തങ്ങളുടെമേൽ തന്നെ ശാപം വലിച്ചുവയ്ക്കുകയും, ദൈവത്തിൻെറ സൃഷ്ടിയെ കുറ്റപ്പെടുത്തുകയും 'ശരീരം ഉപദ്രവകരമാണ്, അത് ചീത്ത പദാർഥം കൊണ്ട് നിർമിതമാണ്' എന്നു പറയുന്ന മനിക്കെയരെ സഹായിക്കുകയും ചെയ്യുന്നവർക്ക് എന്താണ് സംഭവിക്കാൻ പോകുന്നത്! ആത്മാവിലേക്ക് ദുരാശകൾ കടക്കുന്ന തങ്ങളുടെ നയനങ്ങൾ അവർ കുത്തിപ്പൊട്ടിക്കണമല്ലോ! ദൈവദൂഷണം നിമിത്തം നാവ് ഛേദിച്ചുകളയണമല്ലോ! അത്യാഗ്രഹം നിമിത്തം കൈകളും, തിന്മയിലേക്കു പായുന്നതിനാൽ പാദങ്ങളും ഛേദിക്കണമല്ലോ! ഇമ്പകരമായ സ്വരത്തിലൂടെ ആത്മാവിലേക്ക് അടക്കമില്ലായ്മ കടക്കുന്നതിനാൽ കാതുകളും സുഗന്ധത്താൽ മനസ്സിനെ മയക്കുകയും അതിൻെറ പിറകെ പോകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതിനാൽ മൂക്കുകളും ചെത്തിക്കളയണമല്ലോ! ചുരുക്കത്തിൽ, അവർ എല്ലാം വെട്ടി നീക്കട്ടെ; എങ്കിലും ഈ അവയവങ്ങളൊന്നുമല്ല പിന്നെയോ, ദുഷിച്ച മനസ്സാണ് തിന്മയ്ക്കു കാരണം. അതുകൊണ്ട് ആത്മാവിൻെറ ഇളകിമറിഞ്ഞ പ്രചോദനങ്ങളെ നേരേയാക്കുകയാണ് വേണ്ടത്. എന്നാൽ ഇപ്പോൾ പണിക്കാരൻ ഉപകരണം തകർക്കാൻ ആഗ്രഹിക്കുമ്പോൾ, കൊലപാതകത്തിൽ നിരന്തരം സന്തോഷിക്കുന്ന ഒരു ദുഷ്ടപിശാച് അവനെ പ്രേരിപ്പിച്ചു. ശരീരം വെട്ടിക്കീറിയാൽ, ദുരാശകൾ ഒഴുകിപ്പോകും എന്ന് അവൻ പറയുന്നു. ആത്മാവിൽ നിന്നുവരുന്ന പാപം നശിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അപ്രകാരം ചെയ്യാനാവും. എന്നാൽ തീ തുപ്പുന്നതിനെ വിട്ടിട്ട്, തീയെ കുറ്റം പറയുകയും വില്ലിനെ വിട്ടിട്ട്, വില്ലിനെ കുറ്റം പറയുകയും ചെയ്യുന്നവന് തുല്യമായതാണ് നീ ചെയ്യുന്നത്. അതുപോലെ, കാമവികാരം സന്താനോൽപാദനത്തിനും ലോകത്തിൻെറ നിലനില്പിനും ഉള്ളതാണ്; താന്തോന്നിത്തത്തിനുള്ളതല്ല.

*"മിശിഹായുടെ കുരിശിനെപ്രതി തങ്ങൾ പീഡിപ്പിക്കപ്പെടാതിരിക്കാൻവേണ്ടി"* (6:12): അതായത്, ക്രിസ്തുമതത്തിനെതിരെ നില്ക്കുന്ന യഹൂദരെ ഈ ലോകത്തിൽ പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, മിശിഹായെ പ്രതി പീഡിപ്പിക്കപ്പെടാതിരിക്കാൻ ഇതു ചെയ്യുന്നു.

*"പരിഛേദനം നടത്തിയ അവർപോലും നിയമം അനുസരിക്കുന്നില്ല"* (6:13): അതായത്, അനേകർ നിയമം ലംഘിക്കുന്നു എന്നത് വ്യക്തമാണല്ലോ; കാരണം, അവർ ബലിയർപ്പിക്കുന്നില്ല; നിയമം അനു

www.malankaralibrary.com



ശാസിക്കുന്നതുപോലെ വർഷത്തിൽ മുന്നുപ്രാവശ്യം അവർ ജറുസലേമിലേക്കു പോകുന്നില്ല, എന്നാൽ പരിഛേദനത്തിൽമാത്രം അവർ നിർബന്ധം പിടിക്കുന്നു; ജഡഛേദനത്താൽ മനുഷികബഹുമാനം കിട്ടാൻ അവർ ആഗ്രഹിക്കുന്നു. നിയമവിധേയരാണ് എന്ന ധാരണ പരത്തിയാൽ, എതിരാളികളാൽ തങ്ങൾ പീഡിപ്പിക്കപ്പെടുകയില്ല എന്നു കരുതുന്നു.

*"ദൈവത്തിൻെറ ഇസ്രായേൽ"* എന്ന് ക്രിസ്ത്യാനികളെ അവൻ വിളിക്കുന്നു.

*"നമ്മുടെ കർത്താവേശുമിശിഹായുടെ അടയാളങ്ങൾ ഞാൻ എൻെറ ശരീരത്തിൽ വഹിക്കുന്നു"* (6:17). അതായത്, മിശിഹായെ ഏറ്റുപറയുന്നതിൽനിന്ന് ഓടിപ്പോകാൻ എനിക്കു സാധ്യമല്ല. അക്കാരണത്താൽ, എൻെറ ശരീരം മിക്കവാറും കീറിമുറിക്കപ്പെട്ടിരിക്കുന്നു. "ഇനിമേൽ ആരും എന്നെ ബുദ്ധിമുട്ടിക്കരുത്" (6:17). അതായത്, അവർക്കു മറുപടി നൽകാനുള്ള ജോലി എനിക്കായി മാറ്റിവയ്ക്കരുത്. രണ്ടാമതൊരു പ്രാവശ്യം ഞാൻ അധ്വാനിക്കുകയും നിയമത്തിനു പുറത്തുനിന്ന് നിങ്ങളോടു മറുപടി പറയുകയും ചെയ്യാൻ ഇടയാകാതിരിക്കട്ടെ! കാരണം, പ്രഘോഷണം നിമിത്തമുള്ള ക്ലേശങ്ങൾ എനിക്ക് ആവശ്യത്തിനുണ്ട്.

ഇത് റോമിൽ വച്ച് എഴുതുകയും തീത്തോസ് വഴി കൊടുത്തയയ്ക്കുകയും ചെയ്തു.

www.malankaralibrary.com

# എഫേസ്യലേഖനം

വീണ്ടും, എഫേസോസുകാർക്കുള്ള ലേഖനത്തിന്റെ വിശദീകരണം.

പൗലോസിനെ എഫേസോസുകാർ നേരിട്ടു കാണുന്നതിനു മുമ്പാണ് അവർക്ക് ഈ കത്ത് അയയ്ക്കുന്നത്. മനുഷ്യർക്ക് അനേകം നല്ല വസ്തുക്കളുടെ പ്രവർത്തനമാണ് മിശിഹായുടെ വരവ് എന്നു കാണിക്കാൻ അവൻ പരിശ്രമിക്കുന്നു. അതില്ലാതിരുന്നെങ്കിൽ, ഒരൊറ്റ നല്ല സംഗതിപോലും പ്രതീക്ഷിക്കാൻ നമുക്കു വകയില്ലായിരുന്നു, പ്രത്യുത, നമ്മുടെ പാപങ്ങളുടെ ശിക്ഷ മാത്രം. യോഹന്നാൻ എഫേസോസിൽ എത്തുന്നതിനും വളരെ മുമ്പാണ് അവൻ ഇതെഴുതിയത്. അന്നൊക്കെ ശ്ലീഹന്മാർ എല്ലാവരും തന്നെ യൂദയായിൽ ചുറ്റിസഞ്ചരിക്കുന്ന കാലമായിരുന്നു. റോം ഇറ്റലിയിലെയും ഫിലിപ്പി, മാസിഡോണിയായിലെയും, കോറിന്തോസ് അക്കായിയായിലെയും പ്രധാന നഗരമായിരുന്നതുപോലെ, എഫേസോസ് ആസിയായിലെ പ്രമുഖ നഗരമായിരുന്നു എന്നും നാം അറിഞ്ഞിരിക്കണം.

*"സ്വർഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം മിശിഹായിൽ നവീകരിക്കപ്പെടുന്നതിന്"* (എഫേ. 1:10): എല്ലാം ഏകനിൽ ഒന്നിച്ചുചേർക്കപ്പെട്ടതിനെയും ഏകനെ ഉറ്റുനോക്കിയതിനെയും, ഇപ്പോൾ അച്ചാരമായും അവസാനം യഥാർഥമായും മനുഷ്യരും മാലാഖമാരും അവനെത്തന്നെ നോക്കുന്നതിനെയും പരസ്പരം ഹൃദയൈക്യം പുലർത്തുന്നതിനെയുമാണ് *'എല്ലാറ്റിന്റെയും നവീകരണം'* എന്ന് അവൻ വിളിക്കുന്നത്.

*"നമ്മുടെ കർത്താവായ യേശുമിശിഹായുടെ ദൈവവും മഹത്ത്വത്തിന്റെ പിതാവുമായവൻ"* (1:17). *'മിശിഹായുടെ ദൈവം'* എന്ന് ഒരു വശത്ത് അവൻ പറയുന്നു; കാരണം, എടുക്കപ്പെട്ട മനുഷ്യത്വത്തെപ്പറ്റി

www.malankaralibrary.com



യാണ് അവൻ സംസാരിക്കുന്നത്. മറുവശത്ത് *"മഹത്ത്വത്തിൻെറ പിതാവ്"* എന്ന് അവൻ പറയുന്നത് വചനമാം ദൈവത്തെപ്പറ്റിയാണ്; സ്വഭാവത്താലേ മഹത്ത്വം അവിടുത്തേതാകുന്നു.

*"എല്ലാ പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും ഉപരി...."* (1:21): നാം എവിടെ നിന്നാണ് ഈ ഒമ്പത് ആത്മീയ നിരകളെപ്പറ്റി പഠിച്ചതെന്ന് അവൻ ആദ്യമായി പറയുന്നു: മോശയിൽ നിന്നും എസെക്കിയേലിൽ നിന്നും *ക്രോബകളെപ്പറ്റി;* ഏശായായിൽ നിന്ന് സ്രാപ്പേന്മാരെപ്പറ്റി; ദാനിയേലിൽ നിന്ന് *ഈറേ ദൂതന്മാരെപ്പറ്റി;* ദാവീദിൽ നിന്ന് *മാലാഖമാരെയും ശക്തികളെയുംപറ്റി;* ശ്ലീഹന്മാരിൽ നിന്ന് സിംഹാസനദൂതന്മാരെയും ആധിപത്യങ്ങളെയും പ്രഭുത്വങ്ങളെയും അധികാരങ്ങളെയുംപറ്റി.[1] അവ രുടെ പേരുകളുടെ വൈവിധ്യങ്ങൾ, അവരുടെ ശുശ്രൂഷകളുടെ വൈവിധ്യവും നമ്മെയും മറ്റു സൃഷ്ടികളെയുംസേവിക്കാനുള്ള അവരുടെ താല്പര്യവും നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നു. അങ്ങനെയല്ലെങ്കിൽ ആര് ജാഗരണം ചെയ്യാതെയും സ്തുതിക്കാതെയും ഇരിക്കും? അഥവാ ശക്തരല്ലാതിരിക്കും?

*സ്രാപ്പേന്മാർ* എന്നാൽ *അഗ്നിമയർ,* ജ്വാലധരിച്ചവർ, ചൂട് ബഹിർഗമിക്കുന്നവർ എന്നൊക്കെ വിശദീകരിക്കപ്പെടുന്നു; അവർ സ്തുതിയർപ്പിക്കുന്നവരാണെന്ന് *മറ്റുചിലർ* പറയുന്നു; അതിൽ നിന്നാണ് ഏശായായിൽ അവർ സ്തുതിയർപ്പിക്കുന്നത്. *ക്രോബേന്മാർ* എന്നാൽ നിരവധി നയനങ്ങൾ ഉള്ളവരും വിവിധ അറിവുകൾ ഉള്ളവരും എന്ന് വ്യാഖ്യാനിക്കപ്പെടുന്നു; അവർ വഹിക്കുന്നവരാണെന്ന് *മറ്റുചിലരും,* ഗായകരാണെന്ന് *വേറെചിലരും* പറയുന്നു. *സിംഹാസനങ്ങൾ (മൗത്ബേ)* ഉറപ്പുള്ളവയും ബഹുമാന്യവുമായ അടിസ്ഥാനങ്ങളാണ്. *ശക്തികൾ (ഹൈലേ-ഹൈലാവാസാ):* ദൈവികകാര്യങ്ങളിൽ അവർ ശക്തരാണ്. *കർതൃത്വങ്ങൾ (മോറാവോസാ):* സാമ്രാജ്യങ്ങളുടെയും ജനതകളുടെയും മനുഷ്യരുടെയുംമേൽ അവരെ നിയമിച്ചിരിക്കുന്നു. *അധികാരങ്ങൾ(ശുൽതാനേ):* പ്രദേശങ്ങളുടെയും സ്ഥലങ്ങളുടെയും നഗരങ്ങളുടെയുംമേൽ അവർക്ക് അധികാരം ഉണ്ട്. *പ്രഭുത്വങ്ങൾ(അർകാസ്)* അതായത്, അന്തരീക്ഷാധിപന്മാർ. ഈ ലോകത്തിലെ നിരന്തര മാറ്റങ്ങളെയും, മേഘങ്ങളെയും,

1. ഉല്പ 3:24; എസ 10:16; ഏശാ 6:2; ദാനി 4:13; സങ്കീ 8:5; കൊളോ 1:10.

www.malankaralibrary.com



മിന്നലുകളെയും, നല്ല കാലാവസ്ഥയെയും നിയന്ത്രിക്കുന്നവർ. *പ്രധാന മാലാഖമാർ (റാബൈ മാലാഖേ)*: തങ്ങൾക്കു താഴെയുള്ളവരെ, അതായത് മാലാഖമാരെ, അവർ പഠിപ്പിക്കുന്നു; ദൈവികതിരുമനസ്സ് തിരുഹിതമായവ ചെയ്യാൻ അവർ കല്പിക്കുന്നു. *മാലാഖമാർ (മാലാഖേ)*: അയയ്ക്കപ്പെടുന്നവരാണവർ. *ഈറേമാലാഖമാർ*: സംരക്ഷകരാണ്.

ദിവന്നാസ്യോസും മറ്റുള്ളവരും പറയുന്നതുപോലെ ഒന്നാമത്തേതും ഏറ്റവും ഉന്നതവുമായ നിര *സ്രാപ്പേന്മാരുടേതാണ്*. എന്നാൽ *ക്രോബേന്മാർ* ആണെന്നാണ് *ദിയദോറും സഖികളും* പറയുന്നത്. മൂന്നാമത്തേത്, പിന്നെയുള്ള ആറ് നിരകളാണ്; അവരുടെ സ്ഥാനത്തെ സംബന്ധിച്ച് എല്ലാവരും യോജിക്കുന്നു. അവരുടെ വാസസ്ഥലത്തെ സംബന്ധിച്ച്: '*ചിലർ* വായുവിന് മുകളിലാണ്, *ചിലർ* താഴയാണ്' എന്ന് *ചിലർ* പറയുന്നു; 'അവരെല്ലാം വായുവിനു താഴെയാണ്' എന്ന് മറ്റുചിലർ. എങ്ങനെയാണ് ഈ ഒമ്പതുനിരകളെ മൂന്നുഗണങ്ങളായി തിരിച്ചിരിക്കുന്നത്? ഒന്നാമത്തെ കൂട്ടർ *ശെമ്മാശന്മാരെ* പോലെയാണ്: അതായത്, ശുദ്ധീകരിക്കുന്നവർ. രണ്ടാമത്തെ കൂട്ടർ *കശീശന്മാരെ* പോലെയാണ്. പ്രകാശദാതാക്കൾ എന്ന് അവർ വിളിക്കപ്പെടുന്നു. മൂന്നാമത്തെ കൂട്ടർ *മഹാപുരോഹിതന്മാരെ* പോലെയാണ്. *പൂർത്തീകരിക്കുന്നവർ* എന്ന് അവർ വിളിക്കപ്പെടുന്നു.[2]

---

2. ക്രോബേ (ക്രോബേന്മാർ - Cherubim)
സ്രാപ്പേ (സ്രാപ്പേന്മാർ - Seraphim, അഗ്നിമയർ)
ഈറേ (ഉണർവുള്ളവർ - ഈറേദൂതന്മാർ) Watchers
മാലാഖേ (മാലാഖമാർ - Angels-ദൂതന്മാർ, അയയ്ക്കപ്പെടുന്നവർ - Messengers)
ഹൈലാവാസാ (ഹൈലാവോസേന്മാർ - ഹൈലേ - ശക്തികൾ: എഫേ. 1:21)
മൗത്ബേ (സിംഹാസനങ്ങൾ - മൗത്ബേന്മാർ - Thrones; കൊളോ. 1:16)
മോറാവാസാ (കർതൃത്വങ്ങൾ - മോറാവോസേന്മാർ: കൊളോ. 1:16; എഫേ. 1:21)
അർകാസ് (പ്രഭുത്വങ്ങൾ - റീശ്ന്വോസേ, Principalities: കൊളോ.1:16; എഫേ. 1: 21; എഫേ. 3:10; 6:12)
ശുൽതാനേ (അധികാരങ്ങൾ) കൊളോ. 1:16, എഫേ. 1:21; 3:10; 6:12(ശല്ലീതാനേ)
റാബൈ മാലാഖേ - (റീശൈ മാലാഖമാർ - പ്രധാന മാലാഖമാർ)
ആഹീദായ് - അധിപന്മാർ: എഫേ. 6:12: ആഹീദായ് അൽമാ ഹാനാ ഹേശുക്കാ.
റൂഹേ ബീശാസാ - ദുരാത്മാക്കൾ: എഫേ. 6:12: റൂഹേ ബീശാസേ ദത്ഹേസ് ശ്മയാ.

www.malankaralibrary.com



ഒൻപതു ഗണങ്ങളനുസരിച്ച് അവർ ഒൻപതു പ്രകൃതങ്ങളും സത്തകളുമാണെന്ന് ചിലർ. എന്നാൽ അവർക്ക് ഒരേ പ്രകൃതവും ഒരേ സത്തയും എന്ന് വേറെ ചിലർ. നാം അത് മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

*"സകലത്തിനുംമേൽ ആയിരിക്കുന്നവനെ... തലവനായി നൽകുകയും അവൻെറ പൂർണത..."* എന്നിത്യാദി (1:22-23). ശരീരത്തിൽ ശിരസ്സ് പ്രധാനഭാഗം ആയിരിക്കുകയും അതിൽ നിന്ന് എല്ലാ ജീവശക്തിയും ശരീരം മുഴുവൻ ഒഴുകുകയും ചെയ്യുന്നതുപോലെ, ഈ ലോകത്തിൽ മനുഷ്യരായ നാമെല്ലാം ഏകശരീരമാണ്; കാരണം, ഏകസ്വഭാവമാണ് നമ്മുടേത്; ആദം നമ്മുടെ ശിരസ്സുമാണ്. നാം ഉത്ഥാനംചെയ്ത് അമർത്യരായി തീരുന്ന, വരാനിരിക്കുന്ന ലോകത്തിൽ നാം ഏകശരീരമായിരിക്കും; മിശിഹാ നമ്മുടെ ശിരസ്സായിരിക്കുകയും ചെയ്യും. സഭയെ അവൻ എല്ലാ വിശ്വാസികളുടെയും സമൂഹം എന്നു വിളിക്കുന്നു.

*"അവൻ എല്ലാറ്റിനെയും എല്ലാറ്റിലും നിറയ്ക്കുന്നു"* (1:23): *"നിറയ്ക്കുന്നു"* എന്നതിനുപകരം *"പൂർത്തിയാക്കുന്നു"* എന്നാണ് ഗ്രീക്ക്. അതാണ് കുറേക്കൂടി ശരി; കാരണം, അവൻ എല്ലാവസ്തുക്കളെയും നിറയ്ക്കുന്നില്ല, എന്നാൽ എല്ലാ വസ്തുക്കളിലും അവൻ പൂർത്തീകരിക്കപ്പെടുന്നു; അതായത്, അവൻ എല്ലാറ്റിലും പൂർണമായി ഉണ്ട്; സ്വഭാവത്തിൻെറ അനന്തതയാൽ അവൻ പൂർണമായി ഓരോ മനുഷ്യനിലും ഉണ്ട്. ഭാഗങ്ങളായി മുറിക്കപ്പെടാതെ, അവൻ പൂർണമായി സ്വഭാവത്താലെയോ, ശക്തിയാലെയോ, അധികാരത്താലെയോ, നാമോരോരുത്തനിലും ഉണ്ട്. ചുരുക്കത്തിൽ, "മിശിഹാ നമ്മുടെ ശിരസ്സാണ്, അവനിൽ ദിവ്യസ്വഭാവം വസിക്കുന്നു; അവൻ അനന്തമായി എല്ലാറ്റിലും ഉണ്ട്" എന്ന് പൗലോസ് പറയുന്നു.

*"അന്തരീക്ഷശക്തിയുടെ അധിപൻെറ ഇച്ഛ അനുസരിച്ച്..."* (2:2): പിശാചിനെ അവൻ "അന്തരീക്ഷ ശക്തിയുടെ അധിപൻ" എന്നു വിളിക്കുന്നു; കാരണം, സ്വർഗത്തിൽനിന്നും വീഴുന്നതിനു മുമ്പ് വായുവിനെ എല്ലാ മാറ്റങ്ങളിലും നിയന്ത്രിക്കുകയും ചലിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നത് അവനായിരുന്നു.

*"പരിച്ഛേദനം ചെയ്യപ്പെട്ടവർ നിങ്ങളെ അപരിച്ഛേദിതർ എന്നു വിളിച്ചിരുന്നു"* (2:11): ശരീരത്തിൽ പരിച്ഛേദനം ചെയ്യപ്പെടാത്തവർ എന്ന് അവർ വിളിക്കപ്പെട്ടിരുന്നു" എന്ന് അവൻ പറയുന്നു. "ശരീരത്തിൽ

www.malankaralibrary.com


ചെയ്യുന്നതിനെയാണ് പരിച്ഛേദനം" എന്ന് വിളിക്കുന്നത്. അതുപോലെ, കൈകൾകൊണ്ട് മുറിക്കുന്നതിനെ "കൈകളുടെ വേല" എന്നും അവൻ വിളിക്കുന്നു.

*"അവൻ ഇരുകൂട്ടരെയും ഒന്നാക്കി തീർക്കുകയും നടുവിൽ നിന്നിരുന്ന വേലി പൊളിക്കുകയും ചെയ്തു"* (2:14): അതായത്, മിശിഹാ നമുക്ക് സമാധാനഹേതു ആയിത്തീർന്നു; അവിടുന്ന് നാമെല്ലാവരെയും ഒരേ അവസ്ഥയിൽ എത്തിച്ചു; നിയമം നീക്കിക്കളഞ്ഞിട്ട് പരിച്ഛേദനത്തെയും അപരിച്ഛേദനത്തെയും ഒന്നാക്കിത്തീർത്തു; വിജാതീയർക്കും സ്വജനത്തിനും മധ്യേ നില്ക്കുകയും അവർ പരസ്പരം സ്നേഹത്തിൽ കൂടിക്കലരുന്നത് തടയുകയും ചെയ്ത നിയമം എന്ന മതിൽ പൊളിച്ചുകളഞ്ഞു. തന്റെ പീഡാനുഭവവും മരണവും വഴി പരിച്ഛേദനവും അപരിച്ഛേദനവും തമ്മിലുള്ള വ്യത്യാസം നീക്കിക്കളഞ്ഞു. മർത്യജീവികൾക്ക് പ്രയോജനകരമായ തന്റെ പരിപൂർണവും വ്യതിയാനരഹിതവുമായ കല്പനകൾ നൽകാൻ ജഡികാനുശാസ്സനങ്ങളുടെ നിയമം നീക്കിക്കളഞ്ഞു. അവ ഉത്ഥാനത്തിന്റെയും സ്വർഗരാജ്യത്തിന്റെയും വാഗ്ദാനങ്ങളാണ്.

*"അവൻ വന്ന് എല്ലാ വിദൂരസ്ഥരോടും സമീപസ്ഥരോടും സമാധാനം പ്രഘോഷിച്ചു"* (2:17): നിയമത്തിന്റെ ശിക്ഷണം നിമിത്തം യഹൂദരെ *"സമീപസ്ഥർ"* എന്നും മതത്തിൽ നിന്ന് അകന്നിരുന്നതിനാൽ പുറജാതികളെ *"വിദൂരസ്ഥർ"* എന്നും അവൻ വിളിച്ചു.

*"അവനിൽ ശരീരം മുഴുവൻ ഒരുമിച്ചു ചേർക്കപ്പെടുകയും സന്ധിബന്ധങ്ങളിലെല്ലാം കൂട്ടിയിണക്കപ്പെടുകയും ചെയ്തിരിക്കുന്നു"* (4:16): *ഓരോ സ്പർശനത്തിലും* എന്ന് ഗ്രീക്കിൽ. മിശിഹാ നമുക്ക് *മൂലക്കല്ലിന്റെ* സ്ഥാനത്താണ് എന്ന് അവൻ പറയുന്നു. വിശ്വസിച്ച യഹൂദരും വിശ്വസിച്ച വിജാതീയരും അവനിൽ ഐക്യപ്പെട്ടിരിക്കുന്നു. നവജന്മത്തിലൂടെ ഏകസൗധം പൂർത്തിയാക്കാൻ നമുക്ക് ശക്തി ലഭിക്കുന്നു. *"ഓരോ സ്പർശനത്തിലും"*: കാരണം, ഓരോ കല്ലും നമ്മുടെ സ്പർശനത്തിനു വിധേയമാണ്; അവൻ ഇപ്രകാരം പറയുന്നത് ഏതോ ശീലത്തിൽ നിന്നാണ്. മനുഷ്യന്റെ സ്ഥാനത്ത് കല്ല് എന്ന് അവൻ പറയുന്നു എന്നേയുള്ളു എന്നത് സുവ്യക്തമാണ്.

www.malankaralibrary.com



# 2

*"ഞാൻ ചുരുക്കമായി മുമ്പ് നിങ്ങൾക്ക് എഴുതിയിട്ടുള്ളതുപോലെ, വെളിപാടുവഴിയാണ് രഹസ്യം എനിക്കറിവായത്"* (3:3). അതായത്, നിങ്ങളെപ്രതി എനിക്കു നല്കപ്പെട്ട കൃപയുടെ വ്യാപാരത്തെക്കുറിച്ച് നിശ്ചയമായും നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. വെളിപാടുവഴിയാണ് ഈ രഹസ്യത്തെപ്പറ്റിയുള്ള അറിവ് എനിക്കു ലഭിച്ചത്. അതേപ്പറ്റി, കഴിയുന്നിടത്തോളം ചുരുങ്ങിയ വാക്കുകളിൽ ഞാൻ നിങ്ങൾക്ക് എഴുതി; മിശിഹാ വഴി എനിക്കു വെളിവാക്കപ്പെട്ട ഈ രഹസ്യത്തെപ്പറ്റി എന്ത് അറിവാണ് എനിക്കു ലഭിച്ചിരിക്കുന്നതെന്ന് നിങ്ങളും അറിയുന്നതിനാണിത് (3:2- 4). അപ്പോൾ രഹസ്യം എന്തായിരുന്നു? "ഇപ്പോൾ വെളിപ്പെട്ടതുപോലെ അത് മനുഷ്യർക്ക് മറ്റു തലമുറകളിൽ അറിയപ്പെട്ടിരുന്നില്ല; അതായത്, പുറജാതികൾ അവകാശികളും ഒരേ ശരീരത്തിന്റെ അവയവങ്ങളും മിശിഹായുടെ വാഗ്ദാനത്തിന്റെ ഭാഗഭാക്കുകളുമായിത്തീരും എന്ന കാര്യം. 'ഇതാണ് മുമ്പ് അറിയപ്പെടാതിരുന്നതും ഇപ്പോൾ ശ്ലീഹന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടതും' എന്ന് അവൻ പറയുന്നു (3:5-6).

ബർണബാസ്, നീഗർ എന്നിവരെപ്പോലെ, മിശിഹായ്ക്കുശേഷം വന്നവരെയാണ് അവൻ *പ്രവാചകന്മാർ* എന്നു വിളിക്കുന്നത്.

*"അവിടുത്തെ ജ്ഞാനം സഭവഴി അറിയിക്കപ്പെടേണ്ടതിന്"*(3:10): സ്വഭാവത്തിന്റെ ഐക്യത്തിൽ മൂന്നാളുകളുടെ വ്യത്യാസത്തെയാണ് *"ദൈവത്തിന്റെ ബഹുമുഖജ്ഞാനം"* എന്ന് അവൻ വിളിക്കുന്നത്. മുൻതലമുറകളിൽ അത് മറഞ്ഞിരിക്കുകയായിരുന്നു (3:6).

"സ്വർഗത്തിലും ഭൂമിയിലും ഉള്ള എല്ലാ പിതൃത്വവും അവനിൽ നിന്നു നാമകരണം ചെയ്യപ്പെടുന്നു" (3:14): ഗ്രീക്കിലുള്ള *പാത്രിയാ* എന്ന വാക്കിന് *പിതൃത്വം* എന്നും *സമൂഹം* എന്നും അർത്ഥമുണ്ട്. അതുപോലെ *കൊയ്നേ* എന്നതിന് പൊതുവ്, *ലൗകികം* എന്നും *സംഘം* എന്നും അർത്ഥമുണ്ട്. *ഓറോസ്* എന്നതിന് *അതിർത്തി* എന്നും *മല* എന്നും *ഭാഗം* എന്നും അർത്ഥമുണ്ട്. *ഗെനേതോൺ* എന്നത് ജനിച്ചതിനും സൃഷ്ടിക്കപ്പെട്ട വസ്തുവിനും ജനനത്തിനും പ്രയോഗിക്കുന്നു. അതുപോലെ വൈദ്യന്മാരെയും മല്ലന്മാരെയും ഒരുപോലെ സുചിപ്പിക്കുന്ന പദമാണ് *യാത്രോസ്*. അതുകൊണ്ട് *യാത്രോസ്* സുറിയാനിയിലേക്ക് വിവർത്തനം

www.malankaralibrary.com



ചെയ്ത ആൾ "മല്ലന്മാർ ഉയർന്നുവരും" എന്ന് വിശദീകരിച്ചു. എന്നാൽ ഗ്രീക്കിൽ "വൈദ്യന്മാർ ഉയർന്നുവരും" എന്നത്രേ. ഇപ്രകാരം "സ്വർഗത്തിലുള്ള പിതൃത്വം" എന്നതിനുപകരം "സമൂഹം" എന്ന് ഗ്രീക്കു പറയുന്നു. ചിലർ *പാത്രിയാ* എന്ന വാക്ക് *പിതൃത്വം* എന്ന് വിവർത്തനം ചെയ്തു. *"സമൂഹം"* എന്നു വായിക്കണം എന്ന് അവർ മനസ്സിലാക്കിയില്ല. കാരണം, പിതൃത്വം, കുടുംബവും വംശവും സൂചിപ്പിക്കുന്നു. എന്നാൽ സ്വർഗത്തിൽ കുടുംബവുമില്ല, വംശവുമില്ല; അവിടെ നിരവധി *സമൂഹങ്ങൾ* ഉണ്ട്" എന്ന് *ഭാഷ്യകാരൻ* പറയുന്നു.

*സുറിയാനി മല്പാന്മാർ* ഇങ്ങനെ വ്യഖ്യാനിക്കുന്നു: *മക്കൾ* എന്നു വിളിക്കപ്പെടാൻ നമ്മെ അർഹരാക്കിയ ദൈവത്തെ ഇവിടെ നമ്മുടെ മർത്യതയുടെയും നമ്മുടെ ജനനത്തിൻെറയും ഈ കാലത്ത് *പിതാവ് (ആബാ)* എന്നു നാം വിളിക്കുന്നു. അവിടെ സ്വർഗരാജ്യത്തിൽ പൂർത്തീകരിക്കപ്പെട്ടവരും പൂർണരാക്കപ്പെട്ടവരും എന്ന നിലയിൽ നാം അവിടുത്തെ *"ഞങ്ങളുടെ പിതാവ്" (ആബൂൻ)* എന്നു വിളിക്കുന്നു. അതുകൊണ്ട് ഇവിടെ ശിശുക്കളെപ്പോലെ നാം ദൈവത്തെ *അബ്-ബാ* എന്നും, അവിടെ *ഞങ്ങളുടെ പിതാവ് (ആബൂൻ)* എന്ന് സ്പുടമായും നാം വിളിക്കുന്നു എന്ന് ശ്ലീഹാ പറയുന്നു; ഈ രണ്ടു നാമങ്ങളും അവിടുത്തേതാണ്: ഇവിടെ *അബ്-ബാ* എന്നതും സ്വർഗത്തിൽ *ആബൂൻ (ഞങ്ങളുടെ പിതാവ്)* എന്നതും.

എന്നാൽ *ഹെനാനാ* ഇപ്രകാരം പറയുന്നു: "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും ആരിൽനിന്ന് ഉത്ഭവിക്കുകയും സംരക്ഷിക്കപ്പെടുകയും പേര് വിളിക്കപ്പെടുകയും ചെയ്യുന്നുവോ"; അതായത്, മർത്യശരീരത്തിൻെറ പിതൃത്വവും പുത്രത്വവും, സ്വർഗീയാരൂപികളുടെ പിതൃത്വവും പുത്രത്വവും; ഭൂമിയിലെ എല്ലാ സ്വാഭാവിക പിതൃത്വവും അവനിൽ നിന്നാണ്; കൃപയാലുള്ള എല്ലാ സ്വർഗീയ പിതൃത്വങ്ങളും അവനിൽ നിന്നാണ്.

*"എല്ലാ വിശുദ്ധരോടുമൊപ്പം മിശിഹായുടെ സ്നേഹത്തിൻെറ ഉയരവും ആഴവും നീളവും വീതിയും ഗ്രഹിക്കാൻ നിങ്ങൾക്കു കഴിയട്ടെ"* (3:18). എല്ലാ വിശുദ്ധരോടുമൊപ്പം ദൈവദാനത്തിൽ ഭാഗഭാക്കാകുവാൻ കൃപയുടെ സന്തോഷത്തിൽ നിങ്ങൾക്കു സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു എന്ന് അവൻ പറയുന്നു. "മഹത്ത്വം ഗ്രഹിക്കാൻ" എന്നതും ഇതുപോലെയാണ്. അതായത് "നിങ്ങൾക്ക് അനുഭവിക്കാൻ".

www.malankaralibrary.com



ഉദാ: *"നിന്റെ ജീവവഴി എന്നെ കാട്ടണമെ"* (സങ്കീ. 16:11). അതായത് "ജീവിതസന്തോഷം നീ എനിക്കു പ്രദാനം ചെയ്യുന്നതിന്.

*"ഉയരവും ആഴവും നീളവും വീതിയും"* കൊണ്ട് ദാനത്തിന്റെ വലിപ്പം അവൻ വ്യക്തമാക്കുന്നു. *ഈശോ ബർനുൻ* ഇപ്രകാരം പറയുന്നു: "*ഉയരം* ദൈവത്തെയും *ആഴം* ശരീരത്തിലുള്ള തന്റെ വ്യാപാരത്തെയും *നീളം* അശരീരസ്വഭാവത്തെയും *വീതി* ശാരീരിക സ്വഭാവങ്ങളെയും സൂചിപ്പിക്കുന്നു". ദൈവം ഒഴിച്ചുള്ളവയെല്ലാം നിങ്ങളുടെ സമ്പാദ്യമാണ്; നിങ്ങളെപ്രതി അസ്തിത്വത്തിൽ എത്തിയവയാണ് അവയെല്ലാം എന്നു *മറ്റുചിലർ* പറയുന്നു. *ഉയരം*, ആഴം എന്നിവവഴി അവൻ എല്ലാറ്റിന്റെയും അന്ത്യവും പരിധിയും കുറിക്കുന്നു എന്നും കൂട്ടിച്ചേർക്കുന്നു. *വേറെചിലർ* പഞ്ചസിദ്ധാന്തത്തെപ്പറ്റി പറയുന്നു: അതായത് *ഉയരം* എന്താണെന്ന് എല്ലാ *ദൈവവാഹകരോടും*കൂടി ഗ്രഹിക്കാൻ നിങ്ങൾ അർഹരാണ്; ത്രിത്വത്തെപ്പറ്റിയുള്ള പ്രബോധനം[3] എന്നു വിവക്ഷ. ആഴം: ശരീരികളും അശരീരികളുമായ യാഥാർത്ഥ്യങ്ങളുടെ *തീയറികൾ.* അതായത്, എല്ലാ സൃഷ്ടവസ്തുക്കളുടെയും തീയറി. *നീളം* എന്നാൽ ന്യായവിധിയുടെ *തീയറി; വീതി* എന്നാൽ ദൈവത്തിന്റെ സംരക്ഷണയുടെയും പരിപാലനയുടെയും തീയറി.

*മറ്റുചിലർ* പറയുന്നത്: ദൈവത്തിന്റെ നല്ല വസ്തുക്കളുടെ അഗ്രാഹ്യതയാണ് *ഉയരവും ആഴവും*കൊണ്ട് പൗലോസ് അർത്ഥമാക്കുന്നത്. *"ഓ, സമ്പത്തിന്റെ ആഴം"* (റോമാ 11:33). നീളവും വീതിയും, ഈ നല്ല വസ്തുക്കളുടെ സമൃദ്ധിയും പൂർണതയും സൂചിപ്പിക്കുന്നു. *വീണ്ടും, ഉയരവും ആഴവും* ആരാധ്യമായ ത്രിത്വത്തിന്റെ രഹസ്യമാണ്. *നീളവും വീതിയും* മനുഷ്യാവതാരരഹസ്യവും. വീണ്ടും, വചനമാം ദൈവത്തെ അവൻ *ഉയരം* എന്നും നമ്മിൽ നിന്നുള്ള മനുഷ്യനെ *ആഴമെന്നും* വിളിക്കുന്നു. തന്റെ മദ്ധ്യസ്ഥതയാൽ ഈലോകത്തിൽ യാഥാർത്ഥ്യമായ തന്റെ വ്യാപാരമാണ് *നീളം*; വരാനിരിക്കുന്ന ലോകത്തിൽ അവിടുന്ന് ചെയ്യുന്ന ന്യായവിധിയാണ് *വീതി.* വീണ്ടും, *ഉയരവും ആഴവും നീളവും വീതിയും* എന്ന് പൗലോസ് വിളിക്കുന്നത് കുരിശിന്റെ തീയറിയുടെ രഹസ്യത്തെയാണ്. അതിന്റെ നാലുകോണുകൾ കൊണ്ടും പടികൾ കൊണ്ടും അത് ലോകങ്ങളെയും സൃഷ്ടികളെയും വിശുദ്ധീകരിക്കുന്നു.

3. തീയറി

www.malankaralibrary.com



വചനമാം ദൈവം നമുക്കു പ്രദാനംചെയ്ത മഹാരഹസ്യത്തെപ്പറ്റി *ക്രിസോസ്തോം* പറയുന്നു: നമ്മിൽ നിന്നുള്ള മനുഷ്യനിലൂടെയാണ് അതു യാഥാർത്ഥ്യമായത്. അതായത് മുകളിലും താഴെയും ചുറ്റിനുമുള്ള എല്ലാറ്റിനെയും സംവഹിക്കുന്ന ദൈവത്തിന് നിങ്ങളോടുള്ള സ്നേഹം വളരെ കൃത്യമായി അറിയുന്നതിന് നിങ്ങൾക്കു കഴിയാൻ വേണ്ടിയാണിത്. വീണ്ടും, നമുക്കു നൽകപ്പെട്ട അനുഗ്രഹങ്ങളും സഹായങ്ങളും മിശിഹായുടെ മാധ്യസ്ഥത്തിലൂടെയാണ് നൽകപ്പെട്ടിരിക്കുന്നത്; *'ഉയരവും ആഴവും'*: അവയുടെ അറിവ് അഗ്രാഹ്യമാണ്.

*"ദൈവത്തിൻെറ എല്ലാ പൂർണതകൊണ്ടും നിങ്ങൾ നിറയുവാൻ"* (3:19): മറ്റെന്തിലെന്നതിനേക്കാൾ ദൈവം വസിക്കുന്ന പൊതുശരീരത്തിൻെറ, അതായത് മിശിഹായുടെ ശരീരത്തിൻെറ, ഭാഗമായി നിങ്ങളും കാണപ്പെടുവാൻ. അതുവഴി ലോകം മുഴുവൻ ബന്ധിക്കപ്പെടുകയും കെട്ടപ്പെടുകയും ചെയ്തിരിക്കുന്നു. നിഗൂഢവും ദൃശ്യവുമായ ദൈവികകർമ്മങ്ങളുടെ പൂർണതയാണത്. അവസാനം എത്തിച്ചേരേണ്ട അളവിനെയും പൂർത്തീകരണത്തെയുമാണ് അവൻ *'ദൈവത്തിൻെറ പൂർണത'* എന്നു വിളിക്കുന്നത് എന്ന് *മറ്റുചിലർ* പറയുന്നു. അഥവാ, ഓരോ മനുഷ്യൻെറയുംകൂടെ അവിടുന്നു വസിക്കുന്നു. തിരുഹിതപ്രകാരമുള്ള വാസത്തിൽ അവരെ ദൈവം നിറയ്ക്കുന്നു എന്ന് അവൻ പറയുന്നു. തൻെറ സ്വഭാവത്തിൽ കുറവുള്ളവ നികത്തുന്ന മനുഷ്യനെപ്പോലെ മിശിഹാ വഴിയായി, നിങ്ങൾ എല്ലാ അറിവിൻെറയും പൂർത്തീകരണത്തിൽ എത്തിച്ചേരണം എന്ന് *ഹെനാനാ* പറയുന്നു.

*"കർത്താവ് ഒരുവൻ, എല്ലാവരുടെയും പിതാവായ ദൈവം ഒരുവൻ"* (4:5-6): അതായത്, വിവിധ കർത്താക്കളും വിവിധ ദൈവങ്ങളും ഉണ്ടെന്ന് നാം കരുതുന്നില്ല. പിന്നെയോ, ഏകൻ മാത്രം. *"എല്ലാറ്റിനും ഉപരിയും എല്ലാറ്റിലൂടെയും നാമെല്ലാവരിലും"*(4:6): അതായത് അവിടുന്ന് എല്ലാറ്റിന്മേലും ഭരിക്കാനും ആത്മാവിൻെറ ദാനങ്ങളിലൂടെ എല്ലാറ്റിലൂടെയും പ്രവർത്തിക്കാനും പണിയാനും പോകുന്നു; അവിടുന്ന് നാം ഓരോരുത്തനിലും വസിക്കുന്നു; അവിടുന്ന് സ്വതന്ത്രമായി ബന്ധപ്പെടുന്നു.

*"നീ ഉന്നതത്തിലേക്ക് കയറി; നീ അടിമത്തത്തെ അടിമയാക്കി"* (4:8).[4] പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കൃത്യമായിട്ടല്ല

4. സങ്കീ 68:18.

www.malankaralibrary.com



പൗലോസ് ഇവിടെ ഉദ്ധരിക്കുന്നത്. പിന്നെയോ, തിരുലിഖിതരീതി അനുസരിച്ച് പ്രബോധനത്തിനായി അവൻ ഇത് ഉപയോഗിക്കുകയത്രേ ചെയ്യുന്നത്. *"നീ എടുത്തു"* എന്നതിനുപകരം *"നീ കൊടുത്തു"* എന്ന് അവൻ പറയുന്നു; കാരണം അപ്പം നൽകിയ മിശിഹായെ പറ്റിയാണ് ഇത്; അവിടുന്ന് എടുത്തു എന്നല്ല; അതായത്, ദുഷ്ടനെതിരെ നമുക്കു വേണ്ടി അവിടുന്ന് യുദ്ധം ചെയ്തു; അവനെ അവിടുന്ന് പരാജയപ്പെടുത്തിയിട്ട്, ആദ്യമായി മരണത്തിൽനിന്ന് ഉത്ഥാനം ചെയ്തു; എല്ലാവർക്കുമുള്ള പൊതുമരണത്തെ തകർത്തുകളഞ്ഞു. സാത്താൻെറ ആധിപത്യത്തിൻ കീഴിൽ തടവുകാരെപ്പോലെ അവർ കഴിഞ്ഞപ്പോൾ, അവൻെറ നിഷ്ഠൂരതയിൽ നിന്ന് അവിടുന്നു നമ്മെ പിടിച്ചെടുത്തു.

ഇപ്രകാരം നാമെല്ലാവരെയും പ്രതി അവിടുന്ന് സാത്താൻെറമേൽ വിജയം കൈവരിച്ചു; അവിടുന്ന് സ്വർഗത്തിലേക്ക് കരേറുകയും പിതാവിൽനിന്ന് ആത്മാവിൻെറ കൃപ സ്വീകരിക്കുകയും അതിനെ മനുഷ്യർക്കു നൽകുകയും ചെയ്തു. ആദ്യം ശ്ലീഹന്മാർക്കും, പിന്നെ അവരുടെ കരങ്ങളിലൂടെ സാത്താനിൽനിന്ന് താൻ പിടിച്ചെടുത്ത മനുഷ്യർക്കും നൽകി. ഇതൊരു മനുഷ്യനെപ്പറ്റി പറഞ്ഞതുകൊണ്ട് ഇതിൽ ആത്മവിശ്വാസം തോന്നാത്തതിനാൽ പൗലോസ് കൂട്ടിച്ചേർക്കുന്നു: *"അവൻ കയറി എന്നാൽ എന്താണർത്ഥം? അവൻ ഇറങ്ങി എന്നുകൂടിയല്ലേ?"* (4:9). ഭൂമിയുടെ അടിയിലേക്കല്ല; പിന്നെയോ, 'ഭൂമിയുടെ അധോഭാഗങ്ങൾ' എന്ന് അവൻ അതിനെ വിളിക്കുന്നു. ആകാശങ്ങളേക്കാൾ ഉന്നതമായ ദൈവസ്വഭാവം അവനിൽ നേരത്തെതന്നെ വസിച്ചില്ലായിരുന്നെങ്കിൽ അവന് കയറാൻ കഴിയുമായിരുന്നില്ല എന്ന് ആകാശത്തെപ്പറ്റി അവൻ പറയുമായിരുന്നു. *ഭൂമിയുടെ അധോഭാഗങ്ങളിലേക്ക്* എന്നത് കല്ലറയിലേക്കുള്ള അവൻെറ ഇറക്കമായി *മറ്റുചിലർ* വിവരിക്കുന്നു. താഴേക്കു പോകുകയും, ചിതറപ്പെട്ട് വേർപിരിഞ്ഞു പോകുകയും ധരയുടെ എല്ലാഭാഗങ്ങളിലും വ്യാപിക്കുകയും ചെയ്ത ആദാമ്യകുലത്തിനു മുഴുവൻ തൻെറ മരണത്താൽ അവിടുന്ന് പ്രത്യാശ പ്രദാനം ചെയ്തു.

*"ഇറങ്ങിയവൻ തന്നെയാണ് കയറിയവനും"* (4:10): 'ഇതു സ്നാനമാണ്; അവിടെ ദൈവസ്വഭാവം താഴേക്കു വരുന്നു' എന്ന് അവൻ പറയുന്നു. അവിടുന്ന് എല്ലാ സ്വർഗങ്ങൾക്കും ഉപരി ആരോഹണം ചെയ്തു" (4:10). തന്നിൽ വസിക്കുന്ന സ്വഭാവം നിമിത്തം അവിടുന്ന് എല്ലാറ്റിലും ആണെന്നും എല്ലാം അവനെ നോക്കുന്നു എന്നും കാണപ്പെടുവാൻ.

www.malankaralibrary.com



*"മനുഷ്യപുത്രനല്ലാതെ ആരും സ്വർഗത്തിൽ കയറിയിട്ടില്ല"* എന്നതുപോലെയാണ് (യോഹ 3:13) ഈ വാചകവും.

*"അവിടുന്ന് എല്ലാം പൂർത്തിയാക്കുവാൻ"* അഥവാ, "എല്ലാം പൂർത്തിയാക്കുന്നു"; എല്ലാം പ്രവർത്തിക്കുന്നു. തൻെറ എല്ലാ പ്രവൃത്തികളുടെയും തലപ്പത്ത് ഇരുന്നുകൊണ്ട് എല്ലാറ്റിനെയും ചലിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. എല്ലാ യാഥാർത്ഥ്യങ്ങളുടെയും നവീകരണത്തിൽ, അവിടുന്ന് പിതാവിൻെറ തിരുവിഷ്ടം മുഴുവൻ പൂർത്തിയാക്കുകയും പൂർണമാക്കുകയും ചെയ്യുന്നു.

*"പൂർണതയുടെ അളവനുസരിച്ച്"* (4:13): *ഭാഷ്യകാരൻ* ഇങ്ങനെ വിശദീകരിക്കുന്നു: "വിശ്വാസികൾ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളാകയാൽ, വിശ്വാസികളുടെ ഐക്യത്തെപ്പറ്റിയാണ് ശ്ലീഹാ സംസാരിക്കുന്നതെന്ന്, അവൻെറ വാക്കിൻെറ വ്യത്യാസത്തിൽനിന്ന് വ്യക്തമാണ്". എന്നാൽ *കലാലയപാരമ്പര്യം*, അതായത് *നിസിബിസ് കലാലയത്തിലെ മഹനീയ മല്പാന്മാർ*, ഇപ്രകാരം വ്യാഖ്യാനിക്കുന്നു: നാമെല്ലാവരും ഉത്ഥാനം ചെയ്യുമ്പോൾ, വിവിധ പ്രായത്തിലും ആകാരത്തിലും അളവിലും ഉള്ളവർക്കെല്ലാം വരാനിരിക്കുന്ന ലോകത്തിൽ ഒരേ ശാരീരികാളവ് ആയിരിക്കും; അതായത് മിശിഹായുടെ ശാരീരികാളവനുസരിച്ചായിരിക്കും; എന്നു പറഞ്ഞാൽ അവർക്ക് മുപ്പത്തിമൂന്നു വയസ്സ് പ്രായമായിരിക്കും.

## 3

*"പരിശുദ്ധാത്മാവിനെ വ്യസനിപ്പിക്കരുത്"* (4:30): അതായത്, നിങ്ങളുടെ പ്രവൃത്തികളാലും നിങ്ങളുടെ വാക്കുകളാലും. ക്ഷീണം, ദുഃഖം, കോപം ആദിയായവ ദൈവത്തോടു ബന്ധപ്പെടുത്തി പറയുന്നതുപോലെ പരിശുദ്ധാത്മാവ് ദുഃഖിച്ചെന്നും ദുഃഖം ശമിച്ചെന്നും ഒക്കെ അവിടുത്തെപ്പറ്റി പറയുന്നു. *"അവനാൽ ആണല്ലോ അവർ മുദ്രയിടപ്പെട്ടിരിക്കുന്നത്"* (4:30). രാജാവിൽനിന്നു ശമ്പളം കിട്ടാനായി, തങ്ങളുടെ കൈകളിൽ മുദ്ര കുത്തിയ പട്ടാളക്കാരുടെ സാദൃശ്യത്തിൽ ഉത്ഥാനത്തെ അവൻ *"രക്ഷയുടെ ദിവസം"* എന്നു വിളിക്കുന്നു. *അശുദ്ധി* എന്ന് അവൻ വിളിക്കുന്നത് വ്യഭിചാരാധിക്യമോ സോദോമ്യ പാപമോ ആണ്.

www.malankaralibrary.com



അത്യാഗ്രഹികളായ മനുഷ്യരെ അവൻ *വിഗ്രഹാരാധകർ* എന്നു വിളിക്കുന്നു; കാരണം, വിഗ്രഹാരാധനപോലെതന്നെ അത്യാഗ്രഹവും മനുഷ്യരെ ദൈവത്തിൽ നിന്നകറ്റും. മൂകവിഗ്രഹം തന്നെ വിധിക്കുന്നില്ല എന്ന് വിഗ്രഹാരാധകൻ കരുതുന്നതുപോലെ, ദൈവം തനിക്കു പ്രതി ഫലം നൽകും എന്ന് അത്യാഗ്രഹിയും വിശ്വസിക്കുന്നില്ല.

*"ഉറങ്ങുന്നവനേ, ഉണരുക; മരിച്ചവരിൽനിന്ന് എഴുന്നേൽക്കുക"* (5: 14): എഫേസോസിലെ വിശ്വാസികളിൽ ആരോ പറഞ്ഞതാണിത്. കാരണം, അക്കാലത്ത് ആത്മാവിന്റെ വിവിധ വരങ്ങളുള്ള അനേകർ എഫേസോസിൽ ഉണ്ടായിരുന്നു; ഭാഗ്യവാനായ ദാവീദിനെപ്പോലെ സങ്കീർത്തനങ്ങളും ഗീതങ്ങളും രചിക്കാനും അവർക്കു കഴിയുമായി രുന്നു. പുറജാതിക്കാരെയാണ് *"ഉറങ്ങുന്നവർ"* എന്ന് അവൻ വിളി ക്കുന്നത്. നമ്മുടെ കർത്താവിന്റെ വരവിനുമുമ്പുള്ള സമയത്തെ *"അന്ധകാരം"* എന്നും, അവിടുത്തെ ആഗമനത്തെ *'പ്രകാശം'* എന്നും വിളിക്കുന്നു; അവിടുന്ന് എല്ലാവരെയും സത്യം ഗ്രഹിക്കാനും സദ്പ്രവൃ ത്തികൾ ചെയ്യാനും ആഹ്വാനം ചെയ്യുന്നു.

*"കറയോ, ചുളിവോ ഇല്ലാതെ"* (5:27) കുശവൻ അഴുക്കുകളഞ്ഞ് വൃത്തിയാക്കിയതും, ചുളിവുകളൊക്കെ നീക്കി, അതിലുള്ള ചെളി കള ഞ്ഞതുമായ പാത്രംപോലെ. *"ഇതൊരു മഹാരഹസ്യമാണ്; എന്നാൽ ഞാൻ"* (5:32): അതായത് സ്ത്രീ പുരുഷന്മാരെപ്പറ്റി ആരംഭത്തിൽ പറ ഞ്ഞത് മിസ്റ്റിക്കലായി മിശിഹായിലും തന്റെ സഭയിലും പൂർത്തീകരി ക്കപ്പെട്ടു. കാരണം, ആത്മീയജനനത്താൽ നാമെല്ലാവരും ഉയിർത്തെഴു ന്നേൽക്കും; നാം മിശിഹായുമായി ഐക്യപ്പെട്ട് അവന്റെ അമർത്യത യിലും അഴിവില്ലായ്മയിലും അവനു തുല്യരാകും.

## 4

*"പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും എതിരെ"* (6:12): അവർ ഈ രണ്ട് ഗണങ്ങളിൽ നിന്ന് വീണുപോയി എന്ന് ഇതു കാണിക്കുന്നു. പ്രഭുത്വങ്ങൾ, അധികാരങ്ങൾ, പ്രധാനമാലാഖമാർ എന്നിങ്ങനെ അവർ മൂന്ന് ഗണങ്ങൾ ഉണ്ടെന്ന് *ചിലർ* പറയുന്നു; എന്നിരുന്നാലും അവരിൽ അനേകർ പ്രഭുത്വങ്ങളത്രേ. അവരുടെ പ്രധാനി തന്നെ ആയിരുന്നു അധി

www.malankaralibrary.com



കാരങ്ങളുടെ പ്രധാനി. ഈ ലോകത്തിന്റെ അധികാരങ്ങൾ എന്നുമാത്രമോ, ഈ ലോകത്തെ സ്വന്തമാക്കി വച്ചിരിക്കുന്നവർ എന്നു മാത്രമോ പൗലോസ് പറഞ്ഞ് നിർത്തിയില്ല; പിന്നെയോ, *"അന്ധകാരമയമായ"* എന്നു കൂട്ടിച്ചേർത്തുകൊണ്ട് തെറ്റിനെ "അന്ധകാരം" എന്നും, മനുഷ്യരെ തളച്ചിട്ടിരിക്കുന്ന അജ്ഞത എന്നും വിളിക്കുന്നു. അതിൽ അവർ സാത്താന്റെ ഇഷ്ടം നിറവേറ്റുന്നു. സ്വഭാവത്തിലും അധികാരത്തിലും പിശാചുക്കളെക്കാൾ കുറഞ്ഞവരായ രാജാക്കന്മാരും, പ്രഭുക്കന്മാരും തങ്ങളുടെ സ്വന്തത്തിന്മേൽ അധികാരം ഇല്ലാതിരുന്നിട്ടും ലോകത്തിലെ രാജാക്കന്മാരും ചക്രവർത്തിമാരും എന്ന് വിളിക്കപ്പെടുന്നെങ്കിൽ, ഇവിടെ അടിമകളും, കീഴുള്ളവരും, അമ്പലങ്ങളും, പുരോഹിതരും, ബലികളും, കള്ളപ്രവാചകരും ഉള്ള പിശാചുക്കൾക്ക് ഇത് എത്രയേറെ വാസ്തവമാണ്? അതാണ് സാത്താൻ നമ്മുടെ കർത്താവിനോടു പറഞ്ഞത്: "എനിക്കു കയ്യാളിക്കപ്പെട്ടിരിക്കുന്ന ഈ ലോകവും അതിന്റെ ആധിപത്യവും നിനക്കു ഞാൻ തരാം." (ലൂക്കാ 4:6). ഇങ്ങനെ പറഞ്ഞുകൊണ്ട് അവൻ ദൈവത്തോട് അനുവാദം ചോദിക്കുകയായിരുന്നു.

മാലാഖമാരുമായി താരതമ്യപ്പെടുത്തിയാണ് അവൻ അവരെ *'ദുഷ്ടാരൂപികൾ'* (6:12) എന്നു വിളിക്കുന്നത്. മനുഷ്യരെ പരിപാലിക്കുന്നതിൽ മാലാഖമാർ സന്മനസ്സോടും സ്നേഹത്തോടും കൂടെ ദൈവത്തെ സേവിക്കുന്നു. മാലാഖമാർ ആകാശത്തിൽ എല്ലായിടത്തും ഉണ്ട്; അവർ ദൈവസമക്ഷം നിൽക്കുന്നു എന്നു പറയപ്പെടുന്നു. അവരുമായി താരതമ്യപ്പെടുത്തിയാണ് *"ആകാശത്തിൻ കീഴ്"* എന്ന് ദുരാത്മാക്കളെപ്പറ്റി പറഞ്ഞിരിക്കുന്നത് (6:12). മാലാഖമാർ സേവിക്കുന്നിടത്തേക്കു കയറുവാൻ അവർക്കു കഴിവില്ല. അതുകൊണ്ട് *"ആകാശത്തിൻ കീഴുള്ള ദുരാത്മാക്കൾ"* എന്നതിനു പകരം, "അന്തരീക്ഷത്തിൽ" എന്നാണ് ഗ്രീക്കിൽ. അതായത്, സ്വർഗീയജീവികളുടെ മുമ്പിൽ; ഈ ദുഷ്ടാരൂപികൾക്കെതിരെ നാം മൽപ്പിടുത്തം നടത്തേണ്ടതുണ്ട്.

എഫേസ്യലേഖനം തീർന്നു.

www.malankaralibrary.com

# ഫിലിപ്യലേഖനം

വീണ്ടും, ഫിലിപ്യർക്കുള്ള ലേഖനം

ഫിലിപ്പിയക്കാർ തങ്ങളുടെ പെരുമാറ്റത്തിൽ പ്രശംസനീയരായ ആളുകൾ ആയിരുന്നു. ശ്ലീഹായ്ക്ക് ആവശ്യമുള്ളതു നൽകാൻ അവർ എപ്പോഴും വളരെ ശ്രദ്ധിച്ചിരുന്നു. എന്നാൽ, മനുഷ്യപ്രകൃതിയുടെ ബലഹീനതമൂലം സാധാരണ സംഭവിക്കുന്നതുപോലെ, നേതൃത്വത്തെ ചൊല്ലിയുള്ള കലഹം അവരിലെ ശ്രേഷ്ഠവ്യക്തികളുടെ ഇടയിൽ ഉണ്ടായി. വീണ്ടും, പൗലോസിനെ പതിവായി അവഹേളിക്കുന്ന പരിഛേദനവാദികളിൽപെട്ടവർ അവൻെറ പ്രബോധനത്തെ തകിടം മറിക്കാൻ അവിടെയുമെത്തി. മിശിഹായിലുള്ള വിശ്വാസത്തോടൊപ്പം, നൈയാമിക സംഗതികളും അനുഷ്ഠിക്കേണ്ടതുണ്ട് എന്ന് അവർ പഠിപ്പിച്ചു. നീറോയുടെ മുൻപാകെയുള്ള തൻെറ ആദ്യത്തെ ന്യായവാദത്തിനു ശേഷം റോമിൽ വച്ചാണ് അവൻ ഈ ലേഖനം എഴുതുന്നത്. മാസിഡോണിയായുടെ തലസ്ഥാനമായിരുന്നു ഫിലിപ്പി.

*"കശീശന്മാരോടും ശെമ്മാശന്മാരോടുംകൂടെ"* (ഫിലി 1:1): *"കശീശന്മാർ"* എന്നതിനു പകരം *"എപ്പിസ്കോപ്പാമാർ"* എന്നാണ് ഗ്രീക്കിൽ. എങ്കിലും, അവർ *കശീശന്മാർ* ആയിരുന്നു എന്നു സ്പഷ്ടം. കാരണം, ഒരേ നഗരത്തിൽ അനേകം എപ്പിസ്കോപ്പാമാർ കാണപ്പെടുക അസാധ്യമായിരുന്നു. അവർ *കശീശന്മാർ* ആയിരുന്നു എന്ന് *ഭാഷ്യകാരനും* പറയുന്നു.

തൻെറ പേരിൻെറകൂടെ അവൻ തിമോതിയോസിൻെറ പേര് ചേർക്കുന്നു. ഒരിക്കൽ അറേതാസിൻെറ കൂടെ അവനെ മാസിഡോണിയായിലേയ്ക്ക് അവൻ അയച്ചിരുന്നു; അവർക്ക് അവനെ അറിയാമായിരുന്നു.

*"കൊട്ടാരം മുഴുവൻ"* (1:13): അതായത്, ബന്ധനങ്ങളെപ്പറ്റി ചക്രവർത്തിയും അവൻെറ ചുറ്റുമുള്ളവരും അറിയാൻ ഇടയായി. *പ്രെതോറിൻ* എന്നത് ചക്രവർത്തി താമസിക്കുന്ന ഭവനമാണ്.

www.malankaralibrary.com



*"ഇപ്പോഴും മിശിഹാ എന്റെ ശരീരത്തിൽ മഹത്ത്വപ്പെടുന്നു"* (1:20): അതായത്, ഈ ജീവിതത്തിന്റെ പ്രതീക്ഷ നശിച്ചുപോകത്തക്കവിധം എന്റെ ക്ലേശങ്ങൾ വർദ്ധിച്ചിരിക്കുന്നെങ്കിലും, ഞാൻ ജീവിച്ചാലും മരിച്ചാലും എന്നിൽ മിശിഹാ മഹത്ത്വപ്പെടും എന്ന് ഞാൻ പ്രത്യാശിക്കുകയും ഉറപ്പായി വിശ്വസിക്കുകയും ചെയ്യുന്നു.

*"യേശുമിശിഹായ്ക്ക് ഉണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്നെങ്കിലും...."* എന്നിത്യാദി (2:5ff): അതായത്, 'താൻ ദൈവമായിരിക്കുന്നത് അപഹരണത്താലല്ല, പ്രത്യുത സ്വഭാവേനയത്രേ (2:6). തന്റേതല്ലാത്ത ഒരു സ്ഥാനമോ ബഹുമാനമോ തട്ടിയെടുക്കുന്നതാണല്ലോ 'അപഹരണം'. തങ്ങൾക്ക് പ്രയോജനപ്രദം എന്നു കരുതുന്നവ തട്ടിയെടുക്കാനാണല്ലോ മനുഷ്യർ പരിശ്രമിക്കുക! വീണ്ടും, തന്റെ യജമാനനെതിരെ ഉയരാൻ ആഗ്രഹിക്കുന്നവനെപ്പോലെ, "അപഹരണത്തിലൂടെയല്ല ദൈവവുമായി താരതമ്യപ്പെടുത്താൻ അവിടുന്ന് ആഗ്രഹിച്ചത്" എന്ന് നമുക്കു കൈമാറി ലഭിച്ചിരിക്കുന്നു. 'ഇത് 'അപഹരണം' ആണെന്ന് ഇന്നയാൾ കരുതി, എന്ന് നാം പറയാറുണ്ടല്ലോ. അതായത്, വളരെ പ്രയോജനം ഉണ്ടായവനെപ്പോലെ, വളരെ പണിപ്പെട്ടാണ് അവനിതെടുത്തത്.

മിശിഹായെക്കുറിച്ചും അവനിതു പറയുന്നു: *"അവൻ ഇത് അപഹരണമായി കരുതിയില്ല..."*. അതായത്, ഇതൊരു മഹാകാര്യമായി കരുതിയില്ല, അതിൽ അഭിമാനം കൊണ്ടില്ല, തന്റെ മഹത്ത്വത്തിൽ തന്നെ നിലനിന്നുമില്ല; പ്രത്യുത, മറ്റുള്ളവരുടെ നന്മയ്ക്കായി തന്റെ മഹത്ത്വത്തിൽനിന്ന് ഇറങ്ങിവന്ന് സ്വാഭാവികമായ അവമാനം സ്വയം ഏറ്റെടുത്തു; എന്താണവ? *എന്നാൽ അവൻ സ്വയം ശൂന്യനാക്കി, ദാസന്റെ സാദൃശ്യം എടുത്തു* (2:7). *ശൂന്യത* നാലു രീതിയിലുണ്ട്: ഒന്ന്, ദാവീദിനെപ്പോലെ: അവൻ തന്റെ പട്ടുവസ്ത്രം നീക്കിയിട്ട്, ദാസവേഷധാരിയായി നൃത്തം ചെയ്തു: *"ആഭാസനെപ്പോലെ നീ കാണപ്പെട്ടു"* എന്ന മീഖാൾ അവനോടു പറഞ്ഞു (2 സാമു. 6:20). രണ്ട്, മോവാബ്യരെപറ്റി പറഞ്ഞിരിക്കുന്നതുപോലെ: *"അതു പാത്രത്തിൽനിന്നു പാത്രത്തിലേക്കു പകർന്നില്ല"*. അതായത്, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് അടിമയാക്കപ്പെട്ടില്ല (ജറ. 48:11). മൂന്ന്, *"മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രഘോഷണം വ്യർഥം"* എന്നു പറയുന്നതുപോലെ; അതായത്, അത് ഒന്നുമല്ല (1 കോറി. 15:14). നാല്, ജറുസലേം ബാബിലോണിനെപറ്റി

www.malankaralibrary.com



പറയുന്നതുപോലെ: *"ശൂന്യമായ ഒരു പാത്രംപോലെ നീ എന്നെ എടുത്തു പൊക്കി"* (ജറ. 51:34). അതായത്, എൻെറ സമ്പാദ്യങ്ങൾ നീ കൊള്ളയടിച്ചു. നമ്മുടെ കർത്താവിൻെറ ശൂന്യവൽക്കരണം ഏതാണ്ട് ദാവീദിൻേറതിനു തുല്യമാണ്: ദാവീദ് രാജകീയ വസ്ത്രം ഉരിഞ്ഞുകളഞ്ഞിട്ട് ദാസരുടെ വേഷം എടുത്തു ധരിച്ചു.

*'സാദൃശ്യം'* ഏഴു രീതിയിൽ ഉണ്ടാകാം: ഒന്ന്, സ്വാഭാവികവും വ്യക്തിപരവുമായ സാദൃശ്യം: "അവൻ തൻെറ സാദൃശ്യത്തിൽ, തൻെറ ഛായയിൽ, ജനിപ്പിച്ചു" (ഉല്പ. 5:3); അതായത്, തന്നെപ്പോലെ. രണ്ട്, പടങ്ങളിൽ കാണുന്നപോലെയുള്ള സാദൃശ്യം. പടത്തിൽ മനുഷ്യൻെറ രൂപം പതിയുമ്പോൾ ഉണ്ടാകുന്ന സാദൃശ്യം. മൂന്ന്, ബഹുമാനത്തിൽ ഉള്ളത്: "നമുക്ക് മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും നിർമ്മിക്കാം" (ഉല്പ.1:26). നാല്, ഭാവനയിലുള്ള സാദൃശ്യം: പിശാചുക്കൾ കാണിക്കുന്ന മായാരൂപങ്ങൾ. അഞ്ച്, സ്വപ്നത്തിൽ ഉണ്ടാകുന്ന സാദൃശ്യം. ആറ്, കണ്ണാടിയിൽ ഉള്ള സാദൃശ്യം. ഏഴ്, ശില്പിയുടെ മനസ്സിൽ രൂപീകൃതമാകുന്ന സാദൃശ്യം. - നമ്മുടെ കർത്താവുമായി ബന്ധപ്പെട്ട 'സാദൃശ്യം' ഒന്നാമത്തേതാണ്. അതായത്, സ്വാഭാവികവും വ്യക്തിപരവും. എന്നു പറഞ്ഞാൽ, തൻെറ പിതാവിൻെറ തന്നെ സ്വഭാവമായിരുന്നവൻ *"സ്വയം ശൂന്യനാക്കി"*, തൻെറ മഹത്ത്വം മറച്ചുവയ്ക്കുകയും വിനീതനായി ജഡത്തിൽ വെളിപ്പെടുകയും ചെയ്തു. ഏകജാതൻെറ മഹത്ത്വം ദർശിക്കാൻ അയോഗ്യരായവർ അവനെ വെറും ഒരു സാധാരണ മനുഷ്യനായിപോലും കരുതി.

*"അവൻ മനുഷ്യരുടെ സാദൃശ്യത്തിൽ ആയി"* (2:7): *"അവൻ ആയി"* എന്നുപറഞ്ഞാൽ 'അവൻ വസിച്ചു' എന്നർത്ഥം; *'മനുഷ്യരുടെ സാദൃശ്യത്തിൽ'* എന്നാൽ "മനുഷ്യനിൽ" എന്നുമർത്ഥം. *മനുഷ്യൻെറ സാദൃശ്യം* മനുഷ്യനാണ്. എന്നാൽ താരതമ്യം ചെയ്യുന്നതും താരതമ്യം ചെയ്യപ്പെടുന്നതുമായി എല്ലാക്കാര്യത്തിലും സ്വഭാവത്തിൻെറ തുല്യത ഉള്ളപ്പോഴാണ് താരതമ്യവും സാദൃശ്യവും നടക്കുക: "ദൈവത്തിൻെറ സാദൃശ്യം" എന്നത് ദൈവത്വത്തിൻെറ സ്വഭാവമുള്ള ആളെ അവതരിപ്പിക്കുന്നു; അതുപോലെ, "ദാസൻെറ സാദൃശ്യം", സ്വഭാവത്താലും സൃഷ്ടിയാലും ദാസനായ മനുഷ്യൻെറ സ്വഭാവമുള്ള ആളെ അവതരിപ്പിക്കുന്നു.

*"അവൻ മനുഷ്യൻെറ രൂപത്തിൽ കാണപ്പെട്ടു"* (2:7). ഒരു രൂപവും ഇല്ലാത്ത തൻെറ ദൈവത്വവുമായി താരതമ്യപ്പെടുത്തിയാണ് രൂപം എന്ന

www.malankaralibrary.com



പദം ഉപയോഗിച്ചിരിക്കുന്നത്. അദൃശ്യനും രൂപരഹിതനുമായവൻ, രൂപമുള്ള ഒരു മനുഷ്യനിൽ കാണപ്പെടുവാൻ തക്കവണ്ണം സ്വയം താഴ്ത്തി എന്നാണ് അവൻ പറഞ്ഞതിൻെറ അർത്ഥം.

*തിയഡൊറെറ്റ്* ഇതേപ്പറ്റി ഇപ്രകാരം പറയുന്നു: സുവിശേഷകൻ അവിടുത്തെ ജനനത്തെപ്പറ്റി പ്രസംഗിക്കുകയും അറിയിക്കുകയും "അവിടുന്ന് വസിച്ചു" എന്ന് പിന്നീട് കൂട്ടിച്ചേർക്കുകയും അവിടുത്തെ *"എടുക്കൽ"* നമ്മെ കാണിക്കുകയും ചെയ്തതുപോലെ, ശ്ലീഹാ അവിടുത്തെ എടുക്കലിനെപ്പറ്റി പ്രസംഗിച്ചു. *"അവൻ മനുഷ്യരുടെ സാദൃശ്യത്തിൽ ആയി"* എന്ന് പറയാൻ അവനു പിന്നീട് ധൈര്യം ലഭിച്ചു. താൻ എന്തായിരുന്നുവോ, അത് അവിടുന്ന് ഉപേക്ഷിച്ചുകളഞ്ഞെങ്കിൽ, അവിടുന്ന് നിത്യനല്ല; അവിടുന്ന് മാറ്റമില്ലാത്തവനാണെങ്കിൽ, അവിടുന്ന് "ആയിത്തീർന്നില്ല", പിന്നെയോ, എടുത്തതേയുള്ളൂ. ഒന്നു മറ്റൊന്നിലായിരുന്നു. ഇതുവരെ അവൻ ദൈവസ്വഭാവത്തെപ്പറ്റിയാണ് സംസാരിച്ചത്; ഇപ്പോൾ മുതൽ മനുഷ്യസ്വഭാവത്തെപ്പറ്റി പറയുന്നു:

*"അവൻ സ്വയം താഴ്ത്തി, അനുസരണമുള്ളവനായി തീർന്നു"* (2:8) എന്നിത്യാദി. ദൈവസ്വഭാവത്തെപ്പറ്റിയല്ല അവൻ പറയുന്നത് എന്നു വ്യക്തം; കാരണം അതു സഹനവിധേയമല്ല. എന്നാൽ മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയുമായ കാര്യങ്ങൾ ഏകയാളെപ്പറ്റി എന്നവണ്ണമാണ് അവൻ പറയുന്നത്. രണ്ടു സ്വഭാവങ്ങളുടെയും സംയോജനവും ഐക്യവും[1] കാണിക്കാനാണിത്. എന്നാൽ വാക്കുകളുടെ അന്തരം, അവയിൽ ചിലത് ദൈവത്വത്തെപ്പറ്റിയാണ്, ചിലത് മനുഷ്യത്വത്തെപ്പറ്റിയാണ്: "ദൈവത്തിൻെറ സാദൃശ്യം ദാസൻെറ സാദൃശ്യം എടുത്തു": ഒന്ന് എടുത്തു, മറ്റത് എടുക്കപ്പെട്ടു എന്നത് സ്വഭാവങ്ങളുടെയും *ക്നോമാകളുടെയും* വ്യത്യാസം കാണിക്കുന്നു.

മറ്റു ചിലർ ഇപ്രകാരം വിവരിക്കുന്നു: *"അവൻ അത് അപഹരണമായി കരുതിയില്ല..."* എന്നിത്യാദി: ദൈവവുമായി താരതമ്യപ്പെടുത്തുമ്പോൾ, മരണത്തിനും സാത്താനും എതിരായി ബലപ്രയോഗം നടത്താനും എതിരാളിയിൽനിന്നു തൻെറ സ്വന്തമായതിനെ പിടിച്ചെടുത്തു മോചിക്കാനും അവനു കഴിയുമായിരുന്നു. എങ്കിലും അവൻ അതു ചെയ്തില്ല; കാരണം, ദൈവം ആകാൻ ആഗ്രഹിച്ച് അടിമയും മർത്യനും

---

1. നാഖീപൂസാ ഉഹദ്യൂസാ

www.malankaralibrary.com



ആയിത്തീർന്ന ആദരത്തിൻെറ കടം വീട്ടാൻ അവിടുന്ന് ആഗ്രഹിച്ചു. അവിടുന്ന് സ്വഭാവത്താലേ ദൈവമാണ്; അവിടുന്ന് ആരിൽനിന്നും തട്ടിയെടുത്തതല്ല. ഇക്കാരണത്താൽ തൻെറ മഹത്ത്വത്തിൽനിന്ന് അവൻ സ്വയം ശൂന്യനാക്കി. കാരണം, അവിടുന്നു സ്വയം ശൂന്യനാക്കിയപ്പോൾ മറ്റാരും തൻെറ ഔന്നത്യം തന്നിൽനിന്ന് എടുത്തുമാറ്റിയതല്ല എന്ന് അവിടുത്തേയ്ക്ക് ബോധ്യം ഉണ്ടായിരുന്നു; കാരണം, അത് സ്വഭാവത്താലേ അവിടുത്തേതായിരുന്നു; കാപട്യത്താലായിരുന്നില്ല. സ്വന്ത ഇഷ്ടത്താലെയുള്ള വിധേയത്വം സ്വാഭാവിക ബഹുമാനം കുറയ്ക്കുന്നില്ല. ദാസന്മാരുടെ വേഷത്തിൽ 'ആഭാസനെപ്പോലെ' കാണപ്പെട്ട ദാവീദുപോലും തൻെറ ബഹുമാനം നശിപ്പിച്ചില്ലല്ലോ.

*"യേശുവിൻെറ നാമശ്രവണത്തിൽ എല്ലാ മുട്ടുകളും മടക്കുന്നതിനും..."* (2:10): *"ആകാശത്തിലും ഭൂമിയിലുമുള്ള വസ്തുക്കളെ"* പറ്റി എന്നു ഗ്രീക്കിൽ. *"ഭൂമിക്കടിയിൽ"*: അതായത്, അടിയിൽ ഉള്ളവർ; കാരണം ഉത്ഥാനത്തിലൂടെ അവരും അവിടുത്തെ കർതൃത്വം ഏറ്റുപറയും.

*"ഇച്ഛരിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നത് ദൈവമാണ്"* (2:13): ദൈവം ഇച്ഛരിക്കുന്നത് നിങ്ങൾ ഇച്ഛരിക്കുവാനും പ്രവർത്തിക്കുവാനും, നിങ്ങളുടെ ഇച്ഛരയ്ക്കൊരു പങ്കുണ്ട്; നിങ്ങളുടെ സന്മനസിനെ ദൈവം സഹായിക്കുകയും ചെയ്യുന്നു എന്ന് അവൻ പറയുന്നു.

"എനിക്കിതു കിട്ടിക്കഴിഞ്ഞെന്നോ ഞാൻ പരിപൂർണനായെന്നോ അർത്ഥമില്ല" (3:12). കാരണം, ഉന്നതത്തിൽനിന്നു മിശിഹാ അവനു വെളിപ്പെടുകയും തൻെറ മഹത്ത്വം അവനെ കാണിക്കുകയും ചെയ്തതിനാൽ ആണ് *"ഞാൻ ഇതുവരെ പരിപൂർണനായിട്ടില്ല"* എന്ന് അവൻ പറയുന്നത്. എങ്കിലും ഞാൻ പ്രതീക്ഷിക്കുകയും മിശിഹായെപ്പറ്റിയുള്ള അറിവ് വെളിപ്പെട്ട ഇവയിൽ പങ്കുകാരനാകാൻ ഓടിക്കൊണ്ട് എല്ലാം പ്രവർത്തിക്കുകയും ചെയ്യുന്നു. അക്കാലത്ത് ഞാൻ പീഡകനായിരുന്നു; തൻെറ വെളിപാടു വഴി അവൻ എന്നെ കീഴടക്കുകയും തന്നെപ്പറ്റിയുള്ള അറിവിലേക്ക് എന്നെ മാനസ്സാന്തരപ്പെടുത്തുകയും ചെയ്തു. നമ്മെ അനുഗമിക്കുന്നവൻ നമ്മെ കീഴടക്കാതിരിക്കാനായി സദ്പ്രവൃത്തികളിൽ മുന്നേറുവാൻ "ഓട്ടത്തിൻെറ" ഉപമയിലൂടെ (3:14) ശ്ലീഹാ നിരന്തരമായി അവരോടു കല്പിക്കുന്നു: *"സ്നേഹത്തിൻെറ പിന്നാലെ ഓടുവിൻ, ബിരുദം ലഭിക്കാൻ ഓടുവിൻ"* (1 കോറി. 14:1; 9:24).

www.malankaralibrary.com



# 2

*"അവരുടെ ഉദരം അവരുടെ ദൈവവും അവരുടെ മഹത്ത്വം അവരുടെ ലജ്ജയും ആകുന്നു"* (3:19): പരിച്ഛേദന വാദികളെപ്പറ്റിയാണ് അവൻ പറയുന്നത്. നിയമം അനുസരിച്ച്, മാംസത്തിന്റെ കാര്യത്തിലും അവർ വിവേചനം കാണിച്ചിരുന്നു; യഹൂദരൊക്കെ ഇവ അനുസരിക്കാൻ കടപ്പെട്ടവരായിരുന്നു. ദേവനെ എന്നവണ്ണം ഉദരത്തെ അവർ പരിഗണിച്ചിരുന്നു. എന്തു ഭക്ഷിക്കണം, എന്തു പാടില്ല എന്നു തുടങ്ങിയ കാര്യങ്ങളാണ് മതത്തിന്റെ സാരസത്ത എന്ന് അവർ തെറ്റിദ്ധരിച്ചു. നോക്കാൻ പോലും അറയ്ക്കുന്ന വിസർജ്യമായി തങ്ങൾ ഭക്ഷിക്കുന്നത് തീരും എന്ന് അവർ ചിന്തിച്ചില്ല. അവരുടെ പ്രവർത്തനത്തിന്റെ അന്ത്യമിതാണ്.

പരിച്ഛേദനവും മാംസത്തിലുള്ള വിവേചനവും ലജ്ജാഹേതുക്കളാണ് എന്ന് *ഹെനാനാ* പറയുന്നു. ഒന്ന് ചീഞ്ഞ് അഴുകിപ്പോകുന്നു; മറ്റത്, ഈ ധരയിൽ മനസ്സുറപ്പിച്ചിരിക്കുന്നവർ കാണിക്കാൻ ലജ്ജിക്കുന്നു. ഈ ലോകജീവിതത്തിന് പ്രയോജനകരമാണ് നിയമാനുഷ്ഠാനം. *"തന്റെ മഹത്ത്വത്തിന്റെ ശരീരം"* (3:21) എന്നതിനു പകരം ഗ്രീക്കിൽ *"മഹത്ത്വമുള്ള ശരീരം"* എന്നാണ്. നാം മിശിഹായുടെ മഹത്ത്വത്തിന്റെ സാദൃശ്യത്തിൽ ആയിത്തീരുകയില്ലെങ്കിലും മറ്റുസംഗതികളിൽ നാം അവനെപ്പോലെയാകും എന്ന *ഹെനാനാ* പറയുന്നു.

*"കർത്താവിൽ ഏക മനസ്സോടിരിക്കാൻ ഏവോദിയായോടും സിന്തിക്കെയോടും ഞാൻ അഭ്യർത്ഥിക്കുന്നു"* (4:3). അവർ ശുദ്ധരും പാവനരും ആയിരുന്നെങ്കിലും, നേതൃത്വത്തിന്റെ പേരിൽ ഈ സ്ത്രീകൾപോലും കലഹത്തിൽ ഉൾപ്പെട്ടു. *"എന്റെ ആത്മസുഹൃത്തേ, അവരെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു"* (4:3): ഈ സ്ത്രീകൾക്ക് ഉപദേശം നൽകി അവരെ സഹായിക്കുകയും അവരെ പരസ്പരം അനുരഞ്ജനപ്പെടുത്തുകയും ചെയ്യണം എന്ന് ഈ സ്ത്രീകളെ സ്നേഹിക്കുന്ന ഒരാളോട് അവൻ നിർദ്ദേശിക്കുന്നു. *"ക്ലെമെൻറിനോടും എന്റെ മറ്റു സഹായികളോടുംകൂടെ"* (4:3): സഭാചരിത്രത്തിലൂടെയും തന്റെതന്നെ കൃതികളിലൂടെയും എല്ലായിടത്തും അറിയപ്പെട്ടവനാണ് ഈ ക്ലെമെൻറ്. എബ്രായലേഖനം ഹീബ്രുവിൽ നിന്ന് ഗ്രീക്കിലേക്കു ഭാഷാന്തരം

www.malankaralibrary.com



ചെയ്തത് ഈ ക്ലെമെൻറാണ് എന്നു പറയപ്പെടുന്നു; അവൻ ദീർഘ കാലം പത്രോസിനോടൊത്ത് ഉണ്ടായിരുന്നു; ക്ഷുദ്രക്കാരൻ ശീമോനു മായി തർക്കത്തിൽ ഏർപ്പെട്ടു. പത്രോസിനുശേഷം ലീനുസ് റോമിൽ മെത്രാനായി. തിമോതിയോസിനുള്ള രണ്ടാം ലേഖനത്തിൽ ലീനൂസിനെ പറ്റി പൗലോസ് സൂചിപ്പിക്കുന്നു. അദ്ദേഹത്തിനു ശേഷം ഈ ക്ലെമെൻറ് ഒൻപതു വർഷത്തോളം റോമിൽ മെത്രാനായിരുന്നു.

*"കൊടുക്കൽ വാങ്ങലിൽ ആരും എന്നോട് സഹകരിച്ചില്ല"* (4:15): അവൻ എന്തെങ്കിലും കൊടുത്തെന്നോ, അഥവാ, അവർ എന്തെങ്കിലും കൊടുത്തെന്നോ അല്ല. പിന്നെയോ, അവർ കൊടുത്തതും അവൻ സ്വീകരിച്ചതും നിമിത്തം. തെസ്സലോനിക്കക്കാർ യാതൊരു തരത്തിലും അവനെ സഹായിച്ചില്ല എന്ന് വ്യക്തം.

എപ്പഫ്രോദിതോസ് വശം ഈ ലേഖനം റോമിൽനിന്നു കൊടുത്തു വിട്ടു.

ഫിലിപ്യലേഖനം തീർന്നു.

www.malankaralibrary.com

# കൊളോസ്യലേഖനം

വീണ്ടും കൊളോസ്യർക്കുള്ള ലേഖനം.

ഭാഗ്യവാനായ ശ്ലീഹാ കൊളോസ്യരെ കാണുന്നതിനുമുമ്പാണ് അവർക്ക് ഈ ലേഖനം എഴുതുന്നത്. കൊളോസ്യയും ആസിയാ പ്രോവിൻസിൽ ആയിരുന്നു എന്ന് ചിലർ പറയുന്നു. വിശ്വസിച്ച വിജാതീയർ മിശിഹായിലുള്ള വിശ്വാസത്തോടൊപ്പം നിയമം അനുസരിക്കുന്നതിന് മിശിഹായിൽ വിശ്വസിച്ച ചില യഹൂദർ ചുറ്റിനടന്ന് പ്രേരിപ്പിച്ചു. അതിന് അവർ കൊളോസ്യയിലും കടന്നുചെന്നു. ഇതു കേട്ടറിഞ്ഞ ശ്ലീഹാ അവർക്ക് ഈ കത്തയച്ചു; എപ്പഫ്രാസിൽനിന്ന് അവർക്കു ലഭിച്ച വിശ്വാസത്തിൽ അവരെ ഉറപ്പിക്കുകയും പരിച്ഛേദനവാദികളുടെ പാതയിൽ സഞ്ചരിക്കരുതെന്ന് അവരെ ഗുണദോഷിക്കുകയും ചെയ്യുന്നു.

## 1

*"പ്രകാശത്തിൽ വിശുദ്ധരുടെ അവകാശത്തിൽ പങ്കുചേരുവാൻ അവിടുന്നു നമ്മെ യോഗ്യരാക്കി"*(കൊളോ. 1:12). അതായത്, നിങ്ങൾ മതത്തിന് അന്യരായിരുന്നപ്പോൾ തന്നെപ്പറ്റിയുള്ള അറിവിലൂടെ വിശുദ്ധരുടെ ഗായകസംഘത്തിന് ദൈവം നിങ്ങളെ യോഗ്യരാക്കി. *"പ്രകാശത്തിൽ"* എന്നു പറഞ്ഞാൽ ദൈവികമായ അറിവിലൂടെ. *"തന്റെ പ്രിയ പുത്രന്റെ രാജ്യത്തിലേക്കു നമ്മെ ആനയിച്ചു"* (1:13). "തന്റെ സ്നേഹത്തിന്റെ പുത്രൻ" എന്നു ഗ്രീക്ക്.

*"അവൻ അദൃശ്യദൈവത്തിന്റെ സാദൃശ്യം ആണ്"*(1:15): *'ഛായ'* എന്ന് ഗ്രീക്കിൽ. അതായത്, ദൃശ്യമായ പ്രതിരൂപത്തിലെന്നവണ്ണം അദൃശ്യസത്തയെ അവനിൽ നാം കാണുകയും നമ്മുടെ മനസ്സിൽ രൂപീകരിക്കുകയും ചെയ്യുന്നു. *"സകല സൃഷ്ടികളുടെയും ആദ്യജാതൻ"* (1:15): *'ആദ്യജാതൻ'* എന്നത് തിരുലിഖിതത്തിൽ പലപ്പോഴും ആദ്യമായി ജനിച്ചതിനെയല്ല, ബഹുമാനത്തെയാണ് സൂചിപ്പിക്കുന്നത്: ഉദാ. *"ഞാൻ അവനെ ആദ്യജാതനുമാക്കും"; "എന്റെ ആദ്യജാതനായ ഇസ്രായേൽ",* (സങ്കീ. 89:27; പുറ. 4:22). അതായത് ബഹുമാനത്തിന് അർഹർ!

www.malankaralibrary.com



അവർക്കു മുമ്പും ചിലരെ "ദൈവമക്കൾ" എന്നു വിളിച്ചിരുന്നു എന്നതു വ്യക്തമാണല്ലോ: *"ഏലോഹിമിൻെറ മക്കൾ കണ്ടു"* (ഉല്പ. 6:2). ജഡത്തിലുള്ള മിശിഹാ *സകല സൃഷ്ടികളുടെയും ആദ്യജാതൻ* എന്ന് സമയത്തിൻെറ മുൻഗണനയിലും വിളിക്കപ്പെടുന്നു. കാരണം, അമർത്യജീവിതത്തിൽ അവനാണ് ആദ്യം; വീണ്ടും ജനനത്തിൻെറ ആരംഭകനും അവിടുന്നാണ്. *"മിശിഹാ തൻെറ സാദൃശ്യത്തിലുള്ള അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകുവാൻ"* എന്ന് റോമാ ലേഖനത്തിൽ (8:29) ശ്ലീഹാ പറയുന്നു. *"സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതരുടെ സഭയിലേക്ക്"* എന്ന് എബ്രായ ലേഖനത്തിലും (12:23) രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അവർക്കു ലഭിച്ച ബഹുമാനത്തിൻെറ വലിപ്പം കാണിക്കുന്നു; മറ്റു സഹോദരന്മാരേക്കാൾ അവരെ മുൻപന്തിയിൽ നിർത്തി എന്നല്ല. *"സകല സൃഷ്ടികളുടെയും"* എന്ന് കൂട്ടിച്ചേർക്കുന്നത് അവിടുന്ന് എല്ലാ സൃഷ്ടികളെക്കാളും ബഹുമാന്യനാണ് എന്നു കാണിക്കാനാണ്.

*"സ്വർഗത്തിലും ഭൂമിയിലും ഉള്ളവയെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടു"* (1:16): 'അവൻവഴി' എന്നല്ല *'അവനാൽ'* എന്നാണ് പറഞ്ഞിരിക്കുന്നത്. ആദ്യസൃഷ്ടിയെപ്പററിയല്ല, മിശിഹായിലുള്ള നവീകരണത്തെപ്പറ്റിയാണ് അവൻ സംസാരിക്കുന്നത്. ഒന്ന് മറ്റൊന്നിൽ നിന്ന് വിച്ഛേദിക്കപ്പെട്ട സൃഷ്ടികളെ ഏകയോഗമായ ഐക്യത്തിലേക്കു കൊണ്ടുവന്നത് അവിടുന്നാണ്. കാരണം സ്വർഗത്തിലും ഭൂമിയിലും ഉള്ള എല്ലാറ്റിൻെറയും കണ്ണിയാണു മനുഷ്യൻ. *"സ്വർഗത്തിലും ഭൂമിയിലും"* എന്നു മാത്രം പറഞ്ഞാൽ വ്യക്തമല്ലാത്തതിനാൽ *"ദൃശ്യവും അദൃശ്യവും"* എന്ന് അവൻ ചേർത്തു പറയുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നു തുടങ്ങി ആകാശത്തിൽ ദൃശ്യമായ പദാർത്ഥങ്ങൾ ഉണ്ട്; അതുകൊണ്ട് ദൃശ്യമായവയും അദൃശ്യമായവും എന്ന് പ്രത്യേകം എടുത്തുപറയുന്നു. ചുരുക്കത്തിൽ ഇവയെല്ലാം അവനുമായി ഐക്യപ്പെട്ടിരിക്കുന്നു; അവൻ അവയെ നിലനിർത്തുന്നു; അവൻ അവയെ നവീകരിക്കുകയും ചെയ്യുന്നു എന്ന് ശ്ലീഹാ പറയുന്നു. ഒരു മനുഷ്യനെപ്പറ്റി പറഞ്ഞവ അവിശ്വസനീയമായി കരുതപ്പെടാൻ ഇടയുള്ളതിനാൽ, *"അവനാൽ എല്ലാം സൃഷ്ടിക്കപ്പെട്ടു"* എന്ന് അവൻ പറയുന്നു. അവൻെറ കൈകളാലും അവനാലും *"എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു"*: ആശ്ചര്യപ്പെടേണ്ടാ; കാരണം, അധികാരം അവൻെറ സ്വഭാവത്തിൽ അല്ല, അവനിൽ വസിക്കുന്ന സ്വഭാവത്തിലാണ്. അവൻെറ കൈകളാലാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്; *"അവൻ എല്ലാ വസ്തുക്കൾക്കും മുമ്പുള്ളവനാണ്"*. അവിടുത്തെ ദൈവസ്വഭാ

www.malankaralibrary.com



വത്തെപ്പറ്റി ഇതു പറഞ്ഞശേഷം ശ്ലീഹാ മനുഷ്യത്വത്തെപ്പറ്റി പറയുന്നു. മനുഷ്യനെപ്പറ്റി പറയുമ്പോൾ ദൈവത്വത്തിലേക്ക് അവൻ തിരിയുന്നെങ്കിൽ, അത്ഭുതപ്പെടേണ്ടതില്ല. ഫിലിപ്യലേഖനത്തിലും മറ്റിടങ്ങളിലും അവൻ ഇപ്രകാരം ചെയ്തിട്ടുണ്ട്.

*"അവൻ എല്ലാ കാര്യങ്ങളിലും പ്രഥമസ്ഥാനീയനാകാൻവേണ്ടി"* (1:17): അവൻ ആദ്യമേ ഉത്ഥാനത്തിൽ തുടങ്ങിയതുകൊണ്ടു മാത്രമല്ല, ബഹുമാനത്തിൻെറ ഔന്നത്യത്തിലും അവൻ ഒന്നാമൻ ആയതുകൊണ്ടും കൂടിയാണ്; ലോകവുമായി അവനുള്ള ഐക്യംവഴി സൃഷ്ടികളെല്ലാം അവൻെറ ഔന്നത്യത്തെ ആദരിക്കുന്നു. *"അവനിൽ സർവ്വ സമ്പൂർണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി"* (1:19). "ദൈവത്തിൻെറ സമ്പൂർണത" എന്ന് അവൻ വിളിക്കുന്നത് സഭയെയും സൃഷ്ടിമുഴുവനെയുമാണ്. വീണ്ടും *"എല്ലാറ്റിലും എല്ലാം"* നിറയ്ക്കുന്നവനെ അവൻ *'പൂർത്തീകരണം'* എന്നു വിളിക്കുന്നു: "സൃഷ്ടിയുടെ സമസ്ത പൂർണതയും മിശിഹായിൽ വസിക്കാൻ ദൈവം തിരുമനസ്സായി" (എഫേ. 1:23). അതിനെ താനുമായി ഐക്യപ്പെടുത്തുവാൻ തിരുമനസ്സായപ്പോൾ, അവൻ അതിനെ നിറച്ചു.

*ഹെനാനാ* പറയുന്നു: ചിതറപ്പെട്ട അവയവങ്ങളെപ്പോലെ കിടന്ന സമസ്ത സൃഷ്ടികളെയും തൻെറ ശരീരത്തിൻെറ ഏകസത്തയിലേക്ക് മിശിഹാ ശേഖരിച്ചു. ശിരസ്സിനോട് അവയവങ്ങൾ എന്നതുപോലെ ഐക്യപ്പെട്ടും ഒന്നിച്ചുചേർത്തും അവൻ നിങ്ങളിലുള്ള കുറവുകളെയെല്ലാം നികത്തുന്നവൻ ആയിരിക്കാനാണിത്. *"ദൈവത്തിൻെറ പൂർണതയിൽ"*, അതായത്, ദൈവത്തിന് ഒരു പരിപാവനാലയമായി; കൃപയുടെ ശക്തിയാൽ അവനിൽ പൂർത്തീകരിക്കപ്പെടട്ടെ; അവൻ നിരന്തരം അവരിൽ വസിക്കുന്നു. സൃഷ്ടിയെ മുഴുവൻ *'പൂർണത'* എന്ന് അവൻ വിളിക്കുന്നു എന്ന് *മറ്റുചിലർ* പറയുന്നു. *'വസിക്കുന്നു'* എന്നാൽ 'ഐക്യപ്പെടുത്തുന്നു' എന്നർത്ഥം. പ്രകൃതിയിൽ കാണുന്നതുപോലെ, ശരീരത്തിൻെറ ശിരസ്സുപോലെ എല്ലാ വിശ്വാസികളെയും താനുമായി അവിടുന്ന് ഐക്യപ്പെടുത്തുന്നു.

*"അവൻ സഭയാകുന്ന ശരീരത്തിൻെറ ശിരസ്സാണ്; അവൻ എല്ലാറ്റിൻെറയും ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാണ്"* (1:18). ശിരസ്സ് സ്വാഭാവികമായി ശരീരത്തിന് എന്താകുന്നുവോ അതാണ് വിശ്വാസികൾക്കു മിശിഹാ; അവൻ ഏകശരീരത്തിൽ ആത്മീയമായി അവരെ ഐക്യപ്പെടുത്തുന്നു; അവൻ എല്ലാ അവയവങ്ങൾക്കും വിശുദ്ധിയി

www.malankaralibrary.com



ലേക്ക് ജീവനും സംരക്ഷണവും അയച്ചുകൊടുക്കുന്നു. *"അവനിലൂടെ എല്ലാറ്റിനേയും അനുരഞ്ജിപ്പിക്കാൻ"* (1:20): തന്റെ മരണത്താൽ അവൻ എല്ലാറ്റിനെയും അനുരഞ്ജിപ്പിച്ചു; *"തന്റെ രക്തം", 'തന്റെ കുരിശാൽ'* എന്നതിന്റെ അർത്ഥം ഇതാണ്.

*"മിശിഹായുടെ പീഢകളുടെ കുറവ് ഞാൻ നികത്തുന്നു"* (1:24). അതായത്, നിങ്ങളുടെ നന്മയ്ക്കുവേണ്ടി, തന്റെ ഉത്ഥാനംവഴി നിങ്ങളെ തന്റെ ശരീരം ആകുവാൻവേണ്ടി, മുമ്പ് മിശിഹാ സഹിച്ചതുപോലെ, കുറവുള്ള പീഢകളെല്ലാം നിങ്ങളെപ്രതി *"ഞാൻ നികത്തുന്നു".* അപ്പോൾ എന്താണ് കുറവുള്ളത്? നിങ്ങളെപ്രതി അവിടുന്നു ചെയ്തവ നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു; അതുകൊണ്ട്, അവയെപ്പറ്റിയുള്ള വാഗ്ദാനങ്ങളും നിങ്ങൾക്കു കിട്ടുന്നു. എന്നാലിത് പീഢകളും അദ്ധ്വാനങ്ങളും കൂടാതെ കരഗതമാകില്ല. അതു നിമിത്തം, ഞാൻ ചുററിനടന്ന് മിശിഹാ ചെയ്തവയെപ്പറ്റി പ്രസംഗിച്ചുകൊണ്ട് ക്ലേശിക്കുന്നു. നിങ്ങളുടെ ആത്മാക്കളുടെ സ്നേഹംമൂലം നിങ്ങൾ വിശ്വസിക്കുന്നതിനാൽ, നിങ്ങൾക്ക് അവരുമായുള്ള ബന്ധം ലഭിക്കുന്നു; ഞാൻ അതിന്റെ ഒരു ശുശ്രൂഷകൻ ആയിത്തീർന്നിരിക്കുന്നു. അദ്ധ്വാനങ്ങളിലൂടെയും പീഢകളിലൂടെയും സ്വജനത്തിന്റെയും ജാതികളുടെയും ഇടയിൽ മിശിഹായിലുള്ള സ്നേഹം പൗലോസ് വർദ്ധിപ്പിച്ചു എന്നത് വ്യക്തമാണല്ലോ.

*"യുഗങ്ങളിൽ നിന്ന് മറയ്ക്കപ്പെട്ടിരുന്ന രഹസ്യം"* (1:26): നമ്മുടെ കർത്താവിന്റെ വ്യാപാരത്തെ അവൻ *രഹസ്യം* എന്നു വിളിക്കുന്നു. യേശുമിശിഹാ ആണ് ഇവിടെ പൂർത്തീകരണം. ഗലാത്യലേഖനത്തിലും എഫേസ്യലേഖനത്തിലും ഇതു കാണാം. യാതൊരു നന്മയ്ക്കും കുറവില്ലാത്തതിനെ അവൻ *"ഭാവിജീവിതം"* എന്നു വിളിക്കുന്നു.

*"ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിൽ ഒളിഞ്ഞുകിടക്കുന്നു"* (2:3): എന്നാൽ അവ അന്ത്യത്തിലേ വെളിപ്പെടുകയുള്ളൂ. താത്ത്വികരുടെ തത്ത്വചിന്തകളെയാണ് അവൻ *"മാനുഷിക പ്രബോധനങ്ങൾ"* എന്നു വിളിക്കുന്നത്(2:8). നൈയാമികാനുഷ്ഠാനങ്ങളെ, അതായത്, ദിവസങ്ങളുടെയും കാലങ്ങളുടെയും സാബത്തുകളുടെയും അനുഷ്ഠാനങ്ങളെ ആണ് അവൻ *"ലോകത്തിന്റെ ആദ്യപാഠങ്ങൾ"* (2:8) എന്ന് വിളിക്കുന്നത്. അവ നിശ്ചയിക്കപ്പെടുന്നത് സൂര്യനെയും ചന്ദ്രനെയും നോക്കിയാണല്ലോ. ഗലാത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവൻ അവയെ *"മൂലഭൂതങ്ങൾ"* എന്നു വിളിക്കുന്നു.

www.malankaralibrary.com



(2:8). *"മിശിഹായ്ക്കു ചേരാത്തവയാണവ; ദൈവത്വത്തിൻെറ പൂർണത മുഴുവൻ ശാരീരികമായി അവനിൽ വസിക്കുന്നു"* (2:8-9): *"ദൈവത്വത്തിൻെറ പൂർണത"* എന്ന് ഇവിടെയും പറയുന്നത്, സ്വർഗീയവും ഭൗമികവും ആയ സൃഷ്ടി മുഴുവനെയുമാണ്. അതായത്, അവ അവനുമായി ഐക്യപ്പെട്ടിരിക്കുന്നു. ആ ഐക്യത്തിലൂടെ ശരീരത്തിൻെറ സാദൃശ്യത്തിൽ പണിയപ്പെട്ടിരിക്കുന്നു. മിശിഹായാണ് സമസ്ത സൃഷ്ടികളെയും നവീകരിക്കുന്നത് എന്നത് സ്പഷ്ടമാണല്ലോ. കാരണം സ്വാഭാവിക ചാർച്ചയാൽ അവയെല്ലാം അവനോട് ബന്ധപ്പെട്ടിരിക്കുന്നു.

ദൈവത്തിൻെറ എല്ലാ പദ്ധതികളും അവനിൽ പൂർത്തീകരിക്കപ്പെടുകയും പൂർണമാകുകയും ചെയ്തിരിക്കുന്നു എന്ന് *ഹെനാനാ* പറയുന്നു. വെറും വാക്കാലല്ല, ശാരീരികമായിതന്നെ; അതായത്, മിശിഹായുടെ ശരീരത്തിൽ സൃഷ്ടികൾ ബന്ധിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

*"നിങ്ങളും അവനിൽ പൂർണരാക്കപ്പെടുന്നു"* (2:10). അതായത്, അവനാണ് നിങ്ങളെ നിറച്ചത്; താനുമായുള്ള ഐക്യത്തിന് അവൻ നിങ്ങളെ അർഹരാക്കി; അവൻ എല്ലാ അദൃശ്യയാഥാർത്ഥ്യങ്ങളുടെയും ശിരസ്സിൻെറ സ്ഥാനത്താണ്. തൻെറ മനുഷ്യത്വവുമായുള്ള ചാർച്ചയാൽ എല്ലാവരും ശാരീരികമായി അവനുമായി ബന്ധിതമാണ്. വചനമാം ദൈവം മനുഷ്യനിൽ വസിക്കുന്നതു നിമിത്തമല്ല *"അവനിൽ വസിക്കുന്നു"* എന്ന് പറഞ്ഞിരിക്കുന്നത് (2:9) എന്ന് *പേർഷ്യാക്കാരൻ തെയോഫിലസ്* പറയുന്നു. വചനമാം ദൈവം മിശിഹായിൽ വസിക്കുന്നത് ശാരീരികമായിട്ടല്ല. ദൃശ്യവും അദൃശ്യവുമായ യാഥാർത്ഥ്യങ്ങളുടെ നിരകളെയാണ് *"ദൈവത്തിൻെറ പൂർണത"* എന്ന് ശ്ലീഹാ വിളിക്കുന്നത്. അവയെ ക്രമമായി അവിടുന്ന് ഐക്യപ്പെടുത്തിയതിനാൽ അവയുടെ ശിരസ്സ് എന്ന് മിശിഹാ വിളിക്കപ്പെടുന്നു. *"അവനിൽ എല്ലാ പൂർണതയും ശാരീരികമായി വസിക്കുന്നു"* എന്ന് പറഞ്ഞിരിക്കുന്നു. ഒരു ശരീരത്തെപ്പോലെ, അത് പൂർണമാകുന്നത് നിരവധിയും ബഹുവിധവുമായ അവയവങ്ങൾ കൊണ്ട് ആയതിനാലത്രേ. വിവിധ അവയവങ്ങളുടെ മേൽനോട്ടം മിശിഹായ്ക്കാണ്.

*"അതു വസിക്കുന്നു"* (2:9) എന്നത് 'അവനിൽ പൂർണത സ്ഥാപിതമായിരിക്കുന്നു, അത് നിലനിലക്കുന്നു, സ്ഥിരമായിരിക്കുന്നു' എന്നതിനു പകരമാണ്. കാരണം, മിശിഹാ, സഭയാകുന്ന ശരീരത്തിൻെറ ശിരസ്സും മരിച്ചവരിൽനിന്നുള്ള ആദ്യജാതനും എല്ലാ പ്രഭുത്വങ്ങളുടെയും അധി

www.malankaralibrary.com



കാരങ്ങളുടെയും ശിരസ്സുമാണ്; കാരണം, എല്ലാം അവനിലാകുന്നു; അതുകൊണ്ട് അവ അവനിൽ സ്ഥാപിതമായിരിക്കുന്നു. അവയ്ക്ക് ശ്വാസവും ജീവനും അറിവും ശക്തിയും കിട്ടുന്നത് അവനിൽ നിന്നാണ്. *'സകല നിക്ഷേപവും അവനിലാണ് നിഗൂഢമായിരിക്കുന്നത്'* എന്നും അവൻ പറയുന്നു.

'ദൈവം നല്ലവൻ മാത്രമല്ല, നന്മയുടെ മൂർത്തീഭാവമാണ്' എന്ന് *ദാനിയേൽ ബർ തൂവാനീസാ* പറയുന്നു. മറ്റ് നല്ല വസ്തുക്കൾക്ക് ചില വസ്തുക്കളെപ്പോലെ അവിടുന്നാകുന്നു, ആയിരിക്കുകയും ചെയ്യും. തന്റെ നിത്യസത്തയുടെ സൗഭാഗ്യത്തിൽ അവിടുന്നു മാത്രം സന്തുഷ്ടനായിരിക്കുക ശരിയല്ല; പിന്നെയോ, അവിടുന്ന് അതിന്റെ ഒരു പങ്ക് മറ്റുള്ളവർക്കും നൽകണം. ഇപ്പോൾ അച്ചാരമായി, പിന്നീട് പൂർണമായി. അതുകൊണ്ട് അസ്തിത്വത്തിലാണ് എന്നുള്ളതിൽ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ജീവനോ സ്പർശനശക്തിയോ ഇല്ലാതെ അവിടുന്ന് ചില പ്രകൃതങ്ങളെ സൃഷ്ടിച്ചു. ആകാശങ്ങൾ, പ്രകാശഗോളങ്ങൾ മൂലപദാർത്ഥങ്ങൾ തുടങ്ങിയവയുടെ സത്തയും ദൈവികസത്തയും തമ്മിൽ വലിയ അന്തരം ഉണ്ടെങ്കിലും ഈ പദാർത്ഥങ്ങൾക്ക് ഉപരിസ്ഥമായി സസ്യങ്ങൾ, ചെടികൾ തുടങ്ങി വികാരമോ, ചലനമോ ഇല്ലാത്ത എല്ലാ സചേതന വസ്തുക്കളെയും അവിടുന്നു തന്നിൽ ഭാഗഭാക്കാക്കുന്നു. ഇവയ്ക്കുശേഷം ജീവനും ചേതനയും ഉണ്ടെങ്കിലും ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്ക് ചലിക്കാത്ത സ്പോഞ്ചുകളെയും കക്കാവർഗ ജീവികളെയും സൃഷ്ടിച്ചു. നാലാമത്തെ ഭാഗഭാഗിത്വത്തിന്, അസ്തിത്വവും ചേതനയും ജീവനും ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്കുള്ള ചലനശക്തിയും ഉള്ള വന്യമൃഗങ്ങൾ, കന്നുകാലികൾ, ഇഴജന്തുക്കൾ, പറവകൾ ആദിയായവയെ അവിടുന്നു സൃഷ്ടിച്ചു.അഞ്ചാമത്തെ ഭാഗഭാഗിത്വത്തിന്, സൂക്ഷ്മപ്രപഞ്ചമായ മനുഷ്യനെ സൃഷ്ടിച്ചു; ദൃശ്യവും അദൃശ്യവുമായവ അവനിൽ സംഗമിച്ചിരിക്കുന്നു. ബൗദ്ധികപ്രകൃതിയെ ഉന്നതവും കുറേക്കൂടി സമീപസ്ഥവുമായ കൂട്ടായ്മയിലേക്ക്, അതായത്, അതിനു നല്ലവനുമായി ഒരേ ഇച്ഛ ഉണ്ടായിരിക്കുന്നതിലേക്ക്, ഉയർത്തുവാൻ അവിടുന്നു തിരുമനസ്സായി. എന്നാൽ എല്ലാ സ്വാഭാവികവ്യക്തികളിലും അത് യാഥാർത്ഥ്യമാകാൻ കഴിയാഞ്ഞതിനാൽ, പ്രകൃതിയുടെ പുഷ്പവും മനോഹാരിതയുമായ ഒരു വ്യക്തിയെ അവരിൽനിന്ന് അവിടുന്നു തെരഞ്ഞെടുത്തു. സൃഷ്ടികളുടെയെല്ലാം പ്രതിനിധി എന്ന നിലയിൽ, തന്റെ ദൈവത്വത്തിന്റെ വാസസ്ഥലമായിരിക്കാൻ അവനെ

www.malankaralibrary.com



വിശുദ്ധീകരിച്ചു. സൃഷ്ടിയിൽനിന്നും സൃഷ്ടിക്കുവേണ്ടിയുമാണ് അവൻ എടുക്കപ്പെട്ടത്. അവിടുന്ന് അവന് കർതൃത്വം ആദിയായി തൻേറതായ എല്ലാ സംഗതികളും നൽകി. ഇതാണ് *"ദൈവത്വത്തിൻെറ പൂർണത"*.

ദൈവികതയിലുള്ള ഭാഗഭാഗിത്വമാണ് പൂർണത. അവിടുത്തോടൊപ്പം സ്വാഭാവികമായി കുറേശ്ശെ കുറേശ്ശെ അതു സ്വന്തമാക്കാൻ അവിടുന്ന് സൃഷ്ടിക്ക് അവസരം ഒരുക്കി. ആവശ്യത്തിനുള്ള അവയവങ്ങൾക്കൊന്നും കുറവില്ലാതെ അനേകം അവയവങ്ങളോടുകൂടിയ ശരീരത്തെപ്പോലെ അതു മുഴുവൻ ഇപ്പോൾ മിശിഹായിൽ വസിക്കാൻ അവിടുന്ന് ഇടയാക്കി. ദൈവത്വത്തിൻെറ ഈ മഹനീയ സംഗതികളിലും അതിൻെറ ഔന്നത്യങ്ങളിലും, നമ്മുടെ കർത്താവിൻെറ മനുഷ്യത്വം ഒഴികെ, മറ്റാരും ചിന്തയാലോ വാക്കാലോ കല്പന നൽകാതിരിക്കാൻ, ഭാഗ്യവാനായ ശ്ലീഹാ ഒരിടത്ത് തിമോതിയിൽ നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെ *"എല്ലാറ്റിനും മേൽ ദൈവം"*, എന്നും, മറ്റൊരിടത്ത് *"മഹാദൈവവും നമ്മുടെ രക്ഷകനും"* എന്നും, വേറൊരിടത്ത്, *"സഭയുടെ ശിരസ്സ്"* എന്നും വിളിക്കുന്നു.[1] *അവനിൽ ദൈവത്വത്തിൻെറ സർവപൂർണതയും ശാരീരികമായി വസിക്കുന്നു എന്നും പറയുന്നു.* ദൃശ്യവും അദൃശ്യവുമായ സൃഷ്ടികളെ *പൂർണത* എന്നും വിളിക്കുന്നു. മനുഷ്യശരീരം മുഴുവൻ ശിരസ്സിൽ സ്ഥാപിതമാകുകയും വസിക്കുകയും ചെയ്യുന്നു. അതിൽ നിന്ന് ജീവദായകജീവൻ എല്ലാ അവയവങ്ങളിലേക്കും ഒഴുകുന്നു; എല്ലാ അവയവങ്ങളും പരിപൂർത്തിയിൽ എന്നവണ്ണം ശിരസ്സിൽ സംരക്ഷിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ, ദൃശ്യാദൃശ്യസൃഷ്ടികളെല്ലാം ശിരസ്സിലെന്നവണ്ണം നമ്മുടെ കർത്താവായ മിശിഹായിൽ നിലനില്ക്കുകയും ജീവിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. ജീവൻ പ്രദാനം ചെയ്യുകയും നിലനിർത്തുകയും ചെയ്യുന്നു. ജീവദായകഹേതുവിൽ നിന്നെന്നവണ്ണം അവനിൽനിന്ന് ജീവസന്ധാരണവും തങ്ങളുടെ അസ്തിത്വത്തിൻെറ താങ്ങും സ്വീകരിക്കുന്നു.

വീണ്ടും, മിശിഹാ ദൈവവും മനുഷ്യനുമാണ്; ദൈവമെന്നനിലയിൽ സ്വഭാവത്തിൽ പിതാവിനോടും പരിശുദ്ധാത്മാവിനോടും സമനാണ്. എന്നാൽ മനുഷ്യൻ എന്ന നിലയിൽ സത്തയിൽ എല്ലാ സൃഷ്ടികളോടും സമനാണ്. അതുകൊണ്ട്, *"സമസ്ത പൂർണതയും മിശിഹായിൽ വസിക്കുന്നു"* എന്ന് സ്വാഭാവികമായി പറയപ്പെടുന്നു; *"ദൈവത്വത്തിൻെറയും*

1. എഫേ 1:21; 1 തിമോ 2:3; തീത്തോ 2:13.

www.malankaralibrary.com



*സൃഷ്ടിയുടെയും പൂർണതയെല്ലാം ബന്ധിതമായി ഉൾക്കൊണ്ടുകൊണ്ട് അവനിൽ വസിക്കുന്നു. എല്ലാറ്റിനും ഉപരിസ്ഥനായ അവനെ സഭയുടെ ശിരസ്സായും എല്ലാറ്റിനെയും എല്ലാറ്റിലും നിറയ്ക്കുന്നവൻെറ പൂർണത യായും നൽകിയിരിക്കുന്നു"* എന്ന് അവൻ പറയുന്നു (എഫേ. 1:22-23). ആരംഭംമുതൽ അവസാനംവരെ അവനിത് പറഞ്ഞു: അതായത് ഇല്ലായ്മയിൽ നിന്നുള്ള ആദ്യസൃഷ്ടിമുതൽ ; കാരണം, *"എല്ലാം അവൻ വഴി ഉണ്ടായി; അവനെ കൂടാതെ ഒന്നും ഉണ്ടായില്ല"* (യോഹ. 1:3). വീണ്ടും, രണ്ടാം സൃഷ്ടിയിൽ നിന്ന് പ്രതീകാത്മകമായി സ്നാനത്തിലൂടെ അതു സംഭവിക്കുന്നു. യഥാർത്ഥമായി *ഉത്ഥാനത്തിലൂടെ 'മിശിഹായിലുള്ള ആൾ പുതിയ സൃഷ്ടിയാകുന്നു, പഴയതു കടന്നുപോയി'.* എന്നിത്യാദി എന്ന് അവൻ പറയുന്നു. എന്നാൽ ശിരസ്സെന്ന നിലയിൽ മിശിഹായിൽ (2 കോറി. 5:17).

അവൻ സഭയെ *ശരീരം* എന്നു വിളിക്കുകയും പടിപടിയായി ബന്ധപ്പെടുത്തുകയും ചെയ്തുകൊണ്ട് പറയുന്നു: *"അവൻ അദൃശ്യനായ ദൈവത്തിൻെറ സാദൃശ്യമാണ്...* എന്നു തുടങ്ങി അവസാനംവരെ (കൊളോ. 1:15). *'തൻെറ ശരീരത്തിൻെറ ഉരിഞ്ഞുനീക്കലാൽ'* (2:15). *"തൻെറ ജഡത്തിൻെറ"* എന്ന് ഗ്രീക്കിൽ: *"അവൻ പ്രഭുത്വങ്ങളെയും അധികാരങ്ങളെയും അപമാനിച്ചു"* (2:15). കാരണം, എല്ലാവരുടെയും സഹായത്തിനായി അവൻ മർത്യതയെ കൊള്ളയടിച്ചു എന്ന് അവൻ പറയുന്നു. അവൻ നമ്മെ പിശാചുക്കളുടെ ക്രൂരവാഴ്ചയിൽനിന്ന് വിടുവിക്കുകയും അവയ്ക്കെതിരെയുള്ള വിജയം പൂർത്തിയാക്കുകയും ചെയ്തു. നമ്മെ മുറിപ്പെടുത്താൻ വെറുതെ പണിപ്പെടുകയും യാതൊരു നേട്ടവും ഉണ്ടാക്കാതിരിക്കുകയും ചെയ്ത അവരുടെ ലജ്ജയ്ക്കും നിന്ദനത്തിനും വേണ്ടിയായിരുന്നു അത്. കാരണം, നാം അമർത്യജീവിതത്തിൽ ആയിരിക്കും.

*'തൻെറ ശരീരം ഉരിഞ്ഞുമാറ്റിയതുവഴി അവൻ അവരെ ലജ്ജിപ്പിച്ചു'* എന്ന് യോഹന്നാൻ പറയുന്നു. ശ്ലീഹാ ആ രൂപത്തിലാണ് ഇതു പറഞ്ഞത്: *"അവൻ അവരെ പരസ്യമായി ലജ്ജിപ്പിച്ചു"* (2:15). തങ്ങളുടെ വഷളത്വത്തിൽ അവനെ ദുഷിച്ചവരുടെ തകിടം മറിച്ചിൽ, അവിടുത്തെ ശരീരത്തിൻെറ ശുദ്ധത കാണിക്കുന്നു. ഹേറോദേസിൻെറ പിതാവ് അന്തിപ്പാസ്, സീസറിൻെറ മുമ്പിൽ വസ്ത്രം കീറി തൻെറ ശരീരം കാണിച്ചതുപോലെ. സീസറിനുവേണ്ടിയുള്ള യുദ്ധങ്ങളിൽ യഥാർത്ഥത്തിൽ അവൻ വിജയിച്ചില്ലെന്ന് ആരോപകർ അവനെ കുറ്റപ്പെടുത്തി. എന്നാൽ

www.malankaralibrary.com



അപ്പോൾ മുതൽ അവൻ കൂടുതൽ പ്രകീർത്തിക്കപ്പെട്ടു; കാരണം, അവൻെറ ശരീരം മുഴുവൻ മുറിവുകളാണെന്ന് സീസറിനും സെനറ്റർ മാർക്കും ബോധ്യമായി; അപ്പോൾ അവൻെറ ശത്രുക്കൾ ലജ്ജിച്ചുപോയി. അതുപോലെ ദൈവപുത്രനും ശരീരം ധരിച്ചുകൊണ്ട് ദൈവമെന്ന നിലയിൽ അല്പം അവമാനം ഏറ്റെങ്കിലും ധാരാളമായി ബഹുമാനിക്കപ്പെട്ടു. ക്രൂശാരോഹണാവസരം ഉണ്ടായ അത്ഭുതം കണ്ട് *"സത്യമായും ഈ മനുഷ്യൻ ദൈവപുത്രനാണ്"* എന്ന് ശത്രുക്കൾപോലും വിളിച്ചു പറഞ്ഞു (മത്താ. 27:54; മർക്കോ. 15:39). *"ശക്തികൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും ദൈവപുത്രനായി അറിയപ്പെട്ടു"* (റോമാ 1:4). *"ഉരിഞ്ഞു കളഞ്ഞു"* എന്നത് വചനത്തെപ്പറ്റിയല്ല ആത്മാവിനെപ്പറ്റിയാണ്. ആത്മാവ് ശരീരത്തിൽനിന്നു വേർപെട്ട് പറുദീസായിലേക്കു പോയി. വചനം ബന്ധിതമല്ല; പുറപ്പെട്ടുപോയതുമില്ല; അതിനു തൻെറ ശരീരവുമായി അഭേദ്യ ബന്ധമാണുള്ളത്. ഇതാ, രണ്ടു സ്വഭാവങ്ങൾ! ഒന്ന് ഉരിഞ്ഞുകളയുന്നത്; മറ്റൊന്ന് ഉരിഞ്ഞുകളയപ്പെടുന്നത്.

*"മായാ ദർശനങ്ങൾ വിശകലനം ചെയ്യുന്നവരെപ്പോലെ, 'മാലാഖമാരുടെ ആരാധനയ്ക്ക്' അവരെ വിധേയരാക്കാനായി"* (2:18): ദാനത്തിൻെറ കാര്യവിചാരകർ എന്ന നിലയിൽ മാലാഖമാർ വഴി നിയമം നൽകപ്പെട്ടു എന്നു പറയപ്പെടുന്നു. ഇക്കാരണത്താൽ, നിയമം കാത്തില്ലെങ്കിൽ മാലാഖമാരും കോപിക്കും എന്നമട്ടിൽ നിയമാനുഷ്ഠാനങ്ങളിൽ ആശ്രയം വച്ചവർ അവരെയും ഇടയ്ക്ക് കയറ്റിക്കൊണ്ടുവന്നു. എങ്കിലും ഭയം നിമിത്തം തങ്ങൾ നിയമാനുഷ്ഠാനങ്ങളിൽനിന്ന് പിന്മാറുന്നില്ല എന്ന മട്ടിൽ യഹൂദർ കപടവിനയം കാട്ടി (2:18). അത്തരം കപട വിനയത്തിൽ ജീവിക്കരുതെന്ന് പൗലോസ് അവരെ ബോധ്യപ്പെടുത്തുന്നു. മാലാഖമാരിൽനിന്ന് കാരണം കണ്ടുപിടിക്കുന്നത്: തങ്ങൾക്ക് അറിവില്ലാത്തത് അവർ പറയുന്നത്, അവരുടെ മാനസിക വൈകല്യം കൊണ്ടാണ്.

*"ഭോഗലാലസമായ മനസ്സോടുകൂടി വ്യർത്ഥമായി അഹങ്കരിക്കുന്നത്"* (2:18): അതായത് ജഢികവിചാരത്തിൽ. അവർ നന്നായിട്ടല്ല പഠിപ്പിച്ചത് എന്നു കാണിക്കാൻ അവൻ പറയുന്നു: *"അവർ ശിരസ്സിനോട് ഗാഢബന്ധം പുലർത്തുന്നില്ല. ശരീരം മുഴുവൻ ...പൂർണവളർച്ച പ്രാപിക്കുന്നത് ഈ ശിരസ്സിൽ നിന്നാണല്ലോ"* (2:19). മിശിഹായുടെ കാര്യങ്ങളിൽ അവർ താല്പര്യമുള്ളവരായിരിക്കുക എന്നത് ശരിയായ കാര്യമാണ് എന്ന് അവൻ പറയുന്നു. അവനിൽ നിന്നു ലഭിച്ച കൃപയ്ക്കനുസൃതമായി

www.malankaralibrary.com



സ്നേഹംവഴി അവനിൽ സഭാശരീരം മുഴുവൻ സ്ഥാപിതമായിരിക്കുന്നു; ദൈവികമായി വളരാൻ കഴിയുകയും ചെയ്യുന്നു (2:18).

*"തൊടരുത്"* (2:21): അതായത്, മരിച്ചവന്റെ അസ്ഥികളെയോ, ഏതെങ്കിലും മലിനവസ്തുവിനെയോ. *"രുചിക്കരുത്"*: അശുദ്ധമാംസത്തെ; *'കൈകാര്യം ചെയ്യരുത്'*: പുറജാതികളുടെ യാതൊന്നും ; കുഷ്ഠരോഗിയെയോ, ലൈംഗികമായി ആചാരശുദ്ധി ഇല്ലാത്തവനെയോ സ്പർശിക്കരുത്" - പൗലോസിന്റെ എതിരാളികളുടെ വാക്കുകളാണിവ (2:21). *"മാനുഷികകല്പനകളും പ്രബോധനങ്ങളും"* (2:22): നിയമമല്ല, വാചിക പാരമ്പര്യങ്ങൾ! നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, *"എന്റെ സ്വർഗീയപിതാവ് നടാത്ത ചെടികളൊക്കെയും പിഴുതെറിയപ്പെടും"* (മത്താ. 15:13).

## 2

*"പഴയമനുഷ്യനെ....ഉരിഞ്ഞുകളയുവിൻ"* (3:9): പാപങ്ങളുടെ ആകെത്തുകയെ *"പഴയമനുഷ്യൻ"* എന്ന് അവൻ വിളിക്കുന്നു. മർത്ത്യനായ മനുഷ്യനെ നിങ്ങൾ ഉരിഞ്ഞുകളയുകയും പാപങ്ങളിൽനിന്ന് അന്യരായിരിക്കുകയും ചെയ്യുവിൻ. ലോകത്തെയും അതിനോട് ചേർന്നുപോകുന്ന ജീവിതത്തെയും ഉരിഞ്ഞുകളയുവിൻ; ആത്മാവിൽനിന്നുള്ള ജ്ഞാനത്താൽ അനുദിനം നവീകരിക്കപ്പെടുകയും സ്രഷ്ടാവും ഹേതുവുമായ മിശിഹായുടെ സാദൃശ്യത്തിൽ അവസാനം എത്തുകയും ചെയ്യുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ. *"അവിടെ യൂദനും പുറജാതിയും ഇല്ല..."* (3:10-11).

*"അരിസ്താർക്കുസിനെ സഹതടവുകാരൻ"* എന്നു വിളിക്കുന്നത് (4:10) അവനോടൊപ്പം അറസ്റ്റുചെയ്യപ്പെട്ടതിനാലാണ്. *"ആരെക്കുറിച്ചു നിങ്ങൾക്കു നിർദ്ദേശം ലഭിച്ചിട്ടുണ്ടോ..."* (4:10): പൗലോസല്ല, അവരോട് സുവിശേഷം പ്രഘോഷിച്ച അവരുടെ പ്രബോധകനായ എപ്പഫ്രാസാണ് നിർദ്ദേശിച്ചിട്ടുള്ളത്. ലൂക്കോസിനെ അവൻ 'വൈദ്യൻ' എന്നു വിളിക്കുന്നു (4:14): ഒന്നുകിൽ, തന്റെ വിളിക്കുമുമ്പ് അവൻ വൈദ്യനായിരിക്കാം; അല്ലെങ്കിൽ പരിശുദ്ധാത്മാവിൽനിന്ന് അവൻ രോഗശാന്തിവരം പ്രാപിച്ചിരിക്കാം.

കൊളോസ്യലേഖനം തീർന്നു.

www.malankaralibrary.com

# തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം

വീണ്ടും, തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം. ഞങ്ങളുടെ കർത്താവേ, ഇതു പൂർത്തിയാക്കാൻ സഹായിക്കണമെ. ആമ്മീൻ.

## 1

ദൈവികവെളിപാടു നിമിത്തമാണ് പൗലോസ് മാസിഡോണിയായിലേക്കു പോയത്; ഈ പ്രോവിൻസിലായിരുന്നു തെസലോനിക്ക. അവൻ അവിടെ വിശ്വാസം പഠിപ്പിച്ചു. എന്നാൽ എതിരാളികൾ രോഷാകുലരായി, അവനും അവിടെയുണ്ടായിരുന്ന വിശ്വാസികൾക്കും വളരെ ക്ലേശങ്ങൾ ഉണ്ടാക്കി. ഇക്കാരണത്താൽ അവൻ അവിടം വിട്ട് ആഥൻസിലെത്തി. എതിരാളികളുടെ ക്രൂരതകൊണ്ട് അവർ സത്യത്തിൽനിന്ന് അകന്നുപോയേക്കുമോ എന്ന് അവൻ ആകാംക്ഷാഭരിതനായിരുന്നു. അതുകൊണ്ട്, അവൻ തിമോതിയോസിനെ അവിടേക്കയച്ചു. ഒന്നാമത്, അവർ മാറിപ്പോയോ ഇല്ലയോ എന്നറിവാൻ; രണ്ടാമത്, അവർക്ക് പ്രയോജനപ്രദമായവയെക്കുറിച്ച് അവരെ പഠിപ്പിക്കാനും അവരെ സമാശ്വസിപ്പിക്കാനും. പൗലോസ് പറഞ്ഞതെല്ലാം ചെയ്തിട്ട് അവൻ തിരിച്ചെത്തി പൗലോസിനെ വിവരം അറിയിച്ചു. അവർക്ക് നിരവധി ക്ലേശങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും അവർ സത്യത്തിൽ നിന്നു വഴുതിമാറിയില്ല എന്നും അവരെ പല കാര്യങ്ങളിലും ഉപദേശിക്കേണ്ടതുണ്ടെന്നും അവൻ പറഞ്ഞു. സഹനങ്ങളിൽ അവർ കാണിച്ച ധൈര്യത്തെ പ്രകീർത്തിച്ചുകൊണ്ട് പൗലോസ്, അവർക്ക് ഈ കത്തെഴുതി: ഞങ്ങളെ ദൈവം അംഗീകരിക്കുകയും ഈ സുവിശേഷം ഭരമേല്പിക്കുകയും ചെയ്തു. അതായത്, ഞങ്ങൾ ഇപ്പോൾ ആയിരിക്കുന്നതുപോലെ, പരിശോധിക്കപ്പെട്ടവരും, ശുദ്ധവും സത്യവുമായ പ്രബോധനം ഏല്പിക്കാൻ അർഹരുമാണ് എന്ന് അവൻ പറയുന്നു(2:4).

www.malankaralibrary.com



# 2

*"നിങ്ങൾ സകല വ്യഭിചാരത്തിൽ നിന്നും അകന്നിരിക്കണം"* (4:3): അവർ ക്രമരഹിതമായി സ്ത്രീകളുമായി ബന്ധപ്പെടുന്നെന്നും പര സ്ത്രീകളുമായും വിവാഹിതരായ സ്ത്രീകളുമായും പോലും വ്യഭിചാര ത്തിൽ ഏർപ്പെടുന്നെന്നും, അവിടെനിന്ന് തിരിച്ചെത്തിയപ്പോൾ തിമോ തിയോസ് അവനെ അറിയിച്ചു. പലതരത്തിലുള്ള വ്യഭിചാരം ഉള്ളതി നാൽ, അവൻ അതിനെ തരംതിരിക്കുകയും ഇപ്രകാരം പറയുകയും ചെയ്യുന്നു: *"തന്റെ പാത്രത്തെ ബഹുമാനത്തിലും വിശുദ്ധിയിലും എങ്ങനെ കാത്തുസൂക്ഷിക്കണമെന്ന് നിങ്ങളോരോരുത്തനും അറിഞ്ഞി രിക്കണം"* (4:4-5): *"പാത്രം"* എന്നത് ഭാര്യയെ ഉദ്ദേശിച്ചാണ്; മറ്റൊരുത്തി യുടെ നേരെ തിരിയരുത്. മറ്റൊരുത്തിയുടെ പക്കലേക്കു ചായുന്നതു പോലെ, കാമാവേശിതനാകരുത്....... പരസ്ത്രീകളുമായുള്ള ദുർന്നട പ്പിനെ അവൻ *"കാമവികാരം"* എന്നു വിളിക്കുന്നു (4:5). പ്രകൃതി നിയമം അനുസരിച്ച് പുരുഷൻ സ്വന്ത ഭാര്യയോടൊപ്പമായിരിക്കുന്നത് കുറ്റമറ്റ സംഗതിയാണ്. എന്നാൽ പരസ്ത്രീകളുമായുള്ള കുത്തഴിഞ്ഞ നടപടി യെയാണ് അവൻ *"കാമവികാരം"* എന്നു വിളിക്കുക. ദുർന്നടപ്പുകാരൻ തന്റെ ഭാര്യയെയും പലരിൽ ഒന്നായി കണക്കാക്കുന്നു. എന്നാൽ ക്രിസ്ത്യാനികൾ *"അതിക്രമിച്ചു കടക്കുകയോ, അക്രമം കാട്ടുകയോ ചെയ്യരുത്"* (4:6). നിശ്ചയിച്ചിരിക്കുന്ന അതിർത്തികൾ ലംഘിക്കുന്ന വനാണ് *"അതിക്രമിച്ചു കടക്കുന്നവൻ"*. മറ്റൊരുത്തന്റെ സ്വന്തമായ തിനെ അപഹരിക്കുന്നവനാണ് *"അക്രമം കാണിക്കുന്നവൻ"*. *"തന്റെ സഹോദരൻ"* (4:6): അതായത്, വിശ്വാസത്തിൽ തന്റെ സഹകാരി. *"ഈ സംഗതിയിൽ" "ശുദ്ധതയുടെ കാര്യത്തിൽ"*.

*"നിദ്ര പ്രാപിച്ചവരെ കുറിച്ച്"* (4:13): അവരെ *"നിദ്ര പ്രാപിച്ചവർ"* എന്നു വിളിക്കുന്നത്: ഒന്നാമത്, മിശിഹാ തന്റെ മരണത്താൽ മരണത്തെ കൊന്നതിനാൽ. രണ്ടാമത്, പിന്നീടുള്ള ഉത്ഥാനത്തിന്റെ പ്രത്യാശയാൽ: ഉറങ്ങാൻ കിടക്കുന്ന മനുഷ്യൻ അവശ്യാവശ്യം ഉണർത്തപ്പെടണം; അതു പോലെ മരിക്കുന്നവനും വളരെവേഗം അവസാനം ഉണർത്തപ്പെടും; അതിനാൽ അതേപ്പറ്റിയുള്ള *ദുഃഖം* അധികപ്പറ്റാണ്. മൂന്നാമത്, ചിലരുടെ ജല്പിതം അനുസരിച്ച്, ശരീരത്തിൽനിന്നു വേർപെട്ട ആത്മാക്കൾക്ക് സ്പർശനമോ, അറിവോ, ഓർമയോ ഇല്ല എന്നു കാണിക്കാൻ. എന്നാൽ

www.malankaralibrary.com



*"സങ്കടം"* പൂർണമായി നീങ്ങിപ്പോകുന്നില്ല; കാരണം, കാറ്റുകൊണ്ട് കടൽ ഇളകാതിരിക്കുക അസാധ്യം; തന്റെ ഒരവയവം മുറിച്ചുമാറ്റുമ്പോൾ മനുഷ്യനു വേദനിക്കാതിരിക്കുക അസാധ്യം. എന്നാൽ അളവിനതീതമായത് അവൻ തടയുന്നു; *'നിദ്ര'* എന്ന് ഉചിതമായി അവൻ കൂട്ടിച്ചേർക്കുന്നു: *"പ്രത്യാശ ഇല്ലാത്തവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത്. എന്തെന്നാൽ യേശു മരിക്കുകയും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ....."* (4:13-14): എന്തുകൊണ്ടാണ് പൗലോസ്, മിശിഹായുടെ മരണത്തെ *"മരണം"* എന്നും നമ്മുടേതിനെ *"നിദ്ര"* എന്നും വിളിക്കുന്നതെന്നു ചോദിച്ചേക്കാം. തന്റേതിനെ അവൻ "മരണം" എന്നു തന്നെയാണു വിളിക്കുക. ഒന്നാമത്, നമുക്കു പകരം നമ്മുടെ കർത്താവ് മരണക്കാസാ നുകർന്നപ്പോഴും, മരണത്തിന്റെ സാമ്രാജ്യത്തെ മനുഷ്യപ്രകൃതിയിൽ നിന്ന് നശിപ്പിച്ചില്ല; രണ്ടാമത്, ചിലർ പറയുന്നതുപോലെ ക്രിസ്തുവിന്റെ മരണം മായാജാലമല്ല; പിന്നെയോ യഥാർത്ഥത്തിൽ അവിടുന്നു മരിച്ചു. കാരണം, മരണം മായാജാലമായിരുന്നെങ്കിൽ, ഉത്ഥാനവും അവശ്യാവശ്യം മായാജാലം ആകുമായിരുന്നു. നമ്മുടെ ഉത്ഥാനവും അങ്ങനെ കള്ളമായി മാറുമായിരുന്നു. എന്നാൽ വിശ്വാസികളെപ്പറ്റി നിദ്ര എന്ന് അവൻ പറയുന്നത്; ഒന്ന്, നമ്മുടെ രക്ഷകന്റെ ഉത്ഥാനത്താൽ മരണത്തിന്റെ അധികാരം ഇല്ലാതായി; രണ്ട്, നമ്മുടെയും അവരുടെയും കദനഭാരം ലഘൂകരിക്കാൻ; കാരണം, ഉറങ്ങിയാൽ അവശ്യാവശ്യം ഉണരണമല്ലോ.

*"ഞങ്ങൾ നിങ്ങളോടു പറയുന്നു"* (4:15): അതായത്, ദൈവിക പ്രവർത്തനത്താൽ ഞങ്ങൾക്കു ലഭിച്ച വെളിപാട് അനുസരിച്ച്; അവൻ സംസാരിക്കുമ്പോൾ അവനിലൂടെ സംസാരിച്ച മിശിഹായുടെ വാക്ക് അനുസരിച്ചും: *"ഒരാൾ എടുക്കപ്പെടും, അപരൻ ഉപേക്ഷിക്കപ്പെടും"* എന്ന് കർത്താവും സുവിശേഷത്തിൽ പറയുന്നു (മത്താ. 24:40). എന്തുകൊണ്ടെന്നാൽ *"നമ്മുടെ കർത്താവ് അധികാരത്തോടും പ്രധാന മാലാഖയുടെ ശബ്ദത്തോടും കൂടെ വരും"* (1 തെസ. 4:16). എല്ലാ ആത്മീയ ജീവികളേക്കാളും ഉന്നതനും മഹനീയനുമായവനെയാണ് അവൻ പ്രധാന മാലാഖാ എന്ന് വിളിക്കുന്നത്. ത്രിത്വത്തിന്റെ വാസസ്ഥാനത്തു നിന്ന് ആദ്യമേ വെളിപാടു സ്വീകരിച്ച്, താഴെയുള്ളവർക്കെല്ലാം പകർന്നുകൊടുക്കുന്നത് അവനാണ്. *ദിവന്നാസ്യോസും മറ്റുചിലരും* പറയുന്നതനുസരിച്ച് അവൻ സ്രാപ്പേന്മാരുടെ നിരയുടെ പ്രധാനിയാണ്; എന്നാലത്

www.malankaralibrary.com



പുതിയനിയമത്തിൻെറ നേതാവായ ഗബ്രിയേലാണെന്ന് മറ്റു ചിലർ പറയുന്നു. *"നമ്മുടെ കർത്താവ് അധികാരത്തോടും പ്രധാന മാലാഖയുടെ ആർപ്പുവിളിയോടുംകൂടെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരും"* (4:16):[1] അവിടുത്തെ തിരുമുമ്പിൽ അവൻ ആർപ്പുവിളിക്കുകയും പൊടിയിൽ നിന്ന് എഴുന്നേൽക്കാൻ എല്ലാവരോടും കല്പിക്കുകയും ചെയ്യും. അവിടുത്തെ വരവിൽ ഒന്നിച്ചുകൂടി അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ പിന്നീട് അവൻ മാലാഖമാരോട് ഉച്ചത്തിൽ പറയും.

*മറ്റുചിലർ:* ഈ വാചകത്തിലെ വാക്കുകൾ തിരിഞ്ഞുമറിഞ്ഞു കിടക്കുകയാണ്: *"പാതാളത്തിൽ അവർ പാപം ചെയ്യുകയും ഉദരത്തിൽ വച്ചേ വിസ്മരിക്കപ്പെടുകയും ചെയ്തു"* എന്ന ജോബിലെ വാചകം (24: 20) പോലെയാണിത്. അതുപോലെ, *"അനേകവർഷങ്ങളായി കാണപ്പെടാതിരുന്ന വാസസ്ഥലങ്ങളിലെ ആളുകളെ ധനം നശിപ്പിച്ചുകളഞ്ഞു"; അവിടുത്തെ കല്ലറ ദുഷ്ടൻ നൽകിയതാണ്. ധനവാൻ അവൻെറ മരണത്തിലും"* (ഏശാ. 52:9). *"രാത്രി മുഴുവൻ തങ്ങുക; നിങ്ങളുടെ പാദം കഴുകുക"* (ഉല്പ. 19:2) എന്നു തുടങ്ങിയ വാക്യങ്ങൾ പോലെയാണിവിടെയും. *"നമ്മുടെ കർത്താവ്"* എന്ന് തൻെറ മനുഷ്യത്വത്തിലാണ് അവൻ പറയുന്നത്. ദൈവത്തിൻെറ *"അധികാരം"* എന്നത് തന്നിൽ വസിക്കുന്നവനെപ്പറ്റിയാണ്; *"പ്രധാന മാലാഖായുടെ കാഹളധ്വനി"* തൻെറ വരവിൽ മുഴങ്ങുന്നതാണ്; *"സ്വർഗത്തിൽ നിന്ന് താഴേക്കു വരും"*. നാം മുകളിൽ വിവരിച്ചതുപോലെ മൂന്നു പ്രാവശ്യം കാഹളധ്വനി കേൾക്കപ്പെടും.

*"നിദ്ര പ്രാപിച്ചവർക്കു മുമ്പിൽ നാം കടക്കുകയില്ല"* (4:15). "മുന്നിലായിരിക്കുകയില്ല" എന്ന് ഗ്രീക്ക്. അതായത്, അപ്പോൾ ജീവനോടിരിക്കുന്നവർ, ആരോഹണത്തിൽ, മരിച്ചവരുടെ മുമ്പിലെത്തുകയില്ല. *"നാം മുമ്പിൽ കടക്കുകയില്ല"* എന്നത് നമ്മുടെ കാര്യമാണ്. അതായത്, അവനെപ്പോലെ നാം മരിക്കുകയും പിന്നെ ജീവിക്കുകയും ചെയ്യുകയില്ല. *"മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കും"* (4:16): 'ആദ്യം': അഞ്ചുതരത്തിലാകാം. ഇവിടെ 'ബഹുമാനത്തിൽ' എന്നു മാത്രം എടുത്താൽ മതി. കാരണം, ഉത്ഥാനം, നവീകരണം എന്നീ രണ്ടു കാര്യങ്ങളും

1. നഹേസ് മോറൻ മെൻ ശ്മായോ ബ്ഫുഖ്ദോനോ ഔകീസ് ബ്കോലോ ദ്റീശ് മാലാഖേ.

www.malankaralibrary.com



ഒറ്റ നിമിഷത്തിൽ തന്നെ നടക്കും. *"ഉറങ്ങുന്നവർ രാത്രിയിലാകുന്നു ഉറങ്ങുന്നത്."* (5:7): ദുഷ്ടകാര്യങ്ങളിൽ മുഴുകുന്നതിനെ അവൻ *ഉറക്കം* എന്നും, അറിവിൻെറ കുറവിനെ *രാത്രി* എന്നും അറിവിനെ *പകൽ* എന്നും വിളിക്കുന്നു.

*"ഉറക്കത്തിലും ഉണർവിലും നാം അവിടുത്തോടൊത്തു ജീവിക്കണം"* (5:10): അതായത്, നമ്മുടെ കർത്താവിൻെറ വരവിൽ, ജീവിച്ചിരിക്കുന്നവരും നേരത്തെ തന്നെ മരിച്ചവരും എല്ലാം, വരാനിരിക്കുന്ന ലോകത്തിലെ ജീവിതത്തിന് അർഹരായി ഗണിക്കപ്പെടും. *"കുറ്റം ചെയ്യുന്നവരെ ശാസിക്കുവിൻ; ദുർബലമാനസ്സരെ പ്രോത്സാഹിപ്പിക്കുവിൻ; ബലഹീനരെ താങ്ങുവിൻ"* (5:14): ശരിയായി വ്യാപരിക്കാത്തവരെയാണ് *'കുറ്റം ചെയ്യുന്നവർ'* എന്ന് അവൻ വിളിക്കുന്നത്. മരിച്ചവരെപ്പറ്റി അമിതമായി ദുഃഖിക്കുന്നവരാണ് *'ദുർബലമാനസ്സർ'*; വ്യഭിചാരം ചെയ്യുന്നവരാണ് *'ബലഹീനർ'*.

നിങ്ങൾ സ്വീകരിച്ച *പരിശുദ്ധാത്മദാനത്തെ* ദുഷ്പ്രവൃത്തികൾ വഴി കെടുത്തിക്കളയരുത്; നിങ്ങളിൽ ചിലർക്കു നൽകപ്പെട്ട *പ്രവചനങ്ങളെ* നിന്ദിക്കരുത്. സത്യപ്രവചനം എന്ന വ്യാജേന വഴി തെറ്റിക്കുന്ന അനേകർ ഉണ്ടായിരുന്നതിനാൽ, *"എല്ലാം പരിശോധിച്ചുനോക്കുവിൻ; നല്ലവയെ മുറുകെപ്പിടിക്കുവിൻ"* എന്ന് അവൻ പറയുന്നു (5:21). അതായത്, തെറ്റായ സംഗതികൾ നിമിത്തം സത്യസംഗതികളെ നിരസിക്കരുത്; അവയുടെ ഫലങ്ങൾകൊണ്ട് അവയെ പരിശോധിച്ചു നോക്കുവിൻ.

തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം തീർന്നു.

www.malankaralibrary.com

# തെസലോനിക്കർക്കുള്ള രണ്ടാം ലേഖനം

## 1

ശ്ലീഹാ താഴെപ്പറയുന്ന കാരണങ്ങളാലാണ് അവർക്ക് ഈ കത്തും എഴുതിയത്: എതിരാളികളുടെ ദുഷ്ടപ്രബോധനങ്ങൾ അപ്പോഴും നിലനില്ക്കുന്നു എന്ന് ശ്ലീഹാ മനസ്സിലാക്കി; വിശ്വാസികളെ ഉപദ്രവിക്കാൻ അവർ എല്ലാത്തരത്തിലും പദ്ധതികളിണക്കി; *"കർത്താവ് സമീപസ്ഥനാകുന്നു"* എന്ന് ശ്ലീഹാ പറഞ്ഞതിൽനിന്ന് (ഫിലി. 4:5) ലോകാവസാനം അടുത്തു എന്ന് ചില വിശ്വാസികൾ പ്രതീക്ഷിച്ചു; താൻ നേരത്തെ കത്തെഴുതി എങ്കിലും അവർ ക്രമീകൃതമായിട്ടല്ല ജീവിക്കുന്നത് എന്ന് അവൻ കേട്ടു.

*"വചനത്താലോ, ആത്മാവിനാലോ, ലേഖനത്താലോ നിങ്ങൾ അസ്വസ്ഥരാകരുത്"* (2 തെസ. 2:2): പരിശുദ്ധാത്മ വ്യാപാരത്താലാണ് താൻ സംസാരിക്കുന്നതെന്ന് ഒരുവൻ കാണിച്ചാൽ പോലും; ആ സമയത്തെപ്പറ്റി ഞങ്ങളുടെ തന്നെ വചനത്താലോ, ലേഖനത്താലോ അറിഞ്ഞു എന്ന് അവൻ പറഞ്ഞാലും അവനെ വിശ്വസിക്കരുത്. *"കാരണം, ആദ്യം വിശ്വാസ ത്യാഗം ഉണ്ടാകാതെ"* (2:3). മിക്കവാറും മനുഷ്യരൊക്കെ സത്യം വിട്ട് ആ വഞ്ചകന്റെ പിന്നാലെ പോകുന്ന ആ സമയത്തെ അവൻ *"വിശ്വാസത്യാഗം"* എന്നു വിളിക്കുന്നു. *"പാപത്തിന്റെ മനുഷ്യൻ"* എന്ന് അവൻ അവനെ വിളിക്കുന്നു (2:3); കാരണം, അവനിലാണ് സാത്താൻ വസിക്കുന്നതും തന്റെ ദുഷ്പ്രവൃത്തികൾ ചെയ്യുന്നതും. യഹൂദരിൽ നിന്നുള്ള ഒരു കന്യകയെ കല്ലറകളിലെ ഏതോ മന്ത്രവാദി വശീകരിക്കുമെന്നും, കഫർണാം ജില്ലയിൽ നാശത്തിന്റെ മനുഷ്യനെ ഗർഭം ധരിക്കു

www.malankaralibrary.com



മെന്നും പറയപ്പെടുന്നു. താൻ കന്യാത്വപരമായി ഗർഭസ്ഥിതനായെന്നും, ജനിച്ചെന്നും പിശാചുക്കൾ തന്നെ അനുധാവനം ചെയ്യും എന്നും താൻ അബ്രഹാമിൻെറയും ദാവീദിൻെറയും മകനാണെന്നും മറ്റും തന്നെപ്പറ്റി അവൻ പ്രഖ്യാപിക്കും.

*"ദൈവമെന്നു വിളിക്കപ്പെടുന്നതോ, ആരാധനാ വിഷയം ആയിരിക്കുന്നതോ ആയ എല്ലാറ്റിനും ഉപരി തന്നെത്തന്നെ പ്രതിഷ്ഠിക്കും"* (2:4). 'ഞാൻ ക്രിസ്തുവാണ്'; സർവ സൃഷ്ടികളിൽ നിന്നും ഞാൻ ആരാധന അർഹിക്കുന്നു; സർവജനതതിയും എന്നെ പ്രതീക്ഷിക്കുകയും എന്നെ കാത്തിരിക്കുകയും ചെയ്യുന്നു. ഞാൻ നിഗൂഢനായിരുന്നതിനാൽ, എന്നെ അവർ എല്ലാ പേരുകൾകൊണ്ടും വിളിച്ചു; ഇതാ, ഞാൻ പ്രത്യക്ഷനായിരിക്കുന്നു; നിങ്ങളുടെ തെററിൽനിന്ന് പിന്തിരിഞ്ഞ് ഏക മനസ്സോടെ എന്നെ ആരാധിക്കുവിൻ" എന്നു പറഞ്ഞ്, തന്നെ ആരാധിക്കുന്നതിലേക്ക് അവൻ എല്ലാവരെയും തിരിക്കും. അങ്ങനെ ദൈവമെന്നപോലെ ദൈവത്തിൻെറ ആലയത്തിൽ അവൻ ഇരിക്കുകയും ചെയ്യും. കാരണം, അവൻ ആലയത്തിൽ കയറി ബലിപീഠത്തിന്മേൽ ഇരിക്കും. വായനകളും ദിവ്യരഹസ്യങ്ങളും അവൻ നിർത്തലാക്കുകയും ചെയ്യും (2:4).

*"അവൻ മാറിനിൽക്കാൻ അവനെ തടഞ്ഞുനിർത്തുന്നത് എന്താണെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം"* (2:6). അതായത്, അവനെ തടഞ്ഞു നിർത്തി തടസ്സപ്പെടുത്തുന്നത് ആരാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ സമയം കഴിയുമ്പോൾ അവൻ കാണപ്പെടുകയും തൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യും. അവൻ കാണപ്പെടുന്നതിനെ *"പ്രത്യക്ഷപ്പെടൽ"* എന്നു പൗലോസ് വിളിക്കുന്നു. നമ്മുടെ കർത്താവിൻെറ വരവിനുശേഷം, മനുഷ്യരെ എങ്ങനെ ഉപദ്രവിക്കണം എന്ന ഒറ്റ പദ്ധതിയേ സാത്താനുള്ളു. എങ്കിലും ദൈവം അവനെ തടയുന്നു; അവനെ അനുവദിച്ചു കഴിഞ്ഞാൽ അവൻ തൻെറ പദ്ധതി പ്രാവർത്തികമാക്കുന്നു.

*"ദുഷ്ടതയുടെ അജ്ഞാതശക്തി ഇപ്പോൾതന്നെ ആരംഭിച്ചു കഴിഞ്ഞു"* (2:7): അതായത്, സാത്താൻ വിശ്വാസധ്വംസനം പരസ്യമായി പൂർത്തിയാക്കുകയില്ല; എന്നാൽ ഇപ്പോൾ തന്നെ പലതും ഗോപ്യമായി ചെയ്തുകൂട്ടുന്നുണ്ട്; മനുഷ്യരെ സത്യത്തിൽ നിന്ന് അകറ്റാൻ തെറ്റിൻെറ പ്രചാരകരിലൂടെ എപ്പോഴും പലതും സംഘടിപ്പിക്കുന്നു. *"ഇപ്പോൾ അവനെ തടഞ്ഞു നിർത്തിയിരിക്കുന്നവൻ വഴിമാറിയാൽ മാത്രം മതി. അവൻ പ്രത്യക്ഷപ്പെടും"* (2:7): 'തടഞ്ഞുനിർത്തുന്നതിനെ' പൗലോസ്

www.malankaralibrary.com



ചിലപ്പോൾ "അവിടുത്തെ പരിപാലന" എന്നും, ചിലപ്പോൾ "അവിടുത്തെ തിരുഹിതം" എന്നും വിളിക്കുന്നു എന്ന് *ഭാഷ്യകാരൻ* പറയുന്നു. ഇപ്പോൾ കാണപ്പെടുന്നതിൽ നിന്ന് അവനെ തടഞ്ഞുനിർത്തിയിരിക്കുന്നതു ദൈവമാണ്. ദൈവം അവനു നിശ്ചയിച്ചിരിക്കുന്ന പരിധി തീരുമ്പോൾ *'ദുഷ്ടൻ വെളിപ്പെടും'* എന്ന് അവൻ പറയുന്നു (2:8). "തടഞ്ഞു നിർത്തലിനെപ്പറ്റി" *യോഹന്നാൻ* ഇപ്രകാരം പറയുന്നു: "റോമാക്കാരുടെ ആധിപത്യത്തെപ്പറ്റിയാണ് ശ്ലീഹാ സൂചിപ്പിക്കുന്നത്. അതു തകർന്നു കഴിയുമ്പോൾ, *"ദുഷ്ടൻ വെളിപ്പെടും"*. എന്നാൽ സർക്കാരിൽനിന്നു ശല്യമൊന്നും ഉണ്ടാകാതിരിക്കാൻ അവനിത് ഗൂഢാർത്ഥമായിട്ടത്രേ പറഞ്ഞിരിക്കുന്നത്; - എന്നാൽ ഈ ആശയം അത്ര പന്തിയുള്ളതല്ല!

*"നമ്മുടെ കർത്താവായ യേശു അവനെ സംഹരിക്കും"* (2:8): അവിടുന്ന് സാത്താനെ ഇല്ലായ്മ ചെയ്യും എന്നല്ല, പിന്നെയോ, നിത്യപീഡനത്തിനായി അവിടുന്ന് അവനെ കയ്യാളിക്കും എന്നത്രേ, ദുഷ്പ്രവൃത്തികൾക്കുള്ള അവൻെറ ഉപകരണമായിരുന്നു ആ മനുഷ്യൻ: അവൻ അവൻെറ ആത്മാവിലും ശരീരത്തിലും ഒന്നിച്ചു നശിക്കും. ഒന്നാമത്, ദൈവത്തിൻെറ സൃഷ്ടികളുമായി ബന്ധം പുലർത്താൻ അവൻ അയോഗ്യനായതിനാൽ, അവൻെറ ദുഷ്ടത നിമിത്തം. രണ്ടാമത്, ദൃശ്യാദൃശ്യവസ്തുക്കളെ ഇല്ലാതാക്കാൻ കഴിവുള്ള ദൈവികശക്തിയുടെ ഒരു ദൃഷ്ടാന്തമായി. മൂന്നാമത്, പാപികൾ അവിടുത്തെ കൃപയുടെ മഹത്ത്വം മനസ്സിലാക്കുവാൻ: അവർ നാശത്തിന് അർഹരായിരുന്നെങ്കിലും അവിടുന്ന് അവരെ നശിപ്പിച്ചില്ല. അതുകൊണ്ട് അവർ അവിടുത്തെ നീതിയെ പ്രകീർത്തിക്കുകയും തങ്ങളെത്തന്നെ കുറ്റപ്പെടുത്തുകയും ചെയ്യാൻ.

'അവൻ ഇല്ലായ്മയായി തീരില്ല, പിന്നെയോ, അവൻെറ നേതാവിനോടൊപ്പം എന്നേക്കും പീഡിപ്പിക്കപ്പെടും' എന്നു *മറ്റുചിലർ* പറയുന്നു. "അവൻ നശിക്കും; അവൻ ഇല്ലാതാകും" (2:8) എന്നത് *"പുക മാഞ്ഞു പോകുന്നതുപോലെ അവർ മാഞ്ഞുപോകും"; "ദുഷ്ടർ നശിക്കും; കർത്താവിൻെറ ശത്രുക്കളും"; "പാപികൾ ഭൂമിയിൽനിന്ന് നിർമാർജനം ചെയ്യപ്പെടട്ടെ; ദുഷ്ടർ ഇല്ലാതാകട്ടെ"* എന്നതുപോലെയാണ് (സങ്കീ. 37: 20-35). എങ്കിലും മൂന്നു സാക്ഷികളെക്കൊണ്ട് ശ്ലീഹാ അവൻെറ നാശം ഉറപ്പിക്കുന്നു: *"നാശത്തിൻെറ പുത്രൻ", "അവിടുന്ന് അവനെ സംഹ*

www.malankaralibrary.com



*രിക്കും", "അവിടുന്ന് അവനെ നശിപ്പിക്കും"* എന്ന് അവൻ പറയുന്നു (2:6-8). *'അവൻെറ ആഗമനം സാത്താൻെറ പ്രവർത്തനത്താൽ സർവ ശക്തിയോടും കൂടി ആയിരിക്കും'* (2:9). അവൻ ഒന്നും, അവനിൽ പ്രവർത്തിക്കുന്ന സാത്താൻ മറ്റൊന്നും ആണെന്ന് ഇവിടെ പൗലോസ് കാണിക്കുന്നു.

*"എല്ലാ ശക്തികളോടും അടയാളങ്ങളോടുകൂടെ"* (2:9): കാരണം, അവൻ നിരവധി അടയാളങ്ങൾ കാണിക്കും. ഭാവനാചിത്രങ്ങളിലൂടെയും ജാലവിദ്യയിലൂടെയും അവൻ അന്ധരുടെ കണ്ണുകൾ തുറക്കും, കുഷ്ഠ രോഗികളെ ശുദ്ധരാക്കും, പിശാചുക്കളെ പുറത്താക്കും, മരിച്ചവരെ ഉയിർപ്പിക്കും - ഇവ മരിച്ചവർക്കു പകരം പിശാചുക്കളായിരിക്കും; - ഉയിർക്കാനായി അവൻ പിന്നീട് അവരോടാജ്ഞാപിക്കും. കലാകാരൻ പ്രകൃതിയെ അനുകരിക്കുന്നതുപോലെ, അവൻ അടയാളങ്ങൾ പ്രവർത്തിക്കും.

*"ഈ അഭിവാദനം പൗലോസായ ഞാൻ എൻെറ സ്വന്ത കൈ കൊണ്ടുതന്നെ എഴുതുന്നു"* (3:17): ലേഖനത്തിൽ തൻെറ കൈ കൊണ്ടെഴുതിയതിനെ അവൻ "അഭിവാദനം" എന്നു വിളിക്കുന്നു.

തെസലോനിക്കർക്കുള്ള രണ്ടാം ലേഖനം തീർന്നു.

www.malankaralibrary.com

# തിമോതിയോസിനുള്ള ഒന്നാം ലേഖനം

## 1

തിമോതിയോസ് ആസിയാ മുഴുവൻ ചുറ്റിസഞ്ചരിച്ച് അവിടെയുള്ള സഭകളെ ഭരിക്കുന്നതിനുവേണ്ടി ശ്ലീഹാ അവനെ *എഫേസോസിൽ* വിട്ടു. എല്ലാ പ്രായത്തിലും നിലയിലും അവസ്ഥയിലുമുള്ള വിശ്വാസികൾക്ക്, പ്രത്യേകിച്ച് സഭാസന്താനങ്ങളുടെ ഇടയിൽ ആത്മീയനേതാക്കന്മാരായി എപ്പിസ്കോപ്പാമാരും, കശീശന്മാരും ശെമ്മാശന്മാരുമായി നിയമിക്കപ്പെടുന്നവർക്ക്, പ്രയോജനപ്രദമായവ ഉപദേശിച്ചുകൊണ്ട് അവന് എഴുതുന്നു. ചുരുക്കത്തിൽ സഭ മുഴുവൻ പ്രയോജനപ്രദമായ പ്രബോധനം ഈ ലേഖനത്തിലുണ്ട്.

*"അവർ അവസാനമില്ലാത്ത വംശാവലികളുടെ ഐതിഹ്യങ്ങളിലും കെട്ടുകഥകളിലും ശ്രദ്ധിക്കരുത്"* (1 തിമോ. 1:4). ഇക്കാര്യം വിശേഷവിധിയായി വിജാതീയരിൽ നിന്ന് വിശ്വസിച്ചവരോടാണ് അവൻ കല്പിക്കുന്നതും അനുശാസിക്കുന്നതും. പരിച്ഛേദനവും നിയമവും പഠിപ്പിക്കുകയും, എങ്ങനെ ഇന്നയാൾ ഇന്നയാളിൽ നിന്നു ജനിച്ചു എന്നു തുടങ്ങിയ സംഗതികൾ പറഞ്ഞ് വംശാവലികളും കുടുംബപാരമ്പര്യങ്ങളും വിവരിക്കുകയും ചെയ്ത യഹൂദരെ ശ്രദ്ധിക്കരുതെന്ന് കല്പിക്കുന്നു.

ഈ വാക്കുകളാൽ അവൻ നിയമത്തെ തള്ളിക്കളയുന്നു എന്നു കരുതപ്പെടാതിരിക്കാനായി അവൻ പറയുന്നു: *"ഉചിതമായി കൈകാര്യം ചെയ്യുന്നെങ്കിൽ നിയമം നല്ലതാണെന്ന് നമുക്കറിയാം"*(1:8). നിയമം തള്ളിക്കളയുന്നതിനല്ല, പിന്നെയോ, ഇതെങ്ങനെ ഉപയോഗിക്കണം എന്നറിയാൻ പാടില്ലാത്തവരുടെ ചിന്ത നിമിത്തമാണ് ഞാൻ ഈ കാര്യങ്ങൾ

www.malankaralibrary.com



പറയുന്നത്. *"നിയമം നീതിമാന്മാർക്കുവേണ്ടിയല്ല നിർമിതമായിരിക്കുന്നത്"* (1:9). നീതിമാന്മാർക്കും ശരിയാംവണ്ണം വ്യാപരിക്കുന്നവർക്കും ഈ നിയമം ആവശ്യമില്ല എന്ന് എനിക്കു ബോധ്യമുണ്ട്; കാരണം ഇത് അവരുടെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു; പിന്നെയോ, ദുഷ്ടരെ പ്രതിയാണ് ഇത് നിർമിതമായിരിക്കുന്നത് (1:9-10). അതുകൊണ്ട് വിശ്വസിച്ചതിനാലും, ഭാവി വസ്തുക്കളുടെ മുന്നാസ്വാദനം സ്നാനത്തിലൂടെ നമുക്കു ലഭിച്ചതിനാലും നിയമസ്ഥാപനം നമുക്ക് അധികപ്പറ്റാണ് എന്ന് അവൻ പറയുന്നു. ഇപ്പോൾ മുതൽ നാം പാപത്തിൽ നിന്നു പിൻതിരിയുന്നത് നിയമം നിമിത്തമല്ല; പിന്നെയോ, ഭാവിലോകവസ്തുക്കളുമായി താദാത്മ്യപ്പെടാനാണ്; നാം ഇപ്പോഴേ പ്രതീകാത്മകമായി അവയുടെ ഇടയിലത്രേ.

*"വാഴ്ത്തപ്പെട്ടവനായ"* എന്നതിനുപകരം ഗ്രീക്കിൽ *"ഏറ്റവും വാഴ്ത്തപ്പെട്ടവനായ"* എന്നത്രേ(1:11): അതായത്, തൻെറ സൗഭാഗ്യം തൻെറ നാമത്തിലാണ്; തൻെറ കൃപയാൽ അവിടുന്നു നമ്മെ ഇതിന് അർഹരാക്കുന്നു.

*"ആദ്യപ്രവചനങ്ങൾക്കൊത്തവണ്ണം..."* (1:18): അതായത്, ഒരു ദൈവികവെളിപാടാൽ ഞാൻ നിന്നെ തെരഞ്ഞെടുത്തു; പഠിപ്പിക്കുന്ന ജോലി നിന്നെ ഞാൻ ഭരമേല്പിച്ചു. അഥവാ, നീ കഠിനമായി അധ്വാനിക്കുമെന്നും പ്രഘോഷണത്തിൽ താല്പര്യം കാണിക്കുമെന്നും നീ അവകൊണ്ട് നല്ല യുദ്ധം ചെയ്യുമെന്നും, വെളിപാടു ലഭിച്ച അനേകർ നിൻെറ ശിഷ്യത്വത്തിൻെറ ആരംഭത്തിൽ നിന്നെപ്പറ്റി പ്രവചിച്ചു; നിന്നെ തെരഞ്ഞെടുത്തവൻെറ കൃപയുടെ അടയാളമായിരുന്നു പ്രവചനങ്ങൾ. എന്നാൽ അധ്വാനത്തിലൂടെ നിൻെറ തെരഞ്ഞെടുപ്പിനെ ഉറപ്പിക്കേണ്ടതു നീയാണ്. തെരഞ്ഞെടുപ്പ്, തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഇച്ഛയെ നിർബന്ധിക്കുന്നില്ല; തെരഞ്ഞെടുപ്പ് യൂദാസിനെപ്പോലും നിർബന്ധിച്ചില്ലല്ലോ.

*ദൈവദൂഷണത്തിൽ നിന്നു പിന്മാറേണ്ടതിന്, ഞാൻ അവരെ സാത്താനു വിട്ടുകൊടുത്തു"* (1:20): അതായത്, *"ആ മനുഷ്യനെ സാത്താന് ഏല്പിച്ചു കൊടുക്കണം"* (1 കോറി. 5:5) എന്നതുപോലെ, ഞാൻ അവരെ സഭയിൽനിന്നു നീക്കിയിരിക്കുന്നു. സഭയിൽ നിന്നുള്ള പുറത്താക്കലിനെ *"സാത്താന് ഏല്പിച്ചുകൊടുക്കൽ"* എന്ന് അവൻ വിളിക്കുന്നു.

www.malankaralibrary.com



"ഞാൻ അവരെ സഭയിൽനിന്ന് പുറത്താക്കിയിരിക്കുന്നു; എന്നാൽ അവർ തിരുത്തിയാൽ തിരികെ എടുക്കുകയില്ല എന്നവണ്ണമല്ല; പിന്നെയോ, അവർ അനുതാപകർമ്മങ്ങൾ അനുഷ്ഠിക്കുകയും ദൈവദൂഷണത്തിൽനിന്നു പിൻതിരിയുകയും സത്യത്തിലേക്കു തിരിച്ചുവരികയും ചെയ്യണം എന്ന് അവൻ പറയുന്നു.

"അവർ നിയമത്തിലും ലൗകികജ്ഞാനത്തിലും മികച്ചവരും സൂത്രശാലികളും, എലീമാസിനെപ്പോലെ സത്യത്തിൽനിന്ന് അനേകരെ വഴി തെറ്റിക്കാൻ കഴിവുറ്റവരും ആയിരുന്നതിനാൽ, അവൻ അവരിൽനിന്ന് കൃപ നീക്കിക്കളഞ്ഞു" എന്ന് *മറ്റുചിലർ* പറയുന്നു. മിശിഹായുടെ ശരീരവുമായുള്ള ഐക്യത്തിലൂടെ കൃപയാൽ അവർ ഭാഷകളിൽ സംസാരിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നു; കൃപ നീക്കപ്പെട്ടപ്പോൾ അവർ അന്യശക്തിയുടെ വാസസ്ഥലമായിത്തീർന്നു; അതുവഴി, ശൗലിനേപ്പോലെ അവരെ പിശാചുക്കൾ പീഡിപ്പിച്ചു. ഈ ഹ്യുമെനേയോസും അലക്സാണ്ടറും (1:20), ദിമെത്രിയുസും ഫിജെല്ലുസും ഹെർമോഗെനെസും എഫേസോസിൽ നിന്നുള്ളവർ ആയിരുന്നു; അവരിൽ ചിലർ വിജാതീയാനുഷ്ഠാനങ്ങളും മറ്റുചിലർ യഹൂദാനുഷ്ഠാനങ്ങളും നടപ്പാക്കാൻ ശ്രമിച്ചവരാണ്.

*"അവളുടെ മക്കൾ വിശ്വാസത്തിൽ...നിലനില്ക്കുമെങ്കിൽ അവർ മൂലം അവൾ രക്ഷപ്രാപിക്കും"*(2:15): "സ്ത്രീവർഗം നിരസിക്കപ്പെട്ടു" എന്നല്ല അവൻ പറയുന്നത്. എന്തുകൊണ്ടെന്നാൽ ,"അവളുടെ മക്കൾ മൂലം" അതായത്, ജനിക്കുന്നവരുടെ തലമുറമൂലം, അവരുടെ വംശം രക്ഷിക്കപ്പെടാൻ അർഹരായി കാണപ്പെടുന്നു; കാരണം, വിശുദ്ധിയിലും സ്നേഹത്തിലും ദൈവത്തെ ഭയപ്പെടുന്നവർ അവരിൽ കാണപ്പെടുന്നു.

പണ്ടത്തെ നീതിമാന്മാരും പില്ക്കാലത്ത് മിശിഹായുടെ സഭയിലെ വൈദികരും നേതാക്കന്മാരുംമൂലം ഹവ്വായും രക്ഷിക്കപ്പെട്ടു എന്ന് *മറ്റുള്ളവർ* പറയുന്നു. "അവർ വിശുദ്ധിയിൽ നിലനിന്നാൽ..." ഹവ്വായെപ്പോലെ സത്യത്തിൽനിന്ന് വഴുതിമാറാതിരുന്നാൽ. കാരണം, അവളുടെ മക്കളുടെ ബഹുമാനം അവളുടേതാണല്ലോ.

*"ഇത് വിശ്വാസയോഗ്യവും സ്വീകാര്യവുമാണ്"* (3:1): അതായത്, ശരിയാണ്. 'സത്യം സത്യമായി' എന്നു പറയുന്നതുപോലെ. പറഞ്ഞ

www.malankaralibrary.com



തിനെ സ്ഥിരീകരിക്കുന്നതാണ് ഇവ രണ്ടും. *ഒരുവൻ പുരോഹിത സ്ഥാനം*[1] *ആഗ്രഹിക്കുന്നെങ്കിൽ അവൻ നല്ല ജോലി ആഗ്രഹിക്കുന്നു"* (3:1): അവൻ ഇതിനെ അധികാരം എന്നല്ല *ജോലി* എന്നാണ് വിളിക്കുന്നത്. ചിലർ പറയുന്നതുപോലെ, അവർ ലൗകികമനുഷ്യർക്കു തുല്യരാകാൻ പാടില്ല, പിന്നെയോ പ്രബോധനത്താൽ. *"അവൻ ഏകഭാര്യയുടെ ഭർത്താവായിരിക്കണം"* (3:2): കാരണം, അക്കാലത്ത് നിയമം അനുസരിച്ച്, പലരും ഒരേസമയം രണ്ടു ഭാര്യമാരെ സ്വീകരിച്ചിരുന്നു. നിയമം അതു തടഞ്ഞിരുന്നില്ല. ഒരു നിയമാനുസൃത ഭാര്യയുള്ളപ്പോൾ തന്നെ അവർ വെപ്പാട്ടികളെ സ്വീകരിക്കുകയോ, മറ്റു സ്ത്രീകളുമായി പാപം ചെയ്യുകയോ ചെയ്തിരുന്നു. ഇക്കാരണത്താൽ ഏകഭാര്യയുടെ ഭർത്താവ്. നിയമമനുസരിച്ചോ, പുറജാതികളുടെ രീതിയനുസരിച്ചോ, അവൾ ജീവിച്ചിരിക്കുമ്പോൾ രണ്ടോ മൂന്നോ പാടില്ല എന്ന് അവൻ പറയുന്നു. ആദ്യത്തെയാൾ മരിച്ചുകഴിഞ്ഞ് മറ്റൊരുത്തിയെ സ്വീകരിക്കാൻ നിർബന്ധിതനായാലും എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് അയാൾ വിലക്കപ്പെടുന്നില്ല. അതായത് കശീശാ സ്ഥാനത്തേക്ക് . കാരണം അക്കാലത്ത് *കശീശന്മാർ*, എപ്പിസ്കോപ്പാമാർ എന്നു വിളിക്കപ്പെട്ടിരുന്നു. ഇന്ന് *എപ്പിസ്കോപ്പാമാർ* എന്ന് വിളിക്കപ്പെടുന്നവർ അന്ന് *ശ്ലീഹന്മാർ* എന്നും വിളിക്കപ്പെട്ടിരുന്നു. "ഒരു ഭാര്യയെ സ്വീകരിക്കയും അവളുടെ മരണശേഷം വിശുദ്ധിയിൽ ജീവിക്കുകയും ചെയ്യുക" എന്ന് *മറ്റുചിലർ* പറയുന്നു. കശീശായുടെ പെരുമാറ്റം ജനങ്ങളുടേതിനേക്കാൾ ഉന്നതമായിരിക്കണം, എപ്പിസ്കോപ്പായുടേത് കശീശന്മാരുടേതിനേക്കാളും, ജനത്തിൻേറത് ജാതികളുടെതിനേക്കാളും ശ്രേഷ്ഠമായിരിക്കണം. എപ്പിസ്കോപ്പാമാർ ഭാര്യമാരെ സ്വീകരിക്കരുത്; കശീശന്മാരും ശെമ്മാശന്മാരും ഓരോരുത്തരെ സ്വീകരിക്കട്ടെ. സാധാരണക്കാർ ഒരേ സമയം രണ്ടുപേരെ സ്വീകരിക്കാതിരിക്കട്ടെ.

*"കളങ്കമില്ലാത്തവനും"*(3:2): ശരീരത്തെ മലിനപ്പെടുത്തുന്ന കളങ്കത്തെപ്പറ്റിയല്ല, ആത്മീയകളങ്കത്തെപ്പറ്റിയാണ് അവൻ മുന്നറിയിപ്പു നൽകുന്നത്. നിയമം അതിൻെറ ശൈശവാവസ്ഥയിൽ ശാരീരിക മാലിന്യങ്ങൾക്കെതിരെ മുന്നറിയിപ്പു നൽകുന്നതുപോലെ, അതിൻെറ പൂർണതയിൽ, ആത്മീയമാലിന്യങ്ങൾക്കെതിരെ അവൻ മുന്നറിയിപ്പു നൽകുന്നു:

---

1. കശീശൂസാ, ഗ്രീക്കിൽ: *episkopes*

www.malankaralibrary.com



ഒരേസമയം രണ്ടു ഭാര്യമാരെ സ്വീകരിക്കുന്നവനെപ്പറ്റിയാണ് പൗലോസ് സംസാരിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം. അത് അപ്രകാരമല്ലെങ്കിൽ ഒരുദിവസം മാത്രം ഭാര്യയുണ്ടായിരുന്നവനും പീഡിപ്പിക്കപ്പെടുമല്ലോ. പദത്തിൻെറ ബാഹ്യാർത്ഥം നോക്കിയാൽ, അതായത് പദാർത്ഥം എടുത്താൽ, *കശീശാ* ബ്രഹ്മചാരി ആയിരിക്കണമെന്നില്ലെങ്കിലും ഒരു ഭാര്യ ഉണ്ടായിരുന്ന *കഹനാ*, ഭാര്യയുടെ മരണശേഷം വിശുദ്ധിയിൽ ജീവിക്കട്ടെ. എന്നാൽ മനുഷ്യർ അയഞ്ഞ മനസ്ഥിതിക്കാരായി തീർന്നതിനാൽ, സഭയിൽ പല നിന്ദ്യമായ കാര്യങ്ങളും രഹസ്യമായി നടക്കുന്നു എന്നു മനസ്സിലാക്കിയ സഭാദ്ധ്യക്ഷന്മാർ, ആദ്യഭാര്യ മരിച്ചാൽ, പിന്നെയും വിവാഹം കഴിക്കാൻ *കഹനാമാരെ* പോലും അനുവദിച്ചിരുന്നു. അത്യാവശ്യങ്ങളുടെ പേരിൽ വിവാഹത്തിനുപുറത്ത് വെപ്പാട്ടികളെ നിർത്തുന്നത് ഒരിക്കലും അനുവദനീയമല്ല.

*"അവൻെറ കൈ അടിക്കാൻ ധൃതികൂട്ടരുത്"* (3:3): അതായത്, അനാവശ്യമായും കാരണം കൂടാതെയും കാഠിന്യം കാണിക്കാൻ പാടില്ല. *"തൻെറ മക്കളെ ഗൗരവപൂർവം അനുസരണത്തിൽ നിർത്തുന്നവനായിരിക്കണം"* (3:4): മക്കളുടെ ഭാഗത്തു നിന്നല്ല, പിതാവിൻെറ ഭാഗത്തു നിന്നാണ് അവൻ ഇതു പറഞ്ഞിരിക്കുന്നത്. അവൻ അവരെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യുമ്പോൾ അവർ ശല്യക്കാരും ധിക്കാരികളുമായാൽ, അവൻ കുറ്റക്കാരനല്ല. സാമുവേലിൻെറ മക്കൾ വിരുദ്ധരായി തിരിഞ്ഞെങ്കിലും അവൻ കുറ്റക്കാരനായിതീരാഞ്ഞതുപോലെ. *"തൻെറ സ്വന്തം ചെറുഭവനത്തെ എങ്ങനെ ഭരിക്കണമെന്ന് അറിയാത്തവൻ ആകുലചിത്തരും വിവിധ തരക്കാരുമായ ആളുകളുള്ള സഭയെ എങ്ങനെ ഭരിക്കും"* (3:5). *"അവൻ തൻെറ പ്രബോധനത്തിൽ നവശിഷ്യനായിരിക്കരുത്"* (3:6): വിശ്വാസത്തിലോ, തൻെറ സ്നാനത്തിലോ അവൻ പുതിയ ആളായിരിക്കരുത്. *"തൻെറ നടീലിൽ അവൻ നവശിഷ്യൻ ആയിരിക്കരുത്"* എന്ന് ഗ്രീക്കിൽ! ശ്ലീഹാ എവിടെയോ വിശ്വാസത്തെ *നടീൽ* എന്നു വിളിക്കുന്നു (1 കോറി. 3:6): *"ഞാൻ നട്ടു; അപ്പൊള്ളോ നനച്ചു"*. അതായത്, ഞാൻ വിശ്വാസം കൊണ്ടുവന്നു. വേറെവിടെയോ അവൻ സ്നാനത്തെയും അപ്രകാരം വിളിക്കുന്നു (റോമാ 6:5): *"അവൻെറ മരണത്തിൻെറ സാദൃശ്യത്തിൽ നാം അവനോടൊരുമിച്ച് നടപ്പെട്ടു എങ്കിൽ"* എന്ന് അവൻ പറയുന്നു.

www.malankaralibrary.com



എപ്പിസ്കോപ്പാ ആകുന്നവൻ സ്നാനപ്പെട്ട് കുറേനാൾ വിശ്വാസി ആയിരുന്ന ആളായിരിക്കണം എന്ന് ശ്ലീഹാ അറിയിക്കുന്നു. ഇതിൻെറ കാരണവും അറിഞ്ഞിരിക്കണം. "അവൻ ചെറുപ്പക്കാരെ തടയുന്നില്ല" എന്നു ചിലർ പറയുന്നു. ലേഖനത്തിൽ നിന്നു നാം ഗ്രഹിക്കുന്നതു പോലെ തിമോതിയോസും ചെറുപ്പമായിരുന്നല്ലോ. *"ആരും നിൻെറ യുവത്വത്തെ നിന്ദിക്കാതിരിക്കട്ടെ"* (4:12). *"സാത്താനെപ്പോലെ ശിക്ഷാ വിധിക്കർഹനാകാതിരിക്കാൻ"* (3:6) എന്നതിനുപകരം "സാത്താൻെറ അഹങ്കാരത്തിൽ" എന്ന് ഗ്രീക്കിൽ. കാരണം, പെട്ടെന്ന് വിശ്വസിച്ച് സ്നാനപ്പെടുകയും തൻെറ പെരുമാറ്റത്തെപ്പറ്റി വേണ്ടത്ര സാക്ഷ്യം നൽകാതിരിക്കുകയും ഉചിതമായവ ഗ്രഹിക്കാതിരിക്കുകയും നേതൃസ്ഥാനത്തേക്കു വരികയും ചെയ്യുന്നയാൾ വിശ്വാസികളുടെ നേതാവ് എന്ന നിലയ്ക്ക് അഹങ്കാരപ്രമത്തൻ ആകാനിടയുണ്ട്. അവൻ പ്രബോധകൻ ആയിത്തീർന്നതിനാൽ, തുടർന്നു പഠിക്കാനും അവനു സാധിക്കുകയില്ല. അവൻ പഠിക്കാഞ്ഞതുകൊണ്ട് എങ്ങനെ പഠിപ്പിക്കണം എന്ന് അവന് അറിയാനും പാടില്ല. അതുകൊണ്ട് അവൻ വ്യർത്ഥമായി അഹങ്കാരത്താൽ മതിമറക്കുന്നു. അവൻ സാത്താനിൽനിന്ന് ഒരുതരത്തിലും വ്യത്യസ്തനുമല്ല. സാത്താൻ ദൈവദാസനായിരിക്കെ, അഹങ്കാരം കൊണ്ട് മതിമറന്ന് തൻെറ കർത്താവിൻെറ നാമവും ബഹുമാനവും കവർന്നെടുക്കാൻ ശ്രമിച്ചു. അതുകൊണ്ട് ആ ന്യായാധിപനിൽനിന്ന് അവന് നീതിപൂർവമായ ശിക്ഷ കിട്ടി.

തനിക്കു നൽകപ്പെട്ട ജോലിയിൽ, പരിശോധനാവിധേയനാകുന്നതിനുമുമ്പുതന്നെ, ലഭിച്ച ഉന്നതസ്ഥാനത്തിൽ സാത്താൻ അഹങ്കാരോന്മത്തനായി. ഇക്കാരണത്താൽ അവൻ നിപതിക്കുകയും തൻെറ ബഹുമാനത്തിൽനിന്നു നീക്കപ്പെടുകയും ചെയ്തു. അതുപോലെ ഈ മനുഷ്യനും താൻ എളിമയോടും സ്നേഹത്തോടും വിധേയത്വത്തോടും കൂടി പഠിപ്പിക്കണം എന്ന് തനിക്കു ലഭിച്ച ഈ മഹോന്നത സ്ഥാനത്തെപ്പറ്റി മനസ്സിലാക്കിയില്ല. അതുകൊണ്ട്, അഹങ്കാരത്താൽ മതിമറന്ന് സാത്താനെപ്പോലെ നിപതിക്കുന്നു. അപ്പോൾമുതൽ, പൗരോഹിത്യശുശ്രൂഷചെയ്യാൻ മാത്രമല്ല, സാധാരണ ജോലികൾ ചെയ്യാൻപോലും അവൻ പറ്റിയവനല്ല.

ഇപ്പോൾ *എപ്പിസ്കോപ്പാമാർ* എന്നു വിളിക്കപ്പെടുന്നവർ അക്കാലത്ത് *ശ്ലീഹന്മാർ* എന്നു വിളിക്കപ്പെട്ടിരുന്നു. എന്നാൽ പിന്നീട് വിശ്വാസി

www.malankaralibrary.com



കൾ വർദ്ധിക്കുകയും ശ്ലീഹന്മാർ ഈ ലോകത്തിൽ നിന്ന് കടന്നുപോകുകയും, അവർക്കുശേഷം സഭയിൽ നിയമിതരായവർ ശ്ലീഹന്മാർക്കു സദൃശ്യരാകാഞ്ഞതിനാൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാതെ വരികയും ചെയ്തപ്പോൾ, അവരെ *ശ്ലീഹന്മാർ* എന്നു വിളിക്കുക പ്രയാസമായി വന്നു. അതുകൊണ്ട് അവർ പേരുകൾ പങ്കിട്ടു: കശീശന്മാരെ *കശീശന്മാർ* എന്ന പേരിൽ തന്നെ വിളിച്ചു; അതായത് *എപ്പിസ്കോപ്പാമാർ. ശ്ലീഹന്മാർ* എന്നു വിളിക്കപ്പെട്ടിരുന്നവരെ അവർ *എപ്പിസ്കോപ്പാമാരായി* നിയമിച്ചു. *"അജഗണത്തെപ്പറ്റി ജാഗരൂകരായിരിക്കുവിൻ; ... പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന എപ്പിസ്കോപ്പാമാരാണ് നിങ്ങൾ"* (നട. 20:28) എന്ന് പൗലോസ് എഫേസോസ് സഭയിലെ *കശീശന്മാരെ* വരുത്തി അവരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞതിൽ നിന്ന് അവർ *കശീശന്മാർ, എപ്പിസ്കോപ്പാമാർ* എന്നീ രണ്ടു പേരുകളിലും വിളിക്കപ്പെട്ടിരുന്നു എന്നു വ്യക്തമാണ്.

## 2

*"നീതിയുടെ ഈ രഹസ്യം സത്യമായും വലുതാകുന്നു"* (1തിമോ. 3:16). അതായത് മിശിഹായിലുള്ള വിശ്വാസത്തെ അവൻ *"രഹസ്യം"* എന്നു വിളിക്കുന്നു. അനേകർക്ക് തിരിച്ചറിയാൻ കഴിയുന്നതും എന്നാൽ വിശദീകരിക്കാത്തതുമായ രഹസ്യമായി ഏകജാതന്റെ ദൈവത്വം തന്റെ മനുഷ്യത്വത്തിൽ നിഗൂഢമായിരുന്നു. *"അവൻ ജഡത്തിൽ വെളിപ്പെട്ടു"* (3:16). *"മനുഷ്യനിൽ"* എന്ന് അവൻ പറയുന്നില്ല, പിന്നെയോ, *"ജഡത്തിൽ"*. 'നമ്മുടെ കർത്താവ് ശരീരം എടുത്തില്ല, മായാദർശനമായി കാണപ്പെട്ടതേയുള്ളു' എന്നു ദുഷ്ടതയോടുകൂടി അക്കാലത്തു പറഞ്ഞ ശീമോൻ നിമിത്തമാണിത്. അവൻ സൃഷ്ടിയിൽനിന്ന് അതിന്റെ സ്രഷ്ടാവിനെ അകറ്റാൻ ശ്രമിച്ചു. *"മാലാഖമാർക്കു ദൃശ്യനായി"* (3:16): അതായത്, മാലാഖമാർ അവനിൽ അത്ഭുതപരതന്ത്രരായി. പിന്നീട് പൗലോസ് അവിടുത്തെ മനുഷ്യത്വത്തെപ്പറ്റി പറയാൻ തുടങ്ങുന്നു: *"അവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു"* (3:16). ഇരുസ്വഭാവങ്ങളുടെയും ഐക്യം നിമിത്തം ഏകയാളെപ്പറ്റി എന്നപോലെ രണ്ടിനെപ്പറ്റിയും അവൻ പറയുന്നു. എന്നാൽ, *"ആത്മാവിൽ"* എന്ന് വ്യക്തമായി പറ

www.malankaralibrary.com



യുന്നു: അവനിലുള്ള കൃപയെ "ആത്മാവ്" എന്ന് അവൻ വിളിക്കുന്നു. മനിക്കേയരും, മാർസ്യണീത്തരും ബർദൈസാന്റെ അനുയായികളും ചെയ്യാൻ പോകുന്നവ ആത്മാവ് അവനു വെളിപ്പെടുത്തിക്കൊടുത്തു.

മാലിന്യവും ദുരാചാരവും പഠിപ്പിക്കുന്നതും, ചിലയാളുകൾ ശ്ലീഹന്മാരുടെ പേരിലെഴുതിയതുമായ കത്തുകളെയാണ് *'കിഴവികളുടെ അർത്ഥശൂന്യമായ കെട്ടുകഥകൾ'* എന്ന് അവൻ വിളിക്കുന്നത്(4:7). *"പ്രവചനപ്രകാരവും പൗരോഹിത്യ കൈവയ്പുവഴിയും നിനക്കു നൽകപ്പെട്ട ദാനത്തെ അവഗണിക്കരുത്"* (4:14): ശ്ലൈഹികത്വത്തെ അവൻ പൗരോഹിത്യം എന്നു വിളിക്കുന്നു; ബഹുമാനസൂചകമായിട്ടാണ് അവൻ ഇപ്രകാരം വിളിക്കുന്നത്. കാരണം, പൗരോഹിത്യപദവി പ്രദാനം ചെയ്യാൻ *കശീശന്മാർക്കു* സാധിക്കുകയില്ലല്ലോ.

*"കശീശയെ ശകാരിക്കരുത്* (5:1): പൗരോഹിത്യപദവി ലഭിച്ചവനെയല്ല ഇവിടെ പരാമർശിക്കുന്നത്, പിന്നെയോ, വൃദ്ധനും പ്രായംചെന്നവനുമായ ആളെയാണ്. *"അറുപതു വയസ്സിൽ കുറയാത്തവളും... ആയവളെ വിധവയായി തെരഞ്ഞെടുക്കുക"* (5:9-10): സഭ വിധവകളെ പരിപാലിക്കാനായി, അവരെ തെരഞ്ഞെടുത്ത് രജിസ്റ്ററിൽ 'പേരെഴുതുക.[2] അറുപതു വയസ്സിൽ കുറയാത്തവളായിരിക്കണം... *"അലസരായ വ്യർത്ഥഭാഷകർ"* (5:13): അതായത്, സോളമന്റെ സുഭാഷിതങ്ങളിൽ പറയുന്നതുപോലെ (12:11) പൊട്ടക്കഥകൾ പറഞ്ഞുനടക്കുന്ന സ്ത്രീകൾ! ഇത്തരം പൊട്ടികളെ തനിക്കായി വേർതിരിക്കുന്നവൻ വിജ്ഞാനരഹിതനാണ്.

*"യാതൊന്നിലും മുൻവിധിയോ പക്ഷപാതമോ കാണിക്കരുത്"* (5:21). അതായത് വേണ്ടത്ര അന്വേഷണംകൂടാതെയും സാക്ഷികളെ കൂടാതെയും ആരെപ്പറ്റിയും മുൻകൂർ തന്നെ തീരുമാനിക്കരുത്. അനുകമ്പകൊണ്ടോ വെറുപ്പുകൊണ്ടോ മനസ്സിൽ മുൻവിധി കടന്നുകൂടാൻ പാടില്ല.

---

2. ഡിപ്റ്റിക്സിൽ

www.malankaralibrary.com



# 3

രോഗം നിമിത്തവും ഉപവാസം കൊണ്ടും തിമോതിയോസിന്റെ ശരീരം ബലഹീനമായിരുന്നതിനാൽ *'അല്പം വീഞ്ഞുപയോഗിക്കാൻ'* പൗലോസ് അവനോട് നിർദ്ദേശിച്ചു (5:23). താൻ ഇപ്രകാരം ചെയ്താൽ, താൻ കരുതലില്ലാതെ പ്രവർത്തിക്കുന്നു എന്ന് കരുതി പലരും ഇടറാൻ ഇടയുണ്ട് എന്ന് തിമോതി ചിന്തിച്ചിരുന്നു. അതുകൊണ്ട് പൗലോസ് ഇതും കൂട്ടിച്ചേർക്കുന്നു: *"ചിലരുടെ പാപങ്ങൾ നേരെ ന്യായവിധിയിലേക്കു നയിക്കും വിധം അറിയപ്പെടുന്നവയത്രേ; മറ്റു ചിലരുടെ പാപങ്ങളാകട്ടെ, കുറേക്കഴിഞ്ഞേ വെളിപ്പെടുകയുള്ളു. അതുപോലെതന്നെ സദ്പ്രവൃത്തികളും അറിയപ്പെടുന്നു. അഥവാ, സ്പഷ്ടമല്ലെങ്കിൽ തന്നെയും അവയെ മറച്ചുവയ്ക്കുക സാധ്യമല്ല"* (5:24-25): അതായത്, ഈ ലോകത്തിൽ വച്ച് നിഗൂഢമാണെങ്കിലും മനുഷ്യരുടെ പാപങ്ങൾ സ്പഷ്ടമാണ്. ഭാവിദണ്ഡനത്തിന് അവരെ ഒരുക്കുകയും ചെയ്യുന്നു. അതുപോലെ നല്ലതും ശുഷ്കാന്തിയോടു കൂടിയതുമായ പല പ്രവൃത്തികളും അറിയപ്പെടുന്നവയാണ്. ഇപ്പോഴും അവ പലർക്കും അജ്ഞാതമാണെങ്കിലും, അവയെ പൂർണ്ണമായി മറച്ചുവയ്ക്കുക സാധ്യമല്ല.

*"കുറേ കഴിഞ്ഞേ വെളിപ്പെടുകയുള്ളു"* (5:24): അതായത്, അവരുടെ പ്രവൃത്തികൾ മനുഷ്യർക്ക് അജ്ഞാതമാണെങ്കിലും, അത് അവരിൽ നിന്ന് വിട്ടുമാറുന്നില്ല. അവ വെളിപ്പെടുകതന്നെ ചെയ്യും; അവരെ ഭാവിപീഡനത്തിന് അവ സജ്ജമാക്കുകയും ചെയ്യും. അതുകൊണ്ട്, മനുഷ്യർ എന്തു ധരിക്കും എന്നു കരുതിയല്ല പ്രവർത്തിക്കേണ്ടത്; മനുഷ്യരുടെ അഭിപ്രായങ്ങൾ മാറിമറിഞ്ഞുവരും. നാം ചെയ്യേണ്ടതുപോലെ പ്രവർത്തിച്ചാൽ, മനുഷ്യർ കാണുന്നില്ലെങ്കിലും നമുക്ക് ഒരാപത്തും സംഭവിക്കുകയില്ല എന്ന് അവൻ പറയുന്നു.[3]

*"ഭാവി ന്യായവിധിക്കു മുൻപേ ചിലരുടെ പാപങ്ങൾ വെളിപ്പെടും; ചിലരുടേത് പിന്നീടും"* എന്ന് *ഹെനാനാ* പറയുന്നു. അതായത്, അവരുടെ മരണശേഷം, എന്നു വച്ചാൽ മറ്റുള്ളവർ ചെയ്ത പ്രവൃത്തികളാൽ; അവരാണതിന്റെ കാരണക്കാർ എന്ന് കരുതപ്പെടുന്നത്; 'ഒരുവൻ തന്റെ

3. പദാനുപദവിവർത്തനമല്ലിവിടെ.

www.malankaralibrary.com



സ്നേഹിതൻെറ വയലോ, ചക്കോ തട്ടിയെടുക്കുന്നു. പിന്നീട് മറ്റുള്ളവർ അത് ഉപയോഗിക്കുന്നു; അത് മോഷ്ടിച്ച് തട്ടിയെടുത്തവൻ മരിച്ചാലും പ്രധാനമായി അവനിലാണ് പാപം ആരോപിക്കുക. അല്ലെങ്കിൽ അവൻ നീതിരഹിതമായ കാര്യം കണ്ടുപിടിക്കണം' എന്നിത്യാദി.

വീണ്ടും, *"ചിലത് പിൻചെല്ലുന്നു"*: പാഷണ്ഡതകളുടെ പ്രണേതാക്കളുടെ പാപം പോലെ അവരത് കുറച്ചുകാലത്തേക്ക് മറച്ചുവയ്ക്കുന്നു. മാനിയെയും മാർസിയനെയും പോലെ, അത് ചെയ്യുന്നവരുടെ ഇടയിൽ അത് വർദ്ധിച്ചുപെരുകുന്നു; അവരാദ്യം വഴിപിഴയ്ക്കുന്നു; പിന്നെ തങ്ങളെ അനുധാവനം ചെയ്യുന്നവരെയും വഴിപിഴപ്പിക്കുന്നു. അതുപോലെ അവർ ചെയ്ത സദ്പ്രവൃത്തികളും സുകൃത കർമ്മങ്ങളും: പിന്നീട് മറ്റുള്ളവർ അവർക്കുശേഷം അവരെ അനുകരിക്കുന്നു.

*"നമ്മുടെ വ്യാപാരം മഹത്തരമാകുന്നു"* (6:6): അതായത്, നമ്മുടെ സ്വന്തം നേട്ടം വലുതാണ്; നമ്മുടെ വ്യാപാരം പ്രയോജനകരവും; അത് ദൈവഭയമാകുന്നു; അതിനായി അധ്വാനിക്കുന്നു; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക നമുക്കു ധാരാളം മതി. ഉപയോഗത്തെ കുറ്റപ്പെടുത്തുന്നു എന്ന തോന്നൽ പരത്താതിരിക്കാൻ, *"ഉള്ളതുകൊണ്ട്"* എന്ന് അവൻ ശരിയായി പറഞ്ഞിരിക്കുന്നു.

*'അനുഗ്രഹം'* എന്നതിനു പകരം ഗ്രീക്കിൽ "അനുഗൃഹീതൻ" എന്നാണ് (6:15). ഈലോകത്തിൽ *"ആരും കണ്ടിട്ടില്ലാത്തവനും"* വരാനിരിക്കുന്ന ലോകത്തിൽ *"കാണാൻ കഴിയാത്തവനും"* ആയവൻ (6:16). പരിഛേദിതരിൽ നിന്നുള്ള എതിർപ്പിനെ *"വിജ്ഞാനാഭാസത്തിൻെറ വൈരുധ്യം"* എന്ന് അവൻ വിളിക്കുന്നു(6:20).

തിമോതിയോസിനുള്ള ഒന്നാം ലേഖനം തീർന്നു.

www.malankaralibrary.com

# തിമോതിയോസിനുള്ള രണ്ടാം ലേഖനം

തൻെറ നിർദേശത്താൽ തിമോതിയോസ് ആസിയായിൽനിന്ന് പുറപ്പെട്ട് ത്രോവാസിൽ ആയിരുന്നപ്പോഴാണ് പൗലോസ് ഈ ലേഖനം എഴുതിയത്.

*"നിൻെറ കണ്ണീരിനെപ്പറ്റി ഓർക്കുമ്പോഴൊക്കെ....."* (2 തിമോ.1:4): അതായത്, ഞാൻ നിന്നിൽനിന്നു വേർപെടാൻ തുടങ്ങിയപ്പോഴും, നീ എൻെറ മുഖം വീണ്ടും കാണുകയില്ല എന്നു ഞാൻ പറഞ്ഞപ്പോഴും നീ ചൊരിഞ്ഞവ.

*"അവരിൽ ആദ്യം വസിച്ച വിശ്വാസം"*: അതായത്, അവരിൽ ആദ്യം വസിച്ച പരിശുദ്ധാത്മദാനം: നീയും നിൻെറ മാതാപിതാക്കളെ ഓർക്കുന്നുണ്ടല്ലോ; അവനു മുമ്പുതന്നെ അവർ വിശ്വാസം സ്വീകരിച്ചിരുന്നിരിക്കാം. നീയും അവർക്കു തുല്യനാണ് എന്ന് എനിക്കു ബോധ്യമുണ്ട്.

*"ഭയത്തിൻെറ ആത്മാവിനെയല്ല ദൈവം നമുക്കു നൽകിയിരിക്കുന്നത്"* (1:7): പുറത്തുള്ളവർ നമുക്കുണ്ടാക്കുന്ന ഉപദ്രവങ്ങളെപ്പോലും നാം ഭയപ്പെടേണ്ടതില്ല; കാരണം, നമുക്കു ശക്തി നൽകാനും ദൈവസ്നേഹത്തിൽ നമ്മെ ബന്ധിക്കാനും പരിശുദ്ധാത്മദാനം മതിയാകുന്നതാണ്.

*"സുവിശേഷത്തോടുകൂടി ഞെരുക്കങ്ങൾ വഹിക്കുക"* (1:9): സുവിശേഷം പൂർത്തീകരിക്കപ്പെട്ടത് ക്ലേശങ്ങളോടുകൂടിയാകയാൽ, ഞെരുക്കങ്ങളാൽ നീയും അതിൽ പങ്കുചേരേണ്ടത് ആവശ്യമാണ്.

www.malankaralibrary.com



# 1

ഫിജെല്ലുസും ഹെർമോഗെനെസും (1:15) വിശ്വാസികളുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു.

*"അധ്വാനിക്കുന്ന കർഷകനാണ് വിളവിൻെറ ആദ്യഫലം ലഭിക്കേണ്ടത്"* (2:6): അതായത്, ശാരീരിക കാര്യങ്ങളെ കുറിച്ച് പര്യാകുലനാകേണ്ടതില്ല എന്ന് അവൻ അറിയിക്കുന്നു. അവനും ഭക്ഷണവും വസ്ത്രവും ആവശ്യമാണെന്ന് ശ്ലീഹായ്ക്ക് അറിയാമായിരുന്നു; അവനാവശ്യമുള്ളവ വിശ്വാസികളിൽ നിന്ന് ലഭിച്ചുകൊള്ളും എന്ന ഒരു സൂചന അവൻ നൽകുന്നു.

*"അവരുടെ വചനം അർബുദവ്രണം പോലെ കാർന്നുതിന്നും"* (2:17): അർബുദം ഒരവയവത്തിൽ ആരംഭിച്ച് ശരീരം മുഴുവൻ വ്യാപിക്കുന്നു; ഒരാടിൽ ആരംഭിച്ച് അജഗണം മുഴുവനെയും ബാധിക്കുന്നു. *"പുനരുത്ഥാനം സംഭവിച്ചു കഴിഞ്ഞു' എന്നു പറഞ്ഞുകൊണ്ട്..."* (2:18): അതായത്, ഞങ്ങൾ പ്രസംഗിക്കുന്ന ഉത്ഥാനം സംഭവ്യമല്ലെന്ന് അവർ കരുതുന്നു. എന്നാൽ അനുദിനജീവിതത്തിൽ കാണുന്നവ അവർ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു: മരത്തിൻെറ ചില ഇലകൾ പൊഴിയുകയും പകരം പുതിയവ മുളച്ചുവരുകയും ചെയ്യുന്നതുപോലെ ഒരാൾ മരിക്കുമ്പോൾ, അവൻെറ മകൻ ജനിച്ച് അവനു പകരം ഉയർന്നുവരുന്നു എന്ന് അവർ പറയുന്നു. അനേകർ സത്യത്തിൽ നിന്നകന്നുപോകുന്നതു കണ്ട് അവൻ ദുഃഖിക്കുന്നതിനാൽ, ശ്ലീഹാ അവനെ സമാശ്വസിപ്പിച്ചുകൊണ്ടു പറയുന്നു: *"ഒരു വലിയ വീട്ടിൽ സ്വർണം കൊണ്ടും വെള്ളികൊണ്ടും ....."* (2:20): വിവിധതരത്തിലുള്ള ധാരാളം ആളുകൾ ഉൾക്കൊള്ളുന്നതാകയാൽ, സഭയെ അവൻ *'വലിയ വീട്'* എന്നു വിളിക്കുന്നു. വലിയ ഭവനത്തിലെ പാത്രങ്ങളെല്ലാം ഒരുപോലെയല്ല; അതുപോലെ, അവരെല്ലാം ഒരുപോലെയല്ല എന്ന് അവൻ പറയുന്നു.

*'ആത്മപ്രശംസ ചെയ്യുന്നവർ'* തങ്ങളുടേതല്ലാത്തതിൽ വീമ്പടിക്കുന്നു; *'അഹംഭാവികൾ'* തങ്ങൾക്കുള്ളതിനെപ്പറ്റി പൊക്കി പറയുന്നു (3:2). യാന്നെസിൻെറയും യംബ്രെസിൻെറയും പേരുകൾ (3:8) പുരാതനപാരമ്പര്യങ്ങളിൽ നിന്നോ, വെളിപാടുവഴിയോ പ്രവചനത്താലോ പൗലോസിനു ലഭിച്ചതാകാം. ഉടനെ സംഭവിക്കാൻ പോകുന്ന കാര്യ

www.malankaralibrary.com



ങ്ങൾ പറഞ്ഞപ്പോഴാണ് അവനിതു പരാമർശിക്കുക. *"അവർ അധികം മുമ്പോട്ടു പോകുകയില്ല"* (3:9): അതായത്, അവരുടെ സമൂഹങ്ങൾ വർദ്ധിക്കയില്ല, നിശ്ചയമായും അവർ അധഃപതിച്ചു പോകുകയേയുള്ളു. അവർ പരസ്പരം യോജിക്കാത്തതിനാൽ, അവർ തമ്മിൽതല്ലി നശിക്കും.

## 2

*'തൻെറ രാജ്യത്തിൻെറ വെളിപാടിൽ, ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്നു....."* (4:1): *"മരിച്ചവരെയും ജീവനുള്ളവരെയും"* എന്നു ഗ്രീക്കിൽ. ഒന്നാമത്, ഒന്നു മറ്റൊന്നിൽനിന്നു വേർപെടാതെ ശരീരവും ആത്മാവും തുല്യമായി. രണ്ടാമത്, പാപത്തിൽ മരിക്കുകയും തങ്ങൾക്കു കിട്ടിയ താലന്ത് അലസതമൂലം ഒളിച്ചുവയ്ക്കുകയും ചെയ്തവരെ *'മരിച്ചവർ'* എന്ന് അവൻ വിളിക്കുന്നു. എന്നാൽ അവർ പിന്നീട് ദൈവസ്നേഹത്തിൽ ജീവിച്ചു. മൂന്നാമത്, നേരത്തെ മരിച്ചവരെ *'മരിച്ചവർ'* എന്നും, തൻെറ ആഗമനത്തിൽ അവശേഷിക്കുന്നവരെ *"ജീവനുള്ളവർ"* എന്നും വിളിക്കുന്നു.

*"സമയത്തും അസമയത്തും ഉത്സാഹിയായിരിക്കുക"* (4:2): തിമോതിയോസ് അസമയത്ത് എന്തെങ്കിലും പ്രവർത്തിക്കണം എന്നല്ല പൗലോസ് പറയുന്നത്. പിന്നെയോ, "നിൻെറ ശ്രോതാക്കൾ ഒരുങ്ങി വരുമ്പോൾ, പ്രസംഗിക്കാനുള്ള ഒരവസരംപോലും നീ നഷ്ടപ്പെടുത്തരുത്! എന്നു പറഞ്ഞാൽ, അളവിലും അളവുകൂടാതെയും പഠിപ്പിക്കാൻ പരിശ്രമിക്കുക. സന്തോഷകാലത്തും സന്താപകാലത്തും വചനം പ്രസംഗിക്കുകയും ഉത്സാഹി ആയിരിക്കുകയും ചെയ്യുക" എന്ന് *ഹെനാനാ* പറയുന്നു; എന്നാൽ നിൻെറ ശാരീരികാവശ്യങ്ങൾക്കും നീ സമയം കണ്ടെത്തണം. *'നിരന്തരമായി സുവിശേഷം പ്രഘോഷിക്കുക'*. 'ശാസിക്കുക, കുറ്റപ്പെടുത്തുക, സമാശ്വസിപ്പിക്കുക' എന്ന് ഗ്രീക്കിൽ (4:2): ശാസനവഴി അനുതപിക്കാനായി, പാപത്തിൽ നിലനില്ക്കുന്നവരെ ശാസിക്കുക; അവൻെറ തെറ്റ് നിരീക്ഷിക്കുമ്പോൾ, അവന് ഒരു സമയപരിധി നിശ്ചയിക്കാനായി കുറ്റപ്പെടുത്തുക; അനുതാപാനന്തരം അവനെ നീ പഴയ നല്ലകാര്യങ്ങളിലേക്ക് തിരിക്കാനായി സമാശ്വസിപ്പിക്കുക.

www.malankaralibrary.com



"ഞാൻ നൈവേദ്യമായി ഒഴിക്കപ്പെടാൻ പോകുന്നു" (4:6): അതായത്, ദേവപ്രീതിക്കായി വീഞ്ഞ് ഒഴിക്കുന്നതുപോലെ, മിശിഹായെ ഏറ്റു പറയുന്നതിനെപ്രതി എൻെറ രക്തം ചിന്തപ്പെടാൻ പോകുന്നു. അവൻ അതിനെ *"നീതിയുടെ കിരീടം"* (4:8): എന്നു വിളിക്കുന്നു. അവൻെറ പ്രവൃത്തികൾ നിമിത്തമാണ് അതു നൽകപ്പെടുന്നത്. അതായത്, നീതി പൊതിഞ്ഞത്; അല്ലാതെ നെന്മേനിവാകയിലകൊണ്ടോ, അരുളിച്ചെടി ഇലകൊണ്ടോ അല്ല, അല്ലെങ്കിൽ, കാട്ടൊലിവില കൊണ്ടുള്ളതുമല്ല. ലൗകിക മല്ലന്മാർക്ക് ലഭിക്കുന്ന കിരീടം അത്തരത്തിലുള്ളതാണ്.

*"ദേമാസ് എന്നെ വിട്ടുപിരിയുകയും ഈ ലോകത്തെ സ്നേഹിക്കുകയും ചെയ്തു"* (4:9): അവൻ ദുഷ്ടകാര്യങ്ങളിലേക്കു തിരിഞ്ഞു; അവൻ ഒരു ഭാര്യയും വീടും സമ്പാദിച്ചു; ഭൗമിക കാര്യങ്ങളിൽ ബന്ധിതനായി - ദേമാസ് പൗലോസിനെ വിട്ടിട്ട് പരിച്ഛേദനവും നിയമാനുഷ്ഠാനവും പ്രസംഗിക്കുന്നവരുടെ പിന്നാലെ പോയി എന്ന് കുറേക്കൂടി സൂക്ഷ്മദൃക്കുകളായവർ പറയുന്നു. *"ക്രെസ്കോസും തീത്തോസും"* (4:10): ദേമാസ് വിട്ടുപോയപോലെ അവർ വിട്ടുപോയി എന്ന് അവൻ പറയുന്നില്ല. അവർ അവൻെറകൂടെ ഇല്ലെന്നുമാത്രം അറിയിക്കുന്നു. *"പുസ്തകപ്പെട്ടിക്കു"* പകരം ഗ്രീക്കിൽ *"പുറംകുപ്പായം"* എന്നാണ്. തണുപ്പുകാലത്തുപയോഗിച്ചിരുന്ന പുറംകുപ്പായം (4:13): "പുസ്തകങ്ങളും തുകൽ ചുരുളുകളും" എന്ന് കൂട്ടിച്ചേർക്കുമ്പോൾ പുസ്തകപ്പെട്ടിയെപ്പറ്റിയല്ല അവൻ പറയുന്നതെന്നു സ്പഷ്ടമാണ്. യഹൂദന്മാർ അന്നും ഇന്നും പൊതുവെ തുകൽചുരുളുകളിലാണ് തിരുലിഖിതങ്ങൾ എഴുതിയിരുന്നത്.

*"ചെമ്പുപണിക്കാരനായ അലക്സാണ്ഡറിനോട് കർത്താവ് പ്രതികാരം ചെയ്യട്ടെ"* (4:14): ശപിക്കയല്ല, പ്രവചനമായി പറയുകയത്രേ ചെയ്യുന്നത്. അത് താഴെ പറയുംപ്രകാരം സംഭവിക്കുകയും ചെയ്തു:

സ്വർണവും വെള്ളിയും ഉപയോഗിച്ച് പാത്രങ്ങൾ ഉണ്ടാക്കുന്നവനെ, അസ്സീറിയാ, ബേത് ഗർമായ് പ്രദേശത്ത് *തട്ടാൻ* എന്നാണ് വിളിക്കുന്നത്. ഇരുമ്പുപാത്രങ്ങൾ ഉണ്ടാക്കുന്നവനെ *കൊല്ലൻ* എന്നും വിളിക്കുന്നു. എന്നാൽ തിരുലിഖിതവും മറ്റിടങ്ങളിലുള്ളവരും, ഇരുമ്പും വെള്ളിയും സ്വർണവും ഒക്കെ ഉപയോഗിക്കുന്നവനെ പൊതുവെ *ചെമ്പുപണിക്കാരൻ* എന്നാണ് വിളിക്കുക. ഈ അലക്സാണ്ഡർ നല്ല കൊല്ലനായിരുന്നു. അവൻ തൻെറ അടകല്ലിനടുത്ത് ഒരു മനുഷ്യരൂപം ഉണ്ടാക്കി വച്ചു. ആ രൂപത്തിൻെറ കൈയിൽ ഒരു ചുറ്റിക അഥവാ കൊട്ടുവടി ഉണ്ടായിരുന്നു.

www.malankaralibrary.com



ഗ്രീക്കുകാരുടെ ഇടയിൽപോലും ഉള്ള അനേകൻ ഇങ്ങനെ ചെയ്തിരുന്നു. കൊല്ലന് ഇഷ്ടമുള്ളപ്പോഴൊക്കെ ആ രൂപം ആഞ്ഞടിക്കത്തക്ക വിധം അത്ര വിദഗ്ധമായിട്ടാണ് അതു നിർമ്മിക്കപ്പെട്ടിരുന്നത്. കൊല്ലന് നിർത്തണമെന്നു തോന്നുമ്പോൾ അതു നിർത്തിയിരുന്നു. *ഫയെതോൺ* എന്ന് വിളിക്കപ്പെട്ടിരുന്ന പൈപ്പുപോലെ ആയിരുന്നു അത്. അതു തുണിയിൽ പൊതിഞ്ഞ് ഒരു പാത്രത്തിൽ വച്ചിരിക്കും. ഒരു വശത്തേക്കു ചരിക്കുമ്പോൾ വെള്ളം വരും; മറ്റേ വശത്തേക്ക് ചരിക്കുമ്പോൾ ജലമൊഴുക്കു നിലയ്ക്കും.

ഒരു ദിവസം അലക്സാണ്ഡർ അടകല്ലിൽ തലവച്ച് മയങ്ങി. അവൻ ഗാഢനിദ്രയിലമർന്നു. പെട്ടെന്ന് ഈ രൂപത്തിന്റെ കെട്ടഴിഞ്ഞ് ശക്തിയായി അവന്റെ തലയിൽ അടിക്കാൻ തുടങ്ങി. പൗലോസിന്റെ പ്രവചനമനുസരിച്ച്, അടികൊണ്ട് അവൻ മരിച്ചു.

നീറോസീസറിനെ അവൻ *സിംഹം* എന്നു വിളിക്കുന്നു (4:17). *"കർത്താവ് എന്നെ രക്ഷിക്കും"* (4:18): 'കർത്താവ് എന്നെ നീറോയിൽ നിന്നു രക്ഷിക്കും' എന്ന അവൻ പറഞ്ഞില്ല; കാരണം, രണ്ടു വർഷത്തിനുള്ളിൽ അവൻ നീറോയാൽ കൊല്ലപ്പെടുവാൻ ഇരുന്നതാണ്. റോമിൽ നിന്നാണ് ഇതും എഴുതിയത്.

# തീത്തുസിനുള്ള ലേഖനം

ഭാഗ്യവാനായ പൗലോസ് ക്രീറ്റിൽ ചെന്ന് മിശിഹായുടെ വിശ്വാസം പഠിപ്പിക്കുകയും ക്രീറ്റിലെ സഭകളുടെ തലവനായി തീത്തുസിനെ നിയമിക്കുകയും ചെയ്തു. സഭാംഗങ്ങളുടെ നടപടികളെക്കുറിച്ച് കുറേനാൾ കഴിഞ്ഞ് അവൻ ഈ കത്തെഴുതി. പരിച്ഛേദനവാദികളെ എങ്ങനെ നിശ്ശിതമായി കുറ്റപ്പെടുത്തണം എന്നും മറ്റും എഴുതി. തിമോതിയോസിനുള്ള ലേഖനത്തോട് ഇതിനു സാമ്യം ഉണ്ട്.

*"അവരുടെ മക്കൾ വിശ്വാസികളും... ദുഷ്കീർത്തി സമ്പാദിച്ചിട്ടില്ലാത്തവരുമായിരിക്കണം"* (തിത്തോ. 1:6): അതായത്, പുരോഹിതനായ ഏലിയുടെ മക്കളെപ്പോലെ അവർ ശിക്ഷണരഹിതർ ആയിരിക്കരുത്.

www.malankaralibrary.com



*"ക്രീറ്റിലെ ആളുകൾ എപ്പോഴും നുണയരും, ദുഷ്ടമൃഗങ്ങളും, അലസരും ഭോജനപ്രിയരുമാണ്"* (1:12). അവരുടെ ഇടയിൽ ഒരു 'പ്രവാചകൻ' എന്നു കരുതപ്പെട്ടിരുന്ന ഒരു കവിയാണിതു പറഞ്ഞത്. മക്സനീദുസ് അഥവാ എപിമെനിദെസ് എന്നാണ് അയാളുടെ പേര് എന്നു ചിലർ പറയുന്നു. സേവൂസിൻെറ പുത്രൻ മീനോസ് ആണിതെന്ന് *വേറെ ചിലർ.* അയാളെപ്പറ്റി പുറജാതികൾക്കുള്ള ആശയം അനുസരിച്ചാണ് *പ്രവാച കൻ* എന്ന് അവനെ വിളിക്കുന്നത്. 'അവരുടെ' എന്ന് അവൻ കൂട്ടി ച്ചേർക്കുന്നതിൽനിന്ന് ഇതു വ്യക്തമാണ് (1:12). അവൻെറ പിതാവ് പണ്ട് *ദിയോസ്* എന്നും പിന്നീട് *സജീവൻ* എന്നർത്ഥത്തിൽ *സേവുസ്* എന്നും വിളിക്കപ്പെട്ടിരുന്നു. ഈ മനുഷ്യൻ സ്വർഗത്തിൽ കയറി എല്ലാ ദേവന്മാ രേക്കാളും ഉന്നതനായിതീർന്നു. 'അവൻ ക്രൂരനും മത്സരക്കാരനുമായി രുന്നു' എന്ന് ക്രീറ്റുകാർ മാത്രം പറയുന്നു. അയാൾ മർത്യനല്ല, അമർത്യ ദേവനാണ് എന്ന് മറ്റുള്ളവർ പറയുമ്പോൾ "അവൻ കൊല്ലപ്പെട്ടെന്നും അവൻെറ കല്ലറ തങ്ങളുടെ ഇടയിൽ ഉണ്ടെന്നും" ക്രീറ്റുകാർ പറയുന്നു. ഈ കാരണത്താൽ അവർ നുണയരാണെന്നും, മറ്റുള്ള എല്ലാവരും ചിന്തി ക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നവരാണെന്നും അവർ ദുഷ്ടമൃഗങ്ങൾക്കു തുല്യരാണെന്നും കവിവചനങ്ങളെ കോട്ടിമാട്ടുന്ന തിൽ തല്പരർ ആണെന്നും മീനോസ് അവരെപ്പറ്റി അഭിപ്രായം പറഞ്ഞു. തന്നോടുള്ള പെരുമാറ്റത്തിൽ അവർ നുണയരാണെന്നു കണ്ട് അവരെ കുറ്റപ്പെടുത്താൻ അവരെപ്പററിയുള്ള ഈ ചൊല്ല് ശ്ലീഹാ ഉപയോഗിച്ചു. കവിയെ പ്രകീർത്തിക്കുകയോ, അയാൾ പറഞ്ഞതിനോട് യോജിക്കു കയോ, സ്വീകരിക്കുകയോ ചെയ്യുന്നില്ല. പുറജാതികളിൽനിന്നു വിശ്വാ സത്തിലേക്കു വന്നവരെപ്പറ്റി, അവരെ അനുതാപത്തിലേക്കു നയിക്കാ നാണ് അവനിതു പറഞ്ഞത്. കാരണം, അവർ വിശ്വാസം ഉപേക്ഷിച്ചിട്ട്, പരിച്ഛേദനവാദികളുടെ സ്വാധീനത്തിനു വിധേയരായി.

*കശീശന്മാർ ശ്രദ്ധയുള്ളവരായിരിക്കണം* (1:9): പ്രായമുള്ളവരെ യാണ് *കശീശന്മാർ* എന്നു വിളിക്കുന്നത്. *"പുനർജന്മസ്നാനത്താൽ അവിടുന്നു നമ്മെ രക്ഷിച്ചു"* (3:5;): അതായത്, മാമോദീസായാൽ. *"വംശാ വലികളുടെ ചരിത്രങ്ങൾ"* (3:9): നാം മുകളിൽ വിശദീകരിച്ചതാണ്. നിക്കോപ്പൊളീസിൽ നിന്നാണ് പൗലോസ് ഇതെഴുതിയത്; സേനായും അപ്പൊള്ളോസും വശം കൊടുത്തുവിട്ടു (3:13).

www.malankaralibrary.com



# ഫിലെമോനുള്ള ലേഖനം

വീണ്ടും, ദൈവസഹായത്താൽ, ഫിലെമോന് എഴുതിയ ലേഖനം.

ഫിലെമോൻ എന്ന വിശ്വാസിയുടെ ദാസനായിരുന്നു ഒനേസിമോസ് (10). ഫിലെമോൻെറ ഭവനത്തിൽപെട്ടവരെല്ലാം ക്രിസ്തീയ വിശ്വാസം സ്വീകരിച്ചപ്പോൾ, ഒനേസിമോസ് തൻെറ ദുഷ്ടരീതികളാൽ മറുതലിച്ച് ക്രിസ്ത്യാനിയാകാൻ തയാറാകാതെ ഓടിപ്പോയി. റോമിൽ വച്ച് പൗലോസ് അവനെ കണ്ടുമുട്ടുകയും ക്രിസ്തീയവിശ്വാസിയാക്കുകയും തൻെറ യജമാനനെ സ്നേഹിക്കുന്നവനാക്കി തീർക്കുകയും ചെയ്തു. അവൻെറ തെറ്റ് ക്ഷമിച്ച് അവനെ ബഹുമാനിക്കണം എന്നു കാണിച്ച് പൗലോസ് സ്വന്തം കൈപ്പടയിൽ ഫിലെമോന് എഴുതുന്നതാണ് ഈ കത്ത്.

ഫിലെമോൻെറ ഭാര്യയായിരുന്നു ആപ്പിയ; അർക്കീപ്പുസ് അവരുടെ മകനും(2). *"വീട്ടിലുള്ള സഭ"* എന്ന് അവൻ വിളിക്കുന്നത് (2) അവൻെറ ഭവനത്തിലുള്ള വിശ്വാസികളുടെ സമൂഹത്തെയാണ്. അർക്കീപ്പുസ്, ഫിലെമോൻെറ മകനല്ല, കൊളോസ്യ ലേഖനത്തിൽ പരാമർശിക്കപ്പെടുന്നയാളാണ് എന്ന് *മറ്റുചിലർ* പറയുന്നു: *"കർത്താവിൽ സ്വീകരിച്ച ശുശ്രൂഷ നിർവഹിക്കാൻ പരിശ്രമിക്കുക"* (4:17) എന്ന് അർക്കീപ്പുസിനോടു പറയുക. അവൻ ഫിലെമോനെ സ്നേഹിച്ചിരുന്നതിനാൽ, ഇതു സംബന്ധിച്ച് അവനും പ്രേരിപ്പിക്കട്ടെ എന്ന് അവന് എഴുതുന്നു. *"എൻെറ സഹോദരാ, നീ മൂലം നമ്മുടെ കർത്താവിൽ ഞാൻ ആശ്വസിക്കട്ടെ"* (20). "ആശ്വാസത്തിന്" പകരം "നേട്ടം" എന്നാണ് ഗ്രീക്ക്. 'നേട്ടം' എന്നത് 'ദാനത്തിന്' പകരം അവൻ ഉപയോഗിച്ചിരിക്കുന്നതാണ്. അതായത്, നീ അവൻെറ തെറ്റ് ക്ഷമിച്ച് അവനെ സ്വീകരിക്കുമ്പോൾ, നീ മൂലം നമ്മുടെ കർത്താവിൽ എനിക്കു നേട്ടം ഉണ്ടാകുവാനായി എനിക്ക് ഇപ്രകാരം ആശ്വാസം തരിക. എന്നു പറഞ്ഞാൽ, നീ മതത്തിൻെറ സദ്പ്രവൃത്തികളിൽ പുരോഗമിച്ചു എന്ന് നിന്നെ കാണാൻ കർത്താവ് എനിക്കിടയാക്കട്ടെ. അത് എൻെറ ആത്മാവിന് നേട്ടമായി ഞാൻ കണക്കാക്കുന്നു.

എപ്പഫ്രായെ തടവുകാരൻ എന്ന് അവൻ വിളിക്കുന്നു (23): കാരണം, മിശിഹായെപ്രതി അവനോടൊപ്പം അവനും ക്ലേശങ്ങൾ സഹിച്ചു.

www.malankaralibrary.com

# കാതോലിക ലേഖനങ്ങൾ

## 1. യാക്കോബിൻെറ ലേഖനം

വീണ്ടും ദൈവകൃപയാൽ മൂന്നു കാതോലിക ലേഖനങ്ങളുടെ ഭാഷ്യം എഴുതുന്നു. ഒന്നാമത് യാക്കോബിൻേറത്. ഞങ്ങളുടെ കർത്താവേ, നിന്നിൽ നിന്നുള്ള കൃപയാൽ ഇതു പൂർത്തിയാക്കാൻ എന്നെ സഹായിക്കുകയും തുണയ്ക്കുകയും അർഹനാക്കുകയും ചെയ്യണമെ. ആമ്മീൻ.

ഈ മൂന്നു ലേഖനങ്ങളും യഥാർത്ഥത്തിൽ ശ്ലീഹന്മാരിൽ നിന്നാണെന്ന് *കേസറിയായിലെ എവുസേബിയസും* മറ്റുള്ളവരും പറയുന്നു. എന്നാൽ അങ്ങനെയല്ലെന്ന് *മറ്റുചിലർ* പറയുന്നു; കാരണം, അവയിലെ പദപ്രയോഗങ്ങൾ ശ്ലൈഹിക പദപ്രയോഗങ്ങളുമായി ഒത്തുപോകുന്നില്ല. *ഭാഷ്യകാരനായ തിയഡോർ* ഇവയെപ്പറ്റി ഒരിടത്തും സൂചിപ്പിക്കുന്നുപോലുമില്ല; തൻെറ കൃതികളിലൊരിടത്തും അവയിൽ നിന്നുള്ള തെളിവുകൾ ഉദ്ധരിക്കുന്നുമില്ല. പരിശുദ്ധാത്മനിവേശനത്താൽ വിരചിതമായ ഗ്രന്ഥങ്ങൾക്കു പുറമെ മാനുഷികബുദ്ധികൊണ്ടെഴുതിയ യോബിൻെറ പുസ്തകം, വിജ്ഞാനഗ്രന്ഥം, ബർ സീറാ എന്നീ ഗ്രന്ഥങ്ങളിൽനിന്നു കൂടി അവൻ ഉദ്ധരിക്കുന്നുണ്ട്.

*'ദൈവത്തിൻെറ ദാസനായ യാക്കോബ്'* (1:1): ഭാഗ്യവാനായ പൗലോസിൻെറ ലേഖനങ്ങളുടെ ആമുഖത്തോട് സാമ്യമുള്ളതാണിത്; അതുകൊണ്ട്, അവൻെറ യഥാർത്ഥ പേരെന്തായാലും ഒരു യാക്കോബായിരിക്കാം ഇതിൻെറ കർത്താവ്. ആരംഭംമുതലുള്ള ശ്ലൈഹിക പതിവ് അവന് അജ്ഞാതമായിരുന്നു. എന്നാൽ പൗലോസിന് അതറിയാമായിരുന്നു. വ്യക്തമായ കാരണങ്ങളാൽ അവൻ ഒരു ജനതയ്ക്കും ഒരു പട്ടണത്തിനുമായിട്ടാണ് ഓരോ ലേഖനം എഴുതിയിട്ടുള്ളത്. എന്നാൽ

www.malankaralibrary.com



ഈയാളാകട്ടെ, വിപ്രവാസം നിമിത്തം, എല്ലാ ജനതകളുടെയും ഇടയിൽ ചിതറിക്കിടക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കാണ്, എല്ലായിടത്തുമുള്ള സഭകൾക്കല്ല എഴുതുന്നത്; ഇപ്രകാരം അയാൾ വിശേഷവിധിയായി എഴുതിയതിൻെറ കാരണവും നമുക്കറിയില്ല.

*"പ്രകാശങ്ങളുടെ പിതാവിൽനിന്ന്"* (1:17): അവൻ ദൈവത്തെ *പിതാവ്* എന്നു വിളിക്കുന്നു; ശ്ലീഹന്മാരെയും അവർക്കും ശേഷം വന്ന മതപ്രബോധകരെയും *പ്രകാശങ്ങൾ* എന്നും വിളിക്കുന്നു.

*"വിശ്വാസത്തിൽ സമ്പന്നരും ഈലോകത്തിൽ ദരിദ്രരുമായവരെയല്ലേ ദൈവം തെരഞ്ഞെടുത്തത്?"* (2:5). അതായത്, സമ്പന്നരെ തങ്ങളുടെ സമ്പത്തുകൊണ്ടല്ല, പിന്നെയോ, രക്ഷയ്ക്കായി ദൈവം തെരഞ്ഞെടുത്ത അവരുടെ വിശ്വാസംകൊണ്ട്. അതുപോലെ ദരിദ്രരെയും: ലൗകിക സമ്പത്തു കുറവാണെങ്കിലും വിശ്വാസത്തിൽ സമ്പന്നരായ അവരെയും ധനികരെപ്പോലെ ദൈവം തെരഞ്ഞെടുത്തു.

*"നിങ്ങളുടെ ഇടയിൽ നിരവധി പ്രബോധകർ ഉണ്ടാകാൻ പാടില്ല"* (3:1): അവരുടെ ഇടയിൽ ധാരാളം പ്രബോധകർ ഉണ്ടാകരുതെന്നല്ല പറയുക; പിന്നെയോ, തെറ്റായ പ്രബോധനങ്ങളെപ്പററിയാണ് അവൻ മുന്നറിയിപ്പു നൽകുന്നത്. അവ അവരുടെ ഇടയിൽ കണ്ടെത്തപ്പെടരുത്; അപരിചിത പ്രബോധനങ്ങളാൽ നയിക്കപ്പെട്ടാൽ, *ദൈവത്തിൻെറ വിധിക്ക് പാത്രമാകും. അതിൽനിന്ന് ഒഴിഞ്ഞു മാറാനാവില്ല* (3:1). *"നമ്മുടെ തലമുറകളുടെ പ്രയാണങ്ങളെ നാവ് ചുട്ടുപഴുപ്പിക്കുന്നു. അതു ചക്രംപോലെ കറങ്ങുകയും സ്വയം കത്തുകയും ചെയ്യുന്നു"* (3:5-6): നാവ് വളരെ ചെറുതും മറ്റവയവങ്ങളെക്കാൾ ബലഹീനവുമാണെങ്കിലും, അഹങ്കാരത്താൽ അത് ഉന്മത്തമാണ്. അത് വലിയ കാര്യങ്ങൾ ചെയ്യുന്നു. അത് തലമുറകളെയും വംശങ്ങളെയും തകർത്ത് ഇല്ലാതാക്കുന്നു; ആദ്യമുള്ളവർ ചത്തുകഴിയുമ്പോൾ അടുത്തവർ വരുന്നു; ചക്രങ്ങളുടെ വേഗത്തിലുള്ള കറക്കംപോലെ അവ ഉല്പാദിപ്പിക്കപ്പെടുന്നു. ദൈവ ശിക്ഷയിൽ അതു നശിക്കുകയും ചെയ്യുന്നു.

*"നമ്മിൽ വസിക്കുന്ന അരൂപി അസൂയാകലുഷിതമാകുന്നു"* (3:5) എന്ന് തിരുലിഖിതം പറഞ്ഞിരിക്കുന്നു. അതായത്, നമ്മിൽ വസിക്കുന്ന ആത്മാവ്, അനേകം നല്ല വസ്തുക്കളുടെ പിന്നാലെ അലഞ്ഞുനടക്കുകയും അതിൻെറ ഇഷ്ടാനുസരണം അവയെ എത്തിപ്പിടിക്കാൻ കഴി

www.malankaralibrary.com



യാതിരിക്കുകയും ചെയ്യുമ്പോൾ, അത് അസൂയയാൽ നിറയുന്നു; അത് നമ്മുടെ സഹജീവികൾക്കെതിരെയുള്ള കോപമാണ്; പലപ്പോഴും ദൈവത്തിനെതിരെയും. ഈ വാക്യം നമ്മുടെ തിരുലിഖിതത്തിലില്ല. എങ്കിലും *"എന്നെ ഭയപ്പെടുന്ന ശാന്തൻെറയും വിനീതൻെറയും കൂടെയല്ലാതെ ആരുടെ കൂടെയാണ് ഞാൻ വസിക്കുക, അവനെയല്ലാതെ, ആരെയാണ് ഞാൻ പരിഗണിക്കുക"* എന്നിത്യാദിയോ, *"എൻെറ അരൂപി മനുഷ്യരുടെകൂടെ വസിക്കയില്ല"*; അതായത്, പില്ക്കാല കാര്യങ്ങളാൽ മുൻകാര്യങ്ങൾക്കു പകരംവീട്ടുക എന്നതോ ആണിത് എന്നു ചിലർ പറയുന്നു (ഏശാ. 66:2; 6:3). *"നീതിമാനെ നിങ്ങൾ കുറ്റം വിധിക്കുകയും കൊല്ലുകയും ചെയ്തു; എന്നാൽ അവൻ നിങ്ങളോട് എതിർത്തുനിന്നില്ല"*(5:6): നാബോതിനെപോലെ നീതിപൂർവകമായി സ്വത്ത് സമ്പാദിച്ചവരെയാണ് *നീതിമാൻ* എന്ന് അവൻ ഇവിടെ വിളിക്കുന്നത്. മനുഷ്യരുടെ വസ്തുവകകളെപ്രതി അവർക്കെതിരെ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടും അവർക്കെതിർക്കാൻ കഴിവില്ലാത്തതിനാൽ അവരെ നശിപ്പിച്ചുകൊണ്ടും മറ്റു രീതികളിൽ നിങ്ങൾ ദുഷ്ടത പ്രവർത്തിക്കുകയും, മറ്റുള്ളവരുടെ സമ്പത്ത് കൊള്ളയടിക്കുകയും ചെയ്യുന്നു. "നിങ്ങൾ വിധിക്കപ്പെടാതിരിക്കാനായി, ഒരുവൻ മറ്റൊരുവനു വിരോധമായി പിറുപിറുക്കരുത്(5:9): അതായത്, ഉപദ്രവം ചെയ്യുന്ന മനുഷ്യരേ, പാവങ്ങളെ നിന്ദിക്കുന്നതും അനീതി പ്രവർത്തിക്കുന്നതും അവസാനിപ്പിക്കുവിൻ. നിങ്ങളുടെ ക്രൂരതയ്ക്കനുസൃതം നീതിമാനായ ന്യായാധിപനാൽ വിധിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാതിരിക്കാനായി, നിങ്ങളുടെ ദുഷ്ടതയിൽ മോങ്ങാതെയും ഞരങ്ങാതെയും ഇരിക്കുവിൻ.

യാക്കോബു ശ്ലീഹായുടെ ലേഖനം കഴിഞ്ഞു.

## 2. പത്രോസിൻെറ ലേഖനം

വീണ്ടും, മേർവിലെ ഈശോദാദ് പത്രോസിൻെറ ലേഖനത്തിനെഴുതിയ ഭാഷ്യം. കർത്താവേ, നിൻെറ കരുണയാൽ എന്നെ സഹായിക്കണമെ. ആമ്മീൻ.

ഞാൻ വ്യാഖ്യാനിക്കുന്ന ഈ ലേഖനം പത്രോസ് എന്നു പേരായ ഒരാൾ എഴുതിയതാണ്. വാക്കിലും ചിന്തയിലും ഇതിലെ തത്ത്വങ്ങൾ

www.malankaralibrary.com



തൊട്ടുമുമ്പുള്ളതിനേക്കാൾ ശ്രേഷ്ഠവും പൂർണവുമാണ്. എന്നാൽ ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച്, ഭാഗ്യവാനായ പത്രോസിൻെറ പ്രബോധനങ്ങളിൽ കാണപ്പെടുന്ന ആശയങ്ങളുടെ കൃത്യതയുമായി തട്ടിച്ചുനോക്കുമ്പോൾ, ഇതു വളരെ താഴ്ന്ന നിലവാരത്തിലുള്ളതാണ്.

*"നശ്വരമായ ബീജത്തിൽനിന്നല്ല"* (1 പത്രോ. 1:23): അതായത്, നിങ്ങളുടെ ഈ ജനനം മാനുഷികമല്ല; അത് ജീർണതയിൽനിന്നും മരണത്തിൽ നിന്നും വളരെ അകന്നതാണ്. *"പുരുഷൻെറ ഇച്ഛയിൽ നിന്നല്ല, ദൈവത്തിൽനിന്നു ജനിച്ചവർ"* എന്ന് യോഹന്നാൻ പറയുന്നതുപോലെ (1:13) ആത്മാവാണ് മധ്യസ്ഥൻ. *"സജീവ വചനത്താൽ"* (1:23): അതായത്, നിത്യജീവനെപ്രതി ആത്മാവിൻെറ വാഗ്ദാനങ്ങളിൽ ഉള്ളത്.

*ഇടർച്ചക്കല്ല്* (2:8): *അബ്നാ* എന്നു ഹീബ്രുവിൽ; ഒരു കല്ല് അഥവാ, *"അവർ സുഗന്ധദ്രവ്യങ്ങൾ കല്ലുകളിന്മേൽ വച്ചു"* എന്ന് ഏശായാ പറയുന്നതുപോലെ (65:3) ഇഷ്ടികകളെ കല്ലെന്നു വിളിച്ചതാകാം. *"പരദേശികളും വിപ്രവാസികളും എന്ന നിലയിൽ, ശാരീരികദുരാശകളിൽ നിന്ന് പിൻതിരിയുവിൻ"* (2:11): അതായത് നിങ്ങളുടെ പ്രത്യാശ ദൃശ്യവസ്തുക്കളിൽ ആകാതിരിക്കട്ടെ. രാത്രി ചെലവഴിക്കാനായി മാത്രം ഒരു മണിക്കൂർ, വശത്തേക്കു തിരിയുന്ന പരദേശികളെപ്പോലെയും വിപ്രവാസികളെപ്പോലെയും വർത്തിക്കുവിൻ. അതുപോലെ നിങ്ങളും നിങ്ങളുടെ ആവശ്യത്തിനുതകുംവിധം മാത്രം ദൃശ്യവസ്തുക്കളെ ഉപയോഗിക്കുവിൻ. മിശിഹായുടെ മരണത്തിലൂടെ എല്ലാ മനുഷ്യർക്കും കരഗതമായ അനുഗ്രഹങ്ങൾ കാണിച്ചുകൊണ്ട് അവൻ പറയുന്നു: *"ഇക്കാരണത്താൽ അവനെപ്പററി മരിച്ചവരോടും സുവിശേഷം പ്രഘോഷിക്കപ്പെട്ടു"* (4:6): അതായത്, തൻെറ ഉത്ഥാനത്തിൽ എഴുന്നേറ്റുവന്നവർ. *"നിദ്ര പ്രാപിച്ച അനേകർ എഴുന്നേറ്റു വന്നു"* എന്ന് എഴുതപ്പെട്ടിരിക്കുന്നു (മത്താ. 27: 52-53).

*"ശരീരത്തിൽ മനുഷ്യരെപ്പോലെ അവർ വിധിക്കപ്പെടാൻ വേണ്ടി"* (4:6): അതായത്, ആ ആത്മീക പൗരത്വത്തിൽ അവർക്കു സ്ഥിരവും ഭാഗ്യകരവുമായ ജീവിതം ഉണ്ടാകുവാൻവേണ്ടി, അനുതാപത്തിലൂടെ പാപികൾ ഇവിടെ ശരീരത്തിൽ പീഡ സഹിക്കുന്നു. വീണ്ടും, ഇക്കാരണത്താൽ *"അവനെപ്പറ്റി മരിച്ചവരോടുപോലും പ്രഘോഷിക്കപ്പെട്ടു"*;

www.malankaralibrary.com



കള്ളനോടുകൂടി നമ്മുടെ കർത്താവിൻെറ ആത്മാവ് പറുദീസായിൽ പ്രവേശിച്ച നാഴികയിൽ ആരംഭംമുതൽ ആ നാഴികവരെയുള്ള സകല രോടും സുവിശേഷം പ്രഘോഷിക്കപ്പെട്ടു. ഭാവിയിൽ എല്ലാ പരേതരും ഉത്ഥാനംചെയ്യും; നന്മയോ തിന്മയോ ആയി ഓരോരുത്തൻ ചെയ്തിട്ടു ള്ളതിന്, തൻെറ ശരീരത്തിൽ പ്രതിഫലം ലഭിക്കും. എന്നാൽ ഇതല്ല ശരിയായ അർത്ഥം; കാരണം അതിനു പിന്നാലെ വരുന്ന വാക്ക് അത് ശരിയാണെന്ന് ധ്വനിപ്പിക്കുന്നില്ല. പാപികളെയാണ് മരിച്ചവർ എന്ന് അവൻ വിളിക്കുന്നത് എന്ന് *മറ്റുചിലർ* പറയുന്നു. *"നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിച്ചവരാണെന്ന് ഞാൻ പറയുന്നു"* എന്നതുപോലെ (കൊളോ. 2:13) അവർ പാപത്തിൽ മരിച്ചവരാണ്. *"ശരീരത്തിൽ മനു ഷ്യരെപ്പോലെ അവർ വിധിക്കപ്പെടാൻവേണ്ടി"* (4:6) എന്നത് *"ആത്മാ വിൽ അവൻ ജീവിക്കാനായി, അവൻെറ ശരീരത്തിൻെറ നാശത്തിന് നിങ്ങൾ അവനെ സാത്താന് ഏല്പിച്ചുകൊടുക്കണം"* (1 കോറി. 5:5) എന്നതുപോലെയാണ്. അവൻ വ്യക്തമായി അനുതാപത്തെപ്പറ്റിയാണ് പറയുന്നത്. *"ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കാൻ സമയമായി"* (1പത്രോ. 4:17): അതായത്, ദൈവം മുഖം നോക്കാതെ ന്യായവിധി നടത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന സമയം അടുത്തെ ത്തിയിരിക്കുന്നു, ഇതാ വന്നുകഴിഞ്ഞു; തൻെറ ഭവനത്തിൽനിന്നുതന്നെ അതാരംഭിക്കും. ദൈവം പറയുന്നതായി മോശ പറഞ്ഞിരിക്കുന്നു: *"എന്നെ സമീപിക്കുന്നവനിലൂടെ ഞാൻ വിശുദ്ധീകരിക്കപ്പെടും"* (ലേവ്യ. 10:3). *ശിക്ഷ എൻെറ ഭവനത്തിൽ നിന്ന് തുടങ്ങുക'* എന്ന് എസക്കിയേലിലും (9:6). അവൻ തൻെറ ഭവനക്കാരിൽനിന്നു തുടങ്ങു മെങ്കിൽ, ദൈവത്തിൻെറ സുവിശേഷത്തിന് അനുസരണമില്ലാത്തവ രുടെ അന്ത്യം, ഈജിപ്തുകാർക്കു സംഭവിച്ചതല്ലാതെ മറ്റെന്തായി രിക്കും?

*"ഞാൻ ഒരു സഹകശീശായാണ്"* (5:11): ഈ പ്രയോഗം ശ്ലൈഹിക രീതിക്ക് അന്യമാണ്. കാരണം, പത്രോസ് ഈ കശീശന്മാരുടെ ഗണ ത്തിൽ പെടുന്നയാളല്ല, പിന്നെയോ, ശ്ലൈഹികഗണത്തിലാണ്; അതേ, ശ്ലീഹന്മാരുടെ തലവനായിട്ടാണ്. ഭാഷാവരസമ്പത്തിൻെറ ധാരാളതയാ ലാണ് അവൻ ഇവിടെ റോമിനെ ബാബിലോൺ എന്നു വിളിക്കുന്നത് (5:13); പണ്ടത്തെ ബാബേലിൽ ഭാഷകൾ ചിതറിക്കപ്പെട്ടു. റോമിൽ വൈദേശികഭാഷകളിൽ സംസാരിക്കുക സാധാരണമായിരുന്നു.

www.malankaralibrary.com



# 3. യോഹന്നാൻെറ ലേഖനം

വീണ്ടും, യോഹന്നാൻെറ (ഒന്നാം) ലേഖനത്തിൻെറ വ്യാഖ്യാനം. ഈ ലേഖനം സംബന്ധിച്ചും പലർക്കും തെറ്റു വന്നിട്ടുണ്ട്. അതിൻെറ തലക്കെട്ടിനെ ആധാരമാക്കി അത് യോഹന്നാനിൽ നിന്നാണെന്ന് അവർ കരുതി. ആരംഭത്തിലും പ്രതിപാദനരീതിയിലും ഗ്രന്ഥകാരൻ കടമെടുക്കുന്നു. എന്നാൽ സുവിശേഷകൻെറ ശ്രേഷ്ഠമായ വാക്കുകളേക്കാൾ എത്രയോ താഴ്ന്ന നിലയിലാണ് ഇതിലെ ആശയങ്ങളും പ്രതിപാദന രീതിയുമെന്ന് അവർ അപഗ്രഥിച്ച് മനസ്സിലാക്കേണ്ടതായിരുന്നു.

*"ആദിയിൽ ഉണ്ടായിരുന്നതും"* (1:1) അതായത്, തൻെറ പിതാവിനോടുകൂടി നിത്യത മുതലേ എന്നേക്കും ഉണ്ടായിരുന്ന ഏകജാതനാം പുത്രൻ !

*"ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും"* (1:1): താൻ ആരെയാണ് കണ്ടതെന്നും കേട്ടതെന്നും ഈ പ്രബോധകൻ പറയുന്നില്ല: എങ്കിലും *വചനത്തെ:* അവൻെറ വചനം ഞങ്ങൾ വെളിപ്പെടുത്തുന്നു: അതായത്, അവനെ *"ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു"*. ജഡമെടുത്തവനെ, തൻെറ വെളിപാടിന് മനുഷ്യനെ എടുത്തവനെ; അഭേദ്യമായ ഐക്യത്താൽ. അവൻ ശരീരമുള്ളവനായി കാണപ്പെട്ടു. എല്ലാ മനുഷ്യരേയും ഞങ്ങൾ പഠിപ്പിക്കുന്ന ഈ പ്രബോധനം അവനിൽനിന്ന് ഞങ്ങൾ കേട്ടതാണ്. *"ഞങ്ങൾ കാണുകയും ഞങ്ങളുടെ കൈകൾ കൊണ്ട് സ്പർശിക്കുകയും ചെയ്തു"* (1:1): അതായത്, എടുത്ത മനുഷ്യത്വം; ഈ വാക്കുകളിലൂടെ അവിടുത്തെ മനുഷ്യത്വത്തിൻെറ മഹത്ത്വം അവൻ വ്യക്തമാക്കുന്നു. *"അവനിൽ അന്ധകാരമില്ല"* (1:6): അതായത്, തെറ്റുകൾ ഒരിക്കലും അവനെ സമീപിക്കുന്നില്ല. തെറ്റുകളെ അവൻ *അന്ധകാരം* എന്നു വിളിക്കുന്നു.

*"ഒരു പുതിയ കല്പനയല്ല. ഞാൻ നിങ്ങൾക്കെഴുതുന്നത്"* (2:7): അറിയിക്കപ്പെട്ട വ്യാപാരത്തിൻെറ വെളിപാടിനെ അവൻ *കല്പന* എന്നു വിളിക്കുന്നു. അതായത്, ഞങ്ങൾ നിങ്ങളെ പഠിപ്പിക്കുന്ന ഈ പ്രബോധനം! ദൈവത്തിൽ നിന്നെന്നവണ്ണം ഇതു പുതിയതല്ല; പിന്നെയോ, എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങളോളവും തലമുറകളോളവും മറഞ്ഞിരുന്ന രഹസ്യമായിരുന്നു ഇത്. പുത്രൻെറ നിത്യത്വം

www.malankaralibrary.com



നിമിത്തമാണ് അവൻ *പഴയത്* എന്ന് പുത്രനെ വിളിക്കുന്നത്. ദിവ്യപരിപാലനയുടെ വെളിപാടിനെ *പുതിയ കല്പന* എന്ന് അവൻ വിളിക്കുന്നു; കാരണം, ആ രഹസ്യം പുതുതായി നമുക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. സ്നാനത്തിലൂടെ അവർ സ്വീകരിച്ച പരിശുദ്ധാത്മദാനത്തെയും തെരഞ്ഞെടുപ്പിനെയും *ദൈവത്തിൽനിന്നു സ്വീകരിച്ച അഭിഷേകം* എന്ന് അവൻ വിളിക്കുന്നു (2:27).

*"അവൻെറ വിത്ത് അവനിൽ വസിക്കുന്നു"* (3:9): അതായത്, ഒരിക്കൽ സാത്താനെ തള്ളിപ്പറഞ്ഞ് ദൈവത്തെ ഏറ്റുപറയുകയും ഒരു പുതിയ ജനനത്താൽ ജനിച്ച്, ആദത്തിൻെറ പഴയവയെല്ലാം തന്നിൽ നിന്ന് ദൂരെ എറിയുകയും ചെയ്തയാൾ പാപം ചെയ്യുന്നില്ല; കാരണം, അവൻ ദൈവത്തിൻെറ വിത്താണ്; അതായത്, ദൈവികപ്രബോധനം അവനിൽ നിലനില്ക്കുന്നു. തൻെറ പ്രബോധനത്തെ *വിത്തെന്ന്* നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, പ്രബോധനത്തെയാണ് *വിത്ത്* എന്നു പറയുന്നത്.

*"ദൈവം സ്നേഹമാണ്"* എന്ന് അവൻ പറയുന്നു. അതിൽ വളരെ കുറവുണ്ട്. കാരണം, തിരുലിഖിതത്തിൽ ഒരിടത്തും ദൈവത്തെപ്പറ്റി ഇപ്രകാരം സംസാരിച്ചു കാണുന്നില്ല. എന്നാൽ ഈ വാക്കിന് സുന്ദരവും ഉചിതവുമായ അർത്ഥം കൊടുക്കാൻ നമുക്കു കഴിയും. സ്നേഹം തന്നെയായ അവിടുത്തെ നാം തേടുന്നതിന് ദൈവത്തെ *സ്നേഹം* എന്ന് അവൻ വിളിക്കുന്നു; കാരുണ്യത്തിൻെറ കല്പനയുടെ വചനം തന്നിൽ നിന്ന് ഒഴുകിയതിനാലും അപ്രകാരം വിളിക്കുന്നു.

*"ജലത്താലും രക്തത്താലും വന്നവൻ"* (5:6): സ്നാനത്തെ ജലമെന്നും പീഡാനുഭവത്തെ രക്തമെന്നും അവൻ വിളിക്കുന്നു. *"ആത്മാവ്, ജലം, രക്തം"* (5:8): അതായത്, സ്നാനം, പീഡാനുഭവം, ആത്മാവ് എന്നിവയിലൂടെ നമ്മെ പ്രതിയുള്ള തൻെറ വ്യാപാരങ്ങളെല്ലാം അവൻ പൂർത്തിയാക്കി. *"ഇവയെല്ലാം ഒന്നിലാണ്"* (5:8): അതായത്, യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട സംഗതികളെല്ലാം ഏകമിശിഹായിലൂടെയാണ് സംഭവിച്ചത്. *"ലോകം മുഴുവൻ ദുഷ്ടനിൽ കിടക്കുന്നു"* (5:19): അതായത്, പാപത്തെ ജനിപ്പിക്കുന്ന വഴിപിഴയ്ക്കലിനു വിധേയമാണ് ലോകം; ദുഷ്പ്രവൃത്തികൾ ചെയ്യുന്നത് ഇതു നിമിത്തമാണ്.

ഈശോദാദ് രചിച്ച മൂന്ന് കാതോലിക ലേഖനങ്ങളുടെ വ്യാഖ്യാനം ദൈവകൃപയാൽ പൂർത്തിയായി.

www.malankaralibrary.com

# എബ്രായ ലേഖനം

വീണ്ടും, ദൈവസഹായത്താൽ, എബ്രായർക്കുള്ള ലേഖനം. അറിവില്ലാത്തവർക്ക് ഈ ലേഖനം സംബന്ധിച്ച് പല സംശയങ്ങളും ഉടലെടുത്തിട്ടുണ്ട്. പൗലോസ്, തനിക്കു പതിവായിരിക്കുന്നതുപോലെ, ലേഖനാവസാനം തന്റെ പേര് ചേർക്കാത്തതിനാൽ, "ഇത് അവന്റേതല്ല" എന്നു പറയുന്നവരുണ്ട്. എന്നാൽ ഇത് അവന്റേതല്ലെങ്കിൽ പിന്നെങ്ങനെ അവന്റെ മറ്റു ലേഖനങ്ങളുടെ കൂടെ ചേർക്കാനിടയായി എന്നു നാം ചോദിച്ചുപോകുന്നു. ഇത് മറ്റാരുടെയോ വ്യാജരേഖയാണെങ്കിൽ പൗലോസിന്റേതെന്നവണ്ണം ഇതെങ്ങനെ സ്വീകൃതമായി? ഈ ലേഖനം മുഴുവൻ കൃത്രിമമായി എഴുതിയവന് ആരംഭത്തിൽ പൗലോസിന്റെ പേരുകൂടെ ചേർക്കുക എളുപ്പമായിരുന്നില്ലേ? ഈ കത്ത് എത്തിച്ചത് തിമോതിയോസാണ്; അവനെപ്പറ്റി അവൻ പറഞ്ഞിരിക്കുന്നത് നമുക്കറിയാമല്ലോ (എബ്രാ. 13:23). അതിൽനിന്ന് യൂദയായിലെ വിശ്വാസികൾക്കുവേണ്ടിയാണ് അവൻ ഇതു എഴുതിയത് എന്നത് വ്യക്തമാണ്. യഹൂദജനം തന്നെ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് പൗലോസിന് അറിയാമായിരുന്നതിനാലാണ് ലേഖനത്തിൽ അവൻ തന്റെ പേര് വയ്ക്കാഞ്ഞതെന്ന് *ചിലർ* പറയുന്നു. അത് അവന്റെ കത്താണ് എന്ന് ആരംഭത്തിൽ തന്നെ മനസ്സിലാക്കിയാൽ, അവർ അത് വായിക്കുകയോ കേൾക്കുകയോ ഇല്ല എന്ന് അവൻ ഭയപ്പെട്ടു.

*മറ്റുചിലർ* പറയുന്നത് ഇപ്രകാരമാണ്: അവന് പുറജാതികളുടെ ശ്ലൈഹികത്വമാണ് ലഭിച്ചിരുന്നത്. *"ഞങ്ങൾ പുറജാതികളുടെയും അവർ പരിച്ഛേദകരുടെയും പക്കലേക്കു പോകണം"* എന്ന് അവൻ പറഞ്ഞിട്ടുണ്ടല്ലോ (ഗലാ. 2:9). എന്നാൽ പുറജാതികളിൽ നിന്നുള്ളവർ പരിച്ഛേദകരിൽനിന്ന് പൂർണമായി അകറ്റിനിർത്തപ്പെട്ടിരുന്നില്ല. പുറജാതികളിൽപെട്ട കൊർണേലിയോസിന്റെ ഭവനത്തിൽപെട്ടവരെ പരിച്ഛേദനത്തിൽനിന്നുള്ളവരാണല്ലോ ശിഷ്യരാക്കിയത്. മറിച്ച് പരിച്ഛേദകരുടെ

www.malankaralibrary.com



ഒരു പ്രമാണിയെ കോറിന്തോസിൽ വച്ച് പുറജാതികൾക്കുവേണ്ടി ഉള്ള വർ ശിഷ്യനാക്കി. അതുകൊണ്ട് തൻേറതല്ലാത്ത ഒരു സഭാവിഭാഗത്തി നുള്ള കത്തിൽ ഇക്കാരണത്താൽ അവൻ തൻെറ പേര് വച്ചില്ല എന്നേ യുള്ളു; അവൻ സ്വയം അവരുടെ ശ്ലീഹാ എന്ന് വിശേഷിപ്പിച്ചുമില്ല. ഇക്കാ ലത്ത് തങ്ങളുടേതല്ലാത്ത പ്രോവിൻസിലെത്തുന്ന മെത്രാന്മാർക്ക് പഠി പ്പിക്കാമെങ്കിലും, ആ ജനങ്ങളുടെ മെത്രാന്മാരായി അവർ വിളിക്കപ്പെടു ന്നില്ല. അതുപോലെ ശ്ലീഹന്മാരും പ്രവർത്തിച്ചു എന്നേയുള്ളു.

യഹൂദർക്കുവേണ്ടി അയയ്ക്കപ്പെട്ട നമ്മുടെ കർത്താവിനോടുള്ള ബഹുമാനം കാത്തുസൂക്ഷിക്കാനായി, എളിമകൊണ്ടാണ് പുറജാതിക ളുടെ ശ്ലീഹാ ഇപ്രകാരം ചെയ്തത് എന്ന് *വേറെ ചിലർ* പറയുന്നു.

അവൻ ഇത് ഹീബ്രുഭാഷയിലെഴുതി; "ഒരു ക്ലെമെൻറ് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു" എന്ന് *ചിലർ*, എന്നാൽ വാസ്തവത്തിൽ ക്ലെമെൻറ് തന്നെ സാക്ഷ്യപ്പെടുത്തുന്നതുപോലെ, ലൂക്കോസാണ് ഇതു ഭാഷാന്തരം ചെയ്തത്. ഇക്കാരണത്താൽ, ഈ വിവർത്തനശൈലി നടപടിപ്പുസ്തക ത്തിൻേറതുമായി വളരെ സാമ്യമുള്ളതാണ്.

മിശിഹായുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള പ്രബോധനമാണ് ഇതിൻെറ പ്രതിപാദ്യവിഷയം. കാരണം, പരിച്ഛേദകരിൽനിന്ന് വിശ്വാ സത്തിലേക്കു കടന്നുവന്ന അനേകർ മിശിഹായെ ദൈവമായി പരിഗണി ക്കാതെ മോശയെപ്പോലെ കരുതുകയും മറ്റ് പ്രവാചകരെപ്പോലെ അവനും വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്ന് പറയുകയും ചെയ്തു. അതു കൊണ്ട്, "ഒരൊറ്റ കാര്യത്തിൽപോലും യേശു പ്രവാചകരെപ്പോലെയല്ല"; അവിടുത്തെ മനുഷ്യത്വം അവരുടേതുപോലെയാണെങ്കിലും അവി ടുത്തെ ദൈവത്വത്തിൻെറ ബഹുമാനം അനന്തമായും വലിയ അളവിലും ഉന്നതമാണ് എന്ന് ശ്ലീഹാ തെളിയിക്കുന്നു. രണ്ടു സ്വഭാവങ്ങളെപ്പറ്റിയും ഏക ആളിൻേറതായി അവൻ സംസാരിക്കുന്നു; ചിലപ്പോൾ അവിടുത്തെ ദൈവത്വത്തെപ്പറ്റിയും ചിലപ്പോൾ അവിടുത്തെ മനുഷ്യത്വത്തെപ്പറ്റിയും അവൻ സംസാരിക്കുന്നു. അവിടുന്ന് മോശയേക്കാളും പ്രവാചകന്മാ രേക്കാളും മാലാഖമാരേക്കാളും വലിയവനാണ് എന്ന് അവൻ കാണി ക്കുന്നു; തിരുലിഖിതത്തിൽനിന്നുള്ള തെളിവുകൾ കൊണ്ട് തൻെറ വാദങ്ങൾ അവൻ തെളിയിക്കുന്നു.

www.malankaralibrary.com



# 1

ദൈവം നമ്മോട് എല്ലാപ്രകാരത്തിലും എല്ലാവിധത്തിലും[1] സംസാരിച്ചു; ഈ അവസാനനാളുകളിൽ തന്റെ പുത്രനിലൂടെ അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു" (1:1-2). ദൈവം പ്രാചീനർക്ക് വിവിധ സാദൃശ്യങ്ങളിൽ കാണപ്പെട്ട വെളിപാടുകളെല്ലാം സമ്പൂർണശരീരം രൂപീകൃതമായിരിക്കുന്ന അവയവങ്ങളും ഭാഗങ്ങളുമായി കാണപ്പെടുന്നു എന്ന് അവൻ പറയുന്നു. തന്റെ പുത്രനായ യേശുമിശിഹായിലുള്ള ദൈവത്തിന്റെ വെളിപാടാണ് സമ്പൂർണമായത്. ദൈവികവ്യാപാരത്തിന്റെ ഏകശരീരഘടനയുടെ ഭാഗങ്ങളും അവയവങ്ങളും പോലെയായിരുന്നു പിതാക്കന്മാർക്കും പ്രവാചകന്മാർക്കും ലഭിച്ച വിവിധ വെളിപാടുകൾ. അവസാനം, ശിരസ്സായി അവയ്ക്കെല്ലാം മുകളിലായി മിശിഹായിലുള്ള വെളിപാട് സ്ഥാപിതമായിരിക്കുന്നു; അവൻ തന്റെ ആലയവും ഛായയുമാണ്; അഥവാ മുൻയുഗങ്ങളുടെയും കാലങ്ങളുടെയും ബലഹീനത അനുസരിച്ച് കുറേശ്ശെ കുറേശ്ശെയായി ദൈവം പഠിപ്പിച്ച, ദൈവിക അറിവിന്റെ വൈവിധ്യങ്ങളെയാണ് അവൻ "ഭാഗങ്ങൾ" എന്നും "രീതികൾ" എന്നും വിളിക്കുന്നത്.

ഒരു രീതിയിൽ അവിടുന്ന് ആദത്തിനുവേണ്ടി നിയമം നടപ്പാക്കി; മറ്റൊരു രീതിയിൽ നോഹയ്ക്ക് ; വേറൊരു രീതിയിൽ അബ്രഹാമിന്റെ ഭവനക്കാർക്ക്... ചുരുക്കത്തിൽ, മിശിഹാവരെ, അവരുടെ ബലഹീനതയ്ക്കും ശൈശവത്വത്തിനും അനുസൃതമായി അവിടുന്ന് അവരോടു സംസാരിച്ചു. എന്നാൽ യൗവനാവസാനസമയം സമാഗതമായപ്പോൾ ദാസന്മാരിലൂടെയല്ല, തന്റെ പുത്രനിലൂടെ അവിടുന്ന് നമ്മോടു സംസാരിച്ചു. നാം പാപത്തിന്റെ ദാസരായിരുന്നപ്പോൾ അവൻ ദാസരിലൂടെ നമ്മോടു സംസാരിച്ചു; നമ്മെ ദത്തുപുത്രസ്ഥാനത്തേക്കു വിളിക്കാനുള്ള സമയം വന്നപ്പോൾ, അവിടുത്തെ സ്നേഹത്തെപ്പറ്റിയും പറഞ്ഞവയും ചെയ്തവയുമായ പൂർണതയുടെ സത്യത്തെപ്പറ്റിയും പ്രഘോഷിക്കാൻ തന്റെ പുത്രനിലൂടെ അവിടുന്നു സംസാരിച്ചിരിക്കുന്നു. അവിടുന്ന് എടുത്ത ദാസന്റെ സാദൃശ്യത്തിൽ, അവിടുന്ന് എല്ലാ സാദൃശ്യങ്ങളെയും

1. വിവിധഘട്ടങ്ങളിലും വിവിധ രീതികളിലും എന്നും പറയാം. എല്ലാ ഭാഗങ്ങളാലും (ഭാഗികമായും) എന്നുമർത്ഥം.

www.malankaralibrary.com



നീക്കിക്കളഞ്ഞു. തന്‍െറ സജീവവും ജീവദായകവുമായ സ്വരത്താല്‍ അവിടുന്ന് എല്ലാ സ്വരങ്ങളേയും ശബ്ദരഹിതമാക്കി; പറയപ്പെട്ടിരിക്കുന്നതുപോലെ അവിടുന്ന് ദര്‍ശനങ്ങളെയും പ്രവാചകരെയും അവസാനിപ്പിച്ചു. അതുകൊണ്ട് അവിടെ ദൈവത്തിനു പകരം ഇവിടെ പിതാവ്; മാലാഖമാര്‍ക്കു പകരം, നമ്മുടെ കര്‍ത്താവ്; പ്രതീകങ്ങള്‍ക്കു പകരം ഒരു ശരീരം; പ്രവാചകന്മാര്‍ക്കുപകരം, ശ്ലീഹന്മാര്‍. "ഭാഗികം" പ്രതീകങ്ങളോടു ചേരുന്നു; കാരണം ഇവിടെ പ്രതീകത്തില്‍ നിന്നുള്ള പ്രതീകമാണെന്ന് അവന്‍ കാണിച്ചു.

"ഭാഗികമായും" എന്നു പറയുന്നത്: ചിലപ്പോള്‍ അവിടുന്ന് മുള്‍ച്ചെടിയുടെ മധ്യത്തിലെ അഗ്നിയിലൂടെ സംസാരിച്ചു; ചിലപ്പോള്‍ മേഘത്താലും തൂണാലും; ചിലപ്പോള്‍ സീനായ് മലയില്‍വച്ച് മുഖം മറച്ച തുണിയില്‍; ചിലപ്പോള്‍ സ്വര്‍ണപ്പാളിയില്‍നിന്ന് അവിടുന്ന് പുറപ്പെടുവിച്ച സ്വരത്തിലൂടെ; ചിലപ്പോള്‍ ആദം കേട്ട പാദസ്വരത്തിലൂടെ; ചിലപ്പോള്‍ സിംഹാസനത്തില്‍ അവിടുന്ന് കൈപ്പത്തിമാത്രം കാണിച്ചു. ചിലപ്പോള്‍ തന്‍െറ അരക്കെട്ടിനു മുകളിലോട്ട് പ്രകാശവും താഴെ അഗ്നിയുമായി; ചിലപ്പോള്‍ ഏലിയായ്ക്ക് കാറ്റിലൂടെ; ചിലപ്പോള്‍ സ്വപ്നത്തില്‍; ചിലപ്പോള്‍ പകുതി മയക്കത്തില്‍; അവ പ്രതീകങ്ങളായതിനാല്‍ അവ പരിപൂര്‍ണമായിരുന്നില്ല. അതുകൊണ്ട് അവയെ അവന്‍ *ഭാഗികം* എന്നു വിളിക്കുന്നു. എന്നാല്‍ അബ്രഹാമും മോശയും ഏശായായും അവിടുത്തെ ദര്‍ശിച്ചതിനെയും *പ്രതീകം* എന്ന് അവന്‍ വിളിക്കുന്നു. ഒരു മനുഷ്യന്‍െറ സമ്പൂര്‍ണ സാദൃശ്യം അവര്‍ ഓരോരുത്തനും ദര്‍ശിക്കുകയുണ്ടായി. ഭാഗികവും പ്രതീകാത്മകവുമായ ഇവയുടെ എല്ലാം *ശിരസ്സ്* ജഡത്തില്‍ വെളിപ്പെട്ട മിശിഹായാണ്.

വീണ്ടും, *തലമുറകളുടെ* ബലഹീനതകള്‍ക്കനുസൃതം ഈ വൈവിധ്യങ്ങളിലെല്ലാം തന്‍െറ വ്യാപാരം പൂര്‍ത്തിയാക്കിയത് ഏകദൈവമാണ് എന്ന് അവന്‍ കാണിക്കുന്നു; എന്തുകൊണ്ടെന്നാല്‍, ശ്ലീഹാ ഇതു പ്രവാചകനില്‍ നിന്നാണ് എടുത്തിട്ടുള്ളത്: *"ഞാന്‍ ദര്‍ശനങ്ങള്‍ വര്‍ദ്ധിപ്പിച്ചു; പ്രവാചകന്മാര്‍ വഴി ഉപമകള്‍ ഉപയോഗിച്ചു"* (ഹോശിയാ. 12:10); "തന്‍െറ വിശുദ്ധരുമായി ദര്‍ശനത്തില്‍ അവിടുന്നു സംസാരിച്ചു"(സങ്കീ. 69:19). എല്ലാറ്റിലും ഉള്ള ഇത് എല്ലാം ഉള്‍ക്കൊള്ളുന്ന ഒരു നിര്‍വചനമല്ല എന്ന് കണ്ടാലും. ഇതാ, അവിടുന്ന് മൃഗങ്ങളുടെയും കന്നുകാലികളുടെയും രൂപത്തില്‍ സംസാരിച്ചില്ല. കൂടാതെ തിരുലിഖിത ഭാഷയിലാണ് അവിടുന്നു

www.malankaralibrary.com



പറയുന്നത്. *"വന്നവരെല്ലാം കള്ളന്മാരായിരുന്നു..."* (യോഹ. 10:8). ഭാഗ്യവാനായ ശ്ലീഹാ, പഴയവ്യാപാരം പിതാവിനാണ് ആരോപിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം: *"എല്ലാ ഭാഗങ്ങളാലും"* എന്നിത്യാദി. എന്നാൽ ത്രിത്വത്തിനു പൊതുവായിട്ടാണ് അവൻ പിതൃത്വം വിശദീകരിക്കുന്നത്. ത്രിത്വം നിഗൂഢമായും അല്ലാതെയും ഭരിക്കുന്നു എന്നത് സത്യമാണ്; കാരണം, പ്രവർത്തനത്തിൽ തുല്യത ഉള്ളിടത്ത് സത്തയിലും തുല്യതയുണ്ട്; മറിച്ചും. സത്യത്തിൽ, പഴയ വ്യാപാരത്തിൽ ദൈവം എന്ന പേരാണ് പൊതുവെ ഉപയോഗിച്ചിരുന്നത്. മാലാഖമാർ അതു പൂർത്തിയാക്കി: *"സീനായ് മലയിൽവച്ച് നമ്മുടെ പിതാക്കന്മാരോടും നമ്മോടും മാലാഖമാർവഴി അവിടുന്ന് സംസാരിച്ചു"* (ഗലാ. 3:19). ശിഷ്യന്മാരുടെ ബലഹീനതയ്ക്ക് അനുസൃതമായി ഒരു മധ്യസ്ഥൻവഴി ഉപമാമയമായി വെളിപ്പെടുത്തിക്കൊണ്ട് മാലാഖമാരിലൂടെ നിയമം നൽകപ്പെട്ടു; *സാദൃശ്യം* നമ്മിൽനിന്ന് എടുക്കപ്പെട്ടതാണ്; എന്നാൽ മൂലഘടകങ്ങളിൽ നിന്നും പ്രകാശത്തിൽനിന്നുമാണ് അതുണ്ടാക്കപ്പെട്ടിരിക്കുന്നത്; അതിന്റെ ബൗദ്ധികാംശം മാലാഖമാരിൽ നിന്നാണ്; അവിടുത്തെ സ്ഥലം നിറയ്ക്കുന്നതിനാൽ അതിന്റെ പ്രവർത്തനവും ബഹുമാനവും ദൈവത്തിന്റേതാണ്. മിക്കപ്പോഴും അവിടുന്ന് തന്റെ വ്യാപാരം നിഗൂഢമായും മധ്യവർത്തികളെ കൂടാതെയുമാണ് നടത്തുന്നത്; എന്നാൽ ചിലപ്പോഴൊക്കെ മധ്യവർത്തിയിലൂടെ മാലാഖമാർ വഴിയും അവിടുന്ന് ഇതു സാധിക്കുന്നു. "അവിടുന്ന് അരുൾചെയ്തു: ഞാൻ എന്റെ നാമം അവരിൽ സ്ഥാപിച്ചിരിക്കുന്നു:"വടിയാലും സ്വർണപ്പാളിയാലും, സർപ്പത്താലും പേടകത്താലും മോശയാലും... അവിടുന്നു തന്റെ വ്യാപാരം പൂർത്തിയാക്കി.[2] അവ അവശ്യാവശ്യമായിരുന്നു എന്ന് പറഞ്ഞിട്ടില്ല. അതുപോലെ അവിടുന്ന് തന്റെ സൃഷ്ടികളിൽ നിന്ന് പദാർത്ഥം എടുത്ത് അതിൽ തന്റെ നാമം സ്ഥാപിക്കുകയും തന്റെ മഹത്ത്വത്തിൽ അതിനെ പങ്കാളിയാക്കുകയും തന്റെ വൈവിധ്യമാർന്ന വ്യാപാരം അതിലൂടെ പൂർത്തിയാക്കുകയും ചെയ്തപ്പോൾ, ഇതൊക്കെ അവശ്യാവശ്യമായിരുന്നു എന്ന് പറഞ്ഞില്ല. "ദൈവത്തിൽനിന്നും മാലാഖമാരിൽനിന്നും സാദൃശ്യത്തിൽ നിന്നും" എന്നിങ്ങനെ അവിടെ മുമ്മുത്വം ഉള്ളതുപോലെ ഇവിടെയും മുമ്മുത്വം ഉണ്ട്: പിതാവിൽനിന്ന്, ശരീരത്തിൽ വസിച്ച വചനത്തിൽനിന്ന്, ലോകത്തോടു സംസാരിക്കുന്ന ശരീര

2. പുറ 7:20; 28:36-38; സംഖ്യ 21:8.9; ജോഷ്വാ 4:7.

www.malankaralibrary.com



ത്തിൽ നിന്ന്. ഇവിടെ യഥാർത്ഥ ശരീരത്തിൻെറ സ്വഭാവമാണെങ്കിൽ, അവിടെ രൂപകാർത്ഥത്തിൽ ഉപമയാണ്. പറയപ്പെട്ടതിൻെറ യാഥാർത്ഥ്യവും സ്ഥിരതയും ഇതുപോലെയാണ്.

എന്നാൽ, എന്തിനാണ് പഴയനിയമത്തിനുപകരം പുതിയനിയമം നൽകപ്പെട്ടത്? മത്തായിയുടെ ആമുഖത്തിൽ കൊടുത്തിരിക്കുന്ന ഏഴു കാര്യങ്ങൾ വായിച്ചു ഗ്രഹിക്കുക.[3] *"അവൻ അവനെ എല്ലാറ്റിൻെറയും അവകാശിയാക്കി"* (1:2) എന്നത് ദൈവസ്വഭാവത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ഇപ്പോഴും അവിടുത്തെ മനുഷ്യത്വത്തിനു ചേരുന്നതാണ്. വെറും ഒരു സാധാരണമനുഷ്യൻ *"എല്ലാറ്റിൻെറയും അവകാശി"* ആകുകയെന്നത് അസാധ്യമാണ്.

*"ആരുമൂലം അവിടുന്ന് ലോകങ്ങളെ സൃഷ്ടിച്ചുവോ"* (1:2): ഇതിനാൽ അവൻ അവിടുത്തെ ദൈവത്വത്തെപ്പറ്റി അറിയിക്കയാണ്. *ഹെനാനാ* പറയുന്നു: *"അവനെ അവിടുന്ന് അവകാശിയായി നിയമിച്ചു"* എന്നു പറഞ്ഞാൽ "അവൻ സകലവും അവകാശമാക്കും" എന്നാണ് അർത്ഥം. അവിടുന്ന് സ്രഷ്ടാവായിരിക്കെ, *"നീ എല്ലാ ജനതതികളെയും അവകാശമാക്കും"* എന്ന് ദൈവത്തെപ്പറ്റി പറഞ്ഞിരിക്കുന്നെങ്കിൽ (സങ്കീ. 82:8), അനന്തരാവകാശമില്ലാത്ത പ്രകൃതമായ ജഡം ധരിച്ച മിശിഹായ്ക്ക് ഇത് എത്രയധികം അനുയോജ്യമാണ്! *"ആരുമൂലം അവിടുന്ന് ലോകങ്ങളെ സൃഷ്ടിച്ചുവോ"* എന്ന് പൗലോസ് കൂട്ടിച്ചേർക്കുന്നു. എല്ലാ സൃഷ്ടികളെയും, അവയ്ക്കു മുമ്പേ ഉണ്ടായിരുന്നവയും അവയിൽ ഉൾക്കൊണ്ടിരുന്നവയും അവയാൽ അളക്കപ്പെടുന്നവയുമായ കാലങ്ങളെയും വ്യാപ്തികളെയുംപോലും, ഉൾപ്പെടുത്താനാണ് ലോകങ്ങൾ എന്ന് അവൻ പറയുന്നത്. അവിടുന്ന് സൃഷ്ടികൾക്ക്, കാലങ്ങൾക്കും വ്യാപ്തികൾക്കുംപോലും, ഉപരിസ്ഥനാണ് എന്നു കാണിക്കാനാണിത്. കാരണം, അവൻ പിതാവിൽനിന്നാണ് എന്ന് അവൻ ഉടനേ പറയാൻ പോകുകയാണ്. എന്നാൽ അവൻ നിത്യത മുതൽ സ്ഥിതിചെയ്തിരുന്നെങ്കിൽ, മറ്റൊരാളിൽനിന്ന് അവൻ ജനിക്കുന്നത് വിശ്വസിക്കാൻ പ്രയാസമുള്ള സംഗതിയാണ്. ഒരു വാദത്തിലൂടെ അവൻ ഇതു തെളിയിക്കുന്നു.

*"അവൻ അവിടുത്തെ മഹത്ത്വത്തിൻെറ തേജസ്സാണ്"* (1:3): ദൈവം പ്രകാശമാണെന്ന് പറയപ്പെടുന്നു (1യോഹ. 1:5); അതുകൊണ്ട് അവൻ

---

3. ജി. ചേടിയത്ത്, *ഈശോദാദ് - സുവിശേഷഭാഷ്യം*, പേജ് 3.

www.malankaralibrary.com



പുത്രനെ *തേജസ്* എന്ന് വിളിക്കുന്നു. തന്റെപിതാവുമായി സത്തയിൽ തനിക്കുള്ള തുല്യതയെപ്പററി വിശ്വസിക്കാൻ വേണ്ടിയായിരുന്നു ഇത്. പിതാവിൽനിന്ന് കാരണത്തിൽ നിന്നെന്നവണ്ണമാണ് അവിടുന്നെ ങ്കിലും ആ ഹേതുകത്വത്തിന് കാലങ്ങളോ വ്യാപ്തിയോ ഇല്ല. സൂര്യന്റെ പ്രസരണതലവും രശ്മികളും പോലെയും, പ്രകാശവും ശോഭയും പോലെയുമാണിത്.

തേജസ്സ് ഒരു വ്യക്തിയല്ല; അത് ഒരു വസ്തുവിൽ നിന്നുവരുന്ന ഊർജം ആണ്; അങ്ങനെ ഉള്ളവയെയെല്ലാം താത്വികർ *'ആഗന്തുകങ്ങൾ'*[4] എന്നു വിളിക്കുന്നു. അതുകൊണ്ട് അവൻ ഉചിതമായി, *"തന്റെ സത്തയുടെ ഛായ"* എന്ന് കൂട്ടിച്ചേർക്കുന്നു(1:3); അവിടുന്ന് *ഒരു ക്നോമായിൽ നിന്നുള്ള സമ്പൂർണക്നോമാ*[5] ആണെന്ന് കാണിക്കാനാണിത്. അവിടുന്നു പിതാവിനു ശേഷമല്ല, അതേ സ്വഭാവമാണ് എന്ന് *തേജസ്സ്* എന്ന പദം വഴി അവൻ കാണിക്കുന്നു. മൂപ്പൻ എന്നോ ശിശു എന്നോ പറഞ്ഞിരുന്നെങ്കിൽ അവിടെ കാലഗണന വരുമായിരുന്നു; എന്നാൽ സമയമില്ലാത്തിടത്ത്, സമയരഹിതലോകത്തിൽ, മൂപ്പനും ഇല്ല ശിശുവും ഇല്ല. *"ഛായ"* എന്ന വാക്ക്, അവിടുന്ന് വ്യക്തിപരമായി സ്ഥിതി ചെയ്യുന്നു എന്നർത്ഥമാക്കുന്നു. "അവന്റെ വ്യക്തിത്വത്തിന്റെയോ, അവന്റെ സ്വഭാവത്തിന്റെയോ ഛായ എന്നല്ല, *"സത്തയുടെ ഛായ"* എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്. കാരണം ഛായയും ഒരു രൂപമാണ്; അതിന്റെ സ്വന്തം വസ്തുവിന്റെ സാദൃശ്യം കാട്ടുമെങ്കിലും കുറേക്കഴിയുമ്പോൾ അത് ശരീരത്തിന്റെ സാദൃശ്യം ധരിക്കുന്നു. എന്നാൽ അതിന്റെ സത്തയിലേക്കു കടക്കാൻ അതിനു കഴിവില്ല; കാരണം, സാദൃശ്യത്തിനു മുന്നോടിയായി എല്ലായിടത്തും ഒരു മൂലമാതൃക ഉണ്ടായിരിക്കണം. അവിടുത്തെ നിത്യവും സമയരഹിതവുമായ ജനനത്തെപ്പറ്റി നമ്മെ പഠിപ്പിക്കാനായി *"ദൈവത്തിന്റെ സത്തയുടെ ഛായ"* എന്ന് എഴുത്തുകാരൻ ഇവിടെ പുത്രനെ വിളിക്കുന്നു.

*" അവിടുന്ന് തന്റെ ശക്തമായ വചനത്താൽ എല്ലാറ്റിനെയും താങ്ങിനിർത്തുന്നു"* (1:3). ഇതുവഴി അവൻ അവിടുത്തെ നിർമാതാവ് എന്നു വിളിക്കുന്നു; മാത്രമല്ല, എല്ലാം അവന്റെ വചനത്തെ ആശ്രയി

4. accidents
5. വ്യക്തി എന്ന് ഇവിടെ അർത്ഥം

www.malankaralibrary.com



ക്കുന്നതിനാൽ, അവാച്യമായ ശക്തിയാൽ അവിടുന്ന് എല്ലാറ്റിനെയും ഉണ്ടാക്കി എന്നും അവൻ കാണിക്കുന്നു.

*"അവൻ തന്റെ ക്നോമായാൽ നമ്മുടെ പാപങ്ങൾക്ക് ശുദ്ധീകരണം ഉണ്ടാക്കുകയും മഹത്ത്വത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുകയും ചെയ്തു"* (1:3). എടുക്കപ്പെട്ട മനുഷ്യത്വത്തെപ്പറ്റിയാണ് അവൻ ഇപ്രകാരം പറയുന്നത്. തന്റെ പീഡാനുഭവത്താൽ അവിടുന്ന് നമ്മുടെ പാപങ്ങളുടെ ശുദ്ധീകരണം ഉണ്ടാക്കി. *"തന്റെ ക്നോമായാൽ"* എന്നത് *"തന്റെ പർസോപ്പായാൽ"*[6] ഇവയെല്ലാം സംഭവിച്ചു എന്നു പറയുന്നതിനു തുല്യമാണ്. എടുക്കപ്പെട്ട മനുഷ്യത്വത്തെപ്പറ്റിയാണ്[7] പറയുന്നതെന്നു കാണിച്ചുകൊണ്ട് "അവിടുന്ന് അവരേക്കാൾ ശ്രേഷ്ഠനായിത്തീർന്നു" എന്ന് (1:4) അവൻ പറയുന്നു. *ഹെനാനാ* പറയുന്നു: അവിടുന്ന് തന്റെ *ക്നോമായിൽ* ഇല്ലായ്മയിൽനിന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചു; അതുപോലെ, അവിടുന്ന് നമ്മുടെ ശരീരം എടുത്തുകൊണ്ട് തന്റെ *ക്നോമായിൽ* നമ്മുടെ പാപങ്ങൾക്കു ശുദ്ധീകരണം വരുത്തുകയും നമ്മുടെ കടങ്ങൾ വീട്ടുകയും ചെയ്തു.

*"ആദ്യജാതനെ ലോകത്തിലേക്ക് പ്രവേശിപ്പിച്ചപ്പോൾ മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ എന്ന് അവിടുന്നു കല്പിച്ചു"* (1:6): രണ്ട് ആശയങ്ങൾ ഒന്നിച്ച് കൂട്ടിക്കലർത്തിവച്ചിരിക്കുന്ന രണ്ട് വാചകങ്ങളാണിവ. *"ആദ്യജാതനെ ലോകത്തിലേക്ക് പ്രവേശിപ്പിച്ചപ്പോൾ"* എന്നത് പൗലോസിന്റെ സ്വന്തമാണ്. *"മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ"* എന്നത് ദാവീദിൽ നിന്നോ മോശയിൽനിന്നോ, ആകാം: *"അവന്റെ മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ"* (സങ്കീ. 97:7); *"അവസാനം ഞാനും അവരിൽ അസൂയ ഉണർത്തും"*. അല്പം കഴിഞ്ഞ് ഗ്രീക്കിൽ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു; അത് സുറിയാനിയിൽ ഇല്ല: "അവന്റെ ശത്രുക്കളുടെ കിരീടത്തിന്റെ മുകളിൽനിന്ന് ആകാശങ്ങളേ, അവനോടൊപ്പം സന്തോഷിക്കുവിൻ; ദൈവത്തിന്റെ മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ. ജനതകളേ, അവന്റെ ജനത്തോടൊപ്പം സന്തോഷിക്കുവിൻ; ദൈവത്തിന്റെ മാലാഖമാരെല്ലാം അവരെ ബലപ്പെടുത്തട്ടെ. എന്തുകൊണ്ടെ

---

6. ക്നോമാ, പർസോപ്പാ എന്നീ പദങ്ങൾക്ക് സമാനാർത്ഥമാണ് ഇവിടെ. വ്യക്തി (ആൾ) എന്നു വിവർത്തനം ചെയ്യാം.

7. ബർ നാശാ.

www.malankaralibrary.com



ന്നാൽ, തന്റെ ദാസന്മാരുടെ രക്തത്തിന് പ്രതികാരം നടന്നുകഴിഞ്ഞു..." എന്നിത്യാദി.[8]

മറിയത്തിൽനിന്നോ, ഉത്ഥാനത്താലോ സൃഷ്ടിയിലേക്ക് അവിടുന്ന് പ്രവേശിപ്പിച്ച നമ്മുടെ കർത്താവിന്റെ മനുഷ്യത്വമാണ് *ആദ്യജാതൻ. ലൂക്കാഭാഷ്യത്തിൽ* നാം വിവരിച്ചതുപോലെ[9] *'ആദ്യജാതൻ'* എന്ന് അഞ്ച് രീതിയിൽ പറഞ്ഞിരിക്കുന്നു. അവിടുന്ന് തന്റെ ദൈവത്വത്തിൽ ഏകജാതനാണെങ്കിൽ, തന്റെ മനുഷ്യത്വത്തിൽ ആദ്യജാതനുമാണ് എന്നു നാം പറയുന്നു. ആദത്തിൽനിന്നോ മറ്റേതെങ്കിലും സൃഷ്ടിയിൽ നിന്നോ ഉള്ള ശരീരത്തിന് സൃഷ്ടികളുടെയെല്ലാം ആദ്യജാതനാകുവാൻ എങ്ങനെ കഴിയും? ഏശാവിനുശേഷം വന്ന യാക്കോബിന് ആദ്യജാതൻ ആയിതീരാൻ കഴിഞ്ഞു; യാക്കോബ് ഏശാവിന്റെ ജന്മാവകാശം വിലയ്ക്കുവാങ്ങി. അതുപോലെ തന്റെ രക്തത്താൽ എല്ലാറ്റിനെയും സർവതുമായി അനുരഞ്ജനപ്പെടുത്തിയ നമ്മുടെ രക്ഷകനും. അവിടുന്ന് സകലതിനും മുമ്പുള്ളവനുമാകുന്നു; എല്ലാം അവനിലാകുന്നു; അധികാരത്തിലും ബഹുമാനത്തിലും അവിടുന്ന് ദൈവത്തിന് സദൃശ്യനാകുന്നു. മാലാഖമാരും സൃഷ്ടിമുഴുവനും ആദത്തെ സേവിക്കുന്നതിനാൽ, ആദവും *സാദൃശ്യം* എന്നു വിളിക്കപ്പെട്ടിരുന്നു.

*"ദൈവമേ, അങ്ങയുടെ സിംഹാസനം"; "അങ്ങയുടെ ചെങ്കോൽ ചൊവ്വുള്ളത്"* (1:8): അവിടുത്തെ ദൈവത്വത്തെപ്പറ്റിയാണ് അവനിതു പറയുന്നത്. വേരിൽനിന്ന് മുളച്ചുവരുന്ന ദണ്ഡാണ് ചെങ്കോൽ; അതിന് വേരിന്റെ അതേ സ്വഭാവമാണ്. അതിൽനിന്ന് അതു മുളച്ചുവളരുന്നു. പുത്രന് പിതാവിന്റെ അതേ സ്വഭാവമാണെന്ന് ഇതുവഴി കാണിക്കുന്നു. ഒരു ഹേതുവിൽനിന്ന് എന്നവണ്ണം അവനിൽനിന്ന് പുറപ്പെടുന്നു. അവനു തുല്യനാണ്; അവനു സമനുമാണ്. വീണ്ടും, രാജാക്കന്മാർ തങ്ങളുടെ കൈകളിൽ പേറുന്ന സ്വർണചെങ്കോലിനെപ്പറ്റിയും അവൻ പറയുന്നു.

*"നീ നീതിയെ സ്നേഹിച്ചു..."* (1:9) എന്നത് അവിടുത്തെ മനുഷ്യത്വത്തെപ്പറ്റിയാണ്. *"ശുദ്ധീകരിക്കുന്നവനും ശുദ്ധീകരിക്കപ്പെടുന്നവനും ഒരുവനിൽ നിന്നുള്ളവരാകുന്നു"* (2:11); "ഏക ആത്മാവിനാലാണ് അവ

8. ആവ 32:21.42.43.

9. *മത്തായിഭാഷ്യം* എന്ന ടെക്സ്റ്റിൽ. *ഈശോദാദ്, സുവിശേഷഭാഷ്യം*, പേജ് 236.

www.malankaralibrary.com



രെല്ലാം നിറയപ്പെട്ടിരിക്കുന്നത്" എന്ന് *ഭാഷ്യകാരൻ* പറയുന്നു; അവർക്കെല്ലാം ഒരേ സ്വഭാവം ആണ്", എന്ന് *ജോൺ ക്രിസോസ്തോം* പറയുന്നു.

*"ഞാൻ അവനിൽ ആശ്രയിക്കും"* (2:13): അതായത്, "മിശിഹാ ആയ ഞാൻ എന്റെ ആശ്രയം പിതാവായ ദൈവത്തിൽ വയ്ക്കും". *"മക്കൾ മാംസത്തിലും രക്തത്തിലും പങ്കുകാരാകുന്നതുകൊണ്ട് അവനും അതേ വിധത്തിൽ പങ്കുകാരനായി"* (2:14-15). അതായത്, തന്റെ മരണത്താൽ. നാമെല്ലാം വേദനകൾക്കും മരണത്തിനും വിധേയരായതിനാൽ, ഇതിനെ അവൻ *മാംസം* എന്നും *രക്തം* എന്നും വിളിക്കുന്നു; അവനും നമ്മുടെ അതേ സ്വഭാവം ഉണ്ടായിരിക്കുക ആവശ്യമായിരുന്നു; തന്റെ മരണത്താൽ ഇന്നയിന്ന സംഗതികൾ അവൻ നമ്മിൽനിന്ന് അകറ്റിയതിനാൽ, തന്റെ സ്വഭാവത്താൽ അവനും നമ്മേപ്പോലെ ആയിരിക്കണം.

*"അവൻ വിശ്വസ്തനായിരുന്നു"* (3:2) എന്ന് അവൻ പറയുന്നു. അതായത്, തന്റെ വംശത്തിലുള്ള എല്ലാവരെക്കാളും അവൻ മഹത്ത്വത്തിൽ ശ്രേഷ്ഠനായിരുന്നതിനാൽ. അതുപോലെ താരതമ്യപ്പെടുത്തിയാൽ, ഈ മനുഷ്യനും, മറ്റെല്ലാ മനുഷ്യരേക്കാളും ശ്രേഷ്ഠനായി കാണപ്പെടും. *ഹെനാനാ* ഇപ്രകാരം പറയുന്നു: മോശ കൊല്ലുന്നതിൽ എന്നതുപോലെ ഇവൻ ജീവിപ്പിക്കുന്നതിൽ വിശ്വസ്തനായിരുന്നു. ലോകത്തെ മുഴുവനാണ് *തന്റെ ഭവനം* എന്ന് അവൻ വിളിക്കുന്നത്. മോശയോടുള്ള താരതമ്യത്താൽ അവിടുന്ന് മോശയ്ക്കു തുല്യനാണ് എന്ന് കരുതപ്പെടാതിരിക്കാൻ *"അവിടുത്തെ മഹത്ത്വം മോശയുടെതിനേക്കാൾ വളരെ വലുതാണ്"* എന്ന് അവൻ കൂട്ടിച്ചേർത്തു.

*"ഇന്ന് എന്ന് വിളിക്കപ്പെടുന്ന ദിവസം ഉള്ളതുവരെ"* (3:13): അതായത്, "പരസ്പരം ഉപദേശിക്കുവിൻ" എന്നു പറഞ്ഞാൽ, നിങ്ങളുടെ ജീവിതാവസാനം വരെ. കടന്നുവരുന്ന ഓരോ ദിവസവും *"ഇന്ന് എന്നു വിളിക്കപ്പെടുന്നു"*; നിങ്ങളും അപ്രകാരമാണല്ലോ പറയുക!

## 2

*"നമ്മുടെ ആദ്യത്തെ ആത്മവിശ്വാസം അവസാനംവരെ മുറുകെ പിടിക്കുമെങ്കിൽ മാത്രമേ നാം മിശിഹായിൽ പങ്കുകാരാവുകയുള്ളു"* (3:14). സ്വാഭാവികജന്മത്താൽ നാം ഏകമർത്യശരീരമാണ്; അതിന്റെ

www.malankaralibrary.com



ശിരസ്സ് ആദ്യത്തെ ആദവും. അതുപോലെ വീണ്ടും ജനനത്താലും മാമോദീസായാലും നാമെല്ലാം കൂടിക്കലരുകയും ഏകസത്യശരീരമായി തീരുകയുംചെയ്തു. അതിൻെറ ശിരസ്സ് മിശിഹായാണ്. ശിരസ്സിൽ നിന്നെന്നവണ്ണം അവനിൽനിന്ന് അവയവങ്ങളിലേക്ക് പരിശുദ്ധാത്മാവിൻെറ കൃപ ഒഴുകുന്നു; അവനുമായി നമുക്ക് സ്വാഭാവിക സംസർഗം ഉണ്ടായതിനാൽ അവിടുന്നു നമ്മെയെല്ലാം തന്നോടുകൂടി ഒന്നാക്കിത്തീർത്തു. അവിടുത്തോടുകൂടി സ്വാഭാവികവും വ്യക്തിപരവുമായ ഈ സംസർഗത്തിൻെറ ആരംഭം നമുക്കു ലഭിച്ചിരിക്കുന്നതിനാൽ, മാലിന്യരഹിതമായ ഹൃദയത്തോടുകൂടി അതു സംരക്ഷിക്കുക എന്നത് ഇപ്പോൾമുതൽ നമ്മിൽ നിന്നാവശ്യപ്പെടുന്ന കാര്യമാണ്.

*ഹെനാനാ* പറയുന്നു: "നാമെല്ലാം കൂടിച്ചേർന്ന് ഏകസത്യശരീരമായി തീർന്നിരിക്കുന്നു; അതിൻെറ ശിരസ്സ് മിശിഹായാണ്. ശിരസ്സിൽ നിന്ന് എന്നവണ്ണം അതിൽനിന്ന് എല്ലാ അവയവങ്ങളിലേക്കും കൃപ ഒഴുകുന്നു; അവിടുന്ന് നമ്മെ തന്നോടുകൂടി ഒന്നാക്കിത്തീർത്തു. അവിടുന്ന് നമുക്കായി സ്ഥാപിച്ചിരിക്കുന്ന ഉടമ്പടിയിൽ ആരംഭംമുതൽ അവസാനംവരെ ഉറച്ചുനിൽക്കുകയും നമ്മുടെ ആദ്യപിതാക്കന്മാർ വഴുതിമാറിപ്പോയതുപോലെ പോകാതിരിക്കുകയും ചെയ്താൽ, മേലിൽ ഈ കൂടിച്ചേരലിൽ മഹത്ത്വീകരിക്കപ്പെട്ടവരായും ആത്മീയരായും നാം നിലനില്ക്കും.

വാഗ്ദത്തനാട് എന്ന *വിശ്രമം*; അതിൽ അവർ നിയമം പാലിക്കാൻ കടപ്പെട്ടവരായിരുന്നു; നിയമത്തിൻെറയും പൗരോഹിത്യത്തിൻെറയും സ്ഥാപനം; നിയമത്തിലെ സർവസംഗതികളുടെയും ആരംഭം ഇതാകുന്നു. ഈ മൂന്നുകാര്യങ്ങളും പഴയനിയമത്തിൽ ഉള്ളതിനാൽ, മിശിഹായുമായി ബന്ധപ്പെട്ടവ അധികപ്പറ്റാണ് എന്ന് കാണിക്കാൻ യഹൂദർ ആഗ്രഹിച്ചു. ഇതാ, തേടിയവയെല്ലാംതന്നെ ആരംഭംമുതലേ പരിപൂർണതയിൽ ആയിരുന്നു എന്ന് അവർ പറയുന്നു. അതുകൊണ്ട്, അവ കുറവുകളുള്ളവയാണെന്നും സുസ്ഥിരമല്ലെന്നും എന്നാൽ മിശിഹായിൽ ഉള്ളവ സത്യവും വ്യതിയാനരഹിതവുമാണെന്നും അവയിൽ ഓരോന്നിനെപ്പറ്റിയും ശ്ലീഹാ കാണിക്കുന്നു.

അവൻ ആദ്യം *വിശ്രമത്തെപ്പററി* പറയുന്നു. *"വിശ്വസിച്ച നാം വിശ്രമത്തിലേക്കു പ്രവേശിക്കുന്നു... അതിനാൽ ദൈവജനത്തിന് ഒരു സാബത്തു വിശ്രമം ലഭിക്കാനിരിക്കുന്നു"* (4:3-9). അതുകൊണ്ട്

www.malankaralibrary.com



യഥാർത്ഥ *വിശ്രമം* മറ്റൊന്നാണ്; തന്നിൽ വിശ്വസിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നതാണത്. അതൊരു ഭാവി വിശ്രമമാണ്; അതേപ്പറ്റി ദാവീദ് പറഞ്ഞിട്ടുണ്ട് (സങ്കീ. 95:11). അതിൻെറ രഹസ്യം നാട്ടിലും ദിവസത്തിലും കാലത്തിലും മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്നു. *കാലത്തിൽ*, ഏഴാംദിവസം, ഏഴാം മാസത്തിൽ; നാട്ടിലെ *വിശ്രമത്തിൽ* അൻപതാംവർഷത്തിൽ സമ്പൂർണമായ ഉത്സവമാണ്. വലിയ സാബതായി അതിൻെറ സംഖ്യയുടെ പരിമാണത്തിൽ അത് നില നില്ക്കുന്നതിനായി ഏഴു വർഷങ്ങളുടെ സാബത്ദിവസം കറങ്ങിവരികയും ഇരട്ടിക്കുകയും ചെയ്തു. ഇതാണ് സത്യവിശ്രമം. അതിനാൽ വിശ്രമിക്കുന്നവർ അതിൽ നിന്ന് പിന്മാറുന്നില്ല. അതായത്, മിശിഹാ നമ്മെ എത്തിക്കുന്ന രാജ്യത്തിൽ നിന്ന്.

*"ദൈവത്തിൻെറ വചനം സജീവവും ഊർജ്ജസ്വലവും ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതും....ആണ്"* (4:12). എല്ലായിടത്തുമുള്ള അവിടുത്തെ എല്ലാത്തരം കർമങ്ങളെയും അവൻ *"ദൈവത്തിൻെറ വചനം"* എന്നു വിളിക്കുന്നു. ഇവിടെയും പ്രവൃത്തിക്കുപകരം, പരീക്ഷണങ്ങളെയും അവൻ *"ദൈവത്തിൻെറ പരിശോധന"* എന്നു വിളിക്കുന്നു; അതിനാലായിരിക്കും അവിടുന്നു നമ്മെ വിധിക്കുക. അവിടുന്ന് നമ്മുടെ പ്രവൃത്തികളുടെ കൃത്യമായ പരിശോധന നടത്തും; ശിക്ഷണവിധേയമായവയോട്, ഏതു വാളിനേക്കാളും കഠിനമായി..., മൃഗജീവനെയാണ് അവൻ *ആത്മാവ്* എന്ന് വിളിക്കുന്നതെന്ന് ചിലർ പറയുന്നു. എന്നാൽ സ്വഭാവത്തിലും വ്യക്തിത്വത്തിലുമുള്ളതിനെ ശരീരത്തിൽ നിന്ന് പുറപ്പെട്ടുപോയാൽ തന്നെയും അവൻ *അരൂപി* എന്നു വിളിക്കുന്നു.

പിന്നീട് അവൻ പൗരോഹിത്യത്തിലേക്കു തിരിയുന്നു. എല്ലാ നൈയാമികസംഗതികളുടെയും ആരംഭം അതാണല്ലോ: *"ആകയാൽ ഒരു മഹാപുരോഹിതൻ നമുക്കുള്ളതിനാൽ..."* (4:14) എന്ന് അവൻ പറയുന്നു. അവിടുത്തെ അവൻ *"മഹാപുരോഹിതൻ"* എന്നു വിളിക്കുന്നത്, സ്വർഗത്തിലേക്കുള്ള ആരോഹണത്തിൻെറ ആരംഭം അവിടുന്നായതിനാലത്രേ.

*കുമ്റാ* എന്ന നാമം *കഹനാ* എന്നതിനേക്കാൾ പ്രാചീനമാണ്; അതിൻെറ അർത്ഥം: "അവൻ എല്ലാം പറയുന്നു (കൊൽ ഓമാർ); എന്തുകൊണ്ടെന്നാൽ രാജാക്കന്മാർക്കും പ്രവാചകന്മാർക്കും പകരം എല്ലാം- ദിവ്യരഹസ്യസംഗതികളും അറിയാവുന്ന കാര്യങ്ങളും - അവിടുന്ന് പറയുകയും മനുഷ്യരോടു വിവരിക്കുകയും ചെയ്തു. "അവിടുന്ന് ശേഖരിക്കു

www.malankaralibrary.com



കയും അനേകരെ തൻെറ സേവനത്തിലേക്ക് ആനീതരാക്കുകയും ചെയ്യുന്നു" എന്ന് *മറ്റുള്ളവർ* അർത്ഥം പറയുന്നു. കാരണം, *ശേഖരിക്കുക* എന്ന വാക്കിന് ഹീബ്രുവിൽ കൂട്ടിച്ചേർക്കുക എന്നർത്ഥമാണ്; അതുപോലെ, *ക്മർ* എന്ന സുറിയാനി വാക്കിന് കൂട്ടിച്ചേർക്കുക , തന്നോടുകുടി ഒന്നിച്ചുകൂട്ടുക എന്നൊക്കെ അർത്ഥമുണ്ട്. "എഴുന്നേറ്റ് മേയ്ക്കുക" എന്നാണ് *കുമ്റാ* എന്ന വാക്കിൻെറ അർത്ഥമെന്ന് *വേറെ ചിലർ* പറയുന്നു. *നിനിവേക്കാരൻ യോഹന്നാൻ* പറയുന്നു: *കുമറൂസാ* (ദുഃഖം) എന്നതിൽ നിന്നാണ് *കുമ്റാ* എന്ന വാക്ക്. തന്നെപ്രതിയും ജനത്തെപ്രതിയും അവൻ ദുഃഖിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു. മിശിഹാ *കുമ്റാ* എന്നു വിളിക്കപ്പെടുന്നു; കാരണം അതാണ് കഹനാ എന്ന വാക്കിനേക്കാൾ കൂടുതൽ പുരാതനവും കൂടുതൽ വ്യക്തിപരവും ആയ നാമം.

ആദ്യമായും സുപ്രധാനമായും *കുമ്റാ* എന്ന ഈ പേരിനാൽ ദൈവത്താൽ വിളിക്കപ്പെട്ടത് മൽക്കീസദേക്കാണ് (സങ്കീ. 110:4). എന്നാൽ ദൈവം നമുക്കുവേണ്ടി ചെയ്തവ, മറ്റുകാര്യങ്ങളിലെന്നപോലെ ഇതിലും സാത്താൻ കട്ടെടുക്കുകയും അനുകരിക്കുകയും ചെയ്തു. അവനും തൻെറ ആരാധകർക്ക് ഈ പൗരോഹിത്യനാമം (*കുമ്റൂസാ*) നൽകി. അതുകൊണ്ട്, സഭാസന്താനങ്ങളായ വൈദികരെ *കുമ്റാ* എന്ന നാമം കൊണ്ട് വിളിക്കുന്നതിൽ നിന്ന് നീതിയുടെ മക്കൾ തടയപ്പെട്ടു. ദുഷ്ടരെയും നീതിമാന്മാരെയും ഒരേ പേരുചൊല്ലി വിളിക്കുന്നതുവഴി ശ്രോതാക്കൾക്ക് ഇടർച്ച ഉണ്ടാകാതിരിക്കാനായിരുന്നു അത്. *കഹ്നീൻ* (വൈദികൻ) എന്നത് "ഈലോകം എല്ലാം പിടിച്ചിരിക്കുന്നവൻ" എന്ന് വ്യാഖ്യാനിക്കപ്പെടുന്നു. അവർ ഇപ്രകാരം (കഹനാ എന്ന്) വിളിക്കപ്പെട്ടത് രണ്ടു കാരണങ്ങളാലാണ്: ഒന്ന്, പേഗൻ പുരോഹിതരുടെ (*കുമ്റാ*) തെറ്റ് അവസാനിപ്പിക്കാൻ. ജനതതികളെയെല്ലാം അത് കീഴടക്കിയിരിക്കയായിരുന്നല്ലോ. രണ്ട് സംഗതികളുടെ ഉറപ്പുള്ള തെളിവുകൾക്ക്; കാരണം, അവർ എല്ലാം മുറുകെ പിടിച്ചിരുന്നു. വിധിക്കാനും കുറ്റവിമുക്തരാക്കാനും സംസാരിക്കാനും പഠിപ്പിക്കാനുമെല്ലാം എല്ലാറ്റിന്മേലും അവർക്ക് അധികാരം ഉണ്ടായിരുന്നു- *കഹനാ* എന്നാൽ "ഇത് കൊല്ലുക" എന്നാണർത്ഥം എന്ന് മറ്റുചിലർ; അതായത് ബലി.

*"ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു"* (5:5): അതായത് ഉത്ഥാനത്തിലും അമർത്യതയിലും എന്നിത്യാദി. അതുപോലെ, അവിടുന്ന് ജഡമെടുത്തപ്പോഴും എന്നിത്യാദി. അതായത്, അവിടുന്ന് പീഡാനുഭവ

www.malankaralibrary.com



ത്തിനു വിധേയനായപ്പോൾ. *"അവൻ തൻെറ ജഡത്തിൻെറ നാളുകളിൽ"* എന്ന് ഗ്രീക്ക് (5:7). തൻെറ പീഡാനുഭവകാലത്തെയാണ് *"തൻെറ ജഡത്തിൻെറ നാളുകൾ"* എന്ന് അവൻ വിളിക്കുന്നത്. *"ദൈവത്തിന് അനേകം പ്രാർത്ഥനകൾ അർപ്പിച്ചു"*. "അത് കേൾക്കപ്പെടുകയും അവൻ ഉത്ഥാനം പ്രാപിക്കുകയും ചെയ്തു. മററുചിലർ: അവൻെറ യാചന നിഷ്ഫലമായില്ല; അവൻ തൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. അത് തിരികെ ലഭിക്കുകയും ചെയ്തു.

*ഹെനാനാ* പറയുന്നു: ജീർണതയുടെയും മർത്യതയുടെയും അടയാളമായ ബലഹീനതയെ ജഡം ധരിച്ചു. എല്ലാ പ്രകൃതികളും അവയുടെ ഗുണത്താൽ അറിയപ്പെടുന്നു. *പ്രാർത്ഥനകളും അപേക്ഷകളും കണ്ണുനീരുകളും നിലവിളികളും* (5:7) യഥാർത്ഥസ്വഭാവത്തിനു സാക്ഷ്യം നൽകുന്നു എന്നത് വ്യക്തമാണല്ലോ. അവിടുത്തേക്ക് മരണത്തെ ഭയക്കേണ്ടതുണ്ടായിരുന്നു; കഷ്ടപ്പെടുകയും കണ്ണീരൊഴുക്കുകയും അതിൽ നിന്ന് വിടുതൽ അപേക്ഷിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. എന്നാൽ ദൈവവചനമല്ല... എന്നിത്യാദി.

*"അവിടുന്ന് പുത്രനായിരുന്നിട്ടും"* (5:8): അവിടുന്ന് ചെയ്തവയെല്ലാം അധികാരത്തോടുകൂടിയത്രേ ചെയ്തത്. എങ്കിലും മരണം നീക്കി എന്നതിൻെറ ഉറപ്പിനും അതിൽ നിന്നുള്ള വിമോചനത്തിനുമായി, *അവൻ സഹിച്ച ഭയവും പീഡകളും നിമിത്തം അവൻ അനുസരണം അഭ്യസിച്ചു*(5:8). മനുഷ്യൻെറ ക്ലേശങ്ങളുടെ ആധിക്യം എത്രമാത്രമാണെന്ന് അവൻ അറിഞ്ഞു എന്ന് അവൻ പറയുന്നു. മർത്യതയുടെ ക്ലേശങ്ങളിൽ നിന്നുള്ള വിടുതലിനായി അപേക്ഷിച്ചുകൊണ്ട് അവരും അനുസരിക്കുക ഉചിതമാണ്. ഇപ്രകാരം തന്നിലുള്ള ദൈവത്താൽ അവൻ പരിപൂർണനാക്കപ്പെട്ടു (5:9). അവിടുന്ന് എന്തിനുവേണ്ടി സഹിക്കുകയും എന്തിനാൽ പരീക്ഷണവിധേയനാകുകയും ചെയ്തുവോ, അത് അവനിലൂടെ പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു.നമ്മുടെ കർത്താവും ദൈവവുമായവൻ തൻെറ പീഡാനുഭവത്തിൻെറ അവസരം, ഉയർന്ന സ്വരത്തിൽ പ്രാർത്ഥിച്ചു എന്ന് സുവിശേഷകർ ആരുംതന്നെ രേഖപ്പെടുത്താതിരിക്കെ, *"അവിടുന്ന് ശക്തിയേറിയ നിലവിളി സമർപ്പിച്ചു"* എന്ന് ശ്ലീഹാ പറയുന്നത് എന്തുകൊണ്ടാണ് എന്ന് ചോദിച്ചേക്കാം. സംഭവിക്കാത്തതൊന്നും ശ്ലീഹാ രേഖപ്പെടുത്തിയിട്ടില്ല എന്നു നാം പറയുന്നു. അവനിതു പാരമ്പര്യമായി ശിഷ്യരിൽ നിന്നോ, വെളിപാടു വഴിയോ ലഭിച്ചതാകാം. എന്നാൽ ഇവിടെ

www.malankaralibrary.com



പീഡാനുഭവത്തിന് മുമ്പുള്ള പ്രാർത്ഥനയും *'ഏലി, ഏലി'* എന്ന നില വിളിയുമാകാം അവനുദ്ദേശിച്ചത് എന്ന് എനിക്കു തോന്നുന്നു.

*"അവൻെറ പ്രാർത്ഥന കേട്ടു"* (5:7): വേദനയിൽ നിന്നുള്ള വിടുതലാൽ അല്ല; കാരണം, അവിടുന്ന് അതിനായി പ്രാർത്ഥിച്ചില്ല. മറിച്ച്, താൻ മരിച്ച് എല്ലാവരെയും സ്വതന്ത്രരാക്കണമെന്നാണ് അവിടുന്നാഗ്രഹിച്ചത്; ഇതായിരുന്നു അവിടുത്തെ ആഗമനോദ്ദേശ്യം! *"അവൻ അനുസരണം അഭ്യസിച്ചു"* (5:8): 'അവിടുന്നു ദൈവത്തെ അനുസരിച്ചു' എന്നല്ല ഇവിടെ അനുസരണത്തിൻെറ അർത്ഥം. പിന്നെയോ, അവൻെറ പ്രാർത്ഥന ദൈവം ശ്രവിക്കുകയും അവൻെറ യാചനയ്ക്ക് ഉത്തരമരുളുകയും ചെയ്തു എന്നത്രേ. *"അവൻെറ പ്രാർത്ഥന കേട്ടു"* (5:7) എന്നതിൻെറ അർത്ഥം ഉയരത്തിൽനിന്ന് അവന് പ്രതിഫലം ലഭിച്ചു എന്നാണ്. 'അനുസരിക്കാൻ അവിടുന്ന് ഇപ്പോൾ പഠിച്ചു' എന്ന് പറഞ്ഞിട്ടില്ല; കാരണം, എപ്പോഴും സുസജ്ജമായ മനസ്സോടുകൂടി അവിടുന്ന് പരിപൂർണമാക്കുകയും ഇത് പൂർത്തീകരിക്കുകയും ചെയ്തു.

*"പരിപൂർണനാക്കപ്പെട്ടു"*(5:9): അവിടുന്ന് നേരത്തെ പൂർണനായിരുന്നില്ല എന്നു വരുന്നില്ല എന്ന് സുവ്യക്തം. തൻെറ അധ്വാനത്തിൻെറ പ്രതിഫലങ്ങളിലൂടെയും പീഡകളിലൂടെയും കേൾക്കപ്പെടുകയും സമ്മാനമായി പരിപൂർണത സ്വീകരിക്കുകയും ചെയ്ത ആ പുത്രൻ ആരാണ്? കൃത്യതയുള്ള ആളുകൾക്ക് അത് അജ്ഞാതമാണ്!

*"ഒരിക്കൽ സ്നാനജലത്തിൽ ഇറങ്ങുകയും രുചിക്കുകയും ചെയ്തവർക്ക്... അസാധ്യമാണ്"* (6:4-6). ഈ വാക്കുകളുടെ കാരണം ഇതാണ്: മിശിഹായിൽ വിശ്വസിക്കുകയും പരിശുദ്ധാത്മാവിൻെറ കൃപയ്ക്ക് യോഗ്യരായിതീരുകയും "വരാനിരിക്കുന്ന ലോകത്തിൻെറ ശക്തി മനസ്സിലാക്കുകയും മരിച്ചവർ ഉയിർക്കുമെന്നും നീതിമാന്മാർ പ്രകാശിതരാകുമെന്നും ഗ്രഹിക്കുകയും ചെയ്തവർ, ബലഹീനർ ആകാൻ ഇടയായി പിറകോട്ടു പോകുകയും നിയമത്തിൻെറ നിഴലുകൾ പഠിക്കുകയും പിന്നീട് മിശിഹായിലുള്ള വിശ്വാസത്തിലേക്ക് തിരിച്ചുവരികയും, അശുദ്ധർ അനേക തവണ കഴുകണം എന്ന നിയമാനുശാസനം അനുസരിച്ച് പുതുതായി സ്നാനപ്പെടാൻ ആഗ്രഹിക്കുകയും ചെയ്താൽ അവർക്ക് രണ്ടാം സ്നാനംവഴിയുള്ള അനുതാപത്തെ ശ്ലീഹാ തടയുന്നു. നമ്മുടെ സ്നാനം നിയമത്തിലെ സ്നാനത്തിനു തുല്യമല്ല; എല്ലാ പാപങ്ങൾക്കുമാണ് അവർ സ്നാനപ്പെട്ടത്. എന്നാലിവിടെ ഒരേ ഒരു സ്നാനമേയുള്ളു. അത്

www.malankaralibrary.com



മരണത്തിൻെറയും ഉത്ഥാനത്തിൻെറയും അടയാളമാണ്. അതുവഴി നാം മിശിഹായോടുകൂടി ക്രൂശിക്കപ്പെടുകയും മരിക്കുകയും ഉത്ഥിതരാകുകയും ചെയ്തിരിക്കുന്നു. ഒരു രണ്ടാം സ്നാനം വീണ്ടും സ്വീകരിക്കാനായി നാം തിന്മയിലേക്ക് വഴുതി വീണാൽ, അത് അസാധ്യമായ സംഗതി തന്നെയാണ്.

മിശിഹാ പുതുതായി ക്രൂശിക്കപ്പെടുക അസാധ്യമാണ്. *"ദൈവപുത്രനെ അവർ ക്രൂശിക്കുന്നു"* (6:6) എന്ന വാക്കിൻെറ അർത്ഥമിതാണ്. അതുപോലെ വീണ്ടും നമുക്ക് സ്നാനം സ്വീകരിക്കാൻ ആവില്ല. എന്നാൽ പാപികളുടെ അനുതാപം നാം നിരസിക്കണം എന്നല്ല അവൻ പറഞ്ഞതിൻെറ അർത്ഥം. അല്ലെങ്കിൽ, *"അവർ വീണ്ടും ദൈവപുത്രനെ ക്രൂശിക്കുന്നു"* എന്ന് അവൻ പറയുന്നത് അധികപ്പറ്റായി പോകുമായിരുന്നു. ഒരിക്കൽ സ്നാനപ്പെടുകയും, പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും, സ്വർഗീയമായ നല്ല വസ്തുക്കളുടെ പ്രത്യാശയിൽ കഴിയുകയും ചെയ്തവർ എല്ലാ ശാരീരിക മാലിന്യങ്ങൾക്കും ജലസ്നാനം നടത്തണം എന്ന നിയമാനുശാസനം പോലെ സ്നാനംവഴി വീണ്ടും ശുദ്ധീകരിക്കപ്പെടും എന്ന പ്രതീക്ഷയിൽ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചാൽ, അത് അത്ര എളുപ്പമുള്ള കാര്യമല്ല എന്ന് അവൻ കാണിക്കുന്നു. എന്നാൽ സ്നാനം വഴി മിശിഹാ നമ്മെ ആത്മാവിൻെറ മാലിന്യത്തിൽനിന്ന് വിമുക്തരാക്കുന്നു; അവിടുന്ന് ഒരിക്കൽ മരിച്ച് ഉത്ഥാനം ചെയ്തതുപോലെ, നാം അവൻെറ മരണത്തിലേക്കാണ് സ്നാനപ്പെടുന്നത്. നമ്മുടെ ആദ്യസ്നാനത്തിൽ നമുക്ക് ഒരു ഗുണവും ലഭിച്ചില്ല എന്ന മട്ടിൽ നമുക്ക് ഒരിക്കൽ നൽകപ്പെട്ട കൃപ യാഥാർത്ഥ്യമാകാൻ നാം ഓരോ മണിക്കൂറിലും സ്നാനപ്പെടുകയും അതിനെ രണ്ടാമത്തേത് എന്നു വിളിക്കുകയും ചെയ്യുന്നത് ആക്ഷേപാർഹം അല്ലയോ? ചുരുക്കത്തിൽ അവൻ അനുതാപത്തെ നിരസിക്കുന്നില്ല; പിന്നെയോ, രണ്ടാമതൊരു ജലസ്നാനം തള്ളിക്കളയുന്നു.

*"പെയ്ത മഴവെള്ളം കുടിക്കുന്ന ധര"* (6:7): ധാരാളം മഴവെള്ളം കുടിച്ചവർ: ആദ്യപ്രവാചകന്മാരുടെയും, പില്ക്കാല ശ്ലീഹന്മാരുടെയും പ്രബോധനം ലഭിക്കുകയും, സ്നാനംവഴി മിശിഹായുടെ അവയവങ്ങൾ ആയിതീരുകയും ചെയ്തവർ; പ്രയോജനകരമായ ഫലങ്ങൾ അവരിൽ കണ്ടാൽ മിശിഹായിലൂടെ ആത്മാവിൻെറ എല്ലാ അനുഗ്രഹങ്ങളോടും കൂടെ അവർ സ്വർഗത്തിൽ അനുഗൃഹീതരാകുന്നു. മറിച്ച് കാണപ്പെട്ടാൽ, അവർ നരകാഗ്നിക്കായി സൂക്ഷിക്കപ്പെടും.

www.malankaralibrary.com



# 3

*"മാറ്റമില്ലാത്തതും ദൈവത്തെ സംബന്ധിച്ച് വ്യാജമാകാത്തതുമായ രണ്ടു കാര്യങ്ങളിലൂടെ"* (6:18): അതായത്, ദൈവമാണ് വാഗ്ദാനം ചെയ്യുന്നത് എന്നതിനാലും, ശപഥങ്ങൾകൊണ്ട് അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്നത് മാറ്റിമറിക്കാൻ അവിടുത്തേയ്ക്കു കഴിയാത്തതിനാലും. നാം *യോഹന്നാനിൽ* വിശദീകരിച്ചതുപോലെ *"അവിടുത്തേയ്ക്ക് കഴിയില്ല"* എന്ന് ഏഴു രീതിയിൽ പറഞ്ഞിരിക്കുന്നു.[10] ഇവിടെ കേവലമായ അസാധ്യതയെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്.

അഞ്ചു കാര്യങ്ങളിൽ മിശിഹായെ മൽക്കീസദെക്കുമായി ശ്ലീഹാ താരതമ്യപ്പെടുത്തുന്നു. ഒന്ന് പേരിൽ. രാജാവ് എന്നും നീതിമാൻ എന്നും മൽക്കീസദെക്ക് എന്ന നാമം വിശദീകരിക്കപ്പെടുന്നു. അവിടുന്ന് യാതൊരു ദുഷ്ടതയും പ്രവർത്തിച്ചില്ല എന്നതിൻെറ അടയാളമാണിത്; അവൻെറ വായിൽ വഞ്ചന ഇല്ലായിരുന്നു (1 പത്രോ. 2:22). അവിടുന്ന് യുദ്ധത്തിൻെറ അല്ല, സമാധാനത്തിൻെറ രാജാവാണ്; തൻെറ കുരിശാൽ ശത്രുതയെ നിഹനിക്കുകയും, വന്ന് ദൂരസ്ഥർക്കും സമീപസ്ഥർക്കും സമാധാനം പ്രസംഗിക്കുകയും ചെയ്ത അവൻെറ ഒരുപമ ആണത്. രണ്ട്, സ്ഥലത്തുനിന്ന്: കാരണം, മൽക്കീസദെക്ക് ജറൂസലേമിൽനിന്നാണ് ഭരിച്ചതും ശുശ്രൂഷിച്ചതും. സ്വർഗീയ ജറുസലേമിൻെറ ഒരുപമ ആണത്. മൂന്ന്, അവൻ പൗരോഹിത്യം, രാജത്വം എന്നീ രണ്ട് വ്യാപാരങ്ങൾ നടത്തിയതിനാൽ, പുരോഹിതനും രാജാവുമായ മിശിഹായുടെ രഹസ്യം രൂപീകരിക്കാനാണ് ചെയ്തത്. നാല്, പുരോഹിതരെപ്പോലെ മൃഗങ്ങളുടെ ബലി അർപ്പിച്ചില്ല, അപ്പവും വീഞ്ഞും എന്ന പദാർത്ഥങ്ങൾ കൊണ്ടാണ് അവൻ ശുശ്രൂഷ ചെയ്തത്. തൻെറ വ്യക്തിത്വത്തിൻെറ ശ്രേഷ്ഠതയാലും പ്രാർത്ഥനയാലും, ഈ പദാർത്ഥങ്ങളിൽ ഉണ്ടായിരുന്ന മിശിഹായുടെ ശരീരത്തിൻെറയും രക്തത്തിൻെറയും രഹസ്യം രൂപീകരിച്ചു. അഞ്ച്, മാതാപിതാക്കളിൽനിന്ന് അവനു ജന്മനാ അല്ല പൗരോഹിത്യം കിട്ടിയത്; അവൻ അതു മറ്റൊരാൾക്കു കൈമാറിയതുമില്ല; മിശിഹായും അപ്രകാരമായിരുന്നു.

---

10. ജി. ചേടിയത്ത്, *ഈശോദാദ്, സുവിശേഷഭാഷ്യം*, പേജ് 352-3.

www.malankaralibrary.com



മൂലമാതൃകയും[11] മോഡലും മിശിഹായും, മൽക്കീസദെക്ക് മാതൃകയും മിശിഹായുടെ സാദൃശ്യവും മാത്രമായിരിക്കെ, എന്തുകൊണ്ടാണ് മിശിഹായെ മൽക്കീസദെക്കുമായി താരതമ്യപ്പെടുത്തുന്നത്? മൽക്കീസദെക്കിനെ മിശിഹായുമായിട്ടല്ലേ താരതമ്യപ്പെടുത്തേണ്ടിയിരുന്നത്? ശരീരം നിഴലുകൊണ്ടല്ലല്ലോ ഉണ്ടാകുക, നിഴലല്ലേ ശരീരം കൊണ്ടുണ്ടാകുക? കാലത്തിൽ മൽക്കീസദേക്ക് മിശിഹായ്ക്കു മുമ്പ് വന്നതിനാൽ, "നീ മിശിഹായുടെ സാദൃശ്യത്തിൽ എന്നേയ്ക്കും പുരോഹിതനാണ്? എന്ന് മൽക്കീസദേക്കിനെപ്പറ്റി പറഞ്ഞാൽ, അത് മനുഷ്യർക്കു മനസ്സിലാകുന്ന ഭാഷ ആയിരിക്കുകയില്ല! അങ്ങനെ പറഞ്ഞാൽ ആദം ശേതിനും, ദാവീദ് സോളമനും, സദൃശ്യരായിരുന്നു എന്നു പറയുന്നതുപോലെ ഇരിക്കും.

മൽക്കീസദേക്ക് ജീവിക്കുന്നു എന്ന് എവിടെനിന്ന് ശ്ലീഹാ ഗ്രഹിച്ചു? എന്തിനാണ് ഇതു പറഞ്ഞിരിക്കുന്നത്? മൽക്കീസദേക്ക് ഇപ്പോഴും ജീവിക്കുന്നോ? എന്നൊക്കെ ചിലർ സംശയിക്കുന്നു. താർക്കിക രീതി പ്രബോധനരീതിയിൽ നിന്നു വ്യത്യസ്തമാണെന്ന് നാം പറയുന്നു. താർക്കിക ലക്ഷ്യം, സർവാത്മനാ സൂത്രം പ്രയോഗിച്ചുപോലും, എതിരാളിയെ തറപറ്റിക്കുക എന്നതാണ്; അവിടെ സത്യത്തിന് വലിയ സ്ഥാനം കാണണമെന്നില്ല. *എഡേസ്സായിലെ തോമസ്* പറയുന്നു: "തർക്കത്തിൽ എതിരാളിയെ പരാജയപ്പെടുത്തിയശേഷം സത്യ സംസ്ഥാപനാർത്ഥം. മറ്റൊരു ചർച്ച ആവശ്യമാണ്. അതാണ് തർക്കത്തിൻെറ സ്വഭാവം! പണ്ഡിതർക്കു സുവ്യക്തമായിരിക്കുന്നതുപോലെ, ഇവിടെ ശ്ലീഹായ്ക്കു താർക്കിക ലക്ഷ്യമാണുള്ളത്. യഹൂദർ അബ്രഹാമിനോടുള്ള തങ്ങളുടെ ബന്ധത്തിലും നിയമത്തിലും പൗരോഹിത്യത്തിലും അഭിമാനിച്ചിരുന്നു. ശ്ലീഹായാകട്ടെ, അവരുടെ ഈ വീമ്പടിക്കൽ തകർക്കുന്നതിനും മിശിഹായിൽ ഉള്ള പ്രശംസ വർദ്ധിപ്പിക്കുന്നതിനുമായി പറയുന്നു: *"ഇവിടെ, മരണമുള്ള മനുഷ്യർ ദശാംശം വാങ്ങുന്നു. അവിടെയാകട്ടെ,....."* (7:8).

"മൽക്കീസദെക്ക് ജീവിച്ചിരിക്കുന്നു" എന്ന് തിരുലിഖിതത്തിൽ എവിടെയാണു പറഞ്ഞിരിക്കുന്നത്? ഒരു ശബ്ദം കൊണ്ടല്ല, പിന്നെയോ, ശക്തികൊണ്ടാണ് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നത്. കാരണം അനേക കാര്യങ്ങളിൽ അവനെ മഹത്ത്വപ്പെടുത്തിയശേഷം, അവൻെറ മരണം

11. prototype

www.malankaralibrary.com



രേഖപ്പെടുത്താതെ അവനെ ജീവനോടെ വിട്ടിട്ട് കടന്നുപോകുന്നു. ഒരിടത്ത് *"എന്നേക്കും"* എന്ന് അവനോടുകൂടി ചേർക്കുന്നു: *"നീ മൽക്കീസദെക്കിൻെറ ക്രമപ്രകാരം എന്നേയ്ക്കും ഒരു പുരോഹിതനാകുന്നു"* പുരോഹിതൻ എന്നേയ്ക്കും ജീവിക്കുന്നവനായി കണ്ടെത്തപ്പെട്ടു എന്നു പറയപ്പെടുന്നു. അതായത്, അവൻെറ പൗരോഹിത്യം അവനിൽതന്നെ നിലനിന്നു എന്നു വേണമെങ്കിൽ പറയാം: എന്തുകൊണ്ടെന്നാൽ വൈദിക ക്രമാനുസൃതം അവൻ അത് മറ്റൊരാൾക്കു കൈമാറിയില്ല. ഈ രീതിയിൽ പൗലോസ് അവൻ ജീവിക്കുന്നവനായി അറിഞ്ഞു; എന്നാൽ സ്വഭാവത്താലേ അല്ല. തിരുലിഖിതാനുസൃതം "അവൻ ജീവിക്കുന്നു" എന്ന് അവൻ വെറുതെ പറഞ്ഞില്ല; പിന്നെയോ, 'അവൻ ജീവിക്കുന്നു' എന്ന് തിരുലിഖിതം പറഞ്ഞു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചുരുക്കത്തിൽ, മൽക്കീസദെക്കിൻെറ പൗരോഹിത്യത്തെ ശ്രേഷ്ഠമാക്കിക്കൊണ്ട്, അതിനോടുള്ള താരതമ്യത്താൽ നൈയാമിക പൗരോഹിത്യത്തെ നിരസിക്കാനാണ് അവൻ ഈ ബദ്ധപ്പാടെടുക്കുന്നത്; എന്നാൽ ഇവ രണ്ടിനോടും താരതമ്യപ്പെടുത്താതെ, ഇവയ്ക്കു രണ്ടിനും ഇടയിൽ, മിശിഹായുടെ പൗരോഹിത്യത്തിൻെറ ബഹുമാനം നീതിപൂർവം സംരക്ഷിക്കാനും അവൻ പണിപ്പെടുന്നു. ഇതിൻെറ രൂപം, അതായത് മൽക്കീസദെക്കിൻെറ പൗരോഹിത്യം, നിയമത്തിലെ പൗരോഹിത്യത്തേക്കാൾ വളരെ ഉന്നതമാണെന്ന് തിരുലിഖിതം കാണിക്കുന്നെങ്കിൽ, മൂലരൂപം എത്രയേറെ മനോഹരമായിരിക്കും?

*"അവിടുന്ന് മറ്റൊരു ഗോത്രത്തിൽ നിന്നാണ്"* (7:13); അതായത് യൂദാഗോത്രത്തിൽ നിന്ന്; ലേവി ഗോത്രത്തിൽ നിന്നല്ല. *"നിയമം ഒന്നിനെയും പൂർണതയിൽ എത്തിച്ചിട്ടില്ല"* (7:19): പ്രതിഫലത്താൽ നീതിമാന്മാരെയോ, പ്രായശ്ചിത്തത്താൽ പാപികളെയോ; മറിച്ച്, അത് നീതിമാന്മാരെ പീഡിപ്പിച്ചു; പാപികളെ ഞെരുക്കി. അതുകൊണ്ട് നിയമം കടന്നുപോയി; അതു പാപികളുടെ പ്രത്യാശ വെട്ടിമാറ്റി. അതിനു പകരം നീതിമാന്മാരെ പീഡിപ്പിക്കാത്തതും അനുതാപത്തിൽ നിന്നു പാപികളെ നിരസിക്കാത്തതുമായ മെച്ചപ്പെട്ട പ്രത്യാശ സമാഗതമായി (7:19). *"അവൻ അവർക്കുവേണ്ടി പ്രാർത്ഥന സമർപ്പിക്കുന്നു"* (7:25): അവിടുത്തേക്ക് പ്രാർത്ഥന ആവശ്യമുണ്ടായിട്ടല്ല; പിന്നെയോ, അവിടുത്തെ അവൻ *'മഹാപുരോഹിതൻ'* എന്നു വിളിച്ചതിനാൽ, മഹാപുരോഹിതൻെറ ജോലിയായ പ്രാർത്ഥനയും അവൻ അവന് ആരോപിക്കുന്നു.

www.malankaralibrary.com



# 4

*"നിനക്കു കാണിച്ചുതന്ന മാതൃക അനുസരിച്ച് എല്ലാം ചെയ്യാൻ ശ്രദ്ധിച്ചുകൊള്ളുക"* (8:5): അവർ ഉണ്ടാക്കേണ്ട രൂപത്തിൻെറ മാതൃക അവിടുന്ന് അവനെ കാണിച്ചു; വസ്തുക്കളുടെ സ്വഭാവവും സത്തയും അവയിൽ അനുകരിക്കാൻ അവനോടു കല്പിച്ചില്ല; കാരണം മാതൃകയും രൂപവും യാഥാർത്ഥ്യത്തിൽനിന്നു വളരെ അകലെയാണ്. അത് ഒരു സാധാരണരൂപം ആയിരുന്നു. അവർ ദൈവത്തെ ശുശ്രൂഷിച്ച ആലയത്തെയും കൂടാരത്തെയും *"ലൗകികമായ വിശുദ്ധ സ്ഥലം"* എന്ന് അവൻ വിളിക്കുന്നു (9:1). ഈ ലോകത്തിൻെറ രൂപത്തിൽ മോശ അതു ക്രമീകരിച്ചതിനാലാണ് *"ലൗകികമായത്"* എന്ന് അതിനെ വിളിച്ചത്. ഈ ലോകത്തിൽ മനുഷ്യർക്ക് അധ്വാനങ്ങളും ക്ലേശങ്ങളും ഉള്ളതുപോലെ, അതിനെ സംബന്ധിച്ചും ഉണ്ടായിരുന്നു.

*"പരിശുദ്ധാത്മാവ് ഇതിനാൽ സൂചിപ്പിക്കുന്നു"* (9:8): അതായത്, 'ആദ്യനിയമത്തിലെ രണ്ടു കാര്യങ്ങൾ സ്ഥാപിച്ചതും മുൻരൂപീകരിച്ചതും അവിടുന്നാണ്, എന്നതാണ് 'പരിശുദ്ധാത്മാവ് സൂചിപ്പിക്കുന്നു' എന്നതിൻെറ അർത്ഥം. *"വിശുദ്ധരുടെ വഴി വെളിവാക്കപ്പെട്ടിട്ടില്ല"* എന്ന് പുരാതന പ്രവാചകന്മാർ വഴിയും പില്ക്കാല ശ്ലീഹന്മാർ വഴിയും അവിടുന്ന് അറിയിച്ചു. സ്വർഗീയ വാസസ്ഥലങ്ങളിലേക്ക് മിശിഹായിൽ അത് ഉടനെ ഉണ്ടാകുവാനിരിക്കുന്നതാണ്. ഈ ലോകസന്ധാരണത്തിനുവേണ്ടി നിശ്ചയിച്ച സമയത്തിന് അനുസൃതമായി മഹാപുരോഹിതൻെറ തനിച്ചുള്ള പ്രവേശനത്താൽ ഇത് രൂപീകരിക്കപ്പെടണം. ഇതിനാൽ ഒരാൾ കയറുക ആവശ്യമായിരുന്നു; എന്നാൽ കാലം തികയുകയും വഴി തുറക്കപ്പെടുകയും ചെയ്തപ്പോൾ പ്രതീകം അവസാനിക്കേണ്ടത് ആവശ്യമായിരുന്നു. ഇക്കാരണത്താൽ, എഴുന്നെള്ളിവന്ന് പ്രവേശിക്കാൻ ഉള്ളവൻെറ പ്രതീകമായി മഹാപുരോഹിതൻ എല്ലാവർഷവും പ്രവേശിച്ചിരുന്നു (9:7). ഇപ്പോൾ അവിടുന്ന് കടന്നുവന്ന് പ്രവേശിക്കുകയും, ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്യുമ്പോൾ, ആര് കയറുകയാണ് ആവശ്യമായിരിക്കുന്നത്? കാരണം, പ്രവേശിച്ചവനിലൂടെ പാപമോചനവും വിശുദ്ധിയും എല്ലാ മനുഷ്യരിലേക്കും ഒഴുകുന്നു.

മിശിഹായിലൂടെ അല്ലാതെ, *"സമർപ്പകൻെറ മനസ്സാക്ഷിയെ പൂർണമാക്കാൻ കഴിയാത്ത വസ്തുക്കൾ"* (9:9): അവർ മർത്ത്യരും പാപത്തിൻ

www.malankaralibrary.com



കീഴിൽ അടയ്ക്കപ്പെട്ടവരും ആയിരുന്നതിനാൽ, പാപത്തിൽനിന്നു രക്ഷ പെടാൻ അത് അവരെ ഒട്ടും അനുവദിക്കുന്നില്ല എന്ന് അവൻ പറയുന്നു. നേരത്തെയുള്ള പാപങ്ങൾ മോചിക്കപ്പെട്ടെങ്കിലും പില്ക്കാല പാപ ങ്ങൾ അവയ്ക്കു പിറകേ വന്നു. അവർ ചെയ്ത പാപങ്ങളിൽനിന്ന് ഈ കാഴ്ചകൾ അവരെ രക്ഷപെടുത്തിയിരുന്നില്ല; കാരണം, കൊലപാതകം, വ്യഭിചാരം, ദൈവദൂഷണം തുടങ്ങിയവ പ്രവർത്തിച്ചവർക്കുള്ള ശിക്ഷ നിശ്ചയിക്കപ്പെട്ടിരുന്നു; ശിക്ഷ നിശ്ചയിക്കപ്പെടാത്ത തെറ്റുകുറ്റങ്ങൾ മാത്രമേ ഈ കാഴ്ചകൾ മോചിച്ചിരുന്നുള്ളു. വിവിധതരം മാംസങ്ങൾ, പാനീയങ്ങൾ, ശുദ്ധീകരണത്തിനു നൽകപ്പെട്ട വിവിധതരം ക്ഷാളനങ്ങൾ എന്നിവ അക്കൂട്ടത്തിൽ പെടുന്നു. നിശാസ്കലനം, മാസമുറ, കുഷ്ഠ ബാധ തുടങ്ങി സ്വാഭാവികമായി സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധി ച്ചുള്ള നിബന്ധനകളെ അവൻ *"ശാരീരിക കല്പനകൾ"* എന്നു വിളി ക്കുന്നു.

അവയെല്ലാം *"പുനസ്ഥാപനകാലംവരെ"* (നട. 3:21) നിശ്ചയിക്ക പ്പെട്ടിരിക്കുന്നു എന്ന് അവയെപ്പറ്റി അവൻ ശരിയായി പറഞ്ഞിരിക്കുന്നു; അതായത്, നമ്മെ സംബന്ധിക്കുന്ന സംഗതികളുടെ പരിപൂർണമായ പുനഃസ്ഥാപനം വരെ. ഇപ്പോൾ വരെ, അവ സ്ഥാപിതമായിരുന്നു; അവയ്ക്ക് നിലനില്പും ഉണ്ടായിരുന്നുള്ളു എന്നു പറഞ്ഞാൽ, യാഥാർ ത്ഥ്യമായിത്തീർന്ന ഈ ഉത്ഥാനത്തിൽ, ഇവയിൽ ഒന്നുപോലും ആവശ്യ മില്ല. കാരണം, ശുദ്ധീകരണത്തിനായി നിയമം അനുശാസിക്കുന്ന ആ സർവസംഗതികളിൽ നിന്നും നാം വിടുവിക്കപ്പെട്ടിരിക്കുന്നു. ഉദാഹര ണത്തിന്, ബാഹ്യകൂടാരത്തിൽ ഇട്ടിരുന്ന കാഴ്ചയപ്പത്തിൻെറ മേശ. അതിലെ നാലായി മുറിച്ച പന്ത്രണ്ട് അപ്പം ആണ്ടിലെ പന്ത്രുണ്ടു മാസ ങ്ങളുടെ പ്രതീകമായിരുന്നു; തണുപ്പുകാലം, വസന്തകാലം, ചൂടുകാലം, ശരത്കാലം എന്നിങ്ങനെ നാല് കാലങ്ങളുടെ വൈവിധ്യത്തിനായിട്ടാ യിരുന്നു അവ വിഭജിക്കപ്പെട്ടിരുന്നത്: ഭൂമിയിലെ എല്ലാ പുഷ്പഫലാദി കളും മുളച്ചു വളരുന്നത് ഇവയോടുകൂടി ഭൂമി, വെള്ളം, വായു, അഗ്നി എന്നീ നാല് മൂല ഘടകങ്ങളോടുകൂടിയുമാണ്. എല്ലാത്തരത്തിലുമുള്ള *ഒരു മേശയും* ഭൗമികജീവിതത്തിൻെറ സന്ധാരണവും!

ഏഴു തിരികളുള്ളതും തെക്കുവശത്തു സ്ഥാപിച്ചിരിക്കുന്നതുമായ വിളക്കുതണ്ട് സ്വർഗീയ പ്രകാശങ്ങളുടെ പ്രതീകമായിരുന്നു. അഴിഞ്ഞു പോകുന്ന സമയത്തിൻെറ ഏഴാഴ്ചകളുടെ സർക്കിളിനെ അതു പൂർത്തി

www.malankaralibrary.com



യാക്കുന്നു. 'ദൈവം ഉണ്ടാക്കിയ ആ ദിവസത്തിൻെറ ഒരടയാളമായിരുന്നു *'വിളക്കുതണ്ട്'* എന്ന് *മറ്റുചിലർ* പറയുന്നു. ഒന്നിനുപിറകെ ഒന്നായി എല്ലായ്പോഴും ദിവസങ്ങൾ കണക്കാക്കുന്ന ഏഴ് ദിവസങ്ങളുടെ അടയാളമാണ് *ഏഴ് തിരികൾ.* എന്നാൽ നമ്മുടെ *വിശ്രമം* എട്ടാം ദിവസമാണ്; അത് ഒരിക്കലും അവസാനിക്കുന്നില്ല. രണ്ടാം വിരിക്കുള്ളിലെ അകത്തെ കുടാരത്തിൽ, സ്വർഗീയ വാസസ്ഥലത്തിൻെറ പ്രതീകമായ, സ്വർണ ധൂപകലശം വച്ചിരുന്നു. സുഗന്ധധൂപം നമുക്കെന്നവണ്ണം, നീതി മാധുര്യമേറിയതും ദൈവത്തിനു സ്വീകാര്യവുമാണ് എന്നതിൻെറ അടയാളമായിരുന്നു അത്. നീതിമാന്മാർ അവിടെ സ്വീകരിക്കപ്പെടുന്നു എന്നതിൻെറ അടയാളമായിരുന്നു ധൂപത്തോടുകൂടിയ *ധൂപകലശം. "പൊന്നു പൊതിഞ്ഞ പേടകം"* അതിൻെറ സ്വർണത്താൽ മിശിഹായുടെ ദൈവത്വത്തെയും തടിയാൽ നമ്മുടെ സ്വഭാവത്തിൽ നിന്നുള്ള അവിടുത്തെ മനുഷ്യത്വത്തെയും സൂചിപ്പിച്ചു. ഞൊടിയിടകൊണ്ട് ഇലകളും കായ്കളും ഉണ്ടായ അതിനുള്ളിലെ *"അഹറോൻെറ വടി"* നമ്മുടെ രക്ഷകൻെറ പ്രതീകമാണ്. *"മന്നായുടെ കലശം"* (9:4) കന്യകയുടെ വിശുദ്ധ ശരീരത്തിൻെറ പ്രതീകമാണ്: അതിൽനിന്ന് നമ്മുടെ സ്വഭാവത്തിന് ജീവൻെറ അപ്പം മുളച്ചുവന്നു. "അവർ ഭക്ഷിച്ച മന്നായുടെ കാലത്തിൻെറ അനുസ്മരണാരഹസ്യമാണിത്" എന്ന് *മറ്റുചിലർ* പറയുന്നു. അതിലെ *ഉടമ്പടിപ്പലകകൾ* നാല് സുവിശേഷകരാണ്; കാരണം, അവയും എല്ലാ വശങ്ങളിലും എഴുതപ്പെട്ടവയാണ്. കൃപാസനം എന്ന് വിളിക്കപ്പെടുന്ന, പേടകത്തിനു മുകളിലുള്ള പാത്രം അതിൻെറ സുവർണശോഭയിൽ നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെ കുറിക്കുന്നു. അതിൽനിന്ന് പുരോഹിതൻ ശ്രവിച്ച ദൈവസ്വരം, മനുഷ്യനിൽ വസിക്കുകയും സംസാരിക്കുകയും എല്ലാം പ്രവർത്തിക്കുകയും ചെയ്ത ദൈവവചനത്തെ സൂചിപ്പിച്ചു.

*'കൃപാസനത്തിന്മേൽ നിഴൽ വീഴ്ത്തിയിരുന്ന ക്രോബകൾ'* (9:5) നമ്മുടെ കർത്താവിനോട് ചേർന്നിരിക്കുന്ന സ്വർഗീയ ശക്തികളെ സൂചിപ്പിക്കുന്നു.

"അവിടുന്ന് എന്നേയ്ക്കുമുള്ള രക്ഷ സാധിച്ചു" (9:12) അഥവാ *'കണ്ടെത്തി'*; ഗ്രീക്കനുസരിച്ച് *എടുത്തു.* അതായത്, ലോകത്തിലെ തിന്മകളിൽനിന്നുള്ള സമ്പൂർണമായ *നിത്യരക്ഷ:* അമർത്യതയും സ്വർഗീയ വാസവും.

www.malankaralibrary.com



*വിൽപ്പത്രം* ഉള്ളിടത്ത്, മരണത്തെ കാണിക്കുന്നു. മനുഷ്യരുടെ ഇടയിലെ രീതിയിൽ നിന്നാണ് അവൻ ഇതെടുത്തത് (9:10). മിശിഹാ മരിച്ചില്ലെങ്കിൽ, ഉത്ഥാനത്തിൻെറ വാഗ്ദാനം യഥാർത്ഥത്തിൽ നമ്മോടൊത്തു നിലനില്ക്കുകയില്ല എന്ന് പറയാൻ അവൻ ആഗ്രഹിക്കുന്നു. ഉത്ഥാനത്തെ അവൻ *വിൽപ്പത്രം* എന്നു വിളിക്കുന്നു.

*"അവൻ പുസ്തകങ്ങളിന്മേലും ജനം മുഴുവൻെറമേലും രക്തം തളിച്ചു"* (19). താൻ മിശിഹായുടെ മരണത്തെപ്പറ്റിയാണ് പറഞ്ഞത് എന്ന് അവൻ കാണിക്കുന്നു; അതിൻെറ നിഴലായിരുന്നു നിയമത്തിൽ. ഇവിടെ നീതിപൂർവം മരണവും ഉണ്ടായിരുന്നു; അതിൽനിന്ന് ഉത്ഥാനം ഉണ്ടാകുവാൻവേണ്ടി എന്നിത്യാദി.

# 5

*"രക്ഷയ്ക്കുവേണ്ടി രണ്ടാം പ്രാവശ്യം പാപമില്ലാതെ കാണപ്പെടും"* (9:28): മനുഷ്യരുടെ ഇടയിൽ മരണശേഷം അനുരഞ്ജനപ്പെടാൻ മറ്റൊന്നുമില്ല, ഇവിടെ ചെയ്തവയുടെ പരിശോധന മാത്രമേയുള്ളു. അതുപോലെ മിശിഹായും പാപം ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ കാണപ്പെടുകയും, പാപം നിമിത്തം ആധിപത്യം പുലർത്തിയിരുന്ന മരണം അവശ്യാവശ്യം സ്വീകരിക്കുകയും ചെയ്തു. എന്നാൽ അപ്പോൾ, പാപം തകർക്കപ്പെടുന്നതിനാൽ, അവശ്യാവശ്യം വേദനകൾ കൂടാതെ അവനും കാണപ്പെടും. *"പാപം ഇല്ലാതെ"*: അതായത്, പാപത്തിന് മേലിൽ യാതൊരു ശക്തിയുമില്ലാതെ. ഇങ്ങനെ വേദനകൾ ഒന്നും കൂടാതെ അവിടുന്ന് മനുഷ്യർക്കു കാണപ്പെടും.

തൻെറ ആദ്യപ്രത്യക്ഷീകരണത്തിലും മിശിഹാ പാപരഹിതനായിട്ടത്രേ വെളിപ്പെട്ടത്: *"പാപം ചെയ്യുകയോ, വഞ്ചന കാണപ്പെടുകയോ ചെയ്യാത്തവൻ"* എന്ന് പറയപ്പെട്ടിരിക്കുന്നു ( 1പത്രോ 2:22). *ഹെനാനാ* ഇപ്രകാരം പറയുന്നു: "അവൻ പാപരഹിതനായി കാണപ്പെടും" എന്നു പറഞ്ഞാൽ പാപത്തിനെതിരെ അവിടുത്തേയ്ക്ക് ഒരു പോരാട്ടവും ഉണ്ടായിരിക്കുകയില്ല; അവിടുന്ന് പാപപരിഹാരത്തിനല്ല, ന്യായവിധിക്കായിരിക്കും എഴുന്നെള്ളുക; കാരണം, പാപപരിഹാരത്തിൻെറയും അനുതാപത്തിൻെറയും സമയം കടന്നുപോയിരിക്കുന്നു; ഇതിനായിപോലും അവി

www.malankaralibrary.com



ടുന്നു കാത്തിരിക്കുകയില്ല; ഞൊടിയിട കൊണ്ട് അവിടുന്ന് എല്ലാം സാധിക്കും. കടം വീട്ടാനാണ് അവിടുന്ന് ഈ ലോകത്തിൽ വ്യാപരിച്ചത്. അവിടുന്ന് യഥാർഥത്തിൽ പാപങ്ങളെ നിഹനിച്ചെങ്കിൽ, അവ നിഗ്രഹിക്കപ്പെട്ടു എന്ന് സ്പഷ്ടം. അവിടുന്ന് തൻെറ കുരിശാൽ പാപത്തെ നിഹനിച്ചെങ്കിൽ, നിഗ്രഹിക്കപ്പെടുകയും തുടച്ചുനീക്കപ്പെടുകയും ചെയ്തതിനോട് എങ്ങനെയാണ് യുദ്ധം ചെയ്യുക?

*"നീ എൻെറ ചെവികൾ തുളച്ചു". "നീ എനിക്കായി ഒരു ശരീരം സജ്ജമാക്കി"* എന്ന് *സെപ്തജിന്ത്* പറയുന്നു. *"നീ എൻെറ ചെവികൾ തുളച്ചു"* എന്ന് മറ്റു വിവർത്തകർ കൂട്ടിച്ചേർത്തിരിക്കുന്നു. എന്നാൽ ശ്ലീഹാ സെപ്തജിന്ത് അനുസരിച്ചാണ് ഉദ്ധരിക്കുന്നത്. എങ്കിലും, നീ എനിക്കായി സജ്ജമാക്കിയിരിക്കുന്നു എന്നതിനുപകരം "നീ എന്നെ ധരിപ്പിച്ചിരിക്കുന്നു" എന്ന് അവൻ പറയുന്നു. അയാതത്, "ഈ ശരീരം കൊണ്ട് നീയെന്നെ വസ്ത്രം ധരിപ്പിച്ചിരിക്കുന്നു". എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി, തിരുഹിതപ്രകാരം അവിടുന്ന് എല്ലാം പ്രവർത്തിച്ചിരിക്കുന്നു.

*"തിരുലിഖിതങ്ങളുടെ ആരംഭത്തിൽ"* (10:7) എന്നതിനർത്ഥം അവയിലെ പാഠങ്ങളും ഭാഗങ്ങളും എന്നാണ് എന്ന് *ഹെനാനാ* പറയുന്നു; കാരണം ബലികളുടെ അർത്ഥശൂന്യതയെപ്പറ്റി ധാരാളം സംഗതികൾ അവയിൽ ഉടനീളം കണ്ടെത്താനാവും. അവ പരമ്പരാഗതമായും മാനുഷികേച്ഛാനുസൃതമായും നടത്തപ്പെടുന്നു എന്നു മാത്രം. തിരുലിഖിതങ്ങളുടെ ലക്ഷ്യവും ശക്തിയുമെല്ലാം മിശിഹായെക്കുറിച്ചുള്ള പ്രവചനമാണ് എന്ന നിലയിൽ അവിടുത്തെപ്പറ്റി പറഞ്ഞിരിക്കുന്ന പാഠങ്ങളും ഭാഗങ്ങളും കൂടി ഇത് അർത്ഥമാക്കുന്നു. അവിടുത്തെ പ്രതിയാണ് യഹൂദജനം തെരഞ്ഞെടുക്കപ്പെട്ടത്; പ്രവാചകന്മാർ പ്രവചിച്ചത്; തിരുലിഖിതങ്ങൾ എഴുതപ്പെട്ടത്. എന്നാൽ 'മിശിഹായെപ്പറ്റി യാക്കോബു ചെയ്ത പ്രവചനമാണിത്' എന്ന് ചിലർ പറയുന്നു. ഇതാണ് തിരുലിഖിതങ്ങളുടെ ശിരസ്സ്; കാരണം, തിരുലിഖിതങ്ങളുടെ ആരംഭമായ ഉല്പത്തിയിലാണ് ഇക്കാര്യം പറഞ്ഞിരിക്കുന്നത്.

*"നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നമ്മുടെ ശരീരം കഴുകപ്പെട്ടും..."* (10:22). ഇവിടെയും നിയമത്തിലെ സംഗതികളുമായി താരതമ്യപ്പെടുത്തിയാണ് അവൻ പറയുന്നത്. അതായത്, തളിക്കലും ക്ഷാളന

www.malankaralibrary.com



ങ്ങളുമൊക്കെ ആ കാലത്തിൻേറതായിരുന്നു; എന്നാൽ ഇവിടെ തളിക്കൽ ആദിയായവ, ദുഷ്പ്രവൃത്തികളുടെ തടയൽ എന്നാണർത്ഥം.

*"നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്"* (10:25): അതായത്, സഭായോഗങ്ങളെ അവഗണിച്ചിട്ട് ആത്മപ്രശംസാ സ്വരങ്ങൾ ശ്രവിക്കാൻ യഹൂദരുടെ സിനഗോഗുകളിൽ നാം പോകരുത്; വിശ്വാസത്തിൽ നിന്ന് വേർപെട്ട് ദുഷ്പ്രവൃത്തികളിലേക്ക് വഴിപിഴച്ചുപോയവരെയാകാം ഇതുകൊണ്ട് അവൻ പരാമർശിക്കുന്നത്.

*"അറിവു ലഭിച്ചശേഷം മനഃപൂർവം പാപം ചെയ്യുന്നെങ്കിൽ; പിന്നൊരു ബലി അവശേഷിക്കുന്നില്ല"* (10:26). മുകളിൽ പറഞ്ഞതുപോലെ, അവരെ ഭയപ്പെടുത്താനാണ് അവൻ ഇതു പറയുന്നത്. ഒന്നിലധികം തവണ സ്നാനത്തിനണയുക അസാധ്യമായിരിക്കുന്നതുപോലെ, അനുതാപത്തിൻെറ കാര്യത്തിലും ഇതുപോലെയാണ് എന്ന ആശയം അവൻ ഇവിടെ തള്ളിക്കളയുന്നു. കുററക്കാരായ മനുഷ്യരെ അവൻ പ്രത്യാശ വെട്ടിനീക്കി, പുറംതള്ളുന്നില്ല. കാരണം, അവൻ നമ്മുടെ രക്ഷയുടെ ഒരുശത്രു ആയിരുന്നില്ല. അവൻ തൻെറ എല്ലാ ലേഖനങ്ങളിലും അനുതാപം പ്രസംഗിക്കുന്നു; എന്നാൽ രണ്ടാം സ്നാനം അവൻ പാടെ തള്ളിക്കളയുന്നു; 'അനുതാപം ഇല്ല' എന്ന് അവൻ പറയുന്നില്ല; പിന്നെയോ, *"ബലിയില്ല"* എന്നത്രേ പറയുക. അതായത്, രണ്ടാമതൊരു കുരിശോപീഡാനുഭവമോ ഇല്ല. കാരണം, വിശുദ്ധീകരിക്കപ്പെടുന്നവർക്കായി മിശിഹാ തൻെറ ബലി എന്നേയ്ക്കുമായി പൂർത്തീകരിച്ചു. എന്നാൽ അത് യഹൂദബലികൾ പോലെയല്ല. രണ്ടാം സ്നാനം ഇല്ലെങ്കിലും, സ്നാനത്തിനു മുമ്പ് അനുതാപം എളുപ്പമായിരുന്നില്ലെങ്കിലും, സ്നാനത്തിനു ശേഷം കഠിനാധ്വാനങ്ങളിലൂടെയും കർമ്മങ്ങളിലൂടെയും ഉള്ള പ്രയാസകരവും ശക്തിമത്തുമായ ഒരു അനുതാപം ഉണ്ട് എന്ന് അവൻ സൂചിപ്പിക്കുന്നു.

*"ദൈവപുത്രനെ കാൽക്കീഴ് ചവിട്ടിമെതിക്കുന്നവൻ...."* (10:29): സഹോദര മനുഷ്യനെയല്ല, അവൻ കള്ളനോ ചതിയനോ ആക്കുന്നത്, പ്രത്യുത ദൈവപുത്രനെ തന്നെയാണ്. കാരണം, മിശിഹായുടെ സ്വന്തം നിയമങ്ങളെ ചവിട്ടിമെതിക്കുന്നവനായും, ഏതു മനുഷ്യൻെറ രക്തം പോലെ മിശിഹായുടെ ഉടമ്പടിയുടെ രക്തത്തെ പരിഗണിക്കുന്നവനായും അവനെ അവൻ കണക്കാക്കുന്നു. അതായത്, അവൻ എല്ലാവർക്കും വേണ്ടിയല്ല, പിന്നെയോ, മറ്റേതു മനുഷ്യനെപ്പോലെ മരിച്ചു എന്ന്

www.malankaralibrary.com



കരുതുന്നു. ഇതോടൊപ്പം സ്നാനത്തിൽ അവനിൽ ഇറങ്ങിയ ആത്മാവിൻെറ കൃപയെ അവൻ അവമാനിക്കുകയും ചെയ്യുന്നു. കാരണം, അവൻ വാഗ്ദാനത്തെ തെറ്റായി ചിത്രീകരിക്കുകയും വിശ്വാസത്തിന് അതിരു നിശ്ചയിക്കുയും ചെയ്യുന്നു.

# 6

*"വിശ്വാസം എന്നത്, ലഭിക്കുമെന്ന ഉറപ്പാണ്"* (11:1). രണ്ടുതരം *വിശ്വാസം* ഉണ്ട്. നാം ദൈവത്തിൽ വിശ്വസിക്കണം; അവിടുന്നു നമുക്കു വാഗ്ദാനം ചെയ്ത ഈ സംഗതികളെപ്പറ്റിയുള്ള ഉറപ്പു നമുക്കുണ്ടായിരിക്കണം. അതേസമയം സംഭവിച്ചു കഴിഞ്ഞവയെപ്പറ്റിയുള്ള ഉറപ്പു നമുക്കുണ്ടായിരിക്കണം. *"കാണപ്പെടുന്നവ കാണപ്പെടാത്തവയിൽ നിന്നാണ്"* (1:3): *കാണപ്പെടുന്നവ* സൃഷ്ടികളാണ്; കാണപ്പെടാത്തവ, ദൈവത്തിൻെറ നിഗൂഢവസ്തുക്കളാണ്. ആത്മാവിൻെറ അദൃശ്യവും നിഗൂഢവുമായ കാര്യങ്ങൾ അതു ചെയ്യുന്ന പ്രവൃത്തികളാലും ഫലങ്ങളാലും കാണപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്നു. അതുപോലെ, ദൈവം മാത്രം അമർത്യനും അദൃശ്യനുമായിരിക്കുന്നു. ദൈവത്തിൻെറ നിഗൂഢസംഗതികൾ തൻെറ സൃഷ്ടികൾക്ക് കാണപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്നു. ലോകസ്ഥാപനത്തിൽനിന്നും ദൈവത്തിൻെറ പരിപാലനയിൽനിന്നും എല്ലാ ബൗദ്ധികജീവികൾക്കും ബൗദ്ധികശക്തിയാൽ ഇത് അറിയപ്പെടുന്നു. *"കാണപ്പെടാത്തവയിൽ നിന്ന്"* എന്നതിന് *മറ്റുചിലർ* ഇപ്രകാരം പറയുന്നു: അദൃശ്യമായ മൂലഘടകങ്ങളിൽ നിന്നോ, അവയുടെ മിശ്രിതത്തിൽനിന്നോ, ശക്തിയിൽനിന്നോ. ദൈവം കഴിഞ്ഞാൽ അവയാണ് ഈ പ്രപഞ്ചത്തിൻെറ ഹേതു.

ദൈവത്തിൻെറ നിഗൂഢവസ്തുക്കൾപോലെ, 'അദൃശ്യമായ, ദൈവികവിജ്ഞാനത്താലും മനസ്സാലും' എന്ന് *തിമോതി* പറയുന്നു. വീണ്ടും, ത്രിത്വത്തിൻെറ *ക്നോമാകളിൽ* നിന്ന്. എന്നാൽ *ക്നോമാ* ഗ്രീക്കിൽ സ്ത്രീലിംഗമായിട്ടാണ്: അതായത് *ഹ്യൂപ്പൊസ്റ്റസിസ്.* അതുപോലെ *റൂഹായും.*

*"ദൈവത്തിൻെറ വചനത്താൽ"* ആകാശങ്ങളും തൻെറ വായിലെ ശ്വാസത്താൽ അവയിലുള്ള സമസ്തവും *"നിർമിക്കപ്പെട്ടു"* (11:3) എന്ന്

www.malankaralibrary.com



അവൻ പറയുന്നു. വീണ്ടും, *"കാണപ്പെടാത്തവ"*, അതായത്, ഇല്ലായ്മ. "ദൃശ്യമായവയിൽ നിന്നല്ല ദൃശ്യമായവ നിർമിക്കപ്പെട്ടത്" എന്ന് ഗ്രീക്കിൽ. താത്ത്വികരുടെ ആശയങ്ങൾക്ക് എതിരായിട്ടാണ് ഇത്. 'എല്ലാം ധരയിൽ നിന്നുളവായി, അതിലേയ്ക്ക് എല്ലാം തിരികെച്ചേരും' എന്ന് അവരിൽ ചിലർ പറയുന്നു. 'എല്ലാം അഗ്നിയിൽ നിന്നാണ്, അതിലേയ്ക്ക് തിരികെ ചേരും' എന്ന് മറ്റുചിലർ പറയുന്നു. മറ്റു മൂലഘടകങ്ങളിൽ നിന്നാണെന്നു വേറെ ചിലർ. ഒരേസമയം വിഭജിതവും അവിഭജിതവുമായ ഭൗതികേതര അണുവിൽ നിന്നാണെന്ന് ചിലർ. രൂപരഹിതവും സാദൃശ്യരഹിതവുമായ പദാർത്ഥത്തിൽനിന്നാണെന്ന് മറ്റുചിലർ. താത്ത്വികരുടെ തെറ്റുകൾക്കനുസൃതം ദൃശ്യമായവയിൽനിന്നല്ല ദൃശ്യമായവ നിർമിതമായത്, പിന്നെയോ, ഒരിക്കലും ഇല്ലാതിരുന്നവയും കാണപ്പെടാത്തവയുമായവയിൽ നിന്നാണ്; അതായത് ഇല്ലായ്മയിൽ നിന്നാണ് എന്നു ശ്ലീഹാ പറയുന്നു. ദൈവം എപ്രകാരം ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചു എന്നത് വിശ്വാസംവഴി മാത്രം നാം മനസ്സിലാക്കുന്നു. അദൃശ്യമായ വസ്തുക്കളും ഇല്ലായ്മയിൽനിന്ന് നിർമിക്കപ്പെട്ടു എന്ന്, ദൃശ്യമായവയിലൂടെ അവൻ കാണിക്കുന്നു.

*"വിശ്വാസംമൂലം നോഹ ലോകത്തെ കുറ്റം വിധിച്ചു"* (11:7): അതായത്, അവൻ പെട്ടകം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ, പെട്ടകത്താൽ തന്നെ അവിശ്വാസികൾ അവനെ കളിയാക്കി. ലോകം മുങ്ങി നശിച്ചപ്പോൾ അവൻ അതിനെ കുറ്റം വിധിച്ചു; കാരണം ഒരു ജലപ്രളയം ഉണ്ടാകുമെന്ന് അത് വിശ്വസിച്ചില്ല. തൻെറ വിശ്വാസത്തിൻെറ നീതീകരണം നിമിത്തം അവനും അവൻെറ സന്തതിപരമ്പരകളും മാത്രം ധര മുഴുവൻെറയും അവകാശികളായി. ഈ വിശ്വാസാനുസൃതം ആ തലമുറ മുഴുവൻ വിധിക്കപ്പെട്ടു. *'ഷേബാരാജ്ഞി ന്യായവിധിയിൽ എഴുന്നേൽക്കും'* എന്നതുപോലെ (മത്താ. 12:42). *"ഇവരെല്ലാം വിശ്വാസത്തിൽ മരിച്ചു; തങ്ങൾക്കുള്ള വാഗ്ദാനത്തെ ദൂരെ നിന്നു കാണുകയല്ലാതെ, അതു പ്രാപിച്ചില്ല"* (11:12). അതായത്, പറയപ്പെട്ടിരിക്കുന്നതുപോലെ, നമ്മേപ്രതിയോ, മറ്റെന്തിനേപ്രതിയോ, തങ്ങളുടെ അധ്വാനത്തിനുള്ള കൂലി അവർക്കു നൽകപ്പെട്ടില്ല. എന്നാൽ ഇത് പ്രതിഫലത്തിൻെറ സമയമല്ല, പ്രവർത്തനത്തിൻെറ സമയമാണ്. തങ്ങൾക്കുള്ള വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടാതെ അവർ കടന്നുപോയി; അതിൽനിന്ന്, നാം പ്രതീക്ഷിക്കേണ്ട മറ്റൊരു ലോകം ഉണ്ടെന്ന് നാം അറിയുന്നതിനുവേണ്ടിയാണിത്.

www.malankaralibrary.com



ദിവസക്കൂലിക്കാരൻെറ ശമ്പളംപോലും പിടിച്ചുവയ്ക്കാത്തവന്, ഇവരെപ്പോലെയുള്ള വിശുദ്ധരെ എങ്ങനെ അവഗണിക്കാനാകും? *"അടിസ്ഥാനങ്ങളുള്ള ഒരു പട്ടണത്തെ അവൻ പ്രതീക്ഷിച്ചു"* (11:10): അടിസ്ഥാനങ്ങൾ ഇല്ലാത്ത ഏതു നഗരമാണുള്ളത്? ഒന്നുമില്ല എന്നതു സ്പഷ്ടം! "ഉറച്ച അടിസ്ഥാനങ്ങൾ" എന്ന് ചേർത്തില്ലെങ്കിൽ, വാചകം അപൂർണമാണ്. അപ്രകാരമുള്ള ഒന്ന് ധരയിൽ കാണപ്പെടുകയില്ലല്ലോ.

*"ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ വളരെപ്പേർ ജനിച്ചു"* (11: 12): *"നക്ഷത്രങ്ങൾപോലെയും മണൽതരികൾപോലെയും സംഖ്യാതീതം"* എന്നല്ല അവൻ പറയുന്നത്; കാരണം, ഇതാ, അവയ്ക്ക് എണ്ണമുണ്ടല്ലോ. മറിച്ച്, ഇതു തിരുലിഖിതാനുസൃതം "സംഖ്യാതീതം" എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്. ഉദാ: "ഒരായിരം യുഗങ്ങൾ"; "എല്ലാ ജനപദങ്ങളും"; "എന്നുമെന്നേക്കും" (സങ്കീ 90:4; 86:9; പുറ.15:18). *"അവൻ തൻെറ ഏകജാതനെ ബലിപീഠത്തിൽ കയറ്റി"* (11:17). അവന് ഇഷ്മായേൽ ഉണ്ടായിരുന്നെങ്കിലും, ഇവനുമായിട്ടായിരുന്നു വാഗ്ദാനം: "ഇസഹാക്കിൽ നിൻെറ സന്തതി അറിയപ്പെടും"; (ഉല്പ. 21:12). അവൻ അവൻെറ ഏകപുത്രനായിരുന്നു.

*"ഇതിനാൽ, 'അവരുടെ ദൈവം' എന്നു വിളിക്കപ്പെടുന്നതിൽ ദൈവം ലജ്ജിച്ചില്ല"* (11:16): ലജ്ജിതരായി ദുഷ്കർമങ്ങൾ ഉപേക്ഷിക്കുന്ന നമ്മെപ്പോലെ, അവരും മരിച്ചെങ്കിലും, അവർ ആ നഗരം അവകാശമാക്കാൻ പോകുന്നു എന്ന അവന് ബോധ്യമുണ്ടായിരുന്നതിനാൽ. *"അവനെപ്പറ്റി മനുഷ്യപുത്രനും ലജ്ജിക്കും"* എന്നതുപോലെയാണിത്. *"മിശിഹായുടെ നിന്ദയുടെ സമ്പത്ത് മിസ്രേമിലെ നിക്ഷേപങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് മോശ കരുതി"* (11:26). കാരണം, മിശിഹായുടെ സാദൃശ്യത്തിൽ മോശ ഇവ സഹിച്ചു. സ്വഭാവേന വലിയ മഹത്ത്വത്തിൽ ആയിരിക്കുന്നവൻ നമ്മുടെ രക്ഷയ്ക്കുവേണ്ടി തനിക്കായി ബലഹീനത തെരഞ്ഞെടുത്തു എന്നു പറഞ്ഞാൽ, മോശയ്ക്കു നൽകപ്പെടാനിരുന്നവയെക്കാൾ മെച്ചപ്പെട്ട ഒന്നിനെ അവൻ പ്രതീക്ഷിക്കുന്നില്ലായിരുന്നെങ്കിൽ, അവയ്ക്കു പകരം അവൻ ഇവ തെരഞ്ഞെടുത്തതും വ്യർത്ഥമായിപ്പോയി എന്നു മോശ വിശ്വസിക്കുമായിരുന്നു.

ഇങ്ങനെയൊരാശയത്തിനു പകരം *മറ്റുചിലർ* ഇങ്ങനെ പറയുന്നു: മിശിഹായുടെ കുരിശ് എന്ന "നിന്ദനത്തേക്കാൾ", നീതിമാന്മാർക്കു നൽകപ്പെടാനിരിക്കുന്ന ഭാവിസമ്പത്ത് മെച്ചപ്പെട്ടതായി അവൻ കരുതി.

www.malankaralibrary.com



*"ഈജിപ്തിലെ നിക്ഷേപങ്ങളെക്കാൾ"* (11:26); വിശ്വാസത്തിൽ ഉള്ളവർ "രാജ്യങ്ങൾ കീഴടക്കി" (1:33): അതായത്, അവർ വിശ്വസിച്ചതിനാൽ, ചെറുതെങ്കിലും, അവർ രാജ്യങ്ങൾ കീഴടക്കി. ഗിദയോനെയും, ബാറാക്കിനെയും, സാംസണെയും, ജെഫ്താവെയും, യോനാഥാനെയും പോലെ; ദാവീദിനെപ്പോലെ നീതി നടപ്പാക്കി; വാഗ്ദാനങ്ങൾ പ്രാപിച്ചു (11:34).[12] കാരണം, അവൻെറ വംശത്തിൽ നിന്ന് *'വചനം മാംസമായി'*. ദാനിയേലിനെപ്പോലെ സിംഹങ്ങളുടെ വായടച്ചു (ദാനി. 6:21). ഹനനിയായുടെ സഖികളെപ്പോലെ അഗ്നിയുടെ ശക്തി കെടുത്തി. ജറമിയായെപ്പോലെ വാളിൻെറ വായ്ത്തലയിൽ നിന്ന് രക്ഷപ്പെട്ടു. ഹെസെക്കിയായേപ്പോലെ, രോഗവിമുക്തി പ്രാപിച്ചു. മക്കബേയരെപ്പോലെ യുദ്ധത്തിൽ ധൈര്യശാലികളായിരുന്നു. ഹെസെക്കിയായെപ്പോലെ ശത്രുസൈന്യത്തെ നിലംപരിചാക്കി. അവൻ തൻെറ പ്രാർത്ഥനയാൽ അസ്സീറിയൻ സൈന്യത്തെ പരാജയപ്പെടുത്തി. എത്യോപ്യക്കാരൻ സേറായേയും അവൻെറകൂടെ ഉണ്ടായിരുന്ന ആയിരമായിരങ്ങളെയും കീഴടക്കിയ ആസായേപ്പോലെയും, ഏലിയായേയും ഏലിശായേയും പോലെ, സ്ത്രീകൾക്ക് അവരുടെ പുത്രന്മാരെ ഉയിർപ്പിച്ചുകൊടുത്തു; മീക്കായേയും ജറമിയായേയുംപോലെ ചിലർ അടികൾക്കും കാരാഗൃഹങ്ങൾക്കും സ്വയം കയ്യാളിച്ചു. നാബോതിനെയും സ്തേഫാനോസിനെയുംപോലെ ചിലർ കല്ലേറിയപ്പെട്ടു. ഏശായായെപ്പോലെ അറത്തു കീറപ്പെട്ടു. ഷമയ്യായുടെ മകനായ ഉറിയായേപ്പോലെയും പുരോഹിതനായ യെഹോയാദായുടെ പുത്രന്മാരെപ്പോലെയും ആലയത്തിനും ബലിപീഠത്തിനും മധ്യേ കൊല്ലപ്പെട്ട സക്കറിയായെപ്പോലെയും *"വാളിൻെറ വായ്ത്തലയാൽ കൊല്ലപ്പെട്ടു"* (11:37). അവർ *"മരുഭൂമിയിൽ അലഞ്ഞു നടക്കുന്നവരെപ്പോലെ ആയിരുന്നു"* (11:38); ജസബേൽ നിമിത്തം പ്രവാചകന്മാരും ഏലിയായും കാർമേൽ മരുഭൂമിയിൽ. *"അവൻെറ മുമ്പിൽ സജ്ജമാക്കിയ സന്തോഷം"*: അതായത്, ഈ സംഗതികളാൽ, അവിടുത്തേക്ക് നൽകപ്പെട്ട ക്ലേശങ്ങൾ അവിടുന്നു സഹിച്ചു.

12. ന്യായാ 7:20; 4:16; 16:30; 11:32.33; 1 സാമു 14:13-15.

www.malankaralibrary.com



# 7

*"ദൈവകൃപ ആർക്കും നഷ്ടപ്പെടാതിരിക്കട്ടെ"* (12:15): അതായത്, വിശ്വാസസംബന്ധമായി അയഞ്ഞ മനഃസ്ഥിതി ഉണ്ടാകത്തക്കവിധം ഒരു മനുഷ്യനും തന്റെ വിഘ്നത്തിൽ നിലനില്ക്കരുത്. *"വിദ്വേഷത്തിന്റെ വേരു വളർന്ന്...."* (12:15): അതായത്, അനുയോജ്യഫലങ്ങളല്ല, പിന്നെയോ, വളർച്ചയെ മുരടിപ്പിക്കുന്ന വിഷച്ചെടികളും മുള്ളുകളും. "വിഷച്ചെടികൾ" എന്നത് ആവർത്തനപുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് (29:18). *"അനുതപിക്കാൻ അവന് അവസരം ലഭിച്ചില്ല"* (12:17): അനുതാപത്തിന് ഇടം കിട്ടിയില്ല എന്നല്ല, ജന്മാവകാശം ലഭിച്ചില്ല എന്നത്രേ. ബാഹ്യമാത്രമായിട്ടല്ലാതെ, യഥാർത്ഥത്തിൽ, അവൻ അനുതാപം തേടിയില്ല. ആന്തരികമായി, വാസ്തവത്തിൽ, അവൻ തന്റെ സഹോദരനെ കൊല്ലാൻ പ്ലാനിടുകയും തന്റെ പിതാവിന്റെ മരണം ആഗ്രഹിക്കുകയും ചെയ്തു. *"എന്റെ പിതാവിനു വേണ്ടി ദുഃഖിക്കാനുള്ള ദിവസങ്ങൾ അടുത്തുകഴിഞ്ഞു"* എന്ന അവൻ പറഞ്ഞു (ഉല്പ.27: 41). എന്നാൽ അവന്റെ വ്യജാനുതാപം പോലും പ്രയോജനരഹിതമായി പോയില്ല എന്നു നാം കാണുന്നു. കാരണം, മറ്റതിനേക്കാൾ ചെറുതായിരുന്നെങ്കിലും അവന്റെ പിതാവ് മനസ്സലിഞ്ഞ് അവനു മറ്റൊരനുഗഹം കൊടുത്തു. ഇതുവഴി ശ്ലീഹാ അനുതാപത്തെ തള്ളിക്കളയുകയല്ല; പിന്നെയോ, ഏശാവിനെപ്പോലെ അനുതാപഭാവം പെട്ടെന്ന് കാട്ടുകയും ആന്തരികമായി അനുതാപരഹിതമായി പെരുമാറുകയും ചെയ്യുന്ന അയഞ്ഞ മനസ്ഥിതിക്കാരായ മനുഷ്യർക്കെതിരെയാണ് ശ്ലീഹാ ഇതു സംസാരിക്കുന്നത്.

മുൾച്ചെടിയുടെ മധ്യത്തിൽ *"കത്തുന്നതും സ്പർശനവിധേയവുമായ അഗ്നി"* (12:18): മുൾച്ചെടി അതിനെ സ്പർശിച്ചിരുന്നു; കാരണം, സീനായ് മലയിലെ അഗ്നി മുൾച്ചെടിയിൽനിന്ന് വ്യത്യസ്തമായിരുന്നു എന്നു തോന്നുന്നു. മുൾച്ചെടി ആരുടെയും പക്കലേയ്ക്ക് അടുത്തു വന്നില്ല; അത് സ്ർപശനവിധേയമാണെന്ന് അതുമുതൽ അറിയപ്പെടാനായിരുന്നത്. *"ഞാൻ ഭയന്നു വിറയ്ക്കുന്നു"* (12:21) എന്ന് മോശ എവിടെ എപ്പോഴാണ് പറഞ്ഞത്? ജനങ്ങൾ ഭയന്നു എന്ന് പറയപ്പെട്ടിരിക്കുന്നു. എന്നാൽ മോശയാകട്ടെ ദൈവത്തിനും ജനത്തിനും മധ്യേ ധൈര്യശാലിയായി നിലകൊണ്ടു. അതുകൊണ്ട് മുൾച്ചെടിയെ സമീപിച്ചപ്പോഴാണ് ഇതു സംഭവിച്ചത്. മോശ തന്റെ മുഖം മറച്ചു; കാരണം,

www.malankaralibrary.com



ഭൗമിക രീതിയിൽ, അഗ്നിയിലും മുൾച്ചെടിയിലും കത്തിജ്വലിച്ചുകൊണ്ടിരുന്നവനെ നോക്കാൻ അവൻ ഭയപ്പെട്ടു. *"ഭൂമിയിൽ തങ്ങളോട് സംസാരിച്ചവനെ നിരസിച്ചവർ രക്ഷപ്പെട്ടില്ലെങ്കിൽ...."* (12:25). അതായത്, മുമ്പ് ജീവിച്ചവർ, ഭൂമിയിൽ, ഭൗമികകാര്യങ്ങൾ തങ്ങളോട് സംസാരിച്ചപ്പോൾ, കല്പനയെ നിന്ദിച്ചതിനാൽ, ശിക്ഷയിൽനിന്നു വിടുവിക്കപ്പെട്ടില്ല. എങ്കിൽ യോർദാനിൽ, സ്വർഗത്തിൽ നിന്ന് നമ്മോട് സംസാരിക്കുന്നവനെ നാം നിരസിച്ചാൽ നാം എത്ര അധികമായി ശിക്ഷിക്കപ്പെടും? (12:25)

*"സ്വർഗത്തിൽ നിന്ന് സംസാരിക്കുന്നവൻ"* എന്നത്, എല്ലാവരുടെയും കണ്ണുകൾക്കു മുമ്പിൽ സ്വർഗത്തിൽ നിന്നുള്ള അവിടുത്തെ അവസാനത്തെ വെളിപാടിനെ കുറിക്കുന്നു എന്ന് *ഭാഷ്യകാരൻ* മനസ്സിലാക്കുന്നു. കാരണം, തൻെറ ആദ്യവെളിപാടിൽ അവിടുന്ന് ഭൂമിയിൽ സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മുകളിൽനിന്ന് എത്തിയ അവിടുത്തെ ദൈവസ്വഭാവം നിമിത്തവുമാണ് അവനിതു പറയുന്നത്. *"ഉന്നതത്തിൽ നിന്നു വരുന്നവൻ എല്ലാറ്റിനും ഉപരിസ്ഥനാണ്"* എന്ന് പറയപ്പെട്ടിരിക്കുന്നു (യോഹ. 3:31). വീണ്ടും, ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ചുനടന്ന പ്രത്യേക സംഭാഷണം അവൻ എല്ലാ വിശ്വാസികൾക്കുമായി ആരോപിക്കുന്നു. അതു ശരിയുമാണ്; കാരണം, അവനു മാത്രമായി നടന്നവയൊക്കെ, സഭാഗാത്രത്തെപ്പറ്റിയും പറയാവുന്നതാണ്. നിരസിക്കുന്നതിൻെറ കുറ്റം താരതമ്യത്താൽ അവൻ ശരിയായി അവതരിപ്പിക്കുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും എല്ലാ വെളിപാടുകളിലും ഏറ്റവും ശ്രേഷ്ഠവും ആശ്ചര്യകരവുമായിരുന്നു ആ വെളിപാട്. എല്ലാ വിശ്വാസികളുമായി സ്വയം താദാത്മ്യപ്പെടുത്തക എന്നത് എല്ലായിടത്തും ശ്ലീഹായുടെ പതിവായിരുന്നു. ഇതേപ്പറ്റി കൂടുതൽ വിശദമായി പരിചിന്തനം നടത്തുക. അതുകൊണ്ട്, താനുമായി നടന്ന പ്രത്യേകസംഭാഷണം എല്ലാവരോടുമായി അവൻ ആരോപിക്കുന്നു; ഒരേ ഒരാൾ തന്നെയാണ് അപ്പോഴും ഇപ്പോഴും കാണപ്പെടുന്നത് എന്ന് കാണിക്കുന്നതിന് അവൻ പറയുന്നു: *"അന്ന് തൻെറ സ്വരം കൊണ്ട് ഭൂമിയെ ഇളക്കി"*, ജനത്തെ പരിഭ്രമിപ്പിച്ചവൻ (12:26). എന്നാൽ ഇപ്പോൾ തൻെറ പുത്രനിൽ അവിടുന്ന് ശാന്തമായും സമാധാനപൂർണമായും നമ്മോടു സംസാരിക്കുന്നു. കാരണം, ലേഖനത്തിൻെറ ആദ്യഭാഗവുമായി ഈ വാക്യത്തെ അവൻ ബന്ധിക്കുന്നു.

www.malankaralibrary.com



കുരിശിലെ സ്വരത്തെപ്പററിയാണ് അവൻ ഇവിടെ സംസാരിക്കുന്നതെന്ന് *മറ്റുചിലർ* പറയുന്നു. പിതാവിനെ വിളിച്ചുകൊണ്ട് യേശു അവിടെവച്ച് തൻെറ പ്രാണൻ വെടിഞ്ഞപ്പോൾ, സൃഷ്ടിയുടെ ഉള്ളറകൾ കുലുങ്ങുകയും ലോകത്തിൻെറ എല്ലാഭാഗങ്ങളും വിറയ്ക്കുകയും ചെയ്തു; അവൻ ഇവിടെ സീനായ് മലയിലെ സ്വരത്തെപ്പറ്റിയല്ല പറയുന്നത്; കാരണം, അവിടെ ഭൂമി മുഴുവനല്ല, മല മാത്രമാണ് പുകയുകയും കുലുങ്ങുകയും ചെയ്തതെന്നാണ് പറഞ്ഞിരിക്കുന്നത്; എന്നാൽ ഇപ്പോൾ അവൻ വാഗ്ദാനം ചെയ്ത് അരുൾചെയ്യുന്നു: *"ഞാൻ ഒരിക്കൽകൂടി ഇളക്കും."* (11:26). ഇത് ഹഗ്ഗായ് പ്രവാചകനിൽ ഉള്ളതാണ് (2:6). ഇത് തൻെറ വിഷയത്തിനു ചേർന്നതാകയാൽ, ദൈവിക വ്യക്തിയിൽ നിന്നെന്നവണ്ണം സംഭവിക്കാൻ പോകുന്നവയെപ്പറ്റി ശ്ലീഹാ ഇതു മനസ്സിലാക്കുന്നു. കാരണം, മരിച്ചവരെ പുറത്തുകൊണ്ടുവരാനും നീതിമാന്മാരെ സ്വർഗത്തിൽ സ്വീകരിക്കാനുമായി ഭൂമിയെ ഇളക്കുന്ന അവസാനസ്വരത്തെപ്പറ്റിയാണ് അവൻ പറയുന്നത്. *"ഇനിയും ഒരിക്കൽകൂടി"* എന്ന പ്രയോഗം ഇളക്കിമറിക്കപ്പെടുകയും ജീർണതയിൽനിന്ന് ഉത്ഥാനം ചെയ്യുകയും, മേലിൽ വ്യതിയാനരഹിതരായി വർത്തിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുന്ന മാറ്റത്തെയും വ്യത്യാസത്തെയും കാണിക്കുകയും വിധിക്കുകയും ചെയ്യുന്നു. ഇവിടെയുള്ള വസ്തുക്കളെപ്പോലെ അവ ഇളക്കപ്പെടുകയോ മാറ്റപ്പെടുകയോ ചെയ്യത്തക്ക ആവശ്യങ്ങളൊന്നും അവയ്ക്കില്ല. അവരുടെ വ്യതിയാനത്തെപ്പറ്റിയും, പുതിയ നിയമത്തിലെയും വരാനിരിക്കുന്ന ലോകത്തിലെയും സംഗതികളുടെ മാറ്റമില്ലായ്മയെപ്പറ്റിയും ഈ കാര്യങ്ങളിലൂടെ അവൻ കാണിക്കുന്നു. *"നമുക്ക് മാലാഖമാരെ അറിയാതെതന്നെ സ്വീകരിക്കാം"* (13:2): അബ്രഹാമും ലോത്തും മാലാഖമാരെ സ്വീകരിച്ചു (ഉല്പ. 18:1-5;19:1-3). *"ബന്ധിതരേയും ക്ലേശിതരേയും ഓർത്തുകൊള്ളുവിൻ"*(13:3): അതായത്, ഒരേ സ്വഭാവമുള്ള മനുഷ്യർ എന്നനിലയിൽ, വേദനിക്കുന്നവരുടെ പരീക്ഷണങ്ങളെ പൊതുവായി പരിഗണിക്കുവിൻ. *"നിങ്ങളുടെ ഭരണകർത്താക്കളെ ഓർത്തുകൊള്ളുവിൻ"* (13:7): കല്ലെറിയപ്പെട്ട സ്തേഫാനോസ്, വാളുകൊണ്ട് കൊല്ലപ്പെട്ട യാക്കോബ്, കർതൃസഹോദരനായ യാക്കോബ്, രേഖപ്പെടുത്തിയിട്ടില്ലാത്ത മറ്റനേകർ എന്നിവരെപ്പോലെ (നട. 7:59; 12:2).

*"യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒരാൾ തന്നെ"* (13:8): *"ഇന്നലെയും ഇന്നും"* എന്നത് അവിടുത്തെ മനുഷ്യത്വത്തെയും, *"എന്നേയ്ക്കും"* എന്നത് അവിടുത്തെ ദൈവത്വത്തെയും വ്യക്തമാക്കുന്നു.

www.malankaralibrary.com



*'ഇന്നലെ'* എന്നത് പീഡാനുഭവത്തിനു മുമ്പുള്ള സമയത്തെയും *'ഇന്ന്'* എന്നത് ഉത്ഥാനത്തിനു ശേഷമുള്ള സമയത്തെയും 'എന്നേക്കും' എന്നത് തൻെറ അസ്തിത്വത്തിൻെറ മാറ്റമില്ലാത്ത അവസ്ഥയെയും *"ഒരാൾ തന്നെ"* എന്നത് ഐക്യത്തെയും സൂചിപ്പിക്കുന്നു. വീണ്ടും, *'ഇന്നലെ'* ഭൂതകാലത്തെയും, *'ഇന്ന്'* വർത്തമാനകാലത്തെയും, *'എന്നേയ്ക്കും* ഭാവികാലത്തെയും സൂചിപ്പിക്കുന്നു. ലേഖനാരംഭംമുതൽ അവൻ സ്വഭാവങ്ങളുടെ വൈവിധ്യവും ആളിൻെറ ഐക്യവും ചർച്ച ചെയ്യുന്നു. ഇവിടെ അവൻ വിഷയം ചുരുക്കുന്നു. *"ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല; എൻെറ കൈകൾ നിന്നെ വിട്ടുകളയുകയുമില്ല"* എന്നത് (13:5) ആവർത്തനപ്പുസ്തകത്തിൽ നിന്നാണ് (31:6.8).

*"ഹാബേലിൻേറതിനേക്കാൾ നന്നായി സംസാരിക്കുന്ന അവൻെറ രക്തത്തിൻെറ തളിക്കലിനോട്"* (12:24): കുരിശിൻെറ ശക്തിയാൽ നടന്ന അത്ഭുതങ്ങളെയും അടയാളങ്ങളെയും, കുരിശിൽ നമ്മുടെ പ്രകൃതി കണ്ടെത്തിയ നല്ല വസ്തുക്കളെയും ആണ് അവൻ സൂചിപ്പിക്കുന്നത്. കായേൻ എന്ന ഏകൻെറമേൽ ശിക്ഷാവിധി വന്നുപതിച്ചതുപോലെ, ആയഹൂദരെല്ലാം കടുത്ത ക്രോധത്തിനു വിധേയരായി. *"മിശിഹായുടെ അവമാനം വഹിച്ചുകൊണ്ട്"* (13:13): അതായത്, നിയമസംബന്ധമായ അനുഷ്ഠാനങ്ങളെ അവഗണിച്ചിട്ട്, അവിടുത്തെ കുരിശിനെ നമുക്കു ബഹുമാനിക്കാം. *"നമ്മുടെ സഹോദരനായ തിമോതിയോസ് മോചിക്കപ്പെട്ടു എന്ന് അറിഞ്ഞുകൊള്ളുവിൻ"* (13:23). അതായത്, തിമോത്തിയോസിനെക്കൊണ്ട് ഞാൻ റോമിൽ നിന്ന് എഴുതിക്കുകയും അവനെ അയയ്ക്കുകയും ചെയ്തിരിക്കുന്നു. അതായത്, ഈ കാര്യത്തിന് ഞാൻ അവനെ അയച്ചിരിക്കുന്നു.

## കുറിപ്പ്

അസ്സീറിയായിലെ ഹദത്താ മെത്രാൻ, മറുവിലെ മാർ ഈശോദാദ് പുതിയ നിയമത്തിനു മുഴുവൻ എഴുതിയ ഭാഷ്യത്തോടുകൂടി, ഭാഗ്യവാനായ പൗലോസിൻെറ ലേഖനങ്ങൾക്കെഴുതിയ വ്യാഖ്യാനങ്ങളും നമ്മുടെ കർത്താവിൻെറ സഹായത്താൽ എഴുതിത്തീർത്തു. ദൈവത്തിനു മഹത്ത്വവും നമ്മുടെമേൽ തൻെറ കരുണയും തുടർച്ചയായി

www.malankaralibrary.com



ഇപ്പോഴും സദാസമയവും എല്ലാ യുഗങ്ങളിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ ആമ്മീൻ.

എന്നെ ശക്തിപ്പെടുത്തിയ പിതാവിനു മഹത്ത്വം; പുത്രന് സ്തുതി; എന്നെ നിയന്ത്രിച്ച് പൂർത്തീകരണത്തിലെത്തിച്ച പരിശുദ്ധാത്മാവിന് ആരാധന. ആമ്മീൻ. ആമ്മീൻ.

ഗ്രീക്കുവർഷം 1801 ൽ ഈ ഗ്രന്ഥം എഴുതിതീർത്തു. നീസാൻമാസം മൂന്നാം തീയതി നമ്മുടെ രക്ഷകൻെറ മഹാപെരുന്നാളിൻെറ ആറാം സാബതിൽ ഇതു പൂർത്തിയാക്കി. ബാസ് പ്രോവിൻസിലെ അനുഗൃഹീതമായ ബേത് സാലിം ഗ്രാമത്തിൽ വച്ച് ഇത് എഴുതപ്പെട്ടു. നമ്മുടെ കർത്താവ് അതിനെ ജനനിബിഡമാക്കുകയും നിഗൂഢവും അല്ലാത്തതുമായ എല്ലാവിധ ബാധകളിൽ നിന്നും അതിലെ നിവാസികളെ സംരക്ഷിക്കുകയും ചെയ്യട്ടെ. വിശുദ്ധ പിതാക്കന്മാരുടെ പിതാവും എല്ലാ മെത്രാന്മാരുടെയും തലവനുമായ പൗരസ്ത്യകതോലിക്കോസ് - പാത്രിയർക്കീസ് മാർ ശെമഓൻെറയും അസ്സീറിയായുടെയും എല്ലാ സത്യവിശ്വാസികളുടെയും ജാഗരൂകനും തീക്ഷ്ണമതിയുമായ ഇടയനും, ഉത്തര ദാസനിലെയും കാലാതിലെയും അജഗണത്തിൻെറ മെത്രാനും ആയ മാർ യാബാലാഹായുടെയും കാലത്താണിത് എഴുതപ്പെട്ടത്. തങ്ങളുടെ അജഗണങ്ങളുടെ നേതൃസ്ഥാനത്ത് കർത്താവ് അവർക്ക് സന്തോഷപൂർവകമായ ദീർഘായുസ് നൽകട്ടെ. കർത്താവ് അവരെ ശക്തിയിൽ സംരക്ഷിക്കട്ടെ!

ഈ താളുകളിൽ മഷി പുരട്ടി കറുപ്പിച്ച് നിറംമാറ്റിയത് ബലഹീനനും കഴിവില്ലാത്തവനും പാപിയും ചീഞ്ഞ കളിമണ്ണുകൊണ്ട് നിർമിക്കപ്പെട്ടവനും, ആദാമ്യകുലത്തിലെ ഏറ്റവും നിസ്സാരനും അരിഷ്ടനുമായ ഗബ്രിയേലാണ്. ഈ ഗ്രന്ഥം വായിക്കാൻ ഇടവരുന്ന സകലരോടും സജീവസ്നേഹത്തോടുകൂടി ഞാൻ കേണപേക്ഷിക്കുന്നു. ഇതിൽ എന്തെങ്കിലും തെറ്റുകൾ കാണാൻ ഇടയായാൽ സ്നേഹപൂർവ്വം തിരുത്തണം. നീതിരഹിതമായി എന്നെ കുറ്റപ്പെടുത്താൻ ഇറങ്ങിപ്പുറപ്പെടരുത്; മറിച്ച്, നമ്മുടെ ബലഹീനപ്രകൃതിയോടു ചേർന്നിരിക്കുന്ന തെറ്റിനെപ്പറ്റി ഓർക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ കർത്താവിനോട് ഇപ്രകാരം പറയണം: "ഞങ്ങളുടെ കർത്താവേ, കരുണയുണ്ടായി അവൻെറ പാപങ്ങൾ ക്ഷമിക്കുകയും ഇത് എഴുതിയ പാപിയുടെ ദുഷ്ടതകൾ തുടച്ചുമാറ്റുകയും ചെയ്യണമെ. നീ അനർഹമായ

www.malankaralibrary.com



അനുഗ്രഹം വർഷിച്ചവരോടുകൂടി അവനും കാരുണ്യത്തിനും പരിഗണനയ്ക്കും അർഹനായിതീരുകയും ചെയ്യട്ടെ. ആമ്മീൻ.

അവൻ ഇത് എഴുതിയത് ശുദ്ധിമാനും, ദൈവസ്നേഹിതനും, ശ്രേഷ്ഠനായ തലവനും, നമ്മുടെ കർത്താവിൽ വത്സലനും ശ്രേഷ്ഠ പുരോഹിതനുമായ ദൻഹായ്ക്കുവേണ്ടിയാണ്. താൽ ജില്ലയിലെ തൽദാ നഗരത്തിൽ നിന്നാണ് അദ്ദേഹം. വിശുദ്ധ മാർ താലെയായുടെ സമീപത്താണ് ആ സ്ഥലം. അദ്ദേഹത്തിൻെറ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ!

മേല്പറഞ്ഞ പ്രെസ്ബിറ്റർ തൻെറ പരിശ്രമത്താൽ ഈ ഗ്രന്ഥം സ്വന്തമാക്കി. വിശുദ്ധ ഗ്രന്ഥങ്ങളിൽ നിഗൂഢമായിരിക്കുന്ന ഉന്നത ചിന്തകളും, അഗാധമായ ആശയങ്ങളും തൻെറ പ്രയോജനത്തിനായി അവൻ പിൻചെല്ലുന്നു. കൃപയുടെ ശക്തിയാൽ അവനു ലഭിച്ച കൂർമബുദ്ധിയാൽ, അവയിൽ നിഗൂഢമായിരിക്കുന്ന ശക്തിയാൽ, ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ രീതിയിൽ അവയെ ഗ്രഹിക്കുകയും ചെയ്യുന്നു. അവന് അർഹമായ നല്ല പ്രതിഫലം നമ്മുടെ കർത്താവ് നൽകട്ടെ; തൻെറ വലത്തുഭാഗത്തുള്ള സ്ഥാനം അവനു ലഭിക്കട്ടെ. ബലഹീനനായ ഈ എഴുത്തുകാരന് അവരോടൊപ്പം ഒരോഹരിയും ലഭിക്കട്ടെ. നമ്മുടെ കർത്താവിൻെറ കൃപാകടാക്ഷത്താൽ പ്രകാശത്തിൽ വിശുദ്ധർക്കു ലഭിക്കുന്ന ഓഹരിക്കും അവകാശത്തിനും അവരിരുവരും യോഗ്യരായിതീരട്ടെ. അവനും തൻെറ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ബഹുമാനവും ഇപ്പോഴും എല്ലാ സമയത്തും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ. ആമ്മീൻ.

കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടെ; എല്ലാ യുഗങ്ങളിലും തൻെറ നാമം മഹത്ത്വീകരിക്കപ്പെടട്ടെ.

മറ്റൊരു കയ്യെഴുത്തുപ്രതിയിൽ: ക്രിസ്തുവർഷം 1838-ൽ, ബേത് മാറായിൽ നിന്നുള്ള ഗീവർഗീസിൻെറ മകൻ ഡീക്കൻ ഫ്രാൻകൊ, തെൽ കെഫെയിൽ വച്ച് ഈ പുതിയ നിയമഭാഷ്യം പകർത്തി. ദൈവം എന്നേക്കും വാഴ്ത്തപ്പെടട്ടെ; എല്ലാ യുഗങ്ങളിലും അവിടുത്തെ പാവന നാമം മഹത്ത്വീകരിക്കപ്പെടട്ടെ.

www.malankaralibrary.com

# പദസൂചിക


അപ്രേം 52
അബ്രഹാം 20, 32, 73
അൽക്മേനാ 51
അലക്സാണ്ഡർ 216, 217
അലിറുതിയുസ് 51
അറാതുസ് 53
ആറെസ് 51
ഈശോബർനൂൻ 171
എകഫിറ്റെസ് 50
എപ്പായിനേതോസ് 97
എപ്പിമെനിദെസ് 218
എപ്പിസ്കോപ്പാ 208, 209
എലീമാസ് 147, 205
എവുസേബിയസ് 220
എറാസ്തുസ് 98
ഏലിയാ 13, 20
കുരെറ്റെസ് 47
കെവാൻ 33
കൊറിബാന്തെസ് 47
ക്ലെമെൻറ് 228
ക്ലോഡിയസ് 18
ക്രിസോസ്തോം 172
ക്രോണോസ് 46, 47, 130
ചെക്രോപ്സ് 51
ജൊസേഫുസ് 59
തിയഡൊറെറ്റ് 180
ദാനിയേൽ ബർതൂവാനീസാ 189
ദിയാതെസ്സറോൻ 15
ദിയോസ് 60, 218
ദിവന്നാസ്യോസ് 52, 196
ദേമാസ് 216
ദൈവഘാതകർ 14
നീറോ 24, 217
പർസഹ 14
പേർഷ്യക്കാരൻ ബാബായ് 45, 123
ഭാഷ്യകാരൻ 52, 55, 117, 120, 130, 201
മക്സനീദുസ് 218
മഗ്ദലേന 12
മജിസ്ത്രാതെസ് 50
മാലാഖമാർ 12, 13, 165, 166, 176
മിൽകോം 33
മീനോസ് 53, 60, 218
മോളോക് 33
യോഹന്നാൻ ദ് ബേത് റബ്ബാൻ 117, 201
ശ്ലീഹന്മാരുടെ പട്ടിക 15
സാദൃശ്യം 179
സുറിയാനി മല്പാന്മാർ 170
സേവൂസ് 46, 47, 53, 130, 218
ഹെനാനാ 170, 186, 237, 240
ഹെർമെസ് 46, 47
ദെമാന്തോസ് 60
റെഫാൻ 33
റെയാ 130